MURUGAN BINDING
WORKS,
NO. 3, BOMMULIER STREET,
ELEPHANT GATE, MADRAS-1.

...977:11 F9.2
...OPALA KU-
...UP.
...Pt.2.

MUL
094316

Madras University Libra

Call Number 032:3M97.7:

Accession Number 94316

Available for loan from

This book should be returned on or befor
the date last marked below.

1 MAY 1954

11 FEB 1956

17 AUG 1958

24 JUN 1959

25 AUG 1965

O. 61

# വിജയരുദ്രൻ

## രണ്ടാം ഭാഗം.

മനോരമയിൽ ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തിയിരുന്നതു്.

പരിഭാഷകൻ

കെ. എം. സഖറിയാ എം. ഏ. എൽ. ററി.


പ്രസാധകന്മാർ

മലയാള മനോരമക്കമ്പെനി [ക്ലിപ്തം]

കോട്ടയം

ഒന്നാം പതിപ്പു കോപ്പി 500

(പകർപ്പവകാശം പ്രസാധകന്മാരിൽ)

മലയാള മനോരമ പ്രസ്സ്

കോട്ടയം

1930



BOOK DEPOT & PRINTING WORKS
PRINTERS, PUBLISHERS
BOOK SELLERS ETC.
TRIVANDRUM. TRICHUR

22 MAR 19 8

94316
032:3M977:11
F9.2

# വിജയരുദ്രൻ

## രണ്ടാംഭാഗം.

---

### അദ്ധ്യായം ൧

---

രാത്രി മണി എട്ടടിച്ചു. പാണ്ഡ്യദേശത്തിന്റെ തലസ്ഥാനനഗരിയായ മഹേന്ദ്രപുരിയിലെ രാജസദനത്തിൽ ഒരു സൂരപുരുഷൻ ഏകനായി എന്തോ ആലോചിച്ചുകൊണ്ടിരിക്കുന്നു. നഗരവീഥികളിൽ ജനങ്ങൾ കൂട്ടംകൂട്ടമായി നിന്നുകൊണ്ടു പുറപ്പെടുവിക്കുന്ന ചില പരിഹാസശബ്ദങ്ങൾ അദ്ദേഹത്തിന്റെ ചെവികളിൽ എത്തുന്നുണ്ടു്. പാണ്ഡ്യദേശത്തിലെ പ്രധാനമന്ത്രിയെന്നു പ്രഖ്യാതനായ സത്യവ്രതസ്വാമിയാരാണദ്ദേഹം. രാജാവായ പുഷ്പസിംഹൻ നാടുനീങ്ങിയിട്ടു് ഇപ്പോൾ എട്ടു വർഷം കഴിഞ്ഞു. അദ്ദേഹത്തിന്റെ പുത്രനായ സോമചന്ദ്രനു പത്തു വയസ്സേ ആയിട്ടുള്ളു. അതുകൊണ്ടു രാജ്യഭരണം മാതാവായ മോഹിനിരാജ്ഞി നടത്തുന്നുവെന്നു പറയപ്പെടുന്നെങ്കിലും സിംഹഭദ്രസ്വാമിയാരുടെ പിൻഗാമിയായ സത്യവ്രതസ്വാമിയാരാണു യഥാർത്ഥത്തിൽ ഭരണം നടത്തുന്നതു്.

സത്യവ്രതൻ ഒരു കാലത്തിൽ ഊരും പേരും ഉടയവനുമില്ലാതെ ചെറുപ്പത്തിൽ പട്ടണത്തിൽ അലഞ്ഞു നടന്നിരുന്നു. അന്നത്തെ രാജാവു് ആ കുട്ടിയുടെ പ്രതിഭാവിലാസം കണ്ടു കൊട്ടാരത്തിൽ താമസിപ്പിച്ചു വേണ്ടവിധം വിദ്യ അഭ്യസിപ്പിച്ചു വളർത്തിയതിന്റെ ഫലമായി, അയാൾ ഉദ്യോഗസോപാനങ്ങൾ ഒന്നൊന്നായി കയറി ഇപ്പോൾ പ്രധാനമന്ത്രിപദത്തിൽ എത്തിയിരിക്കുകയാണു്. പ്രായം നാല്പത്തിയഞ്ചു വയസ്സിൽ കവിയുകയില്ല. ആൾ ഏററവും സുമുഖനാണു്. നഗരസഭ പുതിയ ചില നികുതികൾ ഏർപ്പെടുത്തിയതിനാൽ ജനങ്ങൾ അക്കാലത്തു പ്രക്ഷുബ്ധരായിരിക്കയായിരുന്നു. കാര്യസാധ്യത്തിനു ഏതു നീചമായ മാർഗ്ഗവും അവലംബിക്കുന്ന സ്വാമിയാരെ അനുചരന്മാർ പോലും ഹാർദ്ദമായി സ്നേഹിച്ചിരുന്നില്ല.

രാജാവിന്റെ രക്ഷയ്ക്കെന്നു പറഞ്ഞ് അദ്ദേഹം കൊട്ടാരത്തിൽ താമസമാക്കിയിരിക്കയാണ്. രാജ്ഞിയും സ്വാമിയാരുംകൂടി രാത്രിയിൽ കൂടിക്കാഴ്ചകൾ നടത്തുന്നതും, രഹസ്യസല്ലാപങ്ങൾ ചെയ്യുന്നതും കുറേയൊക്കെ പരസ്യമായിരിക്കുന്നു. സ്വാമിയാരെ രാജ്യത്തിൽനിന്നു ബഹിഷ്കരിക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പററി പട്ടണവാസികൾ ആലോചിച്ചുകൊണ്ടിരിക്കുമ്പോൾ, അദ്ദേഹത്തിന്റെ പട്ടാളക്കാർ, ജനനേതാവായ സുലോചനപ്രഭുവിനെ ബന്ധനസ്ഥനാക്കിക്കൊണ്ടുപോയി. തന്നിമിത്തം ജനങ്ങൾ ക്ഷോഭിച്ചു പട്ടണത്തിലങ്ങുമിങ്ങുമായി കൂട്ടംകൂടി ലഹളയ്ക്ക് ആരംഭിക്കയും ചെയ്തിരിക്കുന്നു.

സ്വാമിയാർ ഏതോ ദൃഢനിശ്ചയം ചെയ്തവനെപ്പോലെ ആലോചനയിൽനിന്നുണർന്നു "വാസു" എന്നു വിളിച്ചു. അദ്ദേഹത്തിന്റെ പരിചാരകൻ ഉടൻ അറയിലെത്തി അകലെ മാറി നിന്നു.

സ്വാമിയാർ—ഇന്നു കാവലാര്?

വാസു—വില്ലാളിസംഘം.

സ്വാമിയാർ—അവരുടെ നേതാവ്?

വാസു—വിജയരുദ്രൻ.

സ്വാമിയാർ—വിജയരുദ്രനോ? അയാളെ നിനക്കു നല്ല പരിചയമുണ്ടോ?

വാസു—അടിയൻ.

സ്വാമിയാർ—എങ്ങനെയുള്ള ആളാണ്.

വാസു—വളരെ സമർത്ഥനാണ്. നാടുനീങ്ങിയ രാജാവിന്റെ കാലത്തു വളരെ വീരപ്രവൃത്തികൾ ചെയ്തിട്ടുണ്ട്."

സ്വാമിയാർ—കേട്ടിട്ടുണ്ട്. അതിന്റെ യാഥാർത്ഥ്യം അറിഞ്ഞിട്ടില്ല. വേഗം പോയി അയാളെ വിളിച്ചുകൊണ്ടുവാ!

(വാസു പോയി.)

പത്തു മിനിട്ടു കഴിഞ്ഞപ്പോൾ കതകു സാവധാനത്തിൽ തുറന്നു പ്രൗഢഗംഭീരനായ ഒരു യോദ്ധാവു മുറിയിൽ പ്രവേശിച്ചു.

സ്വാമിയാർ—വിജയരുദ്രൻ.

വിജയൻ—ഉത്തരവ്.

സ്വാമിയാർ അദ്ദേഹത്തിന്റെ സൂക്ഷ്മദൃഷ്ടി വിജയനിൽ ഗാഢമായി പതിപ്പിച്ചു തെല്ലുനേരം മൗനമായിരുന്നു. ആ വില്ലാളിവീരന്റെ മുഖത്തെ നിശ്ചഞ്ചലത കണ്ടു മന്ത്രിസ

ത്തമൻ വിസ്മയിച്ചിരിക്കുമ്പോൾ സിംഹഭദ്രന്റെ പിറകെ പോകുവാൻ യോഗ്യതയില്ലാത്ത ഇയാളുടെ നോട്ടത്തിൽ ഞാൻ എന്തിനു പരിഭ്രമിക്കുന്നു എന്നായിരുന്നു വിജയന്റെ വിചാരം.

സ്വാമിയാർ—പട്ടണാതിർത്തിവരെ ഒന്നു പോകണമെന്നു വിചാരിക്കുന്നു. നിങ്ങൾ എന്നെ അനുഗമിക്കണം.

വിജയൻ—ഉത്തരവുപോലെ.

സ്വാമിയാർ—നമ്മുടെ കാവൽപടയാളികൾ എവിടെയെല്ലാം നിൽപ്പുണ്ടെന്നു് എനിക്കു കണ്ടറിയണം. വല്ല അപകടവുമുണ്ടോ?”

വിജയൻ—(വിസ്മയഭരിതനായിട്ടു്) എന്തപകടമാണു്?

സ്വാമിയാർ—ജനങ്ങൾ കലഹത്തിനു വട്ടംകൂട്ടിയിരിക്കുന്നതു നിങ്ങളറിഞ്ഞില്ലേ?

വിജയൻ—അതിനെന്തു്? മൂന്നുവില്ലാളികൾ വിചാരിച്ചാൽ മുന്നൂറുപേരെ പറപ്പിക്കുവാൻ സാധിക്കും.

സ്വാമിയാർ—നമ്മുടെ കമലേശനെ ആളുകൾ കല്ലെറിഞ്ഞോടിച്ചതറിഞ്ഞില്ലേ?

വിജയൻ— അദ്ദേഹം വില്ലാളികളിൽപെട്ടയാളല്ല.

സ്വാമിയാർ— അതാകട്ടെ—വരണം. വില്ലാളികളുടെ സാമർത്ഥ്യം എനിക്കറിയണം.

സ്വാമിയാർ വിജയഭദ്രന്റെ നേതൃത്വത്തിൽ കുറെ വില്ലാളികളുടെ അകമ്പടിയോടുകൂടി, പട്ടണത്തിൽ ആ രാത്രി കുതിരസ്സവാരി ചെയ്തു. അപ്പോൾ അങ്ങുമിങ്ങും നിൽക്കുന്ന ആളുകളുടെ സംഭാഷണം കേൾക്കുന്നതിനിടയായി. ഊരും പേരുമില്ലാതെ തെണ്ടി നടക്കുന്നവൻ സ്വാമിയാരായിരിക്കയാണെന്നും, അയാളുടെ വലയിൽ രാജ്ഞി വീണുപോയെന്നും, ശിശുവായ മഹാരാജാവിനെ അവരുടെ കൈയിൽനിന്നു രക്ഷിക്കേണ്ടതാണെന്നും മററും ആളുകൾ പറയുന്നതു കേട്ടപ്പോൾ സ്വാമിയാർക്കു കോപവും പരിഭ്രമവുമുണ്ടായി. ഏകദേശം മണി പത്തായപ്പോൾ അദ്ദേഹം തിരിയെ കൊട്ടാരത്തിലെത്തി. വിജയഭദ്രൻ അദ്ദേഹത്തിന്റെ കാവൽസ്ഥലത്തേക്കും പോയി.

സ്വാമിയാർ അദ്ദേഹത്തിന്റെ മുറിയിൽ പ്രവേശിച്ചു. ജനങ്ങളുടെ കൂട്ടുകെട്ടുകൾ മനസ്സിലാക്കി, അവരെ അമർച്ചചെയ്തില്ലെങ്കിൽ, സ്ഥാനത്യാഗമൊ, അല്ലെങ്കിൽ ഒരു പക്ഷെ ജീവാപായമൊ, നേരിടാനിടയുണ്ടെന്നു് അദ്ദേഹത്തിനു ബോധ്യ

മായി. അൽപനേരം ആലോചനയിൽ ഇരുന്നശേഷം പരിചാരകനോടു ചോദിച്ചു.

വാസു! വിശ്വസ്തരായ കുറേ ആളുകൾ എനിക്കാവശ്യമായിരിക്കുന്നു. വിജയരുദ്രൻ എങ്ങനെയുള്ള ആളാണു്?

വാസു—അദ്ദേഹത്തെപ്പോലെ വിശ്വസിക്കാവുന്ന ഒരാൾ വേറെയില്ല. കഴിഞ്ഞ സ്വാമിയാരുടെ കാലത്തു് അദ്ദേഹം ചെയ്തിട്ടുള്ള ധീരപ്രവൃത്തികൾ പോലെ മഹാഭാരതത്തിലെ രണവീരന്മാർ പോലും ചെയ്തിട്ടുള്ളതായി കേട്ടുകേൾവി ഇല്ല.

സ്വാമിയാർ—ആകട്ടെ—അയാളുടെ അപദാനങ്ങൾ വിസ്തരിച്ചു പറയുക.

വാസു—കൊട്ടാര രഹസ്യങ്ങൾ അടങ്ങിയിരിക്കുന്നതുകൊണ്ടു് അടിയൻ എങ്ങനെയാണു പറയുന്നതു്? ആരോടും പറയരുതെന്നു കാലംചെയ്ത സ്വാമിയാർ അടിയനെക്കൊണ്ടു സത്യം ചെയ്യിച്ചിട്ടുള്ളതാണു്. തോൽവ ഒ ററിയിട്ടില്ലാത്ത ഒരു വാളാണു വിജയരുദ്രനുള്ളതെന്നു മാത്രം അടിയൻ പറയുന്നു.

സ്വാമിയാർ കുറേനേരം മൌനമായിരുന്നശേഷം ആകട്ടെ-സിംഹരുദ്രന്റെ ഏററവും വലിയ വിശ്വസ്തനാരായിരുന്നു?

വാസു— ചന്ദ്രസേനനായിരുന്നു. മൂന്നു നാലു വർഷമായിട്ടു് അദ്ദേഹത്തെ ആരും കാണുന്നില്ല. എവിടെ പോയി മറഞ്ഞുവെന്നു് ഈശ്വരനു മാത്രം അറിയാം.

സ്വാമിയാർ പുഞ്ചിരിയിട്ടു. വാസു തുടർന്നു പറഞ്ഞു.

അതിബലവാനായ ഒരു യോദ്ധാവായിരുന്നു. വിജയരുദ്രനുമായി അദ്ദേഹം ചെയ്ത യുദ്ധം—അടിയൻ നല്ലപോലെ ഓർക്കുന്നു—എത്ര പ്രശംസനീയമായ രീതിയിൽ ആയിരുന്നു—അദ്ദേഹം ജീവിച്ചിരിപ്പുണ്ടോ? മരിച്ചുവോ? ആർക്കറിയാം.

സ്വാമിയാർ—(മന്ദഹസിച്ചുകൊണ്ടു്) ചന്ദ്രസേനനു സിംഹരുദ്രന്റെ കാലത്തെ കൂട്ടുകെട്ടുകളെല്ലാം അറിയാമായിരിക്കുമല്ലൊ?

വാസു—എല്ലാകാര്യങ്ങളിലും അദ്ദേഹം സ്വാമിയാരുടെ ആയുധമായിരുന്നു.

സ്വാമിയാർ—നീ ഉടൻ പോയി വിജയരുദ്രനെ വിളിച്ചുകൊണ്ടുവരുക.

വാസു മുറിയിൽനിന്നിറങ്ങി. സ്വാമിയാർ വേഗം

ഒരു കടലാസെടുത്തു് രണ്ടുമൂന്നു വരി എഴുതി മടക്കി കൂട്ടിലാക്കി മേൽവിലാസമെഴുതിവച്ചു. അധികം താമസിയാതെ വിജയഭദ്രൻ മുറിയിൽ പ്രവേശിച്ചു സ്വാമിയാരെ തൊഴുതു.

സ്വാമിയാർ—വിജയഭദ്രൻ! ഞാൻ നിങ്ങളെ ഒരു ഗൗരവതരമായ കാര്യത്തിനു നിയോഗിക്കയാണു്; ഇതാ! ഈ എഴുത്തു കൊണ്ടുചെന്നു കാരാഗൃഹാധിപനായ കമലേശൻെറ കൈയിൽ കൊടുക്കണം. ഈ എഴുത്തിൽ പറഞ്ഞിരിക്കുന്ന തടവുകാരനെ ഭദ്രമായി ഇവിടെ കൊണ്ടുവരണം. ഒരുവണ്ടിയും വേണ്ട പട്ടാളക്കാരേയും കൊണ്ടുപൊയ്ക്കൊള്ളുക.

ഡ്റിൽമുറയിൽ നിശ്ചേഷ്ടനായി നിന്നിരുന്ന വിജയഭദ്രൻ "ഉത്തരവു്" എന്നുമാത്രം പറഞ്ഞു കത്തുവാങ്ങി കീശയിലാക്കി അവിടെനിന്നിറങ്ങി താഴെവന്നു് "ഒരു വണ്ടിയും നാലു പടയാളികളും, എൻെറ കുതിരയും" എന്നു് ആജ്ഞ കൊടുത്തു.

അഞ്ചു മിനിട്ടു കഴിഞ്ഞപ്പോൾ കൊട്ടാരത്തിനരികിലുള്ള നിരത്തിൽക്കൂടി ഒരു വണ്ടിയും കുറേ കുതിരകളും പോകുന്ന ശബ്ദം കേൾക്കപ്പെട്ടു.

---

## അദ്ധ്യായം ൨.

മണി പത്തരയായപ്പോൾ വിജയൻ കാരാഗൃഹത്തിലെത്തി സ്വാമിയാരുടെ എഴുത്തു കമലേശൻെറ കൈയിൽ കൊടുത്തു. കാരാഗൃഹാധിപതി വില്ലാളിനേതാവിനു് ഒരു കസേര വലിച്ചിട്ടുകൊടുത്തശേഷം എഴുത്തുപൊട്ടിച്ചു വായിച്ചു. വായന കഴിഞ്ഞു വിജയനോടു് അദ്ദേഹം ചോദിച്ചു. "വണ്ടിയും പട്ടാളക്കാരും തയ്യാറുണ്ടോ? നല്ല കാവൽസഹിതം ഉടൻ തടവുകാരനെ നിങ്ങളുടെകൂടെ അയയ്ക്കണമെന്നാണു് എഴുത്തിൽ ആജ്ഞാപിച്ചിരിക്കുന്നതു്"

വിജയൻ—നിങ്ങൾ ആളിനെ എന്നെ ഏല്പിക്കണം. പിന്നീടുള്ള കാര്യം ഞാൻ വഹിച്ചുകൊള്ളാം.

കമലേശൻ ഒരു പാറാവുകാരനെ വിളിച്ച് അയാളോടു "ഇരുനൂററിഅൻപത്താറി"നെ ഉടൻ കൊണ്ടുവരുന്നതിനു് ആജ്ഞാപിച്ചു.

കാരാഗൃഹത്തിൽ കയറിയാൽ ഒരുവനു മനുഷ്യൻ എന്നുള്ള സ്ഥാനം പൊയ്പോകയും അവൻ വെറും ഒരു നമ്പരായിത്തീരുകയും ചെയ്യുന്നുവെന്നു ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ കാരാഗൃഹമുറിയുടെ താക്കോലുകൾ കിലുങ്ങുന്ന ശബ്ദം കേൾക്കുകയാൽ വിജയനു രോമാഞ്ചമുണ്ടായി. "എന്റെ ഈശ്വരാ! എത്ര നിരപരാധികളെയാണു് ഇവർ വെളിച്ചവും വായുവും കയറാത്ത ഇരുട്ടറകളിൽ ബന്ധിച്ചിട്ടിരിക്കുന്നതു്. രാജ്ഞിയുടെ കോപത്തിനു പാത്രീഭവിച്ചെന്നോ സ്വാമിയാരുടെ അനിഷ്ടം സമ്പാദിച്ചെന്നോ ഉള്ള കുററമാണല്ലോ പലരിലും ചുമത്തപ്പെട്ടിരിക്കുന്നതു്. ഞാനാണെങ്കിൽ ജീവനോടെ ഇതിനുള്ളിൽ പ്രവേശിക്കാൻ സമ്മതിക്കയില്ല."

അപ്പോഴേക്കു തടവുകാരനെ വിജയൻ ഇരുന്നിടത്തു കൊണ്ടുവന്നു. വിജയൻ ആളിനെ ഒന്നു നോക്കി. പെട്ടെന്നു് ഒന്നു ഞെട്ടിപ്പോയെങ്കിലും കമലേശൻ കാണാതിരിക്കാനായി തന്റെ സംഭ്രമം വിജയൻ ഒരുവിധത്തിൽ ഉള്ളിലടക്കി. കാരാഗൃഹാധിപതി നീട്ടിയ പുസ്തകത്തിൽ തടവുപുള്ളിയെ സംബന്ധിച്ചു ചുമതലകൾ ഏററിരിക്കുന്നതായി എഴുതി ഒപ്പിട്ടുകൊടുത്തശേഷം നമ്മുടെ വില്ലാളിത്തലവൻ ബന്ധനസ്ഥനെ വെളിയിൽ കൊണ്ടുവന്നു വണ്ടിയിൽ കയററിയിട്ടു കൂടെയുള്ള പടയാളികളോടിപ്രകാരം പറഞ്ഞു. "തടവുകാരനെ പ്രത്യേകം സൂക്ഷിക്കേണ്ടിയിരിക്കുന്നു. നിങ്ങൾ ഈരണ്ടുപേരായി വണ്ടിയുടെ മുൻപിലും പിൻപിലും സവാരി ചെയ്തുകൊള്ളണം. ഞാൻ വണ്ടിക്കകത്തു തടവുപുള്ളിയുടെകൂടെ ഇരുന്നുകൊള്ളാം. എന്റെ കുതിരയെ ആരെങ്കിലും പിറകെ നടത്തി കൊണ്ടുവന്നാൽമതി."

വിജയൻ വണ്ടിക്കകത്തു പ്രവേശിച്ചു. "കൊട്ടാരത്തിലേക്കു പോകട്ടെ" എന്നു വണ്ടിക്കാരനോടാജ്ഞാപിച്ചു. വണ്ടി അതിവേഗത്തിൽ കൊട്ടാരവാതിലിനെ ലക്ഷ്യമാക്കി ഓടിച്ചുപോയി. വിജയൻ വേഗം തടവുകാരനെ ആലിംഗനം ചെയ്തുകൊണ്ടു "ചന്ദ്രസേന! എന്റെ സ്നേഹിതൻ ചന്ദ്രസേനൻതന്നെയോ ഇതു്?" എന്നു ചോദിച്ചു.

"അതേ, വിജയാ. ഞാൻതന്നെ." എന്നു ചന്ദ്രസേനൻ പറഞ്ഞു.

വിജയൻ—എന്റെ സ്നേഹിതാ! കഴിഞ്ഞ നാലഞ്ചു വർഷമായി കാണാതിരുന്നതുകൊണ്ടു് അവിടുന്നു മരിച്ചുപോയെന്നാണു ഞാൻ വിചാരിച്ചിരുന്നതു്.

ചന്ദ്രസേനൻ—ഞാൻ മരിച്ചതുപോലെതന്നെയാണു്.

"എന്തുകുററത്തിനാണു നിങ്ങളെ കാരാഗൃഹത്തിലടച്ചതു്?"

"ഞാൻ സത്യം പറയണമോ?"

"അതേ"

"എന്നാൽ എന്തു കുററം ചെയ്തിട്ടാണെന്നു് എനിക്കു് അറിയാൻ പാടില്ല."

"ചന്ദ്രസേനാ! അങ്ങയ്ക്കു് എന്നിൽ വിശ്വാസമില്ലേ? സത്യം എന്തിനു മറച്ചുവയ്ക്കുന്നു."

"വിജയാ! ഞാൻ എന്റെ സ്നേഹിതനോടു കളളം പറയുകയോ? എന്റെപേരിൽ പറഞ്ഞുപരത്തിയ കുററം ഞാൻ ചെയ്തിട്ടില്ല. വേറെ ഉദ്ദേശം വച്ചുകൊണ്ടായിരിക്കും എന്നെ തടവുകാരനാക്കിയതു്."

"എന്തു കുററമാണു് അങ്ങയുടെ പേരിൽ ആരോപിച്ചതു്?"

"മോഷ്ടാവെന്നു്."

"അവിടുന്നു് മോഷ്ടിച്ചെന്നോ? കളി പറയുകയായിരിക്കും?"

"കളി പറയുകയല്ല. ഒരു ദിവസം രാത്രിയിൽ കണ്ണുതുറന്നപ്പോൾ പട്ടാളക്കാരെയാണു മുറിയിൽ കാണുവാനിടയായതു്. എന്നെ അവർ ബന്ധനസ്ഥനാക്കി കാരാഗൃഹത്തിലേക്കു കൊണ്ടുപോയി. കാരണം ചോദിച്ചപ്പോൾ കൊട്ടാരത്തിൽ വിലയേറിയ എന്തൊക്കെയോ കളവുപോയിരിക്കുന്നു എന്നും എന്നെ മോഷ്ടാവെന്നു സംശയിച്ചിരിക്കയാണു് എന്നും മാത്രം അവർ പറഞ്ഞു. അടുത്തദിവസം സത്യമറിയുമ്പോൾ വിട്ടയയ്ക്കുമെന്നു ഞാൻ വിചാരിച്ചു. ദിവസങ്ങൾ കഴിഞ്ഞു—മാസങ്ങൾ കഴിഞ്ഞു.—യാതൊരുത്തരും എന്റെ കാര്യം അന്വേഷണം ചെയ്തില്ല. മോഷണക്കുററമായിരുന്നു എങ്കിൽ ഇത്ര ദീർഘകാലം എന്നെ തടവിലിടുമായിരുന്നോ?"

വിജയ—ഒരിക്കലും മോഷണക്കുററമല്ല. മറെറന്തോ കാ

ണമായിരിക്കും. എന്തെന്ന് അവിടുന്നിപ്പോൾ തന്നെ അറിയും.

"സ്നേഹിതനിപ്പോൾ എന്നെ ആരുടെ അടുക്കൽ കൊണ്ടുപോകയാണ്? അതു ഞാൻ ചോദിച്ചില്ലല്ലൊ."

"സ്വാമിയാരുടെ സന്നിധിയിലേക്കാണ്."

"സ്വാമിയാർക്കെന്നെക്കൊണ്ട് എന്താവശ്യം?"

"എനിക്കറിഞ്ഞുകൂടാ."

"എന്തു? വിജയൻ അദ്ദേഹത്തിൻെറ സേവയിൽ അല്ലെന്നോ?

"ഞാൻ സ്വാമിയാരുടെ സേവകനെന്നോ? വില്ലാളികളിൽ ഒരു സംഘത്തിൻെറ നേതാവെന്നുമാത്രം അദ്ദേഹം എന്നെ അറിയും."

ചന്ദ്ര—സിംഹരുദ്രസ്വാമിയാരുടെ കാലത്തു സകലരുടെയും ആശ്ചര്യബഹുമാനങ്ങൾക്കു പാത്രീഭവിച്ചിരുന്ന വിജയരുദ്രൻ ഇപ്പോൾ വില്ലാളിസംഘങ്ങളുടെ സർവാധിപതിയായിരിക്കുമെന്നു ഞാൻ ഓർത്തിരുന്നു.

വിജയ—അതൊക്കെ എന്തിനു പറയുന്നു. ഇക്കാലത്തു ബുദ്ധിയും സാമർത്ഥ്യവുമല്ലാ ഒരുവനെ ഉയർത്തുന്നത്. സേവയും കോഴയുമാണ്. ഞാൻ വല്ലവർക്കും വല്ല ഉപകാരങ്ങളും ചെയ്തിട്ടുണ്ടെങ്കിൽ അവയെല്ലാം അവർ മറന്നുകഴിഞ്ഞു.

ചന്ദ്ര—എനിക്കു മനസ്സിലായി. രാജ്ഞിയെയാണു വിജയൻ ഉദ്ദേശിക്കുന്നതു്. അവർ സ്വാമിയാരുടെ വലയിലാണോ?

വിജയ—അത്രമാത്രമല്ലാ. രഹസ്യവിവാഹം കഴിഞ്ഞുവെന്നാണു പറയുന്നതു്. വിധവയല്ലേ. ഒരു രക്ഷകൻ വേണമല്ലോ?

ചന്ദ്ര—അഹാ! അങ്ങനെയാണോ? സുകുമാരപ്രഭുവിനു കീഴ്പെടാതിരുന്നവർ സത്യവ്രതസ്വാമിയാർക്കു വശപ്പെട്ടോ?

വിജയ—അന്നു ഭർത്താവുണ്ടായിരുന്നു. ഇപ്പോൾ അങ്ങനെയൊരു തടസ്സമില്ലല്ലൊ.

ചന്ദ്ര—ഹെയ് ഇതെന്താണ്? നേരം അർദ്ധരാത്രിയോടടുത്തിട്ടും ആളുകളെ തെരുവിൽ കാണുന്നു. വല്ല വിശേഷവുമുണ്ടോ?

വിജയ—അറിഞ്ഞില്ലേ? സ്വാമിയാർക്കെതിരായി പട്ടണത്തിൽ രഹസ്യാലോചനകൾ നടക്കുന്നു. ചിലപ്പോഴൊക്കെ പട്ടാളക്കാരുമായി ചെറിയ യുദ്ധങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ടു്. എല്ലാവരുംകൂടി എന്നുണർന്നു ചാടുമെന്നു നിശ്ചയമില്ല.

ചന്ദ്ര—എന്റെ ഈശ്വരാ! എനിക്കു സ്വാതന്ത്ര്യമുണ്ടായിരുന്നെങ്കിൽ?

വിജയ—എന്തു ചെയ്യുമായിരുന്നു?

ചന്ദ്ര—ജനപക്ഷത്തിൽ ചേരുമായിരുന്നു.

വിജയ—സ്വാമിയാർക്കു് അങ്ങയെക്കൊണ്ടാവശ്യമുണ്ടെന്നു തോന്നുന്നു. അതിനായിരിക്കണം വിളിപ്പിച്ചിരിക്കുന്നതു്. സ്നേഹിതന്റെ നല്ലകാലം.

"അതെ! അതെ!" എന്നു നിന്ദാഭാവത്തിൽ ചന്ദ്രസേനൻ പറഞ്ഞിട്ടു തെല്ലുനേരം മൌനമായിരുന്നു.

ചന്ദ്ര—വിജയാ! സ്നേഹിതാ! സിംഹഭദ്രൻ തന്ത്രജ്ഞനെങ്കിലും ഭീരുവല്ലായിരുന്നു. ഇയാൾ വെറും ഭീരുവാണു്. സിംഹഭദ്രൻ വിശ്വസ്തരെ സംരക്ഷിച്ചിരുന്നു. അദ്ദേഹം ശക്തരായ ശത്രുക്കളെ ബഹുമാനിച്ചിരുന്നു. ഇയാൾ സ്വകാര്യസിദ്ധിക്കായി വേണ്ടിവന്നാൽ ആപ്തമിത്രങ്ങളെയും കൊലയ്ക്കു് ഏൽപിക്കുവാൻ തയാറായിരിക്കും. ഞങ്ങൾ തമ്മിലുള്ള കൂടിക്കാഴ്ച മൂലം എനിക്കു സ്വാതന്ത്ര്യം ലഭിക്കുമെന്നു ഞാൻ ആശിക്കുന്നില്ല. വിജയനും കൂട്ടുകാരും—ഹാ അവരുടെ കാര്യം ഞാൻ ചോദിച്ചില്ലല്ലോ. നരേന്ദ്രനും ഉപേന്ദ്രനും ശേഖരനും എവിടെയാണു്?

വിജയ—അവർ ഉദ്യോഗത്തിൽ നിന്നു് പിരിഞ്ഞിട്ടു വളരെക്കാലമായല്ലോ. പിന്നീടു കുറേക്കാലം എഴുത്തുകൾ അയച്ചുകൊണ്ടിരുന്നു. ഇപ്പോൾ അവർ സ്വദേശങ്ങളിലുണ്ടോ വിദേശസഞ്ചാരത്തിലാണോ യാതൊന്നും അറിയാൻ പാടില്ല.

ചന്ദ്ര—വിജയന്റെ ഭൃത്യനെവിടെ? അന്നു നമ്മൾ തമ്മിൽ യുദ്ധം ചെയ്തപ്പോൾ അവന്റെ സാമർത്ഥ്യവും യജമാനസ്നേഹവും ഞാൻ കണ്ടു.

വിജയ—ഭദ്രൻ ജോലിയിൽ നിന്നു പിരിഞ്ഞു് ഒരു പലഹാരക്കടയുടെ ഉടമസ്ഥനായിരിക്കയാണു്. പണ്ടുതന്നെ പലഹാരക്കൊതിയനായിരുന്നു. വലിയ വാഗ്മിയാണു്. ബഹള

ത്തിൽ ജനങ്ങളുടെ ഒരു നേതാവാണ്. ഞാൻ പടത്തലവനാകുന്നതിനു മുമ്പ് ഭദ്രൻ നഗരാധിപതിയായേക്കാം. എൻെറ വസതിയിൽ വല്ലപ്പോഴുമൊക്കെ വരും.

വണ്ടി കൊട്ടാരവാതിൽക്കലെത്തി. ചന്ദ്രസേനനോടൊരുമിച്ചു വിജയൻ സ്വാമിയാരുടെ മുറിയുടെ വാതിൽവരെ ചെന്നു. അനന്തരം ചന്ദ്രസേനൻ വാതിൽ കടന്ന് അകത്തു പ്രവേശിച്ചപ്പോൾ തനിക്കഭിമുഖമായി ശുഭ്രവസ്ത്രം ധരിച്ചു തലമുടി ചീകി ഒതുക്കി ഒരു കസേരയിലിരിക്കുന്ന സ്വാമിയാരെ കണ്ടു. അപ്പോൾ, രാജ്ഞിയുടെ കണ്ണുകളെ ആകർഷിക്കുന്നതിനു സ്വാമിയാർ വേണ്ട ശ്രദ്ധ പതിപ്പിക്കുന്നുണ്ടെന്നു ചന്ദ്രസേനനു ബോദ്ധ്യമായി. സ്വാമിയാർ അദ്ദേഹത്തിൻെറ മുഖത്ത് അൽപനേരം സൂക്ഷിച്ചുനോക്കിയശേഷം മേശപ്പുറത്തിരുന്ന കടലാസുകെട്ടിൽനിന്നു ഒരെഴുത്തു വലിച്ചെടുത്തുകൊണ്ട് "ഇതാ! ബന്ധനവിമുക്തനാകുന്നതിന് അപേക്ഷിച്ചുകൊണ്ടു നിങ്ങളയച്ച എഴുത്താണിത്. ഇന്ന് ഈ എഴുത്തു വായിക്കുന്നതിന് എനിക്കിടയായി. ഇതേവരെ നിങ്ങൾ തടവിലായിരുന്നു. അല്ലേ?"

ചന്ദ്രസേനൻ ആശ്ചര്യപരതന്ത്രനായി പറഞ്ഞു. "അവിടുത്തേക്ക് ആ കഥ മുഴുവനും മറ്റെല്ലാവരേക്കാൾ അറിയാമായിരിക്കുമെന്നാണു ഞാൻ ധരിച്ചത്".

"അങ്ങനെയാണോ?"

"അങ്ങനെതന്നെ. നിശ്ചയമായിട്ടും."

"ഓഹോ! ഇപ്പോൾ ഞാൻ ഓർക്കുന്നു. രാജ്ഞിയുടെ സന്ദേശവാഹകനായി ചേരരാജ്യംവരെ പോകുന്നതിനു നിങ്ങൾ വിസമ്മതിച്ചില്ലേ?"

ചന്ദ്ര—അതായിരിക്കും എൻെറ ബന്ധനത്തിനു കാരണമെന്നു ഞാൻ അശേഷം വിചാരിച്ചിരുന്നില്ല.

സ്വാമി—അതു മാത്രമല്ല. അന്തരിച്ചുപോയ സ്വാമിയാരുടെ ആവശ്യാർത്ഥം നിങ്ങൾ ആ രാജ്യത്ത് ഒരിക്കൽ പോയിരുന്നുവല്ലോ. രാജ്ഞി സഹായം ആവശ്യപ്പെട്ടപ്പോൾ നിങ്ങൾക്കു സമ്മതമില്ലാതിരുന്നതെന്തുകൊണ്ട്?

ചന്ദ്ര—രാജ്യകാര്യസംബന്ധമായിട്ടാണു സ്വാമിയാർ എന്നെ നിയോഗിച്ചിരുന്നത്. അവിടെ വലിയ ആപത്തിൽ കുടുങ്ങിയശേഷം വളരെ പ്രയാസപ്പെട്ടാണ് ഞാൻ രക്ഷപ്പെട്ടത്. പിന്നീട് എൻെറ തല അവിടെയെങ്ങാനും കണ്ടാൽ വെട്ടി

വീഴ്ത്തുമെന്ന ചേരരാജ്യക്കാർ ശപഥം ചെയ്തു. പിന്നെയെങ്ങനെയാണ വീണ്ടും ഞാൻ അവിടെ പ്രത്യക്ഷപ്പെടുന്നതു്. ഞാൻ പോയിരുന്നെങ്കിൽ രാജ്ഞിയുടെ ഉദ്ദേശവും തെററുമായിരുന്നു. അതുകൊണ്ടു ഞാൻ വൈമനസ്യം പ്രദർശിപ്പിച്ചതാണു്?

സ്വാമി—അങ്ങനെ ആയിരുന്നുവൊ? ഇതാരറിഞ്ഞു. എത്ര നല്ല ഉദ്ദേശങ്ങളും തെററിദ്ധരിച്ചേക്കാനെളുപ്പമുണ്ടെന്നു് ഇതിൽനിന്നുംനമുക്കു മനസ്സിലാക്കാം. നിങ്ങൾ ധിക്കരിക്കയാണെന്നു രാജ്ഞി വിചാരിച്ചുപോയി. അതിനു പുറമെ അവരുടെ ശത്രുവായ സ്വാമിയാരുടെ വിശ്വസ്തസേവകനായിരുന്ന നിങ്ങളെപ്പററി അവർക്കു മററു പരാതികളും ഉണ്ടായിരുന്നു. അതൊക്കെ പോകട്ടെ. ആ സ്വാമിയാരുടെ കാലവും കഴിഞ്ഞല്ലോ. സിംഹഭദ്രനെപ്പോലെ അധികാരകാംക്ഷിയല്ല ഞാൻ. നിങ്ങളെപ്പോലെ തന്നെ ഞാനും രാജ്ഞിയുടെ ഒരു ഭൃത്യനാണെന്നേയുള്ളു.

ചന്ദ്രസേ—അപ്പോൾ കേവലം ഒരു തെററിദ്ധാരണയുടെ ഫലമായിട്ടാണു് ദീർഘമായ ജയിൽവാസം ഞാനനുഭവിക്കേണ്ടിവന്നതെന്നു് അവിടുന്നു സമ്മതിക്കുന്നു.

സ്വാമി—അതൊക്കെ ശരിയാകാം. കാര്യങ്ങളുടെ ഗതി സൂക്ഷ്മമായി മനസ്സിലാക്കുവാനും ഊർജ്ജസ്വലനായി പ്രവർത്തിക്കുവാനും നിങ്ങളെപ്പോലെ സമർത്ഥൻ മററില്ലെന്നു് എനിക്കു കിട്ടിയ അറിവുകളിൽ നിന്നു ഞാൻ മനസ്സിലാക്കുന്നു.

ചന്ദ്ര—കഴിഞ്ഞ സ്വാമിയാരുടെ അഭിപ്രായം അങ്ങനെയായിരുന്നു.

സ്വാമി—ശരി. അദ്ദേഹത്തെപ്പോലെ ഞാൻ നയജ്ഞനല്ല. സൂത്രപ്രയോഗങ്ങൾ എനിക്കു് അറിയാൻപാടില്ല. അതാണെന്റെ വലിയ കുറവു്. പരമാർത്ഥബുദ്ധി ഇക്കാലത്തു് അപൽക്കരമാണു്.

ചിരി അടക്കുന്നതിനായി ചന്ദ്രസേനൻ അധരങ്ങൾഅമർത്തിപ്പിടിച്ചു. സ്വാമിയാർ തുടർന്നു പറഞ്ഞു.—

"എനിക്കു വിശ്വസിക്കുവാൻ യോഗ്യരായ കുറേ സ്നേഹിതന്മാരുണ്ടാകേണ്ടതത്യാവശ്യമാണു്."

ചന്ദ്ര—അതിനെന്തുപ്രയാസം? രാജ്ഞിയെ വിശ്വസ്തത

ത്തോടെ സേവിച്ച് അവർക്കു പല ഉപകാരങ്ങളും ചെയ്തിട്ടുള്ള വരിൽ ചിലർ ഇപ്പോഴും രാജ്യത്തിലുണ്ട്.

സ്വാമി—സ്നേഹിതാ. നിങ്ങളെ വിശ്വസ്തമിത്രമായി ഞാൻ കരുതുന്നു. അങ്ങനെയുള്ളവർ ആരെല്ലാമെന്നും എവിടെയെന്നും എനിക്കറിയണം.

ചന്ദ്രസേ—അവരിൽ ഒരാളുടെ ഭുജപരാക്രമഫലം ഞാനനുഭവിച്ചിട്ടുണ്ട്. അയാളുടെ ഖഡ്ഗം എനിക്കു തന്ന പാടുകൾ ഇപ്പോഴും എന്റെ ദേഹത്തിലുണ്ട്.

സ്വാമി—അതാര്?

ചന്ദ്ര—അയാൾ ഈ കൊട്ടാരത്തിന്റെ വാതിൽ കാത്തു നിൽക്കുന്നു. അവിടുന്ന് അയാളെ അറിയുമോ?

"ആര്?

"വിജയഭദ്രൻ"

"ഹാ! ആ മലനാട്ടുകാരനോ?" എന്നു വിസ്മയം നടിച്ചുകൊണ്ടു സ്വാമിയാർ ചോദിച്ചു.

"അതേ ആ മലനാട്ടുകാരൻ, അയാൾ രാജ്ഞിയെ ആപത്തുകളിൽനിന്നു രക്ഷിച്ചു. രാജ്യതന്ത്രപ്രവീണനായ സ്വാമിയാരെ അടിയറവേല്പിച്ചു."

"ശരിയോ?"

"ശരി, ഞാൻ പറയുന്നതിൽ അണുമാത്രമെങ്കിലും വ്യാജമില്ല."

"ആ കഥ എന്നോടു വിവരിച്ചു പറയണം."

"കുറച്ചു വിഷമമുണ്ട്."

"എന്നാൽ അയാൾ എന്നോടു പറയുമായിരിക്കും".

"ഒരിക്കലും പറയുകയില്ല. മററാളുകളുടെ രഹസ്യങ്ങൾ പുറത്താക്കുമെന്നുള്ളതിനാൽ വിജയൻ മൌനമായിരിക്കും."

"അയാൾ ഏകനായിട്ടാണോ ധീരപ്രവൃത്തികൾ ചെയ്തിട്ടുള്ളത്."

"അല്ലാ. അയാൾക്കു മൂന്നു ചെങ്ങാതിമാരുണ്ടായിരുന്നു. ഇതുപോലെ യോജിച്ചു സാഹസപ്രവൃത്തികൾ ചെയ്തിട്ടുള്ള നാലു ധീരന്മാരെ എനിക്കു വേറെ പരിചയമില്ലാ"

"എന്റെ സ്നേഹിതാ! നിങ്ങൾ എന്റെ ജിജ്ഞാസയെ ഉണർത്തിയിരിക്കുന്നു. ആ കഥയുടെ അൽപഭാഗമെങ്കിലും പറയണം."

"അവിട്ടത്തേക്കു നിർബ്ബന്ധമായതുകൊണ്ടു ഞാനൊരു കഥ പറയാം. കെട്ടുകഥയായി വിചാരിച്ചുകൊള്ളണം."

"കെട്ടുകഥ കേൾക്കുന്നതിൽ എനിക്കു വലിയ താൽപര്യമുണ്ടു്."

"എന്നാൽ അവിടുന്നു ശ്രദ്ധിച്ചു കേൾക്കണം. ഒരു രാജ്യത്തു് അശക്തനായ ഒരു രാജാവുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പട്ടമഹിഷി ദേവാംഗനമാരെ ജയിക്കത്തക്കവണ്ണം സൌന്ദര്യവതിയായിരുന്നു. ആ രാജ്യത്തെ ശക്തനായ മന്ത്രിസത്തമന്റെ കോപത്തിനു രാജ്ഞി പാത്രീഭൂതയായി. അദ്ദേഹം അവരെ അപായത്തിൽ ചാടിക്കുന്നതിനു ശ്രമിച്ചുകൊണ്ടിരുന്നപ്പോൾ അയൽരാജ്യത്തിലെ മന്ത്രി ഗൂഢമായി രാജ്ഞിയെ സന്ദർശിച്ചുവെന്നു് അദ്ദേഹത്തിനറിവു കിട്ടി. രാജ്ഞിയും ആ മന്ത്രിയും പരസ്പരാനുരക്തരായിരുന്നു. അദ്ദേഹത്തിനു പാരിതോഷികമായി രാജ്ഞി ഏതാനും ആഭരണങ്ങൾ കൊടുത്തതായും അസൂയാലുവായ മന്ത്രി അറിഞ്ഞു. ആ ആഭരണങ്ങൾ രാജാവു രാജ്ഞിക്കു സമ്മാനിച്ചതായിരുന്നു. ഒരു വിരുന്നിൽ ആ ആഭരണങ്ങളണിഞ്ഞു രാജ്ഞി സന്നിഹിതയാകണമെന്നു മന്ത്രിയാൽ പ്രേരിതനായ രാജാവു കൽപ്പിക്കയുണ്ടായി. രാജ്ഞി ഭയപ്പെട്ടു. രക്ഷയ്ക്കൊരു മാർഗ്ഗവും കാണാതെ മാനവും മഹിമയുമെല്ലാം നഷ്ടപ്പെട്ടുപോകുമെന്നു ശങ്കിച്ചു് ഊണും ഉറക്കവുമില്ലാതിരുന്ന രാജ്ഞിയെ നാലു ധീരയോദ്ധാക്കൾ സമയത്തിനു സഹായിച്ചു. അവർ നാലുപേരും ജീവനെ തൃണവൽഗണിച്ചു വിദേശത്തേക്കു കുതിരകളെ പായിച്ചു മന്ത്രിയുടെ തന്ത്രംകൊണ്ടുണ്ടാക്കിയ മാർഗ്ഗവൈഷമ്യങ്ങളെ തരണം ചെയ്യുവാനുള്ള ശ്രമത്തിൽ അവർ ഓരോരുത്തരായി വഴിയിൽ വീണു. അവസാനം ഒരുവൻ ഉദ്ദിഷ്ടസ്ഥലത്തെത്തി ആഭരണങ്ങൾ തിരിയെ വാങ്ങിക്കൊണ്ടു വന്നു രാജ്ഞിയ്ക്കു് കൊടുത്തു. രാജ്ഞി ആഭരണവിഭൂഷിതയായും പ്രസന്നവദനയായും വിരുന്നിൽ സംബന്ധിച്ചപ്പോഴത്തെ മന്ത്രിയുടെ മ്ലാനമുഖം കാണേണ്ടതായിരുന്നു."

സ്വാമിയാർ—ഭേഷ്! വിജയരുദ്രൻ അവരിൽ ഒരുവനായിരുന്നു.

ചന്ദ്ര—വിജയൻ അവരുടെ നേതാവായിരുന്നു. സകലവും സാധിച്ചതു് അയാളുടെ ബുദ്ധിശക്തിയും പരാക്രമവുംകൊണ്ടുമാത്രമാണു്.

സ്വാമിയാർ—അങ്ങനെയുള്ള ശൂരന്മാരെയാണ് എനിക്കു വേണ്ടതു്. നിങ്ങളും എൻെറ വിശ്വസ്ത മിത്രമായിരുന്നാൽ ഭാഗ്യമായി.

ചന്ദ്ര—അഞ്ചു വർഷം ജയിലിൽ കിടന്നു് ഊർജ്ജിതവും ശക്തിയും ക്ഷയിച്ച എന്നെക്കൊണ്ടു് അവിടുത്തേയ്ക്കു് എന്തു സാധിക്കുവാനാണു്.

സ്വാമിയാർ—സുലോചനപ്രഭുവിനെ കമലേശൻെറ കീഴിൽനിന്നു വേറൊരു കാരാഗൃഹത്തിലേക്കു മാററണമെന്നു വിചാരിക്കുന്നു. നിങ്ങളെ ഞാൻ സുലോചനപ്രഭുവിൻെറ സൂക്ഷിപ്പുകാരനാക്കട്ടെയോ?

ചന്ദ്രസേനൻ—(ആശ്ചര്യപ്പെട്ടുകൊണ്ടു്) സുലോചനപ്രഭു തടവിലോ? ആ ചുമതല എന്നെക്കൊണ്ടു സാധിക്കയില്ല.

"എന്തു്? സാധിക്കയില്ലെന്നോ."

"അതെ."

"എന്തുകൊണ്ടു്"

"അദ്ദേഹം എൻെറ സ്നേഹിതനാണു്."

"അദ്ദേഹം രാജ്ഞിയുടെ ശത്രുവാണു്".

"അതൊന്നും എനിക്കറിഞ്ഞുകൂടാ. ഞാൻ രാജ്ഞിയോ രാജാവോ, മന്ത്രിയോ ഒന്നുമല്ലല്ലോ. അദ്ദേഹത്തിൻെറ തടവു സൂക്ഷിപ്പുകാരനായിരിക്കുവാൻ ഞാൻ തയാറില്ലാ."

"അപ്പോൾ നിങ്ങൾ സുലോചന പ്രഭുവിൻെറ കക്ഷിയിൽപ്പെട്ടയാളാണു്."

"ഇത്രയും നാൾ ജയിലിൽ കിടന്ന എനിക്കു് കക്ഷിയുണ്ടോ?"

"നിങ്ങൾ ഒരു കാലത്തു ചുണയുള്ള ആളായിരുന്നു. ഇപ്പോൾ വളരെ ക്ഷീണനായി കാണുന്നു. കുറേക്കാലംകൂടി നിങ്ങൾക്കു വിശ്രമം വേണ്ടതായിട്ടാണു് തോന്നുന്നതു്." പുറകോട്ടുതിരിഞ്ഞു, "ആരവിടെ' എന്നുച്ചത്തിൽവിളിച്ചശേഷം ഒരു കടലാസെടുത്തു് എന്തോ എഴുതി. ഒരുദ്യോഗസ്ഥൻ മുറിയിൽ പ്രവേശിച്ചു.

സ്വാമി—വിജയരുദ്രൻ എവിടെ?

ഉദ്യോഗ—അദ്ദേഹത്തിൻെറ തവണസമയം കഴിഞ്ഞതുകൊണ്ടു് ഉറങ്ങുവാൻ പോയിരിക്കയാണു്.

സ്വാമി—ശരി, എന്നാൽ ഈ ആളിനെകൊണ്ടുപോക

ണം. ഈ എഴുത്തിലെ മേൽവിലാസസ്ഥലത്തേക്കു കൊണ്ടുപോകാം. വണ്ടിയും കുതിരകളും തയ്യാറായിരിക്കുമല്ലൊ. നല്ല കാവല്ലുണ്ടായിരിക്കണം.

ചന്ദ്ര—അപ്പോൾ ഞാൻ വന്നവഴിയെ തിരികെ പോകണമെന്നാണ് അവിടുന്ന് ആഗ്രഹിക്കുന്നതു്.

സ്വാമിയാ—നിങ്ങളുടെ ഊഹം ശരിയാണ്.

ചന്ദ്ര—(ആത്മഗതം) ഞാൻ പുണ്യമുള്ളവനാണോ എന്നു കാണിച്ചുതരാം. വിജയനു വല്ല കയററവും കിട്ടുന്നെങ്കിൽ കിട്ടട്ടെയെന്നു വിചാരിച്ചാണ് അയാളെപ്പററി ഇത്രയൊക്കെ പറഞ്ഞതു്. അല്ലെങ്കിൽ സംഭാഷണം ഇതിനു മുമ്പുതന്നെ അവസാനിപ്പിക്കുമായിരുന്നു (പ്രകാശം) എന്നാൽ അങ്ങയുടെ ഇഷ്ടം പോലെ, ഞാൻ പോകുന്നു.

സ്വാമി—ഇനിയും എന്റെ പേർക്കു് അപേക്ഷയൊന്നും അയയ്ക്കേണ്ട ആവശ്യമില്ല.

ചന്ദ്ര—അതിനാവശ്യം വരുമെന്നു തോന്നുന്നില്ല. താമസിയാതെ തമ്മിൽ കാണാമെന്നാണ് എന്റെ പ്രതീക്ഷ.

ചന്ദ്രസേനന്റെ ഹാസ്യഭാവം കണ്ടു സ്വാമിയാരുടെ ഹൃദയത്തിൽ കോപാഗ്നി ജ്വലിച്ചു. എങ്കിലും അദ്ദേഹം നിശ്ചലനായി നിന്നു.

---

# അദ്ധ്യായം ൩.

ചന്ദ്രസേനനെ പട്ടാളമുദ്യോഗസ്ഥൻ കൊണ്ടുപോയി കഴിഞ്ഞയുടൻ സ്വാമിയാർ ഒരു ഗൂഢമാർഗ്ഗമായി രാജ്ഞിയുടെ അറയിൽ പ്രവേശിച്ചു് അവരുമായി ദീർഘസംഭാഷണം ചെയ്തശേഷം വെളിയിൽവന്നു വിജയഭദ്രൻ കിടന്നിരുന്ന മുറിയിലെത്തി. വിജയഭദ്രൻ ഗാഢനിദ്രയിൽ വീണിരിക്കയാണെന്നു് സ്വാമിയാർ ഊഹിച്ചുകൊണ്ടു് അയാളുടെ അരികിൽ ചെന്നു സാവധാനത്തിൽ തട്ടി വിളിച്ചു. നമ്മുടെ ക

ഥാനായകൻ പെട്ടെന്ന ചാടി എണീററു വാൾ ഉറയിൽനിന്ന ഊരി സൂക്ഷിച്ചുനോക്കിയപ്പോൾ സ്വാമിയാരുടെ പുഞ്ചിരിതൂകുന്ന മുഖമാണു കണ്ടതു്. വിജയൻ വേഗം വാൾ ഉറയിലിട്ടുകൊണ്ടു് "അവിടുന്നു ക്ഷമിക്കണം. ഒരു ശത്രുവിനോടു സമരം ചെയ്യുവാൻ പോകുന്നതായി ഞാൻ സ്വപ്നം കണ്ടു. അപ്പോഴാണു് അവിടുന്നു് എന്നെ ഉണർത്തിയതു്. ക്ഷമിക്കണം ക്ഷീണം കൊണ്ടു് ഉറങ്ങിപ്പോയി."

സ്വാമി—എന്തു ക്ഷമിക്കാനാണു്? നിങ്ങളെപ്പോലെ കഠിനജോലി ചെയ്യുന്ന ഒരാളിനു ക്ഷീണം വരുന്നതിലത്ഭുതപ്പെടുവാനില്ലാ."

വിജ—(ആത്മഗതം) നല്ല കാലത്തിൻെറവിശ്വാസമായിരിക്കാം.

സ്വാമി—നിങ്ങളുടെ ബുദ്ധിയും ധൈര്യവും എൻെറ പേർക്കു് വിനിയോഗിക്കേണ്ടിയിരിക്കുന്നു.

വിജയ—അവിടുന്നു കല്പിച്ചാലും ഉടൻ അനുസരിക്കയായി:

സ്വാമി—വിജയരുദ്രാ! നിങ്ങൾ എൻെറ മുൻഗാമിയുടെ കാലത്തു ചില ധീരപ്രവൃത്തികൾ ചെയ്തതായി അറിവു ലഭിച്ചിട്ടുണ്ടു്.

വിജ—കുറെയൊക്കെ യുദ്ധങ്ങളിൽ പങ്കുകൊണ്ടിട്ടുണ്ടെന്നുള്ളതും അനേകം പേരെ വെട്ടിവീഴ്ത്തിയിട്ടുണ്ടെന്നുള്ളതും വാസ്തവമാണു്.

സ്വാമി—അതൊന്നുമല്ലാ ഞാൻ ഉദ്ദേശിക്കുന്നതു്. സ്നേഹിതന്മാരുമായി കടൽ കടന്നതും മററും............

വിജയൻ ആശ്ചര്യം പ്രദർശിപ്പിച്ചു കൊണ്ടു പറഞ്ഞു — "അവിടുന്നു പറയുന്നതു് എനിക്കു മനസ്സിലാകുന്നില്ല.

സ്വാമിയാർ ചിരിച്ചുകൊണ്ടു്—"ഭേഷ്! നിങ്ങളെ ഞാൻ അഭിനന്ദിക്കുന്നു. നിങ്ങളെപ്പോലെ രഹസ്യം സൂക്ഷിക്കുന്ന ഒരാളാണു് എൻെറ വിശ്വസ്തസഹായിയായിരിക്കേണ്ടതു്. നിങ്ങളുടെ സ്നേഹിതന്മാർ ഇപ്പോൾ എവിടെ?"

"ഏതു സ്നേഹിതന്മാർ"

"നിങ്ങളുടെ മൂന്നു സ്നേഹിതന്മാർ?"

"എനിക്കു മൂന്നല്ല, മുപ്പതല്ല, മുന്നൂറു സ്നേഹിതന്മാർകണ്ടേക്കാം."

സ്വാമിയാർ വീണ്ടും ചിരിച്ചശേഷം ഒരു മോതിരം എടുത്തു കാണിച്ചുകൊണ്ടു് പറഞ്ഞു. "ഇതാ ഈ മോതിരം മോഹി

നീരാജ്ഞി കൃതജ്ഞതാപൂർവം ഒരിക്കൽ നിങ്ങൾക്ക സമ്മാനിച്ചതാണ്. നിങ്ങൾ പിററ ഈ മോതിരം വീണ്ടും അവരുടെകൈയിൽ എത്തി. രാജ്ഞി ചരിത്രം മുഴവൻ എന്നോട പറഞ്ഞു. അതുകൊണ്ട്, ഇനിയും മടികൂടാതെ ചോദ്യങ്ങൾക്കുത്തരം പറയണം. "നിങ്ങളുടെ സ്നേഹിതന്മാർ ഇപ്പോൾ എവിടെയാണ്.

"വളരെ കാലമായി അവരെപ്പററി യാതൊരു വിവരവുമില്ലാ."

"അവരെ കണ്ടുപിടിച്ചുകൊണ്ടു വരാമോ? നിങ്ങളെ നാലു പേരെയും എനിക്കാവശ്യമുണ്ട്."

"പല പ്രയാസങ്ങളുണ്ട്."

"എന്തൊക്കെയാണ്?"

"ഉപകാരം ചെയ്താൽ പ്രതിഫലമില്ലെന്ന മാത്രമല്ലാ ആർക്ക ചെയ്തുവോ അവർ ആ കഥ പിന്നീട് സ്മരിക്കപോലുമില്ലെന്ന് എൻെറ സ്നേഹിതന്മാർ പഠിച്ചുപോയി. അതുകൊണ്ട് അവരെ കിട്ടുന്ന കാര്യം പ്രയാസമാണ്. അവരെ അന്വേഷിച്ചു നടക്കുന്നതിന്ന് എൻെറ കൈയിൽ പണവുമില്ല."

സ്വാമിയാർ—പണം ഇപ്പോൾ വളരെ ചുരുക്കമാണ്. എങ്കിലും നോക്കട്ടെ.

വിജയൻ—(ആത്മഗതം) സിംഹഭദ്രനായിരുന്ന എങ്കിൽ വാരി വിതറുമായിരുന്നു. ഇയാൾ വെറും ദുഷ്ടനാണെന്ന കേട്ടിട്ടുള്ളതു വാസ്തവംതന്നെ.

(പ്രകാശം) സിംഹഭദ്രസ്വാമിയാർ, ആവശ്യത്തിലധികം പണം അദ്ദേഹത്തിൻെറ സേവകർക്ക കൊടുക്കുക പതിവായിരുന്നു. അതുകൊണ്ട് അദ്ദേഹം വിചാരിച്ചതൊക്കെ നിഷ്പ്രയാസം സാധിച്ചു വന്നിരുന്നു.

സ്വാമിയാർ യാതൊന്നും മറുപടി പറയാതെ "വരണം" എന്ന മാത്രം പറഞ്ഞു അദ്ദേഹത്തിൻെറ മുറിയിലേക്ക നടന്നു വിജയൻ അദ്ദേഹത്തെ അനുഗമിച്ചു.

സ്വാമിയാർ—നിങ്ങളുടെ സ്നേഹിതന്മാർ എൻെറ ആജ്ഞാനുവർത്തികളാകാൻ സന്നദ്ധരാകുമൊ?

വിജയൻ—തീർച്ച പറയുവാൻ നിവൃത്തി ഇല്ല. അവരെ കണ്ടുപിടിക്കുന്നതാണ് കൂടുതൽ പ്രയാസം. ഏതായാലും ഞാൻ കഴിയുന്നതും ശ്രമിക്കാം.

സ്വാമിയാർ അദ്ദേഹത്തിൻെറ മുറിയിൽ പ്രവേശിച്ച്

ഇരുമ്പുപെട്ടി തുറന്നു് ഒരു പണസഞ്ചി വെളിയിലെടുത്തു രണ്ടു മൂന്നു പ്രാവശ്യം കൈയിൽ വച്ചു ഭാരം നോക്കി. പണത്തോടു് അന്ത്യയാത്ര പറയുവാനുള്ള വൈമനസ്യം സ്വാമിയാരുടെ മുഖത്തു വിജയഭദ്രൻ കണ്ടു. സഞ്ചി വിജയന്റെ നേരെ നീട്ടിക്കൊണ്ടു് ഇതാ, ഇതു യാത്രച്ചെലവിനുപകരിക്കട്ടെ. നാളെ രാവിലെതന്നെ യാത്ര പുറപ്പെടണം. പണസ്സഞ്ചി കൈയിൽ വാങ്ങി, യാത്രപറഞ്ഞു നമ്മുടെ കഥാനായകൻ മുറിക്കു വെളിയിൽ വന്നു. വരാന്തയിലുള്ള ഒരു വെളിച്ചത്തിൽ മടിശ്ശീലയ്ക്കകം പരിശോധിച്ചപ്പോൾ വെള്ളിനാണയങ്ങളാണെന്നു മനസ്സിലായതിനാൽ ഇപ്രകാരം പിറുപിറുത്തു "ഞാൻ ഇതു സംശയിച്ചതാണു്. ഈ വെള്ളിനാണയങ്ങൾ തരുന്നതിനാണോ ഈയാളിത്ര ക്ലേശിച്ചതു്. ആകട്ടെ, അവസാനം ഈയാൾക്കൊരിക്കലും അനുകൂലമായിരിക്കയില്ല.

---

# അദ്ധ്യായം ൪.

---

ഭൃത്യനായ ഭദ്രൻ പിരിഞ്ഞതിൽപിന്നെ വിജയഭദ്രൻ ഒരു പുതിയ ഭവനത്തിൽ താമസമാക്കിയിരിക്കുന്നു. അയാൾ അവിടെ താമസം ഉറപ്പിച്ച കഥ വളരെ രസാവഹമാണു്: മഹേന്ദ്രപുരിയിലെ ഒരു ചെറിയ തെരുവിലുള്ള സാമാന്യം വലിയ ഒരു ഭവനത്തിൽ ഒരു ഭാര്യയും ഭർത്താവും താമസിച്ചിരുന്നു. ഭാര്യ ഏകദേശം മുപ്പതു വയസ്സു പ്രായംവരുന്ന ഒരു സുമുഖിയായിരുന്നു. ഭർത്താവു യാതൊരു ജോലിയും ചെയ്യാതെ വീട്ടിലിരുന്നു സമയംപോക്കിക്കൊണ്ടിരുന്ന ഒരു മഠയനുമായിരുന്നു. ഭാര്യയുടെ സ്വത്തായിരുന്ന ആ ഭവനത്തിൽ അവർക്കാവശ്യമുള്ള രണ്ടു മൂന്നു മുറികൾ ഒഴിച്ചു ബാക്കിയുള്ളതു വാടകയ്ക്കു കൊടുത്തിരുന്നതുകൊണ്ടു് അവർക്കു കഷ്ടിച്ചു നിത്യവൃത്തി കഴിക്കുന്നതിനുള്ള പണം കിട്ടിക്കൊണ്ടിരുന്നു. ആ ഭവനത്തിലുള്ള ഒരു മുറിയിൽ താമസമാക്കുവാനാണു വിജയനിടയായതു്. വിജയനെ കണ്ടു തുടങ്ങിയതിൽ പിന്നീടു് ആ സ്ത്രീയ്ക്കു ക്രമേണ ഭർത്താവി

നോടു ബഹുമാനം കുറഞ്ഞു തുടങ്ങി. അടുത്ത മുറിയിൽ ഭാര്യ ഭർത്താവിനെ നിന്ദാപൂർവം ശാസിക്കുന്നതും ശാസന മൂത്തു ശകാരത്തിലവസാനിക്കുന്നതും ചിലപ്പോൾ നമ്മുടെ കഥാനായകൻ കേട്ടിട്ടുണ്ടു്. ഉണ്ണുവാനും ഉറങ്ങുവാനും മാത്രം പിറന്ന അക്കോന്തൻ മിണ്ടാതിരിക്കുന്നതോർത്തിട്ടു വിജയനു് അയാളോടു സഹതാപത്തിനു പകരം വൈരസ്യമാണു തോന്നിയതു്.

ദിവസവും രാവിലെ വിജയൻ വെളിയിൽ വരുന്ന സമയം നോക്കി, ആ മഞ്ജുളാംഗി അവളുടെ തഴച്ചു കിടന്ന കാർകൂന്തൽ ഒതുക്കികെട്ടി, പൂവുംചൂടി, വരാന്തയിൽ നിൽക്കുകയും, വിജയനെ കാണുമ്പോൾ അവളുടെ ശോഭയേറിയ കണ്ണുകൾ അയാളുടെ മുഖത്തു കൗതുകപുരസ്സരം പതിപ്പിക്കയും പുഞ്ചിരിക്കൊഞ്ചലോടുകൂടി അവൾ അദ്ദേഹത്തെ വശീകരിക്കുവാൻ ബദ്ധപ്പെടുകയും ചെയ്ക പതിവായിരുന്നു. വിജയനു് ഇതിന്റെയൊക്കെ അർത്ഥം മനസ്സായിയെങ്കിലും, അറിയാത്ത ഭാവത്തിൽ ദിവസങ്ങൾ കഴിച്ചുകൂട്ടി. ആ സ്ത്രീയുടെ ശല്യം സഹിക്കവഹിയാതെയായതിനാൽ ഭർത്താവു് ഒരു രാത്രി കുറെ രൂപായും കൈവശപ്പെടുത്തികൊണ്ടു് എവിടെയോ പൊയ്ക്കളഞ്ഞു. ആ ശനി എവിടെയെങ്കിലും പോയി തുലയട്ടെയെന്നു സമാശ്വസിച്ചുകൊണ്ടു് അവൾ നാളുകൾ കഴിച്ചുകൂട്ടി. ഇങ്ങനെ വർഷങ്ങൾ നാലഞ്ചു കഴിഞ്ഞു. ആ സ്ത്രീ വിജയനു പലപ്പോഴും വിശിഷ്ടഭോജ്യങ്ങൾ വേലക്കാരി വശം കൊടുത്തയച്ചുവെങ്കിലും അവയെല്ലാം സ്വീകരിച്ചു നന്ദിപറഞ്ഞയച്ചതല്ലാതെ അവൾ ആഗ്രഹിച്ചതുപോലെ നമ്മുടെ വില്ലാളി അവരോടു കണ്ണോടിക്കയുണ്ടായില്ല. ഒരു നിവൃത്തിയും കാണായ്കയാൽ പ്രേമപരവശയായ ആ സ്ത്രീ വിജയന്റെ മുറിയിൽ വന്നു്, അവളെ സ്വീകരിക്കണമെന്നു് അയാളോടു നേരിട്ടു് അപേക്ഷിച്ചു.

വിജയൻ—എന്തു്? ഭവതിക്കു് ഒരു ഭർത്താവിരിക്കെ, എന്നെ ഭർത്താവാക്കുവാൻ ആഗ്രഹിക്കുന്നുവോ? മഹാപാതകം—

സ്ത്രീ—അദ്ദേഹം നിശ്ചയമായും മരിച്ചുപോയിരിക്കണം. ജീവിച്ചിരുന്നെങ്കിൽ തിരിയെ വരുമായിരുന്നു.

വിജയൻ—ആകട്ടെ അദ്ദേഹത്തെപ്പററി വല്ല വിവരവും അറിയുവാൻ ശ്രമിക്കാം. അതു വരെ ക്ഷമിച്ചിരിക്കണം. ഇങ്ങനെ വിജയൻഅവരെ ആശ്വസിപ്പിച്ചു. ആശയോടുകൂടി നമ്മുടെ വില്ലാളിയുടെ സുഖസൗകര്യാദികളും അന്വേഷിച്ചു് ആ സ്ത്രീ അട

ങ്ങിപ്പാർത്തു വരവെ, വിജയനു യുദ്ധത്തിനു പോകേണ്ടി വന്നു. യാത്രപറഞ്ഞപ്പോൾ അവൾ ഒഴുക്കിയ ബാഷ്പവർഷംകൊണ്ടു ആർദ്രചിത്തനായി, ക്ഷേമത്തോടെ തിരിയെ വരുമെന്നു പറഞ്ഞു് അവളെ ആശ്വസിപ്പിച്ചശേഷം വിജയൻ യുദ്ധത്തിനു പോയി.

യുദ്ധത്തിൽ വിജയൻ അസ്ത്രമേറ്റു വീണു. കൂടെയുള്ള പട്ടാളയുദ്യോഗസ്ഥന്മാർ ബോധരഹിതനായ വിജയനെ മൃതിപ്പെട്ടവരിൽ ഒരുവനായി കണക്കാക്കി ഉപേക്ഷിച്ചിട്ടു പോയി. രാത്രിയിൽ ബോധം വീണപ്പോൾ വിജയൻ അവിടെ നിന്നൊരു വിധത്തിൽ എഴുന്നേറ്റു ബദ്ധപ്പെട്ടു നടന്നു കുറെ അകലെയുള്ള ഒരു ഭവനത്തിൽ എത്തിച്ചേർന്നു. അവിടെയുള്ള സഹൃദയരുടെ പരിചരണത്തിൽ ഏകദേശം ഒരു മാസം താമസിച്ചശേഷം പൂർണ്ണസുഖം പ്രാപിച്ച തലസ്ഥാനനഗരിയിലേക്കു പോയി. പട്ടണത്തിൽ എത്തിയുടൻ, നേരെ അയാളുടെ താമസസ്ഥലത്തേക്കു നടന്നു. അവിടെ ചെന്നു മുറിയിൽ പ്രവേശിച്ചപ്പോൾ തന്റെ പെട്ടിയുടെയും കിടക്കയുടെയും സ്ഥാനത്തുവേറെ പെട്ടിയും കിടക്കയും കണ്ടതിൽ വിസ്മയിച്ചുപോയി. അപ്പോഴവിടെയെത്തിയ പരിചാരിക വിജയനെ കണ്ടു ആശ്ചര്യനിബദ്ധ സ്തബ്ധയായി നിന്നശേഷം "യജമാനനല്ലേ മരിച്ചുപോയതു്?" എന്നു ചോദി

വിജയൻ ചിരിച്ചുകൊണ്ടു "എന്നെ കണ്ടിട്ടങ്ങനെ തോന്നുന്നു. ഇതാരുടെ പെട്ടിയും കിടക്കയുമാണു്? എന്നു ചോദിച്ചു.

പരിചാരിക—അദ്ദേഹത്തിന്റെയാണു്?

വിജ—അദ്ദേഹം തിരിച്ചുവന്നോ? എന്നിട്ടു് എന്താണീമുറിയിൽ താമസമാക്കിയതു്

പരി—കൊച്ചമ്മയുടെ ഭർത്താവോ? അദ്ദേഹം തിരികെ വന്നില്ല. ഇപ്പോൾ ആ പോലീസങ്ങത്തെ ഇവിടെ താമസമാണു്. ദൂരെയെങ്ങുനിന്നോ ഇങ്ങോട്ടു സ്ഥലം മാറിയതാണു്. പത്തിരുപതു ദിവസമായി കൊച്ചമ്മയുമായി സംബന്ധ ആലോചന തുടങ്ങിയിട്ടുണ്ടു്.

വിജ—കൊച്ചമ്മയെവിടെ?

പരിചാരി—രണ്ടുപേരും കൂടി മുറിയിലിരുന്നു മന്ത്രിക്കയാണു്?

വിജ—ആകട്ടെ, ചെന്ന കൊച്ചമ്മ വേഗം ഇങ്ങോട്ടു വരാൻ പറയുക.

പരി—അയ്യോ, എൻെറ യജമാനനെ! ഞാനിപ്പോൾ ചെന്നാൽ എന്നെ കൊല്ലാൻവരും. എന്നെ ഒരു കാര്യത്തിനയച്ചിരിക്കയാണു്.

വിജ—ഒരാൾ വന്നിരിക്കുന്നെന്നു വിളിച്ചു പറയൂ ഹേ. ആരെന്നു പറയരുതു്.

പരിചാരിക വരാന്തയിലിറങ്ങി നിന്നുകൊണ്ടു വിജയൻ ആവശ്യപ്പെട്ടതുപോലെ വിളിച്ചു പറഞ്ഞു. "നിന്നെ ഒരിടത്തു വിട്ടിട്ടു നീ പോകാതെ നിൽക്കയാണു്. ഇല്ലേ? ആരാടി ഇപ്പോൾ കാണാൻ വന്നിരിക്കുന്നതു്." എന്നു അലറിക്കൊണ്ടു യജമാനസ്ത്രീ വരാന്തയിൽ വന്നു. വേലക്കാരി വിജയനിരിക്കുന്ന മുറി ചൂണ്ടിക്കാണിച്ചുകൊണ്ടു് അവിടെ നിന്നു മാറിക്കളഞ്ഞു. വീട്ടുകാരി വിജയൻെറ മുറിയിൽ പ്രവേശിച്ചു അവൾ വില്ലാളിയെ കണ്ടപ്പോൾ, അമ്പരന്നു, നിശ്ചേഷ്ടയായിത്തുറിച്ചു നോക്കിക്കൊണ്ടുനിന്നു. പിറകെ പോലീസങ്ങത്തെയും എത്തി. വിജയൻ അയാളെ ഒന്നു സൂക്ഷിച്ചുനോക്കി. ആൾ തടിച്ചുരുണ്ട ദീർഘകായകൻ. മീശക്കൊമ്പൻ. വിജയൻ സ്ത്രീയോടു ചോദിച്ചു.

"ഇതാരാണു്?"

അവൾ നെടുവീർപ്പിട്ടുകൊണ്ടു മിണ്ടാതെ നിന്നു. വിജയൻ വീണ്ടും ചോദിച്ചപ്പോൾ അവൾ പരുങ്ങലോടുകൂടി "അദ്ദേഹം എന്നെ വിവാഹം ചെയ്യുവാൻ പോകുന്നയാളാണു്." എന്നു പറഞ്ഞു.

വിജയൻ—അപ്പോൾ ഭവതിയുടെ ഭർത്താവു മരിച്ചുപോയോ?

"ഹെയ്; ഇതൊക്കെ നിങ്ങൾക്കറിഞ്ഞിട്ടുകാര്യമെന്താണു്" എന്നു് പോലീസുദ്യോഗസ്ഥൻ ചോദിച്ചു.

"വളരെ കാര്യമുണ്ടു്. അയാൾ മരിച്ചിട്ടു് ഈ സ്ത്രീ വിവാഹം ചെയ്യണമെങ്കിൽ എൻെറ സമ്മതം കൂടി വേണം. അതിനു് ഞാൻ........"

"അതിനു നിങ്ങൾ?" എന്നു പോലീസുദ്യോഗസ്ഥൻ ചോദിച്ചു.

“അതിനു ഞാൻ സമ്മതിക്കയില്ല” എന്നു വില്ല്യാളി മറുപടി പറഞ്ഞു.

പോലീസുദ്യോഗസ്ഥൻെറ മുഖം കറുത്തു. ഈ ചെറിയ മനുഷ്യനിത്ര ധൈര്യമോ? ബലം പ്രയോഗിക്കേണ്ടിവന്നാൽ വില്ല്യാളിയെ പറപ്പിച്ചു കളയാമെന്നുള്ള മുഷ്കോടുകൂടി “ഹേയ് നിങ്ങൾക്ക് ഇവിടെ കാര്യമൊന്നുമില്ല. ഉടൻ പോകുമോ ഇല്ലയോ” എന്നു ചോദിച്ചുകൊണ്ടു വിജയനോടടുത്തു.

“ഒരിക്കലും പോകയില്ല” എന്നു വിജയൻ ശാന്തനായി മറുപടി പറഞ്ഞു.

അപ്പോൾ അവിടെയെത്തിയ മറെറാരു പോലീസുകാരൻ വിജയനെ നോക്കി പരിഹസിച്ചുകൊണ്ട് ഉദ്യോഗസ്ഥനോടു പറഞ്ഞു. “അങ്ങത്തെ ഈ ചെറിയ മനുഷ്യൻെറ ചെവിക്കു പിടിച്ചു വരാന്തയിലിറക്കാമോ? അപ്പോൾ........”

വിജയൻെറ ഹൃദയത്തിൽ കോപാഗ്നി ജ്വലിച്ചു. മുഖത്തെ രൂക്ഷതകണ്ടു ഗൃഹനായിക ഞെട്ടിവിറച്ചു. പോലീസുകാരൻ പറഞ്ഞുമുഴുവനാക്കുന്നതിനുമുമ്പ് വിജയൻ കടന്ന് അവൻെറ ചെവിക്കു പിടിച്ചു കറക്കി വരാന്തയിലേക്കു തള്ളി. വേഗം ഉദ്യോഗസ്ഥൻെറ നേരെ തിരിഞ്ഞു. “ഹേയ് സാർ–വേഗം കിടക്കയും പെട്ടിയുമെല്ലാമെടുത്തു വെളിക്കിറങ്ങണം. വേറെ പാർപ്പിടം അന്വേഷിക്കു, ഉടൻ പോകാം.’

പോലീസുദ്യോഗസ്ഥൻ കോപാവേശത്താൽ വിറച്ചു പരിഹാസച്ചിരിയോടുകൂടി ഗർജ്ജിച്ചുകൊണ്ടു “എന്നോടിറങ്ങുവാൻ പറയാൻ നിങ്ങൾ ആരാണു കാണിച്ചുതരാം.” എന്നു പറഞ്ഞുകൊണ്ടു കൈ ചുരുട്ടി വിജയൻെറ നാസികയെ ലക്ഷ്യമാക്കി ഒരിടി കൊടുത്തു. ആ ഇടി സ്ഥാനത്തെത്തിയിരുന്നെങ്കിൽ നമ്മുടെ കഥാനായകൻെറ കഥ കഴിയുമായിരുന്നു. എന്നാൽ വിജയൻ മിന്നൽ വേഗത്തിൽ പിന്നിലേട്ടു മാറിയിട്ടുസർവശക്തിയും പ്രയോഗിച്ചു പ്രതിയോഗിയുടെ മുഖത്തെ ലാക്കാക്കി ഒന്നു പ്രഹരിച്ചു. താഡനമേററു താടിയെല്ലു തകർന്ന്, ആ ഭീമൻ തടിപോലെ നിലത്തു വീണു. അനന്തരം വിജയൻ വീട്ടുടമസ്ഥയോടു പറഞ്ഞു. “ഒരു പോലീസുദ്യോഗസ്ഥനും പട്ടാളയുദ്യോഗസ്ഥനും തമ്മിൽ ഇത്രമാത്രം വ്യത്യാസമുണ്ട്. അയാൾ എഴുനേററു വരുമ്പോൾ ഉടൻ വീടു മാറിക്കൊള്ളണമെന്നു ഞാൻ പറഞ്ഞതായി അയാളോടു പറയണം.” വിജയൻ അവിടെനിന്നു

പാളയത്തിലേക്കു പോയി. വൈകുന്നേരം തിരിച്ചു വന്നപ്പോൾ പോലീസ്സുദ്യോഗൻ ഭവനം വിട്ടിരുന്നു. വിജയൻ വീട്ടുകാരിയെ വിളിച്ചു പറഞ്ഞു. "നിങ്ങൾ ഒരു കൊള്ളാവുന്ന സ്ത്രീയെന്നു ഞാൻ വിചാരിച്ചിരുന്നു. ഇപ്പോൾ നിങ്ങളുടെ ഭവനം വേശ്യാഗൃഹമായിട്ടാണു ഞാൻ കാണുന്നതു്. ഞാൻ ഇനിയും ഒരു നിമിഷംപോലും ഇവിടെ താമസിക്കണമെന്നു വിചാരിക്കുന്നില്ല" ഇതു കേട്ടയുടൻ ആ സ്ത്രീ അയാളുടെ കാൽക്കൽ വീണു് അപരാധങ്ങൾ ക്ഷമിക്കണമെന്നു കരഞ്ഞുകൊണ്ടപേക്ഷിച്ചു. വിജയൻ ആർദ്രചിത്തനായി, അവിടെത്തന്നെ താമസിച്ചുകൊള്ളാമെന്നു് തീർച്ചപ്പെടുത്തി.

---

## അദ്ധ്യായം ൬.

---

വിജയൻ അയാളുടെ താമസസ്ഥലത്തോടടുത്തപ്പോൾ ആൾക്കൂട്ടത്തിന്റെ മധ്യത്തിലായി കുറെ പോലീസുകാർ നിൽക്കുന്നതുകണ്ടു "ഹോ! ഇതെന്തായിരിക്കും പുരുഷ്കുതി പിടിച്ചോ? അതോ കൊച്ചമ്മയുടെ പഴയ ആളുവന്നോ" എന്നു തന്നെത്താൻ മന്ത്രിച്ചുകൊണ്ടു ധൃതിയിൽ നടന്നുചെന്നപ്പോൾ ആളുകൾ അടുത്തുള്ള മറെറാരു ഭവനത്തിന്റെ മുൻവശത്താണു് നിൽക്കുന്നതെന്നു മനസ്സിലായി. എന്താണു ബഹളമെന്നന്വേഷിച്ചതിൽ പട്ടാളക്കാരുടെ അകമ്പടിയോടുകൂടിപോയ ഒരു വണ്ടിയെ കുറെ പട്ടണവാസികൾകൂടി ആക്രമിച്ചെന്നും, സഹായത്തിനു വേറെ പട്ടാളക്കാർ വന്നെത്തിയപ്പോഴേക്കും അക്രമികൾ കടന്നുകളഞ്ഞുവെന്നും അവരുടെനേതാവു് അവിടെവിടെയോ കയറി ഒളിച്ചിരിക്കുന്നുണ്ടെന്നു പോലീസുകാർക്കു് അറിവു കിട്ടിയെന്നും, അതുകൊണ്ടു് ഓരോ വീടും പരിശോധിക്കയാണെന്നും ഗ്രഹിച്ചു. പട്ടാളയുദ്യോഗസ്ഥനായ വിജയഭദ്രൻ താമസിക്കുന്നസ്ഥലം പരിശോധിക്കേണ്ടയാവശ്യമില്ലാത്തതുകൊണ്ടു വിജയന്റെ ഭവനത്തിൽ പോലീസ്സുകാർ പ്രവേശിച്ചില്ല. തന്റെ പഴയ ചെങ്ങാതികൾ എവിടെയായിരിക്കും, അവരെ കണ്ടു പിടിക്കുന്നതു് എങ്ങനെയാണു്, തന്റെ പഴയ ഭൃത്യനായ ഭദ്രൻ ഉണ്ടായിരു

ന്നെങ്കിൽ ഈ സമയം വളരെ ഉപകാരമായിരുന്നു, എന്നൊക്കെയുള്ള ചിന്തകൾകൊണ്ടു തലകാഞ്ഞു വില്ലാളി തന്റെ മുറിയിൽ പ്രവേശിച്ച് വിളക്കു കത്തിച്ചു. കുറേനേരം നിർബാധമായി ഉറങ്ങിയാൽ ശരിയായ ആലോചന തനിയേ തോന്നുമെന്നു നിരൂപിച്ചുകൊണ്ടു കട്ടിലിനരികെ ചെന്നുനിന്നപ്പോൾ, കട്ടിലിന്റെ കീഴിൽനിന്ന് ആരോ തല വെളിയിലേക്കു നീട്ടുന്നതുകണ്ടു വേഗം മുന്നോട്ടു ചാടി അവന്റെ കഴുത്തിനു പിടിച്ചു വലിച്ചു.

അവൻ ശ്വാസം മുട്ടി പറഞ്ഞു.

“അയ്യോ! യജമാനനെ! നോവുന്നു. വിടണേ! കള്ളനും മററുമല്ലാ ഞാനാണ്.”

വിജ—പിടിവിട്ടുയർത്തിയശേഷം ആളിനെ ഒന്നു നോക്കി പൊട്ടിച്ചിരിച്ചുകൊണ്ടു് ‘അല്ലാ! ഭദ്രനോ? നീ ഈ അർദ്ധരാത്രി ഇവിടെ എങ്ങനെ വന്നുകേറി?’

ഭദ്രൻ—അയ്യോ മെല്ലെ പറയുക ഞാൻ വിവരം പറയാം. യജമാനനും ചന്ദ്രസേനനുമായിട്ടങ്ങനെയാണ്”.

വിജ—നിന്റെ പഴയ സ്വഭാവമാണോ നിനക്കിപ്പോഴും. കാര്യം വേഗം പറയൂ.

ഭദ്ര—ചന്ദ്രസേനനും കുറെ മുമ്പു പട്ടാളക്കാർ ഈ വഴി കൊണ്ടുപോയി. അപ്പോൾ....

വിജ—അപ്പോൾ നീയും കുറേ പേരും കൂടി വണ്ടിയെ ആക്രമിച്ചു.

“അതേ അതു് യജമാനന് അഹിതമല്ലായിരിക്കുമല്ലോ?”

“പിടി കൊടുക്കാതെ എന്റെ മുറിയിൽ കയറി രക്ഷപെട്ടിരിക്കയാണ് ഇല്ലേ? ആകട്ടെ ചന്ദ്രസേനൻ രക്ഷപെട്ടോ?”

“രക്ഷപെട്ടു.’

“ഭേഷ്”

“അവിടുന്നു പട്ടാളക്കാരുടെ കൂട്ടത്തിൽ ഇല്ലായിരിക്കണമെന്നായിരുന്നു എന്റെ പ്രാർത്ഥന. അതുപോലെ പററി.”

“ആകട്ടെ! എങ്ങനെയായിരുന്നു സംഭവം നടന്നതു്. കേൾക്കട്ടേ.”

വണ്ടി തെരുവിന്റെ മദ്ധ്യത്തിലായപ്പോൾ, അകത്തിരുന്ന തടവുകാരൻ അദ്ദേഹത്തിന്റെ പേർ പറഞ്ഞുകൊണ്ടു സഹായത്തിനായി ഉച്ചത്തിൽ വിളിച്ചപേക്ഷിച്ചു. ഞാൻ കുറെ സ്റ്റേ

ഹിതന്മാരുമായി, സംഭാഷണം ചെയ്തുകൊണ്ട് വഴിയരികിൽ നിൽക്കുകയായിരുന്നു. ചന്ദ്രസേനൻ എന്നു പേരു കേട്ടപ്പോൾത്തന്നെ പഴയ കഥകൾ എനിക്ക് ഓർമ്മവന്നു. യജമാനനുമായി അദ്ദേഹം സന്തോഷിച്ചു പിരിഞ്ഞതും എനിക്ക് അദ്ദേഹം ഒരു മോതിരം സമ്മാനിച്ചതും, ഞാൻ പ്രത്യേകം ഓർമ്മിച്ചു. ഞങ്ങൾ പട്ടണത്തിലുള്ളവരെല്ലാം സ്വാമിയാരുടെ ശത്രുക്കളാണല്ലോ. അവിടുന്ന് ഒന്നും വിചാരിക്കരുതേ. യജമാനൻ സർക്കാരിന്റെ ശമ്പളത്തിലാണല്ലോ.

"നീ കാര്യം വേഗം പറയൂ."

"അതേ! ആ ശബ്ദം കേട്ടപ്പോൾ, സുലോചനപ്രഭുവിന്റെ കൂട്ടുകാരിൽ ഒരുവനെ തടവുകാരനായി കൊണ്ടുപോകുന്നെന്ന് ഉച്ചത്തിൽ ഞാൻ കൂകി വിളിച്ചു. പെട്ടെന്നു വണ്ടിക്കു ചുറ്റും ആളുകൾ കൂടി വണ്ടി തുറന്നു ചന്ദ്രസേനനെ ഞാനാണു വെളിയിലേക്കിറക്കിയതു്. അപ്പോഴേക്കും കൂടുതൽ പട്ടാളക്കാരെത്തി. അദ്ദേഹം ഓടി രക്ഷപ്പെട്ടു. ഞാൻ ഈ ദിക്കിലേക്കാണോടിയതു്."

"ശരി! നിന്നെ കണ്ടു പിടിച്ചാൽ ഒരു കരുണയും കൂടാതെ അവർ അപ്പോൾ തൂക്കിലിടും."

"അതു അറിയാവുന്നതു കൊണ്ടാണല്ലോ ഞാൻ ഈ മുറിയിൽ കയറി രക്ഷപെട്ടതു്. എനിക്കും വേണ്ട ബുദ്ധിയുണ്ടു്."

"അതേ! ഞാൻ കൂടി തുലയട്ടെ! എന്നായിരിക്കാം. രാജ്യനീതിയെ സഹായിക്കാൻ ചുമതലയുള്ള ഞാൻ, അക്രമികൾക്ക് അഭയം കൊടുക്കുന്നുവെന്നറിഞ്ഞാൽഅവർ എന്നെ എന്തു ചെയ്യുമെന്നറിയാമോ?"

"യജമാനനൊന്നും വരികയില്ല. ഇതിലും ഭയങ്കരമായ ദിവസങ്ങളിൽ യജമാനന്റെ കൂടെ ഞാനെന്തെല്ലാം ആപത്തുകളിൽ കൂടി കടന്നുപോയിട്ടുണ്ടു്. പിന്നെയാണോ ഈ പൊട്ടസ്വാമിയാരുടെ കാലത്തു്."

"ഹോ! ധൈര്യം. ആകട്ടെ ഈ കട്ടിലിന്റെ കീഴിലെങ്ങാനും പതുങ്ങിക്കിടന്നു നേരം വെളുപ്പിക്കണം. ഓ! ഒരു കാര്യം, ഭദ്രാ, നിനക്കറിയാമായിരിക്കും. നരേന്ദ്രനിപ്പോഴെവിടെയാണു്?"

"അറിയാൻ പാടില്ല."

"ഹോ! കഷ്ടമായി. ഉപേന്ദ്രനോ?"

"അതുമറിയാൻ പാടില്ല."

"നാശം, ഈ കഴുതയ്ക്കൊന്നും അറിയാൻ വയ്യാ. ശേഖരനോ?"

"അതും മെല്ലടി"

"നീ പോയി തുലയു. നീനക്ക പിന്നെയെന്തറിയാം?"

ഭദ്രൻ സാവധാനത്തിൽ പറഞ്ഞു.

"ശങ്കരനെവിടെ കാണുമെന്നറിയാം."

"ശേഖരന്റെ ഭൃത്യനോ?"

അതേട്ടു

"എവിടെയാണു്?"

"രാവിലെ ചെന്നാൽ കാളിനാഥക്ഷേത്രത്തിൽ തൊഴാൻ വരുന്നതു കാണാം. അവനിപ്പോൾ വലിയ സന്യാസിയായിരിക്കയാണു്."

"നിശ്ചയമാണോ?"

"ഞാൻ ഒന്നുരണ്ടു പ്രാവശ്യം കാണുകയും സംസാരിക്കയും ചെയ്തിട്ടുണ്ടു്. അവന്റെ യജമാനൻ എവിടെയാണെന്നു പറയുകയില്ല."

അടുത്ത ദിവസം അതിരാവിലെ വിജയൻ ഭദ്രനെ മുറിക്കകത്തിട്ടു പൂട്ടിയുംവച്ചു കാളിനാഥക്ഷേത്രത്തിലേക്കു പോയി. ക്ഷേത്രത്തിൽ പ്രവേശിച്ചശേഷം ആരാധകൻ എന്ന നിലയിൽ നിന്നുകൊണ്ടു് ആഗതരായ ഓരോരുത്തരേയും സൂക്ഷിച്ചു. തന്റെ ഉദ്യമം വിഫലമാകുമെന്നു വിചാരിച്ചു നിരാശപ്പെട്ടു നിൽക്കുമ്പോൾ കാഷായവസ്ത്രം ധരിച്ച ഒരാൾ കയറിവരുന്നതുകണ്ടു വിജയന്റെ മുഖം തെളിഞ്ഞു. യജമാനന്റെ കൂടെ യുദ്ധത്തിനു പോയിരുന്നകാലത്തു കൃശഗാത്രനായിരുന്ന ശങ്കരൻഇതാ തടിച്ചുരുണ്ടിരിക്കുന്നു. ഉരുളക്കിഴങ്ങു പൊളിച്ചു രണ്ടു കണ്ണു ഒരു മൂക്കും ഉണ്ടാക്കിവച്ചാൽ എങ്ങനെ കാണുമോ അതുപോലെ ആ സന്യാസിവീരന്റെ മുഖം കാണപ്പെട്ടു. കഴ അവസാനിക്കുന്നതും താടി തുടങ്ങുന്നതും എവിടെയെന്നു നിശ്ചയിക്കുവാൻ പാടില്ലാതിരിക്കത്തക്കവണ്ണം ദേഹം നന്നാകാൻ നല്ല മരുന്നു സന്യാസംതന്നെയാണെന്നു വിചാരിച്ചുകൊണ്ടു വിജയൻ ശങ്കരസന്യാസിയുടെ ഗതിയെ സൂക്ഷിച്ചു. ശങ്കരൻ വെളിയിലിറങ്ങിയപ്പോൾ വിജയൻ കൂടെയെത്തി പിറകിൽ നിന്നുകൊണ്ടു സാവധാനത്തിൽ അവന്റെ ചുമലിൽ ഒന്നു തൊട്ടു.

സന്ന്യാസി വേഗം തിരിഞ്ഞു നെററി ചുളിച്ചുകൊണ്ടു പറഞ്ഞു "ഹേയ്! തൊടരുതു് അശുദ്ധം"

വിജയൻ ചിരിച്ചുകൊണ്ടു പറഞ്ഞു "കൊള്ളാം. ഇങ്ങനെയാണു് ഒരു പഴയ സ്നേഹിതനെ സ്വീകരിക്കുന്നതു്. അല്ലേ?"

"ശങ്കരൻ—ഒരു സന്ന്യാസിക്കു് ഉത്തമന്മാരെല്ലാവരും സ്നേഹിതന്മാർതന്നെ. പഴയതെന്നോ, പുതിയതെന്നോ, വലിയവനെന്നോ, ചെറിയവനെന്നോ, ധനവാനെന്നോ, ദരിദ്രനെന്നോ ഭേദമില്ല.

"അതേ, എല്ലാവരും അശുദ്ധം, അല്ലേ? ഈ അശുദ്ധപ്പെട്ട സ്നേഹിതനോടു് അറിവുള്ള ഭാവമെങ്കിലും നടിക്കണ്ടേ?

"അങ്ങയെ എങ്ങനെ സ്നേഹിക്കും. മുക്തിക്കുള്ള മാർഗ്ഗങ്ങളെ തടയുന്ന ആളുകളെ വല്ല സന്ന്യാസിമാരും സ്നേഹിക്കുമോ?"

"ഞാൻ അങ്ങനെ ചെയ്യുവെന്നാണോ എന്റെ സ്നേഹിതൻ പറയുന്നതു്?"

"അതേ, അവിടുന്നോർക്കുന്നില്ലായിരിക്കും. എന്റെ യജമാനൻ ഇന്നും അങ്ങയുടെകൂടെ ആയിരുന്നെങ്കിൽ ആത്മരക്ഷയ്ക്കാഗ്രഹമില്ലാതെ വില്ലാളിയായി കഴിച്ചുകൂട്ടുമായിരുന്നു."

"എന്റെ സ്നേഹിതാ! ശങ്കരാ! പ്രായമായതോടുകൂടി എന്റെ മനസ്സിനും ചില മാററങ്ങളുണ്ടായിരിക്കുന്നു. അല്ലെങ്കിൽ ഇത്രരാവിലെ ഈ മഞ്ഞുള്ള സമയം ഈ ക്ഷേത്രത്തിലെന്നെ കാണുമോ? ശേഖരൻ എവിടെയെന്നറിഞ്ഞെങ്കിൽ അദ്ദേഹത്തെ കാണുകയും, ഉപദേശങ്ങൾ വാങ്ങുകയും ചെയ്യാമായിരുന്നു."

"അതേ, അദ്ദേഹത്തെ തിരികെ കൊണ്ടുപോകാമായിരുന്നു. അല്ലേ? അദ്ദേഹം എവിടെയാണെന്നു് എനിക്കു് അറിയാൻപാടില്ല"

"എന്തു്? ശേഖരൻ ഏതു സന്ന്യാസിമഠത്തിലെന്നറിയാൻ പാടില്ലെന്നോ?"

"ഞാൻ കള്ളം പറയുമോ? അദ്ദേഹത്തെ കണ്ടിട്ടു വളരെ കാലമായി"

ശേഖരനെ കണ്ടുപിടിക്കാമെന്നുള്ള ആശ അസ്തമിച്ചു. ശങ്കരൻ പറയുന്നതു പൊളികളല്ലെന്നും അയാളിൽനിന്നു കൂടുതലായി ഒന്നും അറിയാനിടയില്ലെന്നും വിജയനു നിശ്ചയമായി.

വിജയൻ—ശരി. ശേഖരനെ കാണുവാൻ പ്രയാസമായി

രിക്കും. നമുക്കു് സ്നേഹമായി പിരിയാം. ഇതാ കാപ്പി കുടിക്കുവാൻ ഇതിരിക്കട്ടെ.

"ഛെയ്! ദ്രവ്യം എനിക്കു വേണ്ട. കൊണ്ടുപോയി ക്ഷേത്രത്തിലിടണം."

"എന്നാൽ എന്നെ വല്ലപ്പോഴുമൊക്കെ ഓർക്കണം. എനിക്കു വേണ്ടി ഈശ്വരനോടു പ്രാർത്ഥിക്കയും വേണം."

സന്ന്യാസി വേഗം അവിടെനിന്നു മാറി ക്ഷേത്രത്തിന്റെ മറുവശത്തേക്കു പോയി. അവൻ അവിടെനിന്നും തിരികെ ഇറങ്ങി എവിടെക്കു പോകുന്നെന്നു് കണ്ടറിയണമെന്നുദ്ദേശിച്ചുകൊണ്ടു വിജയൻ ക്ഷേത്രവളപ്പിൽ ഒരു മൂലയിൽ നിൽക്കുമ്പോൾ ആരോ തന്റെ തോളിൽ സ്പർശിച്ചു. പെട്ടെന്നു് തിരിഞ്ഞു നോക്കി. ആശ്ചര്യശബ്ദം പുറപ്പെടുവിക്കുന്നതിനു ഭാവിച്ചപ്പോൾ മൌനമായിരിക്കുന്നതിനു് ആഗതൻ ആംഗ്യം കാണിച്ചു.

വിജയൻ—എന്തു്? എന്റെ സ്നേഹിതൻ ചന്ദ്രസേനനോ?

ചന്ദ്ര—അതേ! അപ്പോൾ ഞാൻ രക്ഷപെട്ട കഥ സ്നേഹിതൻ അറിഞ്ഞില്ലെ?

"അറിഞ്ഞു. സ്ഥലത്തുണ്ടായിരുന്ന ഒരാളിൽ നിന്നറിഞ്ഞു ?"

"അതാരു്?"

"ഭദ്രൻ. വണ്ടിയെ ആക്രമിച്ചവരുടെ നേതാവു് അവനായിരുന്നു."

"എനിക്കു് ആ ആളിനെ പരിചയമുള്ളതുപോലെ തോന്നി. അവനെവിടെ?"

"അവൻ എന്റെ മുറിയിൽ പതുങ്ങിയിരിക്കയാണു്. അവിടുന്നു് ഇവിടെയെന്തു ചെയ്യുകയാണു്?"

"ഈശ്വരനു നന്ദി പറയേണ്ടതായിട്ടുണ്ടു്."

"ആളുകൾ കൂടുന്നിടത്തു വരുന്നതബദ്ധമല്ലെ? ഇനിയും ഇരുട്ടറയിലടയ്ക്കപ്പെടണമെന്നാണോ ആഗ്രഹിക്കുന്നതു്?"

"ഒന്നുമില്ല. എനിക്കു വേണ്ട കരുതലുണ്ടു്. പട്ടണം വിട്ടു് ഉൾനാട്ടുകളിലൊക്കെ ഒന്നു സഞ്ചരിക്കുന്നതിനു തീർച്ചപ്പെട്ടിരിക്കയാണു്.

വിജ—അതുകൊള്ളാം. ഞാനും പട്ടണം വിട്ടേണ്ടതായിട്ടിരിക്കുന്നു.

ചന്ദ്ര—രഹസ്യം വല്ലതുമാകണോ?

"സ്നേഹിതന്മാരേ അന്വേഷിക്കുന്നതിനാണു്?"

"ഓ! അവരെക്കൊണ്ടു് ആവശ്യമുണ്ടു്. ഇല്ലേ? നാം തമ്മിൽ വല്ല സ്ഥലങ്ങളിലുമൊക്കെവെച്ചു കണ്ടെന്നു വരാം. ഞാൻ പോകട്ടെ. ഒരു കാര്യം. ആ സ്വാമിയാർ വല്ലപ്പോഴുംഎന്റെ കാര്യം പറയുന്നാപക്ഷം, ഞാൻ ശക്തിഹീനനാണോ അല്ലയോ എന്നു് അയാൾക്കു താമസിയാതെ കാണിച്ചുകൊടുക്കാമെന്നു ഞാൻ പറഞ്ഞതായി പറയണം."

ചന്ദ്രസേനൻ പോയി അല്പംസമയം കഴിഞ്ഞപ്പോൾ ശങ്കരസന്ന്യാസി ക്ഷേത്രത്തിൽ നിന്നിറങ്ങി തെരുവിൽ കൂടി നടക്കുന്നതുകണ്ടു് വിജയൻ അകലെയായി ആ സന്ന്യാസിയെ അനുഗമിച്ചു. അയാൾ വഴിയരികിലുള്ള ഒരു ഭവനത്തിൽ പ്രവേശിച്ചു. വിജയൻ എതിർവശത്തുള്ള ഒരു കാപ്പിക്കടയിലും കയറി. ഏകദേശം പത്തുവയസ്സു് പ്രായംവരുന്ന ഒരു ബാലൻ വിജയനു കാപ്പികൊണ്ടുവന്നു കൊടുത്തു. ആ കുട്ടിയുടെ ചൊടി ചൊടിപ്പും മുഖത്തെ പ്രസരിപ്പും അദ്ദേഹത്തെ ആനന്ദിപ്പിച്ചു. അവിടെയിരുന്നുകൊണ്ടു നോക്കിയപ്പോൾ ശങ്കരൻഅവൻകയറിയ വീട്ടിൽനിന്നു്, ഒരു സഞ്ചാരത്തിനെന്നുള്ള മട്ടിൽ വസ്ത്രധാരണം ചെയ്തു് ഇറങ്ങി വരുന്നതു കണ്ടു് വിജയൻ വെളിയിലേക്കു നോക്കി. ശങ്കരൻ ഒരു കുതിരപ്പുറത്തു കയറി സ്ഥലം വിടുന്നതു കണ്ടു.

കുട്ടി—സാർ സന്ന്യാസിയെ നോക്കുകയായിരിക്കും.

വിജ—അതാരാണു്?

കുട്ടി—അതൊരു സന്ന്യാസിയാണു്. ആ വീട്ടിൽ താമസമാണെന്നു തോന്നുന്നു. ചിലപ്പോളൊക്കെ ഇങ്ങനെ കുതിരപ്പുറത്തു കയറിപ്പോകുന്നതു കാണാം.

വിജ—അയാൾ എവിടെ പോകയായിരിക്കും?

"അറിയാൻ പാടില്ല."

"ഒന്നറിഞ്ഞെങ്കിൽ കൊള്ളാമായിരുന്നു."

"അത്യാവശ്യമാണെങ്കിൽ അറിയാം."

"അറിഞ്ഞു വരാമെങ്കിൽ ഒരു സമ്മാനം തരാം." വിജയൻ ഒരു നാണയമെടുത്തു കാണിച്ചു.

കുട്ടി സന്തോഷിച്ചുകൊണ്ടു പറഞ്ഞു.

"ഓടിച്ചെന്ന് അദ്ദേഹത്തോടു ചോദിച്ചറിയാം."

വിജയ—ഛേയ് പാടില്ല. അതു മടയത്തരമാണ്.

കുട്ടി കുറേനേരം മൗനമായി നിന്നശേഷം പറഞ്ഞു. "എന്നാൽ വേറൊരു വിധത്തിൽ അറിഞ്ഞുവരാം. നാണയം നിശ്ചയമായി എന്റെതാണല്ലോ.

"നിശ്ചയം."

"എന്നാൽ ഇതാ വന്നു കഴിഞ്ഞു."

ആ കുട്ടി അവിടെനിന്നിറങ്ങി ഓടി.

ഒരു പത്തു മിനിട്ടു കഴിഞ്ഞപ്പോൾ ഓടികിതച്ച് ജയച്ചിരിയോടുകൂടി തിരികെയെത്തി.

വിജയ—എന്തായി.

കുട്ടി—വിവരമറിഞ്ഞു.

"എവിടേയ്ക്കാണയാൾ പോയത്?"

"ആ നാണയം എനിക്കാണല്ലോ."

"നിശ്ചയമായിട്ടും ചോദ്യത്തിനുത്തരം പറയൂ."

"സാർ—അതിങ്ങോട്ടുതരണം. കള്ളനാണയമല്ലല്ലോ. നോക്കട്ടെ."

വിജയൻ ചിരിച്ചുകൊണ്ടു നാണയം ആ പയ്യനു കൊടുത്തു.

കുട്ടി അത്യാഗ്രഹത്തോടെ നാണയം നോക്കിയശേഷം അതു മടിയിലാക്കി.

"ഇവിടെനിന്നു പന്ത്രണ്ടു നാഴിക വടക്കായി ശാന്തിയാശ്രമം എന്ന സ്ഥലത്തു പോയിരിക്കയാണ്. അവിടെ അദ്ദേഹം പലപ്പോഴും പോകാറുണ്ട്. ഈ വിവരം അദ്ദേഹത്തിനു കുതിരയെ കൂലിക്കു കൊടുക്കുന്നയാളാണ് പറഞ്ഞത്. രണ്ടു ദിവസം കഴിഞ്ഞു തിരികെ വരും. ഇത്രയുമറിഞ്ഞാൽ മതിയല്ലോ."

വിജയൻ—മതി. സന്തോഷം. കുട്ടിയുടെ പേരെന്താണ്?

കുട്ടി—ചന്ദ്രൻ.

വിജ—ഭേഷ്. നല്ല പേര്.

# അദ്ധ്യായം ൩.

അന്നു സന്ധ്യയ്ക്കു മണി ഏഴായപ്പോൾ, രണ്ടു് അശ്വാരൂഢർ, മഹേന്ദ്രപുരിയിൽ നിന്നു് ഏകദേശം പത്തു മൈൽ അകലെ ഒരു ഗ്രാമത്തിൽ സ്ഥിതി ചെയ്തിരുന്ന സത്രത്തിൽ പ്രവേശിച്ചു. അവർ വിജയരുദ്രനും, ഭൃത്യനായ ഭദ്രനുമാണു്. ആ സത്രത്തിൽ, മററനേകം പേർ ഭക്ഷണം കഴിക്കുന്നുണ്ടായിരുന്നു. വിജയൻ ഭക്ഷണത്തിനിരുന്നപ്പോൾ, ഭദ്രൻ, കുതിരകളെ അന്വേഷിക്കുന്നതിനായി വെളിയിലിറങ്ങി. സത്രമുടമസ്ഥനിൽ നിന്നു്, ആ പ്രദേശത്തെപ്പററിയുള്ള സകല വിവരവും നമ്മുടെ വില്ലാളി ഗ്രഹിച്ചു. ആ ഗ്രാമത്തിൽ പ്രധാനമായി രണ്ടു കെട്ടിടങ്ങൾ മാത്രമേയുള്ളു. ഒന്നു സുലോചന പ്രഭുവിൻെറ സഹോദരിയായ കമലാംബ താമസിക്കുന്ന ബംഗ്ലാവാണു്. ആ സ്ത്രീരത്നത്തിനു് ഏകദേശം നാല്പതു വയസ്സു് പ്രായം വരുമെങ്കിലും കാഴ്ചക്കു് മുപ്പതിൽ കൂടുതൽ തോന്നുകയില്ല. അവർ വിധവയായിട്ടു് ഏകദേശം രണ്ടു വർഷമായി. പുനർവിവാഹത്തിനു പലരും നിർബന്ധിച്ചുവെങ്കിലും സ്വാതന്ത്ര്യഹാനിയെ ഭയപ്പെട്ടു് വിധവയായി ജീവിതശേഷം കഴിച്ചുകൂട്ടുവാൻ അവർ നിശ്ചയിച്ചു. രാജകുടുംബത്തിലെ അംഗമായ ഒരു പ്രഭു അവിടെ വരുകയും പോകയും പതിവുണ്ടെന്നു സത്രമുടമസ്ഥൻ വിജയൻെറ ചെവിയിൽ മന്ത്രിച്ചു. ആ ബംഗ്ലാവിൽനിന്നും ഒരു മൈൽ അകലെയായി, ശാന്തിയാശ്രമം സ്ഥിതി ചെയ്യുന്നു. ആശ്രമത്തിൽ ഏകദേശം നൂറു സന്യാസിമാരുണ്ടു്.

ഭക്ഷണശേഷം വിജയനും ഭദ്രനും, ആശ്രമം ലക്ഷ്യമാക്കി യാത്രയായി. ചന്ദ്രികയുണ്ടെങ്കിലും വൃക്ഷങ്ങൾ നിബിഡമായി വളർന്നുനിന്നതുകൊണ്ടു രാത്രി ഭീകരമായി തോന്നി. വിജയൻ പിറകോട്ടു തിരിഞ്ഞു ചോദിച്ചു. "ഭദ്രാ! നീ എന്താണു് ഒന്നും മിണ്ടാതിരിക്കുന്നതു്?"

ഭദ്ര—ഈ യാത്ര ശനിപിടിച്ചതാണെന്നു തോന്നുന്നു. നല്ല ലക്ഷണം കാണുന്നില്ല."

"എന്തുകൊണ്ടു്?"

"ഞാൻ യജമാനൻെറ കൂടെ പരിചയിച്ചതല്ലെ? എനി

ക്കു കണ്ണിനും ചെവിക്കും നല്ല ക്രൂമ്മതയുണ്ടു്. ആ സത്രത്തിൽ സാമാന്യം നല്ലപോലെ വസ്ത്രം ധരിച്ച ഒരാളിന്റെ അടുക്കൽ ഒരുവൻ വേഗം ചെന്നു് ചിലതു് മന്ത്രിക്കുന്നതു ഞാൻ ഒളിച്ചു നിന്നു കേട്ടു"

"വല്ലവരും വല്ലതും പറയട്ടെ. അതിനു നമുക്കെന്താണു്?"

"എന്താണെന്നോ? നമ്മെപ്പററിയാണു്. യജമാനൻ കേൾക്കുക. വന്നവൻ ആ മാന്യനോടു് ഇപ്രകാരം പറഞ്ഞു "പ്രഭോ! വില്ലാളിയുടെ വസ്ത്രമാണു് അയാൾ ധരിച്ചിരിക്കുന്നതു്. ഉടൻ ആശ്രമത്തിലേക്കു പോവുകയും ചെയ്യും. അയാളുടെ ഭൃത്യനെയും ഞാൻ കണ്ടു." ഉടൻ പ്രഭു പറഞ്ഞു. "ഈ രാത്രി നമുക്കയാളെ പിടികൂടാം. നമുക്കു വേണ്ടയാളുകളുമുണ്ടല്ലൊ. ഇത്രയും പറഞ്ഞശേഷം അവർ വേഗത്തിൽ സത്രത്തിൽ നിന്നിറങ്ങി.

വിജ—അവർക്കും നമ്മോടു വിരോധത്തിനു് കാരണമില്ല. വേറെ വല്ലവരെയും ഉദ്ദേശിച്ചു പറഞ്ഞതായിരിക്കും. അതുകൊണ്ടു ഭയപ്പെടാനൊന്നുമില്ല.

കുറെ ദൂരം കൂടി മുമ്പോട്ടു പോയപ്പോൾ അല്പം അകലെയായി വൃക്ഷങ്ങളുടെയിടയിൽ, ഒരു വലിയ കെട്ടിടം ഉയർന്നു നില്ക്കുന്നതു കണ്ടു.

വിജ—അതാ! കമലാംബയുടെ ബംഗ്ലാവു് കാണുന്നു. കുറേ ദൂരം കൂടി പോകുമ്പോൾ ആശ്രമം കാണുമായിരിക്കും. നമ്മെ അവിടെ രാത്രിയിൽ പ്രവേശിപ്പിക്കുമോ എന്തോ?

ഈ പറഞ്ഞതൊന്നും കേൾക്കാതിരുന്ന ഭദ്രൻ വേഗം കുതിരയെ പായിച്ചു മുമ്പോട്ടു വന്നു പറഞ്ഞു.

"യജമാനൻ ചെവിയോർക്കണം. കുതിരകളുടെ കാലൊച്ചയല്ലേ കേൾക്കുന്നതു്.?"

വിജയൻ പെട്ടെന്നു കുതിരയെ നിർത്തി ചെവിയോർത്തു. "അയാൾ തന്നെ; വിടരുതു്. പിടിച്ചുകൊള്ളുക" എന്നൊരു ശബ്ദം രാത്രിയുടെ നിശ്ശബ്ദതയെ ഭേദിച്ചു.

നിമിഷനേരത്തിനുള്ളിൽ എട്ടു പത്തുപേർ, വിജയനെയും ഭൃത്യനെയും വളഞ്ഞു. വിജയൻ വാൾ ഊരിക്കൊണ്ടു "മാന്യരെ നിങ്ങളാരു്; ആവശ്യം എന്തു്?" എന്നു ചോദിച്ചു.

"പറയാം" എന്നു് പ്രതിയോഗികൾ ഏകശബ്ദത്തിൽ പറഞ്ഞു.

ഉടൻ അവരുടെ നേതാവ് ഉച്ചത്തിൽ വിളിച്ചു പറഞ്ഞു. "ആരത്? എല്ലാവരും വാളുറയിലിടുക. തെററിപ്പോയി. അയാളുടെ ശബ്ദമല്ല."

വിജ—സമാധാനത്തോടെയാണെങ്കിൽ വരുക. അല്ലെങ്കിൽ എൻെറ വാളിനു നല്ലനീളമുണ്ടെന്നു ഞാനോർമ്മപ്പെടുത്തിക്കൊള്ളുന്നു.

ഉടൻ അവരുടെ നേതാവു മുമ്പോട്ടുവന്ന് അധികാരത്തോടെ ചോദിച്ചു. "ഈ രാത്രിയിൽ നിങ്ങൾ ഈ പ്രദേശത്തെന്തു ചെയ്യുകയാണ്?

വിജയ—ആ ചോദ്യം നിങ്ങളോടും ചോദിച്ചുകൊള്ളുന്നു.

"ഹെയ്, നിങ്ങൾ മര്യാദയ്ക്കു സംസാരിക്കണം. അല്ലെങ്കിൽ ഫലം വേറെയാണ്. ഞാനാരെന്ന് നിങ്ങളോടു പറയണമെന്നു വിചാരിക്കുന്നില്ല. എങ്കിലും നിങ്ങളെക്കാൾ ഉൽകൃഷ്ടപദവിയിലുള്ള ആളാണെന്നു പറയാം. നിങ്ങൾ എന്നോടു യോഗ്യമായി സംസാരിക്കയാണ് നല്ലതു്."

"അതേ! രാത്രിയിൽ ശാന്തമായി യാത്ര ചെയ്യുന്ന എന്നെയും ഭൃത്യനെയും പതിയിരുന്നു പെട്ടന്നാക്രമിച്ചതു വളരെ യോഗ്യമായിപ്പോയി. പേരു പറയാതിരിക്കയാണ് നല്ലതു്. എൻെറ പേർ പറയാം. വിജയരുദ്രൻ എന്നാണ്.

"വില്ലാളിയായ വിജയരുദ്രനോ?"

"അതെ; അവൻെറ കൈക്കു നല്ല ബലമുണ്ടെന്നും വാളിനു നല്ല മൂർച്ചയുണ്ടെന്നും അവിടുന്നു കേട്ടിരിക്കാം.

"നിങ്ങളപ്പോൾ വിജയരുദ്രനാണ്."

"അതെ!"

"നിങ്ങളയാളെ സഹായിക്കാൻ വന്നതായിരിക്കാം."

"ഏത യാളെ?"

"ഞങ്ങൾ അന്വേഷിക്കുന്നയാളിനെ?"

"ഇവിടെ വന്നിട്ടു കാണുന്നതും കേൾക്കുന്നതുമൊന്നും മനസ്സിലാകുന്നില്ല. എന്തു നാടാണിതു്?"

"ഹെയ്! നിങ്ങളയാളെ കാണുവാനോ സഹായിക്കുവാനോ വന്നതായിരിക്കണം. അങ്ങനെയല്ലേ?"

"ഏതയാളെയാണ്? ഞാനൊരുത്തരെയും പ്രതീക്ഷിച്ചു വ

ന്നതല്ല. ഈ വഴി കടന്നുപോകുന്നുവെന്നേയുള്ളു. വല്ലവരും ഉപദ്രവിക്കുവാൻ വന്നാൽ എൻെറ ഭാവം മാറും."

"നിങ്ങൾക്കു പോകാം. ഇവിടെയെങ്ങും കാണരുത്. ഉടൻ സ്ഥലം വിട്ടുകൊള്ളണം."

"ഇവിടെ നിന്നുടൻ പൊയ്ക്കൊള്ളണമെന്നോ? ആരുടെ ഉത്തരവാണ്. യാത്ര ചെയ്തു ക്ഷീണിച്ചുവന്നിരിക്കയാണ്. എവിടെയെങ്കിലും വല്ലവരും കയററി കിടത്തുമെങ്കിൽ അവിടെ കയറുകയായി. അല്ലെങ്കിൽ വഴിയിലെവിടെയെങ്കിലും കിടന്നു വിശ്രമിച്ചുകൊള്ളാം."

"വിഡ്ഢിത്തം പറയാതെ പോകുക. അതാണ് നല്ലത്."

വിജയൻ ക്രുദ്ധിച്ചുകൊണ്ടു പറഞ്ഞു.

"നിങ്ങൾ കരുതി സംസാരിക്കണം. പ്രഭുവായാലും, രാജാവായാലും ഞാൻ കൂട്ടാക്കുകയില്ല. ആ പറഞ്ഞവാക്ക് ഒന്നുകൂടി പറകയാണെങ്കിൽ പിന്നെ നിങ്ങൾ ജീവിക്കയില്ല."

"നിങ്ങൾ പോകണം. ഞാനുദ്ദേശിച്ചയാൾ നിങ്ങളല്ല. അതുമാത്രമറിഞ്ഞാൽമതി. ഈ രാത്രിയിലെ ഉദ്ദേശം വിഫലമായി." ആ അപരിചിതനും കൂട്ടുകാരനും കുറെ അകലെയായപ്പോൾ, വിജയനോടായി ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. "വിജയരുദ്രാ നമുക്ക് ഇനിയും തമ്മിൽ കാണാം."

വിജയൻ ഉച്ചത്തിൽ മറുപടി പറഞ്ഞു. "അന്ന് അവിടുന്ന് ഏകനായിരിക്കണം. പകൽ സമയവുമായിരിക്കണം."

വിജയൻ ഭദ്രനോടു "ഞാൻ നിന്നോടു പറഞ്ഞില്ലേ മായാ! അവർ നമ്മളെ അന്വേഷിക്കയല്ലായിരുന്നു."

"പിന്നെ ആരെ അന്വേഷിച്ചായിരുന്നു?"

അതു താമസിയാതെ അറിയാം. ഇപ്പോൾ ആശ്രമത്തിൽ ചെന്നാൽ അകത്തു പ്രവേശിപ്പിക്കുമോ എന്തോ! സന്യാസിയുടെ പേരു പറഞ്ഞുനോക്കാം."

ഭദ്രൻ പെട്ടെന്നു നിലവിളിച്ചുകൊണ്ട്,

"അയ്യോ, യജമാനനെ, ഇതെന്തു കളിയാണ്? ആരോ എൻെറ പുറകിൽ ചാടിക്കയറി എന്നെ കെട്ടിപ്പിടിച്ചിരിക്കുന്നു."

വിജയരുദ്രൻ പെട്ടെന്നു തിരിഞ്ഞുനോക്കിയപ്പോൾ, ഭദ്രൻെറ കുതിരപ്പുറത്ത് വേറൊരാളെക്കൂടികണ്ടു. "ഈ ശനി പിടിച്ച യാത്രയിൽ പിശാചു നമ്മളെ പിൻതുടരുകയായിരിക്കും.

ഒരു വെട്ടിനു കാര്യം കഴിച്ചുകളയാം' എന്നു പറഞ്ഞു വിജയൻ വാളൂരി.

"പിശാചുമൊന്നുമല്ല. സ്നേഹിതാ! വിജയാ! ഞാനാണ്". ശേഖരൻ. ഭദ്രാ, കുതിരയെ പായിക്കു, ആശ്രമത്തിൻെറ പുറകുവശത്തേക്ക്."

ഭദ്രൻ കുതിരയേ മുന്നോട്ടു പായിച്ചു. താൻ കാണുന്നതു സ്വപ്നമായെന്നു സംശയിച്ച് വിജയനും പുറകേ കുതിരയെ വിട്ടു.

---

## അദ്ധ്യായം ൮

---

കുതിരകൾ ആശ്രമത്തിൻെറ ബഹിർഭാഗത്തു ചെന്നെത്തി. അവ, രണ്ടു നിലക്കെട്ടിടത്തിൻെറ ചുവട്ടിലൊരു സ്ഥലത്തു ചെന്നുനിന്നുകൊണ്ടു ശേഖരൻ മൂന്നുപ്രാവശ്യം കൈകൊട്ടി. അപ്പോൾ മുകളിലത്തെത്തട്ടിലുള്ള ഒരു ജന്നൽ തുറന്ന് കയറുകൊണ്ടുള്ള ഒരു ഏണി ആരോ കീഴ്പോട്ടിറക്കിക്കൊടുത്തു.

ശേഖ—വിജയാ കയറണം. സ്നേഹിതനു പരിചയമില്ല. അതുകൊണ്ടു ഞാൻ പുറകെ കയറാം."

വിജയ—എനിക്കിങ്ങനെ രാത്രിയിൽ കയറിയുമിറങ്ങിയും പരിചയമില്ല. സന്യാസിമാരെക്കൊണ്ടു മാത്രമേ ഇങ്ങനെ സാധിക്കയുള്ളു. സ്നേഹിതൻ കയറുന്നതെങ്ങനെയാണെന്നു ഞാൻ കാണട്ടെ"

ശേഖ—അയ്യോ, പയ്യെ പറയണം. ഈ ആശ്രമത്തിൽ നിയമങ്ങൾ നിഷ്കർഷയായി പരിപാലിക്കയാണ് പതിവ്. രാത്രിയായാൽ മുൻവശത്തെ വാതിലുകൾ ബന്ധിച്ചുകളയും. ആരും പിന്നീട് വെളിയിൽ പൊയ്ക്കൂടെന്നാണ് നിയമം.

വിജ—ശരി. പിന്നീട് കയറേണികളുപയോഗിക്കും.

ശേഖ—സ്നേഹിതൻ ചിരിയടക്കണം.

ശേഖരനും പുറകേ വിജയനും ഏണി വഴി കയറി.

ഭദ്രൻ—ഭേഷ്! യജമാനന്മാർ ഒരു വിധത്തിൽ കയറുന്നു

ണ്ടു്. തൂങ്ങിപ്പിടിച്ചു പുറകെ വരാം. ഈ കുതിരകൾ എങ്ങിനെയാണു് ഏണി വഴി കയറുന്നതു്?

ശേഖ—എടാ! നീ ശബ്ദമുണ്ടാക്കരുതു്. അതാ ആ കാണുന്നതൊരു കുതിരലായമാണു്. അവിടെ കുതിരയ്ക്കു വേണ്ട ഭക്ഷണസാധനങ്ങളുമുണ്ടു്. നീ കുതിരകളെയുംകൊണ്ടു് അങ്ങോട്ടു പോകുക.

ഭദ്ര—എന്നിട്ടു് ആ തണുപ്പത്തു ഞാൻ കിടന്നു വിറച്ചുകൊള്ളണമെന്നോ?

ശേഖ—നീ കുതിരകളെ കെട്ടിയുംവച്ചു് ഈ ജനലിന്റെ ചുവട്ടിൽവന്നു മൂന്നു പ്രാവശ്യം കൈ കൊട്ടണം. അപ്പോൾ ഭക്ഷണം കയറുവഴി കീഴ്പോട്ടിറക്കിത്തരാം. ഒരു കാര്യം; വിളിച്ചേക്കരുതു്.

വിജയൻ ശേഖരന്റെമുറിയിലെ അലങ്കാരങ്ങൾ കണ്ടു പരിഭ്രമിച്ചു.

ശേഖ—വിജയനെന്താണു വിസ്മയിച്ചുനോക്കുന്നതു്? എന്റെ ഈ ഗൃഹം ഇഷ്ടപ്പെട്ടില്ലായിരിക്കും.

വിജ—"ഒന്നുമില്ല. കഷ്ടതയും ഉപവാസവും സ്വയം വരിച്ചു സ്വർഗ്ഗലബ്ധിക്കു പ്രയത്നിക്കുന്ന ഒരു സന്യാസിയുടെ മുറിയാണിതു്. പട്ടുമെത്ത; വില്ലൂസ് തലയിണ; തരക്കേടില്ല. ഈ മുറിക്കകത്തിരുന്ന ആൾ എവിടെ? ജനൽ താനെ തുറക്കയോ ഏണി സ്വാശകരിയായാൽ കീഴ്പോട്ടുവരികയോ ചെയ്യുകയില്ലല്ലോ.

ശേഖ—ശങ്കരനിവിടെയുണ്ടു്. എന്റെ കൂടെ വല്ലവരുമുണ്ടെന്നു് അറിയുമ്പോൾ അവൻ അടുത്ത മുറിയിലേക്കു വലിഞ്ഞുകളയും. ശങ്കരാ!

ശങ്കരൻ മുറിയിൽ പ്രവേശിച്ചു വിജയഭദ്രനെ കണ്ടപ്പോൾ പെട്ടെന്നു ഞെട്ടുകയും ലജ്ജിച്ചു മുഖം താഴ്ത്തുകയും ചെയ്തു.

വിജ—"എന്റെ ശങ്കരസന്യാസി! യാതൊരു സങ്കോചവും കൂടാതെ കള്ളം പറയുവാനുള്ള നിന്റെ ധൈര്യം വിസ്മയനീയമാണു്. അതും ക്ഷേത്രത്തിന്റെ നടയിൽ വച്ചു്.

ശങ്കര—സദുദ്ദേശത്തോടുകൂടി കള്ളം പറയുന്നതുകൊണ്ടു് ഒരു തരക്കേടുമില്ല.

ശേഖ—മതി നിന്റെ വേദാന്തം നിറുത്തു. വിജയനു വി

ശകുനമുണ്ടു്. ഭക്ഷിപ്പാൻ വല്ലതും എളുപ്പം കൊണ്ടുവരുക.”

ശങ്കരൻ ഒരു നെടുവീർപ്പിട്ടുകൊണ്ടു് അവിടെ നിന്നു പോയി.

വിജ—ഇപ്പോൾ നമ്മൾ രണ്ടുപേർ മാത്രമെയുള്ളല്ലൊ. ഞാനൊന്നു ചോദിക്കട്ടെ. എവിടെ നിന്നാണു് ഭദ്രന്റെ കുതിരപ്പുറത്തു പറന്നെത്തിയതു്?

“പറന്നെത്തിയെങ്കിൽ സ്വർഗ്ഗത്തിൽ നിന്നാണു്.

“അതെ; എന്റെ ചെങ്ങാതിക്കു സ്വർഗ്ഗത്തിൽ പോകുവാൻ സാധിക്കും.—എല്ലാവരും ഉറക്കം പിടിക്കുമ്പോഴാണു് സ്വർഗ്ഗത്തിലേക്കു ഗമിക്കുന്നതു്.”

ശേഖ—സ്വർഗ്ഗമല്ലെങ്കിൽ സ്വർഗ്ഗതുല്യമായ ഒരാനന്ദസ്ഥലം.

വിജ—എനിക്കു മനസ്സിലായി. ഞാനും ഭദ്രനും വന്നില്ലായിരുന്നു എങ്കിൽ, ഇന്നു സ്വർഗ്ഗമല്ലെങ്കിൽ നരകം പ്രാപിക്കാമായിരുന്നു.

“ഇങ്ങനെയെത്ര കഴിഞ്ഞതാണു്?

“ഇത്രവയസ്സായിട്ടും ഈ പെൺകൊതി വിട്ടുമാറിയില്ലല്ലൊ.”

“എനിക്കു മുപ്പത്തിയേഴു വയസ്സായി. അത്ര കൂടുതലാണൊ?”

“അന്നു ഞാൻ വില്ലാളി സംഘത്തിൽ ചേർന്നപ്പോൾ എന്നെക്കാൾ നാലു വയസ്സു കൂടുതലായിരുന്ന ശേഖരനു് ഇപ്പോഴത്തെ കണക്കിൻപ്രകാരം എന്നെക്കാൾ നാലു വയസ്സു കുറവാണു്.”

“വിജയനു് വയസ്സെത്രയായി”

“നാല്പതു്”

“എനിക്കു തെററിപ്പോയതായിരിക്കും. എടാ, ശങ്കരാ! കഴുതേ! എന്തെടാ താമസം? ഈ കഴുതയുടെ ഉപദേശം കേട്ടാണു ഞാൻ ഈ നരകത്തിൽ താമസിക്കുന്നതു്.”

ശങ്കരൻ ഭക്ഷണസാധനങ്ങളുമായി മുറിയിൽ പ്രവേശിച്ചു. ശേഖരൻ തുടർന്നു പറഞ്ഞു. “എന്റെ വിജയാ! ഇവൻ ഇന്നു് ഉച്ചയായപ്പോൾ ഓടിവന്നു് എനിക്കു നേരിടുവാൻ പോകുന്ന അപത്തിനെപ്പററി പറഞ്ഞു. എന്താണാപത്തു്? വില്ലാളിവീരനായ വിജയരുദ്രൻ വരുന്നെന്നും ആത്മനാശം വരത്തക്കമാർഗ്ഗത്തിലെന്നെ വീഴ്ത്തുമെന്നും........

ശങ്ക—യജമാനനേ.....

ശേഖ—മിണ്ടാതിരി. നിന്റെ കള്ളത്തരങ്ങളൊന്നും എനിക്കിഷ്ടമില്ലെന്നു് അറിയരുതോ? നീ ഒരു കാര്യം ചെയ്യുക. ആ ജനൽ തുറന്നു വല്ലതും കുറെ കയറുവഴിയിറക്കിക്കൊടുക്കു്. നിന്റെ കൂട്ടുകാരൻ ഭദ്രൻ, രണ്ടു നാഴികയായി കൈകൊട്ടുവാൻ തുടങ്ങിയിട്ടു്. പാവം നന്നാ ക്ഷീണിച്ചുകാണും.

ശങ്കരൻ ഭദ്രനാവശ്യമുള്ള സാധനങ്ങൾ കയറു മാർഗ്ഗമായി അയച്ചുകൊടുത്തു.

വിജ—സ്നേഹിതാ, ഈ ചെലവിനുള്ള പണമൊക്കെയെവിടെനിന്നാണു്? ഇപ്പോഴും പഴയപോലെ കവിതകളെഴുതി വില്ക്കുന്നുണ്ടോ?

ശേഖ—ഇപ്പോൾ പ്രസംഗങ്ങളെഴുതി വില്ക്കുന്നുണ്ടു്. ഈ സന്യാസിമാരൊക്കെ വലിയ വാഗ്മികളായി പേരെടുക്കണമെന്നാഗ്രഹമുള്ളവരാണു്. പലർക്കും പ്രസംഗങ്ങളെഴുതി കൊടുക്കുന്നതു ഞാനാണു്.

വിജ—ശേഖരസന്യാസി പ്രസംഗിക്കുമോ?

ശേഖ—ഞാനൊരിക്കലൊരു പ്രസംഗം ചെയ്തു. അതു കൊണ്ടു നിറുത്തി. ഞാൻ പ്രസംഗിക്കാനെഴുന്നേറ്റുനിന്നപ്പോൾ ഒരു സുമുഖിയുടെ മുഖത്തു് എന്റെ കണ്ണുകൾ പതിഞ്ഞുപോയി. അവർ പുഞ്ചിരിയിട്ടപ്പോൾ ഞാനും പുഞ്ചിരിയിട്ടു. എന്തിനു പറയുന്നു? പ്രസംഗമൊക്കെ മറന്നു. പിന്നെയെന്തെല്ലാം പറഞ്ഞുവെന്നോർമ്മയുമില്ല. അതുകൊണ്ടവസാനിപ്പിച്ചു. എടാ! ശങ്കരാ, കുറെ നേരമായി നിന്റെ മുഖത്തെ ഗോഷ്ടികൾ ഞാൻ കാണുന്നുണ്ടു്.. നിനിക്കു് ഇഷ്ടമില്ലെങ്കിൽമുറിയിൽനിന്നു പൊയ്ക്കൊള്ളണം. പൊയ്ക്കോ, ഒരു നിമിഷംപോലും നില്ക്കണ്ട.

ശങ്കരൻ അടുത്ത മുറിയിൽ പോയി.

# അദ്ധ്യായം ൫.

---

ശേഖ—വിജയൻ എൻെറ കാര്യമെന്തോ ഓർത്തുമന്ദസ്മിതം ചെയ്യുകയാണു്.

വിജയൻ—ശേഖരനെക്കൊണ്ടു് ഒരിക്കലും സന്യാസിയാകുവാൻ കൊള്ളുകയില്ല. എൻെറ സ്നേഹിതൻ ഒരു കാര്യം ചെയ്യണം. കുറേക്കാലത്തേക്കു സന്യാസിത്വം വെടിഞ്ഞിട്ടു് വില്ലാളിയാകണം. നരേന്ദ്രനും ഉപേന്ദ്രനും ശേഖരനും തിരികെ വന്നപക്ഷം പട്ടാളമുദ്യോഗസ്ഥന്മാരായി കയററങ്ങൾ കൊടുക്കാമെന്നു് സ്വാമിയാർ എന്നോടു് വാഗ്ദാനം ചെയ്തിട്ടുണ്ടു്.

ശേഖരൻ പരിഹാസപ്പുഞ്ചിരിയോടുകൂടി "സത്യവ്രതനോ? എനിക്കു് ആ പെറുക്കിയെപ്പററി നല്ലവണ്ണം അറിയാം. ഞാൻ ഈ അറയ്ക്കകത്തിരിക്കുന്നെങ്കിലും വെളിയിൽ നടക്കുന്ന കാര്യങ്ങളൊന്നും അറിയുന്നില്ലെന്നാണോ വിചാരിക്കുന്നതു്. ഈ സത്യവ്രതൻ എന്തെല്ലാം സൂത്രങ്ങൾ പ്രയോഗിച്ചാണു് സ്വാമിയാരായതെന്നറിയാമോ? അയാൾക്കു അന്തസ്സുണ്ടോ? പ്രതാപമുണ്ടോ? മഹാമനസ്കതയുണ്ടോ? ഈ വിദൂഷകൻ സിംഹത്തിൻെറ പിൻഗാമിയായല്ലൊ. ജനങ്ങൾ അയാളെ വെറുത്തിരിക്കയാണു്. രാജ്ഞിയെ അയാൾ വഞ്ചിച്ചിരിക്കയാണു്. രാജാവു് വളരെ പയ്യൻ. കളയണം അയാളുടെ കാര്യം. പറയേണ്ട. വേറെ വല്ലതും പറയാം.

വിജ—(ആത്മഗതം) ശേഖരനെ കിട്ടുകയില്ല. നിശ്ചയം. അതുകൊണ്ടു കൂടുതലൊന്നും പറയാതെ പോകുകയാണു നല്ലതു്.

(പ്രകാശം) "സ്നേഹിതൻ പറഞ്ഞതിൽ കുറെയൊക്കെ വാസ്തവമുണ്ടു്. എങ്കിലും ഞാൻ വില്ലാളിയല്ല, അനുസരിക്കാതെ എന്തുചെയ്യാം?"

ശേഖ—വിജയൻ വില്ലാളിയായിത്തന്നെ ഇരുന്നുകൊള്ളുക. ഞാൻ ഈ സന്യാസിത്വം ദൂരെയെറിയുമായിരുന്നു. ഇപ്പോഴത്തെ രാഷ്ട്രീയഗതി ആശാസ്യമല്ലാത്തതുകൊണ്ടാണു് പിന്നെയും ഇവിടെ വസിക്കുന്നതു്.

വിജയൻ—ഉപേന്ദ്രനും ഈ മനസ്ഥിതി തന്നെയായിരിക്കും.

ശേഖ—ഉപേന്ദ്രൻ കാട്ടൂർ എന്ന പ്രദേശത്തു മാടമ്പിയായി വസ്തുവകകൾ അന്വേഷിച്ചുകൊണ്ടിരിക്കയാണു്. ഒരു പ്രഭുസ്ഥാനം ലഭിക്കത്തക്ക ധനമുണ്ടെങ്കിലും ആ മഹിമ സിദ്ധിക്കാതിരുന്നതുകൊണ്ടു് ഈ ഭരണത്തോടു വെറുപ്പാണു്."

വിജ—സ്നേഹിതാ എന്നാൽ ഞാൻ പോകട്ടെ. ഇപ്പോൾ കുതിരകൾ വേണ്ടപോലെ വിശ്രമിച്ചുകാണും. മഹേന്ദ്രപുരിയിൽ ചെന്നിട്ടു ഇന്നുറങ്ങുകയുള്ളു. (വിജയൻ എഴുന്നേറ്റു) സ്നേഹിതനെ വല്ലപ്പോഴും കാണണമെങ്കിൽ ഇവിടെ വന്നാൽ മതിയല്ലൊ?

ശേഖ—രാവിലെ ആറുമണി മുതൽ വൈകീട്ടു് എട്ടുമണിവരെ മുൻവശത്തുകൂടി. രാത്രി എട്ടു മണിക്കുശേഷം ഈ ജനൽവഴി. ശങ്കരാ!

ശങ്കരൻ നല്ല ഉറക്കമാണു്.

ശേഖരൻ അവന്റെ മുറിയിൽ കയറി "എടാ, കുംഭകർണ്ണാ, എഴുന്നേൽക്കു്. വിജയൻ പോകുകയാണു്." എന്നു വിളിച്ചു പറഞ്ഞു.

ശങ്കരൻ വന്നു് ജനലിൽകൂടി ഏണി കീഴോട്ടിറക്കി.

ശേഖ—ഞാൻ കൂടെ താഴെയിറങ്ങി വിജയനെ യാത്രയയച്ചിട്ടുവരാം. ഞാൻ വരുന്നതുവരെ നീ ഉറങ്ങരുതു്."

വിജയനും, ശേഖരനും താഴെയിറങ്ങി കുതിരലായത്തിൽ ചെന്നപ്പോൾ ഭദ്രൻ തയ്യാറായിരിക്കുന്നു.

ശേഖ—കണ്ടോ, ഭദ്രൻ ഉറങ്ങാതെയിരിക്കുന്നതു്. എന്റെ ശങ്കരനെക്കൊണ്ടു സന്യാസിയാകുവാനേ കൊള്ളുകയുള്ളു.

വിജയനും ശേഖരനും വർത്തമാനം പറഞ്ഞു കുറേ ദൂരം മുമ്പോട്ടു നടന്നു. കുതിരകളേയുംകൊണ്ടു ഭദ്രൻ അവരെ അനുഗമിച്ചു. ഒടുവിൽ ശേഖരൻ പറഞ്ഞു "സ്നേഹിതാ! ഞാനിനി നിൽക്കട്ടെ. സന്തോഷത്തോടുകൂടി പോകുക. മംഗളം ഭവിക്കട്ടെ."

വിജയനും ഭദ്രനും കുതിരകളിൽ കയറി. അവർ ദൃഷ്ടിയിൽനിന്നു മറയുന്നതുവരെ ശേഖരൻ നോക്കിനിന്നു. കുറെ അകലെചെന്നപ്പോൾ വിജയൻ വേഗം കുതിരയെ നിർത്തി താഴെ

ഴിറങ്ങി ഭദ്രനോടു പറഞ്ഞു. "നീ കുതിരക്കുളമായി ഇവിടെനിന്നു കൊള്ളണം. ഞാനൊന്നു ചുററിനടന്നിട്ടുവരാം."

യജമാനന്റെ സൂത്രപ്രയോഗങ്ങളൊക്കെ അറിഞ്ഞിട്ടുള്ള ഭൃത്യന്നു് ആശ്ചര്യം തോന്നിയില്ല.

വിജയൻ വൃക്ഷങ്ങളുടെ ഇടയിൽക്കൂടി കമലാംബയുടെ മന്ദിരത്തെ ലക്ഷ്യമാക്കി നടന്നു.

വിജയൻ (ആത്മഗതം) "എന്റെ ശേഖരാ! വിജയനിതിനപ്പുറം പഠിച്ചതല്ലേ? ചെങ്ങാതിയെ യാത്രയയക്കാനാണോ ഈ ഇരുട്ടത്തു് ഇത്രയും നടന്നതു്. ഇന്നു് തന്റെ കള്ളത്തരം ഞാനറിയും."

കെട്ടിടത്തോടടുത്തപ്പോൾ ഉദ്യാനത്തിന്റെ മധ്യത്തിലാരോ മന്ത്രിക്കുന്നതു കേട്ടു. സൂക്ഷിച്ചുനോക്കിയപ്പോൾ രണ്ടു പുരുഷന്മാരാണെന്നു മനസ്സിലായി. വിജയൻ ഒന്നുകൂടി അടുത്തു് ഒരു വൃക്ഷത്തിന്റെ മറവിൽ ഒളിച്ചുനിന്നു. ഒരാളുടെ ശബ്ദം മണിനാദംപോലെ വിജയന്റെ ചെവിയിൽ പതിഞ്ഞു. ഹാ! കമലാംബ പുരുഷവേഷം ധരിച്ചിറങ്ങിയിരിക്കയാണോ? മറേറയാൾ ശേഖരൻതന്നെ.

കമലാം—"വിജയഭദ്രൻ, സ്വാമിയാരുടെ ആജ്ഞപ്രകാരം വന്നതായിരിക്കുമെന്നാണോ പറയുന്നതു്.

ശേഖ—അതെ! യാതൊരു സംശയവുമില്ല. ഞാൻ ജനപക്ഷത്തിലാണെന്നും മററും സൂചിപ്പിക്കപോലും ചെയ്തില്ല."

കമ—ഭേഷ്! അവിടുന്നു് ഏതായാലും സുന്ദരേശപ്രഭുവിനു പിടി കൊടുക്കാതിരുന്നതു നന്നായി.

ശേഖ—ഞാൻ പിടി കൊടുക്കാതെ ഒളിച്ചിരുന്നതുകൊണ്ടു് വിജയഭദ്രനെ പ്രഭുവും കൂട്ടരും വളയുന്നതു കണ്ടു.

കമ—വളരെ നന്നായി. ആ പ്രഭു വളരെ നാളായി എന്നെ ഉപദ്രവിക്കുന്നു. എന്റെ ഹൃദയം അങ്ങേയ്ക്കു സമർപ്പിച്ചിരിക്കയല്ലേ. പിന്നെ ഞാനെന്തു ചെയ്യും.

ശേഖ—എന്റെ കമലാംബയെ ഓർത്താണു ഞാൻ രാജ്ഞിക്കെതിരായി സുലോചനപ്രഭുവിന്റെ പക്ഷത്തിൽ ചേർന്നിരിക്കുന്നതു്.

വിജ—(ആത്മഗതം) എടോ, കള്ളസന്യാസി. വയസ്സായിട്ടും പെൺകൊതി വിട്ടുമാറിയിട്ടില്ലല്ലോ. സുലോചനപ്രഭു

വിന്റെ സോദരിയായ കമലാംബ രാജ്ഞിയുടെ ബദ്ധശത്രുവാണെന്നു് ഞാനറിഞ്ഞിട്ടില്ലെന്നാണോ താനും തന്റെ പ്രേമഭാജനവും വിചാരിക്കുന്നതു്. ഏതായാലും അറിയേണ്ടതറിഞ്ഞു. ഞാൻ പോകയാണു്.

വിജയൻ വേഗം തിരികെവന്നു് ഭദ്രനുമായി മഹേന്ദ്രപുരിക്കു് യാത്രയായി.

---

## അദ്ധ്യായം ൯.

അടുത്ത ദിവസം രാവിലെ വിജയനും ഭദ്രനും ഉപേന്ദ്രന്റെ വാസസ്ഥലമായ കാട്ടൂരേക്കു തിരിച്ചു. കാട്ടൂർ ഗ്രാമം മഹേന്ദ്രപുരിയിൽനിന്നു്, ഏകദേശം ഇരുപതു മൈൽ തെക്കാണു്. വളരെ പ്രയാസപ്പെട്ടു് കാടുകളും മേടുകളും കടന്നു് നേരം ഉച്ചയോടു സമീപിച്ചപ്പോൾ, യജമാനനും ഭൃത്യനും കാട്ടൂർ ഗ്രാമത്തിൽ പ്രവേശിച്ചു. ആ ഭൂപ്രകൃതിയുടെ മനോഹരതകണ്ടു് ആഗതർ ആനന്ദിച്ചു.

ഭദ്ര—എന്റെ യജമാനനേ, ഈ വയലുകളുടേയും പൂന്തോട്ടങ്ങളുടെയും ഉടമസ്ഥൻ മഹാ ഭാഗ്യവാൻതന്നെ. എന്തു നല്ല കാററു്. പൊടിയശേഷമില്ല. ഹോ! പട്ടണത്തിലെ താമസം ഭയങ്കരം. അതു തന്നെയോ? വല്ലവരുടെയും ഇടിയും ചവിട്ടും ഏററു കിടക്കയാണു്, ആ സ്വാമിമാർ—ഞാൻ പറയുന്നില്ല. യജമാനൻ അദ്ദേഹത്തിന്റെ കീഴിലാണല്ലോ. ഇവിടെ താമസിച്ചാൽ ദീർഘായുസ്സുണ്ടാകും.

വിജയൻ ചിരിച്ചു. ഭദ്രൻ വഴിയെപോയ ഒരാളിനോടു് "എടോ, ചേട്ടാ-ഇതിലെ പോയാൽ എവിടെ ചെല്ലാം." ഗ്രാമവാസി ഒന്നും പറയാതെ നോക്കിനിന്നതുകണ്ടു് വീണ്ടും ചോദിച്ചു.

ഗ്രമവാ—എവിടെയും ചെല്ലാം.

ഭദ്ര—എന്തു ഉത്തരമാണിതു്. രാജ്യം നല്ലതാണെങ്കിലും ഇവിടെയുള്ളവരുടെ തലയിലൊന്നുമില്ല.

വിജയൻ (ചിരിച്ചുകൊണ്ടു),—നിൻെറ തലയിലാണു് ഒന്നുമില്ലാത്തതു്. നീ ചോദിക്കേണ്ടതുപോലെ ചോദിച്ചില്ല. ഹേയ് സ്നേഹിതാ! ഈ ഗ്രാമത്തിൻെറ ഉടമസ്ഥനാരാണു്.

ഗ്രാമ—കാട്ടൂരെജമാനനാണു്. അങ്ങനെയാണു് ഞങ്ങൾ അദ്ദേഹത്തെ വിളിക്കുന്നതു്.

വിജയൻ—അദ്ദേഹത്തിൻെറ വീട്ടിലേക്കുള്ള വഴിയേതാണു്?

ഗ്രാമ—ഈ വഴി, ഒരു നാഴികദൂരം ചെല്ലുമ്പോൾ അദ്ദേഹത്തിൻെറ കെട്ടിടം കാണാം.

ഗ്രാമവാസിയോടു നന്ദിപറഞ്ഞു് നമ്മുടെ യാത്രക്കാർ കുതിരകളെ മുമ്പോട്ടുപായിച്ചു. കുറെദൂരം ചെന്നപ്പോൾ അകലെയായി വഴിയരികിൽ, മാന്യമായ നിലയിൽ വസ്ത്രം ധരിച്ച ഒരാൾ നിൽക്കുന്നതും ബഹുമാനപൂർവം അല്പം മാറിനിന്നുകൊണ്ടു് കുറെ കൂലിക്കാർ, അദ്ദേഹത്തോടു സംസാരിക്കുന്നതും കണ്ടു് ഭദ്രൻ പറഞ്ഞു. "യജമാനനെ കാട്ടൂരെജമാനനായിരിക്കും. അതാ നിൽക്കുന്നു."

വിജ—ഹെയ്, ഉപേന്ദ്രൻ അത്രമെലിഞ്ഞുപോകയോ. ഏതായാലും നാം അങ്ങോട്ടു ചെല്ലുമ്പോളറിയാം. ഉപേന്ദ്രൻ തന്നെയാണോ? അതാ അദ്ദേഹത്തെ അവർ തൊഴുന്നു. ഉപേന്ദ്രനു്-ആറടിയിൽ കുറയാതെ ഉയരമുണ്ടു്. ഇതത്രയുമൊന്നുമില്ല."

അവർ കുറെ കൂടിയടുത്തു. ഭദ്രൻ ആശ്ചര്യത്തോടെ അട്ടഹസിച്ചു "എൻെറ ഈശ്വരാ, ഇതവൻതന്നെയാണോ."

ഈ ശബ്ദംകേട്ടു ആ മാന്യൻ സാവധാനത്തിൽ, പ്രൗഢഭാവത്തിൽ, നമ്മുടെ യാത്രക്കാരുടെനേരെ മുഖം തിരിച്ചു. ജയന്തൻെറ പുഞ്ചിരിതൂകുന്ന മുഖമാണു വിജയനും ഭദ്രനും കണ്ടതു്. വിജയനെ മനസ്സിലായ ഉടൻ ജയന്തൻ ഓടിവന്നു് ഉപചാരപൂർവം നിന്നുകൊണ്ടു് "യജമാനൻ വരുന്നവഴി ആയിരിക്കും. എത്രനാളായി കണ്ടിട്ടു്. ഞാൻ ഓടിച്ചെന്നു പറയട്ടെ. എന്തുമാത്രം സന്തോഷമായിരിക്കും."

ഉപേന്ദ്രൻെറ ഭൃത്യൻെറ സ്നേഹംകണ്ടു വിജയഭദ്രൻ കുതൂഹലചിത്തനായി. ജയന്തൻ, ഭദ്രൻെറനേരെ തിരിഞ്ഞു്, അവനെ ആലിംഗനം ചെയ്തുകൊണ്ടു "എൻെറ ചങ്ങാതി എന്താണു മിണ്ടാത്തതു്. നമ്മൾ എത്രനാൾ ഒരുമിച്ചു് ഉണ്ണുകയും ഉറങ്ങുകയും ചെയ്തിട്ടുണ്ടു്" എന്നു ചോദിച്ചു.

ഭദ്രൻ—നിൻെറ അന്തസ്സറിയാൻ മിണ്ടാതെയിരിക്കുകയായിരുന്നു.

ജയന്തൻ—ഞാൻ അന്തസ്സുകാരനോ? അതും എൻെറ ഭദ്രനോടോ?

ഭദ്രൻ—നീ ആ കള്ളൻ ശങ്കരനേപ്പോലെയല്ല. അവനെന്നെ രണ്ടുമണിക്കൂർനേരം കുതിരലായത്തിൽ തള്ളിക്കളഞ്ഞു. എന്നെ അറിയുന്ന ഭാവംപോലും കാണിച്ചില്ല.

ഉപേന്ദ്രൻ വിജയനെ ഗാഢാശ്ലേഷംചെയ്തു സ്വീകരിച്ചു. പഴയ സ്നേഹിതനെ കണ്ടതിലുള്ള ആനന്ദംകൊണ്ടു് അതിഥേയൻെറ മുഖം പ്രസന്നമായി ഹാ, ആ പഴയ അട്ടഹാസം, ആ പഴയ തുറന്ന ചിരി. ആ ഹൃദയത്തിൽ കപടതയ്ക്കു സ്ഥാനമില്ല. വിജയൻ സന്തോഷാധിക്യത്താൽ കണ്ണുനീർവാർത്തു ചതുർവിധവിഭവങ്ങളോടുകൂടിയ ഭക്ഷണത്തിനുശേഷം, ഉപേന്ദ്രൻ അതിഥിയെ കെട്ടിടങ്ങളും പരിസരപ്രദേശങ്ങളും കാണിച്ചു. ഉപേന്ദ്രൻെറ നിർബന്ധത്താൽ വിജയൻ അന്നുരാത്രി അവിടെ താമസിക്കുന്നതിനു നിശ്ചയിച്ചു.

വിജയൻ ജയന്തനെ വിളിച്ചു രഹസ്യമായി ചോദിച്ചു. "ജയന്താ! നിൻെറ യജമാനനു ധനംകൊണ്ടു ലഭിക്കാവുന്ന സകല സൗഭാഗ്യങ്ങളുമുണ്ടായിട്ടും എന്തുകൊണ്ടാണു്, പഴയപോലെ ഉന്മേഷം കാണാത്തതു്? സംഭാഷണമദ്ധ്യേ പലപ്പോഴും നെടുവീർപ്പിടുന്നതുകണ്ടു, ചിരിക്കുന്നതിനിടയ്ക്കു് ദുഃഖരേഖകൾമുഖത്തു നിഴലിക്കുന്നുമുണ്ടു്".

ജയന്തൻ—കൊച്ചമ്മ മരിച്ചതിൽപിന്നെ ഒരു സന്തോഷവുമില്ലാതെയിരിക്കയാണു്. ഞാൻ കഴിയുന്നതും ശ്രമിച്ചിട്ടും ഒരു ഗുണവും കാണുന്നില്ല. ഇന്നു് യജമാനൻെറ ആഗമനം നന്നായി. ഇവിടെ വന്നതിൻെറശേഷം അല്പം വ്യത്യാസം കാണുന്നുണ്ടു്. പതിവിലധികം ഭക്ഷണം ഇന്നു കഴിച്ചു. യജമാനൻ കുറേദിവസംകൂടി ഇവിടെ താമസിച്ചാൽകൊള്ളാം.

വിജയൻ—പ്രയാസമാണു്. എനിക്കു വളരെ ജോലിയുണ്ടു്. നാളെ രാവിലെ യാത്രപറയാതെ തരമില്ല. ആകട്ടെ ഞാൻ പ്രതിവിധി കണ്ടിട്ടുണ്ടു്.

സന്ധ്യക്കു പല കാര്യങ്ങളേപററി സംഭാഷണംചെയ്തുകൊണ്ടിരിക്കുന്നമദ്ധ്യേ വിജയൻ പറഞ്ഞു "ഉപേന്ദ്രാ! തന്നെപ്പോലെ ഭാഗ്യമുള്ളവനാരുണ്ടു്? വലിയ ചെലവൊന്നുമില്ല. വേ

ങ്ങളിലധികം ധനമുണ്ടു്. മാന്യമായ ഒരു മന്ദിരത്തിലാണു താമസം. വേലക്കാർ ധാരാളമുണ്ടു്. മററെന്തുവേണം?"

ഉപേന്ദ്രൻ ഒരു നെടുവീർപ്പിട്ടു. "വിജയനു് അങ്ങനെ തോന്നും. ഞാൻ അനുഭവിച്ച മനോവേദന എനിക്കുമാത്രം അറിയാം. അതൊക്കെ ഈശ്വരേച്ഛയാണു് (പിന്നെയും നെടുവീർപ്പിട്ടുകൊണ്ടു്) എൻെറ വിജയാ, ഈ ധനമൊന്നും എനിക്കു് സുഖം തരുന്നില്ല. ഹാ! നമ്മളെല്ലാവരുംകൂടി ഒരുമിച്ചു കഴിച്ചുകൂട്ടിയ ആ ജീവിതം എത്ര സൌഭാഗ്യകരമായിരുന്നു. ആ കാലത്തെ ഓട്ടവും ചാട്ടവും യുദ്ധവും സ്വാമിയാരോടുള്ള പോരാട്ടവും എത്ര രസകരമായിരുന്നു. അന്നു് നാം ജീവൻ തൃണമായിട്ടല്ലേ കണക്കാക്കിയിരുന്നതു്! അന്നത്തെ ക്ഷീണം, വിശപ്പ്, ഊണു്, ഉറക്കം, ഇവ ഇനിയും ലഭിക്കുമോ?

വിജ—എന്തുകൊണ്ടു്, സ്നേഹിതൻ വിചാരിച്ചാൽ ആ ജീവിതത്തിലെയ്ക്കൊന്നുകൂടി കാലു വയ്ക്കുന്നതിനെന്തു പ്രയാസമാണു്?

ഉപേന്ദ്ര—വേണ്ട, വേണ്ടാ! എന്തിനാണു്? ആർക്കുവേണ്ടിയാണു്? ഒരു പ്രഭുസ്ഥാനത്തിനുവേണ്ട ധനമെനിക്കുണ്ടു്. രാജ്ഞിക്കു വേണ്ടിയെന്തെല്ലാം നമ്മൾ ചെയ്തുകൊടുത്തിട്ടുണ്ടു്? ഞാനൊരപേക്ഷ അയച്ചിട്ടു് ആ സ്ത്രീ തള്ളിക്കളകയാണു് ചെയ്തതു്. ഇപ്പോഴത്തെ സ്വാമിയാരുടെ കളിപ്പാട്ടമാണു രാജ്ഞിയെന്നു കേൾക്കുന്നു.

വിജ—സ്നേഹിതനെപ്പററി സ്വാമിയാർ നല്ലപോലെ ധരിച്ചുവച്ചിട്ടുണ്ടു്. എന്തു സ്ഥാനങ്ങൾ തരുവാനും അദ്ദേഹം തയാറാണു്. നിവൃത്തിയുണ്ടെങ്കിൽ കൂട്ടിക്കൊണ്ടു വരണമെന്നു് എന്നോടാവശ്യപ്പെട്ടിരിക്കുന്നു.

ഉപേന്ദ്രൻെറ മുഖം തെളിഞ്ഞു. വിജയൻ തുടർന്നു പറഞ്ഞു. "ഇപ്പോൾ ഗവമ്മെൻറും ജനങ്ങളും തമ്മിൽ യുദ്ധത്തിനുള്ള ഒരുക്കമാണു്."

ഉപേ—ഞാനതുകേട്ടു. പക്ഷേ പട്ടർക്കു് പടയിലെന്തു കാര്യമെന്നോർത്തു് ഞാനതൊന്നും ശ്രദ്ധിച്ചില്ല.

വിജ—എന്നാൽ പട്ടർക്കു്, പട്ടാണിയാകാനിതുതന്നെ അവസരം. വരണം ആ പഴയ പടച്ചട്ട വീണ്ടും ധരിക്കാം.

ഉപേ—ജനങ്ങളുടെ നേതാവാരാണു്?

വിജ—സുലോചന പ്രഭുവാണു്. അദ്ദേഹം തടവിലായതു

കൊണ്ടു് ജന്മകക്ഷി ജയിക്കുമെന്നു തോന്നുന്നില്ല. ജനങ്ങളുടെ നേതാക്കന്മാരിൽ ഒരുവനാണു് എന്റെ ഭദ്രൻ. ഇപ്പോൾ ഒളിച്ചോടിവന്നു് എന്റെ കൂടെ വീണ്ടും ചേർന്നിരിക്കയാണു്.

ചന്ദ്രസേനൻ രക്ഷപെട്ട കഥയും മററും സവിസ്തരം പറഞ്ഞു കേൾപ്പിച്ചു.

ഉപേ—എനിക്കു കക്ഷിയൊന്നുമില്ല. വിജയൻ പറയുന്നതുപോലെ ചെയ്യാം. വാളുപിടിക്കുവാൻ എന്റെ കൈയ്യു് തരിക്കുന്നു. നരേന്ദ്രനെ, അതെ ദിവാകരപ്രഭുവിനെയും ശേഖരനെയും കിട്ടുമോ?

വിജ—ശേഖരനെ കിട്ടുകയില്ലെന്നുള്ളതു് നിശ്ചയമാണു്. ഭാര്യ മരിച്ചതുകൊണ്ടു പിന്നെയും സന്യാസിയായിരിക്കയാണു്. ദിവാകരപ്രഭുവിനെ അന്വേഷിക്കാം. എവിടെയാണോ? കിട്ടിയില്ലെങ്കിൽ തന്നെയും നമ്മൾ ഇരുവർ കൂടിയാൽ ഇരുനൂറു പേരോടു കിടപിടിക്കാം. അതുമതി.

ഉപേ—ദിവാകരപ്രഭുകൂടി ഉണ്ടായാൽ കൊള്ളാം. അദ്ദേഹം ദിനേശപുരത്തുണ്ടു്.

വിജയ—ഞാൻ നാളെ രാവിലെ ദിനേശപുരത്തേക്കുപോകാം. നരേന്ദ്രൻ ഓ! മറന്നുപോയി. ദിവാകരപ്രഭു മദ്യപാനം കൊണ്ടാരോഗ്യം നശിച്ചു കിടക്കയായിരിക്കും. നമ്മുടെ കൂടെ ചേരുമോ എന്തോ?

ഉപേ—ഏതായാലും ഒന്നന്വേഷിക്കണം. പണ്ടേപ്പോലെ അടിയും പിടിയും നടത്താൻ നല്ല അവസരമാണു്, അല്ലെ?

വിജ—ഒരു പ്രയാസവുമില്ല. നമുക്കു് നല്ല കൊയിത്തായിരിക്കും.

ഉപേ—അതാണു വേണ്ടതു്. കുറെ നാളായി ഒന്നും ചെയ്യാതിരുന്നിട്ടു് എന്റെ ദേഹം മുഴുവൻ തരിക്കുന്നു. ആകട്ടെ സ്വാമിയാർ പ്രഭുസ്ഥാനം തരുമല്ലൊ.

വിജ—നിശ്ചയം; അക്കാര്യം ഞാനേററു.

അടുത്ത ദിവസം രാവിലെ, വിജയരുദ്രനും ഭൃത്യനും ദിവാകരപ്രഭുവിന്റെ നാട്ടിലേക്കു പുറപ്പെട്ടു. മൂന്നു ദിവസം യാത്ര ചെയ്തു. ഒടുവിൽ ദിനേശപുരത്തോടടുത്തു.

വിജ—ഭദ്രാ! നമ്മുടെ ഈ യാത്രകൊണ്ടു് ഒരു പ്രയോജനവുമില്ലെന്നു് എനിക്കു് തോന്നുന്നു. നരേന്ദ്രനെ ഞാൻ ഉദ്ദേശിക്കുന്ന കാര്യത്തിനു് ലഭിക്കയില്ലെന്നു് എന്റെ ഹൃദയം പറ

യുന്നു. എങ്കിലും പഴയ സ്നേഹിതനല്ലെ, എന്നെ പുത്രനിർവിശേഷം സ്നേഹിച്ചയാളല്ലെ? ശത്രുക്കൾ എന്റെ കഴുത്തിനോങ്ങിയ വെട്ടുകൾ അനേകം പ്രാവശ്യം അദ്ദേഹം തടുത്തിട്ടുണ്ടു്. നമ്മുടെ സിംഹളദ്വീപിലേക്കുള്ള യാത്രാമദ്ധ്യെ "വിജയാ, ഓടിക്കൊള്ളുക, ഞാൻ വീണുപോയി." എന്നു് ആ മഹാമനസ്കൻ പറഞ്ഞ വാക്കുകൾ ഇപ്പോഴും എന്റെ ചെവികളിൽ മുഴങ്ങുന്നു.

ഭദ്ര—അതെ! യജമാനനെ, അന്നു് ആ സിംഹളദ്വീപിലെ പ്രഭുക്കന്മാരുമായി യുദ്ധം ചെയ്യുന്നതിനു് നിന്നപ്പോൾ, അദ്ദേഹത്തിന്റെ മുഖം കാണേണ്ടിയിരുന്നു ശാന്തതയും അതോടുസമയം പ്രൌഢതയും, അദ്ദേഹത്തിന്റെ മുഖത്തു് സ്ഫുരിച്ചിരുന്നു. അധികമൊന്നും പറകയില്ല. ഉപേന്ദ്രനെജമാനന്റെ ആയിരം വാക്കുകൾക്കു് അദ്ദേഹത്തിന്റെ ഒററവാക്കു്.

വിജ—എന്തിനു് നാം ഇതൊക്കെ പറയുന്നു. എനിക്കു് ദിനേശപുരത്തോടടുക്കുംതോറും ഭീതി മനസ്സിലുയർന്നുവരുന്നു. ശോഷിച്ചു, മുഖത്തെ തൊലിയും ഞൊറിഞ്ഞു് ഒരു വികൃതരൂപമായിട്ടായിരിക്കുമോ ഞാനദ്ദേഹത്തെ ദർശിക്കുന്നതു്! സകല സൽഗുണങ്ങളുമെയും ആസ്ഥാനമെങ്കിലും, ഒരു ദുർഗ്ഗുണം അദ്ദേഹത്തിലുണ്ടായിരുന്നു. ക്രമാതീതമായിട്ടുള്ള മദ്യപാനം അദ്ദേഹത്തിന്റെ ആരോഗ്യത്തെ നശിപ്പിച്ചിട്ടുണ്ടായിരിക്കണം. പ്രൗഢഗംഭീരൻ, ശത്രുമദ്ധ്യത്തിൽ, വാളും ചുഴററിക്കൊണ്ടു് കുതിരപ്പുറത്തിരിക്കുന്ന ആ പുരുഷസിംഹം ഇപ്പോൾ മെലിഞ്ഞു് വളഞ്ഞിരിക്കയായിരിക്കുമോ? അദ്ദേഹം നമ്മെ കണ്ടാലറിയുമോ? ഏതായാലും മുമ്പോട്ടുപോകാം.

വഴിയിൽ കണ്ട ഒരാളിനോടു ചോദിച്ചതിൽ, ദിവാകരപ്രഭുവിന്റെ കൊട്ടാരത്തിൽ അരമണിക്കൂറിനകം ചെന്നെത്താമെന്നു് നമ്മുടെ യാത്രക്കാർ മനസ്സിലാക്കി. വിജയൻ വളരെ വൈമനസ്യത്തോടെയാണു കുതിരയെ മുമ്പോട്ടു വിട്ടതു്. തന്റെ യജമാനൻ കഠിനമായ മനോവിചാരത്തിൽ ഉഴലുന്നുവെന്നു് ഭദ്രൻ അറിഞ്ഞുകൊണ്ടു് മൌനമായിരുന്നു. കുറച്ചു സമയം കഴിഞ്ഞപ്പോൾ അകലെയായി ഒരു കുന്നിൻമുകളിൽ, വൃക്ഷങ്ങളുടെമദ്ധ്യത്തിൽ ഒരു സൌധം ഉയർന്നുനിൽക്കുന്നതുകണ്ടു. വിജയൻ അങ്ങോട്ടുനോക്കിക്കൊണ്ടുപറഞ്ഞു. "അതാ! അദ്ദേഹത്തിന്റെകൊട്ടാരഗോപുരമായിരിക്കും. ഏതെല്ലാം കൊടുങ്കാററടിച്ചാലും ഇടിയുംമി

നല്ലമുണ്ടായില്ല, പേമാരി പെയ്താലും ആ ഗോപുരം നിശ്ചഞ്ചലമായി അവിടെ നില്ക്കും. അതുപോലെയായിരുന്നു നരേന്ദ്രൻ. ഭയങ്കരങ്ങളായ വിപത്തുകളുടെ മദ്ധ്യെയുള്ള അദ്ദേഹത്തിന്റെ നിശ്ചഞ്ചലനിലയാണു്, ആ സൌധം എന്നെ ഓർമ്മിപ്പിക്കുന്നതു്." യാത്രക്കാർ, പടിപ്പുരവാതില്ക്കലെത്തി. വിജയൻ കുതിരപ്പുറത്തുനിന്നിറങ്ങി ഭദ്രനോടു പറഞ്ഞു. "ഭദ്രാ, നീ ആ കാവല്ക്കാരന്റെ അടുക്കൽ ചെന്നു പ്രഭു അവിടെയുണ്ടോ എന്നും മററും ചോദിക്കുക. ഞാൻ ഇവിടെ നില്ക്കാം. എനിക്കു് ധൈര്യം പോരാ—"

ഭദ്രൻ വേഗം കാവല്ക്കാരന്റെ സന്നിധിയണഞ്ഞു. "ഹേയ്, ഇതു് ദിവാകരപ്രഭുവിന്റെ കെട്ടിടമല്ലെ?"

കാവൽ—അതെ?

"പട്ടാളത്തിൽനിന്നു പിരിഞ്ഞ ഉദ്യോഗസ്ഥൻ—?"

"അതെ."

"ശാന്തനെന്നായിരുന്നു അദ്ദേഹത്തിന്റെ ഭൃത്യന്റെ പേർ."

"അതെ! ശാന്തൻ ഇപ്പോൾ ഇവിടെയില്ല."

ഭദ്രൻ—ശരി. എന്നാൽ നിങ്ങൾ അകത്തു ചെന്നു് പ്രഭുവിനെ കാണ്മാൻ ഒരു മാന്യൻ വന്നിരിക്കുന്ന വിവരം പറയണം.

കാവ—നിങ്ങളും വരണം.

കാവല്ക്കാരന്റെ കൂടെ ഭദ്രൻ അകത്തെ കെട്ടിടത്തിന്റെ വരാന്തവരെ ചെന്നു. വിജയരുദ്രൻ മുററത്തു കയറിനിന്നു. അപ്പോൾ അകത്തുനിന്നൊരു ശബ്ദം—ആ പഴയ ഗംഭീരശബ്ദം—"ആരാണു്. അകത്തു വരട്ടെ" എന്നു പറഞ്ഞു. ആ ശബ്ദം വിജയന്റെ ഹൃദയത്തിൽ പൂർവസ്മരണകളെ ഉണർത്തി. അകത്തു കയറിയ ഭദ്രനെ നോക്കിക്കൊണ്ടു് പ്രഭു വേലക്കാരനോടു പറഞ്ഞു. "ഈ ആളിന്റെ മുഖം എനിക്കു നല്ല പരിചയമുള്ളതുപോലെ തോന്നുന്നു.

ഭദ്ര—യജമാനൻ ഭദ്രനെ ഓർക്കുന്നില്ലെ?

പ്രഭു—ഭദ്രനോ? എന്നാൽ വിജയരുദ്രനും വന്നിട്ടുണ്ടായിരിക്കുമല്ലൊ." എന്നു പറഞ്ഞുകൊണ്ടു ചാടി എഴുന്നേററു മുറിക്കു വെളിയിൽ വന്നു.

"ഞാനിവിടെയുണ്ടു്. എന്റെ പ്രിയസ്നേഹിതാ!

നരേന്ദ്രാ—" എന്നു വിജയൻ പാരവശ്യത്തോടെ വിക്കിവിക്കിപ്പറഞ്ഞു. ഈ വാക്കുകൾ കേട്ടപ്പോൾ ഒരു പുതിയ വികാരത്തിന്റെ പാച്ചിൽകൊണ്ടു് നരേന്ദ്രൻ ഹൃദയം തുടിച്ചു് ഒന്നുരണ്ടടി മുമ്പോട്ടു വച്ചു. വിജയൻ അദ്ദേഹത്തിന്റെ നീണ്ടു നിവിർന്ന കൈയുകൾക്കകത്തായി. രണ്ടുപേരും സന്തോഷാതിരേകത്താൽ അശ്രുക്കൾ പൊഴിച്ചു. ഭദ്രനും കരഞ്ഞുപോയി. വിജയനെയും കൊണ്ടു് പ്രഭു അകത്തേക്കു പോയി. അവിടെ പ്രധാന തളത്തിൽ പ്രഭുവിന്റെ അതിഥികളായി കുറെ മാന്യന്മാർ കൂടിയിരുപ്പുണ്ടു്. അവരെല്ലാവരും എഴുന്നേററു.

പ്രഭു—സ്നേഹിതരേ, ഇദ്ദേഹം ചക്രവർത്തിയുടെ വില്ലാളിസംഘത്തിലെ ഒരു നേതാവായ വിജയഭദ്രനാണു്. എന്റെ ആത്മമിത്രം. ധീരതയും ബുദ്ധിശക്തിയും ഇദ്ദേഹത്തിൽ കാണുന്നതുപോലെ മറെറാരുവരിലും ഞാൻ കണ്ടിട്ടില്ല.

പ്രഭു വിജയനെപ്പററി അതിഥികളോടു് പറയുമ്പോൾ, വിജയൻ അതൊന്നും കേൾക്കാതെ അദ്ദേഹത്തെ വീക്ഷണം ചെയ്യുകയായിരുന്നു. "എന്തതിശയം. ജരയോ നരയോ നരേന്ദ്രനെ ബാധിച്ചിട്ടില്ല. കണ്ണുകളിൽ ആ പഴയ വെളിച്ചം പ്രകാശിക്കുന്നുണ്ടു്. മുഖത്തെ ദിവ്യപ്രഭ അദ്ദേഹം ശ്രേഷ്ഠനെന്നു ഘോഷിക്കുന്നു. എന്തു്? അദ്ദേഹം മദ്യപാനം നിർത്തിയിരിക്കുമൊ? എന്നെ ആലിംഗനം ചെയ്തപ്പോൾ, കൈയ്ക്കു ബലം കുറഞ്ഞിട്ടില്ലെന്നു് എനിക്കു് ബോദ്ധ്യമായി. ശബ്ദത്തിലും യാതൊരു വ്യത്യാസവുമില്ല. അനന്തരം വിജയൻ ഓരോരുത്തരോടും മഹേന്ദ്രപുരിയെപ്പററിയും മററും പല കാര്യങ്ങൾ പറഞ്ഞുകൊണ്ടിരുന്നു. കുറച്ചു സമയം കഴിഞ്ഞപ്പോൾ, കൊട്ടാരത്തിന്റെ ബഹിർഭാഗത്തായി നായ്ക്കളുടെ ശബ്ദകോലാഹലവും ഭൃത്യന്മാരുടെ പാദപതനാരവവും കേട്ടു ഉടൻ അവിടെ ഇരുന്ന ചിലർ പറഞ്ഞു. "രവീന്ദ്രൻ വന്നതായിരിക്കും" ആ പേരുച്ചരിച്ചയുടൻ പ്രഭു വിജയനെ നോക്കി. നമ്മുടെ വില്ലാളിക്കൊന്നും മനസ്സിലായില്ല. ഒരു നിമിഷത്തിനകം വിശേഷവസ്ത്രാലംകൃതനായ ഒരു യുവാവു്—പതിനഞ്ചു വയസ്സിൽ കൂടുതൽ പ്രായം വരുമെന്നു തോന്നുന്നില്ല. ആ മുറിയിൽ പ്രവേശിച്ചു്—"അച്ഛാ!" എന്നു് വിളിച്ചുകൊണ്ടു് പ്രഭുവിന്റെ അടുക്കലേക്കു ചെന്നു.

നരേന്ദ്രനു് ഉന്മേഷവും ആരോഗ്യവും എവിടെനിന്നു ലഭി

ച്ചുകൊണ്ടിരുന്നുവെന്നുള്ളതു് അപ്പോഴാണു് വിജയനു് മനസ്സിലായതു്.

പ്രഭു—രവീന്ദ്രാ! നീ പോയകാൎയ്യം സാധിച്ചുവോ?

രവീ—സാധിച്ചു.

ആ യുവാവിന്റെ കോമളത്വം കണ്ടിട്ടു്, വിജയനു് തന്റെ ദൃഷ്ടി മറ്റെങ്ങും പതിപ്പിക്കുന്നതിനു് മനസ്സു വന്നില്ല. ഹൃദയത്തിന്റെ നിഷ്കാപട്യമാണു് ആ മുഖത്തിനു കൂടുതൽ സൌന്ദൎയ്യം കൊടുത്തതെന്നു് വിജയനു് ബോദ്ധ്യമായി.

പ്രഭു—രവീന്ദ്രാ! നീ പോയി വിശ്രമിക്കുക.

അയുവാവു് ഉടൻ അവിടെനിന്നുപോയി. അതിഥികൾ ഓരോരുത്തരായി യാത്ര പറഞ്ഞു പിരിഞ്ഞു.

## അദ്ധ്യായം ൧൦.

---

മറ്റെല്ലാവരും പിരിഞ്ഞശേഷം പ്രഭു വിജയന്റെ കൈക്കുപിടിച്ചുകൊണ്ടുപറഞ്ഞു. "വിജയാ വരുക. നമുക്കു് ഉദ്യാനത്തിലേക്കു നടക്കാം. അവിടെയിരുന്നു സ്വാതന്ത്ര്യമായി സംഭാഷണം ചെയ്യാം. വിജയനു ചില സംശയങ്ങളൊക്കെയുണ്ടു്. എനിക്കറിയാം. ഞാൻ അതിനൊക്കെസമാധാനം പറയാം."

"പ്രഭോ, അവിടുന്നുപറഞ്ഞതുവാസ്തവമാണു്."

പ്രഭു വിജയന്റെ മുതുകിൽ സാവധാനത്തിൽ തലോടിക്കൊണ്ടുപറഞ്ഞു. "പ്രഭുവും മററും ഇവിടെയില്ല. നരേന്ദ്രൻ എന്നു വിളിച്ചാൽ മതി. ആ മുറയൊക്കെയങ്ങുകളയണം. പ്രഭുവെന്നു വിളിച്ചാൽ പഴയ സ്നേഹമില്ലെന്നാണൎത്ഥം."

വിജ—എന്റെ സ്നേഹം നശിക്കയോ? ഒരിക്കലുമില്ല.

നരേന്ദ്ര—എന്നാൽ കാൎയ്യങ്ങൾ തുറന്നുപറയാം. എന്റെ സമിതി വിജയനെ ആശ്ചൎയ്യപ്പെടുത്തുന്നില്ലെ?

“നല്ലതുപോലെ.”

“വയസ്സ് അൻപതായിട്ടും, ചെറുപ്പം പോലെ തോന്നിക്കുന്നു. അല്ലേ? വല്ല ധനവുമുണ്ടെങ്കിൽ അതു നഷ്ടപ്പെടുത്തി ആരോഗ്യവും ക്ഷയിപ്പിച്ച് എല്ലും തൊലിയുമായി കാണപ്പെടുമെന്ന് വിചാരിച്ചിവിടെ വന്നപ്പോൾ വലിയ കൊട്ടാരം, വേണ്ടവസ്തുക്കൾ, ധാരാളം വേലക്കാർ ആദിയായി പ്രതീക്ഷയ്ക്കെതിരായി പലതും കണ്ടതുകൊണ്ട് എൻെറ സ്നേഹിതനുണ്ടായ ആശ്ചര്യം ഞാൻ ആദ്യം മുതൽ മനസ്സിലാക്കുന്നുണ്ടായിരുന്നു. വിജയൻെറ കണക്കുകൂട്ട് ഏറെക്കുറെ ശരിയാകുമായിരുന്നു; ഞാൻ എല്ലാം നഷ്ടപ്പെടുത്തി നാശത്തിൽപതിപ്പിക്കുമായിരുന്നു. എന്നാൽ അങ്ങനെ വരാതിരുന്നതെല്ലാം ആ കുട്ടിയെ—രവീന്ദ്രനെ ഓർത്താണ്.

“എനിക്കതു നേരത്തെ മനസ്സിലായി.” എന്ന് ഒരു ചെറിയ പുഞ്ചിരിയോടുകൂടി വിജയൻ പറഞ്ഞു.

“ഇനിയും അവനെ എങ്ങനെ ലഭിച്ചുവെന്നു പറയാം. ഒരു സന്യാസി വളർത്തിക്കൊണ്ടിരുന്ന അനാഥശിശുവിനെ ഞാൻ വാങ്ങിച്ചു വളർത്തുകയാണ്. എന്നെ സ്വന്തം അച്ഛനെപ്പോലെയാണ് അവൻ സ്നേഹിക്കുന്നത്. ഞാൻ അവനെ മകനെപ്പോലെ വളർത്തുന്നു.”

“ആ കുട്ടി എത്രമാത്രം നന്ദിയുള്ളവനായിരിക്കണം.”

“അവൻ നന്ദിയുള്ളവനാണ്. ഞാൻ ഒരു വിധത്തിൽ അവനോടും കടപ്പെട്ടിരിക്കയാണ്. ഏകാന്തമായി ഉണങ്ങിവരണ്ടു നിൽക്കുന്ന വൃക്ഷം ക്രമേണ മണ്ണിനോടുള്ള അതിൻെറ പിടി വിടുന്നതു പോലെ ഞാൻ ലോകത്തോടുള്ള എൻെറ ബന്ധം ക്രമേണ വിടുർത്തുകയായിരുന്നു. അപ്പോഴാണ് ഈ കുട്ടിയെ ലഭിച്ചത്. അന്നു മുതൽ ജീവിതത്തിലേക്കു പുതിയ വേരുകളിറക്കുന്നതിന് എന്നെക്കൊണ്ടു സാധിച്ചു. ഞാൻ അവനുവേണ്ടിയാണ് ജീവിക്കുന്നത്. കേവലം ഉപദേശം പോരാ, ഞാൻ മാതൃക കൂടിയായിരുന്നെങ്കിൽ മാത്രമേ അവൻ ഉൽകൃഷ്ടനായി വളർന്നുവരികയുള്ളൂ എന്നു ബോധ്യമുള്ളതുകൊണ്ട് എൻെറ ദുശ്ശീലങ്ങൾ ഞാൻ വെടിഞ്ഞു, എനിക്കില്ലാത്ത സുശീലങ്ങൾ ഞാൻ ഭാവിച്ചു. എന്തിനധികം പറയുന്നു? ഞാൻ അവനെയും എന്നെയും ഉണ്ണപ്പെടുത്തിയെന്നു പറഞ്ഞാൽ മതിയല്ലോ.”

വിജയൻ വിസ്മയാദരപൂർവം നരേന്ദ്രനെ നോക്കി. സാ

യാഹ്നസൂര്യന്റെ ചെങ്കതിരുകൾ വൃക്ഷത്തിന്റെ ഇലകളുടെ യിടയിൽക്കൂടി പ്രവഹിച്ചു. വിഷണ്ണനായ നരേന്ദ്രന്റെ മുഖതേജസ്സു കണ്ടപ്പോൾ കാദംബിനിപ്രഭവിയുടെ കാര്യം ഓർമ്മയിൽ വന്നു. ശാന്തമായി നരേന്ദ്രനോടു ചോദിച്ചു.

"അന്നു നമ്മൾ ചെയ്ത കടുംകൈയോർത്തു ചിലപ്പോൾ പരിതപിക്കുന്നില്ലേ?"

"ഉവ്വ് എന്നും, ഇല്ല എന്നും പറയാം. ആ സ്ത്രീ ആ ശിക്ഷ അർഹിച്ചിരുന്നവളെന്നാണു ഇപ്പോഴും എന്റെ വിശ്വാസം. അവൾ ജീവിച്ചിരുന്നെങ്കിൽ നാശകരമായ ആ ജോലി അവൾ തുടർന്നുകൊണ്ടിരിക്കുമായിരുന്നു. എന്നാൽ അവളുടെ വിധികർത്താക്കളാകുന്നതിനു്, നമുക്കു അധികാരമില്ലായിരുന്നുവല്ലോ എന്നു ഞാൻ എപ്പോഴും ഓർക്കുന്നുണ്ടു്."

"ഞാനും അതോർക്കാതിരിക്കുന്നില്ല. അവൾക്കൊരു പുത്രനുണ്ടല്ലോ."

"ഒരെ, അവനിപ്പോൾ ഏകദേശം ഇരുപത്തിമൂന്നു വയസ്സായി കാണണം. ഒന്നുമറിയുന്നില്ല. ശ്രീരംഗപ്രഭുവിന്റെ സഹോദരന്റെ പുത്രനാണല്ലോ. പ്രഭുവിനെപ്പററി വല്ലതും അറിയുന്നുണ്ടോ?"

വിജ—എങ്ങിനെയാണറിയുക? സിംഹളദ്വീപിൽ അഭ്യന്തരകലഹമാണു്. മന്ത്രിശ്രേഷ്ഠനായ സുകുമാരപ്രഭുവിന്റെ കാലം കഴിഞ്ഞതോടുകൂടി ജനങ്ങൾക്കു ശക്തി വർദ്ധിച്ചതിന്റെ ഫലമായി രാജാവായ "രസലേശൻ" ബഹിഷ്കൃതനായിരിക്കുയാണു്. സിംഹളദ്വീപിലെ രാജ്ഞി നമ്മുടെ രാജ്ഞിയുടെ സഹോദരിയാണല്ലോ. അവർ നമ്മുടെ രാജ്യത്തിലെവിടെയോ വന്നിട്ടുണ്ടെന്നു കേട്ടു. ഭർത്താവിനു വീണ്ടും സിംഹാസനം ലഭിക്കുന്നതിനു വേണ്ട സഹായം ചെയ്യണമെന്നു് നമ്മുടെ രാജ്ഞിയോടു് അഭ്യർത്ഥിക്കുന്നു. സിംഹളദ്വീപിലെ ജനങ്ങളുടെ നേതാവായ കർമ്മവീരനാണു് ഇപ്പോൾ ഭരണം നടത്തുന്നതു്; രസലേശമഹാരാജാവു് കർമ്മവീരനോടു യുദ്ധം ചെയ്യുന്നതിനു് വേണ്ട ഒരുക്കങ്ങൾ ചെയ്യുകയാണെന്നു കേട്ടു. ശ്രീരംഗപ്രഭു, രസലേശന്റെ നിർഭാഗ്യത്തിൽ പങ്കുകൊണ്ടോടി നടക്കയായിരിക്കും."

നരേന്ദ്ര— ആ സാധുരാജ്ഞിക്കു നമ്മളോടു വല്ലവരോടും സഹായം അവശ്യപ്പെടാമായിരുന്നല്ലോ. നമ്മുടെ രാജ്ഞിക്കുസ

ഹോമരിസ്നേഹം കാണുകയില്ല അഥവാ ഉണ്ടായാൽതന്നെയും സ്വാമിയാർ സമ്മതിക്കയില്ല.

ഇത്രയും പറഞ്ഞശേഷം നരേന്ദ്രൻ പെട്ടെന്ന് സംഭാഷണവിഷയം മാററി വിജയനോടു ചോദിച്ചു. "എൻെറ ഈ സ്ഥലത്തെപ്പററി വിജയനെന്തഭിപ്രായമാണ്?

വിജ—രമണീയമായ ഭൂപ്രകൃതി ഇതുപോലെ മറെറങ്ങും കണ്ടിട്ടില്ലെന്ന് ഞാൻ ധൈര്യമായി പറയാം. ലക്ഷ്മീദേവിയുടെ അധിവാസസ്ഥാനം ഇതുതന്നെയാണ്.

ഇങ്ങനെപറഞ്ഞുകൊണ്ടിരുന്നപ്പോൾരവീന്ദ്രനവിടെ എത്തി.

നരേ—രവീന്ദ്രാ! ഞാൻ പലപ്പോഴും ഇദ്ദേഹത്തെപ്പററി നിന്നോടു പറഞ്ഞിട്ടുണ്ട്. ഇദ്ദേഹമാണ് വിജയഭദ്രൻ.

രവീന്ദ്രൻ ഭക്ത്യാദരപൂർവം വിജയനെ നോക്കിക്കൊണ്ട്— "അച്ഛൻ അങ്ങയുടെ ബുദ്ധിസാമർത്ഥ്യത്തെയും വീരപരാക്രമങ്ങളെയും കീർത്തിച്ചു പലപ്പോഴും എന്നോടു പറഞ്ഞിട്ടുണ്ട്. ആ കഥകൾ എനിക്കു വലിയ ഇഷ്ടമാണ്."

നരേന്ദ്രൻ വളരെ പ്രശംസാപൂർവമാണു തന്നെപ്പററി ആ യുവാവിനോടു പറഞ്ഞിട്ടുള്ളതെന്നു മനസ്സിലായപ്പോൾ കൃതജ്ഞതാതിരേകത്താൽ വിജയൻ പറഞ്ഞു. "കുഞ്ഞേ പ്രഭു എന്നെപ്പററി പറഞ്ഞിട്ടുള്ള സ്തുതികളൊക്കെ അർഹിക്കുന്നതല്ലെങ്കിലും തന്നെയാണ്. എന്നിൽ വല്ല ഗുണവും കാണുന്നുണ്ടെങ്കിൽ അതദ്ദേഹത്തിൻെറ കീഴിലുള്ള അഭ്യാസംകൊണ്ടുണ്ടായിട്ടുള്ളതാണ്. രവീന്ദ്രൻെറ വിനയവും മര്യാദയും അഭിനന്ദനീയമായിരിക്കുന്നു."

നരേന്ദ്രൻെറ ഹൃദയം നന്ദികൊണ്ടു നിറഞ്ഞു. മുഖം സന്തോഷംകൊണ്ടു വികസിച്ചു.

അന്നു രാത്രി ഭക്ഷണത്തിനിരുന്നപ്പോൾ പ്രഭു വേലക്കാരനോടു പറഞ്ഞു.

"വിജയനുടെ ഭൃത്യനായ ഭദ്രന് വേണ്ട സുഖസൌകര്യങ്ങളുണ്ടാക്കി കൊടുക്കണം. അവൻ സുഖമായി ഭക്ഷിച്ചും നല്ല ശയ്യയിൽ ഉറങ്ങിയും പരിചയിച്ചിട്ടുള്ളവനാണ്."

വിജയൻ പ്രഭുവിനോട്—"എൻെറനരേന്ദ്രാ, അവിടുന്ന് എന്നെയും എൻെറ ഭൃത്യനെയും എന്തുമാത്രം കരുതുന്നു. ഞാൻ അങ്ങയോട് എങ്ങനെയാണു നന്ദി പറയേണ്ടതെന്നു വിചാരിക്കുന്നു. "നരേന്ദ്രാ" എന്നുള്ള വാക്കു കേട്ടപ്പോൾ ആരെയായിരിക്കും അങ്ങനെ സംബോധന ചെയ്തതെന്നു സംശയിച്ച് രവീന്ദ്രൻ

നിൽക്കുന്നതുകണ്ടു്. പ്രഭു പറഞ്ഞു: "കുഞ്ഞേ, നരേന്ദ്രൻ എന്നുള്ള പേരിനാലാണു് ഞാൻ വില്ലാളിസംഘത്തിലറിയപ്പെട്ടിട്ടുള്ളതു്. ആ പേരു കേൾക്കുമ്പോൾ എനിക്കു പൂർവസ്മരണകളുണ്ടാകയും, എന്റെ ഹൃദയം ആനന്ദംകൊണ്ടു തുടിക്കയും ചെയ്യുന്നു."

വിജ—ആ പേരു് കേട്ടിട്ടില്ലാത്ത യോദ്ധാക്കൾ ഇന്നു് പാണ്ഡ്യദേശത്തില്ല. ആ പേരുകാരൻ ചെയ്ത വീരകൃത്യങ്ങൾ കുഞ്ഞിനു കേൾക്കണമെ?

ഹിന്ദുക്കൾക്കു സഹജമായ ജിജ്ഞാസയോടുകൂടെ "പറയണം, പറയണം" എന്നു പറഞ്ഞുകൊണ്ടു രവീന്ദ്രൻ വിജയനോടടുത്തിരുന്നു.

വിജ—"സിംഹളദ്വീപുകാരുമായി യുദ്ധംചെയ്യുന്ന സമയം ശത്രുക്കളുടെ അസ്ത്രങ്ങളെ വകവയ്ക്കാതെ കുന്നിൻമുകളിൽ വിരുന്നൊരുക്കിയതു നരേന്ദ്രനായിരുന്നു." പിന്നീടു് ആ കഥ വിവരമായി ആ യുവാവിനെ പറഞ്ഞുകേൾപ്പിച്ചു രവീന്ദ്രൻ അത്യാശ്ചര്യത്തോടെ വളർത്തഛനെ നോക്കിയപ്പോൾ ഒരു നവചൈതന്യം അദ്ദേഹത്തിന്റെ കണ്ണുകളിൽ പ്രസരിക്കുന്നതു കണ്ടു.

നരേ—"ഇതെല്ലാംകേട്ടും വിജയൻ പറഞ്ഞതു നീ കേട്ടല്ലൊ. യുദ്ധരംഗത്തിൽവച്ചു നീ വിജയരുദ്രനെ കാണണം. അപ്പോഴത്തെ ആളിതല്ല. ഇരുമ്പുപോലെയുള്ള ദേഹം, ഉരുക്കുപോലെയുള്ള കൈയു്, അഗ്നി ചിതറുന്ന കണ്ണുകൾ, ഒരിക്കലും പിഴയ്ക്കാത്ത വാൾ, ഇതൊക്കെയാണു പ്രതിയോഗികൾക്കുള്ള അനുഭവം. അന്നു പതിനെട്ടു വയസ്സു മാത്രമെ ഉണ്ടായിരുന്നുള്ളു. അതായതു നിന്നെക്കാൾ കഷ്ടിച്ചു മൂന്നു വയസ്സു മാത്രം കൂടുതൽ. അപൽസമയം ശാന്തതയും, അപാവശ്യസമയം ധൃതഗതിയും വിജയന്റെ ലക്ഷണങ്ങളായിരുന്നു. നാളെ രാവിലെ സൌകര്യമുണ്ടെങ്കിൽ വിജയൻ നിന്നെ കുറെ ആയുധവിദ്യകൾ പഠിപ്പിക്കും. എനിക്കറിയുവാൻ പാടില്ലാത്തതു പലതും അദ്ദേഹത്തിനറിയാം."

വിജ—"അസംബന്ധം, എന്താണു സ്നേഹിതനിങ്ങനെ പറയുന്നതു്? നരേന്ദ്രൻ പണ്ടു സിംഹളദ്വീപിലെ പ്രഭുക്കന്മാരുമായി ദ്വന്ദയുദ്ധംചെയ്ത കഥ ഇന്നും ഭദ്രൻ എന്നെ ഓർപ്പിക്കയു

ണ്ടായി. കുഞ്ഞേ! രാജ്യത്തെ ഏററവും ശക്തിയുള്ള ഖഡ്ഗം എന്നു ഞാൻ നാമകരണം ചെയ്തിട്ടുള്ള വാൾ ഇവിടെ എവിടെയോ ഉണ്ട്. അതു വീശുന്ന കൈയും എൻെറ കൈയുമായി യാതൊരു സാമ്യവുമില്ല."

സംഭാഷണം തുടർന്നാൽ കൊള്ളാമെന്നു യുവാവ് ആഗ്രഹിച്ചെങ്കിലും അതിഥി യാത്ര ചെയ്തു ക്ഷീണിച്ചിരുന്നതുകൊണ്ട്, വിശ്രമം അത്യാവശ്യമെന്ന് നിർബന്ധമായി പറഞ്ഞു നരേന്ദ്രൻ പഥികനെ ഒരു കിടക്കമുറിയിലേക്കു കൂട്ടിക്കൊണ്ടുപോയി.

ഈ കുട്ടിയുടെ ഉത്ഭവം എങ്ങനെയായിരിക്കാം. നരേന്ദ്രനും ദേവീന്ദ്രനും തമ്മിൽ മുഖച്ഛായയിൽ അതിശയസാമ്യം കാണുന്നുണ്ട്. ഇതിൻെറ രഹസ്യമെന്തായിരിക്കും? അതുപോലെ തന്നെ ഒരിക്കലും യജമാനനെവിട്ടു പിരിയാത്ത ഭൃത്യൻ ശാന്തനെവിടെ? എന്തൊക്കെയോ രഹസ്യങ്ങളുണ്ട്. അദ്ദേഹം പറയുമെന്നു തോന്നുന്നില്ല. എങ്കിലും കാലക്രമം കൊണ്ടറിയാം. ഇങ്ങനെയുള്ള ചിന്തകളോടുകൂടി വിജയനുറക്കം തുടങ്ങി.

അടുത്ത ദിവസം രാവിലെ വിജയനുണർന്നു വരാന്തയിലിറങ്ങിയപ്പോൾ പ്രഭു അവിടെ കാത്തുനിൽപുണ്ടായിരുന്നു.

വിജയൻ—സ്നേഹിതൻ നേരത്തെ ഉണരുക പതിവാണോ?

നരേന്ദ്ര—ഞാനിപ്പോൾ നടക്കുവാനിറങ്ങുന്നസമയമാണ്. വരുക; നമുക്ക് ആരാമത്തിലൊന്നു ചുററി സഞ്ചരിക്കാം.

രണ്ടുപേരും ഉദ്യാനവളപ്പിൽ പ്രവേശിച്ചു വർത്തമാനങ്ങൾ പറഞ്ഞു നടന്നു.

വിജയ—സ്നേഹിതനോട് എനിക്കൊന്നു ചോദിക്കുവാനുണ്ട്.

"എന്താണു ? കേൾക്കട്ടെ."

സിംഹളദ്വീപിലെപ്പോലെ ഇവിടെയും അഭ്യന്തര കലഹം തുടങ്ങുവാനുള്ള ലക്ഷണം കാണുന്നുണ്ടെന്ന് അവിടുത്തേക്കറിയാമോ?

"അങ്ങനെ ഒരു കേൾവി എൻെറ ചെവിയിലെത്തിയിട്ടുണ്ട്."

"ആ കേൾവി വാസ്തവമാണെങ്കിൽവീണ്ടും സൈന്യത്തിൽ ചേരുവാൻ സ്നേഹിതനിഷ്ടമായിരിക്കുമോ?"

"ആരുടെ ഭാഗത്തു്?"

"സ്നേഹിതനു് ധൃതിയായല്ലൊ. ഞാൻ സാവകാശത്തിൽ പറയാം."

"എൻെറ വിജയാ, അത്യാവശ്യം നേരിട്ടാൽ ഞാൻ സമരത്തിൽ പങ്കുകൊള്ളും. എന്നാൽ അതു രാജാവിൻെറ വശത്തായിരിക്കും."

"അതെ, അങ്ങനെതന്നെ"

"വിജയാ, ഈ സൂത്രങ്ങളൊക്കെ എനിക്കറിയാം. സത്യവ്രതസ്വാമിയാരുടെ വശത്തേക്കല്ലേ വിജയൻ അളു പിടിക്കുന്നതു്? യുദ്ധവീരന്മാരുടെ മകുടമണിയായ വിജയനെ ഞാൻ ആക്ഷേപിക്കുന്നില്ല. ആ തെണ്ടിനടന്നവനല്ലൊ—ആ സ്വാമിയാർ—സത്യവ്രതൻ, ശിശുവായ രാജാവിൻെറ നാമത്തിൽ എന്തതിക്രമങ്ങളാണു പ്രവർത്തിക്കുന്നതു്? ഞാൻ എൻെറ വാൾ ഉറയിൽ നിന്നൂരുന്നതു്, രാജാവിനെ അയാളുടെ പിടിയിൽനിന്നു മോചിപ്പിക്കുന്നതിനുള്ള ശ്രമത്തിലായിരിക്കും. അയാൾ എത്ര പ്രഭുക്കന്മാരെയാണു് ബന്ധനത്തിലാക്കിയിരിക്കുന്നതു്? രാജകുടുംബത്തിലെ അംഗമായ സുലോചനപ്രഭുവിനെ അയാൾ ഇരുട്ടറയിലടച്ചിരിക്കയല്ലെ? ആ നീചൻ പുരുഷനാണെങ്കിൽ ബന്ധനസ്ഥർക്കു സ്വാതന്ത്ര്യം കൊടുത്തശേഷം യുദ്ധം ചെയ്യട്ടെ. നാം എന്തെല്ലാം സഹായങ്ങൾ ആ രാജ്ഞിക്കു ചെയ്തുകൊടുത്തിട്ടുണ്ടു്! അവർ അവ സ്മരിക്കപോലും ചെയ്യുന്നുണ്ടോ? അവരും അയാളുടെ വലയിൽ കുരുങ്ങിയല്ലൊ—" മുഴുവൻ പറഞ്ഞുതീരുന്നതിനുമുമ്പേ, രവീന്ദ്രനോടിവന്നു് കാപ്പി തയ്യാറായിരിക്കുന്ന കാര്യം പറഞ്ഞു.

വിജ—(ആത്മഗതം) കൂടുതലൊന്നും പറയാതെങ്ങിവിടെ നിന്നു പോയാൽ മതി.

കാപ്പി കഴിച്ചുകൊണ്ടിരിക്കുമ്പോൾ പ്രഭുവിൻെറ മേൽവിലാസത്തിൽ വന്ന രണ്ടെഴുത്തുകൾ വേലക്കാരൻ മേശപ്പുറത്തു വച്ചു. ഒററ നോട്ടത്തിനു് ഒരെഴുത്തിൻെറ കയ്യ്പട ശേഖരൻേറതെന്നു വിജയനു മനസ്സിലായി.

കാപ്പി കഴിഞ്ഞ ഉടൻ വിജയൻ രവീന്ദ്രനോടു പറഞ്ഞു:

"കുഞ്ഞേ വരണം. കുഞ്ഞിനു് എന്തൊക്കെ ആയുധവിദ്യക

ളറിയാമെന്നു ഞാൻ കാണട്ടെ." പ്രഭു ഏകനായിരുന്നു് എഴുത്തുകൾ വായിക്കുവാൻ ആഗ്രഹിക്കുന്നുവെന്നു ഗ്രഹിച്ചുകൊണ്ടാണു് അതിഥി അങ്ങനെ പറഞ്ഞു രവീന്ദ്രനേയുംകൊണ്ടു പോയതു്. കുറെ കഴിഞ്ഞപ്പോൾ പ്രഭു അഭ്യാസമുറിയിൽചെന്നു് ഒരു ചെറിയ പുഞ്ചിരിയോടെ വിജയനോടു ചോദിച്ചു.

"രവീന്ദ്രൻ എങ്ങനെയിരിക്കുന്നു, വല്ലതുമറിയാമോ?"

വിജയൻ—എന്റെ പ്രതീക്ഷയിൽ കവിഞ്ഞാണു്. നരേന്ദ്രന്റെ സമ്പ്രദായം മുഴുവൻതന്നെയുണ്ടു്. സ്നേഹിതന്റെ ശാന്തതകൂടി ഉണ്ടായാൽപിന്നെ ഒരു കുറവും പറയാനില്ല.

ലജ്ജകൊണ്ടു യുവാവിന്റെ മുഖം ചുവന്നു.

ഈസമയം വിജയനു വന്ന മറ്റൊരു കത്തു വേലക്കാരൻ അവിടെ കൊണ്ടുവന്നു. വേഗം വില്ലാളി അതു പൊട്ടിച്ചുവായിച്ചുകൊണ്ടു

"സ്നേഹിതാ പട്ടാളത്തിലെ അംഗമായിരുന്നാൽ ഇങ്ങനെയാണു്. ഇതാ; ഉടൻ തിരിച്ചെത്തുന്നതിനായി ആവശ്യപ്പെട്ടിരിക്കുന്നു." "ഭദ്രാ" എന്നു വിളിച്ചുകൊണ്ടുപറഞ്ഞു "ഇതാ ഞാൻ യാത്രയായി; താമസമില്ല."

(നരേന്ദ്രനോടു) "ഞാൻ പോകട്ടെ, ശാന്തനെ ഒന്നു കാണുവാൻ സാധിച്ചില്ലല്ലൊ"

നരേന്ദ്രൻ—വിജയൻ അവനെ മറന്നുപോയെന്നു ഞാൻ സംശയിച്ചു. അവനെ ഒരിടത്തയച്ചിരിക്കയാണു്. കുറേദിവസം കഴിഞ്ഞു തിരിച്ചെ വരും.

വിജയൻ—അവനെ വല്ലയിടത്തും അയച്ചാൽ എങ്ങനെയാണു്. അവന്റെ ആംഗ്യഭാഷ അവന്റെ യജമാനനു മാത്രമേ അറിയാവൂ.

നരേന്ദ്രൻ—ഇടയ്ക്കൊക്കെ ചില വാക്കുകൾ പറയും. അവൻ താമസിയാതെ തിരിച്ചെവരും.

വിജയൻ രവീന്ദ്രനോടു്— കുഞ്ഞു് ഞങ്ങളോടൊരുമിച്ചു വരുന്നോ? നമുക്കു മഹേന്ദ്രപുരിക്കു പോകാം.

മഹേന്ദ്രപുരി ഒന്നു കണ്ടാൽകൊള്ളാമെന്നു് ആഗ്രഹമുണ്ടെങ്കിലും പ്രഭുവിന്റെ മുഖത്തു നോക്കിയശേഷം രവീന്ദ്രൻ പറഞ്ഞു—

"ഞാൻ വന്നാൽ അച്ഛൻ ഏകനാകും. അതു പാടില്ലാ"

"എന്നാൽ ഞാൻ പോകുന്നു. ഈശ്വരൻ നിങ്ങളെ കാത്തു

കൊള്ളട്ടെ." എന്നു പറഞ്ഞു വിജയൻ കുതിരപ്പുറത്തു കയറി. ഭദ്രനും യാത്രപറഞ്ഞു് യജമാനനെ അനുഗമിച്ചു.

അവർ കാഴ്ചയിൽനിന്നും മറഞ്ഞപ്പോൾ പ്രഭ രവീന്ദ്രൻെറ നേരെ തിരിഞ്ഞുപറഞ്ഞു

"ഞാനൊരു ദീർഘയാത്രയ്ക്കു പോകയാണു്"

രവീന്ദ്രൻ പരിഭ്രമിച്ചു ചോദിച്ചു. "എവിടേയ്ക്കാണു്"

പ്രഭ—ഇപ്പോൾതന്നെ ഞാൻ മഹേന്ദ്രപുരിയ്ക്കു യാത്രയാണു്. അല്പംപോലും താമസിക്കാൻ പാടില്ല. നമുക്കു യാത്രപറഞ്ഞു പിരിഞ്ഞു വിജയനേയും ഭൃത്യനേയും അനുഗമിക്കാം.

സ്വല്പദൂരം സഞ്ചരിച്ചശേഷം വിജയൻ ഭൃത്യനോടു പറഞ്ഞു "മഹേന്ദ്രപുരിയിലെന്തൊക്കെയോ സംഭവങ്ങൾ നടക്കുന്നുണ്ടു്. അല്ലെങ്കിൽ ഇത്ര ധൃതിയിൽ എന്നെ വിളിക്കയില്ല."

ഭദ്രൻ—ഏതായാലും കാട്ടൂർവഴി പോകാതെ തരമില്ലല്ലൊ. അങ്ങനെയാണു നമ്മൾ സന്യാസിയോടു-ശേഖരനെജമാനനോടു-പറഞ്ഞിട്ടുള്ളതു്.

വിജയൻ—അതു ദീർഘവഴിയാണു്. എങ്കിലും വാഗ്ദാനം ചെയ്തതുകൊണ്ടു് ആ വഴി പോകാതെ തരമില്ല. നരേന്ദ്രൻ നമ്മളിൽനിന്നു് എന്തൊക്കെയോ മറച്ചുവച്ചിട്ടുണ്ടു്. ഈശ്വരാ, എന്തൊക്കെയാണു് ഇനിയും നടക്കുവാൻ പോകുന്നതു്?

യജമാനനും ഭൃത്യനും കുതിരകളെ പായിച്ചു.

---

## അദ്ധ്യായം ൧൧

---

ഒരു രാത്രി സ്വാമിയാർ, കൊട്ടാരത്തിൻെറ വരാന്തയിൽ ഉലാത്തിക്കൊണ്ടിരിക്കുമ്പോൾ അകലെയായി രണ്ടു കാവൽക്കാർ എന്തോ മന്ത്രിച്ചുകൊണ്ടിരുന്നതിൽ ചില വാക്കുകൾ കേൾക്കുവാനിടയായി. ഉടൻ അദ്ദേഹം സാവധാനത്തിൽ അവരുടെ സമീപം ചെന്നു മറഞ്ഞുനിന്നു.

ഒരുവൻ മറേറയാളിനോടു്—നിശ്ചയമായും സുലോചന പ്രഭ രക്ഷപെടും.

മറെറയാൾ—താനിത്ര പലപ്രാവശ്യം പറഞ്ഞു. ഏതു മനോവസ്ഥയിലാണദ്ദേഹത്തെ തടവിൽ പാർപ്പിച്ചിരിക്കുന്നതെന്നറിയാമോ? തനിക്കിത്ര നിശ്ചയംവരാൻ കാര്യമെന്താണു്,

"രാമക്കണിയാരു പറഞ്ഞതാണു്. അയാൾ പറയുന്നതൊന്നും തെറ്റുകയില്ല."

"കണിയാരു പറയട്ടെ. അതിനു നമുക്കെന്താണു്?"

"സ്വാമിയാർ തിരുമനസ്സുകൊണ്ടു് അറിഞ്ഞിരുന്നെങ്കിൽ തടവുകാരൻ രക്ഷപെടാതിരിക്കാൻ അദ്ദേഹം വേണ്ട കരുതലുകൾ ചെയ്യുമായിരുന്നു."

"താനെന്താണീ പറയുന്നതു്. രാമക്കണിയാർ വലിയ ജോൽസ്യനും മന്ത്രവാദിയുമാണു്. അദ്ദേഹം പറഞ്ഞാൽ അതുപോലെ സംഭവിക്കുമെന്നും പറയുന്നു. എന്നാൽ സ്വാമിയാർ തിരുമനസ്സുകൊണ്ടു കരുതലുകൾ ചെയ്താലും ഫലമില്ലല്ലൊ. വിധിയുടെ ഗതിയെ വല്ലവർക്കും തടസ്സംചെയ്യുവാൻ സാധിക്കുമോ?"

സ്വാമിയാർ ഇതു കേട്ടപ്പോൾ ഒന്നു ഞെട്ടി. ഭയംകൊണ്ടു് അദ്ദേഹത്തിനു രോമാഞ്ചം ഉണ്ടായി. അന്ധവിശ്വാസത്തിൽ അദ്ദേഹം അടിപതിയനാണെന്നുള്ളതു മററാരും അറിഞ്ഞിട്ടില്ല. അദ്ദേഹം ഉടൻതന്നെ മുറിയിൽ ചെന്നിരുന്നുകൊണ്ടു വാസുവിനെ വിളിച്ചു, കാരാഗൃഹാധിപതിയായ കമലേശനെ ഉടനെ വിളിച്ചുകൊണ്ടുവരുന്നതിനു് ആളയയ്ക്കുവാനാജ്ഞാപിച്ചു.

"സുലോചനപ്രഭു രാജകുടുംബാംഗമാണു്. ജനങ്ങളുടെ ആരാധനാപാത്രമാണു്. ധീരനും, ശക്തനും, പരാക്രമശാലിയുമാണു്. അദ്ദേഹം സ്വതന്ത്രനാകുന്നപക്ഷം ഞാൻ തകർന്നുപോകും. രാജാവിന്റെ രക്ഷകർത്താവായി അദ്ദേഹം വാഴും."

ഇങ്ങനെ ചിന്തിച്ചു്, പരിഹാരമാർഗ്ഗങ്ങളെപ്പററി ആലോചിച്ചുകൊണ്ടിരിക്കുമ്പോൾ കമലേശൻ മുറിയിൽ പ്രവേശിച്ചുമാറിനിന്നു.

സ്വാമിയാർ—അടുത്തുവരണം.

ആ ഉദ്യോഗസ്ഥൻ കുറേക്കൂടി അടുത്തുനിന്നു.

സ്വാമിയാർ—ഇവിടെയുള്ള ചിലർ പറയുന്നതു കേട്ടുവോ?

കമലേശൻ—അടിയനു മനസ്സിലായില്ല.

സ്വാമിയാർ—അവർ പറയുന്നതു സുലോചനപ്രഭു രക്ഷപെടുമെന്നാണു്.

ആ ഉദ്യോഗസ്ഥൻ ആശ്ചര്യംകൊണ്ടു കണ്ണുകൾ വിടർ

ത്തി വാഴുംതുറന്നു് അല്പനേരം നിന്നശേഷം ഒരു ചിരിയോടെ
പറഞ്ഞു "രക്ഷപ്പെടുമെന്നോ? ഊണും ഉറക്കവും കൂടാതെ അടി
യൻ കാവലാണു്. മുറിയുടെ ഭിത്തികനം ഏഴടിയാണു്. ജന
ലുകളുടെ അഴിക്കു് അടിയന്റെ കൈയുടെ വണ്ണമുണ്ടു്."

സ്വാമിയാർ—ശക്തരും സൂത്രശാലികളുമായവർക്കു് അ
തൊന്നും സാരമില്ല.

ഉദ്യോഗസ്ഥൻ—"ഭിത്തിഭേദിക്കുന്ന പക്ഷം വെളിയിൽ
കാവൽ നിൽക്കുന്ന എട്ടുപേരോടു കണക്കു പറയണം. ആ എ
ട്ടുപേർ എപ്പോഴും മുറിയെ വളഞ്ഞു നില്പുണ്ടു്."

സ്വാമിയാർ—"പ്രഭു ചിലപ്പോഴൊക്കെ വെളിയിലിറങ്ങു
ന്നുണ്ടു്. അല്ലെ?"

ഉദ്യോഗസ്ഥൻ—കല്പനപ്രകാരമാണു് അതു സമ്മതിച്ചു കൊ
ടുത്തിരിക്കുന്നതു്. അതൊക്കെ കാവൽ സഹിതമാണു്. അവിടുന്നു്
ആജ്ഞാപിക്കുന്നപക്ഷം ആ സ്വാതന്ത്ര്യങ്ങളൊക്കെ പിൻവലിച്ചു്,
എപ്പോഴും അറയിൽ തന്നെ സൂക്ഷിച്ചുകൊള്ളാം."

"ഹെയ്, ആ സ്വാതന്ത്ര്യങ്ങളൊന്നും പിൻവലിക്കണ്ട.
അദ്ദേഹം രാജകുടുംബത്തിൽ പെട്ടയാളല്ലെ?" പ്രഭുവിനെ തീരെ
അസ്വാതന്ത്ര്യനാക്കുന്ന പക്ഷം അതൊരിക്കൽ തനിക്കു നാശമായി
ത്തീരുമെന്നു സ്വാമിയാർ ഭയപ്പെട്ടു. അദ്ദേഹം തുടർന്നു പറ
ഞ്ഞു. "ആകട്ടെ, അദ്ദേഹം രക്ഷപെട്ടെന്നു് ഞാൻ കേൾക്കുവാ
നിടയാകരുതു്."

ഉദ്യോഗസ്ഥൻ—"പ്രഭു ഒരു പക്ഷിയായിത്തീരുവാൻ ത
ക്കവണ്ണം വല്ല മന്ത്രശക്തിയുമുണ്ടെങ്കിൽ രക്ഷ പെട്ടേക്കുമായിരി
ക്കും. അതും ഒരു ചെറിയ പക്ഷിയാണെങ്കിൽ മാത്രമെ സാധി
ക്കയുള്ളു."

സ്വാമിയാർ—"അത്ര ധൈര്യം പറയേണ്ട. പ്രഭുവിനെ
തടവിൽ കൊണ്ടുപോരുന്ന വഴി അദ്ദേഹം പടയാളികളോടു്
പറഞ്ഞതെന്താണെന്നറിയാമൊ? അദ്ദേഹത്തിനു് ഒന്നല്ലാ, നാ
ലുതു മാർഗ്ഗങ്ങളിൽ രക്ഷപെടുവാൻ സാധിക്കുമെന്നാണു്."

ഉദ്യോഗസ്ഥൻ—"എന്നാൽ ഇതിനു മുമ്പേ തന്നെ രക്ഷപെ
ടുവാൻ കഴിയുമായിരുന്നല്ലൊ. ഒരു മാർഗ്ഗവും സാധിക്കയില്ല.
ഇപ്പോൾ ഞാൻ അവിടെയില്ലാതിരിക്കുന്ന സമയം, എന്നെക്കാൾ
പതിന്മടങ്ങു ജാഗ്രതയോടെ ഒരാൾ അദ്ദേഹത്തെ സൂക്ഷിക്കുന്നു

ണ്ടു്. അയാളുടെ സൂക്ഷ്മത കുറേ കടന്നു പോകുന്നില്ലേ എന്നു മാത്രമേ എനിക്കു സംശയമുള്ളു."

സ്വാമിയാർ—"അതാരാണു്?"

ഉദ്യോഗസ്ഥൻ—"'ശാന്തൻ' എന്നാണു് പേരു്. 'കഠിനൻ' എന്നു വേണം അയാളെ വിളിക്കേണ്ടതെന്നു തോന്നുന്നു. എന്റെ ഒരു സ്നേഹിതന്റെ ശുപാർശപ്രകാരമാണു് അയാളെ ഞാൻ സ്വീകരിച്ചതു്. അയാൾ ജോലി ചെയ്യുന്നതു കണ്ടപ്പോഴാണു് അയാളോടു് എനിക്കു ബഹുമാനം തോന്നിയതു്. അയാൾ വല്ലപ്പോഴും ഒരു വാക്കു പറഞ്ഞെങ്കിലായി. അധികവും ആംഗ്യംകൊണ്ടാണു് കാര്യം സാധിക്കുന്നതു്. ആൾ ബഹു സമർത്ഥൻ."

സ്വാമിയാർ—"ഭേഷ്! അയാൾ ജോലി ഭംഗിയാംവണ്ണം നിർവഹിക്കുന്നെങ്കിൽ ഉദ്യോഗക്കയററം കൊടുക്കുന്നതാണെന്നു ഞാൻ പറഞ്ഞതായി പറയണം. നിങ്ങൾക്കു പോകാം."

എന്നിട്ടും സ്വാമിയാർക്കു മനസ്സമാധാനമുണ്ടായില്ല. വിജയരുദ്രന്റെ സാന്നിദ്ധ്യം അത്യപേക്ഷിതമെന്നു കരുതി അദ്ദേഹം ഉടൻ രാജധാനിയിലെത്തുന്നതിനായി അടുത്ത ദിവസം രാവിലെ എഴുന്നള്ളുകയാണുണ്ടായതു്.

---

# അദ്ധ്യായം ൧൩

---

കാരാഗൃഹവാസിയായ സുലോചനപ്രഭു യാതൊരു ക്ലേശവും കൂടാതെ ഫലിതങ്ങളും പറഞ്ഞു നേരം കളയുന്നതു കണ്ടിട്ടു് കമലേശൻ വിസ്മയഭരിതനായി. രക്ഷപ്പെടാമെന്നുള്ള ധൈര്യംകൊണ്ടായിരിക്കുമോ ഇങ്ങനെ സരസസംഭാഷണംകൊണ്ടു് പ്രഭു സമയം പോക്കുന്നതെന്നു് ആ ഉദ്യോഗസ്ഥൻ സംശയിച്ചിട്ടു്, കാവൽ കുറേക്കൂടി ശക്തിപ്പെടുത്തി. അപ്രകാരേണ രക്ഷപ്പെടുന്നതു് സാധ്യമല്ലെന്നു ബോദ്ധ്യമായപ്പോൾ സ്വാമിയാരോടുള്ള പ്രതിക്രിയയായിട്ടു് അദ്ദേഹത്തെ ശകാരവർഷം ചെയ്തുകൊണ്ടു് പ്രഭുത്വപ്പൂതിയടയുക പതിവായിത്തീർന്നു. ഇതൊക്കെ സ്വാമിയാരറിയു

നമുണ്ടു്. ഒരു ദിവസം കുറേ കരിക്കഷണങ്ങൾ, പ്രഭുവിന്റെ കയ്യിൽ കിട്ടിയതുകൊണ്ടു്, ഭിത്തി മുഴുവനും പല ചിത്രരൂപങ്ങൾ വരച്ചു വച്ചിട്ടു്, ഓരോന്നിന്റെയും അടിയിൽ "മഹാ മഹിമശ്രീ, സത്യവ്രതസ്വാമിയവർകൾ" എന്നു് എഴുതിവച്ചു. പിന്നീടു് കമലേശൻ മുറിയിൽ പ്രവേശിച്ചപ്പോൾ, ഓരോന്നും കാണിച്ചു് അതിന്റെ അർത്ഥവും മനസ്സിലാക്കി. കമലേശനു ചിരി വന്നെങ്കിലും സ്വാമിയാരറിഞ്ഞാൽ കോപിക്കും എന്നുള്ളതുകൊണ്ടു് അധരമമർത്തി പിടിച്ചു. അതെല്ലാം കണ്ടുകൊണ്ടു നിന്നു. അയാൾക്കു് എന്തു ചെയ്യുവാൻ സാധിക്കും? തടവുകാരൻ രക്ഷപെടാതിരിക്കുന്നതിനു് സൂക്ഷിക്കണമെന്നു മാത്രമേ ചട്ടം കെട്ടിയുള്ളു. അദ്ദേഹത്തിനു് ന്യായമായി എല്ലാ സ്വാതന്ത്ര്യങ്ങളും കൊടുക്കണം. ഒരു സമയം പ്രഭുവിനെ വെളിയിൽകൊണ്ടുപോയ അവസരംനോക്കി വേലക്കാരെക്കൊണ്ടു് ഭിത്തിയിലെ പടങ്ങൾ മായിച്ചു. അദ്ദേഹം തിരികെ വന്നപ്പോൾ ഭിത്തിയിൽ നോക്കിയശേഷം. പറഞ്ഞു "കമലേശനു് വന്ദനം. വലിയ ഉപകാരമാണു ചെയ്തതു്. വീണ്ടും വരയ്ക്കാൻ സ്ഥലം വൃത്തിയാക്കിത്തരുകയായിരുന്നു ഏതായാലും ഖഡ്ഗം കയ്യിൽ നിന്നെടുത്തു കളഞ്ഞു. അതുകൊണ്ടു ചിത്രമെഴുത്തു ജോലിയാണിനിയും നല്ലതു്" കരിയോ, കമ്മായക്കഷണമോ അദ്ദേഹത്തിന്റെ കയ്യിൽ കിട്ടാതിരിക്കുന്നതിനു കമലേശൻ ചട്ടം കെട്ടിയതുകൊണ്ടു പ്രഭു വേറൊരു നേരംപോക്കിനു വട്ടംകൂട്ടി. കാവൽക്കാരിലൊരുത്തന്റെ ഒരു പട്ടിയെ വിലയ്ക്കു വാങ്ങിച്ചു് രണ്ടുമൂന്നുദിവസം അതിനേയുംകൊണ്ടു് മുറിയിൽ കഴിച്ചുകൂട്ടി. പട്ടിയെ എന്തൊക്കെയൊ പഠിപ്പിക്കയാണെന്നു് പാറാവുകാരറിഞ്ഞെങ്കിലും മറ്റുപദ്രവങ്ങളുണ്ടാകുകയില്ലല്ലൊ എന്നോർത്തു് സമാധാനപ്പെട്ടിരുന്നു. ഒരു ദിവസം പട്ടിയെക്കൊണ്ടു ചില കളികൾ കാണിക്കാമെന്നു പറഞ്ഞു്, കമലേശനെയും മറ്റു പാറാവുകാരെയും മുറിയിൽ ക്ഷണിച്ചുവരുത്തി. അദ്ദേഹം ഒരു വടികയ്യിലെടുത്തു വിലങ്ങെപ്പിടിച്ചു് "ചാടടാ! ശങ്ക" എന്നു പറഞ്ഞപ്പോൾ പട്ടി വടിയുടെ മുകളിൽക്കൂടി ചാടി. വീണ്ടും ഒന്നുരണ്ടു പ്രാവശ്യം കൂടി ചാടിച്ചു. ഉടൻ ഒരു പാറാവുകാരൻ പറഞ്ഞു. "ഇതു സാധാരണ പട്ടിയെക്കൊണ്ടു ചിലർ ചെയ്യിക്കുന്നതാണു്." ഉടൻ പ്രഭു ഒരാംഗ്യം കാണിച്ചു. പട്ടി വേഗം പുറം കാലുകളിൽ നിന്നുകൊണ്ടു ചാടിച്ചാടി ന

ടന്നു. അതും ഗണ്യമായ ഒരു വിദ്യയല്ലെന്നു് ചിലർ പറഞ്ഞപ്പോൾ "എന്നാൽ കണ്ടുകൊള്ളുക" എന്നു പറഞ്ഞുകൊണ്ടു് "എടാ ശംകു പാണ്ഡ്യദേശത്തെ ഏററവും സമർത്ഥനായ പാറാവുകാരനാരാണു്." എന്നു പട്ടിയോടു ചോദിച്ചു. പട്ടി ഝടുതിയിൽ മുറിക്കു ചുററും രണ്ടു പ്രാവശ്യം നടന്നിട്ടു് കമലേശന്റെ കാൽക്കൽ വന്നു കിടന്നു. കാരാഗൃഹാധിപതി കളിയായി ഭാവിച്ചു ചിരിച്ചു രഷം കോപം കൊണ്ടു നെററി ചുളിച്ചു.

പ്രഭു—"ശംകു! ഒരു വലിയ സംശയം. പാണ്ഡ്യദേശത്തിലെ ഏററവും വലിയ ദ്രോഹി ആരാണു്?" പട്ടി ഓരോരുത്തരുടെയു. അടുക്കൽ ചെന്നിട്ടു് എങ്ങും നിൽക്കാതെ വാതിൽക്കലേക്കു പോയി പ്രഭു പട്ടിയെ തിരിയെ വിളിച്ചിട്ടു് "അപ്പോൾ ആ ദ്രോഹി ഈ മുറിയിലില്ല അല്ലേ? ആകട്ടെ, ഞാൻ ചോദിക്കാം.. കമലേശനാണോ?" പട്ടി അനങ്ങിയില്ല. "മഹാരാജ്ഞിയാണോ?" പട്ടി വീണ്ടും നിശ്ചലനായിരുന്നു. "സ്വലോചന പ്രഭുവാണോ?" പട്ടിക്കു് അനക്കമില്ല "മഹാമഹിമശ്രീ സത്യവ്രതസ്വാമിയാരാണോ?" പട്ടി തല മേൽപോട്ടും കീഴ്പോട്ടും മൂന്നു പ്രാവശ്യം ആട്ടി.

കമലേശനും മററു പാറാവുകാരും പട്ടിയുടെ പരിശീലനസാമർത്ഥ്യം കണ്ടു അതിശയിച്ചെങ്കിലും സ്വാമിയാരെ ഓർത്തു ഭയപ്പെട്ടു. പ്രഭു കമലേശന്റെ ചൂരൽവടിയെടുത്തു് ഉയർത്തിപിടിച്ചു് "ശംകു രാജ്ഞിക്കുവേണ്ടി ഒരു ചാട്ടം ചാടുക" ഉടൻ പട്ടി കുതിച്ചു ചാടി ഇങ്ങനെ പലരുടെ പേരു പറഞ്ഞു ചാടിച്ചശേഷം "ഇനിയും മഹാമഹിമശ്രീ, സത്യവ്രതസ്വാമിയാരുടെ പേർക്കു് ഒരു ചാട്ടം ചാടണം." ശംകു ഉടൻ തിരിഞ്ഞിരുന്നുകളഞ്ഞു. വടി പട്ടിയുടെ നേരെ നീട്ടി രണ്ടു മൂന്നു പ്രാവശ്യം അദ്ദേഹം ആജ്ഞാപിച്ചു. ശംകു അക്ഷമനായിട്ടു്, വടി കടിച്ചു രണ്ടായി മുറിച്ചു. വടി നശിപ്പിച്ചതിൽ മനസ്താപം ഭാവിച്ചുകൊണ്ടു് അന്നത്തെ കളികൾ അവസാനിച്ചിരിക്കുന്നതായും അതിൽ കേമമായ കളികൾ അടുത്തൊരു ദിവസം കാണിക്കുന്നതാണെന്നും പ്രഭു പ്രസ്താവിച്ചു

എന്നാൽ രണ്ടു മൂന്നു ദിവസം കഴിഞ്ഞപ്പോൾ ആരോ വിഷം കൊടുക്കയാൽ ശംകു ചത്തു കിടക്കുന്നതായി കാണപ്പെട്ടു.

പ്രഭു രക്ഷപെട്ടേയ്ക്കുമെന്നുള്ള ശങ്ക വർദ്ധിച്ചപ്പോൾ അ

ദ്ദേഹത്തിനു കൊടുത്തിട്ടുള്ള സ്വാതന്ത്ര്യങ്ങളിൽ പലതും പിൻവലിക്കുന്നതിനു സ്വാമിയാർ കമലേശനു കല്പനകൊടുത്തു. അങ്ങിനെയിരിക്കുമ്പോഴാണു ശാന്തനെ കമലേശനു സഹായിയായി കിട്ടിയതു്. കമലേശനു പ്രഥമദൃഷ്ടിയിൽത്തന്നെ ശാന്തൻ സമർത്ഥനെന്നു ബോദ്ധ്യപ്പെട്ടു. അവൻ ജോലിയിൽ പ്രവേശിച്ചയുടൻ "നിബന്ധനകൾ എന്തെല്ലാം" എന്നു് ഉദ്യോഗസ്ഥനോടു ചോദിച്ചു.

കമ—ഒരിക്കലും തടവുകാരൻ ഏകനായിരുന്നുകൂടാ. എന്തെങ്കിലും കൂർത്തതോ, മൂർച്ചയുള്ളതോ ആയ ആയുധങ്ങൾ അദ്ദേഹത്തിൻെറ കൈയിൽ കാണപ്പെടരുതു്. വെളിയിലുള്ളവരോടു് ആംഗ്യം കാണിക്കുന്നതിനുപോലും അദ്ദേഹത്തെ അനുവദിച്ചുകൂടാ. കാവൽക്കാരോടുപോലും ദീർഘമായി സംഭാഷണം ചെയ്യുന്നതിനു സമ്മതിക്കരുതു്.

"ഇത്രമാത്രമെയുള്ളുവോ?" എന്നു ശാന്തൻ ചോദിച്ചു.

കമ—തൽക്കാലം ഇത്രേയുള്ളു. കൂടുതലായി നിബന്ധനകൾ വേണ്ടിയിരുന്നാൽ അപ്പോളറിയിക്കാം.

"ഭേഷ്!" എന്നു പറഞ്ഞുകൊണ്ടു ശാന്തൻ തടവുകാരൻെറ മുറിയിൽ പ്രവേശിച്ചു. ആ സമയം പ്രഭു ഒരു ചീപ്പുകൊണ്ടു് അദ്ദേഹത്തിൻെറ മുടി ചീകുകയായിരുന്നു. ശാന്തൻ അതുനോക്കിക്കൊണ്ടുനിന്നു. പ്രഭു ചീപ്പു മേശപ്പുറത്തു വച്ചപ്പോൾ ആദരപൂർവം അതു കൈയിലാക്കി കീശയിലിട്ടു. പ്രഭു ആശ്ചര്യചിത്തനായി ആഗതനെ നോക്കിക്കൊണ്ടു ചോദിച്ചു.

"ഹെയ് നിങ്ങളാരാണു്?" ശാന്തൻ പ്രഭുവിനെ ഒന്നു വണങ്ങി തല കുനിക്കമാത്രം ചെയ്തു.

"ഹെയ് നിങ്ങളാരാണെന്നു പറയണം." എന്നുവീണ്ടും ചോദിച്ചു

"കാവൽക്കാരൻ എന്നു മാത്രം ശാന്തൻ മറുപടി പറഞ്ഞു.

"കാവൽക്കാരനോ? കൊള്ളാം. ഒരാളിൻെറ ആവശ്യം കൂടെ വേണ്ടിവന്നോ? ആരവിടെ, കമലേശാ!" എന്നുച്ചത്തിൽ വിളിച്ചു. കമലേശൻ ഓടിവന്നു മുറിയിൽ കയറി "എന്താണു് പ്രഭോ?" എന്നു ചോദിച്ചു.

പ്രഭു—എടോ, എൻെറ ചീപ്പു കീശയിലാക്കിയ ഈ മിണ്ടാപ്രാണിയാരാണു്?

കമലേ—അയാൾ പുതിയതായി നിയമിക്കപ്പെട്ട കാവൽക്കാരനാണു്. സമർത്ഥനെന്നു് അവിടുത്തേക്കു താമസിയാതെ ബോദ്ധ്യമാകും. അവിടുന്നു് അയാളുടെ പൂർണ്ണമായ അധീനതയിലാണു്.

പ്രഭു—അയാളെന്തിനാണു് എൻെറ ചീപ്പ കൈയിലാക്കിയതു്?

ശാന്തൻ ചീപ്പു കീശത്തിൽനിന്നു് വെളിയിലെടുത്തു്, അതിൻെറ കൂർത്ത പല്ലുകളിൽ തപ്പിക്കാണിച്ചുകൊണ്ടു് "കൂർത്തതു്." എന്നുമാത്രം പറഞ്ഞു. അതു ശരിയെന്നു കമലേശൻ സമ്മതിച്ചു.

പ്രഭു—ആ മൃഗം എന്താണു് പറഞ്ഞതു്?

കമ—കൂർത്ത ആയുധമൊന്നും പ്രഭുവിൻെറ കൈയിൽ കണ്ടുകൂടെന്നാണു കല്പന.

പ്രഭു കോപത്തോടെ ശാന്തനെ നോക്കിയു. കൊണ്ടു് "എൻെറ കൈയെത്തുന്നിടത്തെങ്ങും താൻ വന്നു നിൽക്കാതിരിക്കയാണു നല്ലതു്." എന്നു പറഞ്ഞു. വണക്കത്തോടെ മുറിയുടെ ഒരു മൂലയിൽ മാറിനിന്നു. കമലേശൻ ചിരിച്ചു. ശാന്തൻെറ മുഖത്തു ഒരു ഭാവഭേദവും കാണാഞ്ഞതിൽ കാരാഗൃഹാധിപതിക്കു വിസ്മയവും അയാളിൽ കൂടുതൽ വിശ്വാസവും തോന്നി. പ്രഭുവിനു് ശാന്തനിൽ നിന്നു് അടിക്കടി അനേകം ഉപദ്രവങ്ങളുണ്ടായിക്കൊണ്ടിരുന്നു. ഒരു ദിവസം, ഒരു കാവൽ പടയാളി പ്രഭുവുമായി ദീർഘസംഭാഷണം ചെയ്തുകൊണ്ടിരുന്നു. ശാന്തൻ സാവധാനത്തിൽ ആദരവോടെ അടുത്തുചെന്നു് പടയാളിയുടെ കൈക്കു പിടിച്ചു് വാതിൽ കാണിച്ചുകൊടുത്തു. പടയാളി ഉടൻ അനുസരിച്ചു വെളിയിലിറങ്ങി.

"ഈ മിണ്ടാത്ത ചരക്കിനേ എവിടെനിന്നു് ഇറക്കുമതിചെയ്തു! ഇയാളുടെ കാര്യം വലിയ ഉപദ്രവമായല്ലോ:" എന്നു പ്രഭു ഗർജ്ജിച്ചു.

ശാന്തൻ വണങ്ങിനിന്നു. "തൻെറ എല്ലു ഞാൻ തകർക്കും." എന്നു പ്രഭു അട്ടഹസിച്ചപ്പോൾ ശാന്തൻ സാവധാനത്തിൽ അവിടെ നിന്നു മാറി.

"താൻ വളരെ ദിവസങ്ങളായി എന്നെ അപമാനിക്കയാണു്. തൻെറ കഴുത്തു പിടിച്ചൊടിക്കട്ടെ." എന്നു പറഞ്ഞു പ്രഭു മുമ്പോട്ടു ചാടി. മുറിയിൽ നിന്നു് ഓടിപ്പോകുന്നതിനു പകരം ശാന്തൻ

അകത്തുനിന്നു പെട്ടെന്നു് വാതിൽ ബന്ധിച്ചു. പ്രഭുവിൻെറ ബലമുള്ള കൈയ്യുകൾ ശാന്തൻെറ കഴുത്തിനു പിടിയും കൂടി. ശ്വാസം മുട്ടിയ പാറാവുകാരൻ നിലവിളിക്കാതെ വിരലുകൾ അധരങ്ങളിലേക്കു കൊണ്ടുപോയി. "അരുതു് ശബ്ദമുണ്ടാകും." എന്നു മന്ത്രിച്ചുകൊണ്ടു പുഞ്ചിരിയിട്ടു അത്ഭുതാവേശത്താൽ പ്രഭു ഉടൻ പിടിവിട്ടു. ശാന്തൻ വേഗം അയാളുടെ ഉടുപ്പിൻെറ ഉള്ളിൽനിന്നൊരെഴുത്തെടുത്തു് പ്രഭുവിൻെറ കൈയിൽ കൊടുത്തു. മേൽവിലാസത്തിൻെറ വടിവു് കണ്ടപ്പോൾ അവർണ്ണനീയമായ ആനന്ദംകൊണ്ടു പ്രഭുവിൻെറ മുഖം വികസിച്ചു. വേഗം അദ്ദേഹം എഴുത്തു പൊട്ടിച്ചുവായിച്ചു.

"ഈ എഴുത്തു തരുന്ന ആളിനെ പരിപൂർണ്ണമായി വിശ്വസിക്കണം. അയാൾ നമ്മുടെ ഭാഗത്തെ ഒരു നേതാവിൻെറ വിശ്വസ്തഭൃത്യനാണു്. രക്ഷപെടാനുള്ള സകല മാർഗ്ഗങ്ങളും ഒരുക്കിവരുന്നു. അയാൾ പറയുന്നതുപോലെ ചെയ്തുകൊള്ളണം." എഴുത്തിൽ പേരും ഒപ്പുമില്ലെങ്കിലും ആരിൽ നിന്നാണെന്നു പ്രഭുവിനറിയാമായിരുന്നു. അദ്ദേഹം അല്പനേരം സ്തബ്ധനായിനിന്നശേഷം ശാന്തൻെറ നേരെ തിരിഞ്ഞുകൊണ്ടു്:—

"എടോ, താൻ എന്നെ രക്ഷപെടുത്തുന്നതിൽ സഹായിയാണോ?"

"അതെ"

"തന്നെ ഞാൻ ഞെക്കിക്കൊല്ലുവാൻ പോകയായിരുന്നു."

ശാന്തൻ മന്ദഹാസം ചെയ്തു. "ഉപകാരം ചെയ്തവർക്കും സുലോചനപ്രഭു പ്രതിഫലം കൊടുക്കാതിരുന്നിട്ടില്ല." എന്നു പറഞ്ഞുകൊണ്ടു പ്രഭു കഴുത്തിൽ കിടന്ന മാല കൈയിലെടുത്തു് ശാന്തൻെറ നേരെ നീട്ടിക്കൊണ്ടു തുടർന്നുപറഞ്ഞു "എൻെറ കൈയിൽ പണമില്ല. ഇതിരിക്കട്ടെ." ശാന്തൻ കീശയിൽ നിന്നു പണം നിറഞ്ഞ ഒരു സഞ്ചിയെടുത്തു് "ഇതാ" യെന്നുപറഞ്ഞു പ്രഭുവിൻെറ അടുക്കലേക്കു നീട്ടി പ്രഭുവിൻെറ ആശ്ചര്യം വർദ്ധിച്ചു

ശാന്തൻ—എനിക്കാവശ്യത്തിനു പണം ഉണ്ടു്. വെളിയിലുള്ളവർ വിവരം എന്നെ ധരിപ്പിക്കുന്നുണ്ടു്. ഞാൻ പറയുന്നതുപോലെയൊക്കെ അവിടുന്നു ചെയ്തുകൊണ്ടാൽ മതി."

തനിക്കു "ഈ മാല ആവശ്യമില്ലെന്നാണോ പറയുന്നതു്?"

"അതൊക്കെ പിന്നീടു വാങ്ങിച്ചുകൊള്ളാം. അവിടുന്നൊരു പകാരം ചെയ്യണം."

"എന്താണ്?"

"എന്നെ കഠിനമായി വെറുക്കുന്നുണ്ടെന്നു മററുള്ളവര ണിക്കണം."

അപ്പോൾ വെളിയിൽ കമലേശന്റെ ശബ്ദംകേട്ട് വേഗം ശാന്തൻ വാതിൽ തുറന്നു. ആ ഉദ്യോഗസ്ഥൻ മുറിയിൽ പ്രവേശിച്ചയുടനെ പ്രഭു പറഞ്ഞു.

"കമലേശാ, നിങ്ങളെ കാണ്മാൻ ഞാൻ ധൃതിപ്പെട്ടിരിക്കയായിരുന്നു. ഈ ഊമനെ മുറിയിൽ കയററുന്നതിന് എനിക്കിഷ്ടമില്ല. ഞാൻ ജയിൽനിബന്ധനകൾ സകലതും ലംഘിക്കുവാൻ പോകയാണ്."

കമലേശൻ—അയാളെ മാററുവാൻ നിവൃത്തിയില്ല ഞാനിപ്പോൾ സ്വാമിയാരുടെ അടുക്കൽനിന്നു വരികയാണ്.

പ്രഭു—തന്റെ സ്വാമിയാരെന്തുപറഞ്ഞു?

കമലേശൻ—പ്രഭു രക്ഷപെട്ടെന്നാണ് അദ്ദേഹത്തിന്റെ ഭയം. ഒരു ജോൽസ്യൻ അഭിപ്രായപ്പെട്ടെന്നാണു പറയുന്നതു്.

പ്രഭു—ജോൽസ്യൻ സമർത്ഥനാണു്. സ്വാമിയാരെ ഭയപ്പെടുത്തുവാൻ അയാളാണു മിടുക്കൻ. കമലേശനെന്തു തോന്നുന്നു? ഞാൻ രക്ഷപെടുമോ?

കമലേശൻ—എന്നാൽപിന്നെ ഞാൻ ജീവിച്ചിരിക്കയില്ല

പ്രഭു—അങ്ങനെ പറയരുതേ. ഞാൻ രക്ഷപെടുകയോമററോ ചെയ്താൽ താൻ തന്റെ ഭാര്യയേയും കുഞ്ഞുങ്ങളേയും ഓർക്കണം. ചാകുകയുംമററും അരുതു്.

ഇങ്ങനെ കുറേനേരം സംഭാഷണം ചെയ്തശേഷം കാരാഗ്രഹപ്രമാണി പോകുവാനായി എഴുന്നേററപ്പോൾ പ്രഭു പറഞ്ഞു. "താനും തന്റെ സ്വാമിയാരും എന്തുചെയ്താലും തരക്കേടില്ല. ഈ മൂർഖനെ ഇങ്ങോട്ടയക്കാതിരുന്നാൽ മതി."

കമലേശൻ പോയിക്കഴിഞ്ഞപ്പോൾ ശാന്തൻ പ്രഭുവിനോടു പറഞ്ഞു "നാളെകഴിഞ്ഞു രാത്രി കറുത്തവാവാണ്. സന്ധ്യക്ക് ഏഴു മണിക്കും ഒൻപതു മണിക്കും മദ്ധ്യേയായി രക്ഷപെടുവാൻ തയ്യാറായിരിക്കണം."

"നമ്മൾ എങ്ങനെയാണ രക്ഷപ്പെടുന്നമാർഗ്ഗം. അതു വിവരമായി പറയണം."

"അതു ഞാൻ പറയുകയില്ല. സമയമാകുമ്പോൾ ഞാൻ പറയുന്നതുപോലെ ചെയ്തുകൊള്ളണം."

"ആരൊക്കെയാണ സഹായത്തിന്ന വെളിയിൽ നില്ക്കുന്നതു്."

"അതും പറകയില്ല."

അടുത്ത ദിവസം രാവിലെ കമലേശനും ശാന്തനും തമ്മിൽ താഴെപറയുംപ്രകാരം ഒരു സംഭാഷണമുണ്ടായി.

കമലേശൻ—പ്രഭു രക്ഷപ്പെടുമെന്ന സ്വാമിയാർക്കു വലിയ ഭയമാണു്. ഞാനും, താനുമുണ്ടെങ്കിൽ അങ്ങനെ സംഭവിക്കുമോ? ജാഗ്രതയായി പ്രഭുവിനെ സൂക്ഷിക്കാമെങ്കിൽ നമുക്കു വലിയ സമ്മാനങ്ങൾ തരുമെന്നാണു സ്വാമിയാർ പറഞ്ഞതു്"

ശാന്തൻ സന്തോഷം പ്രദർശിപ്പിച്ചു.

കമലേശൻ—ആ ജോത്സ്യൻ പറയുന്നതു കറുത്തവാവു നാൾ രാത്രി കഴിയുന്നതിന്നുമുൻപേ പ്രഭു രക്ഷപ്പെടുമെന്നാണു്. എനിക്കും കുറേശ്ശൊക്കെ ഭയമായിരിക്കുന്നു താനെന്തു പറയുന്നു?

ശാന്തൻ അല്പനേരം മിണ്ടാതിരുന്നശേഷം "അന്നരാത്രി നമുക്കു രണ്ടുപേർക്കും പ്രഭുവിൻെറ മുറിയിൽ കിടക്കണം."

കമലേശൻ—ഭേഷ്! ഞാൻ അതോർക്കാതിരുന്നില്ല. അന്നരാത്രിയിലത്തെ നമ്മുടെ ഭക്ഷണവും ആ മുറിയിൽതന്നെ. പക്ഷെ പ്രഭു അതിന്ന വിസമ്മതം പ്രദർശിപ്പിക്കുമായിരിക്കും.

ശാന്തൻ—പ്രഭുവിനെ ഭക്ഷണത്തിന്ന ക്ഷണിക്കണം.

കമലേശൻ—അങ്ങനെതന്നെ. അന്നരാത്രി ആ മുറിയിൽ തന്നെ.

കറുത്തവാവുദിവസം പകൽസമയം കമലേശൻ പ്രഭുവിൻെറമുറിയിൽ പ്രവേശിച്ചു കുറേനേരം സംഭാഷണം ചെയ്തശേഷം പറഞ്ഞു "ഇന്നരാത്രി അങ്ങയുടെകൂടെ ഭക്ഷണത്തിന്നിരിക്കണമെന്ന ഞാൻ വിചാരിക്കുന്നു."

പ്രഭു അഹ്ളാദം പ്രദർശിപ്പിച്ചുകൊണ്ടു "വളരെ സന്തോഷം. എന്നാൽ ഒരു കാര്യം, ആ നായകില്ലാത്തവരാരെ മുറിയിൽ കയററരുതു്."

കമലേശൻ—ഞാനെന്തുചെയ്യും? അവിടുന്ന ക്ഷമിക്കണം. സ്വാമിയാരുടെ കല്പന അനുസരിക്കുന്നതിന്നല്ലാതെ എനിക്കെന്തു

നിവൃത്തിയുണ്ടു്? അവിടുന്നു് യജമാനനായിരുന്നെങ്കിൽ അങ്ങയെ ഞാൻ അനുസരിക്കേണ്ട കടമയില്ലേ?

പ്രഭു—അതൊക്കെ ശരി. എനിക്കയാളുടെ മുഖം കാണുമ്പോൾ കഠിനമായ വെറുപ്പു തോന്നുന്നു.

കമലേശൻ—ഭക്ഷണസമയം അയാൾ മാറി പുറകിൽ നിന്നുകൊള്ളും.

ശാന്തൻ കൂടെയുണ്ടായിരിക്കണമെന്നു പ്രഭുവിനു് യഥാർത്ഥത്തിൽ അഗ്രഹമുള്ളതുകൊണ്ടു കമലേശൻ പറഞ്ഞതിനു സമ്മതിച്ചു.

കമലേശൻ പോയശേഷം ശാന്തൻ പ്രഭുവിന്റെ ചെവിയിൽ എന്തൊക്കെയോ മന്ത്രിച്ചു.

# അദ്ധ്യായം ൧൪.

കറുത്തവാവുനാൾ രാത്രി മണി ഏഴടിച്ചു. സുലോചന പ്രഭു അന്വേഷണത്തിൽ മുഴുകി മുറിയിലങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു. ഇനിയും ഒരു മണിക്കൂർ കഴിയുമ്പോൾ കമലേശൻ മുറിയിൽ പ്രവേശിച്ചു് ഭക്ഷണത്തിനിരിക്കും. അപ്പോൾ നടക്കുവാൻ പോകുന്നതിനെപ്പററി പ്രഭു ചിന്തിച്ചു. താൻ രക്ഷപ്പെട്ടുവെന്നറിയുമ്പോൾ സ്വാമിയാർ തിരുമനസ്സിലെ മുഖമെങ്ങനെയായിരിക്കുമെന്നുള്ളതിന്റെ ഒരു ചിത്രം മനോദർപ്പണത്തിൽ അദ്ദേഹം കണ്ടു. ചെറുതായി ഒന്നു മന്ദഹസിച്ചുകൊണ്ടു തനിക്കു സ്വാതന്ത്ര്യം കിട്ടിയാൽ എന്തെല്ലാം ചെയ്യുമെന്നു കണക്കാക്കി. ഇങ്ങനെ ദിവാസ്വപ്നം കണ്ടുകൊണ്ടു നടക്കുമ്പോൾ മുറിക്കു വെളിയിൽ താക്കോൽ കിലുങ്ങുന്ന ശബ്ദം കേട്ടു. അതിനെ തുടർന്നു വെളിയിൽ നിൽക്കുന്ന കാവൽപടയാളികളുടെ ശബ്ദവും, ചിരിയും കേട്ടുതുടങ്ങി. വാതിൽതുറന്നു്, ശാന്തൻ മുറിയിൽ പ്രവേശിച്ചു. അയാളുടെ കൈയിൽ ഒരു കുട്ടയിൽ ചോറുംകറികളും ഉണ്ടു്. അധികം താമസിയാതെ കമലേശനും മുറിയിലെത്തി ഒരു കസേര വലിച്ചിട്ടു് അതിലി

രുന്നു. ശാന്തൻ ഒരക്ഷരവും പറയാതെ പാത്രങ്ങൾ മേശപ്പുറത്തു നിരത്തി.

പ്രഭു—കമലേശാ, ഇന്നു് നിങ്ങളുടെ മുഖം വളരെ പ്രസന്നമായിരിക്കുന്നു. ഇത്ര ഭാഗ്യവാനായി നിങ്ങളെ ഞാനൊരിക്കലും കണ്ടിട്ടില്ല.

കമ—അതിന്റെ കാര്യം പറയാം. വിശന്നിരിക്കുമ്പോൾ ചോറും നല്ല കറികളും കണ്ടാൽ എനിക്കു മുഖപ്രസാദമുണ്ടാകുക പതിവാണു്. അതിനും പുറമെ ഭക്ഷണം കഴിക്കുന്നതു് ഒരു മഹാ പ്രഭുവിനോടൊരുമിച്ചുമാണല്ലൊ.

പ്രഭു—അതെ, കൂട്ടിലടയ്ക്കപ്പെട്ട ഒരു പ്രഭുവിന്റെ കൂടെ. ഏതായാലും ഇതുവരെ രക്ഷപെടുവാൻ ശ്രമിക്കാതിരുന്നതിൽ നിങ്ങൾക്കു് എന്നോടു കൃതജ്ഞത തോന്നേണ്ടതാണു്.

കമ—ശ്രമിച്ചാൽ സാധിക്കയില്ലാത്തതുകൊണ്ടാണു്.

പ്രഭു—എന്തു്? വിചാരിച്ചാൽ നിഷ്പ്രയാസം സാധിക്കും. എന്നെ ബന്ധനസ്ഥനാക്കിയപ്പോൾ പറഞ്ഞതോർക്കുന്നുണ്ടോ? രക്ഷപെടുന്നതിനു് ഒന്നല്ലാ വേണമെങ്കിൽ നാലുമാർഗ്ഗങ്ങളുണ്ടു് എന്നു.

കമലേശൻ ചിരിച്ചുകൊണ്ടു്—ഒരു മാർഗ്ഗമെങ്കിലും അവിടുന്നു പറഞ്ഞുതന്നാൽ കൊള്ളാം.

പ്രഭു ശാന്തന്റെനേരെ തിരിഞ്ഞു് "എടോ ഭക്തശ്രേഷ്ഠാ തന്റെ ദുർമ്മുഖം എനിക്കു കാണേണ്ട. താൻ ആ ചോറുകൂട്ട ഇന്ന മേശപ്പുറത്തു വയ്ക്കണം. ഞങ്ങൾ വിളമ്പിക്കൊള്ളാം." ശാന്തൻ കൂട്ട മേശപ്പുറത്തു വച്ചു.

പ്രഭു കമലേശനോടു്—രക്ഷപെടാൻ മാർഗ്ഗം പറയാം. ഒന്നാമതു നിങ്ങളെപ്പോലെ ബുദ്ധിസാമർത്ഥ്യമുള്ള ഒരു കാരാഗ്രഹപ്രമാണിയുണ്ടായിരിക്കണം. രണ്ടാമതു സ്വാമിയാരുടെ ശത്രുക്കളിൽ വല്ലവരും അവരുടെ ഒരു ഭൃത്യനെ നിങ്ങളുടെകീഴിൽ പാറാവുകാരനായി എന്നെ സൂക്ഷിക്കുന്നതിനു് അയക്കണം. അവൻ ധീരനും, സൂത്രശാലിയുമായിരിക്കണം.

കമലേശൻ—അങ്ങനെ ഒരുവനെ സ്വാധീനത്തിൽ കിട്ടിയാലെന്തു ചെയ്യുവാൻ സാധിക്കും?

പ്രഭു—വെളിയിലുള്ള സ്നേഹിതന്മാരുമായി കത്തെടപാടുകൾ നടത്തുവാൻ സാധിക്കും. അവർ എന്നെ സ്വീകരിക്കുന്നതിനായി കുതിരകളേയുംകൊണ്ടു് ഒരുങ്ങിനിൽക്കും.

കമലേശൻ—വെളിയിലിറങ്ങുവാൻ സാധിച്ചിട്ടുവേണമല്ലൊ, സ്നേഹിതന്മാരെ കാണുന്നതു്.

പ്രഭ—കാവൽപ്പടയാളികൾ ആക്രമിക്കുമെന്നാണു നിങ്ങൾ വിചാരിക്കുന്നതു്. ഞാൻ വെളിയിലിറങ്ങുന്നതുകണ്ടാൽ കാരാഗ്രഹപ്രമാണിയായിരിക്കുമെന്നു വിചാരിച്ചു് അവർ അനങ്ങുകയില്ല.

കമലേശൻ വീണ്ടും ചിരിച്ചുകൊണ്ടു്:—

"അതെങ്ങനെയെന്നു മനസ്സിലാകുന്നില്ല."

പ്രഭ—അതു പറഞ്ഞുതരാം. കാരാഗ്രഹപ്രമാണിയെ കൊന്നിട്ടു് അയാളുടെ വസ്ത്രങ്ങളെടുത്തു ധരിക്കും.

കമലേശൻ പരിഭ്രമിച്ചു "കാരാഗ്രഹപ്രമാണിയെ കൊല്ലുവാൻ ആയുധമെവിടെനിന്നാണു്?"

പ്രഭ—അതിതുപോലെയുള്ള ചോറുകുട്ടയിൽ കാണും. അതെടുത്തു കമലേശന്റെ കഴുത്തിനു്.... .....

ഇത്രയും പറഞ്ഞുകൊണ്ടു പെട്ടെന്നു പ്രഭ ചോറിനടിയിൽനിന്നു് ഒരു കഠാരിയെടുത്തു കമലേശന്റെ മാർവിനുനേരെ ചൂണ്ടിക്കൊണ്ടു "ഈ നിമിഷം ഞാൻ രക്ഷപെടുകയാണു് അനങ്ങുകയോ ശബ്ദിക്കയോ ചെയ്താൽ മരണം നിശ്ചയം." കമലേശൻ പ്രഭുവിന്റെ മുഖഭാവംകണ്ടു ഭയപ്പെട്ടു വിറച്ചുമരച്ചിരുന്നു.

പ്രഭ—വേഗം ഉടുപ്പൂരിതരണം.

കമലേശൻ ഒരുവിധത്തിൽ നാവു ചലിപ്പിച്ചുകൊണ്ടു് അപേക്ഷിച്ചു "എന്നെ കൊല്ലരുതേ!"

പ്രഭ—പറയുന്നതുപോലെ അനുസരിക്കാമെങ്കിൽ ഒന്നും ചെയ്യുകയില്ല.

കമലേശൻ—അവിടുന്നു് രക്ഷപെടുകയാണെങ്കിൽ എന്റെ ഉദ്യോഗം നഷ്ടപ്പെട്ടുഭാര്യയും കുഞ്ഞുങ്ങളുംപട്ടിണിയാകും.

പ്രഭ—നിങ്ങൾക്കു ധനം വേണ്ടതു ഞാൻ തരും.

ഈ സമയം, പിറകിൽനിന്നുകൊണ്ടു കമലേശന്റെ ഉടുപ്പഴിക്കുന്നതിനാരംഭിച്ച ശാന്തൻ സാവധാനത്തിൽ പറഞ്ഞു "എടോ; തനിക്കു ജീവൻ വേണമെങ്കിൽ അനങ്ങാതെയിരുന്നുകൊള്ളുകയാണു നല്ലതു്."

കമലേശൻ—പ്രഭോ അവിടുന്നു് ഒരു സഹായം ചെയ്യണം.

"എന്താണു്"?

"എന്റെ കൈകൾ കെട്ടിയിട്ടുവേണം പോകുവാൻ."

“എന്തിനു്?”

“അല്ലെങ്കിൽ ഞാൻ അറിഞ്ഞുകൊണ്ടു്” അവിടുന്നു രക്ഷപെട്ടതാണെന്നു സ്വാമിയാർ വ്യാഖ്യാനിക്കും.”

പ്രഭു—ശരി അങ്ങനെ ചെയ്യാം.

കമലേശൻ—പുറകിൽ കൈകൾ ചേർത്തുകെട്ടണം.

ശാന്തൻ—അങ്ങനെതന്നെ.

കമലേശൻ—എന്റെ വായിൽ കുറെ തുണിക്കുടി തള്ളിക്കയററിയാൽ കൊള്ളാം. അല്ലെങ്കിൽ ഞാനെന്തുകൊണ്ടു ശബ്ദമുണ്ടാക്കിയില്ലെന്നു ചോദിക്കും.

കമലേശൻ ആവശ്യപ്പെട്ടതുപോലെയൊക്കെ ചെയ്തു. പ്രഭു കമലേശന്റെ വസ്ത്രം ധരിച്ചു്, താക്കോൽക്കൂട്ടവും കൈയിലാക്കി. ശാന്തൻ അവിടെക്കിടന്ന മേശയും കസേരയുമെല്ലാം താഴെ മറിച്ചിട്ടുകൊണ്ടു കാരാഗ്രഹപ്രമാണിയോടു പറഞ്ഞു “ഞാൻ ഈ ചെയ്യുന്നതൊക്കെ നിങ്ങളുടെ രക്ഷയ്ക്കാണു്. നിങ്ങൾ കഴിയുന്നിടത്തോളം ഞങ്ങളെ എതിരിട്ടു എന്നു സ്വാമിയാരറിഞ്ഞുകൊള്ളട്ടെ. ഓ! ഒരു കാര്യം, എന്റെ ഇന്ത്രയും നാളത്തെ ഭക്ഷണം സ്വാമിയാരുടെ ചെലവിലായിരുന്നുവല്ലോ. അതിന്റെ വില ഇതാ മേശപ്പുറത്തിരിക്കുന്നു. കുറെ നാണയങ്ങൾ മേശപ്പുറത്തു വച്ചശേഷം ശാന്തൻ പ്രഭുവിനെ അനുഗമിച്ചു മുറിക്കു വെളിയിലിറങ്ങി. അല്പം അകലെയായി നിന്ന കാവൽപടയാളികൾ ശാന്തന്റെകൂടെ പോകുന്നതു കാരാഗ്രഹപ്രമാണിയായിരിക്കുമെന്നു വിചാരിച്ചു നിശ്ചലരായിത്തന്നെ നിന്നു. പല വാതിലുകൾ തുറന്നു പ്രഭുവും ശാന്തനും മുററത്തിറങ്ങി വേഗം പടിവാതിൽക്കലേക്കു നടന്നു. വെളിയിൽനിന്ന ഒരു പടയാളിക്കു് എന്തോ സംശയം ജനിച്ചിട്ടു് അയാൾ അവരുടെ പുറകെ പാഞ്ഞെത്തി. അവനെ പ്രഭു കുത്തിവീഴ്ത്തിയപ്പോഴേക്കും ശാന്തൻ പടിവാതൽ തുറന്നു. രണ്ടുപേരും വഴിയിലിറങ്ങി ഓടി. അപ്പോൾ കാരാഗ്രഹത്തിൽ പടയാളികൾ വെളിച്ചവുംകൊണ്ടു് ഓടുന്നതും അട്ടഹസിക്കുന്നതും അവർക്കു കേൾക്കാമായിരുന്നു. സ്വല്പം മുമ്പോട്ടോടിയപ്പോൾ കുറേപേർ കുതിരകളുമായി നിൽക്കുന്നു. ഒരുവന്റെനേരെ തിരിഞ്ഞു് “ഹാ! ചന്ദ്രസേനാ, എനിക്കു മനസ്സിലായി. മററവർ ആരൊക്കെയാണു്?”

ചന്ദ്രസേനൻ— അതു പിന്നീട് അറിയിക്കാം. അതാ ബഹളങ്ങൾ കേൾക്കുന്നു. ഇനിയും ഒരു നിമിഷവും താമസിക്കാൻ പാടില്ല.

എല്ലാവരും കുതിരപ്പുറത്തുകയറി അതിവേഗത്തിൽ അവിടെ നിന്നോടിച്ചുപോയി.

---

## അദ്ധ്യായം ൧൫.

---

വിജയഭദ്രനും ഭദ്രനും കാട്ടൂരെത്തി, ഉപേന്ദ്രനെ അന്വേഷിച്ചപ്പോൾ അദ്ദേഹവും ഭൃത്യൻ ജയന്തനും മഹേന്ദ്രപുരിക്കു പോയിരിക്കുന്നതായി അറിഞ്ഞു.

വിജയൻ—"ഭദ്രാ, നമ്മൾ കുറെ താമസിച്ചുപോയി. ഉപേന്ദ്രനും, ജയന്തനും ഇപ്പോൾ എന്റെ താമസസ്ഥലത്തെത്തിക്കാണും. ഇങ്ങനെ വളഞ്ഞു വന്നതുകൊണ്ട് അധികം സമയം നഷ്ടപ്പെട്ടു സ്വാമിയാർ കോപിക്കുമോ?" രണ്ടു പേരും മഹേന്ദ്രപുരിക്കു കുതിരകളെ വിട്ടു

വിജയഭദ്രൻ ഭൃത്യനുമായി സന്ധ്യാസമയം പട്ടണത്തിൽ വാസസ്ഥലത്തെത്തി. അപ്പോൾ വിജയന്റെ മുറിയിൽ ഉപേന്ദ്രനിരിപ്പുണ്ട്.

ഉപേന്ദ്രൻ വിജയനെ കണ്ടയുടൻ "എന്റെ വിജയാ, ഇത്ര താമസിച്ചതെന്തുകൊണ്ടാണ്? പറഞ്ഞിരുന്ന സമയം കാട്ടൂർ വരാതിരുന്നതുകൊണ്ടു ഞാനിങ്ങോട്ടു വന്നു. എന്നിട്ടും സ്നേഹിതനെ കണ്ടില്ല."

വിജയൻ—"ഞാൻ കുറെ താമസിച്ചു പോയി"

ഉപേന്ദ്രൻ—ഇവിടെ എന്റെയും ജയന്തന്റെയും കുതിരകളെ കെട്ടുന്നതിനു സൗകര്യമില്ല. ഞാൻ വേറെ വല്ലയിടത്തും താമസമാക്കിയാലെന്തെന്നു വിചാരിച്ചു. പക്ഷെ ഇവിടുത്തെ സ്ത്രീകളുരെ നല്ലവരാണ്. നല്ലമര്യാദ,കാഴ്ചയ്ക്കും തരക്കേടില്ല. അതു കൊണ്ട് ഇവിടെ താമസിച്ചു. അപ്പോൾ അവിടെ വന്ന

വീട്ടുടമസ്ഥ ഈ വാക്കുകൾ കേട്ടപ്പോൾ പണ്ടത്തെ പോലീസുദ്യോഗസ്ഥൻ വന്നപ്പോഴുണ്ടായ സംഭവമോർത്തു പിന്മാറിയെങ്കിലും വിജയനിൽ ഒരു കോപഭാവവും കാണാതിരുന്നതുകൊണ്ടു ധൈര്യസമേതം മുമ്പോട്ടു വന്നു കുശലപ്രശ്നം ചെയ്തു.

വിജയൻ—"സ്നേഹിതാ, ഇനിയും താമസിക്കുവാൻ പാടില്ല." ഉടൻ സ്വാമിയാരുടെ എഴുത്തിലെ താൽപര്യം ഉപേന്ദ്രനെ അറിയിച്ചു.

രണ്ടുപേരും പടച്ചട്ടയും ധരിച്ചു കുതിരപ്പുറത്തു കയറി.

വിജയൻ—"ജയന്തൻ കൂടെ വന്നാൽ മതി"

ഉപേന്ദ്രൻ—"എന്തുകൊണ്ടു ഭദ്രൻവന്നുകൂടാ?"

വിജയൻ—"അവനെ വെളിയിൽ കണ്ടാൽ അപ്പോൾ പിടിച്ചു തുറുങ്കിലിടും. അവൻ വലിയ ചോരപ്രധാനിയാണു്. സ്വാമിയാർക്കെതിരായിട്ടു പലതെല്ലാം ചെയ്തുകൊണ്ടു പിടികിട്ടേണ്ടും പുള്ളിയാണു്".

അവർ രണ്ടുപേരും ജയന്തനുമായി കൊട്ടാരത്തിലെത്തി. അവർ വന്നിരിക്കുന്ന വിവരം സ്വാമിയാരറിഞ്ഞു് ഉടൻ തന്റെ സന്നിധിയിൽ കൊണ്ടു വരുന്നതിനു പരിചാരകനെ അയച്ചു.

വിജയനും പിൻപിലായി ഉപേന്ദ്രനും സ്വാമിയാരുടെ മുറിയിൽ പ്രവേശിച്ചു.

സ്വാമിയാർ—"ഹാ വിജയരുദ്രനോ?—സന്തോഷം. പോയ കാര്യം എന്തായി? അതാരു്?

വിജയൻ—"ഇതു പഴയ പ്ലാളിയായ ഉപേന്ദ്രനാണു്. ഇപ്പോൾ കാട്ടൂരെ ഒരു വലിയ ജന്മിയുമാണു്."

ഭീമകായനായ ഉപേന്ദ്രനെ ആപാദചൂഡം ഒന്നു നോക്കിയ ശേഷം "ഒരു നല്ല യോദ്ധാവെന്നു ഞാൻകേട്ടിട്ടുണ്ടു്. കാഴ്ചയ്ക്കും അതു പോലെ തന്നെ തോന്നുന്നു." സ്വാമിയാരുടെ സ്തുതികേട്ടു പ്രൌഢഭാവത്തിൽ ഉപേന്ദ്രൻ തലകുനിച്ചു വണങ്ങി. സ്വാമിയാരുടെ മുഖത്തു സന്തോഷംസ്ഫുരിച്ചു. ഉപേന്ദ്രന്റെ വിസ്തൃതമായമാറിടവും നീണ്ടുതടിച്ചുരുണ്ട കൈയുകളും പ്രകാശമുള്ള കണ്ണുകളും കണ്ടപ്പോൾ രാജ്ഞിയേയും തന്നേയും സഹായിക്കുന്നതിനു വല്ലരാക്ഷസനും മനുഷ്യവേഷം ധരിച്ചു വന്നിരിക്കയാണൊ എന്നുസ്വാമിയാരോർത്തുപോയി.

സ്വാമിയാർ—വിജയരുദ്രന്റെ മററു രണ്ടു സ്നേഹിതന്മാരെവിടെ?

ഉപേന്ദ്രൻ മറുപടി പറയാൻ വായ് പൊളിച്ചപ്പോൾ വിജയൻ സ്നേഹിതനേ കണ്ണടച്ചു കാണിച്ചിട്ടു സ്വാമിയാരോടു പറഞ്ഞു. "അവർക്കു ചില അസൌകര്യങ്ങളുണ്ടു്. പിന്നീടു് അവർ വന്നെത്തും."

സ്വാമിയാർ—"ഉപേന്ദ്രനെയെങ്കിലും ലഭിച്ചല്ലോ. സന്തോഷം"

വിജയൻ—"ഉപേന്ദ്രനൊരു സങ്കടമുണ്ടു്. അതുണർത്തിക്കുന്നതുകൊണ്ടു പരിഭവപ്പെടരുതു്."

"അതെന്താണു്?"

"അദ്ദേഹം രാജ്യത്തിനും രാജ്ഞിക്കും വേണ്ടി ജീവനെ ഗണിക്കാതെ പല സാഹസകൃത്യങ്ങളും ചെയ്തിട്ടുണ്ടു്. ഇപ്പോൾ ചെയ്യുവാൻ തയ്യാറുമാണു്. ധാരാളം വസ്തുവകകളുള്ള ഒരു ജന്മിയുമാണു്. ഒരു പ്രമുഖസ്ഥാനം അർഹിക്കുന്നെങ്കിലും ഇതുവരെ അതു ലഭിക്കാത്തതുകൊണ്ടു കണ്ഠിതപ്പെട്ടിരിക്കയാണു്."

പണക്കിഴിയുടെ കെട്ടഴിക്കേണ്ടാത്ത കാര്യമായതുകൊണ്ടു സന്തോഷിച്ചു സ്വാമിയാർ പറഞ്ഞു. "അതിനു പ്രയാസമില്ല. വിശ്വസ്തതയോടെ സേവിക്കുന്നവരെ ഞാനൊരിക്കലും മറക്കയില്ല."

വിജ—കാലം ചെയ്ത സ്വാമിയാർ തിരുമനസ്സുകൊണ്ടു് അടിയനെ വില്ലാളികളിൽ ഒരു സംഘത്തിന്റെ നേതാവാക്കിയിട്ടു് ഇപ്പോൾ ഇരുപതു വർഷമായി.

സ്വാമിയാർ ചിരിച്ചുകൊണ്ടു് "എനിക്കു മനസ്സിലായി. ഉദ്യോഗക്കയററം പിന്നീടു കിട്ടിയില്ലെന്നുള്ള മനസ്താപമുണ്ടു്. അതൊക്കെ ഞാൻ ശരിയാക്കാം. അതാ, എന്താണതു്? വെളിയിലൊരു ശബ്ദം കേൾക്കുന്നതു്?"

വരാന്തവഴി ആരോ ഓടിവരുന്ന ശബ്ദം കേട്ടു. സ്വാമിയാർ പരിഭ്രമിച്ചു് വാതില്ക്കലേക്കു നോക്കിയപ്പോൾ വസ്ത്രം മുഴുവൻ പൊടിപുരണ്ട ഒരാൾ ഓടിക്കിതച്ചു മുറയിൽ കയറി അണച്ചുനിന്നു.

സ്വാമി—താനാരു്? എന്തിനു വന്നു?

ആഗതൻ കിതച്ചുകൊണ്ടു പറഞ്ഞു

"അടിയൻ കാരാഗൃഹത്തിലെ കാവൽക്കാരിലൊരുവനാണു്."

എന്തെങ്കിലും ആപത്തുണ്ടാകുമെന്നു ശങ്കിച്ചുകൊണ്ടിരുന്ന

സ്വാമിയാർ ആഗതന്റെ പരിഭ്രമം കണ്ടപ്പോൾ അമ്പരന്നു പോയി. അദ്ദേഹം എഴുന്നേറ്റുനിന്ന് ഉദ്യോഗഭാവത്തിൽ ചോദിച്ചു. "എന്താണ് വിശേഷം, വേഗത്തിൽ പറയണം."

കാവൽപടയാളി—സുലോചനപ്രഭു രക്ഷപെട്ടു.

സ്വാമിയാർ ഒന്നു ഞെട്ടി, വിവർണ്ണനായി കോപാട്ടഹാസത്തോടെ ചോദിച്ചു. "സുലോചനപ്രഭു രക്ഷപെട്ടെന്നോ? കമലേശൻ എന്തു ചെയ്യുകയായിരുന്നു?"

"അദ്ദേഹത്തെ പിടിച്ചുകെട്ടി വായിൽ പഴന്തുണിയും കയറി മുറിയിലിട്ടിരുന്നു."

"അവന്റെ സഹായിയായിരുന്ന ആ പുതിയ പാറാവുകാരനോ?"

"അയാൾ പ്രഭുവിന്റെ ആളായിരുന്നു. പ്രഭുവിന്റെ കൂടെ അയാളും രക്ഷപെട്ടു."

സ്വാമിയാർ ഒരു ഞരക്കത്തോടെ കസേരയിൽ വീണു. വിജയൻ സ്വാമിയാരുടെ അടുക്കലേക്കു ചെന്ന് "പ്രഭോ" എന്നു വിളിച്ചു.

സ്വാമി—എന്ത്?

വിജ—അവിടുന്ന് വിലയേറിയ സമയം നഷ്ടപ്പെടുത്തുകയാണ്.

"എങ്ങനെ?"

"രക്ഷപെട്ടവരെ പിൻതുടരുന്നതിന് ഉടൻ ആളുകളെ അയയ്ക്കുന്നപക്ഷം ഒരു പക്ഷേ അവരെ വീണ്ടും ബന്ധനസ്ഥരാക്കിയെന്നുവരാം."

"ആരു പിൻതുടരാനാണ്?"

"ഞങ്ങൾ"

"നിങ്ങളോ?"

"എന്തുകൊണ്ട്?"

"ഈ രാത്രിയിൽ ഈ വിസ്തൃതമായ രാജ്യത്തെവിടെയോ മറഞ്ഞവരെ നിങ്ങൾ പിൻതുടർന്നു പിടിക്കാമെന്നോ?"

വിജ—അടിയനു കല്പന തരണം.

ഉപേ—അടിയനും.

സ്വാമി—ഒരു കഠിനയുദ്ധം ചെയ്യാതെ പ്രഭു പിടി തരുമെന്നു നിങ്ങൾ വിചാരിക്കുന്നോ.

വിജയൻ—യുദ്ധം ചെയ്യുവാൻ കൈകാലുകൾ തരിക്കുന്നു.

ഉപേ—എന്റെയും.

സ്വാമിയാർ വേഗം ഒരു കടലാസെടുത്തു് ഒന്നുരണ്ടു വരിയെഴുതി ഒപ്പുവെച്ചു വിജയന്റെ കൈയ്യിൽ കൊടുത്തുകൊണ്ടു പറഞ്ഞു. "നിങ്ങൾക്കാവശ്യമുള്ള ആളുകളെയും തിരഞ്ഞെടുത്തുകൊണ്ടു് ഉടൻപോകുക."

സ്വാമിയാർ തുടർന്നുപറഞ്ഞു. "വേഗം. ഉപേന്ദ്രാ! പ്രഭുസ്ഥാനത്തിന്നു്, ഈ രാത്രികൊണ്ടാണു യോഗ്യനാകേണ്ടതു്. വിജയഭദ്രാ, സുലോചനപ്രഭുവിനെ ജീവനോടെ കിട്ടിയില്ലെങ്കിൽ, അദ്ദേഹത്തിന്റെ ശവമെങ്കിലും കൊണ്ടുവരണം."

കൊട്ടാരത്തിൽനിന്നു ലഭിച്ച പത്തു ഭടന്മാരുമായി വായുവേഗത്തിൽ തെരുവിൽക്കൂടി അവർ കുതിരകളെ പായിച്ചു. വഴിയരികിൽ താമസമുള്ളവർ ശബ്ദം കേട്ടു സംഭ്രമിച്ചു ജനലുകളിൽക്കൂടി വഴിയിലേക്കു നോക്കി. പോയവഴി വഴിയരികിൽ നിന്നു ഒരു വൃദ്ധനെ വിജയന്റെ കുതിരതള്ളിവീഴ്ത്തിയതു വിജയൻ അറിഞ്ഞെങ്കിലും തിരിഞ്ഞുനോക്കിയില്ല. വിജയനും അനുയായികളും കാരാഗൃഹത്തിന്റെ വാതിൽക്കലെത്തി. അവിടെനിന്ന ഉദ്യോഗസ്ഥൻ വിജയനെ തടഞ്ഞു: വിജയൻ ഇടിനാദംപോലെയുള്ള സ്വരത്തിൽ പറഞ്ഞു.

"തനിക്കുകിട്ടിയിട്ടുള്ള ഉത്തരവുകൾ എന്നെ ബന്ധിക്കയില്ല. എന്റെ ചോദ്യങ്ങൾക്കുത്തരം പറയണം."

ആ ഉദ്യോഗസ്ഥൻ അല്പംവിസമ്മതം പ്രദർശിപ്പിച്ചപ്പോൾ വിജയൻ അട്ടഹസിച്ചു പറഞ്ഞു.

"എടോ! കൊള്ളരുതാത്ത ശപ്പാ! നിങ്ങളെപ്പോലെയുള്ള ഉറക്കം തൂങ്ങികൾ ഇവിടെയുള്ളതുകൊണ്ടല്ലേ പ്രഭു രക്ഷപെട്ടതു്. എന്റെ ചോദ്യങ്ങൾക്കുത്തരം പറയണം. ഇതാകല്പന." ഉദ്യോഗസ്ഥൻ വില്ലാളിനേതാവിന്റെ ശകാരം കേട്ടു യാതൊന്നും പറയാതെ രക്ഷപെട്ടവർ ഏതുഭാഗത്തേക്കാണു് ഓടിയതെന്നും മറ്റുമുള്ള വിവരങ്ങൾ പറഞ്ഞുകൊടുത്തു.

വിജ—അവർ ഓടിയിട്ടു് എത്ര മണിക്കൂറായി.

ഉദ്യോഗസ്ഥൻ—ഒരു മണിക്കൂറിൽ കൂടുതലായിട്ടില്ല.

വിജ—എത്ര പേരുണ്ടു?

ഉദ്യോ—നാലഞ്ചുപേരിൽ കൂടുതലില്ല.

വിജ—നിങ്ങൾ അവരെ പിൻതുടർന്നില്ലേ?

ഉദ്യോ_കുറെദൂരം പിൻതുടർന്നശേഷം ഭഗ്നാശയരായി തിരിയെപോന്നു.

വിജയ__ഉപേന്ദ്രാ, നമുക്കതിവേഗത്തിൽ മുമ്പോട്ടു പോകാം.

ഏകദേശം ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ ഒരു കുതിര ക്ഷീണിച്ച് അതിൻെറ പുറത്തിരുന്ന പടയാളിയേയും കൊണ്ടു താഴെ വീണു. വിജയൻ പുറകോട്ടു നോക്കുകപോലും ചെയ്തില്ല.

ഉപേന്ദ്ര__ഇങ്ങനെ പോകയാണെങ്കിൽ നമ്മളിൽ എത്ര പേർ ചെന്നെത്തുമോ?

വിജ__വീഴുന്നവരൊക്കെ വീഴട്ടെ. നമ്മൾ മാത്രം ചെന്നെത്തിയാലും മതി. ശത്രുക്കൾ നാലഞ്ചുപേർ മാത്രമെ ഉള്ളല്ലൊ. അവരും യാത്രചെയ്തു ക്ഷീണിച്ചിരിക്കും. അതിവേഗത്തിൽ മുമ്പോട്ടു പോകട്ടെ!

കുതിരകളോരോന്നായി വീണുതുടങ്ങി. ഓടിക്കൊണ്ടിരുന്ന കുതിരകളുടെ വായിൽനിന്ന് പത തെറിച്ചുകൊണ്ടിരുന്നു. ഏകദേശം ഒരു മണിക്കൂർകൂടി കഴിഞ്ഞപ്പോൾ ഉപേന്ദ്രൻ പറഞ്ഞു. "വിജയാ, കുതിരകൾക്കു അല്പം വിശ്രമം കൊടുത്തില്ലെങ്കിൽ, നമുക്കു മുമ്പോട്ടു പോകുന്നതിനു സാധിക്കയില്ല."

വിജയ__കുതിരകൾ ചാകട്ടെ നമുക്കു താമസിക്കാൻ തരമില്ല.

"യജമാനന്മാരെ ഞാൻ വീണുപോയി" എന്നു ജയന്തൻ പിറകിൽനിന്നു വിളിച്ചുപറഞ്ഞു അപ്പോഴേക്കു "ഇതാ എൻെറ കുതിരയും" എന്നു പറഞ്ഞ് ഉപേന്ദ്രനും താഴെയായി. പെട്ടെന്ന് വിജയൻെറ കുതിരയും ഒരു വശത്തേക്കു ചരിഞ്ഞു.

വിജ_കഷ്ടം എന്തുചെയ്യാം. കൂടെയുള്ളവരെല്ലാം ഒന്നൊന്നായി പുറകിൽ വീണു. നമ്മൾ മൂവരുംശേഷിച്ചു. ഇതാ, കുതിരപോയ പാടുകൾ കാണുന്നു. നമുക്ക് മുന്നോട്ടോടാം?

ജയ "ഇനി നാങ്ങോതിരിക്കണേ.

ഉപേ_എന്താണെ ജയന്താ.

ജയ__കുതിര കനറവുന്ന ശബ്ദം ഞാൻ കേട്ടു

എല്ലാവരും അനങ്ങാതെ ചെവിയോർത്തു. അപ്പോൾ പിന്നെയും അതുപോലെ ഒരു ശബ്ദം കേട്ടു.

വിജയൻ—ഏകദേശം അഞ്ഞൂറടി അകലെയായിട്ടാണ്?

ജയ—യജമാനനെ, അവിടെ ഒരു ലായമുണ്ട്.

വിജ—എന്നാൽ നമുക്കങ്ങോട്ടു പോകാം. എന്തിനും നിങ്ങൾ സന്നദ്ധരായിക്കൊള്ളണം. ശബ്ദമുണ്ടാക്കാതെ അടുത്തു ചെല്ലാം.

അവർ നിശ്ശബ്ദരായി മുമ്പോട്ടു നടന്നപ്പോൾ അല്പം അകലെയായി ഒരു വെളിച്ചം കണ്ടു. വെളിച്ചത്തോടടുത്തപ്പോൾ ഒരു കുതിരക്കാരൻ നാലു കുതിരകൾക്കു തീററി കൊടുത്തുകൊണ്ടു നിൽക്കുന്നതു കണ്ടു. വിജയൻ അയാളുടെ അടുക്കൽ ചെന്നു പറഞ്ഞു. "ഈ കുതിരകളെ ഞാൻ വിലയ്ക്കെടുത്തുകൊള്ളാം." അയാൾ തിരിഞ്ഞു ആശ്ചര്യചിത്തനായി നിന്നു.

വിജ—എടോ തനിക്കു മനസ്സിലായില്ലെ? ഞാൻ കുതിരകളെ വിലയ്ക്കെടുത്തു കൊള്ളാം.

കുതിരക്കാ—ഇവയെ വിൽക്കാനല്ല.

വിജയൻ"എന്നാൽഅവയെ ഞാൻ എടുക്കയാണ."എന്നുപറഞ്ഞു ഒന്നിന്റെ കടിഞ്ഞാണിൽ പിടിച്ചു ഉപേന്ദ്രനും ജയന്തനും മുമ്പോട്ടുവന്നു ഓരോ കുതിരയെ പിടിച്ചു.

കുതി—നിങ്ങൾ ഭ്രാന്തരോ? ഈ കുതിരകൾ വളരെ ദൂരം യാത്ര ചെയ്തതാണ്. ഇപ്പോൾ ഇവയെ കെട്ടിയിട്ടു കഷ്ടിച്ചു കാൽ മണിക്കൂർ മാത്രമെ ആയിട്ടുള്ളു.

വിജ—കുതിരകൾക്കു കാൽ മണിക്കൂർ നേരത്തെ വിശ്രമം ധാരാളം മതി.

കുതി—അയ്യോ! ഇതെന്തു കളിയാണ്. നിങ്ങൾ കുതിരകളെ പിടിക്കരുത്. അവ സുലോചന പ്രഭുവിന്റെ വകയാണ്. അദ്ദേഹത്തിന്റെ ആളുകൾ ഇവിടെ അടുത്തുണ്ട്. ഞാൻ അവരെ വിളിക്കും."

വിജ—മിണ്ടാതിരുന്നില്ലെങ്കിൽ തല താഴെയിടും. ഉപേന്ദ്രാ, ജയന്താ കയറിക്കൊള്ളുക.

മൂവരും കുതിരകളെ അതിവേഗത്തിൽ വിട്ടു. "അയ്യോ, ഓടിവരണേ" എന്നുള്ള കുതിരക്കാരന്റെ നിലവിളി വളരെപ്പുറകിൽ അവർക്കു കേൾക്കാമായിരുന്നു.

വിജ—ഉപേന്ദ്രാ, താമസിയാതെ നമുക്കവരെ പിടി കൂടാം. കാൽ മണിക്കൂറിലധികമായില്ലെന്ന് കുതിരക്കാരൻ പറഞ്ഞുവല്ലോ.

ഉപേ—അവർ ഇടയ്ക്കു കുതിരകളെ മാറത്തക്കവിധം വേണ്ട കരുതലോടുകൂടിയാണു യാത്രചെയ്യുന്നതു്. നാം അവരുടെ കുതിരപ്പുറത്തു കയറി അവരെ പിൻതുടരുകയാണെ്. ഭേഷ്?

ഏകദേശം ഒരു മണിക്കൂർ കൂടി കഴിഞ്ഞപ്പോൾ കുതിരകൾ ക്ഷീണിക്കുന്നതുപോലെ തോന്നി.

വിജ—അവർ അതിവേഗത്തിലായിരിക്കണം പോകുന്നതു് ഇതുവരെ കണ്ടെത്തിയില്ലല്ലോ. ഹാ! ഇതെന്താണു വഴിയിൽ കിടക്കുന്നതു്. വീണുപോയ ഒരു കുതിരയാണു. ശരി അവരുടെ കുതിരകളും ക്ഷീണിച്ചിരിക്കണം.

ഉപേ—അതാ വേറൊന്നു ചത്തുകിടക്കുന്നു.

ജയ—യജമാനന്മാരെ അതാ; ശബ്ദം നമുക്ക് മുമ്പിലായി കേൾക്കുന്നു.

വിജയൻ ചെവിയോർത്തിട്ടു "ശരിതന്നെ, ഞാനും കേൾക്കുന്നുണ്ടു്. പിടി കിട്ടിപ്പോയി മുമ്പോട്ടു പായുക."

കുതിരകൾ അവയുടെ ശക്തി മുഴുവനുമെടുത്തു് മുമ്പോട്ടു വായുവേഗത്തിൽ പാഞ്ഞു

---

## അദ്ധ്യായം ൰൫.

---

വിജയനും ഉപേന്ദ്രനും ജയന്തനും കുറെക്കൂടി മുമ്പോട്ടു ചെന്നപ്പോൾ രണ്ടു കുതിരപ്പടയാളികൾ വഴിയിൽ അവർക്കഭിമുഖമായി നില്ക്കുന്നു.

വിജ—ശത്രുക്കൾ പിന്തുടരുന്നെന്ന് അവർ അറിഞ്ഞുപോയി. അതാ രണ്ടുപേർ, നമ്മെ എതിർക്കുവാൻ നില്ക്കുന്നു.

അവരിൽ ഒരാൾ—ആരാണു വരുന്നതു്. അവിടെ നില്ക്കണം. ജീവൻ വേണമെങ്കിൽ മുന്നോട്ടു വരരുതു്.

ഉപേ—ഹോ! ഹോ! ഞങ്ങൾ ഇങ്ങനെ വളരെ കണ്ടിട്ടുണ്ട്.

ഒരു നിമിഷത്തിനകം പ്രതിയോഗികളെ രണ്ടുപേരെയും താഴെയിട്ടുകൊണ്ടു, വിജയനും ഉപേന്ദ്രനും ഭൃത്യനുമായി മുന്നോട്ടെത്തു. ഉടൻ വേറെ രണ്ടുപട്ടാളക്കാർ മുമ്പോട്ടുവന്നു. വിജയൻ ഉപേന്ദ്രനോടു പറഞ്ഞു.

"നാം വിചാരിച്ചതുപോലെയല്ല. അവൎക്കു ധാരാളമാളുകളുണ്ടെന്നു തോന്നുന്നു."

ഉപേന്ദ്രൻ പട്ടാളക്കാരോടു വഴി മാറിക്കൊള്ളുകയാണ് നല്ലതു.

ഒരു പട്ടാളക്കാരൻ—നിങ്ങൾക്കെന്തുവേണം.

"സുലോചനപ്രഭുവിനെ" എന്ന് വില്ലാളികൾ രണ്ടുപേരും ഏകശബ്ദത്തിൽ പറഞ്ഞു. ഒച്ചവെച്ച കളിയാക്കിയുള്ള ഒരു ചിരിയായിരുന്നു അതിന്റെ മറുപടി. എന്നാൽ ആ ചിരി കരച്ചിലിലാണ് അവസാനിച്ചത്. ചിരിച്ചവനെ ഒററ വെട്ടിന് വിജയൻ വീഴ്ത്തി. ഉടൻ മററവർ വിജയനെ വെട്ടിയെങ്കിലും മിന്നൽവേഗത്തിൽ, ഒരു വശത്തേക്കു അയാൾ മാറിക്കളഞ്ഞതുകൊണ്ട് കുതിരയ്ക്കാണു മുറിവേററത്. അപ്പോഴേക്കു ആ പട്ടാളക്കാരനെ ഉപേന്ദ്രൻ താഴെയിട്ടു

വിജ—ഉപേന്ദ്രാ! എന്റെ കുതിരപോയല്ലോ.

ജയ—അതിനെന്തു പ്രയാസം. ഇതാ ഒന്ന്.

വിജ—നിനക്കിതിനെ എവിടെ കിട്ടി.

ജയ—അല്പം വീണവരിലൊരുത്തന്റെ കുതിരയെ ഞാൻ പിടിച്ചെടുത്തു.

ഉപേ—അതാ വേറെ രണ്ടു പേർ വരുന്നു. ഇന്നു വെളുക്കുന്നതുവരെ ഇതായിരിക്കും ജോലി.

ജയന്തൻ അയ്യോ, യജമാനനെ „ എന്നു പറഞ്ഞു വീണു. ഉപേന്ദ്രൻ തിരിഞ്ഞുനോക്കിയപ്പോൾ വീണതിലൊരാൾ എഴുന്നേററു, ജയന്തനെ കുത്തുകയാണു ചെയ്തതെന്നു മനസ്സിലായി. സിംഹത്തെപ്പോലെ ഗർജ്ജിച്ചുകൊണ്ട് ഉപേന്ദ്രൻ ആ ശത്രുവിനെ വെട്ടി. അതോടുകൂടി അയാൾ ചത്തു മലച്ചുവീണു.

വിജ—നമുക്ക് മുമ്പോട്ടു കുതിരകളെ പായിക്കാം.

പിന്നിട്ടു വന്ന ശത്രുക്കളുടെ നേരെ രണ്ടുപേരും കുതിരകളെ വിട്ടു. ശത്രുക്കൾ സമർത്ഥരായതുകൊണ്ടു, വെട്ടൊന്നൊഴിയുന്നതിനു സാധിച്ചുവെങ്കിലും കുതിരകൾ വെട്ടുകൊണ്ടു വീണു.

അവരിൽ ഒരുവൻ—ഹെയ്, ഇങ്ങനെയുള്ള സാഹസം കഴിഞ്ഞിട്ടു് നിങ്ങൾ എവിടേയ്ക്കു പോകാനാണു്.

"യമപുരിക്കു്" എന്നു വിജയൻ പറഞ്ഞു.

"നിങ്ങൾ താമസിയാതെ അവിടേയ്ക്കുപോകും. നിങ്ങളുടെ ധൈര്യം ഞങ്ങളുടെ കുതിരകളോടായിരുന്നു പുരുഷന്മാരാണെങ്കിൽ താഴെ ഇറങ്ങണം. നമുക്കു തമ്മിൽനോക്കാം.

"അങ്ങിനെതന്നെ" എന്നു പറഞ്ഞുകൊണ്ടു വിജയനും കുതിരപ്പുറത്തു നിന്നിറങ്ങി ശത്രുക്കളുമായി എതിരിട്ടു. വിജയൻ ഖഡ്ഗംകൊണ്ടു പല വിധത്തിൽ താനെതിരിട്ട ശത്രുവുമായി യുദ്ധം ചെയ്തുവെങ്കിലും ഒരു ഫലവും ഉണ്ടായില്ല. വാളുകളിൽ നിന്നു തീപ്പൊരികൾ ചിതറി. പ്രതിയോഗി അത്യന്തസമർത്ഥനെന്നു മനസ്സിലായതിനാൽ സർവ്വശക്തിയും പ്രയോഗിക്കാമെന്നു വിജയൻ തീർച്ചപ്പെടുത്തി. ശത്രുവിൻെറ ഖഡ്ഗപ്രയോഗങ്ങൾ തടഞ്ഞുകൊണ്ടിരിക്കുന്ന മദ്ധ്യേ വാൾകൊണ്ടു് അതിശക്തിയോടെ, മിന്നൽ വേഗത്തിൽ, അയാളുടെ മാർവ്വു് നോക്കി കുത്തി. ആഹാ! ആശ്ചര്യം ആ കുത്തു് പരിചകൊണ്ടു് പ്രതിയോഗി തടുത്തുകണ്ടു "ഭേഷ്, ബഹ്ളുവീരൻ" എന്നുല്ലസിച്ചുകൊണ്ടു് വിജയൻ ഒരു വശത്തേക്കുമാറി. ശത്രു വിജയൻെറ മുഖം നോക്കുവാനെന്ന മട്ടിൽ അടുത്തു. അതൊരു പുതിയ വിദ്യയായിരിക്കുമെന്നു വിചാരിച്ചു വില്ലാളിവീരൻ സൂക്ഷിച്ചുനിന്നു. അപ്പോൾ ഉപേന്ദ്രൻ അദ്ദേഹത്തിൻെറ എതിരാളിയോടു് "എടോ, താൻ, അത്ര മിടുക്കൊന്നും പറയേണ്ട. വാളു് പോയെങ്കിൽ ഇതാ എൻെറ കൈയ്യിൽ കഠാരിയുണ്ടു്." എന്നു പറയുന്നതു വിജൻ കേട്ടു. വിജയൻ വീണ്ടും വാളുയർത്തി. അപ്പോൾ പെട്ടെന്നു് അവരുടെ മദ്ധ്യത്തിൽക്കൂടി പറന്നമിന്നാമിനുങ്ങിൻെറ മങ്ങിയ പ്രഭയിൽ ശത്രുക്കൾ പരസ്പരം അവരുടെ മുഖം കാണുന്നതിനിടയായതോടുകൂടി വിജയൻ "നരേന്ദ്രാ" എന്നു വിളിച്ചതും" നരേന്ദ്രൻ "വിജയാ!" എന്നു വിളിച്ചതും ഒന്നായികഴിഞ്ഞു. രണ്ടു പേരുടെയും കൈകളിൽനിന്നു് വാളുകൾ താഴെ വീണു.

"ശേഖരാ, അരുതു്, വാളുയർത്തരുതു്." എന്നു നരേന്ദ്രൻ വിളിച്ചുപറഞ്ഞു.

"ഹാ ശേഖരനാണോ? സ്നേഹിത" എന്നു ശബ്ദിച്ചുകൊണ്ടു് ഉപേന്ദ്രൻ കഠാരി ഉറയിലിട്ടു.

"എന്റെ പ്രിയപ്പെട്ട വിജയഭദ്രാ" എന്നു വിളിച്ചുകൊണ്ടു നരേന്ദ്രൻ കൈകൾ വാത്സല്യപൂർവം നീട്ടി. വിജയഭദ്രൻ തന്റെ കൈകൾ കൂട്ടിത്തിരുമ്മിക്കൊണ്ടു ദുസ്സഹമായ മനോവേദനയോടെ പറഞ്ഞു. "നരേന്ദ്രാ, ശേഖരാ അപ്പോൾ നിങ്ങൾ പ്രഭുവിനെ സഹായിക്കയാണ്. അല്ലയോ! ഇതു സ്വപ്നത്തിൽ പോലും അറിഞ്ഞിരുന്നില്ലല്ലോ. ജീവനോടെ, കൊന്നിട്ടോ അദ്ദേഹത്തെ കൊണ്ടുചെല്ലാമെന്നു ഞാൻ വാഗ്ദാനം ചെയ്തുപോയി. ഞാനിനിയും എന്തുചെയ്യും, ആയുസ്സിലാദ്യമായി ഞാൻ പരാജിതനായിരിക്കുന്നു. തീരാത്ത അവമാനമാണു ഫലം"

നരേന്ദ്രൻ നെഞ്ചുകാണിച്ചുകൊണ്ടു പറഞ്ഞു. "എന്റെ മരണംകൊണ്ടു സ്നേഹിതനു മാനം സിദ്ധിക്കുമെങ്കിൽ ഇതാ കത്തിയിറക്കുക. ഞാൻ മരിക്കട്ടെ"

വിജയൻ മുഖം പൊത്തിക്കൊണ്ട് "അയ്യോ എന്തൊരു നിർഭാഗ്യം. എന്നെ തടഞ്ഞു നിറുത്തുന്നതിനു ലോകത്തിൽ ഒരാൾ മാത്രമേയുള്ളു. വിധി ഇതാ ആ ആളിനെ എനിക്കു തടസ്സമാക്കി നിറുത്തിയിരിക്കുന്നു. ഞാൻ എന്താണു സ്വാമിയാരോടു പറയേണ്ടു്?"

ഉടൻ അധികാരമുള്ള ഒരു ശബ്ദം വിജയഭദ്രന്റെ ചെവിയിലെത്തി. "ഹെയ് നിങ്ങൾ സ്വാമിയാരോടു പറയേണ്ടതു് ഞാൻ പറയാം. അയാൾ എനിക്കെതിരായി അയച്ച രണ്ടുപേർ നാലുപേരെ നിഷ്പ്രയാസം താഴെയിട്ടവരാണെന്നും നാല്പതു പേരോടു പൊരുതുന്നതിനുള്ള ത്രാണിയുള്ളവരാണെന്നും എന്നാൽ ഏകദേശം അൻപതോളം കുതിരപ്പടയാളികളാൽ വളയപ്പെട്ടതുകൊണ്ടു കീഴടങ്ങേണ്ടിവന്നതാണെന്നും ഞാൻ സമ്മതിച്ചതായി അയാളോടു പറയണം"

സുലോചന പ്രഭു എന്നു പറഞ്ഞുകൊണ്ട് നരേന്ദ്രനും, ശേഖരനും രണ്ടുവശത്തോട്ടു വിജയഭദ്രനും ഉപേന്ദ്രനും, ആദരപൂർവ്വം അല്പം പുറകോട്ടു മാറി.

"അൻപതു പടയാളികളോ? എന്നു വില്ലാളികൾ പതുക്കെ പറഞ്ഞു.

പ്രഭു—അതേ, അൻപതുപേർ തന്നെ നോക്കുക.

വിജയനും ഉപേന്ദ്രനും ചുററും നോക്കി. അവർ രണ്ടുപേരും ഒരു വലിയ സംഘം പട്ടാളക്കാരാൽ ചുററപ്പെട്ടിരിക്കുന്നു.

പ്രഭു—നിങ്ങളുടെ സമരകോലാഹലം കേട്ടിട്ട് ഇരുപതുപേരിൽ കുറകയില്ലായിരിക്കുമെന്നോർത്തുപോയി.

നരേ—അതേ, പ്രഭോ! ഈരണ്ടുപേർ ഇരുപതുപേർക്കു തുല്യമാണു്.

പ്രഭു—വരണം മാന്യരെ, നിങ്ങളുടെ വാളുകൾ തന്നു കീഴടങ്ങണം.

വിജ—വാളുകൾ തരികയോ? അതൊരിക്കലും ഉണ്ടാകയില്ല.

“പ്രഭോ ഒരു വാക്കു പറഞ്ഞുകൊള്ളട്ടെ” എന്നുപറഞ്ഞു നരേന്ദ്രൻ പ്രഭുവിന്റെ അടുക്കൽ ചെന്നു കുറേനേരം മന്ത്രിച്ചു.

പ്രഭു—എന്റെസ്നേഹിതൻ ദിവാകരപ്രഭു പറയുന്നതു സ്വീകരിക്കാതിരിപ്പാൻ നിവൃത്തിയില്ല വിജയരുദ്രാ ഉപേന്ദ്രാ നിങ്ങൾക്കു സ്വാതന്ത്ര്യമായി പോകാം”

പ്രഭുവും അനുയായികളും പുറകോട്ടുമാറി. നരേന്ദ്രനും ശേഖരനും വിജയനോടും ഉപേന്ദ്രനോടും ചേർന്നുനിന്നു

നരേ—സ്നേഹിതരെ ഞങ്ങളുടെ രക്തം ചാടിക്കാത്തതിൽ മനസ്സു മുഷിഞ്ഞോ?

വിജ—എന്റെ പിതാവിനെപ്പോലെ ഞാൻ ബഹുമാനിക്കുന്ന നരേന്ദ്രൻ എന്താണിങ്ങനെ പറയുന്നതു്? പക്ഷെ ഒരിക്കലും പിരിയാത്തവിധത്തിൽ ഒരുകാലത്തു യോജിച്ചിരുന്ന നാം ഇപ്പോൾ ഭിന്നകക്ഷികളായി പടവെട്ടേണ്ടിവന്നല്ലോ എന്നോർത്തു ഞാൻ ദുഃഖിക്കുന്നു.

ശേഖ—സ്നേഹിതർ ഞങ്ങളുടെ ഭാഗത്തു ചേരണം, അപ്പോൾ നാം ഒന്നായി.

നരേ—മിണ്ടാതിരിക്കണം. ശേഖരാ. അവര് സ്വാമിയാരുടെ ഭാഗമായതു് അവരുടെ മനസ്സാക്ഷിക്കനുസരണമായിട്ടാണു്. താൻ വലിയ വേദാന്തം പറയുന്ന സന്യാസിയാണല്ലോ. താനെന്നപ്പോലെ അവർക്കും മനസ്സാക്ഷിയുണ്ടു്”

ഉപേ—ഞങ്ങളെന്നും നിങ്ങളെന്നും ഉള്ള വാക്കുകൾ നാം ഉപയോഗിക്കേണ്ടിവന്നല്ലോ. അതാണു് എന്നെ ദുഃഖിപ്പിക്കുന്നതു്. വിജയൻ ഒരു നെടുവീർപ്പിടുകമാത്രം ചെയ്തു നരേന്ദ്രൻ വിജയന്റെയും ഉപേന്ദ്രന്റെയും കൈകളെഗ്രഹിച്ചുകൊണ്ടു് “എന്റെ ഹൃദയത്തിൽ ഒരു കഠാരി കടന്നതുപോലെയുള്ള വേദനയുണ്ടു്. നാം ശത്രുക്കളാകുവാൻ പാടില്ല. നമ്മൾ നാലു

പേരും ഒന്നു കൂടിയാലോചിക്കേണ്ടിയിരിക്കുന്നു. നിങ്ങളെന്തുപറയുന്നു."

ശേഖ—ഞാനും അതിനായി അപേക്ഷിക്കുന്നു.

വിജയൻ പ്രൌഢതയോടെ—ഞാൻ സമ്മതിച്ചിരിക്കുന്നു. ഉപേന്ദ്രൻ സമ്മതിച്ചു തലകുലുക്കി:

നരേ—എവിടെയാണു നമ്മൾ കൂടുക. വിജയൻ ഒരു സ്ഥലം പറയണം.

വിജ—മഹേന്ദ്രപുരിയിൽ ആനന്ദാശ്രമത്തിനരികിലുള്ള മൈതാനത്തിൽ. അവിടെയാണു് നാം മുൻകാലത്തു് കൂടികൊണ്ടിരുന്നതു്.

നരേ—ശരിതന്നെ, നാളെ രാത്രി പത്തുമണിക്കു്.

ഉപേ—അപ്പോഴേക്കു തിരികെ വരുമോ?

നരേ—നിശ്ചയം. അവിടെവെച്ചു ഭാവിഗതിയെപ്പററിയാലോചിക്കാം.

വിജ—കഷ്ടം! പടയാളികൾ എന്നുള്ള ഞങ്ങളുടെ വിലയും നിലയും നഷ്ടപ്പെട്ടല്ലോ.

നരേന്ദ്രൻ ഗൌരവത്തോടെ വിജയാ, എന്തണു പറയുന്നതു്? സ്നേഹിതൻെറമാനഹാനി എൻെറ മരണംകൊണ്ടുതീർക്കാമെങ്കിൽ ഞാൻ അതിനു തയ്യാർ. അതെ നമുക്കു വലിയ നിർഭാഗ്യം തന്നെയാണു നേരിട്ടിരിക്കുന്നതു്. ശേഖരാ, നമുക്കു പോകാം.

വിജ—ഉപേന്ദ്രാ, പോകാം. നമ്മുടെ നാണക്കേടുംകൊണ്ടു, സ്വാമിയാരുടെ സന്നിധിയിലേക്കു പോകാം.

ഉടൻ വേറൊരു ശബ്ദം കേട്ടു "സ്വാമിയാരോടു പ്രത്യേകം പറയണം, എൻെറ ചുണ കെട്ടിട്ടില്ലെന്നു" ആ ശബ്ദം ചന്ദ്രസേനൻെറയെന്നു് വിജയനു് മനസ്സിലായി. പ്രഭുവും കൂട്ടുകാരും അവിടെനിന്നുപോയി.

വിജ—നാം രണ്ടുപേരും ശേഷിച്ചു. നമുക്കു കുതിരകളുമില്ല. ഈ ഇരുട്ടത്തു എങ്ങനെയാണു് വഴി നടക്കുന്നതു്.

"യജമാനന്മാർക്കു് ഇതാ കുതിരകൾ" എന്നു് ഒരാൾ പറഞ്ഞു.

"ആരു്? ജയന്താ, നീ എഴുനേററോ? നിനക്കു കുതിരകൾ എവിടെനിന്നുകിട്ടി" എന്നു പറഞ്ഞുകൊണ്ടു് ഉപേന്ദ്രൻ അടുത്തുചെന്നു. "അല്ല. ഇതാരു്, ശാന്തനോ?"

"ശാന്തനോ" എന്നു വിജയനും ചോദിച്ചു.

"അതേ"

"ആരാണ് ഈ കുതിരകളെ തന്നതു്"

ശാന്ത—ദിവാകരപ്രഭു"

വിജ—നരേന്ദ്രാ, നരേന്ദ്രാ, സ്നേഹിതൻ എന്തുമാത്രം ഞങ്ങളെ കരുതുന്നു: അങ്ങയെപ്പോലെ യോഗ്യൻ മററാരുണ്ടു്. എന്നു മന്ത്രിച്ചു.

വിജ—ശാന്താ! നീ ഇനിയും എങ്ങോട്ടാണു്.

ശാന്ത—ഞാൻ ദിനേശപുരത്തിനാണു അവിടെ രവീന്ദ്രൻ മാത്രമെയുള്ളു.

വിജയനും ഉപേന്ദ്രനും, ശാന്തനും അല്പം മുമ്പോട്ടു വന്നപ്പോൾ ഒരു ഞരക്കം കേട്ടു.

ഉപേ—അതാ! ജയന്തന്റെ ഞരക്കമാണു് ആ കേൾക്കുന്നതു്.

"ജയന്തനോ?" എന്നു ചോദിച്ചുകൊണ്ടു് ശാന്തൻ ആ കരച്ചിൽകേട്ട സ്ഥലത്തുചെന്നു. ഉപേന്ദ്രനും ശാന്തനും കൂടി ജയന്തനെ പിടിച്ചെഴുന്നേൽപിച്ചു. വിജയൻ മറെറന്തോ ആലോചിച്ചുകൊണ്ടുനിന്നു.

ഉപേ—ഇപ്പോൾ എന്തു ചെയ്യാനാണു്. ജയന്തനു് എഴുന്നേൽക്കുവാൻ പോലും പാടില്ല. മഹേന്ദ്രപുരിയിൽ, ആപത്തിയിൽ പോകേണ്ടിയുമിരിക്കുന്നു.

ശാന്ത—ഞാൻ ജയന്തനെ അടുത്തൊരു സത്രത്തിൽ കയററി വേണ്ട ശുശ്രൂഷചെയ്തു സുഖപ്പെടുത്തി പുറകെ അയയ്ക്കാം. യജമാനന്മാർ പൊയ്ക്കൊള്ളണം. ജയന്തനും അതു സമ്മതിച്ചു. വിജയനും ഉപേന്ദ്രനും മഹേന്ദ്രപുരിയെ ലക്ഷ്യമാക്കി കുതിരകളെ വിട്ടു.

അവർ തലസ്ഥാനനഗരത്തിലെത്തുന്നതിനു മുമ്പായി സുലോചനപ്രഭുവിന്റെ എഴുത്തും വഹിച്ചുകൊണ്ടു് ഒരു ദൂതൻ അതിവേഗത്തിൽ പട്ടണത്തിൽ ചെന്നു് സ്വാമിയാരെ കണ്ടു് എഴുത്തു കൊടുത്തു.

അതു സന്ദേശമിപ്രകാരമായിരുന്നു.

"നിങ്ങളയച്ച ആളുകൾ രണ്ടുപേരും അതിധീരന്മാരെന്നു ഞാൻ സമ്മതിക്കുന്നു. അവരെ രണ്ടുപേരെയും, എനിക്കു കിട്ടുന്നതിനു് ഞാൻ എന്തു വേണമെങ്കിലും കൊടുക്കുവാൻ തയ്യാറാ

ണ്. എന്നാൽ വിശ്വസ്തതയോടെ നിങ്ങൾക്കുവേണ്ടി അവർ യുദ്ധം ചെയ്തു്, അനേകം പേരെ വെട്ടി വീഴ്ത്തി. ഞങ്ങളുടെ ആളുകൾ അധികമായതുകൊണ്ടു് അവരെ വളയുന്നതിന്നു് സാധിച്ചു. ധീരരായതുകൊണ്ടു് അവർക്കു് ഞാൻ സ്വാതന്ത്ര്യം കൊടുത്തു. നിങ്ങൾ യുദ്ധത്തിനായി ഒരുങ്ങിക്കൊള്ളുക."

ഈ എഴുത്തു സ്വാമിയാർ പല പ്രാവശ്യം വായിച്ചു.

## അദ്ധ്യായം ൧൭.

സ്വാമിയാരുടെ അടുക്കൽനിന്നു, വിജയൻ തിരിച്ചു വന്നപ്പോൾ അദ്ദേഹത്തിന്റെ മുറിയിൽ ഒരു ചാരുകസാലയിൽ ഉപേന്ദ്രൻ കിടക്കുകയായിരുന്നു. വിജയന്റെ കാലൊച്ച കേട്ടയുടൻ വേഗം നിവിർന്നിരുന്നുകൊണ്ടു് ഉപേന്ദ്രൻ ചോദിച്ചു "വിജയാ! സ്വാമിയാരെന്തു പറഞ്ഞു?"

വിജയൻ—ഞാൻ വിചാരിച്ചിരുന്നതു തട്ടിക്കയറിക്കൊണ്ടു വരുമെന്നാണു്. എന്നാൽ വളരെ ശാന്തനായിട്ടാണു കാണപ്പെട്ടതു്.

ഉപേന്ദ്രൻ—ഞാനും ഭയപ്പെട്ടു് ഇവിടെ കിടക്കുകയായിരുന്നു. വിജയൻ കുറേക്കൂടി താമസിച്ചിരുന്നെങ്കിൽ, ഞാൻ അവിടെ വരുമായിരുന്നു.

വിജയൻ—എന്നോടു് അതിരുകടന്നു വല്ലതും പറഞ്ഞിരുന്നെങ്കിൽ, അപ്പോൾ കഴുത്തിനുപിടിച്ചു് ഒരു ഞെക്കു കൊടുക്കുമായിരുന്നു. എതിർഭാഗക്കാർ എന്നെയും പൊക്കിക്കൊണ്ടു നടക്കുകയും ചെയ്യുമായിരുന്നു. അതൊന്നും ചെയ്യേണ്ടിവന്നില്ല. നമ്മളുടെ പ്രവൃത്തികളെപ്പററി പൂർണ്ണവിവരമടങ്ങിയ ഒരു റിപ്പോർട്ടു എങ്ങനെയോ കിട്ടിയിട്ടുണ്ടു്. നമ്മുടെക്കൂടെ യാത്രയ്ക്കിറങ്ങിയ പടയാളികൾക്കു കൂടെ വരാനൊത്തുന്നതിനു സാധിക്കാതിരുന്നതുകൊണ്ടാണു നമ്മൾ പരാജിതരായതെന്നു തിരുമനസ്സിലേക്കു ബോദ്ധ്യപ്പെട്ടു.

ഉപേന്ദ്രൻ—ആകട്ടെ, അദ്ദേഹം എൻെറ കാര്യം എന്തുപറഞ്ഞു?

സ്വാമിയാർ ഉപേന്ദ്രൻെറ കാര്യമൊന്നും ചോദിച്ചിരുന്നില്ല. അതറിഞ്ഞാൽ സ്നേഹിതനു മുഷിച്ചിൽ വരുമെന്നു കരുതി വിജയൻ പറഞ്ഞു "വലിയ അഭിപ്രായമാണു് നമ്മളെ രണ്ടുപേരെയുംപററി. പൊതുവെയാണു വളരെയൊക്കെ പറഞ്ഞതു. ഇതാ കുതിരകൾ നഷ്ടപ്പെട്ടു പോയതിനാൽ വേറെ കുതിരകളെ വാങ്ങുന്നതിനു പണം തന്നിരിക്കുന്നു."

ഉപേന്ദ്രൻ—സ്നേഹിതാ! മണി ഒൻപതായി. ഇനിയും ഒരു മണിക്കൂർ കഴിയുമ്പോൾ, ആനന്ദാശ്രമത്തിനരികിലുള്ള മൈതാനത്തിൽ പോകേണ്ടിയിരിക്കുന്നു.

വിജയൻ—ആ ഒരു കാര്യമാണു് എന്നെ നിരുത്സാഹനാക്കിത്തീർത്തിരിക്കുന്നതു്. ഞാൻ വരുന്നില്ല.

ഉപേന്ദ്രൻ—എന്തുകൊണ്ടു്?

വിജയൻ—നമുക്കു് അപജയം വരുത്തിയ സ്നേഹിതന്മാരെ കാണുന്നതിനു് എനിക്കു മനസ്സു് വരുന്നില്ല.

ഉപേന്ദ്രൻ—നമ്മളെ അവർക്കു നിരായുധരാക്കുവാൻ സാധിച്ചില്ലല്ലോ. പിന്നെയെന്താണു നമുക്കു തോൽവി പററിയതു്? ഉദ്ദേശം സാധിച്ചില്ലെന്നു മാത്രമുണ്ടു്.

വിജയൻ മൗനമായിരുന്നു.

ഉപേന്ദ്രൻ തുടർന്നു പറഞ്ഞു "നാം വാക്കുകൊടുത്തുപോയി. ഇനിയും എന്തായാലും അവരെ കാണുകതന്നെ."

വിജയൻ—ഈ കൂടിക്കാഴ്ചയ്ക്കു നമുക്കു മനസ്സിലാകാൻ പാടില്ലാത്ത വല്ല ഉദ്ദേശവുമുണ്ടോ?

ഉപേന്ദ്രൻ—ഹേയ്, അതൊന്നുമില്ല. നരേന്ദ്രനെ നമുക്കറിയരുതോ?

വിജയൻ—അതൊക്കെ ഇരുപതു വർഷത്തിനു മുൻപായിരുന്നു. എനിക്കിപ്പോൾ എല്ലാവരേയും സംശയമാണു്. പ്രത്യേകം ആ കള്ളസന്യാസിയെ.

ഉപേന്ദ്രൻ—എന്തു ഭയപ്പെടാനാണു്? പെരുവഴിയിൽവച്ചു് അൻപതു ശത്രുക്കളെ എതിർത്ത നമ്മളാണോ, രണ്ടു സ്നേഹിതന്മാരെ അഭിമുഖീകരിക്കാൻ ഭയപ്പെടുന്നതു്?

വിജയൻ—ഭയമൊന്നുമില്ല. എങ്കിലും നമ്മൾ ആയുധധാരികളായിരിക്കണം.

ഉപേന്ദ്രൻ—എന്നാൽ ഭദ്രൻകൂടി വരട്ടെ. അവൻെറ ആവശ്യമുണ്ടായേക്കാം.

വിജയൻ—അവൻ സ്വാമിയാരുടെ എതിർകക്ഷിയിലുൾപ്പെട്ടുവന്നിട്ടുണ്ടു്.

ഉപേന്ദ്രൻ—ഹോ, ഈ നാശംപിടിച്ച കക്ഷിയും, കലഹവുമെല്ലാം എല്ലാവരേയും ഭിന്നിപ്പിച്ചിരിക്കയാണു്. എൻെറ ജയന്തൻ എന്നെ ഒരിക്കലും വിട്ടുപിരിയുകയില്ല.

വിജയൻ—സ്നേഹിതന്മാർ ധനമുള്ളിടത്തോളംകാലം. ഉപേന്ദ്രാ! ഈ അന്തഃഛിദ്രങ്ങളൊന്നുമല്ലാ നമ്മെ വേർപെടുത്തിയിരിക്കുന്നതു്. നമ്മുടെ ചെറുപ്പത്തിലും ഇതൊക്കെ ഉണ്ടായിരുന്നല്ലൊ. അന്നു ചെറുപ്പത്തിൻെറ ഊർജ്ജസ്വലത മാത്രമായിരുന്നു നമ്മിൽ പ്രകാശിച്ചിരുന്നതു്. ഇപ്പോൾ വയസ്സായി. സ്വാർത്ഥോദ്ദേശ്യങ്ങളും വർദ്ധിച്ചു. എന്തിനു പറയുന്നു? വരുന്നതുപോലെ വരട്ടെ. ഭദ്രാ! കുതിരകളെ ഇറക്കിക്കൊണ്ടു വാ.

ഈ സമയം, നരേന്ദ്രനും ശേഖരനും മഹേന്ദ്രപുരിയിലെത്തി അവരുടെ കുതിരകളെ ആശ്രമത്തിനടുത്തുള്ള മൈതാനത്തിലേക്കു നടത്തി. അവരോടുകൂടെ ശേഖരൻെറ ഭൃത്യനായ ശങ്കരനുമുണ്ടായിരുന്നു.

ശേ—നമുക്കു് ഇവിടെ എവിടെയെങ്കിലും ഒന്നുനിന്നു്, പടച്ചട്ടകൾ ധരിക്കണം.

നരേന്ദ്ര—എന്തിനു്? നമ്മൾ വല്ല യുദ്ധത്തിനും പോകയാണോ?

ശേ—തോൽവി പറ്റിയതിലുള്ള മാനഭംഗം വിജയനെ വിട്ടുമാറി കാണുകയില്ല. നമ്മോടുകഠിനദ്വേഷമുണ്ടായിരിക്കും. സ്വാമിയാരുമായി ആലോചിച്ചു് നമ്മെ ബന്ധനസ്ഥരാക്കിയെങ്കിൽ എന്തു ചെയ്യും?

നരേ—എന്തു? വിജയനും, ഉപേന്ദ്രനും, അത്ര നീചത്വം ചെയ്യുമെന്നു ശേഖരൻ വിചാരിക്കുന്നുവോ?

ശേ—നാം വിജയൻെറ ശത്രുക്കളായിരിക്കയാണു്. അദ്ദേഹത്തിൻെറ അഭിമാനത്തെ നമ്മൾ തകർത്തുകളഞ്ഞെന്നു് അദ്ദേഹത്തിനു ബോധപ്പെട്ടിരിക്കയാണു്. അദ്ദേഹത്തിൻെറ ദുഃഖം ഇന്നലെ നമ്മൾ കണ്ടില്ലേ? ഉപേന്ദ്രനു് പ്രഭുസ്ഥാനം കിട്ടിയാൽ മതി. ഒരു പക്ഷെ, ഇന്നത്തെ നമ്മളോടുള്ള കൂടിക്കാഴ്ചകൊണ്ടല്ലെ പ്രഭുസ്ഥാനം വാങ്ങിക്കുവാൻ തരമാകുന്നതെന്നു

സംശയിക്കേണ്ടിയിരിക്കുന്നു. ഏതായാലും കരുതൽ അത്യാവശ്യമാണു്.

മനോവിചാരത്താൽ ഞെങ്ങിഞെരുങ്ങിയ ഹൃദയത്തോടുകൂടി നരേന്ദ്രൻ പറഞ്ഞു.— അയ്യോ നമ്മൾ ആയുധധാരികളായും, അവർ നിരായുധന്മാരായും കാണപ്പെട്ടാൽ എത്ര ലജ്ജാവഹമായിരിക്കും. ശേഖരാ, സ്നേഹിതനെന്നെ ദുഃഖിപ്പിക്കയാണു്. മരിച്ചെങ്കിൽ കൊള്ളാമായിരുന്നു എന്നു തോന്നുന്നു. ശേഖരനു വേണമെങ്കിൽ പടച്ചട്ട ധരിച്ചുകൊള്ളുക. എനിക്കു വഹിയാ.

ശേഖ:—എന്തു? ബുദ്ധിമോശം കാണിച്ചാൽ സ്വലോചനപ്രഭുവെന്തു വിചാരിക്കും? സ്നേഹിതൻ നഷ്ടപ്പെടുന്നതു ഒരു കക്ഷിക്കു മുഴുവൻ നഷ്ടമാണെന്നു വിചാരിക്കണം.

നരേന്ദ്രൻ ഒരു നെടുവീർപ്പിട്ടുകൊണ്ടു്, "എന്നാൽ ശേഖരൻ പറയുന്നതുപോലെയാകട്ടെ."

അവർ രണ്ടുപേരും പടച്ചട്ടകൾധരിച്ചു.

നരേന്ദ്രനും ശേഖരനും മൈതാനത്തിന്റെ വാതില്ക്കൽ ചെന്നപ്പോൾ; വില്ലാളിവീരന്മാർഅവിടെ നില്പുണ്ടു്. അവരും ആയുധധാരികളെന്നു കണ്ടപ്പോൾ ശേഖരൻ നരേന്ദ്രനെ ഒന്നു നോക്കി. ഭൃത്യന്മാരായ ശങ്കരനെയും, ഭദ്രനെയും, വെളിയിൽ നിർത്തിയിട്ടു്, അവർ നാലുപേരും, മൈതാനത്തിൽ പ്രവേശിച്ചു. മൈതാനമധ്യത്തിലവർ ചെന്നു നിന്നപ്പോൾ, നരേന്ദ്രൻ വിജയനോടും ഉപേന്ദ്രനോടും ഇരിക്കുന്നതിനാവശ്യപ്പെട്ടു. എങ്ങനെയാണു് സംഭാഷണം തുടങ്ങേണ്ടതെന്നു സംശയിച്ചുനിന്ന ശേഷം നരേന്ദ്രൻ പറഞ്ഞു. "ഇന്നലെ നിർഭാഗ്യവശാൽ, നിങ്ങളുടെ ശക്തിയോടു് എതിരിടേണ്ടിവന്നതു്....."

വിജയൻ അക്ഷമനായി പറഞ്ഞു.—നരേന്ദ്രാ; ഞങ്ങളുടെ ശക്തിയെപ്പററിയൊന്നും സ്തുതിക്കാതെ കാര്യം നേരെ പറഞ്ഞുതീർക്കുകയാണു് നല്ലതു്.

നരേ—ഞാനും അതു തന്നെ ആഗ്രഹിക്കുന്നു. യാതൊന്നും മറച്ചുവെയ്ക്കാതെ, നമുക്കു സംസാരിക്കാം. നിങ്ങൾക്കു് ഞങ്ങളെപ്പററി എന്തെങ്കിലും ആക്ഷേപം പറയാനുണ്ടെങ്കിൽ ഞങ്ങൾ കേൾക്കുവാൻ തയ്യാർ.

വിജ—ശരിതന്നെ. ഞാൻ ദിനേശപുരത്തുവന്നു് അങ്ങയെ സന്ദർശിച്ചു് ഞാൻ വന്ന കാര്യം സൂചിപ്പിച്ചപ്പോൾ, ഒരു

സ്നേഹിതനെന്നുള്ളതു മറന്നു് ഒരു ശിശുവിനോടെന്നപോലെയാണു് എന്നോടു മറുപടി പറഞ്ഞതു്. അതു് പോകട്ടെ. മറുഭാഗം ചേർന്നിരിക്കുന്ന പരമാർത്ഥം പറഞ്ഞിരുന്നെങ്കിൽ, ഇന്നലെ നമ്മൾ തമ്മിൽ എതിരിടുന്നതിനു് ഇടവരുമായിരുന്നോ?

“വിജയാ!” എന്നു് നീരസഭാവത്തിൽ നരേന്ദ്രൻ വിളിച്ചു.

വിജയൻ ശേഖരന്റെ നേരെ തിരിഞ്ഞു്.

“ശേഖരാ, താനും എന്നോടു് സൂത്രത്തിലാണു് പെരുമാറിയതു്. എന്നോടു പരമാർത്ഥം പറയാതെ എന്റെ കണ്ണിൽ പൊടിയിടുവാൻ താൻ ശ്രമിച്ചു.

ശേഖരൻ—ഭേഷ്, നല്ല കുററാരോപണമാണു്. സ്വാമിയാരുടെ ഭാഗം ചേരണമെന്നു് എന്നെ വിജയൻ നിർബ്ബന്ധിച്ചില്ല. സ്വാമിയാരുടെ പക്ഷത്തു ഞാൻ ചേർന്നാൽ കൊള്ളാമെന്നു് വിജയൻ സൂചിപ്പിച്ചപ്പോൾ അയാൾ വഞ്ചകനും ദ്രോഹിയുമാണെന്നും അയാളുടെ കീഴിൽ ഞാൻ ഒരിക്കലും സേവിക്കയില്ലെന്നും പറയുകയുണ്ടായി.

വിജ—ഹേ! സന്യാസിശ്രേഷ്ഠാ! സ്വാമിയാരുടെ ഭാഗത്തു ചേരേണ്ട. ഇപ്പോഴത്തെ രാഷ്ട്രീയഗതി ആശാസ്യമല്ലാത്തതുകൊണ്ടു് നിഷ്പക്ഷനിലയെ അവലംബിക്കുമെന്നല്ലേ താൻ പറഞ്ഞതു്? ഇതു് സന്യാസിമാർക്കു് ചേരുന്ന സ്വഭാവമാണു്.

വിജയന്റെ മുഖം അരുണവർണ്ണമായി. വാളിന്റെ പിടിയിലേക്കു പോയ ശേഖരന്റെ കൈയിൽ നരേന്ദ്രൻ ഒരു തട്ടുകൊടുത്തുകൊണ്ടു പറഞ്ഞു, “വിജയാ! സ്നേഹിതൻ കോപിഷ്ഠനായിട്ടാണു വന്നിരിക്കുന്നതു്. ഇരുപതു വർഷത്തെ ദൃഢസ്നേഹം കാൽ മണിക്കൂർ നേരത്തെ സംഭവംകൊണ്ടു മാഞ്ഞുപോയോ?

വിജയൻ—നിങ്ങൾ എന്നെ മഠയനെന്നു വിചാരിച്ചതിലാണെനിക്കത്ഭുതം. സന്യാസി ഉപയോഗിക്കുന്ന കയറേണിയുടെയും മററും അർത്ഥം ഞാൻ ഗ്രഹിക്കയില്ലെന്നായിരിക്കും ശേഖരൻ വിചാരിച്ചതു്. ആലോചനയോടെ ആ കാര്യത്തിൽ മൗനമവലംബിച്ചപ്പോൾ ഒന്നുമറിയാത്ത മഠയനായി ശേഖരസന്യാസി എന്നെ ഗണിച്ചിരിക്കണം.

കമലാംബയുമായുള്ള തന്റെ സംഭാഷണം ഒളിച്ചിരുന്നു വി

ജയൻ കേട്ടിരിക്കുമെന്നു ശങ്കിച്ച്, ശേഖരൻ നീരസപ്പെട്ടു പറഞ്ഞു:—"തനിക്കു മററുള്ളവരുടെ രഹസ്യകാര്യങ്ങളിൽ ഇടപെട്ടിട്ടു കാര്യമെന്തു്?"

വിജയൻ—എനിക്കാവശ്യമില്ലാത്ത കാര്യങ്ങൾ കാണുവാനോ, കേൾക്കുവാനോ ഞാൻ പോകയില്ല. അങ്ങിനെയുള്ള കപടതകൾ ചില സന്യാസിമാർക്കു കാണും. ഉപേന്ദ്രനും ആ അഭിപ്രായക്കാരനാണു്.

ഏതൊന്നും പറയാതിരുന്ന ഉപേന്ദ്രൻ "അതേ" എന്നു മൂളി. ശേഖരൻ പെട്ടെന്നു പുറകോട്ടു മാറി വാളൂരി. വിജയൻ നിശ്ചലനായി നിന്നു. ഉപേന്ദ്രനും വാൾകൈയിലെടുത്തു. നരേന്ദ്രൻ പെട്ടെന്നു് അവരുടെ മദ്ധ്യത്തിൽ ചാടിവീണു് അതിശ്രേഷ്ഠമായ ആജ്ഞാഭാവത്തിൽ കൈകൾകൊണ്ടു് അവരെ തടഞ്ഞശേഷം, അദ്ദേഹത്തിന്റെ ഖഡ്ഗം ഉറയിൽനിന്നെടുത്തു് അതിന്റെ മദ്ധ്യഭാഗം കാൽമുട്ടോടു ചേർത്തുപിടിച്ചു്, രണ്ടായി ഒടിച്ചു ദൂരെയെറിഞ്ഞശേഷം ശേഖരന്റെനേരെ തിരിഞ്ഞു് "ശേഖരാ! തന്റെ വാൾ ഒടിച്ചുകളയുക" എന്നു പറഞ്ഞു. ശേഖരൻ മടിച്ചപ്പോൾ വീണ്ടും ശാന്തമായി അനുസരിപ്പിക്കുന്ന സ്വരത്തിൽ ശേഖരനോടാജ്ഞാപിച്ചു. കോപംകൊണ്ടു വിറച്ച ശേഖരൻ നരേന്ദ്രനെ ഒന്നു നോക്കിയശേഷം, ആവശ്യപ്പെട്ടതുപോലെ ചെയ്തു. ഉപേന്ദ്രൻ വാളുറയിലിട്ടു. വിജയൻ വാളുയർത്താതെ നിൽക്കുന്ന നിലകണ്ടു നരേന്ദ്രന്റെ കണ്ണിൽനിന്നു് അശ്രുക്കൾ പൊഴിഞ്ഞു. വേഗം അദ്ദേഹം കൈകൾ സ്വർഗ്ഗത്തിലേക്കുയർത്തിക്കൊണ്ടു പറഞ്ഞു "ഈ രാത്രിയുടെ നിശ്ശബ്ദതയിൽ ഈശ്വരന്റെമുമ്പാകെ ഞാൻ സത്യം ചെയ്യുന്നു. എന്റെ സ്നേഹിതന്മാർക്കെതിരായി ഞാൻ ഒരിക്കലും വാളുയർത്തുകയില്ല. അവരോടുള്ള കോപംകൊണ്ടു് എന്റെ കണ്ണുകൾ ചുവക്കുകയില്ല. അവരോടുള്ള ദ്വേഷംകൊണ്ടു് എന്റെ ഹൃദയം മലിനപ്പെടുകയില്ല. നാം ഒരുമിച്ചു വസിച്ചിട്ടുണ്ടു്, ഒരുമിച്ചു രക്തം ചിന്തിയിട്ടുണ്ടു്. കേവലം സ്നേഹത്തെക്കാൾ കുറേക്കൂടി ശക്തിയായ ഒരു ബന്ധം നമ്മെ കൂട്ടിച്ചേർത്തിട്ടുണ്ടു്. അതിദുഷ്ടയെങ്കിലും ഒരു സ്ത്രീയെ അർഹതയില്ലാത്ത നമ്മൾ വിധിച്ചുവധിപ്പിച്ചിട്ടുണ്ടു് വിജയാ, നിന്നെ ഞാൻ എന്റെ പുത്രനെപ്പോലെ സ്നേഹിച്ചു. ഉപേന്ദ്രാ, നാം സഹോദരന്മാരെപ്പോലെ അനേകംനാൾ ഒരുമിച്ചുവസിച്ചിട്ടുണ്ടു്. ശേഖരൻ, നിങ്ങളു

ടേയും എന്റെയും സഹോദരനാണ്. സിംഹഭദ്രസ്വാമികളെ പോലെ ഒരുവനെ അടിയറ വയ്പ്പിച്ച നമ്മെ സത്യവ്രതൻവിചാരിച്ചാൽ വേർപെടുത്തുവാൻ സാധിക്കുമോ? ഞ്ജിയെ ഈ സ്ഥാനത്തുയർത്തിയ നമ്മളോട് ആർക്ക് എന്തുചെയ്യുവാൻ സാധിക്കും? വിജയാ, ഇന്നലെ സ്നേഹിതനോടു യുദ്ധം ചെയ്യേണ്ടിവന്നതിൽ ഞാൻ ദുഃഖിക്കുന്നു. ക്ഷമ ചോദിച്ചുകൊള്ളുന്നു. ശേഖരനും അങ്ങനെ ചെയ്യുമെന്നു ഞാൻ വിശ്വസിക്കുന്നു. എന്നെ വെറുക്കുന്നെങ്കിൽ എനിക്കു യാതൊരു വിരോധവുമില്ല. ഞാൻ സത്യം ചെയ്തുകൊള്ളുന്നു.”

അരനിമിഷത്തേക്ക് എല്ലാവരും നിശ്ശബ്ദരായിരുന്നു. ഓരോരുത്തരുടേയും ഹൃദയം വികാരങ്ങളുടെ മൂർച്ചയിൽകൊണ്ടു ഇടിച്ചുകൊണ്ടിരുന്നു. ശേഖരൻ മുമ്പോട്ടുകയറിനിന്നു പറഞ്ഞു “ഈശ്വരൻ സാക്ഷിയായി ഞാൻ പറയുന്നു നിങ്ങളെ എന്റെ ആപ്തമിത്രങ്ങളായി എപ്പോഴും കരുതുന്നതാണ്. ഞാൻ വല്ലതും ചെയ്തുപോയിട്ടുണ്ടെങ്കിൽ ക്ഷമിക്കണം. നിങ്ങളെപ്പററിയുള്ള ദോഷവിചാരങ്ങൾ ഒരിക്കലും എന്റെ ഹൃദയത്തിൽ ഇടം പിടിക്കയില്ലെന്നു ഞാൻ സത്യം ചെയ്തുകൊള്ളുന്നു. നരേന്ദ്രാ! നമുക്കു പോകാം.”

വിജയന്റെ ഞരമ്പുകളിൽകൂടി ചുടുരക്തം അതിവേഗത്തിൽ പാഞ്ഞു. പോകാനായി ഭാവിച്ച നരേന്ദ്രനേയും ശേഖരനേയും തടുത്തുകൊണ്ടു അയാൾ പറഞ്ഞു “അരുത്–വരട്ടെ–എനിക്കും ഒരു പ്രതിജ്ഞ ചെയ്യുവാനുണ്ടു്. എന്റെ നരേന്ദ്രാ, വിജയൻ അങ്ങയെ എത്രമാത്രം സ്നേഹിക്കുന്നുണ്ടെന്നുള്ളത് അങ്ങേയ്ക്ക് അറിയാമല്ലോ. ശേഖരാ, സ്നേഹത്തിൽനിന്നുള്ള സങ്കടംകൊണ്ടാണു ഞാൻ കുറേ കഠിനമായി സംസാരിച്ചത്. എന്റെ സ്നേഹിതന്മാർക്കുവേണ്ടി രക്തംമുഴുവൻ ചിന്തുന്നതിനു ഞാൻ ഏതുസമയവും തയാറെന്നു സർവസാക്ഷിയായ ജഗദീശ്വരനെ നോക്കി സത്യം ചെയ്തുകൊള്ളുന്നു.” നരേന്ദ്രൻ കൈകൾ നീട്ടി “എന്റെ വിജയാ” എന്നുപറഞ്ഞു, വിജയനെ ആലിംഗനംചെയ്തു. “എനിക്കു സത്യം ചെയ്യേണ്ടആവശ്യമില്ല. ഞാൻ നിങ്ങളെയല്ലാതെ മററാരെയും സ്നേഹിച്ചിട്ടില്ല.” എന്നു പറഞ്ഞുകൊണ്ടു പാവം ഉപേന്ദ്രൻ കരഞ്ഞു.

നരേന്ദ്രൻ—നമുക്കു ഭിന്നകക്ഷികളിൽ ചേരുവാനുള്ള നിർഭാഗ്യമാണു നേരിട്ടിരിക്കുന്നതു്. ആരു ജയിച്ചാലും തോ

ററാലും തരക്കേടില്ല. നമ്മൾതമ്മിൽയുദ്ധം ചെയ്യു ന്നതിനിടയാകരുത്. രാജാക്കന്മാരും മന്ത്രിമാരുമൊക്കെ കാ ലചക്രത്തിലമർന്നുപോകും. അന്തഃഛിദ്രങ്ങളും മിന്നൽ പോലെ കടന്നുപോകും. എന്നാൽ നമ്മുടെ പരസ്പരസ്നേഹം ഒരിക്കലും നശിച്ചുപോകയില്ല. രക്തച്ചൊരിച്ചിലിന്റെ മദ്ധ്യ ത്തിൽ വച്ചു നമ്മൾ തമ്മിൽ കണ്ടാൽ അപ്പോൾ വാളുകൾ താ ഴ്ത്തണം.

ഉപേ—സ്നേഹിതാ, അങ്ങനെതന്നെ. നിങ്ങളാരും അങ്ങ നെചെയ്തില്ലെങ്കിലും ഞാൻ അങ്ങനെ ചെയ്യുവാൻ തീർച്ച പ്പെടുത്തി.

നരേ—പഴയ പ്രതിജ്ഞ വീണ്ടും ചെയ്യാം. എല്ലാവരുംവാ ളുകൾ ഉയർത്തി ചേർത്തുപിടിക്കുക.

എല്ലാവരും അവശ്യപ്പെട്ടതുപോലെ ചെയ്തു.

നരേ—"എല്ലാവരും, ഓരോരുത്തർക്കും, ഓരോരുത്തരും, എല്ലാവർക്കും" എന്നുള്ള സത്യവാചകം ചൊല്ലി. മററുള്ളവർ അ തേററുചൊല്ലി.

ഉപേന്ദ്രൻ കണ്ണുനീർ തുടച്ചുകൊണ്ടു "എനിക്കു ഇതുപോ ലെ സന്തോഷം ഒരിക്കലും തോന്നിയിട്ടില്ല."

അവർണ്ണനീയമായ ആനന്ദം കൊണ്ടു നാലുപേരും കണ്ണു നീർ പൊഴിച്ചു.

---

## അദ്ധ്യായം ൧൨

---

ആഴ്ചകൾ രണ്ടുകഴിഞ്ഞു. ദിവാകരപ്രഭുവിന്റെ മൂത്തപു ത്രനായ രവീന്ദ്രനും ഭൃത്യൻ ശാന്തനും ചന്ദ്രികയുള്ള ഒരു രാ ത്രി ദിനേശപുരത്തുനിന്നു എട്ടുപത്തുനാഴിക അകലെ വനങ്ങളി ൽ നിബിഡമായ ഒരു വിജനപ്രദേശത്തുകൂടെ കുതിരസവാരി ചെയ്യുന്നു. സുലോചനപ്രഭു രക്ഷപെട്ടതും വിജയരുദ്രനും ഉപേ ന്ദ്രനും പ്രഭുവിനേയും അനുയായികളേയും പിൻതുടർന്നതും പി ന്നീടുണ്ടായ സമരകോലാഹലവും ശാന്തൻ യുവാവായ രവീന്ദ്ര നേ അക്ഷരംപ്രതി വർണ്ണിച്ചുകേൾപ്പിച്ചു.

രവീന്ദ്രൻ—ശാന്താ! അച്ഛൻ എന്നെ കൂട്ടികൊണ്ടുപോയിരുന്നെങ്കിൽ എനിക്കും യുദ്ധത്തിൽ പങ്കുകൊള്ളുമായിരുന്നു. ഞാൻ പഠിച്ച വിദ്യകൾ പ്രയോഗിക്കുന്നതിന് എനിക്കൊരവസരം ലഭിക്കാത്തതിൽ ദുഃഖിക്കുന്നു.

അപ്പോൾ അകലെനിന്നു ദയനീയമായ ഒരു നിലവിളി കേട്ടു. രവീന്ദ്രൻ പെട്ടെന്നു ഞെട്ടികൊണ്ട് ആ കേൾക്കുന്നതെന്തായിരിക്കുമെന്നു ചോദിച്ചു. പിന്നെയും കരച്ചിൽ കേട്ടു.

ശാന്തൻ—ഈ വനത്തിൽ കള്ളന്മാരുണ്ട്. അവർ പാവപ്പെട്ട യാത്രക്കാരെ വല്ലവരേയും പിടിച്ചിരിക്കയായിരിക്കും.

രവീന്ദ്രൻ വാൾ ഉറയിൽനിന്ന് ഊരി. ശാന്താ, അതിവേഗം കുതിരകളെ വിടാം. വരുക എന്തായിരിക്കുമതെന്നു നോക്കാം.

രണ്ടുപേരും നിലവിളികേട്ട സ്ഥലത്തേക്കു കുതിരകളെ പായിച്ചു. ആഗതർ ആയുധധാരികളെന്നു ശങ്കിക്കാതിരുന്ന രണ്ടു കള്ളന്മാർ കഠാരി ഉയർത്തിപ്പിടിച്ചുകൊണ്ടു കുതിരയുടെ കടിഞ്ഞാണിൽ കയറിപിടുത്തമിട്ടു രവീന്ദ്രൻ ശക്തിമുഴുവനും എടുത്തു വാൾ കീഴ്പ്പോട്ടു കൊണ്ടുവന്നതിനോടുകൂടി ശത്രുവിന്റെ തലരണ്ടായിപിളർന്ന് അവൻ താഴെവീണു. ശാന്തന്റെ വെട്ടു കൈത്തണ്ടിലേൽക്കുകയാൽ മറ്റേകള്ളൻ നിലവിളിച്ചുകൊണ്ട് അവിടെയുള്ള ഒരു കുററിക്കാട്ടിൽ ചാടിമറഞ്ഞു. ഇതുകണ്ടു കവർച്ചജോലി ചെയ്തുകൊണ്ടിരുന്ന മററു രണ്ടു കള്ളന്മാർ കൈയിൽ കിട്ടിയതുംകൊണ്ടു കടന്നുകളഞ്ഞു.

രവീന്ദ്രനും ശാന്തനും കൂടി മുമ്പോട്ടു ചെന്നു.

രവീ—അയ്യോ നമ്മൾ കുറെ താമസിച്ചുപോയി. അതാ അവർ ചത്തു കിടക്കുന്നു.

ശാന്ത—അവർ മരിച്ചുപോയോ ഇല്ലയോ എന്നു നമുക്കു പരിശോധിക്കാം. മരിച്ചില്ലെങ്കിൽ വേണ്ട സഹായം ചെയ്തുകൊടുക്കാമല്ലൊ.

അവർ മുറിവേററവരുടെ സമീപമെത്തി. രണ്ടു പേർ അവിടെ കിടക്കുന്നു. ഒരാളുടെ ജീവൻ പൊയ്പോയി. മറെറയാൾ മുറിവേററു ബോധരഹിതനായി കിടക്കയാണ്.

രവീ—ശാന്താ, നമ്മളിപ്പോൾ എന്താണു ചെയ്യേണ്ടത്? മുറിവേററ ഈ പാവത്തിന് ഉടൻ വല്ലതും ചെയ്തില്ലെങ്കിൽ അയാളും മരിച്ചുപോകും

ശാന്ത—കുഞ്ഞ്, ഒരു കാര്യം ചെയ്യുക. ഈയാളെ പൊ

ക്കുന്നതിന്ന് എന്നെ സഹായിക്കണം. ഇയാളെ ഞാൻ കുതിരപ്പുറത്തു കിടത്തിക്കൊള്ളാം. വേഗം ചെന്ന്, അടുത്തുള്ള വല്ല സത്രത്തിലും കയററി, ശുശ്രൂഷിക്കുന്നതിന്ന വേണ്ട ഏർപ്പാടുകളും ചെയ്തിട്ട്, നമുക്ക് കൊട്ടാരത്തിൽ തിരിയെ പോകാം.

രവീന്ദ്രനും ശാന്തനും കൂടി മുറിവേററയാളിനെ ശാന്തൻെറ കുതിരപ്പുറത്തുകിടത്തി. അവർ കുതിരകളെ അടുത്തുള്ള സത്രത്തിലേക്ക വിട്ടു.

ശാന്ത—കുഞ്ഞെ, ഇയ്യിടെ എനിക്ക മുറിവേററയാളുകളെയുംകൊണ്ട സവാരി ചെയ്യുന്ന ജോലിയേ ഉള്ളു. രണ്ടാഴ്ചയ്ക്കുമുമ്പേ, ജയന്തനെയും കൊണ്ട് രാത്രി മുഴുവൻ കഷ്ടപ്പെട്ടിട്ടാണ് അവനെ ഒരു സത്രത്തിൽകൊണ്ടചെന്നാക്കിയത്. പക്ഷെ, അവൻ എൻെറ ഒരു പഴയ ചെങ്ങാതിയാണ്.

അടുത്തുള്ള ഒരു സത്രത്തിൽ മുറിവേററ ആളിനെ കൊണ്ടചെന്നു. സത്രമുടമസ്ഥൻ ദിവാകരപ്രഭുവിനെയും ശാന്തനെയും പരിചയമുള്ളവനായതുകൊണ്ട് അവനെ സ്വീകരിച്ചു. വൃദ്ധബ്രാഹ്മണനെ ഒരു മുറിയിലാക്കി, അയാൾക്ക വേണ്ട ശുശ്രൂഷകൾ ചെയ്യുന്നതിന്ന മടിക്കരുതെന്നും അടുത്തദിവസം രാവിലെ തങ്ങൾ വന്ന് അന്വേഷിക്കുന്നതാണെന്നും പറഞ്ഞിട്ട് അവർ സത്രത്തിൽനിന്ന പോയി.

അടുത്ത പ്രഭാതത്തിൽ രവീന്ദ്രനും ശാന്തനും സത്രത്തിൽ ചെന്ന് രോഗിയെപ്പററി ചോദിച്ചു.

സത്രമുടമസ്ഥൻ—അയാൾക്കപാതിരാത്രികഴിഞ്ഞുബോധം വീണു. രക്ഷപെടുന്നകാര്യം സംശയമാണ്. ഒരു സന്ന്യാസിയെ കാണണമെന്ന നിർബ്ബന്ധമായിശഠിക്കുന്നു. സന്ന്യാസിയുടെ അന്ത്യോപദേശം കേട്ടു മരിക്കണമെന്ന പറയുന്നുണ്ട്. ഞാൻ എവിടെനിന്ന സന്ന്യാസിയെ കൊണ്ടുവരാനാണ്?

രവീ—അയ്യോ? പാവം, അയാളുടെ അന്ത്യപ്രാർത്ഥന എങ്ങനെയെങ്കിലും സാധിക്കണം. ശാന്താ, നമ്മൾ സത്രത്തോടടുത്തപ്പോൾ ഒരാൾ കുതിരപ്പുറത്തു നമുക്കെതിരായി വരുന്നതു കണ്ടില്ലെ? അയാൾക്ക് ഒരു സന്ന്യാസിയുടെ ഭാവമുണ്ട്.

ശാന്ത—ഞാൻ കണ്ടതായി ഓർക്കുന്നില്ല.

രവീ—നമുക്കുപോയി അയാളെ കണ്ടെത്താം. രോഗി ഭാഗ്യമുള്ളവനാണെങ്കിൽ നാം കണ്ടആൾ സന്ന്യാസിയായിരിക്കും.

രവീന്ദ്രനും ശാന്തനും, കുതിരപ്പുറത്തു കയറി, സന്യാസിയെ അന്വേഷിച്ചുപോയി. കുറേ ദൂരം ചെന്നപ്പോൾ, അവർ ഉദ്ദേശിച്ച ആളിനെ അകലെയായി കണ്ടു് അവർ, അയാളോടടുത്തു. അയാൾക്കു വയസ്സു് ഇരുപത്തിരണ്ടോ ഇരുപത്തിമൂന്നോ കാണും. മുഖം ശോഷിച്ചതുകൊണ്ടു കൂടുതൽ പ്രായം തോന്നിക്കുന്നുണ്ടു്. വേഷത്തിൽനിന്നും ഒരു സന്യാസിയാണെന്നു് ഊഹിക്കാം. നല്ല ഒരു കുതിരയുടെ പുറത്താണു സവാരി ചെയ്യുന്നതു്.

രവീന്ദ്രൻ അടുത്തുചെന്നു മര്യാദയോടുകൂടി ചോദിച്ചു. “അവിടുന്നു് ഒരു സന്യാസിയാണോ എന്നറിഞ്ഞാൽ കൊള്ളാം.”

നീരസഭാവത്തിൽ മറുപടി പറഞ്ഞു.

“നിങ്ങൾക്കറിഞ്ഞിട്ടെന്തു കാര്യം!”

രവി—ഞാൻ വളരെ മര്യാദയായിട്ടല്ലേ നിങ്ങളോടു ചോദിച്ചതു്?

അയാ—എനിക്കു് മറുപടി പറയുവാനും പറയാതിരിക്കുവാനും സ്വാതന്ത്ര്യമുണ്ടു്.

രവീന്ദ്രന്റെ മുഖത്തു് കോപം സ്ഫുരിക്കുന്നതു ശാന്തൻ കണ്ടു്, ആ അന്യനോടു പറഞ്ഞു. നിങ്ങൾ മര്യാദഹീനമായിട്ടാണു ഞങ്ങളോടു വർത്തിക്കുന്നതു്. നിങ്ങളോടു ചോദിച്ചയാൾ ദിവാകരപ്രഭുവിന്റെ ദത്തുപുത്രനാണു്. ഞാൻ പ്രഭുവിന്റെ ഭൃത്യനാണു്. ഞങ്ങൾ വെറുതെ ചോദിച്ചതല്ല. ഒരാൾ ഇവിടെ അടുത്തുള്ള സത്രത്തിൽ ആസന്നമരണനായി കിടക്കുന്നു. അയാളുടെ ചെവിയിൽ ശരണരത്നങ്ങൾ ഓതുന്നതിനു് ഒരു സന്യാസിയെ വേണം.

ആ അന്യൻ അയാളുടെ ദൃഷ്ടി ശാന്തന്റെ മുഖത്തുറപ്പിച്ചു. ശാന്തൻ ആ കണ്ണുകൾ കണ്ടു നടുങ്ങിപ്പോയി.

ശാന്ത—(ആത്മഗതം) ഇതു പോലെയുള്ള കണ്ണുകൾ ഞാൻ മുമ്പേ കണ്ടിട്ടുണ്ടു്”. ആരുടെയാണോ? എന്തായാലും ഇയാൾ ഭയങ്കരനായിരിക്കണം.

അന്യ—അതെ; ഞാനൊരു സന്യാസിയാണു്. നിങ്ങളുടെ കൂടെ വരാം.

ശാന്തൻ, രവീന്ദ്രന്റെ ചെവിയിൽ മന്ത്രിച്ചു.

“അയാളുടെ മുഖം കണ്ടിട്ടു് ഭയമാകുന്നു. ഒരു ചാരന്റെ കണ്ണുകളാണു് അയാൾക്കുള്ളതു്.”

സന്ന്യാസിയെ കൊണ്ടുചെന്നു രോഗി കിടന്ന മുറി കാണിച്ചുകൊടുത്തശേഷം, രവീന്ദ്രനും, ശാന്തനും അടുത്തൊരു മുറിയിൽ സത്രമുടമസ്ഥനുമായി സംഭാഷണം ചെയ്തുകൊണ്ടിരുന്നു.

ശാന്തൻ പെട്ടെന്ന്, പരിഭ്രമിച്ചുകൊണ്ടു പറഞ്ഞു. "അതാ, ഒരു കരച്ചിൽ കേൾക്കുന്നു. എല്ലാവരും ചെവിയോർത്തു. അപ്പോൾ കുറെ കൂടി ദീർഘമായ ഒരു വലിയ ഞരക്കം കേട്ടു. മൂന്നുപേരും ഭയംകൊണ്ടു് കിടുകിടെ വിറച്ചു്, തമ്മിൽ തമ്മിൽ നോക്കി.

ശാന്ത—അതെന്താണെന്നു നോക്കാം; വരണം. മൂന്നുപേരും രോഗി കിടന്ന മുറിയുടെ വാതിൽക്കലേക്കു ചെന്നു. ശാന്തൻ കതകിനു തട്ടി. തുറക്കുന്നില്ല. കതകു് അകത്തുനിന്നു ബന്ധിച്ചിരിക്കുന്നു.

"കതകു തുറക്കണം. സന്ന്യാസി, ദയവു ചെയ്തു് കതകു തുറക്കണം." എന്നു സത്രമുടമസ്ഥൻ വിളിച്ചുപറഞ്ഞു. അകത്തുനിന്നു് ഒരു മറുപടിയുമില്ല.

"കതകു തുറന്നില്ലെങ്കിൽ ചവുട്ടിപ്പൊളിക്കും" എന്നു ശാന്തൻ അട്ടഹസിച്ചു. എന്നിട്ടും അനക്കമില്ല. അടുത്തു കിടന്ന ഒരു കോടാലി കൈയിലാക്കി, സത്രമുടമസ്ഥൻ തടയുന്നതിനു മുമ്പെ, ശാന്തൻ കതകിനെ ലക്ഷ്യമാക്കി ഒന്നു വെട്ടി, കതകു് പിളർന്നു താഴെ വീണു. അയാൾ പാഞ്ഞകത്തുകയറിയപ്പോൾ കണ്ടകാഴ്ച എത്ര ഭയങ്കരം. രോഗി നദിപോലെ പ്രവഹിച്ച രക്തത്തിൽ കിടന്നു പിടയ്ക്കുന്നു സന്ന്യാസിയെ കാൺമാനില്ല. സത്രത്തിലുണ്ടായിരുന്നവരെല്ലാം മുറിയിലോടിയെത്തി. സന്ന്യാസി പിൻഭാഗത്തുകൂടി ചാടിയിറങ്ങി അയാളുടെ കുതിരപ്പുറത്തുകയറി കടന്നു കളഞ്ഞു.

ശാന്തൻ രക്തത്തിൽ കുളിച്ചുകിടന്ന മനുഷ്യന്റെ മുഖത്തു നോക്കി. "ഹാ! ഇതാരു? പഴയ അരാച്ചാരാണല്ലൊ" സത്രമുടമസ്ഥന്റെ നേരെ തിരിഞ്ഞു. "വൈദ്യനെ ഉടൻ വരുത്തണം. വല്ലതും ചെയ്യാമോ എന്നു നോക്കട്ടെ." സത്രമുടമസ്ഥൻ പരിഭ്രാന്തനായി മുറിക്കു വെളിയിലിറങ്ങി.

# അദ്ധ്യായം ൧൨

---

ആ സന്യാസി, രോഗിയുടെ സന്നിധിയിൽ ചെന്ന കഥയിങ്ങനെയാണു്. അയാൾ മുറിയിൽ കയറി ആസന്നമരണനായികിടന്നയാളിന്റെ സമീപം എത്തിയപ്പോൾ, സുഖക്കേടുകാരൻ അയാളെ സൂക്ഷിച്ചു നോക്കിയശേഷം പറഞ്ഞു:– "അവിടുന്നു വളരെ ചെറുപ്പമാണല്ലൊ."

സന്യാസി—പരിചയംകൊണ്ടുവേണ്ട പ്രായം എനിക്കു സിദ്ധിച്ചിട്ടുണ്ടു്. നിങ്ങൾക്കു വേദന വളരെ ഉണ്ടു്, അല്ലേ?

രോഗി—ദേഹത്തിന്റെ വേദന സാരമില്ല മനോഭാരമാണു കൂടുതൽ ക്ലേശപ്പെടുത്തുന്നതു്.

സന്യാസി—നിങ്ങളുടെ മനസ്സിന്റെ ഭാരമെന്താണു്? കേൾക്കട്ടെ. ഉപദേശംകൊണ്ടു് ഉപശാന്തി തരാം.

രോഗി—അതിനാണു് ഒരു സന്യാസിയെ കാണണമെന്നു ഞാൻ ആവശ്യപ്പെട്ടതു്. ഞാൻ പറയാം, കേട്ടുകൊള്ളുക. മുമ്പേ ഞാൻ ആരാച്ചാരായിരുന്നു. നീതിന്യായാധിപന്മാരുടെ തീർച്ചപ്രകാരം ഞാൻ പലരുടേയും കഴുത്തു വെട്ടിയിട്ടുണ്ടു്. അപ്പോഴെങ്ങും എനിക്കു സമാധാനക്കുറവില്ലായിരുന്നു. എന്നാൽ കഠോരമായ പ്രതിക്രിയയാൽ പ്രേരിതരായ ചിലരുടെ തീരുമാനമനുസരിച്ചു് എന്റെയും കഠിനദ്വേഷം സമ്പാദിച്ച ഒരാളിനെ ഞാൻ കൊന്നിട്ടുണ്ടു്. അതിൽപിന്നെ—എനിക്കു്— (അയാൾ പറയുവാൻ മടിച്ചു)

സന്യാസി—പറയണം, മടിക്കേണ്ട.

രോഗി—അതിൽപിന്നെ എനിക്കു മനഃസ്സുഖം ഒരിക്കലുമുണ്ടായിട്ടില്ല. ഇരുപതു വർഷമായി പാപപരിഹാരത്തിനു് എന്നാൽ കഴിവതുപോലെ ധർമ്മപ്രവൃത്തികൾ ചെയ്തുകൊണ്ടിരിക്കുന്നു. എങ്കിലും ഈശ്വരൻ ക്ഷമിച്ചിട്ടില്ലെന്നാണു് എന്റെ ബോധം. ഹാ! ആ സ്ത്രീയുടെ മുഖം ഇപ്പോഴും എന്നെ ഭയപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

"ഒരു സ്ത്രീയോ? ഒരു സ്ത്രീയെയാണോ നിങ്ങൾ കൊലപ്പെടുത്തിയതു്?"

രോഗി—അവിടുന്നു 'കൊലപ്പെടുത്തിയതു്', എന്നുള്ള വാക്കാണു് ഉപയോഗിക്കുന്നതു്. ഞാൻ യഥാർത്ഥത്തിൽ ശിക്ഷ നടത്തുകയല്ലായിരുന്നു. കൊല്ലുകയായിരുന്നു. ഞാൻ കൊലപാതകിയാണു് കരഞ്ഞുകൊണ്ടു് അയാൾ കണ്ണടച്ചു. മുഴുവൻ പറയുന്നതിനുമുൻപേ അയാൾ മരിച്ചുപോകുമെന്നു ശങ്കിച്ചു സന്യാസി പറഞ്ഞു:— "മുഴുവൻ പറയണം ഞാൻ കേൾക്കട്ടെ."

രോഗി—ഹാ! അന്നത്തെ രാത്രി, വള്ളത്തിൽ മുമ്പോട്ടുപോയതു്, ഇലകളുടെ മർമ്മരശബ്ദം, കാററിന്റെ മൂളൽ, ഓളത്തിന്റെ ഇളക്കം, വെള്ളത്തിൽകണ്ട രക്തം—അയ്യോ! ഇതൊക്കെ എന്നെ കൊല്ലുന്നു.

സന്യാസി—പിച്ചും പേയും പറകയാണോ?

രോഗി കിടപ്പിൽനിന്നു് ഒന്നു പൊങ്ങിയിട്ടു് "ഞാൻ പിച്ചും പേയും പറകയോ? എനിക്കു നല്ല ബോധമുണ്ടു്. ഞാൻ ശവം ആററിൽ കെട്ടിതാഴ്ത്തി.

സന്യാസി—സംഭവം വിവരിച്ചുപറയണം.

രോഗി—നാലഞ്ചു പട്ടാളമുദ്യോഗസ്ഥന്മാർ എന്നെയും കൂട്ടിച്ചുപോയി രാത്രി ഒരു ചെറിയ ഭവനത്തിലിരുന്ന സ്ത്രീയെ ചൂണ്ടിക്കാണിച്ചുകൊണ്ടു് "അതാ, അവളെ കൊല്ലണം." എന്നു പറഞ്ഞു. ഞാൻ അതു സമ്മതിച്ചു. ആ സ്ത്രീ ഒരു ഭയങ്കര രാക്ഷസിയായിരുന്നു. അവരുടെ രണ്ടാമത്തെ ഭർത്താവിനെ അവർ വിഷംകൊടുത്തു കൊന്നു; ഭർത്തൃസഹോദരനെ കൊല്ലുവാൻ ശ്രമിച്ചു; ശത്രുവായ് ഒരു യുവതീരത്നത്തെയും വിഷപാനം ചെയ്യിച്ചു; അവസാനം സിംഹളദ്വീപിലെ പ്രധാനമന്ത്രിയെ മൃത്യുവിനു് ഇരയാക്കി.

"സുകുമാരപ്രഭുവിനെയോ."

"അതേ, ആ സ്ത്രീ വേറെയും പാതകങ്ങൾ ചെയ്തിട്ടുണ്ടു്."

സന്യാസിയുടെ മുഖം വിവർണ്ണമായി. നെററിയിൽ പൊടിച്ച സ്വേദകണങ്ങൾ തുടച്ചശേഷം അയാൾ എഴുന്നേററു ചെന്നു കതകു ബന്ധിച്ചു. പിന്നീടു രോഗിയുടെ അടുക്കൽവന്നു് "പറയണം അവരെ കൊല്ലിച്ച ആളുകൾ ആരെല്ലാമായിരുന്നു?"

രോഗി—ഒരുവൻ വിദേശീയനായിരുന്നു. സിംഹളദ്വീപുകാരനാണെന്നു തോന്നുന്നു. മററവർ നാലുപേരും വില്ലാളികളായിരുന്നു.

"അവരുടെ പേരുകൾ"

"എനിക്കറിയാൻ പാടില്ല. അവർ നാലുപേരും സിംഹളദ്വീപുകാരനെ പ്രഭു എന്നാണു വിളിച്ചത്."

സന്ന്യാസിയുടെ കൈയ്കാലുകൾ വിറച്ചു. മനഃശക്തി അവലംബിച്ചുകൊണ്ടു ചോദിച്ചു. "സ്ത്രീയുടെ പേര്?"

"ഞാനോർക്കുന്നില്ല"

"ചെറുപ്പമായിരുന്നു, ഇല്ലേ?"

"ചെറുപ്പമായിരുന്നു. വളരെ അഴകുള്ള സ്ത്രീയുമായിരുന്നു."

"അവരുടെ കണ്ണുകൾ?"

"പ്രകാശസംപൂർണ്ണങ്ങളായിരുന്നു."

സന്ന്യാ—നിങ്ങൾ ആ സ്ത്രീയെ കൊന്നു. അല്ലേ? ആ ഭീരുക്കളുടെ ആയുധമായി നിങ്ങൾ പരിണമിച്ചു. അവളുടെ ചെറുപ്പവും അഴകും ബലഹീനതയും നിങ്ങളെ സഹതാപചിത്തനാക്കിയില്ല?

രോഗി—അവൾ പുറമെ സൌന്ദര്യവതിയെങ്കിലും അകമെ പിശാചായിരുന്നു. അവൾ എന്നോട്ടും അതിക്രമം ചെയ്തിട്ടുണ്ട്.

സന്ന്യാ—എന്ത്? കേൾക്കട്ടെ.

രോഗി—എന്റെ സന്ന്യാസിയായ സഹോദരനെ, അവർ വഞ്ചിച്ചു്, ആദ്യഭർത്താവായി സ്വീകരിച്ചു. പിന്നീട് അയാളെ കൊന്നു. അവിടുന്ന് എന്തു പറയുന്നു? ഈശ്വരൻ എന്നോടു ക്ഷമിക്കാതിരിക്കുമോ?

"അവളുടെ പേരെന്തായിരുന്ന് എന്ന് ഓർക്കുന്നില്ലേ?"

"അവളുടെ പേര്—ഓ, ഓർത്തു പോയി, കാദംബിനിയെന്നായിരുന്നു."

"കാദംബിനിയോ?"

"അതെ, അവിടുന്ന് ഇനിയും ശരണോപദേശം ചെയ്യണം."

സന്ന്യാസി ഒന്നു ചിരിച്ചു. രോഗി സന്ന്യാസിയുടെ മുഖത്തുനോക്കിയപ്പോൾ അയാൾ ഞെട്ടിപ്പോയി.

സന്ന്യാസി—ശരണോപദേശം ചെയ്കയോ? ഞാൻ സന്ന്യാസിയല്ല.

രോഗി കിടന്നിടത്തുനിന്നു പൊങ്ങി.

"അവിടുന്നു പിന്നെയാരാണ്?"

"പറയാം. ഞാൻ നിങ്ങൾ വധിച്ച സ്ത്രീയുടെ മകനാണു്."

ഒരു കരച്ചിലോടെ ആരാച്ചാർ കിടക്കയിലേക്കുവീണു. ആ കരച്ചിലാണു്, ആദ്യം രവീന്ദ്രനും, ശാന്തനും, സത്രമുടമസ്ഥനും കേട്ടതു്. ആരാച്ചാർ മുഖം പൊത്തിക്കൊണ്ടു പറഞ്ഞു. "എന്റെ കുഞ്ഞേ; എന്നോടു ക്ഷമിക്കണേ. കുഞ്ഞു ക്ഷമിച്ചാൽ മനസ്സമാധാനത്തോടെ എനിക്കു മരിക്കാം."

കപടസന്യാസി—ഞാൻ ക്ഷമിക്കയോ? ഈശ്വരൻ ക്ഷമിച്ചാലും ഞാൻ ക്ഷമിക്കയില്ല.

അയാളുടെ നേരെ കൈകൾ നീട്ടിക്കൊണ്ടു് ആരാച്ചാർ കരഞ്ഞുകൊണ്ടു പറഞ്ഞു. "കുഞ്ഞേ, അല്പം അലിവു് എന്നിൽതോന്നണം."

ഉടുപ്പിനുള്ളിൽ നിക്ഷേപിച്ചിരുന്ന ഒരു കഠാരി കൈയിലെടുത്തു്—"ഇതാണു് എന്റെ അലിവു്" എന്നു പറഞ്ഞു് രോഗിയുടെ മാർവിൽ പിടി വരെ കുത്തിയിറക്കിയിട്ടു, പെട്ടെന്നു്, അവിടെനിന്നു്, അയാൾ അന്തർദ്ധാനം ചെയ്തു.

ആരാച്ചാർ കിടന്ന മുറിയിൽ കയറിയ ശാന്തൻ സത്രമുടമസ്ഥന്റെ പുറകെ രവീന്ദ്രനെയും വെളിയിലയച്ചു.

ആരാ—എന്റെ ഈശ്വരാ, അവിടുന്നു് എന്നെ കൈവിട്ടിരിക്കയാണു്. എനിക്കു സഹായം ആരുമില്ല.

ശാന്ത—ധൈര്യമായിരിക്കണം. വൈദ്യനെ അന്വേഷിച്ചു് ആളുകൾ പോയിട്ടുണ്ടു്.

ആരാ—നിങ്ങളാരാണു്. ഞാൻ കണ്ടിട്ടുള്ളതുപോലെ തോന്നുന്നു.

ശാന്ത—ഇരുപതുവർഷം മുമ്പേ ഒരു രാത്രി, എന്റെ യജമാനനും, വേറെ നാലുപേരും കൂടി നിങ്ങളെക്കൊണ്ടു് ഒരു സ്ത്രീയെ കൊല്ലിച്ചില്ലേ?

ആരാ—ഓ, ഞാനോർക്കുന്നു. നിങ്ങൾ അവരുടെ വേലക്കാരിൽ ഒരുവനാണു്. അതാ് അതിനു് ഞാൻ ശിക്ഷ ഇപ്പോൾ അനുഭവിച്ചു.

ശാന്തൻ പരിഭ്രമിച്ചു ചോദിച്ചു.

"എന്തു്?"

"ആ സ്ത്രീയുണ്ടല്ലോ?."

"അയ്യോ! പ്രഭീ."

"പ്രഭയുടെ പുത്രനാണു്, സന്ന്യാസിയായി വന്ന കറാരി എന്റെ നെഞ്ചിലിറക്കിയിരിക്കുന്നതു്."

ശാന്തൻ സംഭ്രമാധിക്യത്താൽ വിറച്ചു.

"നിങ്ങൾ വിവരമെല്ലാം അയാളോടു പറഞ്ഞുകാണും."

ആരാ—ആ സംഭവം [illegible]ന്നു.

ശാന്തന്റെ കൈകാലുകൾ തളർന്നു. മുഖം വിയർത്തു. "അബദ്ധമായി, നിങ്ങൾ അവരുടെ പേരുകൾ പറഞ്ഞുകൊടുത്തോ?"

ആരാ—അയാളുടെ ചിററപ്പന്റെ പേരുമാത്രം പറഞ്ഞു. മററവരുടെ പേരുകൾ ഞാനോർത്തില്ല.

ശാന്തൻ കൈകൊണ്ടു് ഒന്നുരണ്ടുപ്രാവശ്യം നെററിക്കടിച്ചുപറഞ്ഞു:— "മററുള്ളവരെ അയാൾ എങ്ങിനെയെങ്കിലും അറിയും. വലിയ നാശത്തിന്റെ ആരംഭമാണു്."

ആരാച്ചാർ—വേഗം, വേഗം അവരെയൊക്കെ അറിയിക്കണം. എന്റെ മരണംകൊണ്ടു് അയാളുടെ പ്രതിക്രിയ അവസാനിക്കയില്ല. അയാൾ മഹേന്ദ്രപുരിക്കു പോയിരിക്കണം.

വൈദ്യൻവന്നു, കറാരി ഊരിയതിനോടുകൂടി ആരാച്ചാരുടെ ആത്മാവും അയാളുടെ ജഡത്തിനു യാത്രപറഞ്ഞു.

സത്രമുടമസ്ഥനു കൊടുക്കേണ്ട പണം കൊടുത്തു് മരിച്ചയാളിനെ സംസ്കരിക്കുന്നതിനു ചുമതലപ്പെടുത്തിയശേഷം, രവീന്ദ്രനും, ശാന്തനും സത്രത്തിൽനിന്നിറങ്ങി കുറച്ചുദൂരം യാത്രചെയ്തു് ഒരു കവലയിൽ വന്നപ്പോൾ ശാന്തൻ രവീന്ദ്രനോടു പറഞ്ഞു— "കുഞ്ഞു തനിയേ കൊട്ടാരത്തിലേക്കു പൊയ്ക്കൊള്ളുക. എനിക്കുടൻ മഹേന്ദ്രപുരിക്കു പോകണം. അത്യാവശ്യമാണു്."

രവീന്ദ്രൻ—ഉടൻ മഹേന്ദ്രപുരിക്കു പോകയോ? അച്ഛൻ ശാന്തനെ എന്റെ സഹായത്തിനയച്ചിരിക്കയല്ലേ, അതുകൊണ്ടു് ഇനിയും അങ്ങോട്ടുചെന്നാൽ അച്ഛൻ വഴക്കു പറയും.

ശാന്തൻ—പോകണം, അത്യാവശ്യമാണു്.

രവീന്ദ്രൻ എന്തെങ്കിലും ആപത്തുണ്ടായേക്കുമോ എന്നു ഭയപ്പെട്ടു ശാന്തനെ പിടിച്ചുനിറുത്തിക്കൊണ്ടു പറഞ്ഞു— "എന്താണു് അത്യാവശ്യം? എന്നോടു പറയണം. അല്ലാതെ ഞാൻ വിടുകയില്ല."

ശാന്തൻ—വളരെ രഹസ്യമാണ്. എങ്കിലും ഒരു കാര്യം പറയാം. ആ സന്യാസിയുടെ മുഖം നല്ലപോലെ ഓർക്കുന്നുണ്ടോ?

"ഉണ്ട്"

"ഇനിയും എവിടെ കണ്ടാലും അയാളെ മനസ്സിലാകുമോ?"

"മനസ്സിലാകും"

"വഴിയിലോ, സത്രത്തിലോ, ക്ഷേത്രത്തിലോ എവിടെ ആയാലും തരക്കേടില്ല. കണ്ടെന്നാൽ ഉടൻ ഒരു കരുണയും കൂടാതെ കൊന്നുകളയണം. അയാൾ ജീവിച്ചിരിക്കുന്നിടത്തോളം കാലം അഞ്ചുപേരുടെ ജീവൻ അപായത്തിലാണ്." ഒരക്ഷരം പോലും കൂടുതൽ പറയാതെ, ആശ്ചര്യപ്പെട്ടുനിന്ന യുവാവിന്റെ സന്നിധിയിൽനിന്നും ശാന്തൻ കുതിരയെ അതിവേഗത്തിൽ പായിച്ചു.

---

# അദ്ധ്യായം ൧൩.

---

പഴയ വില്ലാളികൾ നാലുപേരും അവരുടെ സ്നേഹം നിലനിർത്തുന്നതിനായി ചിലപ്പോൾ പരസ്പരം സന്ദർശനം നടത്താറുണ്ടായിരുന്നു. ഒരു ദിവസം മുൻനിശ്ചയപ്രകാരം നാലുപേരും, മഹേന്ദ്രപുരിയിലെ ഒരു പ്രധാനസത്രത്തിന്റെ മുകളിലത്തെ മുറിയിൽ കൂടി. വളരെ വിശേഷപ്പെട്ട ഭക്ഷണസാധനങ്ങൾ അവരുടെ മേശയെ അലങ്കരിച്ചു. സഭാദ്ധ്യക്ഷം വഹിച്ചതു് പതിവുപോലെ ദിവാകരപ്രഭുവായിരുന്നു. പ്രഭുവിന്റെ ആജ്ഞകൾ, ശേഖരന്റെ തത്വജ്ഞാനങ്ങൾ, വിജയരുദ്രന്റെ ഫലിതങ്ങൾ, ഉപേന്ദ്രന്റെ അട്ടഹാസച്ചിരി, ആകപ്പാടെ വലിയ ബഹളമായിരുന്നു. അവർ തമ്മിൽ യുദ്ധം ചെയ്യുകയായിരിക്കുമോ എന്നു ഭയപ്പെട്ടു ചിലപ്പോളൊക്കെ സത്രമുടമസ്ഥൻ വന്നുനോക്കിക്കൊണ്ടിരുന്നു. അവർ പഴയപടി ഒരു മടിയും കൂടാതെ ഉച്ചത്തിൽ സംഭാഷണം ചെയ്തും, ചിരിച്ചും യോഗം നടത്തി. രാജ്ഞിയേയും, സ്വാമിയാരെയും സുലോചനപ്രഭ്വി

ന്നെയും, മററനേകം പേരെയും വേണ്ടപോലെ ശകാരിക്കുന്നതിൽ യാതൊരു പക്ഷഭേദവും ഒരുത്തരും കാണിച്ചില്ല. ഒടുവിൽ നരേന്ദ്രൻ പറഞ്ഞു. "സ്നേഹിതരെ, നമ്മുടെ സൌഭാഗ്യം പൂൎണ്ണമായിരിക്കുന്നു. എങ്കിലും പഴയ ഒരു കാര്യം ഓർക്കുമ്പോൾ മനോവ്യാകുലതയുണ്ടാകുന്നില്ലേ?"

ശേഖ—സ്നേഹിതൻ പറയുന്നതു മനസ്സിലാകുന്നില്ല. കഴിഞ്ഞതൊക്കെ കഴിഞ്ഞു. ഇനിയും കഴിഞ്ഞതിനെപ്പററി ഓർക്കുന്നതെന്തിനു്?

നരേ—നാം ഒരു മഹാപാതകം ചെയ്തിട്ടുണ്ടു്.

വിജ—ഓഹോ, പ്രഭാവതിയുടെ മരണം.

ഉപേ—ഹോ! ഞാൻ അതു മറന്നുപോയി.

നരേന്ദ്രൻ—ഉപേന്ദ്രൻ മറന്നു, അല്ലേ? എങ്ങനെ മറക്കും?

ഉപേ—എനിക്കതിൽ അശേഷം ദുഃഖമില്ല.

നരേ—ശേഖരനോ?

ശേഖ—വല്ലപ്പോഴും ഞാനോർക്കും. എങ്കിലും എന്റെ മനഃസാക്ഷിയെ അതൊരിക്കലും ഉപദ്രവിക്കുന്നില്ല.

നരേ—വിജയനോ?

വിജ—ഞാനോർക്കുമ്പോളൊക്കെ മരിച്ചുപോയ എന്റെ മന്ദാകിനിയെ ആണു് ഞാൻ കാണുന്നതു്. കാദംബിനിയെ കൊല്ലിച്ചതിൽ അണുമാത്രമെങ്കിലും പശ്ചാത്താപം എനിക്കില്ല.

ശേഖ—ആ സ്ത്രീ അതർഹിച്ചതാണു്. ഈശ്വരൻ അവളെ ശിക്ഷിച്ചു. നാം ഈശ്വരന്റെ ആയുധങ്ങൾ മാത്രമായിരുന്നു.

ഉപേ—സന്യാസി ഈയിടെയെങ്ങും ഇതുപോലെ ബുദ്ധിപൂർവമായിട്ടു സംസാരിച്ചിട്ടില്ല. സന്യാസി പറഞ്ഞതിനോടു ഞാൻ പൂൎണ്ണമായി യോജിക്കുന്നു.

വിജയ—നാം യുദ്ധത്തിൽ നിരവധി ആളുകളെ കൊന്നിട്ടുണ്ടു്. അവരിൽ പലരും എത്ര ഉൽകൃഷ്ടന്മാരായിരുന്നിരിക്കണം. അതിനൊന്നിനും നമുക്കു മനശ്ചാഞ്ചല്യമില്ല. പിന്നെ എന്തിനു് അനികൃഷ്ടജന്തുവിനെ ഇല്ലാതാക്കിയതിൽ പരിതപിക്കുന്നു? നമ്മുടെ കോപത്തിനു പാത്രമായതു് ഒരു സ്ത്രീയായിപ്പോയല്ലോ എന്നുമാത്രം ഒരു കുണ്ഠിതമുണ്ടു്.

ശേഖ—എന്തിനിതൊക്കെപ്പറയുന്നു? കഴിഞ്ഞതു കഴിഞ്ഞു! ഇനിയും ഭാവിയെപ്പററി ആലോചിക്കുന്നതാണു് നന്നു്.

നരേ—പ്രഭാവതിക്കു് ഒരു പുത്രൻ ഉണ്ടായിരുന്നു.

വിജ—അതെ! ഞാനോർക്കുന്നു. അവൻെറ ചിററപ്പൻ ശ്രീരംഗപ്പട്ടർ ആ സർപ്പത്തെ പാലുകൊടുത്തു വളർത്തിയിരിക്കുമെന്നു വിചാരിക്കുന്നുവോ? ഒരിക്കലുമില്ല. തള്ളയുടെ പുറകേ മകനേയും അയച്ചുകാണും.

ഉപേന്ദ്രൻ—ഒരിക്കലും ആ കുട്ടി ജീവിച്ചിരിക്കയില്ല. അല്ലെങ്കിൽ നാം എങ്ങനെയെങ്കിലും അറിയുമായിരുന്നു.

പെട്ടെന്നു സത്രമുടമസ്ഥൻ മുറിയിൽ പ്രവേശിച്ചു് ഒരാൾ കാണ്മാൻ ധൃതിപ്പെട്ടു വന്നിരിക്കുന്ന വിവരം അറിയിച്ചു

"ഞങ്ങളിൽ ആരെ കാണുവാനാണു്?" എന്നു് എല്ലാവരും കൂടി ചോദിച്ചു.

സത്രമുടമസ്ഥൻ—ദിവാകരപ്പട്ടരെ കാണണമെന്നു പറയുന്നു

നരേന്ദ്രൻ—അയാളുടെ പേരെന്താണു്?

സത്രമുടമസ്ഥൻ—ശാന്തൻ

നരേന്ദ്രൻ പരിഭ്രമിച്ചെഴുനേററു പറഞ്ഞു, "എന്തായിരിക്കും കാരണം? ഇനിയും രവീന്ദ്രനു വല്ല സുഖക്കേടുമാണോ? എന്നാൽ ശാന്തൻ വരുകയില്ലല്ലോ"

വിജയൻ—ശാന്തനെ ഇങ്ങോട്ടു വിടണം.

ശാന്തൻ മുറിയുടെ വാതിൽക്കൽ നിൽക്കയായിരുന്നു. ഉടനേ അവൻ മുറിയിൽ പ്രവേശിച്ചു. സത്രമുടമസ്ഥൻ അവിടെനിന്നു പോയി. ശാന്തൻെറ പരിഭ്രമവും, മുഖത്തെ വിയർപ്പും വസ്ത്രത്തിൽ പുരണ്ടിരിക്കുന്ന പൊടിയുമെല്ലാം കണ്ടു് എന്തോ ഭയങ്കരമായ വർത്തമാനവുംകൊണ്ടാണു് അവൻ വന്നിരിക്കുന്നതെന്നു് അവർ സംശയിച്ചു.

കിതച്ചുകൊണ്ടുനിന്ന ശാന്തൻ ശ്വാസംമുട്ടി പറഞ്ഞു:—"യജമാനന്മാരെ! ആ സ്ത്രീക്കു് ഒരു കുട്ടിയുണ്ടായിരുന്നതു വളർന്നു ഇപ്പോൾ പുരുഷനായി. അവൻ കടുവായിക്കു പിറന്ന കുട്ടിതന്നെ. അവൻ നിങ്ങളെ അന്വേഷിച്ചു് ഇങ്ങോട്ടു തിരിച്ചിട്ടുണ്ടു്; എല്ലാവരും സൂക്ഷിച്ചിരിക്കണം."

നരേന്ദ്രൻെറ മുഖംവാടി. പ്രകാശരഹിതമായ കണ്ണുകൾ കൊണ്ടു് അയാൾമററുള്ളവരേ നോക്കി. ശേഖരൻ കഠാരിക്കൈ

യിലെടുത്തു. വിജയൻ പെട്ടെന്നെഴുന്നേററു "ശാന്താ! നീ എന്താണു പറഞ്ഞതു്? ഞങ്ങൾക്കു ശരിയായി മനസ്സിലായില്ല".

ശാന്തൻ—പ്രഭാവിയുടെ പുത്രൻ, സിംഹളദ്വീപിൽനിന്നു പാണ്ഡ്യദേശത്തു വന്നിട്ടുണ്ടു്. മഹേന്ദ്രപുരിക്കു തിരിച്ചതായറിയാം. ഒരുപക്ഷെ ഇപ്പോൾ ഇവിടെ വന്നുകാണും.

ഉപേന്ദ്രൻ—ഹോ! നാശം. നിശ്ചയമാണോ ശാന്താ?

"നിശ്ചയം"

എല്ലാവരും കുറേ നേരം നിശ്ശബ്ദരായിരുന്നു.

വിജയൻ—അവൻ വന്നെങ്കിലു വരട്ടെ. ഇതുപോലെ എത്രപേരെ കണ്ടതാണു്.

ഉപേന്ദ്രൻ—അതുതന്നെ. ഏതായാലും അറിഞ്ഞതുനന്നായി.

ശേഖരൻ—വെറും കുട്ടിയായിരിക്കണമല്ലൊ.

ശാന്തൻ—കുട്ടിയോ? അയാൾ ചെയ്തതെന്തെന്നറിയണമോ? ഒരു സന്യാസിയുടെ വേഷത്തിൽവന്നു് ആസന്നമരണനായി കിടന്ന നമ്മുടെ പഴയ ആരാച്ചാരെ കുത്തിക്കൊന്നു. അവിടെനിന്നു ഞാനോടി വരുകയാണു്. ഇനിയും നിങ്ങളെയാണു് അന്വേഷിക്കുന്നതു്.

നരേന്ദ്രനൊഴികെ എല്ലാവരും അറിയാതെതന്നെ വാളുകളൂരി. നരേന്ദ്രൻ ശാന്തമായി ഇരുന്നു.

"ശാന്താ! അയാൾ സന്യാസിവേഷത്തിലാണോ?"

"അതേ"

"അയാളെ കണ്ടാൽ തിരിച്ചറിയുന്നതെങ്ങനെയാണു്?

"എന്റെ ഉയരം, മുഖ വളരെ ശോഷിച്ചതാണു്, പന്തംപോലെയുള്ള കണ്ണുകൾ, നല്ലപോലെ കറുത്ത മുടി."

നരേന്ദ്രനും വാൾ കൈയിലെടുത്തു.

വിജയൻ—വരണം, നമുക്കു പോകാം. നമ്മൾ ദുർഭഗതിക്കാരായ പെണ്ണുങ്ങളെപ്പോലെ ഇടയരുതു്. ഒരാൾ നമ്മെ ഇത്ര ഭയപ്പെടുത്താനെന്താണു്? വമ്പിച്ച ശത്രുനിരയെ തൃണംപോലെ വിചാരിച്ചിട്ടുള്ള നാം ഒരു കുട്ടിയെപ്പററി കേട്ടു പരിഭ്രമിക്കയോ?

നരേന്ദ്രൻ—ഈശ്വരനാണു് ആ പയ്യനെ കൊണ്ടുവരുന്നതു്.

എല്ലാവരും വേഗം സത്രംവിട്ടു.

# അദ്ധ്യായം ൨൦

ജയപുരത്തെ മഹിളാമന്ദിരത്തിൽ ഒരു മുറിയിൽ ഏകദേശം നാല്പതു വയസ്സു പ്രായം വരുന്ന ഒരു സ്ത്രീയും പതിന്നാലുവയസ്സുപ്രായം തോന്നിക്കുന്ന ഒരു പെൺകുട്ടിയും, അടുത്തിരുന്നു് അവരുടെ സങ്കടങ്ങൾ ഈശ്വരനെ അറിയിക്കുന്നു. ആ സ്ത്രീ ചെറുപ്പത്തിൽ അതിസൌന്ദര്യവതിയായിരുന്നിരിക്കണം. ദുഃഖരേഖകൾ മുഖത്തു നിഴലിക്കുന്നതുകൊണ്ടു വാർദ്ധക്യം തോന്നിക്കുന്നു. അരികിലിരിക്കുന്ന യുവതിയുടെ മുഖത്തെ അഴകു്; കണ്ണുനീർപ്രവാഹത്തോടുകൂടി ശതഗുണീഭവിച്ചു.

"എന്റെ ഈശ്വരാ, എന്റെ ഭഗവാനെ, എന്റെ ഭർത്താവിനെയും, മകനെയും അവിടുന്നു രക്ഷിച്ചുകൊള്ളണമെ. ഈ അരിഷ്ടജീവിതത്തിൽനിന്നു് എന്റെ ജീവനെ അവിടുന്നു് എടുത്തുകൊള്ളണമെ." എന്നു പ്രായം ചെന്ന സ്ത്രീ നിലവിളിച്ചു പ്രാർത്ഥിച്ചു. ഉടൻ ചെറുപ്പക്കാരി മറ്റെ സ്ത്രീയുടെ കൈകൾ പിടിച്ചുകരഞ്ഞുകൊണ്ടു് "അമ്മേ! അമ്മ എന്താണു് ഇങ്ങനെ പ്രാർത്ഥിക്കുന്നതു്. അമ്മ പോയാൽ എനിക്കാരുണ്ടു്."

"എന്റെ മകളേ, നിന്റെ അമ്മ വിചാരിച്ചാൽ നിനക്കു വേണ്ടി ഒന്നും ചെയ്യുന്നതിനു സാധിക്കയില്ല. നിന്റെ അമ്മയ്ക്കു സിംഹാസനമില്ല. ധനമില്ല. സഹായികളില്ല." രണ്ടുപേരും കെട്ടിപ്പിടിച്ചു കരഞ്ഞു.

മക—അമ്മ ധൈര്യമായിരിക്കണം.

അമ്മ—നമ്മുടെ കഷ്ടകാലം പരമകോടിയെ പ്രാപിച്ചിരിക്കയാണു്. നിന്റെ സഹോദരന്റെ വർത്തമാനമൊന്നുമറിയുന്നില്ല. നിന്റെ അച്ഛൻ സിംഹാസനം വീണ്ടെടുക്കാമെന്നുള്ള ആശകൊണ്ടു് ഊണും ഉറക്കവുമില്ലാതെ സിംഹളദ്വീപിൽ കാടുകളിലും മേടുകളിലും ഓടി നടക്കയാണു്. നമ്മളിതാ, ഈ മന്ദിരത്തിന്റെ നായികയുടെ ഔദാര്യത്തെ ആശ്രയിച്ചുതാമസിക്കുന്നു.

മക—ഈ രാജ്യത്തെ രാജ്ഞി അമ്മയുടെ സഹോദരിയല്ലേ. അവരുടെ സഹായം അപേക്ഷിച്ചാലോ?

അമ്മ— എന്റെ മകളേ, നാം ഇവിടെ വന്ന് അഗതികളെ പുലർത്തുന്ന ഈ മന്ദിരത്തിൽ താമസമാക്കിയിരിക്കയാണെന്ന "മോഹിനി" അറിഞ്ഞിട്ട്, ഒരു എഴുത്തുപോലും നമ്മുടെ പേർക്കയച്ചിട്ടില്ല. അവൾ സ്വാമിയാരുടെ വലയിലാണ്.

"എന്നാൽ നമുക്കു ദൈവത്തോടു പറയാം." എന്ന് ആ രാജകുമാരി പറഞ്ഞ് ഹൃദയത്തെ ഈശ്വരങ്കലേക്ക് ഉയർത്തി കരഞ്ഞുകൊണ്ടു പ്രാർത്ഥിച്ചു.

മന്ദിരനായിക വന്നു മുറിയിൽ പ്രവേശിച്ചു ബഹുമാനപൂർവം നിന്നുകൊണ്ടു പറഞ്ഞു.—"മഹാരാജ്ഞിയെ കാണ്മാനായി സിംഹളദ്വീപിൽനിന്ന് ഒരു പ്രഭു വന്നിരിക്കുന്നു."

രാജ്ഞി—വല്ല എഴുത്തും കൊണ്ടായിരിക്കാം. മകളേ നിന്റെ അച്ഛന്റെ വർത്തമാനം നമുക്കിപ്പോൾ അറിയാം.—വന്നിരിക്കുന്നതാരാണ്.

നായിക—ശ്രീരംഗപ്രഭു.

രാജ്ഞിയുടെ മുഖം തെളിഞ്ഞു. ആകാംക്ഷയോടു ചോദിച്ചു. "ശ്രീരംഗപ്രഭുവോ? എന്റെ ഭർത്താവിന്റെ സ്നേഹിതനാണ്. അദ്ദേഹം അകത്തു വരട്ടെ."

ശ്രീരംഗപ്രഭു അകത്തു പ്രവേശിച്ച് തൊഴുതു വണങ്ങിയശേഷം പൊൻചുരുളിൽ നിക്ഷേപിച്ചിരുന്ന ഒരെഴുത്തു കൊടുത്തു.

രാജ്ഞി—ഒരു വിശ്വസ്തസ്നേഹിതന്റെ മുഖമോ, രാജാവിന്റെ കത്തോ, സ്വപ്നമോ ഞങ്ങൾ കണ്ടിട്ടു വളരെ നാളായി.

ശ്രീരംഗപ്രഭു രാജ്ഞിയുടെ അപ്പോഴത്തെ സ്ഥിതികണ്ടു മനംകലങ്ങി മിണ്ടാതെ നിന്നു. രാജ്ഞി എഴുത്തു വായിച്ചു.

"എന്റെ പ്രിയഭാര്യയ്ക്ക്,

അശേഷം വിശ്രമമില്ലാതെ, ഒരു സമരത്തിനു കൂടി ഞാൻ വട്ടം കൂട്ടുകയാണ്. അതും തോൽവിയിൽ പരിണമിച്ചാൽ എന്റെ കഥ കഴിഞ്ഞതായി വിചാരിച്ചുകൊള്ളണം. ഭഗവതിയുടെ സഹായം ഈ സമയം അത്യാവശ്യമാണ്. എങ്ങനെയുള്ള സഹായമെന്നു ശ്രീരംഗൻ പറയും. എന്റെ പ്രിയപ്പെട്ട ഭാര്യയെയും, കുഞ്ഞുങ്ങളെയും ഞാൻ ഈശ്വരങ്കൽ സമർപ്പിക്കുന്നു.

രസലേശൻ.

രാജ്ഞി എഴുത്തുവായിച്ച് കണ്ണുനീർ വീഴ്ത്തിയശേഷം ചോദിച്ചു. "പ്രഭോ വല്ല ആശ്രയമുണ്ടോ?"

പ്രഭു—ഞങ്ങൾ കഴിയുന്നതും ശ്രമം ചെയ്യുന്നുണ്ട്. വിപ്ലവകക്ഷിയുടെ ശക്തി നാടെങ്ങും വ്യാപിച്ചിരിക്കയാണ്. കർമ്മവീരൻ അവന്റെ അധികാരം എല്ലായിടത്തും കടത്തിയിട്ടുണ്ട്. എങ്ങനെ വരുമെന്നു ദൈവത്തിനറിയാം.

രാജ്ഞി—ഞാൻ ചെയ്യേണ്ടതെന്താണ്? എന്നെക്കൊണ്ട് എന്തു സാധിക്കും?

പ്രഭു—ഇവിടത്തെ രാജ്ഞിയുടെയും സ്വാമിയാരുടെയും മനഃസ്ഥിതി ഒന്നറിയണം.

രാജ്ഞി—സ്വാമിയാരുടെ മനഃസ്ഥിതിമാത്രം അറിഞ്ഞാൽ മതി. അയാൾ സൂത്രംകൊണ്ടുമാത്രം കാലം കഴിക്കയാണ്. വഞ്ചനയും, ദുർമ്മോഹവും അയാളുടെ കൂടെപ്പിറപ്പുകളാണ്. അയാൾ നമുക്ക് ഒരു സഹായവും ചെയ്യുകയില്ലെന്നാണ് എനിക്കു തോന്നുന്നതു്. ഒരു പക്ഷെ നമ്മുടെ ശത്രുക്കളെ അയാൾ സഹായിച്ചെന്നും വരാം.

പ്രഭു—ഏതായാലും നമുക്ക് ഒന്നു പരീക്ഷിക്കാം. അയാൾ അത്ര കരുണയില്ലാത്തവനായിരിക്കുമോ?

രാജ്ഞി—നമുക്കു നോക്കാം. കർമ്മവീരന്റെ ആളുകൾ വല്ലവരും സ്വാമിയാരെ കണ്ടുകാണുമോ?

പ്രഭു—അറിയാൻ പാടില്ല. നമുക്കു കഴിയുന്നതും വേഗം അയാളുടെ അടുക്കൽ പോകണം.

സിംഹളദ്വീപിലെ രാജ്ഞി ഒരു വണ്ടിയിൽ കയറി ശ്രീരംഗപ്രഭുവിന്റെ അകമ്പടിയോടുകൂടി തൽക്ഷണം കൊട്ടാരത്തിലേക്കു പോയി.

# അദ്ധ്യായം ൨൰

ജയപുരത്തെ മഹിളാമന്ദിരത്തിൽനിന്ന സിംഹളദ്വീപിലെ രാജ്ഞി വണ്ടിയിൽ കയറിയ സമയം, കൊട്ടാരത്തിന്റെ പടിവാതില്ക്കൽ ഒരശ്വാരൂഢൻ വന്നിറങ്ങി, താൻ, സിംഹളദ്വീപിൽ ഭരണമുറപ്പിച്ചിരിക്കുന്ന കമ്മവീരന്റെ സ്ഥാനാപതിയാണെന്നും ഉടൻ സ്വാമിയാരെ കാണണമെന്നും കാവൽപട്ടാളക്കാരനെ അറിയിച്ചു. അല്പനേരം കഴിഞ്ഞു ഉത്തരവനുസരിച്ച് ആഗതൻ അകത്തു പ്രവേശിച്ചപ്പോൾ സ്വാമിയാർ അയാളെ സസന്തോഷം സ്വീകരിച്ച് ഒരു കസേരയിലിരുത്തി. ആ സ്ഥാനാപതി വേഗം തന്റെ കൈയിലിരുന്ന ഒരെഴുത്തു സ്വാമിയാരുടെ മേശപ്പുറത്തു വച്ചു. സ്വാമിയാർ അതെടുത്തു വായന തുടങ്ങി.

“എന്റെ സ്ഥാനാപതി മുരളീശൻവഴി കൊടുത്തയക്കുന്ന എഴുത്ത്.

മഹാമഹിമശ്രീ സത്യവ്രതസ്വാമിയാർ ബോധിപ്പാൻ:—

സിംഹളദ്വീപിലെ ജനങ്ങൾ ദുർഭരണം സഹിക്കവയ്യാഞ്ഞിട്ട്, അവരുടെ രാജാവിനോട് എതിരിടുന്നതിനും, അദ്ദേഹത്തെ തോല്പിക്കുന്നതിനും, നിർബന്ധിതരായത് അവിടുന്ന കേട്ടിരിക്കുമല്ലൊ. രാജ്യഭരണം ബലഹീനനായ എന്നിലാണ ജനങ്ങൾ ഭരമേല്പിച്ചിരിക്കുന്നത്. ഒളിച്ചോടി നടക്കുന്ന ആ രാജാവു സമരത്തിന വീണ്ടും ഒരുങ്ങുന്നതായും അദ്ദേഹത്തിന്റെ രാജ്ഞി അവിടത്തെ സഹായം അർത്ഥിക്കുന്നതിന പാണ്ഡ്യദേശത്തുവന്ന താമസമാക്കിയിരിക്കുന്നതായും അറിയുന്നു. ബുദ്ധികേടായി എന്തെങ്കിലും പ്രവർത്തിച്ച സിംഹളദ്വീപുകാരുടെ ശത്രുത അവിടുന്ന സമ്പാദിക്കയില്ലെന്ന ഞാൻ വിശ്വസിക്കട്ടെയോ?

ഈ വാചകം വായിച്ചുകൊണ്ട സ്വാമിയാർ ആ ചെറുപ്പക്കാരന്റെ മുഖത്ത് ഏറുകണ്ണിട്ട് ഒന്ന നോക്കി. (ആത്മഗതം)

“ഹാ, ഹാ, അപ്പോൾ വേണ്ടിവന്നാൽ പാണ്ഡ്യദേശത്തോടു യുദ്ധം ചെയ്യുമെന്നുമാണ സൂചിപ്പിക്കുന്നത്. അല്ലേ?” സ്വാമിയാർ തുടർന്നു വായിച്ചു.

"ഞങ്ങളുടെ ഈ ആഭ്യന്തരകലഹത്തിൽ പാണ്ഡ്യരാജ്യത്തിന്റെ നയമെന്തായിരിക്കുമെന്നു വ്യക്തമായി അറിയുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. അങ്ങയുടെ മറുപടി രണ്ടാഴ്ചയ്ക്കകം ലഭിക്കുന്നില്ലാത്തപക്ഷം നമ്മുടെ രണ്ടു രാജ്യങ്ങളുടെയും സമാധാനപരമായ ബന്ധത്തിന്ന് ഹാനി തട്ടിയിരിക്കുന്നതായി ഞാൻ വിചാരിക്കുന്നതാണ്."

നിങ്ങളുടെ സ്നേഹിതൻ
കമ്മവീരൻ

സ്വാമിയാർ എഴുത്തിലെ വിഷയത്തെപ്പററി യാതൊന്നും സൂചിപ്പിക്കാതെ ആ യുവാവിനോടു ചോദിച്ചു "നിങ്ങളുടെ പേർ മുരളീശൻ എന്നാണ്."

"അതെ"

ഒരു രാജ്യത്തെ സേനാപതിയുടെ ജോലി വളരെ വിഷമമേറിയതാണ്. അതിന്നു ഇത്ര ചെറുപ്പക്കാരനായ നിങ്ങൾ യോഗ്യനായതിൽ നിങ്ങളെ ഞാൻ അനുമോദിക്കുന്നു. സ്വാമിയാരുടെ വാക്കുകളിൽ അന്തർഭവിച്ചിരുന്ന ഹാസ്യരസം മനസ്സിലാക്കികൊണ്ടു മുരളീശൻ പറഞ്ഞു. "പ്രഭോ! അങ്ങയെപ്പോലെ ബുദ്ധിമാനല്ലെങ്കിലും ദുഃഖാനുഭവംകൊണ്ടു പ്രായവും പക്വതയും വേണ്ടപോലെ എനിക്കു സിദ്ധിച്ചിട്ടുണ്ടെന്നാണ് എന്റെ ബോദ്ധ്യം"

സ്വാമിയാർ—അങ്ങനെയാണോ? ചെറുപ്പത്തിലേ രക്തത്തിളപ്പുകൊണ്ട് ഊർജ്ജസ്വലനായിരിക്കുന്ന നിങ്ങൾക്ക് എന്തു ദുഃഖാനുഭവമാണ് ഉണ്ടായിട്ടുള്ളത്?

മുരളീശൻ—ഞാൻ ജനിച്ചപ്പോൾമുതൽതന്നെ കഷ്ടതകൾ അനുഭവിച്ചുതുടങ്ങി. എന്റെ ധനവും സ്ഥാനമാനങ്ങളും ചാർച്ചക്കാരിലൊരാൾ അനുഭവിക്കുന്നു.

സ്വാമിയാർ—അയാൾ നിങ്ങൾക്കു യാതൊരു സഹായവും ചെയ്യുന്നില്ലേ?

മുരളീശൻ—അയാളുടെ ഭവനത്തിൽ ഞാൻ മൂന്നു പ്രാവശ്യം പോയിട്ടുണ്ട്. ആ മൂന്നു പ്രാവശ്യവും വേലക്കാർ എന്നെ അടിച്ചോടിക്കയാണുണ്ടായത്.

സ്വാമിയാർ സഹതാപം ഭാവിച്ചുകൊണ്ടു പറഞ്ഞു. "നിങ്ങളുടെ കഥ വളരെ സങ്കടകരമായിരിക്കുന്നു. ആ ചാർച്ചക്കാരനെ നിങ്ങൾ എന്നുമുതലാണ് അറിഞ്ഞുതുടങ്ങിയത്?"

അധികനാളായില്ല. ഞാൻ തള്ളപ്പെട്ട ഒരു ശിശുവായിട്ടാണ് വളർന്നത്.

"നിങ്ങളുടെ മാതാവിനെ നിങ്ങൾ കണ്ടിട്ടില്ലേ?"

എന്റെ മൂന്നാമത്തെ വയസ്സിൽ അമ്മ മരിച്ചുപോയി. എന്നെ കുറേക്കാലത്തേക്ക് ഒരു സ്ത്രീ എടുത്തു വളർത്തി. അതുകഴിഞ്ഞ് അവരും ഉപേക്ഷിച്ചു.

"നിങ്ങൾ വളരെ കഷ്ടപ്പെട്ടല്ലോ."

"ഞാൻ പെട്ട പാടുകൾക്കു കണക്കില്ല. എന്റെ മാതാവിനെ എന്റെ ഒരു ചാർച്ചക്കാരനും വേറെ നാലുപേരുംകൂടി കൊലപ്പെടുത്തുകയാണ് ചെയ്തതെന്നു ഞാനറിഞ്ഞു." അയാളുടെ മുഖത്തെ രൗദ്രത കണ്ടു സ്വാമിയാർ പരിഭ്രമിച്ചു.

അയാൾ തുടർന്നു പറഞ്ഞു "എന്റെ മാതാവിന്റെ ഘാതകരെ ഞാൻ അന്വേഷിച്ചുകൊണ്ടിരിക്കയാണ്. ചാർച്ചക്കാരനെ ഞാൻ മനസ്സിലാക്കിപ്പോയി."

സ്വാമിയാർ—ഈ ചാർച്ചക്കാരനോടു കർമ്മവീരനെക്കൊണ്ടു പറയിപ്പിച്ചാൽ നിങ്ങൾക്കു വേണ്ട സഹായം ലഭിക്കയില്ലേ?

മുരളീശൻ— അതും പറയേണ്ട ആവശ്യമില്ല. സൗകര്യം വരുമ്പോൾ ഞാൻതന്നെ അദ്ദേഹത്തോടു പറഞ്ഞുകൊള്ളാം.

ഈ സമയം പരിചാരകനായ പാസ്സു സ്വാമിയാരുടെ അടുക്കൽവന്നു സിംഹളദ്വീപിലെ രാജ്ഞി വന്നിരിക്കുന്ന വിവരം അദ്ദേഹത്തിന്റെ ചെവിയിൽ മന്ത്രിച്ചു.

സ്വാമിയാർ ഒന്നു ഞെട്ടിയെങ്കിലും മുഖത്തെ സംഭ്രമം അവിടെയിരുന്ന യുവാവിനെ കാണിക്കാതിരിക്കുവാൻ ശ്രമിച്ചുകൊണ്ട് അദ്ദേഹത്തോടു പറഞ്ഞു.

"എനിക്കത്യാവശ്യമായ വേറൊരു ജോലിയുണ്ട്. നിങ്ങൾപോയി ദേവപുരിപട്ടണത്തിൽ താമസിക്കണം. പത്തു ദിവസത്തിനകം നിങ്ങളുടെ കൈവശം എന്റെ മറുപടി കിട്ടാത്ത പക്ഷം അവിടെനിന്നു നിങ്ങൾക്കു സിംഹളദ്വീപിലേക്കു പോകാം." മുരളീശൻ എഴുന്നേററു വാതിൽക്കലേക്കു നടന്നയുടൻ സ്വാമിയാർ ധൃതിപ്പെട്ടു പറഞ്ഞു. "ഇതാ ഈ പിറകിലെ വാതിൽവഴി കോവണിയിറങ്ങിപ്പോകാം." മുരളീശൻ പിറകിലെ വാതിൽമാർഗ്ഗം വെളിയിലിറങ്ങി. സ്വാമിയാരുടെ സംഭ്രമത്തിന് എന്തോ മതിയായ കാരണമുണ്ടെന്നും അതറിഞ്ഞിട്ടേ കൊട്ടാരവളപ്പിൽനിന്നു പോകയുള്ളൂ എന്നും അയാൾ നിശ്ചയിച്ചു.

സിംഹളദ്വീപിലെ രാജ്ഞി ശ്രീരംഗപ്രഭുവിനെ വെളിയിൽ നിറുത്തിയുംവച്ചു സ്വാമിയാരുടെ മുറിയിൽ പ്രവേശിച്ചു. സ്വാമിയാർ ആ രാജസ്ത്രീയെ താണുവീണു തൊഴുതശേഷം ഒരു സിംഹാസനത്തിൽ ഉപവിഷ്ടയാക്കി. വിനീതഭാവം നടിച്ചുകൊണ്ടു കുശലപ്രശ്നം ചെയ്തു. രസലേശമഹാരാജാവിനു നേരിട്ടിരിക്കുന്ന വിപത്തുകളെപ്പററി രാജ്ഞി പറഞ്ഞപ്പോൾ സഹതാപപൂർവം അയാൾ കണ്ണുനീർ വീഴ്ത്തികൊണ്ടിരുന്നു.

രാജ്ഞി—പ്രഭോ, ഞങ്ങൾക്കെന്തു സഹായം ചെയ്യുവാൻ അവിടത്തേക്കു സാധിക്കുമെന്നറിയുവാനാണ് ഞാനിത്രടം വന്നതു്.

സ്വാമിയാർ—മഹാരാജ്ഞി, എനിക്കു പൂർണ്ണസ്വാതന്ത്ര്യം ഉണ്ടായിരുന്നെങ്കിൽ കഴിവുള്ള സഹായങ്ങൾ ചെയ്യുന്നതിനു തയ്യാറാകുമായിരുന്നു. എനിക്കു സ്വാതന്ത്ര്യമില്ല. ഇവിടത്തെ സ്ഥിതി വളരെ കുഴപ്പത്തിലാണു്, ജനപ്രതിനിധികളുടെ സമ്മതം കൂടാതെ വല്ലതും ചെയ്യുപോയാൽ അവർ എന്നെ ബഹിഷ്ക്കരിക്കും. ചിലപ്പോൾ തൂക്കിലിട്ടു എന്നും വന്നേക്കും.

സ്വാമിയാരുടെ കാപട്യം മനസ്സിലാക്കികൊണ്ടു രാജ്ഞി പറഞ്ഞു "അവിടുന്നു എല്ലാ കാര്യങ്ങളും ജനങ്ങളുടെ അഭിമതമനുസരിച്ചാണു ചെയ്യുന്നതെന്നറിയുന്നതു വളരെ സന്തോഷംതന്നെ. അതുകൊണ്ടു് ഇവിടെയെങ്കിലും രാജ്യഭരണ സമാധാനപരമായി കഴിഞ്ഞുകൂടുമല്ലോ. ഞങ്ങളുടെ സ്ഥിതി അവിടുത്തേക്കറിയാം. കർമ്മവീരൻ രാജകുടുംബത്തിനെതിരായി കൈയുയർത്തുന്ന ഒരു സ്വേച്ഛാധികാരിയാണു്. രാജദ്രോഹിയായ അവനെക്കുന്നെയാണോ അവിടുന്നു സഹായിക്കുവാൻപോകുന്നതെന്നു് അറിഞ്ഞാൽമതി."

സ്വാമിയാർ—ആരേയും സഹായിക്കുന്ന കാര്യത്തേപ്പററി ഞങ്ങൾ ആലോചിച്ചിട്ടില്ല. രാജാവിനു പററിയ നിർഭാഗ്യം വന്നതേയോർത്തു ഞങ്ങൾ അതിയായി ദുഃഖിക്കുന്നു. കർമ്മവീരനെപ്പോലെ ഞാൻ സ്വേച്ഛാധികാരിയായിരുന്നെങ്കിൽ സിംഹളദ്വീപിലെ രാജകുടുംബത്തിന്റെ പ്രധാനസഹായി ഞാനാകുമായിരുന്നു. രാജ്ഞിയുമായി ആലോചിച്ചശേഷം ഈ കാര്യം ഞാൻ ജനപ്രതിനിധിസഭയിൽ കൊണ്ടുചെല്ലാം. ഇത്രയും ഉറപ്പു പറയുന്നതിനുമാത്രമേ എനിക്കു നിവൃത്തിയുള്ളു.

"അതേ, അത്രയും കാലം നിങ്ങളുടെ രാജ്ഞിയുടെ സോദരി

നിസ്സഹായയായി സ്ഥാനമാനങ്ങളില്ലാതെ പട്ടിണി കിടന്നു നശിക്കട്ടെ." എന്നു പറഞ്ഞുകൊണ്ടു് രാജ്ഞി ഇരിപ്പടത്തിൽനിന്നെഴുന്നേററു. കുപിതയായ മഹാരാജ്ഞിയോടു് "അവിടുന്നു് എന്നെ തെററിദ്ധരിക്കരുതു്" എന്നു സ്വാമിയാർ പറഞ്ഞെങ്കിലും കഷ്ടപ്പാടുകൾ അനുഭവിച്ചിട്ടും, പ്രൌഢത വെടിഞ്ഞിട്ടില്ലാത്ത ആ രാജ്ഞി സ്വാമിയാരെ പിന്നീടൊന്നു നോക്കുകപോലും ചെയ്തില്ല. മഹാരാജ്ഞി വെളിയിലിറങ്ങി, തൽക്ഷണം വണ്ടിയിൽ കയറി സ്വന്തവസതിയിലേക്കു യാത്രയായി. മദ്ധ്യമാർഗ്ഗം ശ്രീരംഗപ്രഭുവുമായി താഴെപ്പറയുംപ്രകാരം ഒരു സംഭാഷണമുണ്ടായി.

രാജ്ഞി—പ്രഭോ, ഞാൻ വിചാരിച്ചിരുന്നതുപോലെ തന്നെ.

പ്രഭു—സ്വാമിയാരിൽനിന്നു് ഒരു സഹായവും ലഭിക്കയില്ലെന്നോ?

രാജ്ഞി—അതിനു യാതൊരു സംശയവുമില്ല.

പ്രഭു—അവിടുന്നു രാജ്ഞിയെ കണ്ടുവോ?

രാജ്ഞി—എന്തിനു്? സ്വാമിയാർ പറയുന്നതിനൊക്കെ മോഹിനി തുള്ളും. രാജ്യം യഥാർത്ഥത്തിൽ ഭരിക്കുന്നതു് അയാളാണു്. എന്നിട്ടു നമ്മുടെ കാര്യം പറഞ്ഞപ്പോൾ അവരേമിക്കവരോടും ആലോചിക്കണമെന്നു പറയുന്നു. കർമ്മവീരന്റെ ആളുകൾ വല്ലവരും നമ്മേക്കാൾ മുമ്പേ അയാളെ കണ്ടിരിക്കയില്ലയെന്നു ഞാൻ സംശയിക്കുന്നു.

പ്രഭു—അടിയൻ അതിവേഗത്തിൽ കർമ്മവീരന്റെ സൈന്യനിരയെ കടന്നാണു് ഇവിടെ എത്തിയതു്. ശത്രുപക്ഷത്തിൽനിന്നു് വല്ലവരും മഹേന്ദ്രപുരിക്കു ഗമിച്ചിട്ടുണ്ടോ എന്നും അന്വേഷിച്ചു. ആരും പോയിട്ടില്ലെന്നാണു് അടിയന്റെ അറിവു്. ഇനിയും എന്തോ? അടിയൻ എന്താണു മഹാരാജാവിനോടു പറയേണ്ടതു്.

രാജ്ഞി—അവിടുന്നു മഹാരാജാവിനോടു പറയേണ്ടതെന്തെന്നു് ഞാൻ പറയാം. അദ്ദേഹത്തെപ്പോലെതന്നെ ഞാനും കഷ്ടപ്പെടുന്നു. എന്റെ കണ്ണുനീർകണ്ടു് പരിഹസിക്കുന്നവരുടെ ആതിഥ്യത്തെ ഞാൻ ആശ്രയിക്കുന്നു. പടവെട്ടിപോർക്കളത്തിൽ വീരവീരസ്വർഗ്ഗം പ്രാപിക്കയാണു ദുർബുദ്ധികളുടെ ഔദാര്യത്തെ ആശ്രയിച്ചു് ഓടി നടക്കുന്നതിനേക്കാൾ മഹത്തര

മെന്നു് ഞാൻ അഭിപ്രായപ്പെടുന്നു. അദ്ദേഹം അനുവദിക്കുന്ന പക്ഷം അദ്ദേഹത്തിന്റെ കൂടെ ഞാനും മരിച്ചുകൊള്ളാം.

പ്രഭ—തിരുമനസ്സുകൊണ്ടു് ആശയെല്ലാം വെടിഞ്ഞാണു് കല്പിക്കുന്നതു്.

രാജ്ഞി—അതെ, ആശയ്ക്കെന്തു വഴിയുണ്ടു്. പ്രഭോ, അവിടുന്നല്ലാതെ വേറൊരു സഹായിയോ സ്നേഹിതനോ ഞങ്ങൾക്കുണ്ടോ? രാജ്ഞി അശ്രുക്കൾ നിറഞ്ഞ കണ്ണുകൾ ഉയർത്തിക്കൊണ്ടു്—"എന്റെ ഈശ്വരാ അവിടുന്നു മഹാത്മാക്കളെയൊക്കെ നശിപ്പിച്ചിട്ടു്, കപടമൂർത്തികളായ വഞ്ചകന്മാരെയാണോ ലോകത്തിൽ ശേഷിപ്പിച്ചിരിക്കുന്നതു്? രാജഭക്തിയുള്ള വീരന്മാരുടെ കാലം കഴിഞ്ഞുപോയി. ഞങ്ങൾ രാജദ്രോഹികളുടെ കൈയാൽ നശിപ്പിക്കണമെന്നായിരിക്കാം. അങ്ങു വിധിച്ചിട്ടുള്ളതു്.

പ്രഭ—രാജകുടുംബത്തിനുവേണ്ടി ജീവനുപേക്ഷിക്കുവാൻ ഒരുക്കമുള്ള വീരന്മാർ ഇപ്പോഴും ജീവിച്ചിരിപ്പുണ്ടെന്നാണു് അടിയനു തോന്നുന്നതു്. ഈ മഹേന്ദ്രപുരിയിൽ തന്നെ അങ്ങനെയുള്ള നാലു ധീരന്മാരുള്ളതായി അടിയനറിയാം.

രാജ്ഞി—അവർ നമുക്കെന്തു സഹായം ചെയ്യും. അവരെവിടെയാണു്?

പ്രഭ—അവരെ അടിയൻ കണ്ടിട്ടു് വളരെക്കാലമായി അന്വേഷിച്ചു് കണ്ടുപിടിക്കേണ്ടിയിരിക്കുന്നു.

രാജ്ഞി—അവരുടെ പേരുകൾ കേൾക്കട്ടെ. ഒരുപക്ഷേ ഞാനും കേട്ടിരിക്കാം.

പ്രഭ—ഒരാളുടെ പേരു 'വിജയരുദ്രൻ' എന്നാണു്.

രാജ്ഞി—അയാളെപ്പററി ഞാൻ കേട്ടിട്ടുണ്ടു്. അയാൾ സ്വാമിയാരുടെ ഒരു പടയാളിത്തലവനാണു്.

പ്രഭ—അങ്ങനെയെങ്കിൽ നമ്മുടെ കഷ്ടകാലംതന്നെ. തൊടുന്നിടത്തെല്ലാം നാശമാണു്.

മുങ്ങിച്ചാകുവാൻ പോകുന്നവനു കച്ചിത്തുരുമ്പെങ്കിലും ആശ്രയമെന്നപോലെ മററു മൂന്നുപേർ ആരെല്ലാമെന്നും അവരുടെ സഹായം ലഭിക്കുമോ എന്നും അറിയുന്നതിനു രാജ്ഞി ആഗ്രഹിച്ചു.

പ്രഭ—മററുള്ളവരിൽ ഒരാൾ ദിവാകരപ്രഭുവാണു്. മററു രണ്ടു പേരുകൾ ഓർക്കുന്നില്ല.

രാജ്ഞി—അവരെയെങ്കിലും ലഭിച്ചെങ്കിൽ നമുക്കത്രയും ഭാഗ്യമായി.

പ്രഭു—അതെ, അവർ മൂന്നുപേർ മുന്നൂറുപേർക്കു സമമാണു്. പണ്ടു മോഹിനിരാജ്ഞിയും സുകുമാരപ്രഭുവും തമ്മിലുള്ള കൂട്ടുകെട്ടിൽ അവർ നാലുപേരുമാണു് രാജ്ഞിയെ രക്ഷിച്ചതു്.

രാജ്ഞി—ഹാ, ഞാൻ ആ കഥ കേട്ടിട്ടുണ്ടു്.

പ്രഭു—അങ്ങനെയുള്ളവരാണു നമ്മുടെ മഹാരാജാവിന്റെ കൂടെ യുദ്ധങ്ങളിൽ ഉണ്ടായിരിക്കേണ്ടതും, ആപൽസമയങ്ങളിൽ ആലോചന പറഞ്ഞുകൊടുക്കേണ്ടതും. തോൽവി പററുകയാണെങ്കിൽ അദ്ദേഹത്തേയുംകൊണ്ടു് അവർ രക്ഷപെടും. നിശ്ചയമാണു്

രാജ്ഞി—പ്രഭോ, അവിടുന്നു് അവരെ അന്വേഷിക്കണം. അവരെയുംകൊണ്ടു രാജാവിന്റെ സന്നിധിയിൽ പോകുന്നതിനു് അവിടുന്നു ശ്രമിക്കണം. നമുക്കു നല്ലകാലം വരുകയാണെങ്കിൽ അവർക്കു് എന്തു പ്രതിഫലംകൊടുക്കുവാനും നാം സന്നദ്ധരാണല്ലോ.

# അദ്ധ്യായം ൨൩

ശ്രീരംഗപ്രഭു, രാജ്ഞിയുടെ അനുവാദിയായി മഹിളാമന്ദിരംവരെ പോയശേഷം ഭൃത്യനുമൊരുമിച്ചു, തൽക്കാലത്തേക്കു അദ്ദേഹം താമസിക്കുവാൻ വാടകയ്ക്കെടുത്തിരിക്കുന്ന കെട്ടിടത്തിലേക്കു തിരിച്ചു. നാലുതിൽപരം വർഷങ്ങൾ സിംഹളദ്വീപിലെ രാജകുടുംബത്തെ വിശ്വസ്തതയോടെ സേവിച്ചുവന്ന ആ പ്രഭുശ്രേഷ്ഠൻ, രാജകുടുംബത്തിനു് അപ്പോൾ നേരിട്ടിരിക്കുന്ന നിർഭാഗ്യാവസ്ഥ ഓർത്തു ദുഃഖിച്ചുകൊണ്ടാണു താമസസ്ഥലത്തേക്കു പോയതു്. സുഖസൗകര്യാദികളപേക്ഷിക്കുന്നതിലുവേണ്ടതിലധികം പരിചാരികമാരോടുകൂടിയിരുന്ന ആ സ്ത്രീരത്നം, ഇതാ അനന്യശരണയായി, അഗതികൾക്കു് അഭയംകൊടുക്കുന്നൊരു മന്ദിരത്തിൽ വസിക്കുന്നു. വിശേഷഭോജ്യങ്ങളിൽപോലും

വിരക്തി പ്രദർശിപ്പിച്ചുകൊണ്ടിരുന്ന ആ പട്ടമഹർഷി, ചാക്കരിച്ചോറും ഉണ്ടു് വെള്ളവും കുടിച്ചു ജീവിക്കുന്നു. എന്റെ ഈശ്വരാ! സുഖസൗഭാഗ്യങ്ങളെന്തെന്നറിഞ്ഞിട്ടില്ലാത്ത അഗതികളുടെ അരിഷ്ടതകൾ, കാണുകയെന്നതു് ഒരുവിധം സഹിക്കാം. ഒരിക്കൽ സുഖസ്ഥിതിയിൽ കഴിഞ്ഞുവന്നവർ, പിന്നീട്ടു് ദാരിദ്ര്യദുഃഖം അനുഭവിക്കുന്നതു കാണുകയെന്നതു സഹിക്കവഹിയാ. ഇങ്ങനെ ശ്രീരംഗംപ്രഭു മനോഗതം തുടർന്നുകൊണ്ടിരുന്നു.

ഭൃത്യൻ വേഗം പ്രഭുവിന്റെ അടുക്കലേക്കു ചേർന്നുനിന്നുകൊണ്ടു പതുക്കെപറഞ്ഞു. പ്രഭോ! നമ്മെ ആരോ രഹസ്യമായി പിന്തുടരുന്നുണ്ടു്. നാം കടന്ന മാർഗ്ഗങ്ങളെല്ലാം അയാളും അകലെയായി പിന്തുടരുന്നുണ്ടായിരുന്നു. പ്രഭു തിരിഞ്ഞു നോക്കിയപ്പോൾ അകലെയായി ഒരുവൻ കുതിരപ്പുറത്തു വരുന്നതുകണ്ടു "സ്വാമിയാരുടെ വല്ല ചാരനുമായിരിക്കും. വല്ലവനുമാകട്ടെ." പ്രഭു പിന്നെയും വിചാരമഗ്നനായി മുമ്പോട്ടു കുതിരയെ നടത്തി.

പ്രഭു താമസസ്ഥലത്തെത്തി, മുറിയിൽ പ്രവേശിച്ചു് വസ്ത്രംമാറി, തിരിഞ്ഞുനോക്കിയപ്പോൾ ഒരു യുവാവു മുറിയുടെ വാതിൽക്കൽ നില്ക്കുന്നു. ശ്രീരംഗപ്രഭുവിന്റെ മുഖത്തെ നിറം മാറി, അദ്ദേഹം നിശ്ചലനായിനിന്നു. ആ യുവാവു തീപ്പൊരികൾ ചിതറുന്ന കണ്ണുകളോടുകൂടി പ്രഭുവിനെ നോക്കുന്നു. അല്പനേരത്തെ ഭീകരമായ നിശ്ശബ്ദതയ്ക്കുശേഷം പ്രഭു പറഞ്ഞു. "മുരളീശ! സിംഹളദ്വീപിലെപ്പോലെ ഇവിടെയും എന്നെ ശല്യപ്പെടുത്തുവാൻ നീ വന്നിരിക്കയാണു്. നീയും ഞാനും തമ്മിൽ യാതൊരു ബന്ധവുമില്ല. ഉടൻ പൊയ്ക്കൊള്ളുകയാണുനല്ലതു്."

മുരളീശൻ—നിങ്ങൾ എന്നെ സിംഹളദ്വീപിൽവച്ചു് ആട്ടിയിറക്കിയതുപോലെ ഇവിടെയും ആകാമെന്നു വിചാരിക്കേണ്ട. പുതിയതായി പല സംഗതികൾ ഞാൻ അറിഞ്ഞുപോയി.

പ്രഭു—നീ എന്തെങ്കിലും അറിഞ്ഞുകൊള്ളുക. അതിനു ഞാനെന്തുവേണം.

മുരളീശൻ—(പരുഷഭാവത്തിൽ)"എന്തുവേണമെന്നോ? ആദ്യം നിങ്ങളെ ഞാൻ കാണുവാൻ വന്നതു് എന്റെ അവകാശങ്ങളെപ്പററി ചോദിക്കുവാനായിരുന്നു. രണ്ടാമതു വന്നതു് എന്റെ പേരിനു പററിയ കളങ്കമെന്തെന്നറിവാനായിരുന്നു. ഇപ്പോൾ വന്നിരിക്കുന്നതു് (അയാളുടെ കണ്ണുകൾ ചുവന്നു) നി

ങ്ങൾ എന്റെ മാതാവിനോട്ട് എന്തു ചെയ്തു എന്നു ചോദിക്കുവാനാണ്."

ആ ജ്വലിച്ച കണ്ണുകൾ കണ്ടപ്പോൾ ശ്രീരംഗപ്രഭു വിറച്ചു പുറകോട്ടു മാറിയെങ്കിലും പെട്ടെന്നു, ധൈര്യം അവലംബിച്ചു തന്റെ ദൃഷ്ടി ആ യുവാവിന്റെ മുഖത്തുറപ്പിച്ചുകൊണ്ടു പറഞ്ഞു:—"പോയി യമപുരിയിലന്വേഷിച്ചാൽ വേഗം അറിയാം."

ആ ചെറുപ്പക്കാരൻ ചാടി പ്രഭുവിന്റെ മുമ്പിൽ നിന്നുകൊണ്ടു പറഞ്ഞു:—"മഹേന്ദ്രപുരിയിലെ പഴയ അരിച്ചാരെ ഞാൻ കണ്ടു. അയാൾ മുഴുവൻ പറഞ്ഞു." പ്രഭു തളർന്നു കസേരയിൽ വീണു. മുരളീശൻ തുടർന്നു പറഞ്ഞു. "എന്റെ മാതാവിനെ കൊലപ്പെടുത്തിയുംവച്ചു നിങ്ങൾ വസ്തുവകകളെല്ലാം കൈയ്ക്കലാക്കിയിരിക്കയാണ്. എന്നെ അനാഥനാക്കി ഊരും പേരും ഇല്ലാത്തവനാക്കി ഉപേക്ഷിച്ചതിനേക്കാൾ കഠോരം എന്റെ മാതാവിനെ കൊന്നതാണ്."

പ്രഭു എഴുന്നേറ്റുനിന്നുകൊണ്ടു ശാന്തനായി പറഞ്ഞു. "ആ രഹസ്യം അറിയണമെന്നു നിനക്കു നിർബന്ധമാണെങ്കിൽ അറിഞ്ഞുകൊള്ളുക. നിന്റെ അമ്മ ഏതൊരുതരത്തിൽ ജീവിച്ച സ്ത്രീയാണെന്നു പറയാം അവൾ അവളുടെ ഭർത്താവായ എന്റെ സഹോദരനെ വിഷം കൊടുത്തുകൊന്നു. പിന്നീട്ട് എന്നെയും കൊല്ലുന്നതിനു ശ്രമിച്ചു. അതിനു നീ എന്തു സമാധാനം പറയുന്നു

മുരളീ—അവർ എന്റെ മാതാവായിരുന്നു.

പ്രഭു—ആ സ്ത്രീ, അതിശ്രേഷ്ഠനായ ഒരു യുവാവിനെ വഞ്ചിച്ചു വശത്താക്കി, അയാളെക്കൊണ്ടു സുകുമാരപ്രഭുവിനെകൊല്ലിച്ചു. അതിനു നീ എന്തു പറയുന്നു.

മുര—അവർ എന്റെ അമ്മയായിരുന്നു.

പ്രഭു—പാണ്ഡ്യദേശത്തുവച്ച് ഒരു പാവപ്പെട്ട പെൺകൊടിയെ നിന്റെ അമ്മ നിഷ്ഠുരമായ വിധത്തിൽ കൊലപ്പെടുത്തി. ഇതുകൂടാതെ മററനേകം അതിക്രമങ്ങളും അവർ ചെയ്തതായി തെളിവുണ്ട്. അവർക്കു ലഭിച്ച ശിക്ഷ ന്യായമല്ലെ? എന്തു പറയുന്നു.

മുരളീശൻ(തൊണ്ടയിടറിക്കൊണ്ട്) അവർ എന്നെ പെററു വളർത്തിയ എന്റെ അമ്മയായിരുന്നു.

പ്രഭു—ആരെയും കൊല്ലുന്നതിനു മടിയില്ലാതെ എല്ലാവരു

ട്ടെയും ശാപം ഏററു്, ചെന്നായ്ക്കളെപ്പോലെ രക്തത്തിനു് കൊതിച്ചുകൊണ്ടു്, രണ്ടു രാജ്യങ്ങളുടെ നാശത്തിനു ഹേതുഭൂതയായ ഒരു സ്ത്രീയെ അവരുടെ കഠിനമായ ഉപദ്രവത്തിനു് പാത്രീഭവിച്ച കുറെപ്പേർകൂടി വിസ്തരിച്ചു ശിക്ഷിച്ചതു് ഈശ്വരൻെറ ന്യായംനടത്തൽ തന്നെയായിരുന്നു ആരാച്ചാർ നിന്നോടു പറഞ്ഞിട്ടുണ്ടെങ്കിൽ അയാളുടെ സഹോദരനോടു് ആ സ്ത്രീ എങ്ങനെ വർത്തിച്ചുവെന്നും പറഞ്ഞുതരണമായിരിക്കും. അവരുടെ ജീവിതാദ്ധ്യായങ്ങൾ വായിച്ചറിയണം. ദുഷിച്ച പെൺകുട്ടി. വ്യഭിചാരിണി. കൊലപാതകി. അറിയുന്നവർക്കൊക്കെ അപായഹേതു. ഇതാണു നിൻെറ അമ്മ.

മുരളീശൻെറ മുഖം ചുവന്നു, നെററിത്തടത്തിൽ വിയർപ്പു തുള്ളികൾ പൊടിച്ചു. അടക്കിയിട്ടും അടങ്ങാത്ത ഒരു നെടുവീർപ്പോടുകൂടി കൈ ചുരുട്ടിക്കൊണ്ടു പറഞ്ഞു. “നിങ്ങൾ അധികമൊന്നും പറയേണ്ടാ. അവരുടെ ഉദരത്തിൽ പത്തുമാസം കിടന്നവനാണു ഞാൻ. അവരുടെ കുററങ്ങൾ എന്തെങ്കിലുമാകട്ടെ. ഇത്രയും ഞാനറിയുന്നു. അഞ്ചു ഭീരുക്കൾ, രാത്രി ഒരുമിച്ചുകൂടി യുദ്ധം ചെയ്തിരുന്നെങ്കിലും തരക്കേടില്ലായിരുന്നു. പിടിച്ചുകെട്ടി വാളിനിരയാക്കി അവരുടെ ഭർത്തൃസഹോദരനായ നിങ്ങളും “അവൾ മരിക്കണം” എന്നു വിധിച്ചു. അതുകൊണ്ടു ഞാൻ പറയുന്നു. ശ്രദ്ധിച്ചു കേൾക്കണം. എൻെറ മാതാവിനെവധിച്ചു് എന്നെ വഴിയാധാരമാക്കിയ നിങ്ങളെല്ലാവരെക്കൊണ്ടും ഞാൻ കണക്കു പറയിക്കും. ആദ്യം നിങ്ങളെ. പിന്നെ മററുള്ളവരെ.

പ്രഭ വെള്ളിയ വാൾ കൈയ്യിലെടുത്തുകൊണ്ടു ചോദിച്ചു. “എന്തു്? നീ എന്നെ കൊല്ലുവാൻ വിചാരിക്കയാണോ? എന്നാൽ നീ നിൻെറ അമ്മയുടെ പുത്രൻതന്നെ.

മുരളീശൻ (കോപാവേശത്താൽ വിറച്ചുകൊണ്ടു്) “ഇല്ല ഇപ്പോൾ കൊല്ലുകയില്ല. നിങ്ങളെ ഇപ്പോൾ കൊന്നാൽ നിങ്ങളുടെ കൂട്ടക്കാരെ അറിയുവാൻ പ്രയാസമായിരിക്കും. അവർ ആരെല്ലാമെന്നറിയട്ടെ. നിങ്ങളുടെ കൂട്ടത്തിൽ അല്പം പങ്കെടുത്ത ആരാച്ചാരോടുപോലും കരുണയില്ലാത്ത എൻെറ കഠാരക്കിരയാക്കിയിട്ടാണു ഞാനിപ്പോൾ വരുന്നതു്” ഇത്രയും പറഞ്ഞിട്ടു് അയാൾ അപ്രത്യക്ഷനായി. പ്രഭ വികാരതരളിതയായി, അടുത്തു

കിടന്ന കസാരയിലേക്കു ചരിഞ്ഞുകൊണ്ടു് "ഈശ്വരാനുസ്മരണം" എന്നേ മാത്രമേ അവൻ അറിഞ്ഞിട്ടുള്ളൂ.

* * * *

ദിവാകരപ്രഭു മഹേന്ദ്രപുരിയിൽ അദ്ദേഹത്തിന്റെ താമസസ്ഥലത്തു് ഒരു മുറിയിൽ ഏകനായി മനോവിചാരത്തിൽ മുഴുകിയിരിക്കുന്നു. "ഈശ്വരാ! ഈ ജീവിതം സുഖദുഃഖസമ്മിശ്രമായ ഒരു നാടകംതന്നെ. ഉൽകൃഷ്ടാദർശങ്ങൾ മുൻനിർത്തികൊണ്ടു് ജീവിക്കണമെന്നുദ്ദേശിച്ച ഞാനും രണ്ടു മഹാപാപങ്ങൾ ചെയ്തിട്ടുണ്ടു്. പാപം—രവീന്ദ്രൻ. അവനെ അജ്ഞാതരായ അച്ഛനമ്മമാരുടെ സന്താനമെന്ന ലോകാപവാദത്തിന്നു് ഇരയാക്കിതീർക്കുകയോ? (ഒരു നെട്ടുവീർപ്പിട്ടുകൊണ്ടു്) ഒരിക്കലുമില്ല. അതിന്നു വഴിയുണ്ടു്. മറ്റേപാപം അപരിഹാര്യമാണു്. ആ സ്ത്രീയെ കൊല്ലിച്ചതിൽ മനസ്സാക്ഷി വേദനപ്പെടുന്നു. എന്തു ചെയ്യാം. ആ സ്ത്രീയുടെ മകനെ കാണുവാനിടയായാൽ എങ്ങനെയാണു്. ശ്രീരംഗപ്രഭു ഇതറിഞ്ഞു കാണുമോ! അദ്ദേഹം ഇപ്പോൾ എവിടെയായിരിക്കും. ഒരു പക്ഷേ അദ്ദേഹം രാജാവിന്റെ കൂടെ ദൂരിതത്തിൽ............

പെട്ടെന്നൊരാൾ മുറിയിൽ ആഗതനായതു പ്രഭുവിനെ ചിന്തയിൽനിന്നു വിരമിപ്പിച്ചു. "അല്ലാ ഇതാരു്? ശ്രീരംഗപ്രഭുവോ? അങ്ങയ്ക്കു ദീർഘായുസ്സുണ്ടു്. ഞാൻ അങ്ങയെപ്പറ്റി ഓർത്തുകൊണ്ടിരിക്കയായിരുന്നു."

"അതേ ഞാൻതന്നെ, നരേന്ദ്രാ. അല്ലാ, ക്ഷമിക്കണം, ദിവാകരപ്രഭോ!"

"വേണ്ടാ! പഴയ പേരുതന്നെ വിളിച്ചാൽമതി."

ശ്രീരംഗപ്രഭുവിനെ ആസനസ്ഥനാക്കിയശേഷം, നരേന്ദ്രൻ ചോദിച്ചു "അങ്ങയുടെ മുഖം വിളറിയിരിക്കുന്നതിന്നു കാരണമെന്താണു്? എന്തോ അങ്ങയെ സംഭ്രമിപ്പിക്കുന്നുണ്ടു്."

പ്രഭു—ആ പുലിക്കുട്ടി ഇവിടെ എത്തിയിട്ടുണ്ടു്.

"ആരു്?"

"പ്രഭാവിയുടെ മകൻ"

നരേന്ദ്രൻ—ഞാനറിഞ്ഞു.

പ്രഭു—എങ്ങനെ?

നരേന്ദ്രൻ—ശാന്തൻ അവനെ കണ്ടു. ആരാച്ചാർ മുതൽ തുടങ്ങിയിരിക്കയാണു്.

പ്രഭു—'അപ്പോൾ വിവരമെല്ലാം അറിഞ്ഞു, അല്ലേ? അന്ന തന്നെ തള്ളയുടെ പിറകേ മകനേയും അയയ്ക്കേണ്ടതായിരുന്നു.

നരേന്ദ്രൻ—നാം വളരെ കരുതലോടെയിരുന്നാൽമതി. ആൾ ചെറുപ്പക്കാരനല്ലേ? പ്രഥമമകോപത്തിന്ന് ആരാച്ചാരെ യമപുരിക്കയച്ചതാണ്. ഇപ്പോൾ അടങ്ങിക്കാണും.

പ്രഭു—എന്ത്? അവൻ അടങ്ങുകയോ? എന്തു ജാതിയിൽ പെട്ടവനാണെന്നറിഞ്ഞുകൂടെ.

നരേന്ദ്രൻ—നമ്മൾ വെറും കുഞ്ഞുങ്ങളല്ലല്ലൊ. അവൻ കഴിയുമെങ്കിൽ നോക്കട്ടെ. ആകട്ടെ. അങ്ങയെ ഇപ്പോൾ മഹേന്ദ്രപുരിയിൽ കാണുവാൻ കാരണമെന്താണ്?

പ്രഭു—അതു പറയാം. നമ്മുടെ വിജയരുദ്രൻ സ്വാമിയാരുടെ ഉററ സേവകനാണെന്നു കേൾക്കുന്നതിൽ വാസ്തവമുണ്ടോ?

നരേന്ദ്രൻ—വിജയരുദ്രൻ സർക്കാർ ശമ്പളത്തിലല്ലേ? അപ്പോൾ സ്വാമിയാരെ അനുസരിക്കാതെ തരമുണ്ടോ?

പ്രഭു—സ്നേഹിതനോ?

നരേന്ദ്രൻ—ഞാൻ സ്വതന്ത്രനാണ്. അതുതന്നെയല്ല സ്വാമിയാരുടെ ശത്രുപക്ഷത്തിൽപെട്ടവനുമാണ്.

പ്രഭു—എൻെറ ഈശ്വരാ! വലിയ കാര്യം. മററു രണ്ടു സ്നേഹിതന്മാരുണ്ടായിരുന്നല്ലൊ—അവരോ?

നരേന്ദ്രൻ—ഉപേന്ദ്രനും ശേഖരനുമായിരിക്കാം. ശേഖരൻ എൻെറ അഭിപ്രായക്കാരനാണ്.

പ്രഭു—വലിയ ഉപകാരമായി. നിങ്ങളെ രണ്ടുപേരെയും അത്യാവശ്യമായിരിക്കുന്നു.

നരേന്ദ്രൻ—(ചിരിച്ചുകൊണ്ട്) പണ്ടത്തേപ്പോലെ വന്നയുടൻ വല്ലവരുമായി ശണ്ഠ കൂടിയിരിക്കണം. വരാം, ഞങ്ങൾ സഹായികളായി വരാം.

പ്രഭു— അതേ ശണ്ഠയ്ക്ക് ഒരുക്കമാണ്. അതിനുമുമ്പായി സിംഹളദ്വീപിലെ മഹാരാജ്ഞിയെ നിങ്ങൾ ഒന്നു കാണണം. നിങ്ങളെ കൊണ്ടുചെല്ലണമെന്ന് എന്നോടാവശ്യപ്പെട്ടിരിക്കുന്നു.

നരേന്ദ്രൻ—(ആശ്ചര്യപ്പെട്ടുകൊണ്ട്) മഹാരാജ്ഞി ഞങ്ങളെ എങ്ങനെ അറിഞ്ഞു.

പ്രഭു—നിങ്ങളേപ്പററി കേട്ടിട്ടുണ്ട്. നിങ്ങളേക്കൊണ്ടു രാജ്ഞിക്ക് അത്യാവശ്യമുണ്ട്.

നരേന്ദ്രൻ—അതൊക്കെ പിന്നീട്ട പറഞ്ഞാല്യമതി. കാപ്പി വരുത്തട്ടെ.

പ്രഭു എൻെറ നരേന്ദ്രാ! ആ കൊച്ചൻെറ വരവ് എൻെറ വിശപ്പിനെ കെടുത്തി. അവൻ എന്തിനായിരിക്കും വന്നതെന്ന ഞാൻ ആലോചിക്കയാണ്. എന്നെ കണ്ടെത്തു യദൃഛരികമായിട്ടാണ്, സംശയമില്ല. അവൻെറ അമ്മയുടെ ശത്രുക്കളെ അന്വേഷിക്കുന്നതിനായിമാത്രം വന്നതല്ല.

നരേന്ദ്രൻ—നിങ്ങളുടെ സമരത്തിൽ അവൻ ഏതു ഭാഗത്താണ്.

പ്രഭു—കമ്മവീരൻെറ ഉററ ബന്ധുവാണ്. ഓ! ഇപ്പോഴാണ് ഓർത്തതു്. കമ്മവീരൻെറ ദൂതനായി സ്വാമിയാർ നീകടത്തിൽ വന്നതായിരിക്കും. കമ്മവീരൻ വല്ലവരേയും അയച്ചിരിക്കുമെന്നുള്ള രാജ്ഞിയുടെ ഊഹം ശരിതന്നെ. പ്രഭോ! നരേന്ദ്രാ. ഞാൻ യാത്രയായി. ഉടൻ എനിക്കു രാജ്ഞിയെ കാണണം. നാളെ നമുക്കുതമ്മിൽ കാണാം.

നരേന്ദ്രൻ—രാത്രിസമയമാണ്. വഴിയിൽ അപകടമുണ്ടായേക്കാം.

പ്രഭു—എൻെറ പരിചാരകൻ കൂടെയുണ്ട്.

നരേന്ദ്രൻ—(ഉച്ചത്തിൽ) ശാന്താ! (ശാന്തൻ ഓടിവന്നു) നീ കുതിരപ്പുറത്തുകയറി പ്രഭുവിൻെറകൂടെ അദ്ദേഹത്തിൻെറ വസതിവരെ പോയിട്ട് ഉടൻ തിരിയെ വരണം.

പ്രഭു—നരേന്ദ്രൻ എന്നെപ്പററി എങ്ങനെ വിചാരിക്കുന്നു.

നരേന്ദ്രൻ—മഹേന്ദ്രപുരിയിൽ പരിചയമില്ലാത്ത ഒരാളായിട്ടാണ് അങ്ങയെ ഞാൻ കണക്കാക്കുന്നതു്. (ശാന്തൻെറനേരെതിരിഞ്ഞു്) എടാ സന്യാസിയെ എവിടെയെങ്കിലും കാണുന്നുണ്ടോ എന്നു നോക്കിക്കൊള്ളണം.

---

# അദ്ധ്യായം ൨൩

അടുത്ത ദിവസം രാവിലെ നരേന്ദ്രൻ ഒരാളെയച്ച്, ശേഖരനെ വരുത്തി, ശ്രീരംഗപ്രഭു പറഞ്ഞ കാര്യമെല്ലാം അറിയിച്ചുകൊണ്ടിരിക്കുമ്പോൾ ശ്രീരംഗപ്രഭുവും എത്തിച്ചേർന്നു.

ശേഖ—പ്രഭോ, രാവിലെ വല്ല യുദ്ധത്തിനും പോകാനാണോ? ഞാൻ എന്റെ വാള് കൊണ്ടുവന്നില്ല വേണമെങ്കിൽ പോയി എടുത്തുകൊണ്ടുവരാം.

പ്രഭു—അങ്ങനെയൊന്നുമല്ല. നമുക്ക് മഹിളാമന്ദിരത്തിൽപോയി സിംഹളദ്വീപിലെ രാജ്ഞിയെ സന്ദർശിക്കണം.

ശേഖരൻ—(നരേന്ദ്രൻ ചെവിയിൽ) എന്തിനാണ് ചങ്ങാതി? എന്തുക്ലേശമാണ്?

നരേന്ദ്രൻ—അവിടെ ചെല്ലുമ്പോൾ അറിയാമായിരിക്കും.

മൂവരും കൂടി മഹിളാമന്ദിരത്തിൽ രാജ്ഞിയുടെ മുറിയുടെ വാതിൽക്കൽ എത്തി. ശ്രീരംഗപ്രഭു അകത്തുകടന്ന് നരേന്ദ്രനും ശേഖരനും വന്നിരിക്കുന്ന വിവരം രാജ്ഞിയെ അറിയിച്ചു.

രാജ്ഞി—ഞാൻ നിങ്ങളെ നോക്കി അക്ഷമയായി ഇരിക്കയായിരുന്നു. അവരുടൻ അകത്തു വരട്ടെ.

നരേന്ദ്രനും ശേഖരനും അകത്തു പ്രവേശിച്ചു. അവരുടെ കണ്ണുകൾ മുറിക്കകമൊക്കെ ഒന്നോടിച്ചു. വെള്ള തകർന്ന ഭിത്തികൾ, പലക പൊളിഞ്ഞ ജനലുകൾ, കൈകളൊടിഞ്ഞ മൂന്നാല്ല കസേരകൾ, എന്നിവയാണ് അവരുടെ ദൃഷ്ടിക്കു വിഷയീഭവിച്ചത്. നീരാളങ്ങൾ, പരവതാനികൾ മുതലായവ ആ മുറിയിൽ കാണപ്പെട്ടില്ല. പരിചാരകരോ, കാവൽപടയാളികളോ അവിടെ ഇല്ലായിരുന്നു. നരേന്ദ്രൻ മനസ്താപംകൊണ്ടു മനംകലങ്ങിനിന്നു. ശേഖരൻ കോപംകൊണ്ടുവിറച്ചു. "ഇങ്ങനെയോ? അയൽ രാജ്യത്തിലെ മഹാരാജ്ഞിയെ പാണ്ഡ്യദേശം സ്വീകരിച്ചു സൽക്കരിക്കുന്നത്? ആ സ്വാമിമാർ ഇത

റിഞ്ഞില്ലേ? മോഹിനിരാജ്ഞിയുടെ സഹോദരിസ്നേഹം ഈ വിധത്തിലാണോ പ്രദർശിപ്പിക്കേണ്ടതു്."

വണങ്ങിനിന്ന അഗതരോട്ട് ഇരിക്കുവാനായി രാജ്ഞി ആജ്ഞാപിച്ചു. ഒരു ചെറുതായ വിസമ്മതം പ്രദർശിപ്പിച്ചശേഷം ആവശ്യപ്പെട്ടപ്രകാരം നരേന്ദ്രൻ ഇരുന്നു. പിറകെ ശേഖരനും ശ്രീരംഗപ്രഭുവും ഇരുന്നു

രാജ്ഞി—(ഒരു ചെറുപുഞ്ചിരിയോടെ) നിങ്ങൾ എൻെറ ഈ മുറിയിലെ ആഡംബരങ്ങൾ കാണുകയായിരുന്നു.

ആ പുഞ്ചിരിയിലും, ആ കണ്ണുകളിലും ശോകരസം തുളുമ്പുന്നുണ്ടായിരുന്നു.

ശേഖ—മഹാരാജ്ഞി, ക്ഷമിക്കണം. പാണ്ഡ്യരാജധാനി, സിംഹളദ്വീപിലെ രാജ്ഞിയെ സൽക്കരിച്ചിരിക്കുന്ന സമ്പ്രദായംകണ്ടു് ദുസ്സഹമായ കോപത്തോടുകൂടി അടിയൻ ചിന്തിക്കുകയായിരുന്നു.

രാജ്ഞി—(ശ്രീരംഗപ്രഭുവിനോടു) "ഇദ്ദേഹം........?"

ശ്രീരംഗപ്ര—ഇദ്ദേഹത്തിൻെറ പേർ ശേഖരനെന്നാണു്. പഴയ വില്ലാളികളിൽ ഒരു പ്രധാനിയായിരുന്നു. കുറേക്കാലമായിട്ടു സന്യാസം സ്വീകരിച്ചിരിക്കുകയാണു്?

ശേഖ—പ്രഭു പറയുന്നതുപോലെ അടിയൻ ഒരു സന്യാസിയാണെങ്കിലും ഏതു സമയവും പടച്ചട്ട ധരിക്കുവാൻ ഒരുക്കമാണു്. അടിയനെക്കൊണ്ടു് എന്തെങ്കിലുമാവശ്യമുണ്ടെങ്കിൽ കല്പിച്ചാൽ മാത്രം മതി.

ശ്രീരംഗപ്രഭു—(നരേന്ദ്രനെ ചൂണ്ടിക്കാണിച്ചുകൊണ്ടു്) "ഇതാണു് ദിവാകരപ്രഭു. നരേന്ദ്രൻ എന്നുള്ള പേരിലാണു് അദ്ദേഹം പ്രസിദ്ധി നേടിയിരിക്കുന്നതു്.

രാജ്ഞി—മാന്യരെ! എനിക്കു ഒരിക്കൽ ധനമുണ്ടായിരുന്നു. വകയുണ്ടായിരുന്നു. പ്രഭുക്കന്മാരുണ്ടായിരുന്നു. എൻെറ ഒരാംഗ്യം മനസ്സിലാക്കിപ്രവർത്തിക്കുന്നതിനു സന്നദ്ധരായിഎത്രയോ പേർ കാത്തുനിന്നു. ഇതാ ഇപ്പോഴത്തെ സ്ഥിതി നോക്കുക. ശ്രീരംഗപ്രഭുമാത്രം സഹായമായിട്ടുണ്ടു്. എൻെറ ദേശക്കാരല്ലാത്ത നിങ്ങൾ രണ്ടുപേരും ഇപ്പോൾ ദൈവഗത്യാ വന്നുചേർന്നിരിക്കുന്നു........

നരേ—ഞങ്ങൾ മൂവർ മതി.

രാജ്ഞി—വളരെ സന്തോഷം. ഞാൻ പറയുന്നതു കേൾ

ക്കുക. രാജ്ഞിമാരിൽ എന്നെപ്പോലെ ദുർഭാഗ്യയില്ലും. വീടില്ല. നാടില്ല. ഭർത്താവു സിംഹാസനം വീണ്ടെടുക്കുന്നുള്ള ആശകൊണ്ടു് അലഞ്ഞുനടക്കുന്നു. ഇതാ, അദ്ദേഹത്തിന്റെ എഴുത്തു വായിച്ചുനോക്കുക. നരേന്ദ്രനും ശേഖരനും എഴുത്തുവാങ്ങിക്കുവാൻ മടിച്ചു.

രാജ്ഞി—മടിക്കേണ്ട. വാങ്ങിച്ചുവായിക്കണം.

നരേന്ദ്രനും, ശേഖരനും കൂടി എഴുത്തു വായിച്ചു.

രാജ്ഞി—സ്വാമിയാർ സഹായിക്കയില്ലെന്നുള്ളതു് അയാളുമായുള്ള സംഭാഷണത്തിൽ നിന്നു ഞാൻ മനസ്സിലാക്കി.

നരേന്ദ്രന്റെയും ശേഖരന്റെയും മുഖത്തു് വിരസത നിഴലിച്ചു.

നരേ—അടിയങ്ങൾ എന്തുചെയ്യണം. കല്പിച്ചാലും.

രാജ്ഞി—ഞങ്ങളുടെ ദുരവസ്ഥയിൽ നിങ്ങൾക്കു സഹതാപമുണ്ടോ?

നരേ—അടിയങ്ങൾ എന്തു ചെയ്യണമെന്നു കല്പിച്ചാൽ മതി. അതിനായി ഇറങ്ങിക്കഴിഞ്ഞു.

ശേഖ—മരണക്കുഴിയിലേക്കാണു പോകേണ്ടതെങ്കിൽ അതിനും അടിയൻ നരേന്ദ്രന്റെ കൂടെ പോകുകയായി.

രാജ്ഞി—മാന്യരെ, നിങ്ങളുടെ ഔദാര്യബുദ്ധിക്കു നമസ്കാരം. നിങ്ങളെപ്പോലെ പത്തുപേർ എന്റെ ഭർത്താവിന്റെ കൂടെയുണ്ടായിരുന്നെങ്കിൽ ഞങ്ങൾക്കു ഒരിക്കലും തോൽവിപറ്റുകയില്ലായിരുന്നു. നിങ്ങൾ ഈ നിരാധാരയായ രാജ്ഞിയെ സഹായിക്കാൻ തയ്യാറാണെങ്കിൽ എങ്ങനെയാണു വേണ്ടതെന്നു ഞാൻ പറയാം. എന്റെ ഭർത്താവു് അവസാനമായി ഒരു സമരത്തിനു കൂടി വട്ടം കൂട്ടുകയാണു്. വലിയ ആശയുണ്ടെന്നു് എനിക്കു തോന്നുന്നില്ല. നിങ്ങൾ സമുദ്രതരണം ചെയ്തു് സിംഹളദ്വീപിൽ എത്തി രാജാവിനെ സന്ദർശിക്കണം. കൃത്രിമം എന്തെന്നുപോലും അറിവില്ലാത്ത സാധുഹൃദയനാണദ്ദേഹം. അദ്ദേഹത്തിന്റെ കൂടെ നടക്കുന്നവരിൽ ചിലർ കർമ്മവീരന്റെ ചാരന്മാരായിരിക്കാം. നിങ്ങൾ മാറാതെ അദ്ദേഹത്തോടുകൂടെയുണ്ടായിരുന്നാൽ അദ്ദേഹം ആപത്തിൽ പെടുകയില്ലെന്നാണു എന്റെ വിശ്വാസം. ജീവാപായം നേരിട്ടേക്കാവുന്ന ഒരു ജോലിയാണു് നിങ്ങളെ ഭരമേല്പിക്കുന്നതു്. ഒരു കാര്യം ഓർക്കുമ്പോൾ എനിക്കു ലജ്ജതോന്നുന്നു, ഞാൻ അതെങ്ങിനെപറയും. നി

ങ്ങൾക്കു പ്രതിഫലം തരുന്നതിന് എനിക്കു ശക്തിയില്ല. (തൊണ്ടയിടറി) ഒരു സഹോദരിയെന്നവണ്ണം നിങ്ങളെ ബഹുമാനിയ്ക്കും സ്നേഹിക്കയും ചെയ്യുന്നതിനു മാത്രമെ എനിക്കിപ്പോൾ ശക്തിയുള്ളു. അങ്ങിനെ ഞാൻ ചെയ്യുമെന്നു ഈശ്വരനെ സാക്ഷിയാക്കി സത്യം ചെയ്തുകൊള്ളുന്നു. രാജ്ഞി കണ്ണുകൾ ആകാശവീഥിയിലേക്കുയർത്തി.

നരേ—മഹാരാജ്ഞി അടിയങ്ങൾ എപ്പോഴാണു യാത്രപുറപ്പെടേണ്ടതെന്നു കൽപ്പിച്ചാൽ മതി.

രാജ്ഞി—അപ്പോൾ നിങ്ങൾക്കു സമ്മതമാണ് അല്ലേ?

"അതേ അടിയങ്ങൾക്കു സമ്മതമാണ്. അങ്ങയെ സേവിക്കുന്നതിൽ ജീവത്യാഗം ചെയ്യേണ്ടിവന്നാൽ അതും ഭാഗ്യമായിട്ട് അടിയങ്ങൾ കരുതുന്നു. അടിയങ്ങളുടെ ദേഹവും ദേഹിയും സിംഹളദ്വീപിലെ രാജകുടുംബത്തിനു വേണ്ടി സമർപ്പിക്കപ്പെട്ടിരിക്കുന്നു."

രാജ്ഞിയുടെ കണ്ണുകളിൽ അശ്രുക്കൾ പൊഴിച്ചു "മാന്യരെ ഈ വിനാഴികയിലെപ്പോലെ ഒരാനന്ദം അടുത്തകാലത്തൊന്നും ഞാനനുഭവിച്ചിട്ടില്ല. എന്റെ നന്ദിനിറഞ്ഞ ഹൃദയം അറിയുന്ന ഈശ്വരൻ നിങ്ങൾക്കു പ്രതിഫലം തരും. ഒരു സൗഭാഗ്യകാലം വരുകയാണെങ്കിൽ അന്ന് എന്റെ അതിരറ്റ കൃതജ്ഞതയെ ഞാൻ പ്രകാശിപ്പിച്ചുകൊള്ളാം. നിങ്ങൾക്കു പോകാം. മറ്റുള്ള കാര്യങ്ങൾ ശ്രീരംഗപ്രഭുവുമായി ആലോചിച്ചു തീർച്ചപ്പെടുത്തികൊള്ളണം. ഈശ്വരകടാക്ഷം നിങ്ങളുടെ മേൽ ഉണ്ടായിരിക്കുന്നതിനു ഞാൻ പ്രാർത്ഥിക്കുന്നു"

മുറിക്കുവെളിയിൽ വന്നഉടൻ ശ്രീരംഗപ്രഭു പറഞ്ഞു "സ്നേഹിതരെ ഇന്നുരാത്രി ഒൻപതുമണിക്കു ഞാൻ നരേന്ദ്രന്റെ താമസസ്ഥലത്തു വരും. ഉടൻ നമുക്കുയാത്ര പുറപ്പെടണം."

നരേന്ദ്രനും ശേഖരനും അവരുടെ താമസസ്ഥലങ്ങളിലേക്കു തിരിച്ചു.

ശേഖ—നാം എന്തൊക്കെയാണു രാജ്ഞിയോടുപറഞ്ഞത്. യാതൊരാലോചനയുംകൂടാതെ പെട്ടെന്നു വാക്കു കൊടുത്തു.

നരേന്ദ്രൻ (ചിരിച്ചുകൊണ്ട്) ചെന്നയുടൻതന്നെ രാജ്ഞിക്കുവേണ്ടി എന്തിനും സന്നദ്ധനാണെന്ന് സ്നേഹിതനാണു പറഞ്ഞത്.

ശേഖ—രാജ്ഞിയുടെ സ്ഥിതിയും മററും കണ്ട് എൻെറ മനസ്സ് പെട്ടെന്നലിഞ്ഞുപോയി.

നരേ—ഇനിയും എന്തിനിതൊക്കെപറയുന്നു. ഇന്നു രാത്രിയിൽ പോകുവാനായി ഒരുങ്ങിക്കൊള്ളുക.

ശേഖ—ആകട്ടെ. പണം വല്ലതും കയ്യിലുണ്ടോ?

നരേ—ഏകദേശം നൂറു വെള്ളിനാണയങ്ങളുണ്ടെന്നു തോന്നുന്നു. യാത്രച്ചെലവിനുപോലും മതിയാകുമെന്നു തോന്നുന്നില്ല.

ശേഖ—ശ്രീരംഗപ്രഭുവിൻെറ കയ്യിൽ വല്ലതും കാണുകയില്ലേ?

നരേ—അവരുടെ നാട്ടിൽ അകപ്പാടെ ബഹളമായി. വീടും വസ്തുക്കളും വിട്ട് അദ്ദേഹം ഓടി നടക്കുയാണ്. അദ്ദേഹത്തിൻെറ ധനമെല്ലാം ഇപ്പോൾ കർമ്മവീരൻെറ കയ്യിലായിരിക്കും. ഈ സമയം, വിജയരുദ്രനും ഉപേന്ദ്രനുംകൂടിയുണ്ടായിരുന്നെങ്കിൽ........

ശേഖ—അവരെക്കൂടി തട്ടിക്കൊണ്ടുപോവാൻ ശ്രമിച്ചാലൊ.

നരേ—പാടില്ല. രാജ്ഞി നമ്മെഭരമേൽപിച്ചിരിക്കുന്ന രഹസ്യം അവരെ അറിയിക്കുന്നതു യോഗ്യമല്ല.അതുതന്നെയോ? അവർ സ്വാമിയാരുടെ ശമ്പളം പററിക്കൊണ്ടു താമസിക്കുയല്ലേ?

ശേഖ—ശരിതന്നെ. ഞാൻ സമയമാകുമ്പോൾ സ്നേഹിതൻെറ വീട്ടിൽ വരും.

നരേന്ദ്രൻ അദ്ദേഹത്തിൻെറ മുറിയിൽ പ്രവേശിച്ചഉടൻ വിജയരുദ്രൻെറ പേർക്കു ഒരെഴുത്തെഴുതി.

“പ്രിയപ്പെട്ട വിജയനു്.—

ഞാൻ ശേഖരനൊന്നിച്ച് അത്യാവശ്യമായ ഒരു കാര്യത്തിനു് പട്ടണം വിടുന്നു. കണ്ടുപറയുന്നതിനു് സമയമില്ലാത്തതുകൊണ്ട് എഴുത്തെഴുതുകയാണ്. രവീന്ദ്രൻെറ പേർക്ക് ഞാൻ ദിനേശപുരത്തിനു് എഴുതുന്നില്ല. അവൻ എന്നെ അന്വേഷിച്ച് മഹേന്ദ്രപുരിയിൽ വരുന്നുകമായിരിക്കും. അവനെ വേണ്ടപോലെ അന്വേഷിക്കണമെന്നു് എൻെറ പ്രിയസ്നേഹിതനോട് ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. മൂന്നു മാസത്തിനുശേഷം എന്നെപ്പററി യാതൊരറിവുമില്ലെങ്കിൽ ദിനേശപുരത്ത് ഇരുമ്പു പെട്ടിക്കകത്ത് മുദ്രവെച്ച ഒരു കൂട്ടുകാണും. അതു പൊട്ടിച്ചുവാ

യിച്ചുകൊള്ളണം. നാം തമ്മിൽ ഇനിയും കാണ്മാൻ സാധിക്കുമോ? ഈശ്വരനറിയാം. ഉപേന്ദ്രനെ ഞാനും ശേഖരനും പ്രത്യേകം ചോദിച്ചുകൊള്ളുന്നു."

സന്ധ്യയായപ്പോൾ എഴുത്ത് ശാന്തന്റെ കൈവശം കൊടുത്തയച്ചു. എട്ടു മണിയോടുകൂടി ശേഖരൻ അമ്പലത്തിന്റെ പടക്കോപ്പുകളുമായി വന്നുചേർന്നു.

ശേഖ—നരേന്ദ്രാ! വിജയനെയും ഉപേന്ദ്രനെയും അറിയിക്കാതെ നാം പട്ടണം വിടുന്നതു് നല്ലതാണോ?

നരേ—അവരെ അറിയിക്കുന്നതിന്നു് ഒരെഴുത്തുമായി ഞാൻ ശാന്തനെ അയച്ചിട്ടുണ്ടു്.

ശേഖ—ഭേഷ്, സ്നേഹിതൻ ആലോചനയോടെ ചെയ്യുമെന്നു് എനിക്കറിയാമായിരുന്നു. വിജയൻ അതിബുദ്ധിമാനാണ്. നമ്മൾ പോകുന്ന കാര്യം ഊഹിച്ചേക്കും.

ശാന്തൻ തിരിച്ചെത്തി വിജയന്റെ മറുപടിയെടുത്തു് യജമാനന്റെ കയ്യിൽ കൊടുത്തു.

നരേന്ദ്ര—എടാ! ശാന്താ, മടയാ, മറുപടിക്കു കാത്തു നിൽക്കാതെ വരണമെന്നല്ലേ, നിന്നോടു ഞാൻ പറഞ്ഞിരുന്നതു്.

ശാന്ത—യജമാനനെ, ഞാനിങ്ങിറങ്ങിയതായിരുന്നു. അപ്പോൾ എന്നെ തിരിയെ വിളിച്ചു് ഒരെഴുത്തും തന്നു.

എന്നു പറഞ്ഞു് ഒരു സഞ്ചി മേശപ്പുറത്തുവെച്ചു. ശേഖരൻ സഞ്ചിയുടെ കെട്ടഴിച്ചു നരേന്ദ്രൻ എഴുത്തു് ഉച്ചത്തിൽ വായിച്ചു.

പ്രിയപ്പെട്ട നരേന്ദ്രനു്.—

സ്നേഹിതന്റെ എഴുത്തിൽനിന്നും പല സംഗതികൾ ഞാൻ ഊഹിക്കുന്നു. അവയൊക്കെ പറയേണ്ട ആവശ്യമില്ലല്ലോ. ഏതായാലും ഒന്നു പറയാം. ദീർഘമായ ഒരു യാത്രയ്ക്കാണു് ഒരുങ്ങുന്നതു്. അതിനാവശ്യമുള്ള പണം എന്റെ സ്നേഹിതന്റെ കൈവശമില്ലെന്നു് എനിക്കറിയാം. എന്റെ സമ്പാദ്യത്തിന്റെ ഒരു പ്രധാന അംശം കൊടുത്തയയ്ക്കുന്നു. നാം തമ്മിൽ കാണ്മാൻ ഇടവരാതിരുന്നെങ്കിലോ എന്നു ഞാൻ അശേഷം സംശയിക്കുന്നില്ല. നിങ്ങളുടെ ഹൃദയവും വാളും ഉണ്ടെങ്കിൽ എവിടെയും ആപത്തുകൂടാതെ സഞ്ചരിക്കുവാൻ കഴിയും. രവീന്ദ്രന്റെ കാര്യം ഞാനേററു. ഈശ്വരൻ അങ്ങെയുടെ യാത്രയെ സഫലമാക്കട്ടെ."

അടിയിലായി ഒരു വാചകം കൂടി ചേർത്തിരുന്നു.

"പണം സ്നേഹിതന്മാരായ രണ്ടു പേർക്കുംകൂടിയാണ്."

നരേന്ദ്രൻ ചെറുതായി ഒരു പുഞ്ചിരിയിട്ടു. അദ്ദേഹത്തിന്റെ അഴകുള്ള കണ്ണിൽ ഒരു തുള്ളി നീർ പൊടിച്ചു.

ശേഖ— വിജയഭദ്രൻ നമ്മെ എത്രമാത്രം കരുതുന്നു. അദ്ദേഹത്തിന്റെ മഹാമനസ്കതയുടെ രുചി ഇപ്പോഴാണു നാം ശരിയായി അറിയുന്നത്.

ശ്രീരംഗപ്രഭ സമയത്തെത്തി. അവർ മൂവരും ഭൃത്യന്മാർസഹിതം യാത്രക്കിറങ്ങിയസമയം, ശങ്കരൻ ഓടി എത്തി.

ശേഖ—എടാ! ശങ്കരാ, നീ വരുന്നില്ലെന്നാണല്ലോ പറഞ്ഞത്. പിന്നെയെന്തിനാണിപ്പോൾ ഓടിയെത്തിയത്.

ശങ്ക—യജമാനനെ, ഞാൻ വരുന്നില്ല. ഇതാ, ഇത് ഉപേന്ദ്രൻ യജമാനൻ കൊടുത്തയച്ചതാണ്. ഉടൻ എത്തിക്കണമെന്നാവശ്യപ്പെട്ടതുകൊണ്ടു ഞാൻ ഓടി വരികയായിരുന്നു.

ശങ്കരൻ നീട്ടിയ പണസഞ്ചി ശേഖരൻ വാങ്ങിച്ച് അഴിച്ചു. "അല്ല! ഇതിനകത്തൊരെഴുത്തുണ്ടല്ലോ. എടാ, അകത്തുനിന്ന് വേഗം ഒരു വിളക്കെടുത്തുകൊണ്ടുവാ."

ശങ്കരൻ വിളക്കു കൊണ്ടുവന്നു. അവന്റെ യജമാനൻ ഇപ്രകാരം വായിച്ചു.

എന്റെ പ്രിയശേഖരന്:—

നിങ്ങൾ എവിടേയ്ക്കോ യാത്ര ചെയ്‌വാൻ ഒരുങ്ങുന്നുവെന്ന് വിജയനിൽ നിന്നു ഞാനറിഞ്ഞു. നിങ്ങളുടെ കൈയിലുള്ള പണം ആവശ്യത്തിനു മതിയാകയില്ലെന്ന് എനിക്കറിയാം. ഞാൻ ഇരുനൂറു വെള്ളിനാണയങ്ങൾ കൊടുത്തയയ്ക്കുന്നു. അതു നിങ്ങൾ രണ്ടുപേരോടുമുള്ള എന്റെ അപാരമായ സ്നേഹത്തിന്റെ ചിഹ്നമായി നിങ്ങൾ സ്വീകരിക്കണമെന്ന് അപേക്ഷ.

ശേഖ—നരേന്ദ്രാ, ഇതിനെപ്പററി അവിടുന്നെന്തു പറയുന്നു.

നരേന്ദ്രൻ—ഹൃദയത്തിൽ തിങ്ങിവിങ്ങുന്ന കൃതജ്ഞതകൊണ്ടു പറയാൻ നാവു പൊങ്ങുന്നില്ല. ഇങ്ങനെയുള്ള സ്നേഹിതന്മാരുള്ളത് ഈശ്വരകൃപയാണ്. അവരെ ദൈവം അനുഗ്രഹിക്കട്ടെ.

# അദ്ധ്യായം ൨൪

മാന്യന്മാർ മൂവരും, ഭൃത്യൻ ശാന്തനുമായി സിംഹളദ്വീപിലേക്കു കപ്പൽ കയറുന്നതിനു ദേവപുരിക്കു തിരിച്ചു. ഇരുപതു വർഷംമുമ്പു, വിജയരുദ്രന്റെകൂടെ ചെയ്തയാത്ര അവരുടെ ഓർമ്മയിൽ വന്നു. അവരുടെ അന്നത്തെ യാത്ര ഒരു രാജ്ഞിയുടെ ആവശ്യാർത്ഥം ആയിരുന്നു. ഇപ്പോഴത്തെ സഞ്ചാരം വേറൊരു രാജ്ഞിയുടെ അപേക്ഷാനുസരണമാണു്. ഓരോ സത്രത്തിലും താമസിച്ചപ്പോൾ പഴയ കഥകൾ പറഞ്ഞുകൊണ്ടു് അവർ രസിക്കുകയുണ്ടായി. നരേന്ദ്രൻ സത്രമുടമസ്ഥനുമായി യുദ്ധംചെയ്തു് ഏകദേശം മൂന്നാഴ്ചയോളം താമസിച്ച പഴയ സത്രത്തിൽ അവർ ചെന്നു കയറിയപ്പോൾ സത്രമുടമസ്ഥൻവന്നു് ആഗതരെ സ്വീകരിച്ചു. ശാന്തനെ കണ്ടപ്പോൾതന്നെ സത്രമുടമസ്ഥനു പഴയ കഥ ഓർമ്മയിലെത്തി. അയാൾ അവരെ വേണ്ടതിലധികം മര്യാദയോടെ സൽക്കരിച്ചു. ഇങ്ങനെ പരിചയമുള്ള പല സത്രങ്ങളിലായി രാത്രികൾ കഴിച്ചുകൂട്ടി. ഒടുവിൽ ഒരുദിവസം രാവിലെ അവർ ദേവപുരിയിലെത്തി. അന്നു വൈകിട്ടു തുറമുഖം വിടുന്ന ഒരു കപ്പലിൽ കയറുന്നതിനു ടിക്കറ്റുകൾ വാങ്ങിച്ചു.

ഏകദേശം മണി അഞ്ചായപ്പോൾ നരേന്ദ്രനും, ശേഖരനും, ഭൃത്യനായ ശാന്തനോടു പ്രഭുവിനെ അനുഗമിക്കുന്നതിനു ആജ്ഞാപിച്ചശേഷം തുറമുഖത്തുവന്നു് അവിടെയുള്ള കാഴ്ചകൾ കണ്ടുകൊണ്ടുനിന്നു. അവർ കടൽകാറ്റുമേറ്റു കഴിഞ്ഞ സംഭവങ്ങളെപ്പറ്റി പലതും പറഞ്ഞു രസിച്ചുകൊണ്ടു നിൽക്കുമ്പോൾ ഒരു യുവാവു് അവരുടെ അടുക്കൽവന്നു് "നിങ്ങൾ മഹേന്ദ്രപുരിയിൽനിന്നായിരിക്കുമല്ലോ" എന്നു പറഞ്ഞു. നരേന്ദ്രൻ അപരിചിതനെസൂക്ഷിച്ചുനോക്കി. ശേഖരൻ പെട്ടെന്നു് "അതേ നിങ്ങൾക്കു് എന്തറിയണം." എന്നു ചോദിച്ചു.

യുവാവു്—വിശേഷിച്ചൊന്നുമില്ല. സത്യവ്രതസ്വാമിയാരെ പ്രധാനമന്ത്രിസ്ഥാനത്തുനിന്നും തള്ളിക്കളഞ്ഞെന്നു നാടൊക്കെ വർത്തമാനം ഉണ്ടു്. അതു പരമാർത്ഥമാണോ എന്നു് അറിഞ്ഞാൽ കൊള്ളാം.

ശേഖരൻ—ആ വർത്തമാനം വാസ്തവമെങ്കിൽ വലിയ

കാര്യമായിരുന്നു. പക്ഷെ ഇതുവരെ അങ്ങിനെയൊന്നും ഉണ്ടായിട്ടില്ല.

യുവാവ്—ആ വിവരം അറിയുവാനായി ചോദിച്ചതാണ്. നിങ്ങൾക്കുവന്ദനം.

എന്നുപറഞ്ഞ് അവിടെനിന്നു പോയി.

നരേന്ദ്രൻ—ശേഖരാ! തന്റെ വായിക്കു കടിഞ്ഞാൺ ഇടേണ്ടകാലം അതിക്രമിച്ചിരിക്കുന്നു താൻ എന്താണു പറഞ്ഞത്? അവൻ സ്വാമിയാരുടെ വല്ല ചാരനുമായിരിക്കാം.

ശേഖരൻ—അങ്ങിനെയെങ്കിൽതന്നെ എന്താണ്? നാം ഒരു മണിക്കൂറിനകം നാടുവിടുമല്ലൊ.

നരേന്ദ്രൻ—മുഖം പരിശോധിച്ചതിൽ ആൾ സാമാന്യനല്ലെന്നു തോന്നുന്നു. കൂർമ്മതയുള്ള കണ്ണുകൾ. അതാ അവൻ നമ്മെ നോക്കിക്കൊണ്ടു നിൽക്കുന്നു.

ശേഖരൻ—വല്ലതുമാകട്ടെ. അവൻ നോക്കിനിൽക്കയോ കടലിൽ ചാടിച്ചാകയോ ചെയ്യട്ടെ. നമുക്കെന്തുവേണം. അതാ കടലിലേക്കു നോക്കുക. നമ്മെ കൊണ്ടുപോകാനായി വള്ളം വരുന്നു:

നരേന്ദ്രൻ—പ്രഭുവിനേയും ശാന്തനേയും കാണുന്നില്ലല്ലൊ.

ശേഖരൻ—ശാന്തൻ നമ്മുടെ സാമാനങ്ങളെല്ലാം പെറുക്കി കെട്ടിക്കൊണ്ടുവരാൻ താമസിക്കയാണു.

നരേന്ദ്രൻ—വള്ളം അടുത്തുവരുമ്പോൾ അവരും വന്നെത്തും. അതാ അവർ വന്നുകഴിഞ്ഞു. നോക്കുക. ശാന്തൻ ചുമടെടുത്തുകൊണ്ടിഴഞ്ഞാണു വരുന്നത്.

പ്രഭുവും ശാന്തനും വന്നുചേർന്നപ്പോൾ വള്ളവും കരയിലെത്തി. വേഗം അവർ കയറി വള്ളം കടലിലേക്കു വിട്ടു.

നരേന്ദ്രൻ—ശേഖരാ! നോക്കുക. അയാൾ നാം നിന്ന സ്ഥലത്തേക്കു വേഗം നടന്നുവരുന്നതു കണ്ടൊ? അവൻ നിശ്ചയമായും നമ്മുടെ ഗതിയെ അറിയുവാനായി സ്വാമിയാർ അയച്ചിട്ടുള്ള ഒററുകാരിൽ ഒരുവനായിരിക്കണം.

പ്രഭു—ഏതാൾ?

നരേന്ദ്രൻ—അതാ! കരയിലേക്കു നോക്കുക.

“ആ ചെറുപ്പക്കാരൻ.” നരേന്ദ്രൻ കാണിച്ച സ്ഥലത്തേക്കു പ്രഭു നോക്കി. അദ്ദേഹത്തിന്റെ മുഖം വിവർണ്ണമായി. നരേ

ളുടെ കൈയ്ക്കു പിടിച്ചുകൊണ്ടു പറഞ്ഞു: "അതവൻതന്നെ. അവൻ നമ്മെ പിൻതുടർന്നു് ഇവിടംവരെ വന്നു."

ശേഖരൻ—ഏതവൻ?

പ്രഭു—കാദംബിനിയുടെ മകൻ.

ശാന്തൻ—(ഉച്ചത്തിൽ) അതേ! ആ സന്യാസിയാണു്.

നരേന്ദ്രനു രോമാഞ്ചമുണ്ടായി. ഈ പറഞ്ഞതെല്ലാം കരയിൽനിന്നു് ആ ചെറുപ്പക്കാരൻ കേട്ടു. അയാൾ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു "അതേ, ശ്രീരംഗപ്രഭു! ഞാൻതന്നെ. നിങ്ങൾ വധിച്ച പ്രഭാവിയുടെ മകൻ: കർമ്മവീരന്റെ സേനാപതി. നിങ്ങളുടെ ചങ്ങാതിമാരിൽ രണ്ടുപേരെ മനസ്സിലായി."

യുവാവിന്റെ അട്ടഹാസങ്ങൾ കേട്ടപ്പോൾ വള്ളത്തിലിരുന്നവർ ഞെട്ടിവിറച്ചുപോയി. ശാന്തൻ അമ്പും വില്ലും കൈയിലെടുത്തു.

ശേഖരൻ—ഹാ! ഇവനാണോ മുരളീശൻ?

പ്രഭു—(മന്ത്രിച്ചു) അതേ ഇവൻതന്നെ.

"എന്നാൽ കണ്ടുകൊള്ളുക. ഇപ്പോൾതന്നെ കഥ കഴിച്ചുകളയാമല്ലൊ" എന്നു പറഞ്ഞുകൊണ്ടു ശേഖരൻ വില്ലും ശരവും ശാന്തന്റെ കൈയിൽനിന്നു തട്ടിപ്പറിച്ചു് അസ്ത്രം ഞാണിൽ തൊടുത്തു കരയിൽനിന്ന മുരളീശനെ എയ്യുവാൻ ഒരുമ്പെട്ടു.

"യജമാനനെ അമ്പു പായട്ടെ" എന്നു ശാന്തൻ ധൃതിയിൽ പറഞ്ഞപ്പോഴേക്കും നരേന്ദ്രൻ വില്ലിനു കയറി പിടുത്തമിട്ടു.

ശേഖരൻ—(കോപത്തോടെ) എന്താണു നരേന്ദ്രാ? എന്നെ തടയുന്നതിനു തനിക്കെന്തു കാര്യം? ഇപ്പോൾ അവൻ താഴെ വീഴുമായിരുന്നു.

നരേന്ദ്രൻ—(ശാന്തമായി മന്ത്രിച്ചു) അവന്റെ അമ്മയെ കൊന്നതുമതി.

"അവന്റെ അമ്മ ലോകത്തെയൊക്കെ ദ്രോഹിച്ച ദുഷ്ടയായതുകൊണ്ടു നാം അങ്ങനെ അന്നു പ്രവർത്തിച്ചു. മകനൊന്നും ചെയ്തില്ലല്ലൊ."

അസ്ത്രമേറ്റു യുവാവു നിലം പതിക്കുമെന്നു തീർച്ചപ്പെടുത്തിയ ശാന്തൻ, അവന്റെ യജമാനന്റെ പ്രവൃത്തികണ്ടു സഹിക്കവയ്യാതെ ദേഷ്യത്തോടെ പറഞ്ഞു. "കൊള്ളാം, അവനെ വെച്ചുവാഴിക്കുന്നതിലുള്ള അനുഭവം പിന്നീടറിഞ്ഞുകൊള്ളും." കരയിൽനിന്നു പുറപ്പെട്ട പരിഹാസച്ചിരി അവരുടെ

ചെവികളിലെത്തി. കോപംകൊണ്ടു ശേഖരന്റെ കണ്ണുകൾ ജ്വലിച്ചു.

നരേന്ദ്രൻ—സ്നേഹിതൻ അടങ്ങണം. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ നാം പൗരുഷമാണു പ്രദർശിപ്പിക്കേണ്ടതു്.

ശേഖരൻ—അതേ! സർപ്പത്തോടാണോ പൗരുഷം പ്രദർശിപ്പിക്കുന്നതു് പ്രഭു എന്തുപറയുന്നു?

ശ്രീരംഗപ്രഭു ഒരു നെടുവീർപ്പിടുകമാത്രം ചെയ്തു.

ശേഖരൻ—നരേന്ദ്രാ! ഇപ്പോൾ തോല്വി ഒഴിഞ്ഞുപോകുമായിരുന്നു. തന്റെ പൗരുഷം ഒന്നുകൊണ്ടു് ഈ മഠയത്തരം പററി.

നരേന്ദ്രൻ സംഭാഷണവിഷയം മാററുന്നതിനായി പ്രഭുവിനോടു ചോദിച്ചു. "നാം എപ്പോൾ സിംഹളദ്വീപിലെത്തും?" ആ മാന്യൻ അതു കേൾക്കയോ മറുപടി പറകയോ ചെയ്തില്ല.

ശേഖരൻ—എന്റെ നരേന്ദ്രാ അവൻ അവിടെത്തന്നെ നില്ക്കുന്നു. അല്പംകൂടി കഴിഞ്ഞാൽ അകന്നുപോകും. ഒരസ്ത്രം അയച്ചുനോക്കട്ടെ.

നരേന്ദ്രൻ—പാടില്ല.

എന്നു പറഞ്ഞുശേഷം പ്രഭുവിന്റെനേരെ തിരിഞ്ഞു "അവൻ ഇവിടെ എന്തു ചെയ്യുകയായിരിക്കും."

പ്രഭു—എന്നെ പിൻതുടർന്നു നിങ്ങളെ അറിയുവാൻ വന്നതായിരിക്കും.

അവരുടെ വള്ളം കപ്പലിനോടടുത്തപ്പോൾ അകലെനിന്നു് ആ യുവാവിന്റെ ശബ്ദം അവരുടെ ചെവികളിൽ എത്തി. "ഞാനും പിറകെയുണ്ടു്. സിംഹളദ്വീപിൽവച്ചു തമ്മിൽ കാണാം."

# അദ്ധ്യായം

MUL
094316

ഭയങ്കരമായ രാത്രി. മഹേന്ദ്രപുരിയെ ഭീകരമായ ഒരസ്വാസ്ഥ്യം ബാധിച്ചിരിക്കുന്നു. അങ്ങുമിങ്ങും ചെറുകൂട്ടങ്ങളായി നില്ക്കുന്ന ആളുകളുടെ ഗൂഢസംഭാഷണങ്ങളും വീടുകൾക്കുള്ളിൽ ആയുധങ്ങൾ തേച്ചുമിനുക്കുന്ന ശബ്ദങ്ങളും ആ രാത്രിയുടെ നിശ്ശബ്ദതയെ ഭേദിച്ചു. ചില പ്രമാണികൾ റാന്തൽവിളക്കുകളും കൈയിലേന്തി ഓരോ വീടും സന്ദർശിച്ചു രഹസ്യമായി ഉപദേശങ്ങൾ കൊടുത്തുകൊണ്ടിരിക്കുന്നു. എന്തോ ഒരു ഭയങ്കരസംഭവം നടക്കുവാൻ പോകുന്നതിന്റെ ലക്ഷണങ്ങൾ തെളിവായി കാണുന്നുണ്ടു്. അഗ്നിപർവതത്തിന്റെ പൊട്ടലിനു മുമ്പ് ഭൂഗർഭത്തിനുള്ളിൽ നിന്നു കേൾക്കപ്പെടുന്ന ഇരപ്പം പോലെ ഒരു ആരവം ക്രമേണ ഉയർന്നുവന്നു.

അരുണോദയത്തോടുകൂടി പട്ടണത്തിന്റെ ഭാവം ആകപ്പാടെ വ്യത്യാസപ്പെട്ടു. ആളുകൾ ആയുധധാരികളായി നടന്നുതുടങ്ങി. "സത്യവ്രതനെ താഴെയിടണം" എന്നുള്ള ശബ്ദംകൊണ്ടു പട്ടണം മുഴുവൻ മാറ്റൊലികൊണ്ടു. രാജധാനിയിലുള്ള പടയാളികളെല്ലാം കൊട്ടാരത്തിനു് കാവൽനില്ക്കുന്നതിനു് രാജ്ഞി കല്പന കൊടുത്തു. ഭയംകൊണ്ടു കിടുകിടുത്തു സ്വാമിയാർ രാജ്ഞിയുടെ ആലോചനാമണ്ഡപത്തിൽ അഭയം പ്രാപിച്ചു

കാരാഗൃഹത്തിനടുക്കൽ ആളുകൾ വളരെയധികം കൂടുന്നതു കണ്ടു് എന്തെങ്കിലും ആപത്തുണ്ടാകുമെന്നു ശങ്കിച്ചു വിവരം ഉടൻ സ്വാമിയാരെ അറിയിക്കുന്നതിനായി കമലേശൻ കുറെ പട്ടാളക്കാരുടെ അകമ്പടിയോടുകൂടി രാജധാനിയിലേക്കു തിരിച്ചു. തെരുവിൽ ആളുകൾ വളരെ തിങ്ങിനിന്ന ഒരു സ്ഥലത്തു് ആ കാരാഗൃഹേശ്വരൻ എത്തിയപ്പോൾ, കൂട്ടത്തിൽ നിന്നു ഒരാൾ "അതാ, അയാൾ പോകുന്നു. നമ്മുടെ പ്രമാണികളിൽ ആരെയെങ്കിലും ബന്ധിച്ചു കൊണ്ടുവരുവാൻ പോകയായിരിക്കും." എന്നു് ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. ഉടൻ വേറൊരാൾ അട്ടഹസിച്ചു. "അതെ. അയാൾ സത്യവ്രതന്റെ വലംകൈയാണു്. നമ്മളെ കൂട്ടിലടച്ചു പട്ടിണിയിടാൻ അയാളെയാണു് ശ

ട്ടം കെട്ടിയിരിക്കുന്നതു്. അയാളെ വിടരുതു്." "പിടിച്ചോ വിടരുതു്." എന്നുള്ള ശബ്ദങ്ങൾ കൊണ്ടു ദിക്കൊക്കെ ഇളകി. ജനങ്ങൾ ഭ്രാന്തരായി. കടലിലെ തിരമാലകൾ പോലെ ജനാവലി തള്ളിക്കയറി കമലേശനെ വളഞ്ഞു. പട്ടാളക്കാർ വാളുകൾ ഉയർത്തി. അവർ ഒന്നു രണ്ടാളുകളെ വെട്ടി വീഴ്ത്തിയപ്പോഴേക്കു് ജനക്കൂട്ടത്തിൽനിന്നു കല്ലുകൾ അസംഖ്യമായി പതിച്ചുതുടങ്ങി. ഏറുകൊണ്ടു കമലേശന്റെ താടിയെല്ലു തകർന്നു. തന്റെ അവസാനമായെന്നു് അയാൾതീർച്ചപ്പെടുത്തി.

അപ്പോൾ എവിടെനിന്നോ അശ്വാരൂഢനായ ഒരു യുവാവു് അവരുടെ മുൻപിൽപ്രത്യക്ഷപ്പെട്ടു. ആ യുവധീരന്റെ ഖഡ്ഗമേറ്റു് അരാജകകക്ഷികൾ ഒന്നൊന്നായി നിലംപതിക്കുവാൻതുടങ്ങി. "പുതിയ പുള്ളിയെ പിടിച്ചോ! അവനാണു വിഷമക്കാരൻ" എന്നു ജനസമൂഹം ഗർജ്ജിച്ചു. ഓളത്തിലെ ഉതള്ളങ്ങളെന്നവണ്ണം ആ യുവാവു് അങ്ങോട്ടുമിങ്ങോട്ടും ആടി ഉലഞ്ഞു. തന്റെ യുവസ്നേഹിതൻ അപകടത്തിൽ പെട്ടുവെന്നു കമലേശൻ തീർച്ചപ്പെടുത്തി. അപ്പോൾ ജനക്കൂട്ടത്തിന്റെ പിറകിൽ നിന്നു് ഇടിനാദംപോലെ ഒരു ശബ്ദം കേൾക്കാറായി. "രവീന്ദ്രാ! ഞാൻ വരുന്നു. പിടിച്ചുനിന്നുകൊൾക."

ആ ശബ്ദംകേട്ടപ്പോൾ ജനങ്ങൾഭയപ്പെട്ടു. രവീന്ദ്രന്റെമുഖത്തു പ്രസന്നത വിളയാടി. ജനങ്ങൾ തിരിഞ്ഞു നോക്കിയപ്പോൾ വില്ലാളിപ്പടച്ചട്ട ധരിച്ച ഒരു ശൂരസിംഹം ഒരു കരുണയുമില്ലാത്ത അയാളുടെ വാളുകൊണ്ടു വഴിതെളിച്ചു മുമ്പോട്ടുകുന്നു. അയാളുടെ മുഖത്തെ രൌദ്രത കണ്ടപ്പോൾ സാക്ഷാൽ യമദേവനാണു വന്നിരിക്കുന്നതെന്നു ചിലർ സംശയിച്ചുപോയി. "ഈ കുഞ്ഞിന്റെ ഒരു രോമത്തിനെങ്കിലും കേടു വരുത്തിയിട്ടുള്ള ഒരുവനെയും ഞാൻ വെച്ചേക്കുകയില്ല." എന്നുള്ള ശബ്ദം കേട്ടപ്പോൾഅരാജകകക്ഷിയിലെ ക്രൂരന്മാർപോലും കൂടെയുള്ളവരെ ഉപേക്ഷിച്ചു രക്ഷപെടുവാനുള്ള മാർഗ്ഗം നോക്കി. "വിജയരുദ്രാ! ജ്യേഷ്ഠാ!" എന്നു പറഞ്ഞുകൊണ്ടു ഒരുവശത്തേക്കു ചരിഞ്ഞ രവീന്ദ്രനെ വിജയൻ കൈകൾ കൊണ്ടുതാങ്ങി. വിജയൻ കമലേശനോടു്-"ഇതാണവസരം.നിങ്ങൾക്കു വേണമെങ്കിൽ രക്ഷപെട്ടുകൊള്ളുക." എന്നു പറഞ്ഞശേഷം രവീന്ദ്രനെയും കൊണ്ടു് ആ ജനക്കൂട്ടത്തിൽനിന്നു പാഞ്ഞോടി.

രവീന്ദ്രൻ വിജയന്റെ കൈകളിൽ കിടന്നുകൊണ്ടു്—"ജ്യേഷ്ഠൻ സമയത്തു വന്നില്ലായിരുന്നെങ്കിൽ ഞാനിപ്പോൾ ജീവിച്ചിരിക്കയില്ലായിരുന്നു." എന്നു പറഞ്ഞു.

വിജ—യാതൊന്നും പറയേണ്ടാ. വിശ്രമിച്ചുകൊള്ളുക."

വിജൻ വേഗം താമസസ്ഥലത്തെത്തി രവീന്ദ്രനെ മുറിയിൽകൊണ്ടുപോയി കിടത്തി.

വിജ—ഇപ്പോൾ എങ്ങനെയിരിക്കുന്നു.

രവീ—തലയ്ക്കെന്തോ ഒരു പുകച്ചിൽ.

വിജ—തലയ്ക്കൊരു മുറിവുണ്ടു്. സാരമില്ല. മരുന്നുവെച്ചു കെട്ടിയാൽ രണ്ടു ദിവസംകൊണ്ടു സുഖമാകും. അതുകട്ടെ, മഹേന്ദ്രപുരിയിലെന്തിനു വന്നു? ആ ജനക്കൂട്ടത്തിൽ കാണുവാൻ കാരണമെന്തു്?

രവീ—അച്ഛനെവിടെ? അച്ഛനെ അന്വേഷിച്ചു ഞാൻ വന്നതാണു്.

വിജ—നരേന്ദ്രൻ പട്ടണം വിട്ടിട്ടു മൂന്നു നാലു ദിവസമായി. എന്റെ പേർക്കു് ഒരെഴുത്തയച്ചിട്ടാണു പോയതു്. ഇതാ എഴുത്തു്. എന്നു പറഞ്ഞു്, അലമാരിയിൽ നിന്നെഴുത്തെടുത്തുകൊടുത്തു. രവീന്ദ്രൻ എഴുത്തിൽ കണ്ണോടിച്ചശേഷം "വല്ല അപകടത്തിലേക്കുമായിരിക്കുമോ പോയിരിക്കുന്നതു്. എഴുത്തിൽനിന്നു അങ്ങനെ തോന്നുന്നു."

വിജ—ഒരപകടവും കൂടാതെ വരുമെന്നാണെന്റെ വിശ്വാസം. അതുവരെ രവീന്ദ്രൻ എന്റെ അന്വേഷണത്തിലിരിക്കണമെന്നാണു് അദ്ദേഹം ആഗ്രഹിക്കുന്നതു്.

രവി—അതിനെന്താണു്. ജ്യേഷ്ഠൻ പറയുന്നതു ഞാൻ അനുസരിച്ചുകൊള്ളാം.

വിജയൻ—ആ ലഹളയിൽ വന്നു കയറിയതെങ്ങനെയാണു്?

രവീ—ഞാൻ ഇന്നു പട്ടണത്തിൽ വന്നതാണു്. ലഹളയുടെ ലക്ഷണങ്ങൾ കണ്ടു തെരുവിൽ കൂടി വരുമ്പോൾ ആ പടയാളികളെ അസംഖ്യം ആളുകൾ കൂടി കല്ലെറിയുന്നതു കണ്ടപ്പോൾ എന്റെ രക്തത്തിനു ചൂടുപിടിച്ചു. പിന്നെ എന്തെല്ലാമാണു ചെയ്തതെന്നു് എനിക്കൊരോർമ്മയുമില്ല.

വിജ—പടയാളികളെ രക്ഷിക്കാൻ പോയതു നരേന്ദ്രനറിയുമ്പോൾ കോപിക്കും. അദ്ദേഹം ജനപക്ഷക്കാരനാണു്. ര

വീന്ദ്രൻ എന്ന സ്വാമിയാരുടെ ഭാഗത്തെ സഹായികയായി ന്നു.

രവീ—ജ്യേഷ്ഠനോ?

വിജ—ഞാൻ സ്വാമിയാരുടെ ശമ്പളത്തിലല്ലെ? എന്നാലും കമലേശൻ തല്ലു കൊള്ളുന്നതു കണ്ടാൽ ഞാൻ തിരിഞ്ഞു നോക്കുകയില്ലായിരുന്നു. രവീന്ദ്രനെ ആ കൂട്ടത്തിൽ കണ്ടതു കൊണ്ടാണ് അവിടെ എത്തിയതു്. കമലേശൻെറ ഭാഗ്യമായി.

അപ്പോൾ പെട്ടെന്ന് മുറിയിൽ കയറി വന്ന ഭീമകായകനോട് "ഹാ, ഹാ! ഉടുപ്പെല്ലാം കീറി. പൊടിയും പുരണ്ടാണ് ഇന്നത്തെ വരവ്. ഉപേന്ദ്രനെന്തുപററി?"

ഉപേ—അതു പറയാം. ഞാൻ നന്നാ ക്ഷീണിച്ചു കുടിക്കാൻ വല്ലതുമുണ്ടെങ്കിൽ തരണം.

വിജയൻ കൊടുത്ത കുറെ നാരങ്ങാനീർ വേഗം അകത്താക്കിക്കൊണ്ടു് ഉപേന്ദ്രൻ പറഞ്ഞു. "എൻെറ സ്നേഹിതാ! ഞാൻ ആ പിശാചുക്കളുടെ തൊലി ഉരിച്ചിട്ടാണു വരുന്നതു്. എൻെറ വാളെടുക്കുന്നതിനായി അവർ എന്നെ വളഞ്ഞു. ഏതാണ്ടൊരുബഹളമായിരുന്നു. കുറഞ്ഞപക്ഷം ഇരുപതെണ്ണത്തിനെ താഴെവീഴ്ത്തിയിട്ടാണു ഞാൻ വരുന്നതു്. അതാരാണ് ആ കട്ടിലിൽ കിടക്കുന്നതു്.

വിജ—അതാണു രവീന്ദ്രൻ. നരേന്ദ്രൻെറവളർത്തുമകൻ. കമലേശനെ രക്ഷിക്കാനായിജനങ്ങളോടു യുദ്ധം ചെയ്തുകൊണ്ടു നിൽക്കുമ്പോൾ ഞാൻ ചെന്നു കൊണ്ടുപോരുകയായിരുന്നു.

ഉപേ—നന്നായി. നരേന്ദ്രൻ കേൾക്കുമ്പോൾ എന്തു പറയും?

വിജ—ഞാൻ അതു പറയുകയായിരുന്നു. ആകട്ടെ ഞാൻ വളരെ ക്ഷീണിച്ചു. ഒന്നു കിടക്കട്ടെ.

ഉപേ—ഞാനും അങ്ങനെതന്നെ.

രണ്ടു പേരും നിദ്ര പ്രാപിച്ചു.

ഈ സമയം രാജ്ഞി കൊട്ടാരത്തിനുള്ളിൽ ആലോചനാമണ്ഡപത്തിലിരുന്നു സ്വാമിയാരോടു രാജ്യകാര്യങ്ങളെപ്പററി ആകാംക്ഷയോടെ സംഭാഷണം ചെയ്യുകയാണ്.

രാജ്ഞി—അപ്പോൾ രാജാവിനെ എൻെറ രക്ഷയിൽനിന്നു മാററി താമസിപ്പിക്കണമെന്നാണ് അവർ ശഠിക്കുന്നതു്. അല്ലേ?

സ്വാമി—അതുതന്നെയല്ല. എന്റെ കഴുത്തു വെട്ടണമെന്നുകൂടിയാണ്.

രാജ്ഞി—അങ്ങയോട് അവർക്കിത്ര വിരോധം വരുവാൻ കാരണമെന്താണ്.

സ്വാമിയാ—ഞാൻ രാജ്ഞിയെ വിശ്വസ്തതയോടുകൂടി സേവിക്കുന്നവനാണെന്നുള്ളതാണ്.

രാജ്ഞി—ആ സുലോചനൻ രക്ഷപ്പെട്ടതാണ് ഇതിനൊക്കെ കാരണം. ഇപ്പോൾ രാജകുടുംബത്തിന്റെ ഗ്രഹപ്പിഴക്കാലമാണ്. ജനങ്ങളെ ഒതുക്കുവാൻ എന്തു മാർഗ്ഗമുണ്ട്.

സ്വാമി—എന്നെ ബലികഴിച്ചേക്കണം.

രാജ്ഞി സ്വാമിയാരുടെ അശ്രുകലുഷിതങ്ങളായ കണ്ണുകൾ കണ്ട് അനുകമ്പാപൂർണ്ണയായി പറഞ്ഞു. "ഞാൻ അങ്ങയെ ബലി കഴിക്കയോ? എന്റെ രക്തം ചിന്തിയാലും ഞാൻ അങ്ങയെ വിട്ടുകൊടുക്കയില്ല.

കപടഭാവം കണക്കിനു പററിയെന്നു സ്വാമിയാർക്കു മനസ്സിലായി. എന്തു സാഹസകൃത്യത്തിനും മടിക്കാത്ത ജനക്കൂട്ടം കൊട്ടാരത്തെ വളഞ്ഞു പിടിച്ചെങ്കിൽ തന്റെ കാര്യം കുഴപ്പത്തിലാകുമെന്നു സ്വാമിയാർക്കു നിശ്ചയമുള്ളതുകൊണ്ട് തൽക്കാലം ജനങ്ങളെ സമാധാനപ്പെടുത്താൻ എന്തു മാർഗ്ഗമുണ്ടെന്ന് ആലോചിച്ചു. രാജഭക്തിയെന്നുള്ളത് പ്രജകളുടെ നാഡികളിൽക്കൂടി പ്രവഹിക്കുന്ന രക്തത്തിന്റെ ഒരംശമാണ്. രാജ്ഞി മന്ദസ്മിതസമന്വിതം അവരോടു രണ്ടു വാക്കുകൾ അരുളിയാൽ അതുകൊണ്ടു തൃപ്തിപ്പെട്ട് ദീർഘായുസ്സും പ്രാർത്ഥിച്ച് അവർ പിരിയും. പിന്നീട് അവരെ നല്ലപാഠം പഠിപ്പിക്കാൻ അവസരമുണ്ട്. എന്നെ പെറുക്കിയെന്നും ഇരപ്പാളിയെന്നും പരിഹസിച്ചവരുടെ ഹൃദയത്തിലെ അഗ്നി രക്തംകൊണ്ടു ഞാൻ ശമിപ്പിക്കും. അവരുടെ പട്ടണം ചാമ്പലാക്കും. രാജ്ഞിയെക്കൊണ്ടു ജനങ്ങളോടു സമാധാനം പറയിക്കുന്നതെങ്ങനെയാണ്? രാജത്വം ദൈവത്വത്തിനു സമമാണെന്നും ജനങ്ങൾക്ക് അനുസരണം അത്യന്താപേക്ഷിതമാണെന്നും രാജ്ഞിയെ പഠിപ്പിച്ചതു ഞാനാണ്. അവരെക്കൊണ്ടു സാധാരണജനങ്ങളോട് ഒരു വാക്കു പറയിക്കുവാൻ സാധിക്കുമൊ? ഏതായാലും ശ്രമിക്കാം. അല്ലെങ്കിൽ ഞാൻ അപകടത്തിലാകും.

സ്വാമി—അവിടുന്നു പറഞ്ഞതുപോലെ രാജകുടുംബങ്ങൾക്കു

വലിയ ഗൃഹച്ഛിദ്രമാണ്. സിംഹളദ്വീപിലെ കാര്യം നമ്മൾ അറിഞ്ഞില്ലേ? ഈ ജനങ്ങൾ ഇപ്പോൾ കൊട്ടാരത്തിലേക്കു വന്നുതുടങ്ങും. പട്ടണത്തെ മുഴുവൻ ഇളക്കുവാൻ സുലോചനപ്രഭുവിനു ശക്തിയുണ്ടെന്നു ഞാൻ വിചാരിച്ചിരുന്നില്ല.

രാജ്ഞി—നമ്മുടെ പട്ടാളക്കാർ കൊട്ടാരത്തിനു കാവൽ നിൽക്കട്ടെ. അല്ലാതെ എന്തു ചെയ്യാനാണ്.

സ്വാമി—അഞ്ഞൂറു പട്ടാളക്കാരിൽ കൂടുതൽ പട്ടണത്തിൽ ഇല്ല. അഞ്ഞൂറുപേർ അഞ്ചു ലക്ഷത്തോടെന്തു ചെയ്യാനാണ്?

രാജ്ഞി—രാജ്യാതിർത്തിയിൽ കിടക്കുന്ന സൈന്യത്തെ ഉടൻ വരുത്തിയാലൊ?

സ്വാമി—അവർ വന്നെത്തുമ്പോഴേക്കു നമ്മുടെ കഥ കഴിഞ്ഞുപോയെങ്കിലൊ?

രാജ്ഞി—ഞാനെന്തു ചെയ്യണം? അവിടുന്നു പറയണം.

സ്വാമി—ഞാനാലോചിച്ചിട്ട് ഒരുപായം കാണുന്നുണ്ട്. അവിടുന്നു വരാന്തയിലിറങ്ങി ജനങ്ങളോട് അവരുടെ അപേക്ഷകൾ എന്തെല്ലാമെന്ന് വിവരമായി എഴുതി പ്രതിനിധികൾ വശം കൊടുക്കുന്നപക്ഷം അവരുടെ ഇഷ്ടാനുസരണം ചെയ്യാമെന്നു വാഗ്ദാനം ചെയ്താൽ ഉടൻ കലഹം ശമിക്കും. അവിടുത്തെ കരുണ കവിഞ്ഞൊഴുകുന്ന മുഖം ഒന്നു കണ്ടാൽ അവർ തൃപ്തിപ്പെടും.—

രാജ്ഞി (കോപത്തോടെ) തെണ്ടിനടക്കുന്നവരോടും ഇല്ലുകാരോടും മററും ഞാൻ സംഭാഷണം ചെയ്യത്തക്കവിധം രാജസ്ഥാനം അത്ര അധഃപതിച്ചുപോയോ?

സ്വാമി—മററു നിവൃത്തിയില്ല.

രാജ്ഞി—എന്നെക്കൊണ്ടു സാധിക്കയില്ല.

അവർ കൊട്ടാരത്തെ അക്രമിക്കട്ടെ—അതാ, എന്താണു കേൾക്കുന്നതു്.

സർവാംഗം നിണം അണിഞ്ഞു കമലേശൻ മുറിയിൽ പ്രവേശിച്ചു.

സ്വാമി—കമലേശാ! എന്താപത്തു പററി?

കമ—(കിതച്ചുകൊണ്ടു്) കാരാഗൃഹത്തെ ശത്രുക്കൾ വളഞ്ഞു. വിവരമറിയിക്കുവാൻ ഞാനിങ്ങോട്ടോടി. വഴിക്കുവച്ചു

ശത്രുക്കൾ തടഞ്ഞു. ചാകാതെ വന്നെത്തിയെന്നേയുള്ളു. ആളുകൾ കൊട്ടാരത്തിനു ചുററും കൂടുന്നുണ്ടു്. രാജ്ഞി മൌനമായിരുന്നു. കൊട്ടാരവാതിൽക്കൽ നില്ക്കുന്ന ജനക്കൂട്ടത്തിന്റെ അട്ടഹാസശബ്ദം മുറിയിലെത്തി. രാജ്ഞിയുടെ കണ്ണുകൾ ജ്വലിച്ചു. കോപംകൊണ്ടു് ആ സ്ത്രീരത്നം വിറച്ചു. "ആ ചെന്നായ്ക്കളുടെ മദ്ധ്യത്തിൽ എന്റെ വാത്സല്യഭാജനത്തെ എറിഞ്ഞുകൊടുക്കണമെന്നാണോ അവർ ആവശ്യപ്പെടുന്നതു്. കാവൽക്കാരെക്കൊണ്ടു് ഉടൻ അവരെ അടിച്ചോടിക്കണം." സ്വാമിയാരുടെ ആശങ്ക വർദ്ധിച്ചു. "മഹാരാജ്ഞി! യാതൊരു രക്ഷയുമില്ല. കാവൽക്കാർ വിചാരിച്ചാൽ യാതൊന്നും സാധിക്കയില്ല. ഉടൻ അവിടുന്നു വരാന്തയിലിറങ്ങി അവരെ സമാധാനപ്പെടുത്തണം."

രാജ്ഞി—(കോപത്താൽ വിറച്ചുകൊണ്ടു്) സാധിക്കയില്ല.

പടിവാതിൽ ഞെരുങ്ങുന്ന ശബ്ദംകേട്ടു് സ്വാമിയാർ പറഞ്ഞു. "അവിടുന്നു് എല്ലാവരെയും കൊലയ്ക്കു കൊടുക്കാൻ പോകയാണു്. ഞാൻ പറഞ്ഞതുപോലെ ഉടൻ ചെയ്യണം. കാവൽക്കാർ തടഞ്ഞിട്ടു സാധിക്കുന്നില്ല. അതാ—" അപ്പോൾ വാതിലൊടിയുന്ന ശബ്ദവും ജനങ്ങളുടെ ജയഭേരിയും കേട്ടു. സ്വാമിയാർ അസാധാരണധൈര്യമവലംബിച്ചുകൊണ്ടു പറഞ്ഞു. "ഉടൻ വെളിയിലിറങ്ങി അവിടുന്നു് ആളുകളെ സമാധാനപ്പെടുത്തണം. അല്ലെങ്കിൽ ഞാനിതാ പോകുന്നു. ജീവനോടെ എന്നെ കാണുകയില്ല." രാജ്ഞി സ്വാമിയാരെ ഒന്നു നോക്കി. വേഗം മുറിക്കു വെളിയിൽ വരാന്തയിൽവന്നു. ജനക്കൂട്ടത്തെ നോക്കി. "രാജ്ഞി ജയിക്കട്ടെ സത്യവ്രതൻ വീഴട്ടെ" എന്നുള്ള വിളികൾകേട്ടു വായുമണ്ഡലം മുഴങ്ങി രാജ്ഞി കയ്യുയർത്തിനോക്കിയപ്പോൾ ആളുകൾ നിശബ്ദരായി. "സ്നേഹിതരെ, നിങ്ങൾക്കു സങ്കടങ്ങൾ ഉണ്ടെന്നു നാമറിഞ്ഞിരിക്കുന്നു. അവയ്ക്കു പരിഹാരമുണ്ടാക്കുവാൻ നാം തയ്യാറാണു്. താമസിയാതെ ഒരു ദിവസം നിങ്ങളുടെ പ്രതിനിധികളെ സ്വീകരിച്ചു് അവരുമായി ആലോചിച്ചു വേണ്ടതു ചെയ്യാമെന്നു നാം നിങ്ങളോടു ഉറപ്പു പറഞ്ഞുകൊള്ളുന്നു. സമാധാനത്തോടെ നിങ്ങൾ നിങ്ങളുടെ ഭവനങ്ങളിലേക്കു പോകണമെന്നാണു് നമ്മുടെ ആഗ്രഹം." തള്ളിക്കയറിവന്ന ജനങ്ങളുടെ ശക്തിയും ഉന്മേഷവും പെട്ടെന്നു ക്ഷ

യിച്ചു. രാജത്വം വിളങ്ങുന്ന തിങ്കൾ മുഖം കണ്ടപ്പോഴേക്കു വ ന്നു പറഞ്ഞു് ഉന്തിക്കയറിയ പലരുടേയും നാവുകൾ താണു. "ന മ്മുടെ രാജ്ഞി പറഞ്ഞതു ശരിയാണു്. പ്രജാവാത്സല്യമുള്ള രാജ്ഞി നമ്മുടെ ഇഷ്ടം അറിഞ്ഞു പ്രവർത്തിക്കും. നമുക്കു പോകാം." എന്നു ഒരാൾ പറഞ്ഞപ്പോൾ "ശരി അങ്ങനെ തന്നെ" എന്നു കൂട്ടത്തോടെ പറഞ്ഞു. കുറെപ്പേർ പിരിഞ്ഞപ്പോൾ മററുള്ളവരും അവരുടെ പുറകെ പോയി.

രാജ്ഞി തിരിയെ മുറിയിൽ പ്രവേശിച്ചു. സ്വാമിയാരോടു പറഞ്ഞു— "അവിടുന്നു ജയിച്ചു. ഞാൻ പ്രജകളുടെ മുമ്പിൽ താണു. ഇനിയും പ്രജാപ്രതിനിധികളെ സ്വീകരിക്കാനായി ഒരുങ്ങണം."

സ്വാമിയാർ—അതേ, അപ്പോഴേക്കു സൈന്യത്തെയും വരുത്തണം.

രാജ്ഞി—അതൊന്നും വേണ്ട. ഞാൻ പട്ടണം വിട്ടുപോകുവാൻ പോകയാണു്. അവിടുന്നും വരണം.

സ്വാമിയാർ—എവിടേക്കു്?

രാജ്ഞി—നമുക്കു കല്ലേപ്പുരത്തുപോയി താമസമാക്കാം. മഹേന്ദ്രപുരിക്കാർ അവരുടെ പട്ടണത്തെ ഭരിക്കട്ടെ. സൈന്യത്തെ വരുത്തി പട്ടണത്തെ ആക്രമിക്കുമ്പോൾ പട്ടിണികിടന്നു് അവസാനം അവർ കീഴടങ്ങും."

സ്വാമിയാർ യാതൊന്നും മറുപടി പറഞ്ഞില്ല. കൊട്ടാരത്തിനു വെളിയിലിറങ്ങിയപ്പോഴാൽ കഥ അവസാനിക്കുമെന്നദ്ദേഹത്തിനറിയാമായിരുന്നു.

രാജ്ഞി—"അവിടുന്നെന്താണു മൌനമായിരിക്കുന്നതു്?

സ്വാമി—അഭിപ്രായം നല്ലതാണു്. ഇവിടെനിന്നു പോകുവാൻ സാധിക്കയില്ലെന്നു മാത്രമേ ഉള്ളു.

"എന്തുകൊണ്ടു്?"

സ്വാമി—വരണം, നോക്കുക.

രാജ്ഞി സ്വാമിയാരുടെ കൂടെ ജന്നലിന്റെ സമീപം ചെന്നു വെളിയിലേക്കു നോക്കി.

സ്വാമി—"നോക്കു, സുലോചനപ്രഭു അത്ര മടയനല്ല. കൊട്ടാരത്തിന്റെ നാലു പുറവശങ്ങളിലും അദ്ദേഹം കാവലിട്ടിട്ടുണ്ടു്. അടുക്കളയിൽ പോലും ചാരന്മാർ കാണും. ഒരു പക്ഷിയായാൽപോലും ഇവിടെനിന്നു പറന്നുപോകാമെന്നു വിചാരിക്കേണ്ട, എന്നു നമ്മുടെ ഒരു സൈന്യാധിപൻ ഇപ്പോൾ പ

റകൾ ഉണ്ടായി. അത്ര ഭദ്രമായിട്ടാണ സുലോചനയുടെ നമ്മെ ഇതിനകത്തിട്ടു സൂക്ഷിച്ചിരിക്കുന്നതു്.

"അപ്പോൾ ഞാൻ തടവുകാരിയായോ" എന്നു പറഞ്ഞു കോപാന്ധയായ രാജ്ഞി അവരുടെ കിടക്കമുറിയിലേക്കു പോയി. മുറിയിൽ പ്രവേശിച്ചഉടൻ അവർ കട്ടിലിൽവീണു മുഖംപൊത്തി കരഞ്ഞു. "ഇതുപോലെ നിന്ദ്യമായ ഒരു തോൽവി ആയുസ്സിലുണ്ടായിട്ടില്ല. പ്രജകളോടു രാജ്ഞി കേണപേക്ഷിക്കയോ? സ്വാതന്ത്ര്യമില്ലാതെ തടവുകാരിയായി ഇവിടെ താമസിക്കയോ? ഇനിയും ജനങ്ങൾ കൊട്ടാരത്തെ ആക്രമിക്കുവാനെളുപ്പമുണ്ടു"

ശോകാന്ധയായി കുറേനേരം കിടന്നപ്പോൾ പെട്ടെന്നു് ഒരു വിചാരം രാജ്ഞയുടെമനസ്സിൽ ഉദിച്ചു.

"ഓ! ഞാൻ രക്ഷപെട്ടു. എന്നെ രക്ഷപെടുത്തുവാൻ ശക്തിയുള്ള ഒരാൾ ഈ മഹേന്ദ്രപുരിയിൽ ഉണ്ടു്. അയാളെ ഞാൻ വിസ്മരിച്ചിരിക്കയായിരുന്നു. ഞാൻ നന്ദികെട്ടവളാണു്. ഏതായാലും ആ ശ്രേഷ്ഠനായ വിജയഭദ്രനെ അഭയംപ്രാപിക്കാം" രാജ്ഞി വേഗം എഴുത്തുനേരറു് ഒരു കുറിപ്പെഴുതുവാൻ തുടങ്ങി.

---

# അദ്ധ്യായം ഉന്ന

---

കനകമാരിപെയ്യുന്നതായി സ്വപ്നംകണ്ടുകൊണ്ടു കിടന്നു വിജയഭദ്രനെ കൊട്ടാരത്തിൽ നിന്നുവന്ന പരിചാരകൻ ഉണർത്തി.

പരിചാരകൻ—ഒരെഴുത്തുണ്ടു്

വിജയൻ—എവിടെനിന്നു്?

പരി—രാജ്ഞിയുടെ

വിജയൻ വേഗം എഴുന്നേററു് എഴുത്തു വാങ്ങിച്ചശേഷം "ഞാനിതാ! വരുന്നു. നിങ്ങൾ മുററത്തിറങ്ങി നിൽക്കുക" എന്നു പരിചാരകനോടു പറഞ്ഞിട്ടു് ഉപേന്ദ്രനെ ഉണർത്തുവാൻ ശ്രമിച്ചു.

ഉപേ— വിജയാ! ഉപദ്രവിക്കരുതു്. താനിവിടെ കിടക്കൂ. എനിക്കുറക്കം മതിയായില്ല.

വിജ— സ്നേഹിതൻ ഇതൊന്നു വായിച്ചുനോക്കുക. ഉപേന്ദ്രൻ കിടന്നകിടപ്പിൽ എഴുത്തു മേടിച്ചുവായിച്ചു.

“വിജയരുദ്രനെ ഉടൻ എനിക്കു കാണണം. ഈ എഴുത്തുകൊണ്ടുവരുന്നയാളിന്റെ കൂടെ വരണം.”

ഉപേന്ദ്രൻ—ഈ എഴുത്തിൽ വിശേഷിച്ചൊന്നും പറയുന്നില്ല.

വിജ—വിശേഷിച്ചൊന്നും പറയേണ്ട! രാജ്ഞിയുടെകണ്ണുകൾ ഇപ്പോഴാണു് തുറന്നതു്. ആപത്തു വന്നപ്പോൾ പഴയ വിജയരുദ്രനെ ഓർത്തു. ഏതായാലും സ്നേഹിതൻ പടക്കോപ്പുകളെല്ലാം തയാറാക്കി വയ്ക്കണം. നമുക്കിനിയും ധാരാളം ജോലിയുണ്ടു്.

അപ്പോൾ വേറൊരു ഭൃത്യൻ വന്നു്, “സ്വാമിയാർ തന്നയച്ചതു്” എന്നു പറഞ്ഞു മറെറാരെഴുത്തു കൊടുത്തു. അരമണിക്കൂറിനകം കാണണമെന്നു സ്വാമിയാർ ആവശ്യപ്പെട്ടിരിക്കുന്നു.

ഉപേ—അതു് കുഴപ്പമാണല്ലോ:

വിജ—ഒരു കുഴപ്പവുമില്ല. (സ്വാമിയാരുടെ ഭൃത്യന്റെ നേരെ തിരിഞ്ഞു്) “അരമണിക്കൂറിനകം കാണാമെന്നു ഞാൻ പറഞ്ഞതായി വേഗം ചെന്നു പറയുക.” ആ ഭൃത്യൻ ഉടൻ അവിടെ നിന്നോടി.

വിജ—ഞാനിപ്പോൾ തന്നെ രാജ്ഞിയെകാണും. പിന്നീടു സ്വാമിയാരെയും.

വിജയനിറങ്ങി രാജ്ഞിയുടെ വേലക്കാരന്റെ കൂടെ ധൃതിയിൽപോയി. കൊട്ടാരത്തിന്റെ ബഹിർഭാഗത്തുള്ള ഇടുക്കു വാതിൽവഴി, വിജയൻ വളപ്പിൽ കടന്നു് ഒരു രഹസ്യകോവേണിവഴി, കെട്ടിടത്തിന്റെ മുകളിലത്തെ നിലയിലുള്ള ഒരു മുറിയിൽ പ്രവേശിച്ചു. അപ്പോൾ ഏകദേശം ഇരുപതു വർഷം മുമ്പു്, അവിടെ പ്രവേശിച്ച കഥ വിജയന്റെ ഓർമ്മയിൽവന്നു. മന്ദാകിനിയെ ഓർത്തു് അദ്ദേഹം നെടുവീർപ്പിട്ടു.

പരിചാ—അവിടുന്നു് ഇവിടെ നിൽക്കണം. ഞാൻ രാജ്ഞിയെ അറിയിക്കാം.

അവർണ്ണനീയമായ ഒരു വികാരം വിജയൻെറ ഹൃദയത്തെ ചഞ്ചലപ്പെടുത്തി. അദ്ദേഹം യുവാവായിരുന്നപ്പോൾ, വളരെ ഉന്മേഷത്തോടും ക്രൂസലില്ലാതെയുമാണ് രാജ്ഞിയുടെ സന്നിധിയിലെത്തിയത്. അന്നു ധീരനായ ഒരു യുവാവ്, ബഹുമാന്യയായ ഒരു സ്ത്രീയെ അഭിവാദ്യം ചെയ്യുകയായിരുന്നു. ഇപ്പോൾ വെറും ഒരു പടയാളി അന്നമാതാവായ മഹാറാണിയുടെ മുഖദർശനത്തിനൊരുങ്ങുകയാണ്. അയാൾ രാജ്ഞിയുടെ വരവിനെ പ്രതീക്ഷിച്ചുനിന്നു. അപ്പോൾ മുറിയുടെ മദ്ധ്യത്തിലായി തൂക്കിയിരുന്ന നീരാളമറ നീക്കിക്കൊണ്ട് ഒരു സ്ത്രീരത്നം മുമ്പോട്ടു വന്നു. അന്നു കണ്ട ആ അസാധാരണസൌന്ദര്യതേജസ്സ്, ഇപ്പോഴും മുഖത്തു പ്രകാശിക്കുന്നു. വിജയൻ ഉപചാരപൂർവം കൈകൂപ്പിനിന്നു

രാജ്ഞി (ശബ്ദത്തിനു മാധുര്യം കൊടുത്തുകൊണ്ട്)—
“ധീരനും, വിശ്വസ്തനുമായ ഒരു പടയാളിയുടെ സഹായം രാജ്ഞിക്ക് അത്യന്താപേക്ഷിതമായി വന്നപ്പോൾ, അങ്ങനെയുള്ള ഒരാളിനെ ഈശ്വരൻ അവർക്ക് പ്രദാനം ചെയ്തു. ആ കഥ നിങ്ങൾ ഓർക്കുന്നുണ്ടോ?

വിജ—അതൊക്കെ ആ ധീരൻ മറന്നുപോയി.

രാജ്ഞി—രാജ്ഞിയെ കൃതഘ്നയെന്ന് അയാൾ സംശയിക്കുന്നുണ്ട്. കഷ്ടകാലംതന്നെ. ആ ആളിൻെറ ധീരതയും വിശ്വസ്തതയും രാജ്ഞിക്ക് അത്യാവശ്യമായിരിക്കുന്നു.

വിജ—എന്ത്? വേണ്ടുവോളം വിശ്വസ്തഭൃത്യന്മാരും, വിദ്വൽശിരോമണികളായ പ്രഭുക്കന്മാരും ബുദ്ധിശാലിയായ സചിവോത്തമനുമുള്ള മഹാരാജ്ഞിക്ക്, ശലഭപ്രായനായ ഒരു പടയാളിയുടെ സഹായം ആവശ്യമായിരിക്കുന്നുവെന്നാണോ കല്പിക്കുന്നത്.

ആ വാക്കുകളിൽ അന്തർഭവിച്ചിരുന്ന ആക്ഷേപാർത്ഥം രാജ്ഞിക്കു മനസ്സിലായി. “നിങ്ങൾ പറഞ്ഞതൊക്കെ ശരിയാണെന്നു സമ്മതിക്കുന്നു. നിങ്ങളെപ്പോലെ സമർത്ഥനും വിശ്വസ്തനുമായ മറ്റൊരുവനെ ഞാൻ കാണുന്നില്ല. അന്നു നിങ്ങൾ ചെയ്തതുപോലെയുള്ള ഉപകാരം ഇന്നു രാജ്ഞിക്കു ചെയ്യുവാൻ നിങ്ങൾക്കു മനസ്സുണ്ടാകുമോ എന്നറിഞ്ഞാൽ കൊള്ളാം.”

വിജ—“അവിടുന്നു കല്പിക്കുന്നതു ചെയ്യുവാൻ തയാറാണ്.”

രാജ്ഞി തെല്ലുനേരം ആലോചിച്ചശേഷം—"നിങ്ങളുടെ സ്നേഹിതന്മാർ മുവരും പട്ടണത്തിലുണ്ടോ?

വിജ—രണ്ടുപേരില്ല. ഒരാൾ, ഉണ്ട്.

രാജ്ഞി—മതി. സന്ധ്യയ്ക്കു ഏഴു മണിയാകുമ്പോൾ ഇവിടെ വരണം. അപ്പോൾ നിങ്ങൾ ചെയ്യേണ്ടതെന്തെന്നു പറയാം. എന്നെക്കണ്ട കാര്യം ആരോടും പറകയില്ലെന്നു സത്യം ചെയ്യണം.

വിജ—ആരോടും പറകയില്ലെന്നുള്ള എന്റെ വാക്കു വിശ്വസിക്കണെ. ആയുസ്സിൽ ഇതുവരെ ആണയിട്ടിട്ടില്ല

രാജ്ഞി—നിങ്ങളോടു സംഭാഷണം ചെയ്യുവാൻ പ്രത്യേകം പഠിക്കേണ്ടിയിരിക്കുന്നു. ഈ കൊട്ടാരത്തിലുള്ളവരിൽ നിന്നു വളരെ വ്യത്യസ്തപ്പെട്ട ഒരുവനാണു വിജയരുദ്രൻ എന്നു സമ്മതിക്കുന്നു. പിന്നെ കാണാം.

വിജയരുദ്രൻ അവിടെ നിന്നു പോയി വേറൊരു മാർഗ്ഗത്തിൽക്കൂടി കൊട്ടാരത്തിൽ പ്രവേശിച്ച് സ്വാമിയാരുടെ മുറിയിലെത്തി.

വിജ—അവിടുന്നു് ആവശ്യപ്പെട്ടപ്രകാരം അടിയൻ വന്നിരിക്കയാണു്.

സ്വാമിയാർ–(ഉറ്റു നോക്കിക്കൊണ്ടു്) രാജ്ഞിയുടെ അടുക്കൽ നിന്നു വരികയായിരിക്കും.

വിജയൻ–(ചാഞ്ചല്യം കൂടാതെ) അടിയനോ? അങ്ങയോടിതാരു പറഞ്ഞു,

സ്വാമി—ആരും പറഞ്ഞതല്ല. എനിക്കറിയാം.

വിജയൻ—(കൂസലില്ലാതെ) അങ്ങയ്ക്കു തെററിപ്പോയി.

വിജയരുദ്രന്റെ ഹൃദയംത്ത അളക്കുക അസാദ്ധ്യമെന്നു സ്വാമിയാർക്കു് അറിയാവുന്നതുകൊണ്ടുകൂടുതലായി ഒന്നും പറയാതെ ഒരെഴുത്തു് അയാളുടെ കൈയിൽ കൊടുത്തു.

സ്വാമി—ഈ എഴുത്തു മേൽവിലാസക്കാരന്റെ കൈയിൽ കൊടുക്കണം.

വിജ—മേൽവിലാസക്കാരനോ? ഇതിൽ മേൽവിലാസം എഴുതിയിട്ടില്ലല്ലോ.

സ്വാമി—ആ കൂടിന്റെ അകത്തൊരെഴുത്തുണ്ടു്. സമലത്തു ചെല്ലുമ്പോൾ പുറംകൂടു കീറി അകത്തേതു വെളിയിലെടുക്കു

ണം. ഇപ്പോൾതന്നെ യാത്രയാകണം. ഉപേന്ദ്രൻ കൂടിയുണ്ടായിരിക്കണം.

വിജയൻ (ആത്മഗതം) "അവതാളമാണു കാണുന്നതു്? ഏഴുമണിക്കു രാജ്ഞിയെ കാണാമെന്നു വാക്കു കൊടുത്തു. ഇയാൾ അതൊക്കെ കേട്ടിരിക്കുമോ? ഈ കുഴപ്പത്തിൽ നിന്നു് എങ്ങനെയാണു രക്ഷപെടുക".

സ്വാമിയാർ—എന്താണു മൌനമായി നിൽക്കുന്നതു്.

വിജ—ഒന്നുമില്ല. ഉടൻതന്നെ പോകാം. എനിക്കു് ഒരു കാര്യം ഉണർത്തിക്കാനുണ്ടു്.

"എന്തു്?"

"അവിടുന്നു രാജ്ഞിയുടെ അടുക്കൽ ഉടൻ ചെന്നു് ഒരു കാര്യം ഉണർത്തിക്കണം."

"എന്താണു കേൾക്കട്ടെ."

"വിജയഭദ്രനെ അത്യാവശ്യമായി ഒരിടത്തയച്ചിരിക്കയാണു് എന്നു മാത്രം പറഞ്ഞാൽ മതി."

"എനിക്കു കാര്യം മനസ്സിലാകുന്നില്ല."

"അടിയൻ പറഞ്ഞതുപോലെ മാത്രം അറിയിച്ചാൽ മതി"

"ശരി, ഞാൻ പറഞ്ഞിട്ടുവരാം. ഇവിടെ നിൽക്കണം" സ്വാമിയാർ മുറിയിൽ നിന്നിറങ്ങി.

വിജയൻ (ആത്മഗതം)—കോപിച്ചാണു പോയിരിക്കുന്നതു്. എന്തൊക്കെയോ ആലോചിക്കുന്നുണ്ടു്. എന്നെയും സംശയിക്കുണ്ടായിരിക്കാം. തിരിയെ വരുമ്പോൾ എങ്ങനെയായിരിക്കും. ഒരു പക്ഷേ എന്നെ ജയിലിലേക്കു്. അതിന്റെ ലക്ഷണം വല്ലതും കണ്ടാൽ, അപ്പോൾ കഴുത്തു ഞെരിക്കുകയായി. ഞെക്കികൊന്നിട്ടേ മാറുകയുള്ളു. നരേന്ദ്രൻ എന്നെ സ്തുതിക്കും. നഗരവാസികൾ എന്നെയുംകൊണ്ടു പട്ടണപ്രദക്ഷിണം ചെയ്യും.

സ്വാമിയാർ തിരിയെ വന്നു്, വളരെ മര്യാദയായി പറഞ്ഞു. "വിജയഭദ്രാ! ശരിതന്നെ. നിങ്ങൾക്കു് ഉടൻ യാത്രയാകുവാൻ സാധിക്കയില്ല. ആ എഴുത്തു് ഇങ്ങുതരണം" (എഴുത്തു വാങ്ങിച്ചുകൊണ്ടു്) ഇപ്പോൾ പോകാം. ഏഴു മണിയാകുമ്പോൾ കാണണം.

വിജയൻ—ഏഴു മണിക്കു വേറൊരു അത്യാവശ്യകാര്യമുണ്ടു്.

സ്വാമിയാ—രണ്ടും ഒന്നും തന്നെ. എനിക്കു് മനസ്സിലായി. ഉപേന്ദ്രനെയും കൊണ്ടുവരണം.

വിജയൻ വണങ്ങി യാത്രപറഞ്ഞു.

---

## അദ്ധ്യായം ൨൧

---

നേരം സന്ധ്യയായി. പകലത്തെ ബഹളങ്ങളെല്ലാം ഒട്ടൊതുങ്ങി. വിജയരുദ്രനെക്കൊണ്ടു് ഏതുകാര്യവും ക്ഷിപ്രസാദ്ധ്യമെന്നു് നിശ്ചയമുള്ള രാജ്ഞിയുടെ മുഖം പ്രസന്നമായി കൊട്ടാരത്തിൽ വന്നുകൊണ്ടിരുന്ന പ്രഭുക്കന്മാരോടു് ആ രാജസ്ത്രീ പതിവിൽ കവിഞ്ഞു സരസമായി സംഭാഷണം ചെയ്തുകൊണ്ടിരുന്നു. ആ സങ്കേതത്തിലെ വലിയ മണിക്കാരം എഴുമണിയായി. വിവരം പ്രസിദ്ധപ്പെടുത്തിയ ഉടനെ സ്വാമിയാരുടെ മുറിയിൽ വിജയരുദ്രൻ പ്രത്യക്ഷപ്പെട്ടു.

സ്വാമിയാർ ഏഴനേററു വൽസല്യഭാവം നടിച്ചു് വിജയരുദ്രന്റെ കൈക്കു പിടിച്ചുകൊണ്ടു പറഞ്ഞു. "നിങ്ങൾ എന്റെ വിശ്വാസസ്നേഹിതനാണു്, അതിഗൌരവമായ ഒരു ചുമതലയാണു നിങ്ങളിൽ സമർപ്പിക്കുവാൻ പോകുന്നതു്. ഈ രാത്രി പാണ്ഡ്യരാജ്യത്തിന്റെ ജീവൻ നിങ്ങളുടെ കൈയിലായിരിക്കും."

വിജ—അവിടുന്നു വിവരം പറയണം. എന്തിനും അടിയൻ സന്നദ്ധനാണു്.

സ്വാമിയാർ—(ചുററും നോക്കിക്കൊണ്ടു പതുക്കെ) രാജ്ഞി കലേപുരം വരെ യാത്രചെയ്യുവാൻ നിശ്ചയിച്ചിരിക്കുകയാണു്.

വിജ—അതായതു രാജ്ഞി മഹേന്ദ്രപുരിവിടുവാൻ പോകുന്നുവെന്നാണു്. കാര്യം എനിക്കു മനസ്സിലായി.

സ്വാമി—അതേ അതിനാണു നിങ്ങൾ ഏഴുമണിക്കു വരണം എന്നാവശ്യപ്പെട്ടതു്. രാജാവിനേയും രാജ്ഞിയേയും ഈ കൊട്ടാരത്തിൽ നിന്നു കൊണ്ടുപോകുന്നതിനുള്ള മുഴുവൻ ഭാരവും നിങ്ങൾ വഹിക്കണമെന്നാണു് രാജ്ഞി അനുഗ്രഹിക്കുന്നതു്.

വിജ—കല്പനപോലെ ചെയ്യുവാൻ ഒരുക്കമാണു്.

സ്വാമി—രാത്രി ഇവിടെനിന്നു പോകുക സാദ്ധ്യമാണോ?

വിജ—ശ്രമിച്ചാൽ എല്ലാം സാദ്ധ്യമാണു്.

സ്വാ—വഴിയിൽ ആക്രമണം ഉണ്ടായിയെന്നുവരത്തതോ?

വിജ—അങ്ങനെ വരാം.

സ്വാ—അങ്ങനെയാണെങ്കിൽ എന്തു ചെയ്യും.

വിജ—ആക്രമിക്കുന്നവരുടെ മദ്ധ്യത്തിൽക്കൂടെ വഴി തെളിക്കും.

സ്വാ—പ്രയാസമാണെങ്കിലോ?

വിജ—പ്രയാസം വർദ്ധിക്കുന്നതു ശത്രുക്കളുടെ കഷ്ടകാലമാണു്: അവരെ ഒന്നാകെ സംഹരിക്കും.

സ്വാ—രാജകുടുംബത്തെ സുരക്ഷിതമാംവിധം കൊണ്ടുപോകാമെന്നു സമ്മതിക്കുന്നുവോ?

വിജ—അടിയൻ ജീവിച്ചിരിക്കയാണെങ്കിൽ കൊണ്ടുപോകുമെന്നുള്ളതു നിശ്ചയമാണു്.

സ്വാമി—(വിസ്മയാനന്ദത്തോടുകൂടി) എന്റെ സ്നേഹിതാ! നിങ്ങളെപ്പോലെ ധീരനും ശ്രേഷ്ഠനുമായി മറ്റൊരുവനെ ഞാൻ കാണുന്നില്ല.

വിജയൻ മന്ദസ്മിതവദനനായി നിന്നു. സ്വാമിയാർ ഒരു നിമിഷം മൌനമായിരുന്നശേഷം പറഞ്ഞു—"എന്റെ കാര്യം എങ്ങനെയാണു്. എനിക്കും ഇവിടെനിന്നു പോയാൽകൊള്ളാമെന്നുണ്ടു്.

വിജ—അതു കുറേ പ്രയാസമാണു്.

"എന്തുകൊണ്ടു്?"

"അങ്ങയെ കണ്ടാൽ ഉടൻ അളുറിയും."

"ഞാൻ വേഷം മാറിയാലോ?"

"അങ്ങനെയാണെങ്കിൽ തരക്കേടില്ല."

സ്വാമിയാർ ദീർഘമായി ഒന്നു നിശ്വസിച്ചു.

"അവിടുന്നു്, ഒരു കാര്യം ചെയ്യേണ്ടിയിരിക്കുന്നു."

"എന്താണു്?"

"സത്യവ്രതൻ വീഴട്ടെ" എന്നു വിളിച്ചു പറയേണ്ടിവന്നാൽ അങ്ങനെ ചെയ്യണം."

"അങ്ങനെ തന്നെ. ഒരു മടിയുമില്ലാം."

"തെരക്കുമോ, വിരയലോ ഒന്നും കൂടാതെ വിളിച്ചു പറയണം."

“എന്നാൽ കഴിവതുപോലെ ചെയ്യാം.”

“അവിടുന്നു രാജ്ഞിയുടെ കൂടെയാണോ വരുന്നതു്?”

“അല്ല. അതിനു മുൻപു പോകണം.”

“അങ്ങയുടെ ബുദ്ധിശക്തി വിസ്മയനീയംതന്നെ.”

“വിജയാ! രാജ്ഞി പോയിക്കഴിഞ്ഞാൽ പിന്നീടു് എനിക്കു പോകുവാൻ പ്രയാസം കൂടുതലായിരിക്കും. എല്ലാവരും അവരവരുടെ രക്ഷയാണു കരുതുന്നതു്.”

വിജ—(ആത്മഗതം) എടോ, ധീരാ, താൻ ബഹുസമർത്ഥൻ തന്നെ.

വിജയൻെറ പുഞ്ചിരിയുടെ അർത്ഥം സ്വാമിയാർ ഗ്രഹിച്ചു.

“ആകട്ടെ. നിങ്ങൾ എന്നെ, അദ്യം രക്ഷപെടുത്താമോ?”

“കുറച്ചു പ്രയാസമുണ്ടു്.”

സ്വാമിയാർ വിജയൻെറ മുഖത്തു ദൃഷ്ടിയുറപ്പിച്ചു—“എന്തുകൊണ്ടു്? രാജ്ഞിയുടെ കാര്യത്തിൽ പ്രയാസമില്ലെന്നു നിങ്ങൾ പറഞ്ഞുവല്ലോ.”

വിജ—രാജ്ഞി അന്നദാതാവാണു്. എൻെറ ജീവനെ ഉപയോഗപ്പെടുത്തുവാൻ അവർക്കു് അവകാശമുണ്ടു്.

സ്വാമിയാർ ശബ്ദം താഴ്ത്തിപ്പറഞ്ഞു.—ശരിതന്നെ, കാര്യം മനസ്സിലായി. നിങ്ങളുടെ ജീവൻ എൻേറതല്ല. അതുകൊണ്ടു ഞാൻ വിലതരണം. സൂക്ഷ്മദൃക്കായ സ്വാമിയാർക്കു കാര്യസാദ്ധ്യത്തിനുള്ള മാർഗ്ഗം അപ്പോൾത്തോന്നി. വിരലിൽകിടന്ന വിലതീരാത്ത മോതിരം മേശപ്പുറത്തുവെച്ചിട്ടു—“ഇതാ എടുത്തുകൊള്ളണം.” എന്നുപറഞ്ഞു. വിജയൻ യാതൊരു മടിയും കൂടാതെമോതിരം കൈയിലാക്കി നോക്കിയപ്പോൾ, തനിക്കു്, പണ്ടു രാജ്ഞി സമ്മാനിച്ച മോതിരമാണു് അതെന്നു് അറിഞ്ഞു. പണത്തിനാവശ്യം വന്നപ്പോൾ താൻ വിററ ആ മോതിരം സ്വാമിയാരുടെ കൈവശം എങ്ങനെ വന്നെത്തിയെന്നു വില്ലാളിവീരൻ അത്ഭുതപ്പെട്ടു.

വിജ—ഇനിയും കാര്യം പറയാം. അവിടുന്നു് എപ്പോൾ പോകണമെന്നാണു വിചാരിക്കുന്നതു്.”

“പത്തു മണിക്കു്.”

“രാജ്ഞിയോ?”

“പാതിരാത്രിക്കു്.”

"ഭേഷ്—അങ്ങനെ, ആദ്യം പട്ടണത്തിനു വെളിയിലാകാം പിന്നീട്ട രാജ്ഞിയെ—അതിനൊക്കെ വഴിയുണ്ട്."

"നല്ലതുതന്നെ. എങ്ങനെയാണു പോകുക."

"അതൊക്കെ അടിയൻെറ ചുമതലയാണ്. അടിയനെ നിയന്ത്രിക്കുന്നതിനായി ആരും തുനിയരുതെന്ന് നിർബന്ധമുണ്ട്."

"എങ്കിലും—"

"എന്നാൽ വേറെ വല്ലവരെയും അന്വേഷിച്ചുകൊള്ളണം" വിജയൻ മുറിയിൽനിന്നിറങ്ങുവാൻ ഭാവിച്ചു. "രക്ഷപെടുവാൻ സാധിക്കയുമില്ല. മോതിരവും പൊകുമല്ലോ" എന്നോർത്തു സ്വാമിയാർ വിജയനെ തിരിയെ വിളിച്ചു ശാന്തമായിപ്പറഞ്ഞു.—"നിങ്ങളുടെ ഇഷ്ടത്തിനു പൂർണ്ണമായി വിട്ടിരിക്കുന്നു"

വിജ—അങ്ങനെ പറയണം. എന്നാലെ കാര്യം സാധിക്കൂ. അവിടുന്നു പത്തുമണിക്കു തയാറായിരിക്കണം.

"അങ്ങനെതന്നെ."

"എന്നാൽ അടിയൻ ഇനിയും പള്ളിയറയിൽപ്രവേശിച്ചു തിരുമുഖം ദർശിക്കേണ്ടിയിരിക്കുന്നു."

"എന്തിന്, രാജ്ഞിക്കു പറയാനുള്ളതൊക്കെ ഞാൻ പറഞ്ഞുവല്ലൊ"

"അങ്ങനെയല്ല, രാജ്ഞിതന്നെ അടിയനോടു പറയേണ്ടതായിട്ടുണ്ട്."

"അത്യാവശ്യമാണോ?"

"അത്യാവശ്യമാണ്."

വിജയൻെറ ദൃഢനിശ്ചയം സ്വാമിയാർക്കു മനസ്സിലായി "എന്നാൽ വരു! ഞാൻ പറഞ്ഞതൊന്നും രാജ്ഞിയോടു പറകയില്ലെൻ സത്യം ചെയ്യാമോ?"

"ആണയിട്ടു പരിചയമില്ല. അടിയൻെറ വാക്ക് അലംഘനീയമാണെന്ന് അന്വേഷിച്ചാൽ അവിടുത്തേക്കു ബോദ്ധ്യമാകും."

സ്വാമിയാർ വിജയനെ രാജ്ഞിയുടെ മുറിയിൽ പ്രവേശിപ്പിച്ചിട്ടു പിൻമാറി.

രാജ്ഞി— (ആകർഷണീയമായ മന്ദഹാസത്തോടെ) നിങ്ങൾ എന്നെ കാണണമെന്നു ശഠിച്ചതിൽ എനിക്ക് അനല്പമായ സന്തോഷമുണ്ട്.

“തിരുമനസ്സിലെ കല്പന നേരിട്ടറിയണമെന്നാണ് അടിയന്റെ അഗ്രഹം.”

“നിങ്ങൾ കാര്യം ഭരമേററല്ലൊ.”

“ഭരമേററു.”

“എന്നാൽ പാതിരാത്രിക്കു ഞാൻ ഒരുങ്ങിയിരിക്കും. ഹാ! നിങ്ങളുടെ വിരലിൽ മോതിരം കാണുന്നു. നിങ്ങൾക്കു തരുവാനായി ഞാൻ സ്വാമിയാരെ ഏൽപ്പിച്ചതാണ്. പഴയ മോതിരമാണ്. അതു തിരിയെ എന്റെ കൈവശം വന്നുചേർന്നു ഇപ്പോഴെങ്കിലും ആ കഥ നിങ്ങൾ ഓർക്കുമല്ലൊ.

വിജയന്റെ ചിന്ത വേറൊരുവശത്തേക്കു മാറി “എടൊ, കള്ള സ്വാമിയാരേ, തന്റെ സമ്മാനമായിരിക്കുമെന്നോർത്തതു തെററായല്ലൊ ആകട്ടെ. ഇതും ഇതിൽ ആയിരമിരട്ടിയും തന്റെ കൈയിൽനിന്നു ഞാൻ വസൂലാക്കും.”

വിജയൻ ആ വീട്ടിൽനിന്നു പിന്മാറിയപ്പോൾ വെളിയിൽ ഒരനക്കം കേട്ടതിൽനിന്നും സ്വാമിയാർ ഒളിച്ചുനിന്നു സംഭാഷണം ശ്രദ്ധിക്കുന്നുണ്ടായിരുന്നെന്നു ബോദ്ധ്യമായിട്ടു ഇപ്രകാരം ചിന്തിച്ചു “ഞാൻ അയാളെപ്പററി വല്ലതും പറയുന്നുവോ എന്നു ശ്രദ്ധിക്കയായിരുന്നു. ഇയാൾ യോഗ്യന്മാർക്കു സഹവസിക്കുവാനോ വിശ്വസിക്കുവാനോ കൊള്ളാവുന്നവനല്ല. ഇയാൾക്ക് എങ്ങനെയാണുപകാരം ചെയ്യുക.”

എങ്കിലും കൃത്യം പത്തു മണിക്കു വിജയൻ സ്വാമിയാരുടെ അടുക്കൽ ഹാജരായി. സ്വാമിയാർ വേഷം മാറിയിരിക്കുന്നു മുഖം വിവർണ്ണമായിരിക്കുന്നുവെന്നു മാത്രമല്ല ദേഹം കുറേശ്ശേ വിറക്കുന്നുമുണ്ട്. ഭൃത്യൻ വാസു അരികെ നിൽക്കുന്നു.

സ്വാമി—നിങ്ങൾ ഏകനായിട്ടാണോ?

വിജ—അല്ല ഉപേന്ദ്രനുമുണ്ട്. അദ്ദേഹം താഴെ വണ്ടിയിലിരിപ്പുണ്ട്.

“അപ്പോൾ വണ്ടിയിലാണു യാത്ര ചെയ്യേണ്ടതു്?”

“അതേ”

“നിങ്ങൾ രണ്ടുപേർ മാത്രമേയുള്ളോ?”

“ഞങ്ങളിൽ ഒരാളായാലും മതി.”

“എന്റെ വിജയരുദ്രാ നിങ്ങളുടെ മനോധൈര്യം കണ്ടിട്ടു എനിക്ക് ആശ്ചര്യവും ഭയവും തോന്നുന്നു.”

"അടിയൻ വിചാരിച്ചതു് അടിയന്റെ ധൈര്യം കണ്ടു് അവിടുന്നും ധൈര്യപ്പെട്ടുമെന്നാണു്"

"വാസു കൂടെ വന്നാലോ?"

"അതിനസൌകര്യമില്ല അയാൾ പിറകെ വന്നുകൊള്ളും."

"നിങ്ങളുടെ ഇഷ്ടം പോലെയാകട്ടെ"

സ്വാമിയാർ വിജയനെ അനുഗമിച്ചു. കൊട്ടാരത്തിന്റെ പിൻഭാഗത്തുള്ള നിരത്തിൽ ചെന്നെത്തി. അവിടെ രണ്ടു കുതിരയെ പൂട്ടിയ ഒരു വണ്ടി തയാറായി നിൽക്കുന്നു. ഉപേന്ദ്രനും ഭൃത്യൻ ജയന്തനും വണ്ടിക്കു സമീപത്തായി നിൽപ്പുണ്ടു്. പരിഭ്രമിച്ചു നിന്ന സ്വാമിയാരെ വിജയൻ പിടിച്ചു വണ്ടിയിൽ പ്രവേശിപ്പിച്ചശേഷം താനും കയറി അദ്ദേഹത്തിന്റെ വലത്തുവശത്തു് ഇരുന്നു. പുറകെ ഉപേന്ദ്രൻ കയറി സ്വാമിയാരുടെ ഇടത്തുവശത്തും ഇരിപ്പായി. വിജയനും ഉപേന്ദ്രനും വാളുകൾ വെളിയിലെടുത്തുപിടിച്ചു. സ്വാമിയാരുടെ വിറയൽ വർദ്ധിച്ചു. ജയന്തൻ വണ്ടിയും വിട്ടു കുറേദൂരം പോയപ്പോൾ ജനപക്ഷത്തിലെ ഒരു കാവൽ പടയാളി "വ ിക്കകത്താരാണു്" എന്നു വിളിച്ചുചോദിച്ചു.

"സത്യവ്രതസ്വാമിയാരാണു്" എന്നു പറഞ്ഞുകൊണ്ടു വിജയൻ പൊട്ടിച്ചിരിച്ചു. ഉയിർ മേൽപ്പോട്ടു പോയതുപോലെ സ്വാമിയാർക്കു തോന്നി. വിജയന്റെ ഫലിതപ്രയോഗം പടയാളിയെ തൃപ്തിപ്പെടുത്തി. സ്വാമിയാർ തന്നെയാണു സഞ്ചരിക്കുന്നതെങ്കിൽ അങ്ങനെ പറകയില്ലെന്നു കരുതി വണ്ടി തടയുവാൻ തുനിയാതെ ആ പടയാളി ചിരിച്ചുകൊണ്ടു നിന്നു. കുറേദൂരം മുമ്പോട്ടു പോയപ്പോൾ ഒരു പടയാളിസംഘം അവരെ വളഞ്ഞു അവരിലൊരുവൻ വാൾ ഉയർത്തിപ്പിടിച്ചുകൊണ്ടു് "ആരാണു പോകുന്നതു നിൽക്കണം" എന്നു വിളിച്ചുപറഞ്ഞു. വിജയൻ സ്വാമിയാരോടു മന്ത്രിച്ചു. "അവിടുന്നു കുനിഞ്ഞിരുന്നുകൊള്ളുക" സ്വാമിയാർ രണ്ടുപേരുടേയും ഇടയിൽ ഒളിച്ചു ശ്വാസമടക്കിയിരുന്നു വീണ്ടും ആ ആൾ ചോദിച്ചു. "ആരാണെന്നു പറയുകയില്ലേ? വേഗം വണ്ടി നിറുത്തണം."

വിജയനു ശബ്ദം മനസ്സിലായി "എടാ ഭദ്രാ നീയോ ഇതുകിടന്നു ചാടുന്നതു്?"

"അല്ലാ ഇതെന്റെ യജമാനനോ? ഈ രാത്രി എവിടെയ്ക്കാണു്"

വിജ—നമ്മുടെ ഉപേന്ദ്രനു ഒരു മുറിവു പററി. ആശുപത്രി വരെ കൊണ്ടുപോകയാണു്.

ഭദ്ര—അയ്യോ കഷ്ടം! എന്തു പററി.

വിജയൻ—അതൊക്കെ നാളെ പറയാം. ഇപ്പോൾ ധൃതിയായിപോകയാണു്.

ഭദ്രൻ കൂട്ടുകാരോടു്—നമ്മുടെ സ്വന്തം ആളുകളാണു് അവർ കടന്നുകൊള്ളട്ടെ.

വണ്ടി, പട്ടണത്തിന്റെ പ്രധാന വാതിൽക്കൽ എത്തി. അവിടെ വലിയ ഒരു കൂട്ടം പടയാളിസംഘം നില്പുണ്ടു്. അവരുടെ ഭാവം കണ്ടപ്പോൾ, അവിടെനിന്നു കടന്നുപോകുക പ്രയാസമെന്നു് നമ്മുടെ വില്ലാളിശ്രേഷ്ഠൻ മനസ്സിലാക്കി ജയന്തനോടു പറഞ്ഞു:—"ജയന്താ! വണ്ടി നിർത്തരുതു്. അതിവേഗത്തിൽ ഓടിച്ചുകൊള്ളണം." (ഉപേന്ദ്രനോടു്) ഉപേന്ദ്രാ, കഴിയുമെങ്കിൽ വാളുപയോഗിക്കരുതു്. (സ്വാമിയാരോടു്) അവിടുന്നു്, ഈ ഇരിപ്പടത്തിൽ നീണ്ടുനിവർന്നു കിടക്കണം. ഞങ്ങൾ പുതപ്പിക്കാം." ആവശ്യപ്പെട്ടതുപോലെ സ്വാമിയാർ ചെയ്തു.

"ആരു്? വണ്ടി നിർത്തട്ടെ" എന്നു ഗർജ്ജിച്ചുകൊണ്ടു പിശാചുക്കൾപോലെ പടയാളികൾ വണ്ടിയോടടുത്തു. ഉപേന്ദ്രന്റെ സമീപം വന്നു് വാതിൽക്കൽ പിടിച്ചയാളിനോടു് ഉപേന്ദ്രൻ പറഞ്ഞു. "എടോ, വണ്ടിയിൽ പിടിക്കരുതു്." ഉടൻ ആ പടയാളി "നിങ്ങൾ വണ്ടി നിർത്തണം."

ഉപേ—ഇല്ലെങ്കിലോ?

"എന്നാൽ കണ്ടുകൊള്ളുക." എന്നു പറഞ്ഞുകൊണ്ടു വാളൂരുവാൻ പടയാളി ശ്രമിച്ചതും മുഖത്തു് ഉപേന്ദ്രന്റെ ഒരടികൊണ്ടതും ഒന്നായി കഴിഞ്ഞു. കുതിരയുടെ കടിഞ്ഞാണിൽ പിടികൂടുവാൻ ശ്രമിച്ചവന്റെ മുഖത്തു്, ഒരിക്കലും മായിക്കുവാൻ പാടില്ലാത്ത ഒരടയാളം ജയന്തൻ ചാട്ടകൊണ്ടു സമ്മാനിച്ചു. ആ സംഘത്തിന്റെ തലവൻ വാളുയർത്തിപ്പിടിച്ചുകൊണ്ടുവിജയനിരിക്കുന്ന വശത്തോടടുത്തു. നമ്മുടെ വില്ലാളിവീരൻ, മൂറി തുറന്നിറങ്ങി, ചവിട്ടുപടിയിൽനിന്നുകൊണ്ടു് വിളിച്ചുപറഞ്ഞു. "നിങ്ങൾക്കു ഞങ്ങളെ തടയുവാൻ കാര്യമില്ല. ബലം പ്രയോഗിക്കുവാനാണൊരുക്കമെങ്കിൽ, പറയണം. ഞാനും എന്റെ സ്നേഹിതനും, വാളുകൾ ഊരാം." അപ്പോഴേക്കും വാതിൽ

കല്ലുള്ള വെളിച്ചത്തിന്നരികിൽ വണ്ടിയെത്തി. സേനാനായകൻ വിജയന്റെ മുഖം കണ്ടു പെട്ടെന്നു് പിറകോട്ടു മാറി.

“വിജയഭദ്രൻ. വിജയഭദ്രൻ. കടന്നു പോകാം.”

ആ ശബ്ദം ചന്ദ്രസേനന്റേതെന്നു്, വിജയനുമാത്രം മനസ്സിലായി. വണ്ടി പടിവാതിൽ കടന്നു് അതിവേഗത്തിൽ വെളിംപ്രദേശത്തേക്കോടി.

വിജയൻ (സ്വാമിയാരോടു്) എഴുന്നേററിരിക്കാം. അവിടുന്നു് രക്ഷപെട്ടിരിക്കുന്നു.

അപ്പോഴാണു് സ്വാമിയാർക്കു ജീവൻ വീണതു്. അത്യുത്ഭുതപരതന്ത്രനായ അദ്ദേഹത്തിന്റെ നാവിനു് ഒരക്ഷരംപോലും പറയാൻ ശക്തിയില്ലായിരുന്നു.

വിജ—എന്നാൽ ഞാൻതിരിയെ പോകയാണു്. ഉപേന്ദ്രൻ അങ്ങയുടെകൂടെ ഉണ്ടായിരിക്കും.

# അദ്ധ്യായം ൨൮.

വിജയൻ കാൽനടയായി വീണ്ടും പട്ടണത്തിൽ പ്രവേശിച്ചു. അവിടെ നിന്നിരുന്നവരിലൊരുവൻ “അതാ ഒരു വില്ലാളി പോകുന്നു” എന്നു വിളിച്ചുപറഞ്ഞു. എല്ലാവരും വിജയനോടടുത്തു. ഗത്യന്തരമില്ലെന്നു കണ്ടു് നമ്മുടെ കഥാനായകൻ “സത്യവ്രതന്റെ തല താഴെയിടണം.” എന്നുച്ചത്തിൽ വിളിച്ചുപറഞ്ഞു. എല്ലാവരും അതേററു ചൊല്ലി. അങ്ങനെ അദ്ദേഹം അവിടെനിന്നു രക്ഷപെട്ടു് പല ഇടവഴികളിൽ കൂടി ഓടി. കുറെ ദൂരം ചെന്നപ്പോൾ ഒരു വലിയ മാളികയുടെ വാതിൽക്കൽ വിശേഷപ്പെട്ട രണ്ടു കുതിരകളെ പൂട്ടിയ അതിമനോഹരമായ ഒരു വണ്ടി നിൽക്കുന്നു. പ്രഥമദൃഷ്ടിയിൽതന്നെ സുലോചനപ്രഭുവിന്റെ വണ്ടിയാണതെന്നു വിജയനു മനസ്സിലായി. ആ വണ്ടി കണ്ടാലറിയാത്തവർ പട്ടണത്തിൽ ചുരുക്കമാണു്. വിജയൻ വണ്ടിയുടെ അടുത്തുചെന്നു് അകത്തു നോക്കി. ആരെയും കണ്ടില്ല. വണ്ടിക്കാരൻ മുൻവശത്തുള്ള അ

യാളുടെ ഇരിപ്പിടത്തിൽ ഇരുന്നു് ഉറക്കം തൂങ്ങുന്നുണ്ടു്. നമ്മുടെ വില്ലാളിക്കു പെട്ടെന്നു് ഒരുപായം തോന്നി. കഠാരി ഊരി ഒരു കൈയിൽ പിടിച്ചുകൊണ്ടു മറേറക്കൈയ്യു്കൊണ്ടു വണ്ടിക്കാരനെ താഴെ തള്ളിയിട്ടു് "അനങ്ങിയാൽ കൊന്നുകളയും" എന്നു പറഞ്ഞു. കഠാരിയുടെ മുനയും വില്ലാളിയുടെ മുഖവും കണ്ടപ്പോൾ തന്റെ ജീവിതാവസാനമായി എന്നു ഗ്രഹിച്ച ആ സാധു വണ്ടിക്കാരൻ ബോധഹീനനായിത്തീർന്നു. വിജയൻ അയാളുടെ കൈകാലുകൾ വേഗം ബന്ധിച്ചു്, വായിൽ കുറേ പഴന്തുണിയും കുത്തിച്ചെലുത്തിയശേഷം അയാളുടെ പുറം കുപ്പായവും തലപ്പാവും കൈവശപ്പെടുത്തി സ്വയം ധരിക്കയും വണ്ടിക്കാരനെ അകത്തെടുത്തിടുകയും ചെയ്തിട്ടു് ഇപ്രകാരം പറഞ്ഞു. "അനങ്ങാതെ കിടന്നുകൊള്ളണം. തനിക്കു യാതൊരുപദ്രവവും വരികയില്ലെന്നു ഞാൻ ഉറപ്പു പറഞ്ഞുകൊള്ളുന്നു." വിജയൻ കോച്ചുപടിയിൽ കയറിയിരുന്നു വണ്ടി സാവധാനത്തിൽ മുമ്പോട്ടുവിട്ടു് കുറേ അകലം ചെന്നപ്പോൾ കുതിരകളുടെ ഗതിവേഗം വർദ്ധിപ്പിച്ചു. ആ സമയം വിജയന്റെ വരവു പ്രതീക്ഷിച്ചു കൊട്ടാരത്തിന്റെ പിറകുവശത്തെ വരാന്തയിൽ രാജ്ഞി ക്ഷമയില്ലാതെ അങ്ങോട്ടുമിങ്ങോട്ടും നടക്കുകയായിരുന്നു. മണി പന്ത്രണ്ടടിച്ചപ്പോൾ വില്ലാളിവീരൻ എവിടെനിന്നോ രാജ്ഞിയുടെ സമീപം ഹാജരായി.

രാജ്ഞി—വിജയഭദ്രൻ!

"അടിയൻ."

"എല്ലാം തയ്യാറായോ?"

"തയ്യാർ."

"സ്വാമിയാരെവിടെ?"

"അദ്ദേഹത്തെ കടത്തിവിട്ടു."

"എങ്ങനെയാണു പോകുക."

"അതൊക്കെ അടിയൻ നിശ്ചയിച്ചിട്ടുണ്ടു. കൂടെ എഴുന്നള്ളിയാൽമതി."

"എന്നാൽ നമുക്കു് രാജാവിന്റെ മുറിയിലേക്കു പോകാം."

വിജയൻ രാജ്ഞിയെ അനുഗമിച്ചു. ശിശുവായ രാജാവിനെ വിശ്വസ്ത പരിചാരകനായ ശ്യാമളൻയാത്രയ്ക്കുള്ള വസ്ത്രം ധരിപ്പിച്ചു് ഇരുത്തിയിരുന്നു. മാതാവു് മകന്റെ സന്നിധിയിൽ

ചെന്നു് "മകനെ, ഇയാളാണു പ്രസിദ്ധപ്പെട്ട വിജയഭദ്രൻ. ഈ രാത്രി അമ്മയുടെയും കുഞ്ഞിന്റെയും ജീവൻ ഇയാളുടെ കൈവശമാണു്. ഇയാളുടെ മുഖം ഒരിക്കലും മറക്കരുതു്. "വിജയഭദ്രൻ" എന്ന പേരു് ഒന്നു പറയുക." രാജകുമാരൻ വളരെ പ്രയാസപ്പെട്ടു്, ആ പേരു് ഉച്ചരിച്ചു. വിജയൻ രാജാവിനെ തൊഴുതു. അപ്പോൾ കൊട്ടാരത്തിന്റെ മുൻവശത്തായി ഒരു വലിയ അരവം കേട്ടു.

രാജ്ഞി (ഞെട്ടിക്കൊണ്ടു്) "അതെന്തു്?" വിജയൻ (ചെവിയോർത്തുകൊണ്ടു്) "ജനങ്ങൾ പിന്നെയും ലഹളയ്ക്കാരംഭിച്ചിരിക്കയാണെന്നു തോന്നുന്നു."

"എന്നാൽ നമുക്കോടി രക്ഷപെടാം."

വിജ—വരട്ടെ. എന്താണതെന്നറിഞ്ഞിട്ടു പോവാം.

രാജ്ഞി (സംഭ്രമത്തോടെ) "വിജയഭദ്രൻ!"

വിജ—അടിയൻ മുഴവനേററിരിക്കയാണു്.

വില്ലാളിശ്രേഷ്ഠന്റെ ആത്മവിശ്വാസം കണ്ടു രാജ്ഞിക്കു ധൈര്യമുണ്ടായി.

വിജ—തിരുമനസ്സിലെ പേരിൽ ആജ്ഞ കൊടുക്കുവാൻ അടിയനെ അധികാരപ്പെടുത്തണം.

"അധികാരപ്പെടുത്തിയിരിക്കുന്നു."

ജനങ്ങൾ ബഹളം തുടങ്ങിയതിൽപിന്നീടു കൊട്ടാരംകാവലിന്റെ നേതൃത്വം വഹിച്ചതുകമലേശനാണു്. അയാളുടെ സ്ഥാനത്തു കാരാഗൃഹാധിപതിയായി വേറൊരാളെ നിയമിക്കയും ചെയ്തിട്ടുണ്ടു്. വിജയഭദ്രനു കുറേക്കാലമായി കൊട്ടാരത്തിൽ ലഭിച്ചുകൊണ്ടിരുന്ന സ്വാതന്ത്ര്യം അയാളെ അസ്വസ്ഥനാക്കിത്തീർത്തിരുന്നു.

കമലേശൻ രാജ്ഞിയുടെ സമീപംവന്നു കൊട്ടാരത്തിന്റെ പടിവാതിൽക്കൽ ആരംഭിച്ചിരിക്കുന്ന ലഹളയെപ്പററിയുള്ള വിവരം ഉണർത്തിച്ചു.

രാജ്ഞി—കാരണമെന്താണു്?

കമലേശൻ—രാജ്ഞിയും രാജാവുംകൂടി രാത്രിയിൽ പട്ടണം വിട്ടുകളഞ്ഞുവെന്നു പരക്കെ ഒരു സംസാരമുണ്ടായിരിക്കുന്നു. അതിന്റെ വാസ്തവമറിയാനാണു് ആളുകൾ കൂടുന്നതു്.

രാജ്ഞി—(ഗർവോടെ) ആഹാ, അത്രയ്ക്കായോ? ആകട്ടെ,ഞാനിവിടെയുണ്ടെന്നു് അവരെ മനസ്സിലാക്കാം.

പട്ടണവാസികളെ എതിർക്കുവാൻ കമലേശനു കല്പന കൊടുക്കുന്നതിനു രാജ്ഞി ഭാവിക്കയാണെന്നു വിജയനു നിശ്ചയമായി. അങ്ങനെയെങ്കിൽ കൊട്ടാരം തവിടുപൊടിയാകും. രാജ്ഞിയെ രക്ഷപ്പെടുത്തുവാൻ സാധിക്കയുമില്ല. വേഗം രാജ്ഞിയോടടുത്തുചെന്നു വിജയൻ മന്ത്രിച്ചു. "മഹാരാജ്ഞി തിരുമനസ്സിലേക്ക് അടിയനിൽ വിശ്വാസമുണ്ടോ?" ആ ചോദ്യം കേട്ടപ്പോൾ രാജ്ഞി ഞെട്ടിക്കൊണ്ടു പറഞ്ഞു. "ഉവ്വ് പൂർണ്ണവിശ്വാസമുണ്ട്. എന്താണു പറയുക."

വിജയൻ—അടിയന്റെ ഉപദേശം കേൾക്കുവാൻ തിരുമനസ്സിലേക്കു കൃപയുണ്ടാകുമോ?"

രാജ്ഞി—"പറയണം."

വിജയൻ—എന്നാൽ കമലേശൻ തന്റെ ആൾക്കിഷ്ടമുള്ളിടത്തുപോയി കിടന്നുറങ്ങുവാൻ അവിടുന്നു കല്പിക്കണം. കാവൽപടയാളികളെ അവരുടെ മുറികളിൽ ഇട്ടടച്ചേക്കുകയാണു ബുദ്ധിപൂർവ്വമായിട്ടുള്ളതു്."

വിജയനു ഭ്രാന്തു പിടിച്ചുവോ എന്നുള്ള സംശയഭാവത്തിൽ രാജ്ഞി അല്പം തുറിച്ചു നോക്കി.

വിജയൻ—അടിയൻ പറഞ്ഞതു ശരിയാണു്. ഉടൻ കമലേശനെ ഇവിടെനിന്നയക്കണം.

കോപവും അസൂയയും നിറഞ്ഞ കണ്ണുകൾകൊണ്ടു കമലേശൻ വിജയനെ നോക്കി. രാജ്ഞിയുടെ ആജ്ഞയനുസരിച്ചു അവിടെനിന്നു പോകുവാൻ അയാൾ നിർബന്ധിതനായി.

വിജയൻ—(ആത്മഗതം) ഞാനിപ്പോൾ ഒരു ശത്രുവിനേക്കൂടി സമ്പാദിച്ചുകഴിഞ്ഞു.

രാജ്ഞി—വിജയഭദ്രാ; എന്താണു ചെയ്യേണ്ടതു്? അതാ വെളിയിൽ ശബ്ദം ഉയർന്നുവരുന്നു.

വിജയൻ—ജനങ്ങൾക്കു രാജാവിനെ കാണണമെന്നു നിർബന്ധമാണെങ്കിൽ അവർ കാണട്ടെ.

രാജ്ഞി—രാജാവിനെ അവരുടെ അടുക്കൽ കൊണ്ടുചെല്ലണമെന്നോ?

വി— അങ്ങനെയല്ല. രാജാവുനിദ്രകൊള്ളുകയായിരിക്കണം അവർ ആ കിടക്കമുറിയിൽ വന്നുനിന്നു നോക്കി തൃപ്തിവരുത്തട്ടെ.

രാജ്ഞി വിജയന്റെ ധൈര്യംകണ്ടു് അയാൾ പറയുന്നതിനൊക്കെ വഴിപ്പെടുകയാണു ബുദ്ധിപൂർവ്വമെന്നു നിനച്ചു.

വിജയൻ—(ശ്യാമളനോട്) ശ്യാമളാ, രാജാവിനെ കാണണമെന്ന കലശലായ ആഗ്രഹം ജനങ്ങൾ പ്രദർശിപ്പിക്കയാണെങ്കിൽ ഉടൻ അകത്തു വരുന്നതിനു രാജ്ഞി കല്പിക്കുന്നതായി അവരോടു ചെന്നു പറയുക. രാജാവു നിദ്രകൊള്ളുകയാണ്. അവർ ശബ്ദമുണ്ടാക്കാതെ വരണമെന്നു പറയണം.

രാജ്ഞി—അവരുടെ പ്രതിപുരുഷന്മാരായി മൂന്നാലുപേർ വന്നാൽമതി.

വിജയൻ—വരുന്നവരൊക്കെ വരട്ടെ. കൂടെ വന്നാൽ അരമണിക്കൂർനേരത്തെ താമസംമാത്രം. ഒന്നു കുനിഞ്ഞു കണ്ണോടിച്ചാൽ തൃപ്തിപ്പെടുന്നവരാണ് ഈ നാട്ടിലെ ജനങ്ങൾ. അവർ യാതൊരു ശബ്ദവുമുണ്ടാക്കാതെ വരികയും പോകയും ചെയ്യും. ശ്യാമളൻ വെളിയിൽ പോയി

രാജ്ഞി—(മകനോട്) കുഞ്ഞേ, കുഞ്ഞുറങ്ങുന്നതുപോലെ കണ്ണുമടച്ചു കിടക്കണം. അനേകംപേർ അടുത്തുവന്നു നിൽക്കും, അനങ്ങാതെ കിടന്നുകൊള്ളണം.

കുമാരൻ—അവരെന്നെ തൊടരുതു്

വിജ—അതടിയൻ ഏററു. തിരുമേനിയെ തൊടാൻ ഒരുവനെയും സമ്മതിക്കയില്ല.

ശ്യാമളൻ തിരിയെ വന്നു പറഞ്ഞു "വിജയനങ്ങുന്നു പ്രവചിച്ചതുപോലെ പററി. രാജ്ഞിയുടെ ഇഷ്ടം അറിയിച്ചപ്പോൾ ജനങ്ങൾ മൌനമവലംബിച്ചു. അടിയങ്ങൾ കതകുകൾ തുറന്നുകൊടുത്തു. അതാ അവർ സാവധാനത്തിൽ കയറിവരുന്നു."

രാജ്ഞി കുമാരൻെറ കട്ടിലിനരികിൽ നിന്നു വിജയൻ മുറിയുടെ മദ്ധ്യത്തിൽ തൂക്കിയിട്ടിരുന്ന മറയുടെ അപ്പുറത്തു മാറിനിന്നു. മുറിയുടെ വാതിൽക്കൽ വന്ന ആളുകൾ രാജ്ഞിയെ കണ്ടു പെട്ടെന്നു വിനീതരായിനിന്നു.

രാജ്ഞി—മടിക്കേണ്ടാ. അകത്തുകയറിവരാം. ഓരോരുത്തരും ലജ്ജകൊണ്ട് അധോമുഖരായി നിന്നു. എതിർപ്പുവരുമെന്നും ശക്തി പ്രയോഗിച്ച് അകത്തു കയറേണ്ടിവരുമെന്നുമായിരുന്നു അവരുടെ പ്രതീക്ഷ. ഇപ്പോഴിതാ, യാതൊരു തടസ്സവും കൂടാതെ കരുണാനിധിയായ മഹാരാജ്ഞിതന്നെ അവർക്കു സ്വാഗതമരുളുന്നു.

ശ്യാമള—കല്പിച്ചതു കേട്ടില്ലേ? അകത്തു വരണം.

കൂട്ടത്തിൽ ധൈര്യമുള്ള ഒരാൾ കാലിൻെറ പത്തു മാത്രം

തറയിൽ തൊടീച്ചു സാവധാനത്തിൽ മുമ്പോട്ടുവന്നു. മററു കുറേപ്പേരും അയാളെ അനുകരിച്ചു മുറിയിൽ പ്രവേശിച്ചു. കുറേ അധികം പേർ വെളിയിൽ തന്നെ നിന്നു. മറയ്ക്കപ്പുറം നിന്നു വിജയൻ ആദ്യം കയറിയ ആളിൻെറ മുഖം കണ്ടു. തൻെറ ഭൃത്യൻ ഭദ്രനാണ് അയാളെന്നു് അദ്ദേഹത്തിനു് മനസ്സിലായി. ഭദ്രൻ ജനകക്ഷിയിലെ ഒരു ചെറിയ നേതാവായിരിക്കയാണ്.

രാജ്ഞി—(ഭദ്രനോടു) നിങ്ങൾ നോക്കുക. കുമാരൻ നിദ്രയിലല്ലേ. ഞങ്ങൾ ഒളിച്ചോടിപ്പോകുന്ന വല്ല ലക്ഷണവും കാണുന്നുണ്ടോ?.

സംഭാഷണം ചെയ്യുന്നതിനു രാജ്ഞിക്കു തന്നോടാണു ദയവുണ്ടായതെന്നോർത്തു സന്തുഷ്ടനായും എന്നാൽ വിനീതനായും ഭദ്രൻ മറുപടി പറഞ്ഞു. "അടിയങ്ങൾക്കു തെററിപ്പോയി. അവിടുന്നു ക്ഷമിക്കണം."

രാജ്ഞി—എന്നാൽ ഈ കണ്ട കാഴ്ച നഗരവാസികളോടു നിങ്ങൾ പറയണം. ശല്യം കൂടാതെ നിദ്ര ചെയ്യുന്നതിനെങ്കിലും മഹേന്ദ്രപുരിക്കാർ സമ്മതിച്ചാൽ മതി.

രാജ്ഞിയെ കൃതജ്ഞതാപൂർവം തൊഴുതശേഷം ഓരോരുത്തരായി മുറിക്കു വെളിയിലിറങ്ങി. രാജ്ഞി ഭദ്രൻെറ നേരെ തിരിഞ്ഞു. "നിങ്ങളുടെ പേരെന്താണ്" എന്നു ചോദിച്ചു. അവൻ സത്യം പറകയാണെങ്കിൽ കാര്യം കുഴപ്പത്തിലായെന്നു വിജയൻ ഭയപ്പെട്ടു. ഭദ്രൻ എന്ന പേരുകാരൻ വിജയൻെറ ഭൃത്യനാണെന്നു രാജ്ഞി കേട്ടിട്ടുണ്ട്. അവൻ യാതൊരു ചാഞ്ചല്യവും കൂടാതെ പറഞ്ഞു. "ദശരഥൻ."

"നിങ്ങളുടെ തൊഴിലോ?"

"പുസ്തകവ്യാപാരം."

"അത്രയുമറിഞ്ഞാൽ മതി. എനിക്കു നിങ്ങളിൽ അളവററ സന്തോഷമുണ്ട്. നിങ്ങൾക്കു പോകാം."

വിജയൻ—(ആത്മഗതം) "ഭദ്രൻ മഠയനല്ല. അവൻ ഏതു ഗുരുവിൻെറ കീഴിലാണ് അഭ്യസിച്ചതെന്നറിയുന്നതോ?" വിജയൻ മറയ്ക്കിപ്പുറം വന്നു. രാജ്ഞി ഒരു ദീർഘശ്വാസം വിട്ടു. ശ്യാമളൻ തിരിയെ വന്നു, ജനങ്ങൾ ശാന്തമായി തെരുവീഥിയിലിറങ്ങിപ്പോയവിവരം പറഞ്ഞു.

രാജ്ഞി—(പിറുപിറുത്തു) ആ നികൃഷ്ടജന്തുക്കളുടെ

ധൈര്യം. ഇതിനൊക്കെ കണക്കു പറയിച്ചുകൊള്ളാം. (വിജയനോടു) "വിജയഭദ്രാ! ഇന്നു നിങ്ങൾ ഉപദേശിച്ചുതന്നു ഏററി സമയോചിതമായിരുന്നു. നിങ്ങളുടെബുദ്ധിസാമർത്ഥ്യത്തെപ്പററി എത്രതന്നെ പ്രശംസിച്ചാലും മതിയാകുന്നില്ല. ഇനിയും എന്താണുചെയ്യേണ്ടതു ?

വിജ:—കൊട്ടാരത്തിന്റെ പിൻഭാഗത്തു വഴിയരികിലേക്കു് അടിയന്റെകൂടെ എഴുന്നള്ളണം. താമസിക്കാൻ പാടില്ല.

രാജാവിനെ എടുത്തുകൊണ്ടു ശ്യാമളൻ മുമ്പിലും രാജ്ഞി പിറകിലുമായി വിജയനെ അനുഗമിച്ചു. എല്ലാവരും വണ്ടിയുടെ അരികിലെത്തി. വിജയൻ ഭൃത്യന്മാരിൽ ഒരാളെ വിളിച്ചു പറഞ്ഞു "ഇതാ ഈ വണ്ടിയിൽ കിടക്കുന്ന ആളിന്റെ കാലിലെ കെട്ടുകൾ അഴിച്ചു് അയാളെ കൊട്ടാരത്തിനകത്തു കൊണ്ടുപോയി ഭദ്രമായി സൂക്ഷിച്ചുകൊള്ളണം. രാവിലെ സ്വതന്ത്രനാക്കാം. രാജ്ഞി ഇതെല്ലാം കേട്ടു കാര്യമൊന്നും മനസ്സിലാകാതെ അത്ഭുതപരതന്ത്രയായി നിന്നു.

വിജ—തിരുമനസ്സിൽനിന്നു വണ്ടിയിൽ എഴുന്നള്ളിയിരിക്കണം.

രാജ്ഞി—ഇതു സുലോചനന്റെ വണ്ടിയാണല്ലൊ. ഇതെങ്ങനെ ലഭിച്ചു?

വിജയൻ വണ്ടിക്കാരന്റെ മേൽക്കുപ്പായവും തലക്കെട്ടും ധരിച്ചുകൊണ്ടു് "അതേ, തിരുമനസ്സിലെ ബദ്ധശത്രുവിന്റെ വണ്ടിയാണു് ഈ സമയം ഉപയോഗിക്കേണ്ടതു്. ഈ രാത്രി അടിയൻ വണ്ടിക്കാരനാണു്."

രാജ്ഞി മകനേയുംകൊണ്ടു വണ്ടിയിൽ കയറിയിട്ടു ശ്യാമളനും അകത്തു പ്രവേശിക്കുന്നതിനാജ്ഞാപിച്ചു.

ശ്യാമ:—(വിസമ്മതത്തോടെ) തിരുമനസ്സിലെ ഒപ്പം അടിയൻ എങ്ങനെയിരിക്കും.

വിജ:—എടോ ശ്യാമളച്ചേട്ടാ, ഇനിയും കുറേസമയത്തേക്കു് ആചാരോപചാരങ്ങളൊന്നുമില്ല. താൻ വേഗം കയറൂ. സാധാരണസമയമാണെങ്കിൽതന്നെ അകത്തിരുത്തിക്കൊണ്ടു ഞാൻ വണ്ടി അടിക്കുമോ? ആരും അനങ്ങിയേക്കരുതു്.

വണ്ടി മുമ്പോട്ടു പാഞ്ഞു. നേരം അർദ്ധരാത്രി കഴിഞ്ഞതുകൊണ്ടും, ആളുകളുടെ ലഹള തെല്ലു ശമിച്ചതുകൊണ്ടും, സ്വാമിയാരെയുംകൊണ്ടു പോയപ്പോൾ നേരിട്ടപോലെയുള്ള വിഷമ

ങ്ങൾകൂടാതെ പട്ടണവാതിൽക്കൽ വണ്ടിയെത്തി. അവിടെനിന്നു കാവൽക്കാർ അടുത്തുവന്നു "ആരുടെ വണ്ടി?" എന്നു ചോദിച്ചു.

വിജ:—വണ്ടി കണ്ടിട്ടെന്തു തോന്നുന്നു?

ഉടൻ ഒരു പടയാളി—കൂട്ടരെ, സുലോചനപ്രഭുവിന്റെ വണ്ടിയാണു്. അദ്ദേഹത്തിന്റെ വണ്ടിയേയും വണ്ടിക്കാരനേയും കണ്ടാലറിയരുതോ? ഒരുപക്ഷേ പ്രഭു അകത്തുണ്ടായിരിക്കാം.

ഒരു ഉപദ്രവും നേരിടാതെ നമ്മുടെ കഥാനായകൻ വണ്ടി പട്ടണത്തിനു വെളിയിലിറക്കി കുതിരകളെ പറപ്പിച്ചു. കാൽ മണിക്കൂർ കഴിഞ്ഞപ്പോൾ, സ്വാമിയാർ കയറിയിരുന്ന വണ്ടിയുടെ സമീപമെത്തി.

വിജ:—ജയന്താ ഇറങ്ങിവന്നു വണ്ടിയുടെ മൂടി മാററുക.

ഉപേ——ഭേഷ്, അതു വിജൻതന്നെ.

സ്വാമി——വണ്ടിക്കാരനായിട്ടാണോ?

രാജ്ഞി—അതേ, സുലോചനന്റെ വണ്ടിയുമായിട്ടാണു്.

സ്വാമി:—വിജയഭദ്രനു് എന്തുകൊടുത്താൽ മതിയാകും.

---

# അദ്ധ്യായം ൨൯

---

ഉദയത്തിനു നാലഞ്ചു നാഴികയുള്ളപ്പോൾ രാജ്ഞിയും പരിവാരങ്ങളും കലേപുരം കൊട്ടാരത്തിലെത്തി. അതിനു മുമ്പുതന്നെ രാജകുടുംബത്തോടു ബന്ധപ്പെട്ട പ്രഭുക്കന്മാരും അവരുടെ ഭാര്യമാരും അവിടെവന്നു് ഇടം പിടിച്ചിരുന്നു. കൊട്ടാരത്തിൽ ആൾ തിങ്ങിയിരുന്നതുകൊണ്ടു, കിടക്കുന്നതിനിടംകാണാതെ ഉപേന്ദ്രൻ വലഞ്ഞിട്ടു് ഇങ്ങനെ പറഞ്ഞു:— "എന്റെ വിജയാ, എനിക്കൊന്നു കണ്ണടച്ചാൽമതി. അതിനെന്തുമാർഗ്ഗമുണ്ടു്"

വിജയൻ—ഞാനും സ്ഥലം നോക്കുകയാണു്. ഇവിടെ ഇപ്പോൾ എല്ലാവരും വലിയവരാണു്. മുറികളൊക്കെ വല്യച്ഛന്മാരേയും അവരുടെ ഭാര്യമാരെയുംകൊണ്ടു നിറഞ്ഞു. പോകാം, നമുക്കു വരാന്തയിൽപോയി കിടക്കാം.

ഉപേന്ദ്രൻ—വരാന്തയിൽ കിടന്നാൽ അധികനേരം ഉറങ്ങുവാൻ സാധിക്കയില്ല. വല്ലവനും വന്നു് നേർത്തും.

വിജയൻ—എന്നാലവന്റെ കഷ്ടകാലം.

രണ്ടുപേരും വരാന്തയിലെത്തി.

ഉപേന്ദ്രൻ—എന്റെ വിജയാ, തണുപ്പത്തു് ഈ വെറുംതറയിലെങ്ങനെ കിടക്കും. വാതംപിടിച്ചു തളരാൻ മറ്റൊന്നും വേണ്ട.

വിജയൻ—അതിനു ഞാനൊരു സൂത്രം കണ്ടുപിടിച്ചിരിക്കുന്നു. ഇവിടെ നിൽക്കു. ഇതാവരുന്നു.

വിജയൻ കുതിരലായത്തിൽപോയി ഒരുകെട്ടു കച്ചിയുംകൊണ്ടു വന്നു.

ഉപേന്ദ്രൻ—ഇതെന്തിനാണു്?

വിജയൻ—വലിയ ആളുകൾക്കു ഹംസതൂല മെത്തയാണു്. നമുക്കു തുരഗശയ്യ മെത്തയാകട്ടെ. ഇന്നത്തെ ഉറക്കം ബഹുസുഖമായിരിക്കും.

ഉപേന്ദ്രൻ—എന്നാൽ ഞാനും പോയി കുറെ കച്ചി കൊണ്ടുവരാം.

വിജയൻ—വേണ്ട, അവിടെ ഇനിയും ഒരുപൊടി കച്ചി പോലുമില്ല.

വിജയൻ അപ്പോഴേക്കും കച്ചിവിരിച്ചു കിടപ്പായി.

ഉപേന്ദ്രൻ—ഞാനെങ്ങനെയാണു കിടക്കുക.

വിജയൻ—നിലത്തിരുന്നു്, കാലുകൾ മുന്നോട്ടു നീട്ടി, മലർന്നേക്കണം. അപ്പോൾ കിടപ്പായി.

ഉപേന്ദ്രൻ—ഇപ്പോഴാണു കളി പറയുന്നതു്. താൻ മിടുക്കനായി.

വിജയൻ—ഒരു കാര്യം ചെയ്യുക. ആ തടി ഇങ്ങോട്ടു ചരിച്ചുകളേണം.

ഉപേന്ദ്രൻ മേൽക്കുപ്പായമഴിച്ചുവച്ചു്, വിജയന്റെ സമീപെ നീണ്ടുനിവിർന്നുവീണു.

വിജയൻ—അമ്മോ, ഇങ്ങനെ ഞെരുക്കാനായി ആ കച്ചി എന്തു പാപം ചെയ്തു.

അധികസമയം കഴിയുന്നതിനുമുൻപേ രണ്ടുപേരും ഉറക്കമായി. ഏകദേശം ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ ആരോ ഒരാൾവന്നു "വിജയരുദ്രൻ, വിജയരുദ്രൻ" എന്നു വിളിച്ചു.

ഉപേന്ദ്രൻ കണ്ണുതുറന്നു് "ഇതാ ഇവിടെയുണ്ടു്" എന്നു വിളിച്ചുപറഞ്ഞു.

വിജയൻ വല്ലയിടത്തേക്കും പോകയാണെങ്കിൽ മുഴുവൻ കച്ചിക്കിടക്കയും തനിക്കു കരസ്ഥമാകുമല്ലൊ എന്നുള്ള ആശകൊണ്ടാണു് ഉപേന്ദ്രൻ വേഗം മറുപടി പറഞ്ഞതു്.

ആ ഉദ്യോഗസ്ഥൻ വന്നു വിജയരുദ്രനെ ഉണർത്തി, സ്വാമിയാർ വിളിക്കുന്നതായി പറഞ്ഞു.

വിജയൻ—ഞാനൊന്നുറങ്ങുന്നതായി സ്വാമിയാരദ്ദേഹത്തോടു പറയണം. അദ്ദേഹവും ഒന്നുകിടന്നു് ഉറങ്ങുവാൻ പറയു.

ഉദ്യോഗസ്ഥൻ—ഉടൻ കൊണ്ടുവരണമെന്നാണു പറഞ്ഞതു്.

വിജയൻ—വലിയ സൊല്ലയായി. അദ്ദേഹം നരശ്രേഷ്ഠനാണു്, രാത്രിയിൽ ഉറക്കമില്ല.

ഉപേന്ദ്രൻ—(ഉദ്യോഗസ്ഥനോടു) എടോ ചെങ്ങാതി വിജയരുദ്രനങ്ങനെയാണു്. ഉണരുമ്പോൾ മഹാ ദുശ്ശട്ടയാണു്.

വിജയൻ ഉദ്യോഗസ്ഥനെ അനുഗമിച്ചു, സ്വാമിയാരുടെ അടുക്കലേക്കു പോയി.

ഉപേന്ദ്രൻ കിടക്കമുഴുവൻ കൈവശപ്പെടുത്തി ഉറക്കവുമായി.

സ്വാമി—വിജയരുദ്രാ. ഇതാ പഴയ എഴുത്തു്. ഈ കാര്യം കൂടി സാധിച്ചാൽ നിങ്ങളെ പട്ടാളങ്ങളുടെ മേലധികാരിയാക്കുന്നതാണു്. രാജ്ഞിയോടു ഞാൻ അതിനെപ്പററി പറകയുണ്ടായി.

വിജ—ഉപേന്ദ്രനെന്തു ലഭിക്കും.

സ്വാമി—അയാൾ അവശ്യപ്പെടുന്നതുപോലെ പ്രതിസമ്മാനം നൽകും.

വിജ—ആർക്കാണു് ഈ എഴുത്തു കൊടുക്കേണ്ടതു്.

സ്വാമിയാർ—നിങ്ങൾ രണ്ടു പേരും ദേവപുരിയിൽ ചെല്ലണം. അവിടെ തുറമുഖത്തിനടുത്തു് ഒരു സത്രത്തിൽ "മുരളീശൻ" എന്നു പേരോടുകൂടി ഒരു യുവാവിനെ നിങ്ങൾ കാണും. അവൻ സിംഹളദ്വീപുകാരനാണു്. അവൻെറ കൈവശം ഇതു കൊടുക്കണം. അവൻ പറയുന്നതുപോലെ നിങ്ങൾ ചെയ്തുകൊള്ളണം. എന്താണു് ഇനിയും പോകരുതാ?

വിജ—പോകുവാൻ പറയുന്നതെളുപ്പമാണു്. അതിനു വല്ലതും കൈയ്യിൽ ഇല്ലാതെയെങ്ങനെയാണു്.

സ്വാമി—(തല ചൊറിഞ്ഞുകൊണ്ടു) പണമില്ലെന്നാണു് പറയുന്നതു്. ഇന്നലെ ഒരു മോതിരം തന്നില്ലെ? അതു വിൽക്കണം.

വിജ—അതു വിൽക്കുവാനല്ല തന്നതു്.

സ്വാമിയാർ നെററി ചുളിച്ചു് വില്ലാളിയെ ഒന്നു നോക്കി അശേഷം പെട്ടി തുറന്നു് ഒരു സഞ്ചിയെടുത്തുകൊടുത്തു. "ഇതിൽ ആവശ്യത്തിനു ധാരാളമുണ്ടു്. ഇനിയും പോകാം."

വിജയൻ പതുക്കെ എന്തൊക്കെയോ പുലമ്പിക്കൊണ്ടു് അവിടെ നിന്നിറങ്ങി അദ്ദേഹത്തെ കൂട്ടിക്കൊണ്ടു വന്ന ഉദ്യോഗസ്ഥനോടു പറഞ്ഞു. "നിങ്ങൾ പോയി ഉപേന്ദ്രനെഉണർത്തി വേഗം കുതിരാലയത്തിലേക്കു വരുവാൻ പറയണം. ഉടൻ ഒരു ദീർഘയാത്ര ചെയ്യേണ്ടിയിരിക്കുന്നതായും അറിയിക്കണം."

കൂർക്കംവലിച്ചുറങ്ങി കിടന്നിരുന്ന ഉപേന്ദ്രന്റെ സന്നിധിയിൽ ഉദ്യോഗസ്ഥൻ ചെന്നു് അദ്ദേഹത്തെ പതുക്കെ കൊട്ടി. വിജയൻ തിരിയെ വന്നതായിരിക്കുമെന്നു വിചാരിച്ചു് ഉപേന്ദ്രൻ അനങ്ങാതെ കിടന്നു.

ഉദ്യോഗസ്ഥൻ—സ്വാമിയാരയച്ചിട്ടു ഞാൻ വരുകയാണു്.

ഉപേന്ദ്രൻ കണ്ണുകൾ തുറന്നു. "എന്തു്?"

ഉദ്യോ—എളുപ്പം കുതിരലായത്തിൽ ചെല്ലണം. വിജയൻ അവിടെ നിൽപുണ്ടു്. ഒരു ദൂരയാത്ര ചെയ്യണം.

ഉപേന്ദ്രൻ എഴുന്നേററു് ഉടുപ്പു ധരിച്ചു് ഒരു നെടുവീർപ്പുമിട്ടു് അവിടെ നിന്നിറങ്ങി. ഉപേന്ദ്രൻ മാറാത്തതാമസം, ഉദ്യോഗസ്ഥൻ കട്ടിൽക്കിടക്കയെ ശരണം പ്രാപിച്ചു. അതയാൾക്കു വിധിച്ചതായിരുന്നു.

നേരെ ലായത്തിലേക്കു പോയ വിജയൻ അദ്ദേഹത്തിന്റെ കുതിരയെ കെട്ടഴിച്ചു വെളിയിലിറക്കി. അകലെയായി കുറെ കച്ചി കിടക്കുന്നതു കണ്ടിട്ടു് "ഹാ, ഇതു രാത്രിയിൽ കണ്ടില്ലല്ലൊ. പാവം കുതിര പട്ടിണിയായിരുന്നു. അല്പസമയം കൊണ്ടു കുറച്ചു കൊടുക്കാം." എന്നു പറഞ്ഞുകൊണ്ടു കച്ചിക്കൂനയുടെ അടുത്തുചെന്നു കാലുകൊണ്ടു തട്ടിമാററി. കച്ചിപ്പൊടി പുരണ്ടു് ഒരു സത്വം അലറിക്കൊണ്ടെഴുന്നേററുവന്നു.

വിജ—(ചിരിച്ചുകൊണ്ടു്) ജയന്താ നീ ഇതിനകത്തു് മൃഗങ്ങളുടെകൂടി കിടക്കയായിരുന്നു. ഭേഷ് നീ താൻ മിടുക്കൻ. വേഗം കുതിരകളെ ഇറക്കു: ഇപ്പോൾതന്നെ പോകുകയായി.

ഉപേന്ദ്രൻ മുഖം വീർപ്പിച്ചു കണ്ണുചിമ്മി അവിടെ എത്തി.

ഉപേ—തനിക്കു സർവ്വസൈന്യാധിപ സ്ഥാനവും എനിക്കു ഭൃത്യസ്ഥാനവും കിട്ടുവാൻ കാലമായിരിക്കും.

വിജ—തിരികെ വരുമ്പോൾ അറസ്റ്റ് വാറണ്ടായിരിക്കുമോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

ഉപേ—ഇപ്പോൾ എവിടെയാണു്?

വിജ—ഇപ്പോൾ മഹേന്ദ്രപുരിക്കു പോകാം. അതുകഴിഞ്ഞു സിംഹളദ്വീപിലേക്കു്.

അവർ മൂവരും കുതിരകളിൽ കയറി യാത്രയായി. മഹേന്ദ്രപുരിയുടെ വാതുക്കൽ ചെന്നപ്പോൾ ആൾക്കൂട്ടം അവരെ വളഞ്ഞു.

വിജ—മാന്യരെ! ഞങ്ങൾക്കു് ആ കള്ളസ്വാമിയാരുടെ സേവ മതിയായി അയാൾ അറിയാതെ ഞങ്ങൾ ഒളിച്ചോടിപ്പോരുകയായിരുന്നു.

ജനക്കൂട്ടം സന്തോഷഹാസങ്ങളോടെ അവരെ അനുമോദിച്ചു. പെരുവഴികൾ കൂടുന്ന ഒരു സ്ഥലത്തു ചെന്നപ്പോൾ ഒരു വലിയ ജനക്കൂട്ടത്തിന്റെ മദ്ധ്യത്തിൽ നിന്നു് ഒരാൾ പ്രസംഗിക്കുന്നതു കേട്ടു.

വിജ—പ്രാസംഗികനെ മനസ്സിലായോ? എന്റെ ഭദ്രനാണു്.

ഭദ്രൻ പ്രസംഗം നിറുത്തി, വിജയന്റെ സമീപം വന്നു.

“യജമാനന്മാർ എവിടെപോയിട്ടു വരികയാണു്”

വിജ—എന്റെ ദശരഥാ ഞങ്ങൾ ഒരുവഴിക്കു യാത്രചെയ്തിട്ടു വരികയാണു്.

ഭദ്രൻ കൺപോളകൾ വിടുർത്തി ആശ്ചര്യം പ്രദർശിപ്പിച്ചു നിന്നു.

അധികം താമസിയാതെ വിജയനും ഉപേന്ദ്രനും താമസിച്ചസ്ഥലത്തെത്തി. അവിടുത്തെ ഗൃഹിണി വിജയന്റെ സമീപം വന്നു കുശലപ്രശ്നം ചെയ്തു.

വിജ—ഭവതിയോടു ഒരു കാര്യം പറയുന്നു. ദ്രവ്യമോ, ആഭരണങ്ങളോ വല്ലതുമുണ്ടെങ്കിൽ വേഗം ഒളിച്ചുവെച്ചുകൊള്ളു

ണം, വല്ലവരും പണം തരുവാനുണ്ടെങ്കിൽ അതൊക്കെ കഴിയുന്നതും വേഗം വങ്ങിക്കൊള്ളണം. കൊടുക്കുവാനുള്ളവർക്കു ഒരിക്കലും കൊടുക്കണ്ട.

വീട്ടുടമസ്ഥ—(വെമ്പലോടെ) എന്തുകൊണ്ടു്?

വിജ—താമസിയാതെ ഈ പട്ടണം ചാമ്പലാകും. ഞങ്ങളിതാ പോകയാണു്.

ആ സ്ത്രീ പരിഭ്രമിച്ചു നിന്നു.

വിജ—എൻെറ മേൽവിലാസത്തിൽ എഴുത്തു വല്ലതും വന്നിട്ടുണ്ടോ?

അവർ വേഗം ഒരെഴുത്തുകൊണ്ടുവന്നു വിജയൻെറ കൈയിൽ കൊടുത്തു. കൈയ്യക്ഷരം കണ്ടയുടൻ അതു നരേന്ദ്രൻെറതെന്നു് മനസ്സിലായി. എഴുത്തു പൊട്ടിച്ചു ഉറക്കെ വായിച്ചു.

“പ്രിയപ്പെട്ട വിജയരുദ്രനും ഉപേന്ദ്രനും അറിയുവാൻ

സ്നേഹിതരെ ഒരു പക്ഷെ ഇതെൻെറ അന്ത്യലേഖനമായിരിക്കും. ഞങ്ങൾ ഏർപ്പെട്ടിരുന്ന കാര്യത്തിലുള്ള പ്രയത്നം നിഷ്ഫലമെന്നു തീർച്ചയായിരിക്കുന്നു. നിങ്ങളുടെ പ്രാർത്ഥന ഒന്നുകൊണ്ടു മാത്രമായിരിക്കും ഞങ്ങൾ മരിക്കാതെയിരിക്കുന്നതു് രവീന്ദ്രനെ മകനെപ്പോലെ വിചാരിച്ചുകൊള്ളണം.

വിജ—അതിനു സംശയമുണ്ടോ?

ഉപേ—ഞാൻ അവനെ എൻെറ അവകാശിയാക്കും, ബാക്കിവായിക്കണം.”

“നിങ്ങളുടെ യാത്രയിൽ എവിടെയെങ്കിലും മുരളീശൻ എന്ന പേരുകാരനെ കണ്ടെത്തിയാൽ വളരെ സൂക്ഷിക്കണം. കൂടുതലായി എഴുത്തിൽ പറയുവാൻപാടില്ല.“

നരേന്ദ്രൻ .

വിജയൻ—ഇതിൽതന്നെ ശേഖരനും രണ്ടുവരി എഴുതിയിട്ടുണ്ടു്.

ഉപേന്ദ്രൻ—അതു വായിക്കു, കേൾക്കട്ടെ.

“എനിക്കു നിങ്ങളെ ഒരുകാര്യം ഭരമേല്പിക്കാനുണ്ടു്. മുരളീശൻ എന്ന പേരു വഹിക്കുന്ന ഒരുവനെ കണ്ടെത്തിയാൽ, അപ്പോൾ ഉപേന്ദ്രൻെറ ബലമുള്ള കൈകൾ അവൻെറ കഴുത്തിനു പിടികൂടണം. കൊല്ലാതെ മാറരുതു്.

ശേഖരൻ

ഉപേന്ദ്രൻ—അത്രയേ ഉള്ളുവോ? അതിനൊരു പ്രയാസവുമില്ല.

വിജയൻ—അതുപോലെ പ്രയാസം മറെറാന്നിനുമില്ല,

ഉപേന്ദ്രൻ—എന്തുകൊണ്ടു്?

വിജയൻ—സ്വാമിയാരുടെ നിയോഗപ്രകാരം ദേവപുരിയിൽവച്ചു കാണേണ്ടതു് ഈ മുരളീശനെയാണു്. അയാൾ പറയുംപടി ചെയ്തുകൊള്ളണമെന്നാണു് ഉത്തരവു്.

ഉപേന്ദ്രന്റെ മുഖം കടുവായുടെമുഖംപോലെയായി. കടമാൻപോത്തുപോലെ അങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ടു അയാൾപറഞ്ഞു:— "പ്രഭുസമ്മാനവും ഒന്നും വേണ്ട. നമ്മുടെ സ്നേഹിതന്മാർ ആപത്തിലാണു്. നാം പോയി അവരെ രക്ഷിക്കണം."

നെററിത്തടത്തിൽ പൊടിച്ച സ്വേദകണങ്ങളെ തുടച്ചുകൊണ്ടു വിജയരുദ്രൻ ചിന്താമഗ്നനായി നിന്നശേഷം പറഞ്ഞു:— "ദേവപുരിക്കു പോകാം. സർവ്വവും മംഗളമാകും വേണ്ട വിദ്യകൾ ഞാൻ പ്രയോഗിച്ചുകൊള്ളാം."

നാലുദിവസത്തെ യാത്രകഴിഞ്ഞു. ഒരു സായാഹ്നസമയം വിജയനും, ഉപേന്ദ്രനും, ജയന്തനും തങ്ങളുടെ കുതിരകളെ ദേവപുരിയിലുള്ള ഒരു സത്രവാതിൽക്കൽ നിറുത്തിയിട്ടു് ഒരിടത്തിരുന്നു വിശ്രമിച്ചു. അകലെ മാറിനിന്നു് ഒരു യുവാവു് അവരുടെ സമീപംവന്നു് അവരെ സൂക്ഷിച്ചുനോക്കി.

വിജയൻ—എന്താ കുഞ്ഞേ! എന്നെ അടിമുടി അളക്കുകയാണോ?

യുവാവു്—നിങ്ങൾ മഹേന്ദ്രപുരിയിൽനിന്നു വരുകയാണോ?

വിജയൻ—അതേ.

യുവാവു്—സ്വാമിയാരുടെ വല്ല സന്ദേശവും കൊണ്ടുവന്നതായിരിക്കുമെന്നു ഞാൻ ഊഹിക്കുന്നു.

വിജയൻ—നിങ്ങളുടെ ഊഹം ശരിയാണു്.

യുവവു്—എന്നാൽ എന്റെപേർക്കാണു്. എന്റെ പേരു മുരളീശൻ എന്നാണു്.

വിജയൻ—(ആത്മഗതം) ഇവനെ ഭയപ്പെടണമെന്നാണു നരേന്ദ്രൻ പറഞ്ഞിരിക്കുന്നതു്.

ഉപേന്ദ്രൻ—(ആത്മഗതം) ഇവനെ ഞെക്കികൊല്ലണമെന്നാണു ശേഖരൻ ആവശ്യപ്പെടുന്നതു്.

രണ്ടുപേരും യുവാവിനെ സൂക്ഷിച്ചുനോക്കി.

മുരളീശൻ—എന്നെ സംശയമുണ്ടെങ്കിൽ ഞാൻ തെളിവു തരാം.

വിജയൻ—സംശയമൊന്നുമില്ല. എപ്പോഴാണു യാത്ര.

മുരളീശൻ—കപ്പൽ തുറമുഖത്തു തയ്യാറായി കിടക്കുന്നു. എഴുത്തു നിങ്ങൾതന്നെ കർമ്മവീരന്റെ കൈയിൽ കൊടുക്കണം.

വിജയൻ—അപ്പോൾ കർമ്മവീരന്റെ അടുക്കലാണു ഞങ്ങൾ വരേണ്ടതു്. അദ്ദേഹം എവിടെയായിരിക്കും?

മുരളീശൻ—അദ്ദേഹം യുദ്ധക്കളത്തിലായിരിക്കും.

ഉപേന്ദ്രൻ—സ്നേഹിതാ ഈ കർമ്മവീരനാരാണു?

വിജയൻ—ഒരു കശാപ്പുകാരനോ മറേറാ ആയിരുന്നു, ഇപ്പോൾ ഇംഗ്ലണ്ടിലെ കിരീടം വയ്ക്കാത്ത രാജാവാണു്.

മുരളീശൻ—നമുക്കിപ്പോൾതന്നെ കപ്പലിൽ കയറരുതോ?

വിജയൻ—ഞങ്ങൾ ഒരു കാൽ മണിക്കൂർ വിശ്രമിക്കട്ടെ.

മുരളീശൻ—"എന്നാൽ ഞാനിപ്പോൾതന്നെ വരും." എന്നു പറഞ്ഞു് എങ്ങോട്ടോ പോയി.

വിജയൻ—ആ യുവാവിനെപ്പററി എന്തു തോന്നുന്നു

ഉപേന്ദ്രൻ—അവൻ വലിയ അണലിയാണെന്നു തോന്നുന്നു. ശേഖരൻ പറഞ്ഞതുപോലെ ചെയ്താലെന്താണു്?

വിജയൻ—ഫെയ്യ് പാടില്ല. അയാളുടെകൂടെ പോയി നമുക്കു കർമ്മവീരനെ കണ്ടു് എഴുത്തു കൊടുക്കണം.

ഉപേന്ദ്രൻ—എനിക്കൊരു കർമ്മവീരനെയും കാണേണ്ട, താൻ ചിലപ്പോൾ ചില ഉപദേശവുംകൊണ്ടുവരും. ശേഖരൻ പറഞ്ഞതാണു:ശരി.

വിജയൻ—ക്ഷമിക്കു സ്നേഹിതാ! കർമ്മവീരനെ കണ്ടുകഴിയട്ടെ. പിന്നീടൊക്കെ നേരെയാക്കാം.

താമസംവിനാ അവരെല്ലാവരും കപ്പലിൽ കയറി. ഉപേന്ദ്രൻ ഒരു മുറിയിൽ കയറി നീണ്ടുനിവിർന്നുകിടന്നു് ഉറക്കമായി. ജയന്തനു കപ്പൽ നീങ്ങിയപ്പോൾമുതൽ ഛർദ്ദിയും തുടങ്ങി. ആളിനെ അറിയാനുള്ള ആഗ്രഹംകൊണ്ടു വിജയൻ മുരളീശനോടു ചോദിച്ചു.

# അദ്ധ്യായം ൩൰

നേരം അർദ്ധരാത്രിയായി, രസലേശമഹാരാജാവു യുദ്ധാങ്കണത്തിലുള്ള അദ്ദേഹത്തിന്റെ കൂടാരത്തിൽ നിദ്രചെയ്യുന്നു. കുറെ അകലെയായി ശ്രീരംഗപ്രഭുവും ക്ഷീണാധിക്യത്താൽ തളർന്നു് ഉറങ്ങുന്നു. ഒരശ്വാരൂഢൻ, അതിവേഗത്തിൽ കുതിരയെ ഓടിച്ചുകൊണ്ടുവന്നു കൂടാരത്തിന്റെ മുമ്പിൽ നിറുത്തിയിട്ടു താഴെയിറങ്ങി അകത്തുകടന്നു ശ്രീരംഗപ്രഭുവിനെ കൊട്ടിയുണർത്തി. പ്രഭു വേഗം പരിഭ്രമിച്ചെഴുന്നേററു്, "എന്താണു നരേന്ദ്രാ! വിശേഷം" എന്നു ചോദിച്ചു.

നരേന്ദ്രൻ—(കിതച്ചുകൊണ്ടു്) രാജാവിനെ ഉടൻ കാണണം.

ശ്രീരംഗപ്രഭു—അദ്ദേഹം എത്രദിവസമായി ഉറങ്ങിയിട്ടു് ഇപ്പോൾ ഒന്നു കണ്ണടച്ചിരിക്കയാണു്.

നരേന്ദ്രൻ—അദ്ദേഹത്തെ ഉണർത്തണം. അത്യാവശ്യമാണു്.

പ്രഭു—എന്നാൽ അദ്ദേഹത്തിന്റെ കിടക്കയുടെ സമീപത്തേക്കു പോകാം.

നിർഭാഗ്യവാനായ രസലേശമഹാരാജാവു് ഒരു കട്ടിലിൽ കിടക്കുന്നു. അദ്ദേഹത്തിന്റെ പ്രൗഢമുഖം നരേന്ദ്രൻ വീക്ഷിച്ചു. ആ മുഖത്തെ നിറം കൂടക്കൂടെ മാറുന്നുണ്ടു്. നെററിത്തടത്തിൽ സ്വേദകണങ്ങൾ പൊടിക്കുന്നു. നിശ്ചയമായും അദ്ദേഹം ക്ലേശതരങ്ങളായ സ്വപ്നങ്ങൾ കാണുകയായിരിക്കണം. നരേന്ദ്രൻ ഒരു നെടുവീർപ്പിട്ടു. രാജാവു പെട്ടെന്നു ഞെട്ടിയുണർന്നു "എന്താണു മാന്യരേ! ആപത്തുവല്ലതുമുണ്ടോ? എന്നു ചോദിച്ചു.

നരേന്ദ്രൻ—മഹാരാജാവേ! സർവ്വത്ര ആപത്താണു്. കമ്മഷീരൻ നമ്മെ വളഞ്ഞിരിക്കുന്നു.

രാജാവു്—(പരിഭ്രമിച്ചു) നമ്മുടെ കാവൽപടയാളികൾ കണ്ടില്ലേ?

നരേന്ദ്രൻ—നമ്മുടെ സർവ്വസൈന്യാധിപതി ശത്രുക്കളുമായി ഇടപാടുകൾ ചെയ്തുകഴിഞ്ഞിരിക്കുന്നു.

രാജാവു്—(ആശ്ചര്യത്തോടെ) എന്തിടപാടുകൾ?

നരേന്ദ്രൻ—തിരുമേനിയെ വിട്ടുകൊടുക്കാമെന്ന്.

രാജാവിൻെറ കണ്ഠനാളത്തിൽക്കൂടെ ഒരു ദീർഘശ്വാസം വെളിയിലേക്കു വന്നു. അരങ്ങത്തിൻെറ ഹൃദയം തകരുന്ന ശബ്ദം നരേന്ദ്രൻ കേട്ടു. ശേഖരനും വന്നെത്തി.

രാജാവ്—(തൊണ്ടയിടറിക്കൊണ്ടു്) എപ്പോഴാണ് എന്നെ വിട്ടുകൊടുക്കാൻ നിശ്ചയിച്ചിരിക്കുന്നതു ?

നരേന്ദ്രൻ—അടുത്ത പ്രഭാതത്തിൽ.

ജീവച്ഛവമായി നിന്നിരുന്ന ശ്രീരംഗപ്രഭു പറഞ്ഞു.—"എന്നാലിനിയും സമയമില്ല; നമുക്കു രക്ഷപ്പെടണം"

രാജാവ്—പാടില്ല, അവരെന്നെ വിട്ടുകൊടുക്കട്ടെ. ലോകം അവരെ വിധിച്ചുകൊള്ളും.

നരേന്ദ്രൻ—അവിടുന്ന് അങ്ങനെ കല്പിക്കരുത്. അവിടുന്ന് ഒരു ഭർത്താവും പിതാവുമാണെന്നുകൂടി ഓർക്കണം. രാജ്ഞിയേയും കുഞ്ഞുങ്ങളേയും ഓർത്തെങ്കിലും അവിടുന്നു രക്ഷപ്പെടണം.

രാജാവ്—ശേഖരൻ എന്തുപറയുന്നു?

ശേഖരൻ—അടിയൻ, നരേന്ദ്രൻ പറഞ്ഞതിനോടു യോജിക്കുന്നു.

രാജാവു വേഗം വെളിയിലിറങ്ങി കുതിരപ്പുറത്തു കയറിക്കൊണ്ടു "വരണം. ആദ്യം സർവസൈന്യാധിപതിയെ ഒന്നു കണ്ടു ചോദിക്കാം."

നരേന്ദ്രൻ തടയുന്നതിനു ശ്രമിച്ചെങ്കിലും രാജാവു പോയിക്കഴിഞ്ഞു. പിറകെ ശ്രീരംഗപ്രഭുവും, നരേന്ദ്രനും, ശേഖരനും, ശാന്തനുംകുതിരകളെ വിട്ടു. സൈന്യാധിപതിയുടെ കൂടാരത്തിൽ ശത്രുക്കളുമായി ആലോചന തുടർന്നുകൊണ്ടിരിക്കയാണ്. പെട്ടെന്നു രാജാവിൻെറ മുഖം കണ്ടപ്പോൾ, അവിടെ കൂടിയിരുന്നവരെല്ലാവരും അറിയാതെന്നെ എഴുന്നേററുപോയി. രാജാവിൻെറ മുഖഭാവംകണ്ടു് അവർ ലജ്ജിതരായി.

സൈന്യാധിപതി—തിരുമനസ്സുകൊണ്ട് ഇപ്പോൾ ഇങ്ങോട്ടെഴുന്നെള്ളിയതിൻെറ രഹസ്യം മനസ്സിലാകുന്നില്ല.

രാജാ—കർമ്മവീരൻ സൈന്യവുമായി നമ്മെ വളഞ്ഞിരിക്കുന്നു. നിങ്ങൾ എന്നിക്കു വിലച്ചീട്ടെഴുതുകയാണ്.

രഹസ്യം പുറത്തായി എന്നു സൈന്യാധിപനു മനസ്സിലായി. എന്നാലിനിയും താമസിക്കേണ്ട എന്നു കരുതി അയാളീപ്രകാരം പറഞ്ഞു.

"രസലേശം-രാജ്യത്തെ ധൂമകേതുവായ നിങ്ങളെ പിടിച്ചു ജീവനോടെ കൊട്ടക്കാമെന്നു കർമ്മവീരനു വാഗ്ദാനം ചെയ്തു പോയി. നിങ്ങളെ ഞാൻ ബന്ധനസ്ഥനാക്കുന്നു." സൈന്യാധിപതിയുടെ ആംഗ്യാനുസരണം രണ്ടുപേർ മുമ്പോട്ടുവന്നു. അവർ രാജാവിനെ തൊടുന്നതിനു മുമ്പായി വെട്ടേററുനിലംപതിച്ചു. ഒരുവൻ നരേന്ദ്രന്റെയും മററവൻ ശേഖരന്റെയും വാളുകൾക്കിരയായി. ശത്രുക്കൾ ആശ്ചര്യപരതന്ത്രരായി നിൽക്കുന്നതിനിടയിൽ രസലേശമഹാരാജാവിനെയുംകൊണ്ടു് അദ്ദേഹത്തിന്റെ അനുയായികൾ അവിടം വിട്ടു.

രാജാ—നമ്മൾ എങ്ങോട്ടോടുവാനാണു്. അതാ! കർമ്മവീരന്റെ സൈന്യങ്ങൾ. എന്റെ അവസാനം കാണുന്നതിനു് ആദിത്യഭഗവാൻ എഴുന്നെള്ളാറായി. ഇവിടെക്കിടന്നു ചാകുകയല്ലേ നല്ലതു്?

നരേ—അവിടുന്നു് അധൈര്യപ്പെടരുതു്. അടിയങ്ങൾ മൂന്നുപേർ അന്ത്യംവരെ കൂടെയുണ്ടായിരിക്കും. നമുക്കു ശത്രുക്കളുടെ സൈന്യനിരയെഭേദിച്ചു് അപ്പുറം കടക്കാൻ ശ്രമിക്കാം.

ശേഖ—അടിയനു് ഒരുബുദ്ധി തോന്നുന്നു. ഒരാൾ അങ്ങയുടെ വസ്ത്രം ധരിക്കണം. അവിടുന്നു് ആ ആളിന്റെ വേഷവും സ്വീകരിക്കണം. രാജവസ്ത്രം ധരിച്ചിരിക്കുന്ന ആളിനെ ശത്രുക്കൾ വളയുമ്പോൾ രാജാവിനെയുംകൊണ്ടു മററുള്ളവർക്കു രക്ഷപെടാൻ തരം കിട്ടും.

ശ്രീരംഗപ്രഭു—അടിയൻ ആ അഭിപ്രായത്തോടു പൂർണ്ണമായി അനുകൂലിക്കുന്നു. രക്ഷയ്ക്കു് ആ ഒരു മാർഗ്ഗമേ കാണുന്നുള്ളു. അടിയൻ തിരുമനസ്സിലെ രാജവസ്ത്രം ധരിച്ചുകൊള്ളാം. നരേന്ദ്രനും ശേഖരനും രാജാവിനെയുംകൊണ്ടു പാഞ്ഞുപൊയ്ക്കൊള്ളണം.

രാജാ—എന്റെ വേഷം ധരിക്കുന്ന ആളിനു നിത്യബന്ധനം അല്ലെങ്കിൽ മരണം നിശ്ചയമാണു്.

പ്രഭു—രാജാവിനെ രക്ഷിച്ചു എന്നുള്ള കൃതാർത്ഥതയോടെ മരണം വരിച്ചുകൊള്ളാം.

ആ സ്വാമിഭക്തനോടുള്ള അതിരററ വാത്സല്യവും കൃതജ്ഞതയുംകൊണ്ടു് രാജാവിന്റെ ഹൃദയം നിറഞ്ഞു. അശ്രുപൂർണ്ണങ്ങളായ നയനങ്ങൾകൊണ്ടു ശ്രീരംഗപ്രഭുവിനെ ഒന്നു നോക്കിയ

ശേഷം വേഗം സകല സ്ഥാനചിഹ്നങ്ങളും വഹിച്ചിരുന്ന കുപ്പായം അഴിച്ചെടുത്തു് പ്രഭുവിനെ ധരിപ്പിച്ചു. അദ്ദേഹം മഹോത്സവാവസരങ്ങളിൽ മാത്രം ധരിക്കാറുള്ള രണ്ടു രത്നം പതിച്ച മുദ്രകളെടുത്തു് അവയിൽ ഒരെണ്ണം ഉയർത്തിപ്പിടിച്ചുകൊണ്ടു് നരേന്ദ്രനോടു പറഞ്ഞു. “ദിവാകരപ്രഭോ, അടുത്തുവരണം: ഈ മുദ്ര നിങ്ങളുടെ മാറിടത്തെ അലങ്കരിക്കട്ടെ.”

നരേ—രാജാക്കന്മാരുടെ മാറിടത്തിനു ഭൂഷണമായിരിക്കേണ്ട സ്വർണ്ണമുദ്ര അടിയനു് അശേഷം യോഗ്യമല്ല.”

രാജാ—എന്തു്? രാജാക്കന്മാരും സിംഹാസനങ്ങളുമൊക്കെ നശ്വരമാണു്. ശ്രേഷ്ഠതകൊണ്ടു ലഭിക്കുന്ന യശസ്സു് മാത്രമാണു് അനശ്വരം. എന്റെ ജീവിതത്തിൽ, നിങ്ങളെപ്പോലെ ശ്രേഷ്ഠരെ ഞാൻ കണ്ടിട്ടില്ല. മരണത്തെ തൃണപ്രായമായി വിചാരിച്ചു്, ഉൽകൃഷ്ടപ്രമാണങ്ങളെ പുലർത്തുന്ന നിങ്ങളോടു്—എനിക്കുവേണ്ടി എന്തും ചെയ്യുന്നതിനു സന്നദ്ധനായ നിങ്ങളോടു്—എങ്ങനെയാണു് എന്റെ കൃതജ്ഞത ഞാൻ പ്രദർശിപ്പിക്കേണ്ടതു്. (തൊണ്ടയിടറി) പിന്നീടു സാധിക്കുമോ. എന്നു സംശയമാണു്. സല്പ്രകാരങ്ങൾകൊണ്ടു തുടിക്കുന്ന ഹൃദയങ്ങൾക്കു സമീപമാണു് ഈ മുദ്രകൾ പരിലസിക്കേണ്ടതു്. ദിവാകരപ്രഭോ! നിങ്ങൾ ഇതു സ്വീകരിക്കണേ.

നരേന്ദ്രൻ വേഗം മുദ്ര കൈയ്യിൽ വാങ്ങിച്ചു. മറേറമുദ്ര ശേഖരനും സമ്മാനിച്ചു. രാജാവു് ശ്രീരംഗപ്രഭുവിന്റെ വസ്ത്രങ്ങൾ ധരിച്ചു. എല്ലാവരും കുതിരകളെ മുമ്പോട്ടു പായിച്ചു. സൂര്യപ്രകാശം കണ്ടുതുടങ്ങി. വൃക്ഷങ്ങൾ നിബിഡമായി വളർന്നുനിന്ന ഒരു കുന്നിൻചരുവിലെ ആറടിപ്പാതവഴി കുതിരകൾ ഓടിക്കൊണ്ടിരുന്നു. പെട്ടെന്നു് ഒരു സംഘം പട്ടാളക്കാർ അവരുടെ മുമ്പിൽ ചാടിവീണു. “ചതിച്ചല്ലൊ. നമ്മുടെ കഥ അവസാനിച്ചു.” എന്നു രാജാവു വിളിച്ചുപറഞ്ഞു. “ഒരുത്തരെയും വിടരുതു് എല്ലാവരെയും പിടിച്ചുകൊള്ളുക.” എന്നുള്ള ആ സംഘാധിപന്റെ ആജ്ഞ ഉച്ചത്തിൽ കേൾക്കപ്പെട്ടു.” ആ ശബ്ദം കേട്ടപ്പോൾ നരേന്ദ്രൻ വിറച്ചു. “അതവൻ തന്നെ” എന്നു ശ്രീരംഗപ്രഭു അറിയാതെ പറഞ്ഞുപോയി.

ശേഖരൻ വാളും ചുഴററിക്കൊണ്ടു മുമ്പോട്ടു ചാടി. നരേന്ദ്രൻ അടുത്തവരെ അരിഞ്ഞുതുടങ്ങി. ഈ കാഴ്ച കണ്ടു രസിക്കവാനോ, ദുഃഖിക്കുവാനോ, സൂര്യഭഗവാൻ ഉദയഗിരിമുകളിൽ

ഉപവിഷ്ടനായിരുന്നു. "അതാ! മഹാരാജാവു്" എന്നു പറഞ്ഞുകൊണ്ടു പട്ടാളക്കാർ ശ്രീരംഗപ്രഭുവിനോടടുത്തു. "അതു മഹാരാജാവല്ലാ. അതെന്റെ ചിററപ്പൻ ശ്രീരംഗപ്രഭുവാണു്. അദ്ദേഹം എന്റെ ബന്ധുവാണു്." എന്നു പറഞ്ഞുകൊണ്ടു സംഘാധിപനായ മുരളീശൻ ജീവച്ഛവമായി കതിരപ്പുറത്തിരുന്ന പ്രഭുവിന്റെ കഴുത്തു ലക്ഷ്യമാക്കി ഒരു വെട്ടുകൊടുത്തു. "അവൻ പകരം വീട്ടി." എന്നു നിലവിളിച്ചുകൊണ്ടു താഴെ വീണ പ്രഭുവിനെ നരേന്ദ്രൻ കൈകളിൽ താങ്ങി.

"എന്റെ അമ്മയെ ഓർക്കുക" എന്നു മുരളീശൻ ഗർജ്ജിച്ചു. അപ്പോഴേക്കു രാജാവു ബന്ധനസ്ഥനായി നരേന്ദ്രനെയും ശേഖരനെയും ശത്രുക്കൾ വളഞ്ഞു ഞെരുക്കിത്തുടങ്ങി. "വേഗം കീഴടങ്ങിക്കൊള്ളുക." എന്നു മുരളീശൻ അട്ടഹസിച്ചു. "ജീവനോടെ സാധിക്കയില്ല" എന്നു നരേന്ദ്രനും ശേഖരനും മറുപടി പറഞ്ഞു.

"എന്നാൽ ചാകുക." അസംഖ്യം വാളുകൾ ആ ധീരന്മാരുടെ നേരെ ഉയർന്നു. അതിവേഗത്തിൽ ശത്രുമദ്ധ്യത്തിൽ നിന്നും ഒരുവൻ ചാടി ആളുകളെ തട്ടിയിട്ടു മുമ്പോട്ടുചെന്നു നരേന്ദ്രന്റെ വാളു തട്ടിപ്പറിച്ചുകൊണ്ടു് "എനിക്കു കീഴടങ്ങിക്കൊള്ളുക. അവമാനമില്ല." എന്നു മന്ത്രിച്ചു. ഭീമനെപ്പോലെ നീണ്ടുതടിച്ച ഒരുവൻ ശേഖരനെ കെട്ടിപ്പിടിച്ചുകൊണ്ടു "മതി നിർത്തു് കീഴടങ്ങണം." എന്നു പറഞ്ഞു ശേഖരനു് ആളു "മനസ്സിലായി. നരേന്ദ്രൻ അദ്ദേഹത്തിനെ പിടിച്ച ആളിനെ നോക്കി ആശ്ചര്യത്തോടെ "വിജ...." എന്നു മുഴുവൻ പറയുന്നതിനുമുമ്പു് അദ്ദേഹത്തിന്റെ വായു് വിജയൻ കൈകൊണ്ടു പൊത്തി.

"ഞാൻ കീഴടങ്ങിയിരിക്കുന്നു." എന്നു പറഞ്ഞുകൊണ്ടു നരേന്ദ്രൻ വാൾ വിജയനെ ഏല്പിച്ചു. ശേഖരൻ അദ്ദേഹത്തിന്റെ വാൾ ഉപേന്ദ്രനും കൊടുത്തു. "അവരെ കൊല്ലണം." എന്നു പറഞ്ഞുകൊണ്ടു് മുരളീശൻ ചീറി അടുത്തു. വിജയൻ അവനെ കൈകൊണ്ടു തടഞ്ഞുനിർത്തിപ്പറഞ്ഞു. "അവർ ഞങ്ങൾക്കു കീഴടങ്ങി, രക്തം കലർന്ന വിയർപ്പുതുള്ളികളെ ഒരു ചെറിയ തുവാലയിൽ തുടച്ചുകൊണ്ടു രാജാവു പ്രശാന്തഗംഭീരനായി നിന്നു.

മുരളീശൻ (ധാർഷ്ട്യത്തോടെ) വാൾ വേഗം താഴെക്കീഴടക്കണം.

രാജ—രാജത്വം കീഴ്പെടുന്നതല്ല. എന്നാൽ മനുഷ്യൻ ശക്തിക്കു കീഴ്പെടാതെ തരമില്ലല്ലോ എന്നു പറഞ്ഞുകൊണ്ടു വാൾ മുട്ടിന്മേൽ ചേർത്തുപിടിച്ചു രണ്ടായി ഒടിച്ചു. "ഇനിയും നിങ്ങൾക്കെന്നെ ഇരുമ്പഴിക്കുള്ളിലിട്ടുകൊണ്ടുപോകാം." പോകുന്നതിനു മുമ്പായി ആ രാജശ്രേഷ്ഠൻ വീണു കിടന്ന ശ്രീരംഗപ്രഭുവിനെ ഒന്നു നോക്കി.

മുരളീശൻ (പരിഹസിച്ചുകൊണ്ടു) "എന്തിനു നോക്കുന്നു. ഉണർന്നു ചരിക്കയില്ല."

ഈ സമയംകൊണ്ടു വിജയഭദ്രൻ നരേന്ദ്രശേഖരനോടു സംമന്ത്രിച്ചു. "ഞങ്ങൾക്കു മുഴുവൻ മനസ്സിലായി. നാം പരിചിതരെന്നു് ആംഗ്യംകൊണ്ടുപോലും അവനെ മനസ്സിലാക്കരുതു്. പ്രഭു മരിച്ചിട്ടില്ല. ആ ദുഷ്ടയുടെ ആത്മാവു് അന്നത്തെപ്പോൽ ആയിരം മടങ്ങു കഠിനതയിൽ, ആ യമകിങ്കരന്റെ ജഡത്തിൽ വസിക്കുന്നുണ്ടു്."

ബന്ധനസ്ഥനായ രാജാവിനെയും കൊണ്ടു കമ്മവീരന്റെ പാളയത്തിലേക്കു പടയാളികൾ നടന്നു.

---

## അദ്ധ്യായം ൩൰൨.

---

മുരളീശൻ (വിജയഭദ്രനോടു്) ഞാൻ കമ്മവീരന്റെ ഛാരത്തിലേക്കു പോകയാണു്. നിങ്ങൾ രണ്ടുപേരും എന്റെ കൂടെ വരുന്നുണ്ടോ?

വിജ—ഞങ്ങൾ ഞങ്ങളുടെ തടവുകാരെ ഒരു സ്ഥലത്തു കൊണ്ടുചെന്നു ഭദ്രമായി ഇരുത്തിയശേഷം വന്നുകൊള്ളാം.

മുര—എന്റെ ആളുകൾ അവരെ നോക്കിക്കൊള്ളും.

വിജ—അതുവേണ്ടാ! ഞങ്ങളുടെ തടവുകാരെ ഞങ്ങൾ തന്നെ കൊണ്ടുപോയ്ക്കൊള്ളാം.

മുരളീശൻ മാറിനിന്ന് അവൻെറ കീഴിലുള്ള ഒരു പട്ടാള ക്കാരനെ വിളിച്ച് മന്ത്രിച്ചു "നീയും കുറേപ്പേരും അവരുടെ ഗതി യെ സൂക്ഷിച്ചു അവരെ പിന്തുടർന്നുകൊള്ളണം. ഒരിക്കലും രക്ഷപെടാൻ അനുവദിക്കരുത്. ഞാൻ നമ്മുടെ അധിപനെ കണ്ടശേഷം ഉടൻ തിരിയെ വരും." മുരളീശൻ മന്ത്രിക്കുന്നതെ ന്തായിരിക്കുമെന്നു വിജയൻ ഊഹിച്ചുകഴിഞ്ഞു. വിജയനും ഉ പേന്ദ്രനും അവർക്കായി കർമ്മവീരൻ തയ്യാറാക്കിക്കൊടുത്തിട്ടുള്ള കൂടാരത്തിലേക്കു അവരുടെ തടവുകാരെ കൊണ്ടുപോയി. മുരളീ ശൻെറ വാഗ്ദത്തപ്രകാരം കുറെ പട്ടാളക്കാർ അവരെ അനുഗമി ച്ചു യാത്ര ചെയ്തു.

ജനപക്ഷനേതാവായ കർമ്മവീരൻ അദ്ദേഹത്തിൻെറ കൂടാ രത്തിനുള്ളിൽ എന്തോ എഴുതിക്കൊണ്ടിരുന്നു. പെട്ടെന്ന് ആഗ തനായ മുരളീശനെ കണ്ട് അദ്ദേഹം എഴുത്തുനിറുത്തി പേനാ മേശപ്പുറത്തുവെച്ച് "എന്താണു മുരളീശാ?" എന്നു ചോദിച്ചു.

മുരളീശൻ—രസലേശൻെറ സൈന്യനേതാവു പറഞ്ഞു നിശ്ചയിച്ചതുപോലെ, പണം പററിക്കൊണ്ടു രാജാവിനെ നമു ക്കു വിട്ടുതന്നു. അദ്ദേഹം ഒളിച്ചോടി പോകുന്നതിനു ശ്രമിച്ചെ ങ്കിലും സാധിച്ചില്ല. ബന്ധനസ്ഥനാക്കി ഞാൻ കൊണ്ടുവന്നിട്ടു ണ്ട്.

കർമ്മവീരൻെറ മുഖത്ത് അല്പംപോലും ഭാവപ്പകർച്ചയുണ്ടാ യില്ല. "മലകളിളകിലും മഹാജനാനാം മനമിളകാ" എന്നു പറ ഞ്ഞിരിക്കുന്നതു കർമ്മവീരൻെറ മാനസത്തെപ്പററിയാണ്.

കർമ്മവീരൻ—തടവുകാരനാക്കിയപ്പോൾ അദ്ദേഹത്തിൻെറ മുഖഭാവം എന്തായിരുന്നു?

മുരളീശൻ പറയുവാൻ മടിച്ചു: എങ്കിലും സത്യം സാശ ങ്കിയാൽ വെളിയിൽവന്നു.

"പ്രൗഢതയും ശാന്തതയും അദ്ദേഹത്തിൽ വിളങ്ങി."

"അദ്ദേഹം ആർക്കാണു വാളുകൊടുത്തു കീഴടങ്ങിയത്?"

"അദ്ദേഹം ആരുടെ കൈയിലും കൊടുക്കാതെ വാളൊടി ച്ചുകളഞ്ഞു."

"ശേഷ്, എങ്കിലും കുറേക്കൂടി ഫലപ്രദമായി ഉപയോഗി ക്കാമായിരുന്നു. അദ്ദേഹത്തിനു സഹായികളായി ആരുമില്ലായി രുന്നോ?"

"രണ്ടു പാണ്ഡ്യദേശക്കാരുണ്ടായിരുന്നു; അവരെ തടവുകാരാക്കിയിട്ടുണ്ടു്." ശ്രീരംഗപ്രഭു കൊല്ലപ്പെട്ടു.

"നിങ്ങളുടെ ചിററപ്പനോ?"

"അതെ"

"ആരാണു് കൊന്നതു്?"

"ഞാൻ തന്നെ. രാജദ്രോഹികളുമായി എനിക്കു ബന്ധമില്ല."

കർമ്മവീരൻ മുരളീശനെ ഒന്നു നോക്കി. ആ യുവാവിന്റെ മുഖത്തെ ശൌര്യം കണ്ടിട്ടു വിചാരിച്ചു. "ഇവൻ കഠിനനാണു്. ഇവന്റെ കോപത്തിനു പാത്രീഭവിക്കുന്നവൻ യമലോകത്തേക്കു പോകുവാൻ ഒരുങ്ങിക്കൊണ്ടിരുന്നാൽ മതി."

(പ്രകാശം) "നീ നിന്റെ കൃത്യം ശരിയായി നിർവഹിച്ചതിനാൽ ഞാൻ സന്തോഷിക്കുന്നു. രാജാവിനെ എന്തു ചെയ്യണമെന്നുള്ളതു ജനങ്ങളോടു ആലോചിച്ചിട്ടു തീർച്ചപ്പെടുത്തിക്കൊള്ളാം; നിനക്കു പോകാം."

"എനിക്കൊരപേക്ഷയുണ്ടു്."

"എന്തു?"

"ഞാൻ അങ്ങയെ വിശ്വസ്തതയോടെ സേവിക്കേണ്ടതാണെന്നു പൂർണ്ണബോധമുണ്ടല്ലോ."

"ഉണ്ടു."

"എന്നാൽ അവിടുന്നു എന്തു പ്രതിഫലമാണു് എനിക്കു തരുവാൻ പോകുന്നതു്?"

"നിനക്കെന്തുവേണം? ധനമോ സ്ഥാനമാനങ്ങളോ വേണമെങ്കിൽ ചോദിച്ചുകൊള്ളുക."

"അങ്ങനെയുള്ള യാതൊന്നും വേണ്ട."

"പിന്നെയെന്തുവേണം."

"രാജാവിന്റെ കൂട്ടുകാരായിരുന്ന രണ്ടു പാണ്ഡ്യരെ തടവുകാരായി പിടിച്ചിട്ടുണ്ടു്. അവരെ തന്നാൽ മതി.

കർമ്മവീരൻ—(ആത്മഗതം) ഇവൻ പിശാചാണു്. എന്തോ പ്രതിക്രിയക്കുള്ള ഒരുക്കമായിരിക്കും. വല്ലതുമാകട്ടെ. (പ്രകാശം) അവരെ തന്നിരിക്കുന്നു. നിന്റെ ഇഷ്ടംപോലെ ചെയ്തുകൊള്ളുക.

മുരളീശൻ ആനന്ദതുന്ദിലനായി അവിടെനിന്നിറങ്ങി.

വിജയനും ഉപേന്ദ്രനും അവരുടെ തടവുകാരായ നരേന്ദ്രനെയും ശേഖരനെയുംകൊണ്ടു കൂടാരത്തിൽ പ്രവേശിച്ചു.

വിജ—കാര്യങ്ങൾ പറയാൻ ധൃതിയായി. ഞാനും ഉപേന്ദ്രനും എങ്ങനെ ഇവിടെ എത്തിയെന്ന നിങ്ങൾ അത്ഭുതപ്പെടുന്നുണ്ടായിരിക്കും. ഞങ്ങൾ സ്വാമിയാരുടെ നിദേശപ്രകാരം കർമ്മവീരൻെറ അടുക്കൽ നിന്നുവന്നതാണ്.

നരേ—നിങ്ങൾ മുരളീശൻെറകൂടെയായിരുന്നതെങ്ങനെ. അവനോടകൂടരുതെന്ന ഞാൻ എഴുതിയിരുന്നല്ലോ.

ശേഖ—അവനെ ഞെക്കിക്കൊല്ലണമെന്ന ഞാൻ എഴുതിയിരുന്നല്ലോ.

വിജ—എന്തു ചെയ്യാം. ഞങ്ങളുടെ കഷ്ടകാലംകൊണ്ടുവന്നതിന്ന കർമ്മവീരൻ അവനെയാണ് അധികാരപ്പെടുത്തിയിരുന്നത്. അവനെ അനുസരിച്ചുകൊള്ളണമെന്ന സ്വാമിയാരും ശട്ടം കെട്ടിയിരുന്നു. വിധിവിഹിതം തടയുവാൻ നിവൃത്തിയില്ല.

നരേ—എന്നെ ദുഃഖിപ്പിക്കുന്നതതൊന്നുമല്ല. മഹാരാജാവിനെ അവമാനിച്ചു പിടിച്ചുകൊല്ലുവാൻ കൊണ്ടുപോയിരിക്കുന്ന സംഘത്തിൽ നിങ്ങളെ കണ്ടതാണ് എൻെറ മർമ്മത്തെ ഭേദിക്കുന്നതു.

വിജ—ഞങ്ങൾക്ക രാജാവിൻെറ കാര്യമറിഞ്ഞിട്ടാവശ്യമുണ്ടോ. ഞങ്ങൾ സ്വാമിയാരുടെ ശമ്പളത്തിലാണ്. അധികാരിയെ അനുസരിക്കാതിരിക്കാൻ തരമില്ല.

നരേ—ശരിതന്നെ. എങ്കിലും നിങ്ങളുടെ പേരിന്ന കളങ്കം വരത്തക്ക ഒരു സ്ഥിതിയിലേക്കാണല്ലൊ ആ സ്വാമിയാർ നിങ്ങളെ അയച്ചതു നിങ്ങൾ വരാതിരുന്നെങ്കിൽ, എത്ര ഭാഗ്യമായിരുന്നു ഞങ്ങൾ രാജാവിൻെറ കൂടെപരലോകത്തേക്ക പോകുമായിരുന്നു അരിഷ്ടതയിലാണ്ടുകിടക്കുന്ന രാജ്ഞിയുടെ കണ്ണുനീർപ്രവാഹമാണ ഞങ്ങളെ ഇവിടെക്കയച്ചതു? രാജാവിനെ പല അപത്തുകളിൽ കഴിയുംവണ്ണം സഹായിച്ച് രാജ്ഞയോടുള്ള വാഗ്ദാനത്തെ നിറവേററി. സ്വന്തപ്രജകൾദ്രോഹിക്കപ്പെട്ടു മഹാരാജാവിനെ രക്ഷാസ്ഥാനത്തേക്ക കൊണ്ടുപോകുമ്പോഴാണ നിങ്ങൾക്കൂടെച്ചേർന്നൊട്ട സംഘം ഞങ്ങളെ വളഞ്ഞതു്

വിജ—ഞങ്ങൾ രാജാവിനെയോ, രാജ്ഞിയെയോ അറിയുമോ? പിന്നെ ഞങ്ങൾ എന്തു ചെയ്തുവെന്നാണ പറയുന്നതു്.

നരേ—ശരി. ധീരന്മാരിൽ അഗ്രേസരനായ വിജയന്മാരേ! ഒരിക്കലും ദുർന്നിണം പുരണ്ടിട്ടില്ലാത്ത വാൾ വഹിക്കുന്ന വിജയന്മാരേ. നിസ്സഹായന്മാരെ സഹായിക്കുന്നതിൽ ഉദ്യുക്തനാകുന്ന വിജയന്മാരേ! ഇന്നു് പ്രജകളാൽ വഞ്ചിക്കപ്പെട്ടു യാതൊരു സഹായവുമില്ലാതെ മരിക്കുന്നതിനു തയ്യാറെങ്കിലും ഭാര്യയെയും കുഞ്ഞുങ്ങളെയും ഓർത്തു പ്രാണരക്ഷാർത്ഥം ഓടിയ ഒരു രാജശ്രേഷ്ഠനെയാണു നിങ്ങൾ ബന്ധനസ്ഥനാക്കിയതു്. കരയുന്നവരുടെ കൂടെ കരയുന്ന ഉപേന്ദ്രാ! അശക്തർക്കു് അഭയം കൊടുക്കുന്ന ഉപേന്ദ്രാ! അക്രമികളെ അമർച്ച ചെയ്യുന്ന നിങ്ങളുടെ കൈകൾകൊണ്ടു് ഇന്നു് അക്രമികളെ നിങ്ങൾ സഹായിക്കയായിരുന്നു.

ഉപേ—ഞാൻ ഈ കൈകൾകൊണ്ടു് ആ മുരളീശന്റെ കഴുത്തു പിരിച്ചൊടിക്കുമായിരുന്നു. വിജയൻ സമ്മതിച്ചില്ല.

വിജയൻ മിണ്ടാതെ നിന്നു.

നരേന്ദ്ര—സ്നേഹിതരേ ഞാനും ശേഖരനും നിങ്ങളുടെ തടവുകാരാണു്. നിങ്ങളുടെ ഇഷ്ടംപോലെ ഞങ്ങളോടു ചെയ്യുക.

വിജ—നരേന്ദ്രർ എന്താണിങ്ങനെ പറയുന്നതു്. ഞങ്ങൾ എന്തു ചെയ്യണമെന്നാണു വിചാരിക്കുന്നതു്?

നരേ—നിങ്ങൾ ഒന്നും ചെയ്യുകയില്ല. കർമ്മവീരന്റെ ആളുകൾ ഇപ്പോൾ വന്നു ഞങ്ങളെ കൊണ്ടുപൊയ്ക്കൊള്ളും."

വിജ—എന്നിൽ ഒരു തുള്ളി രക്തം ശേഷിപ്പുണ്ടെങ്കിൽ നിങ്ങളെ ഒരുത്തരും തൊടുകയില്ല.

നരേ—അതാ വരുന്നു. ഇപ്പോൾ അറിയാമല്ലോ.

വിജയൻ (പതുക്കെ മന്ത്രിച്ചു.) നമ്മൾ തമ്മിൽ അറിയുന്ന ലക്ഷണം കാണിക്കരുതു്.

മുരളീശൻ അവരുടെ സമീപെ എത്തി.

മുരളീശൻ (വിജയന്മാരോടു്) ഞാൻ തടവുകാരെ എന്റെ കൂടാരത്തിൽ കൊണ്ടുപോകയാണു്.

വിജ—എന്തിനു്? ഞാൻ ചോദിക്കുന്നതുകൊണ്ടു് പരിഭവിക്കരുതു്. അവരെ ഞങ്ങളല്ലേ പിടിച്ചതു.

മുരളീ—അതുകൊണ്ടു് എന്റെ ഇഷ്ടംപോലെ എന്തും ചെയ്യുന്നതിനു് സൈന്യാധിപതി ഉത്തരവായിരിക്കുന്നു.

വിജയൻെറ ഞരമ്പുകളിൽ ക്രൂടി രക്തം പാഞ്ഞു. അ ഴുവാവിൻെറ കഠിനമായ പ്രതിക്രിയോദ്യമം മനസ്സിലായി. അയാളുടെ കൈകൾ തരിച്ചു. ഉപേന്ദ്രൻ ഏഴാമനായു വിജയൻെറ ഔദാര്യത്തിനായി മാത്രം നോക്കിനിന്നു.

വിജ—(ആത്മഗതം) വിജയരംഗാ ഠ തരം കാമിനികൾക്കു അക്രമത്തിനൊരുമ്പെട്ടാൽ അബദ്ധമാണ് കലാശം. കൂടുതൽ ശക്തിയും സൂത്രവുമാണ് ഇവർ പ്രയോഗിക്കുന്നതു്.

തിളച്ചുവന്ന കോപം അടക്കിക്കൊണ്ടു് വിജയൻ വിനീതനായി പറഞ്ഞു "എൻെറ മുരളീശ ഇതാദ്യം പറയാമായിരുന്നല്ലോ. ഈ സർവാധിപതിയായി കർമ്മവീരൻെറ ഉത്തരവിനാരെങ്കിൽ പറയൂ. ഉത്തരവുണ്ടെങ്കിൽ ഉടൻ അവരെ കൊണ്ടുപോകാമല്ലോ.

മുരളീശൻ സന്തുഷ്ടനായി തടവുകാരുടെ നേരെ തിരിഞ്ഞു. ഉപേന്ദ്രൻ ഇടിവെട്ടേററതുപോലെ നിന്നുകൊണ്ടു് വിജയനെ നോക്കി എന്തോ പറയാൻ ഭാവിച്ചു. വേഗം ഉപേന്ദ്രനെ കണ്ണുകാണിച്ചിട്ടു വിജയൻ മുരളീശനെ തടഞ്ഞിട്ടു പറഞ്ഞു "സ്നേഹിതാ വരട്ടെ കർമ്മവീരൻെറ ഉത്തരവെവിടെ?

മുരളീ—അദ്ദേഹം വാക്കാ തരികയായിരുന്നു.

വിജ—ഹെയ് അതു മോശം. ഞാൻ നിങ്ങളെ അവിശ്വസിക്കയല്ല. എങ്കിലും വല്ലവരും പറഞ്ഞാൽ ഞങ്ങളെ അധിക്ഷേപിക്കും. ഞങ്ങൾ അനേകം യുദ്ധങ്ങളിൽ പങ്കുകൊണ്ടിട്ടുള്ളവരാണ്. കർമ്മവീരൻെറ എഴുത്തായിട്ടു ഒരു രേഖ കിട്ടേണം. അദ്ദേഹത്തിൻെറ അധികാരത്തെ ലംഘിക്കുവാൻ ആരുക്കു ധൈര്യപ്പെടും.

മുരളീശൻ വിഷമിച്ചു. അവർ പറയുന്നതിൽ അല്പം വാസ്തവമുണ്ടെന്നു നിരൂപിച്ചുകൊണ്ടു പറഞ്ഞു "കർമ്മവീരൻെറ ഉത്തരവു മേടിച്ചുതരാം. ഇപ്പോൾ ഞാൻ ഇവരെയു കൊണ്ടുപോകട്ടെ."

വിജ—അതു പാടില്ല എല്ലാം ന്യായമായി നടക്കണം. കൂടിയാൽ കാൽ മണിക്കൂർ കൊണ്ടു് കർമ്മവീരൻെറ ഉത്തരവും കൊണ്ടുവരാമല്ലോ.

മുരളീ—എനിക്കു വേണമെങ്കിൽ അധികാരം പ്രയോഗിച്ചു ഇവരെ കൊണ്ടുപോകുവാൻ സാധിക്കുമെങ്കിലും.

വിജയൻ (ചിരിച്ചുകൊണ്ടു്) എന്തിനതൊക്കെ പറയുന്നു. നാം ഒരുമിച്ചു കപ്പൽയാത്ര ചെയ്തിട്ടും ഞങ്ങളെ നിങ്ങൾ അറി

യുന്നില്ല. ഇതാ (ഉപേന്ദ്രനെ ചൂണ്ടിക്കാണിച്ചുകൊണ്ട്) ഇവിടെ നിൽക്കുന്ന അജ്ഞാനബാഹുല്യമുണ്ടല്ലോ. അയാളെ പിണക്കിയാൽ നിങ്ങളേയും നിങ്ങളുടെ വെളിയിൽ നിൽക്കുന്ന പട്ടാളക്കാരെയും അയാൾ ക്ഷണമാത്രകൊണ്ട് സംഹരിക്കും. അതൊന്നും പോകട്ടെ എന്റെ ചെങ്ങാതി പോയി കർമ്മവീരന്റെ ഒരു ചെറിയ കുറിപ്പ് കൊണ്ടുവന്നാൽ മതി.

എന്നാൽ ഇതാ വന്നുകഴിഞ്ഞു എന്നു പറഞ്ഞു മുരളീശൻ വെളിയിലിറങ്ങി കുതിരപ്പുറത്തു കയറി ഓടിച്ചുപോയി.

വിജയനിനിയും എന്തു ചെയ്യുവാൻ പോകയായിരിക്കുമെന്ന് സംശയിച്ചു സ്നേഹിതന്മാർ നിശ്ചലരായി നിന്നു. വിജയന്റെ മുഖത്തെ വെളിച്ചം കണ്ടപ്പോൾ എന്തോ ഉപായം കണ്ടുപിടിച്ചിട്ടുണ്ടെന്ന് അവർക്കു മനസ്സിലായി.

വിജയൻ—ജയന്താ! എന്നു വിളിച്ചു.

ജയന്തൻ ഓടിവന്നു.

വിജ—നീ എന്തു ചെയ്യുകയായിരുന്നു?

ജയന്തൻ നമ്മുടെ യാത്രാവിവരമെല്ലാം ശാന്തന്റെ ചെവിയിൽ മന്ത്രിച്ചുകൊണ്ട് കുതിരകളുടെ അടുക്കൽ നിൽക്കുകയായിരുന്നു.

വിജ—ഭേഷ്—എന്നാൽ കണ്ടുകൊള്ളുക എന്നു പറഞ്ഞുകൊണ്ടു തീപ്പെട്ടി ഉരച്ച് കൂടാരത്തിനു തീ കൊളുത്തി. "ശാന്തം വെളിയിലിറങ്ങി തീ പിടിച്ചെന്ന് അലച്ചു നിലവിളിക്കുക. അതു കഴിഞ്ഞ്, ഞങ്ങൾ ചെയ്യുന്നതുപോലെ നീയും ചെയ്യണം. നരേന്ദ്രാ, ശേഖരാ—ഉപേന്ദ്രാ, തീ കെടുത്തുവാനായി പട്ടാളക്കാർ ഓടി അകത്തുവരും. "മുമ്പോട്ട്" എന്നു ഞാൻ പറയുമ്പോഴേക്ക് എല്ലാവരും കുതിരപ്പുറത്തായിരിക്കണം. ഇതിനിടെ ഒരു നിമിഷംപോലും താമസിക്കാൻ പാടില്ല. അഗ്നി പെട്ടെന്നു വ്യാപിച്ചു. ജയന്തൻ വെളിക്കു ചാടി. "ഓടിവരണേ, തീ പിടിച്ചേ" എന്ന് അലച്ചു നിലവിളിച്ചു. പട്ടാളക്കാർ അവരുടെ ആയുധങ്ങളെല്ലാം നിലത്തിട്ടിട്ട്, കൂടാരത്തിലോടിക്കയറി തീ കെടുത്തുന്നതിൽ ബദ്ധപ്പെട്ടു. വിജയനും കൂട്ടുകാരും ആ ഭാവം കാണിച്ചശേഷം "മുമ്പോട്ട്" എന്നുച്ചത്തിൽ പറഞ്ഞു. നാലുപേരും അവരുടെ ഭൃത്യന്മാരും മിന്നൽ വേഗത്തിൽ വെളിയിലേക്കു പാഞ്ഞു. അരനിമിഷംകൊണ്ടു

കുതിരപ്പുറത്തു കയറി, കൊടുംകാററുവേഗത്തിൽ അവിടെ നിന്നു മറഞ്ഞു.

പട്ടാളക്കാർ, തങ്ങൾക്കു പററിയ അബദ്ധം മനസ്സിലാക്കി നിർജ്ജീവരായിത്തീർന്നു. മുരളീശൻ ഒരു കീറുകമലാസ്യമായി പാഞ്ഞെത്തി.

"ഇതെന്തു? അവരെവിടെ?" എന്നു ചോദിച്ചു.

പട്ടാളയുദ്യോഗസ്ഥൻ മറുപടി പറയാൻ പാടില്ലാതെ തുറന്നുകിടന്ന വാതിലും ശൂന്യമായ മുറിയും കാണിച്ചുകൊടുത്തു. മുരളീശന് കാര്യം മനസ്സിലായി.

ചതിച്ചല്ലോ എന്നു നിലവിളിച്ചുകൊണ്ടു ബോധരഹിതനായി നിലം പതിച്ചു.

## അദ്ധ്യായം ൩൨.

ശീഘ്രഗതിയിൽ പാഞ്ഞുപോയ അശ്വാരൂഢർ, പത്തഞ്ചു മൈലോളം ദൂരം ചെന്നപ്പോൾ, അവരുടെ കുതിരകളുടെ ശക്തി ക്രമേണ ക്ഷയിക്കുന്നതു മനസ്സിലാക്കി ഒരു വിശ്രമസ്ഥലം അന്വേഷിച്ചു. കാടുകൾ തിങ്ങിവളർന്ന ഒരു വിജനപ്രദേശത്തെത്തിയപ്പോൾ നരേന്ദ്രൻ പറഞ്ഞു, "നമുക്കു ഈ വനത്തിനുള്ളിലേക്കു കുതിരകളെ നടത്താം. നമുക്കും കുതിരകൾക്കും വിശ്രമം അത്യാവശ്യമാണ്." ശാന്തനെയും ജയന്തനെയും വനത്തിനരികിൽ കാവൽ നിർത്തിയിട്ട്, യജമാനന്മാരായ നാലുപേരും, വനത്തിനുള്ളിൽ കടന്നു തെളിഞ്ഞ ഒരു പുൽമാലിയിൽ ഇരുന്നു.

നരേ—വിജയാ, നിന്റെ ബൊരൊനാശ്ലേഷികളെ നീ ഞങ്ങളെ രക്ഷിച്ചു. ഞങ്ങളുടെ കൂട്ടത്തിൽ പരാക്രമി നീ തന്നെ.

ശേഖ—നരേന്ദ്രൻ പറഞ്ഞതു ശരിയാണ്. എന്റെ വിജയാ, ആപൽസമയങ്ങളിലാണു തന്നെ ഞങ്ങൾ ശരിയായി മ

നസ്സിലാക്കുന്നതു്. കുശാഗ്രബുദ്ധി, പിഴക്കാത്ത കണ്ണു്, ഉരുക്കുകൊണ്ടുള്ള കയ്യു്, ജ്വലിക്കുന്ന ആത്മാവു്.

വിജ—ഉപചാരവാക്കുകൾ മതി. ഇനിയും നമ്മൾ ചെയ്യേണ്ടതെന്തെന്നു പറയൂ.

നരേ—കേൾക്കട്ടെ.

വിജ—അടുത്ത തുറമുഖത്തെത്തി, ആദ്യത്തെ കപ്പലിൽ നമ്മുടെ നാട്ടിലേക്കു പോകണം. ജീവൻ വേണമെങ്കിൽ ഈ മണ്ണിൽ നിമിഷംപോലും താമസിക്കാൻ പാടില്ല.

ഉപേ—വാസ്തവമാണു് ഇത്രവഞ്ചകന്മാരെക്കൊണ്ടു് നിറഞ്ഞ ഒരു നാടു ഭൂമുഖത്തു് മറ്റെങ്ങുമില്ല. ചത്താലും തരക്കേടില്ല. നമ്മുടെ നാട്ടിൽ കിടന്നാൽമതി.

നരേന്ദ്രൻ ശേഖരനെ ഒന്നു നോക്കി നെടുവീർപ്പിട്ടു ശേഷം "സ്നേഹിതരെ നിങ്ങൾക്കു രണ്ടുപേർക്കും പോകാം. ഞങ്ങൾ ഇവിടെ താമസിക്കുകയാണു്."

ഇതുകേട്ടു വിജയൻ അമ്പരന്നു ചോദിച്ചു. "നിങ്ങൾ ഇവിടെ താമസിക്കുകയോ? എന്റെ ഈശ്വരാ ഇവരുടെ തലക്കു ഭ്രാന്തു പിടിച്ചോ?"

നരേ....നിങ്ങൾ വന്ന കാര്യം സാധിച്ചു ഞങ്ങളുടെ കൃത്യം പൂർത്തിയായില്ല.

വിജ—ഇനിയും എന്തു ചെയ്യാനാണു്?

നരേ—ഞങ്ങൾ രസലേശ മഹാരാജാവിനെ സഹായിക്കുവാനാണു വന്നതു്. അതുമുഴുവനായില്ല. ഇനിയും അദ്ദേഹത്തെ രക്ഷപ്പെടുത്തുവാൻ വല്ല മാർഗ്ഗവുമുണ്ടോ എന്നു നോക്കണം.

വിജ—(ഈർഷ്യയോടെ) എന്തു ഗ്രഹപ്പിഴയാണു്. രാജാവിനെ ആരുടെ കൈയിലാണു കിട്ടിയിരിക്കുന്നതെന്നറിയാമോ? അസ്സൽ കശാപ്പുകാരന്റെ കൈയിലാണു്. അവിടെ നമുക്കെത്തിനോക്കുവാൻ സാധിക്കുമെന്നു വിചാരിക്കേണ്ട. അവർ നിശ്ചയമായും രാജാവിനെ വധിക്കും.

നരേ—അതുകൊണ്ടാണു രാജാവിനെ രക്ഷപ്പെടുത്തുവാൻ ശ്രമിക്കണമെന്നു പറയുന്നതു്.

വിജ—നരേന്ദ്രാ! ഭ്രാന്തു പറയാതെ

നരേ—ഭ്രാന്തല്ല. രസലേശന്റെ രാജ്ഞിക്കു ഞങ്ങൾ വാക്കുകൊടുത്തുപോയി. ഞങ്ങളുടെ ശക്തിയും ബുദ്ധിയും ജീവനും അവർക്കായി സമർപ്പിച്ചുപോയി. ശേഖരൻ എന്തുപറയുന്നു.

ശേഖ—ഞങ്ങൾ വാഗ്ദാനം ചെയ്തുപോയി. പിൻമാറാൻ തരമില്ല.

വിജ—കർമ്മവീരന്റെ ഒരു ലക്ഷത്തിൽ കുറയാത്ത സൈന്യത്തെ സംഹരിച്ചിട്ട് ബന്ധനസ്ഥനായ രാജാവിനെ വിമുക്തനാക്കാമെന്നു നിങ്ങൾ സമ്മതിച്ചിട്ടുണ്ടോ? അജയ്യനായ കർമ്മവീരനെ തോല്പിക്കാമെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ? കർമ്മവീരനെ നിങ്ങൾ അറിയുകയില്ല. ബുദ്ധിശക്തിയിലും യുദ്ധപരാക്രമത്തിലും നമ്മുടെ സ്വാമിയവർ പോലും ഇപ്പോഴത്തെ പൊട്ടസ്വാമിമാരും—സിംഹരുദ്രൻ അദ്ദേഹംപോലും ഇത്രത്തോളം സമർത്ഥനല്ല. നിങ്ങളുടെ തലക്കു എന്തുകൊണ്ടാണ് കൊണ്ടിരിക്കുന്നതെന്നു മനസ്സിലാകുന്നില്ല. ഉപേന്ദ്രൻ എന്തു പറയുന്നു?

ഉപേ—ഈ നശിച്ച കുരുക്കിൽ നിന്നു തല വലിച്ചുകൊണ്ടുപോകാൻ ഒക്കുകയില്ലെന്നു തോന്നുന്നു.

വിജ—എന്റെ നരേന്ദ്ര! നിങ്ങളുടെ കൃത്യം സ്തുത്യർഹമാംവണ്ണം നിങ്ങൾ നിർവഹിച്ചു. വല്ലതും സാധിക്കാതെവന്നെങ്കിൽ ഈശ്വരഹിതം മറിച്ചായതുകൊണ്ടാണ്. നമുക്കു നമ്മുടെ നാട്ടിൽ പോകാം.

നരേ—വിജയാ, എന്റെ സ്നേഹിതാ! ഞങ്ങളുടെ നിശ്ചയത്തെ ഇളക്കുവാൻ പാടില്ല.

വിജയൻ കോപംകൊണ്ടു തന്നെത്താൻ തലയ്ക്കടിച്ചിട്ട് കഴിയുംവിധം ന്യായങ്ങൾ പറഞ്ഞുനോക്കി. അസഹ്യതയും സന്താപവും സമ്മിശ്രമായി പ്രതിഫലിക്കുന്ന കണ്ണുകൾകൊണ്ടു വിജയനെ ഒന്നു നോക്കി നരേന്ദ്രനൊരു പുഞ്ചിരിയിടുകമാത്രം ചെയ്തു.

വിജ—ഈ കള്ളക്കാപ്പിരികളുടെ രാജ്യത്തു ചത്തുവീഴണമെന്നായിരിക്കും ദൈവഹിതം. അങ്ങനെ തന്നെ നടക്കട്ടെ. ഉപേന്ദ്രാ, ഇവരുടെകൂടെ നമ്മളും ഇറങ്ങട്ടെ.

നരേ—വിജയാ, ഉപേന്ദ്രാ, നിങ്ങൾ പൊയ്ക്കൊള്ളുക. നിങ്ങൾ ഉയർന്നുവരേണ്ടവരാണ്.

വിജ—ഞങ്ങളുടെ ഉയർച്ച സ്വർഗ്ഗത്തിലേക്കെന്നു ഞങ്ങൾ തീർച്ചപ്പെടുത്തിയിരിക്കുന്നു. നരേന്ദ്രാ! എന്റെ ജീവൻ അങ്ങയെ ഭരമേല്പിച്ചിരിക്കുന്നു. അങ്ങയെ വിട്ടു നാട്ടിലേക്കു പോകയില്ലെന്നു ഞാൻ സത്യം ചെയ്യുന്നു.

ഉപേ—ഞാനും.

ഒരു തുള്ളി കണ്ണുനീർ നരേന്ദ്രന്റെ കണ്ണിൽനിന്നും താഴെ വീണു. വിജയനും ആ മഹാനുഭാവൻ ഗാഢാശ്ലേഷം ചെയ്തു.

അവർ നാലുപേരും, വേഷപ്രച്ഛന്നരായി സിംഹളദ്വീപിൽ താമസിച്ചുകൊണ്ടു രാജാവിനെ ബന്ധനവിമുക്തനാക്കുന്നതിനു പല പ്രാവശ്യം ശ്രമിച്ചിട്ടും യാതൊരു ഫലവുമുണ്ടായില്ല. വിജയന്റെ ബുദ്ധിശക്തി മുഴുവൻ പ്രയോഗിച്ചിട്ടും കുശാഗ്രബുദ്ധിയായ കർമ്മവീരന്റെ കരതലത്തിൽനിന്നു രക്ഷിക്കുവാൻ സാധിച്ചില്ല. അതേസമയം തന്നെ അവിടത്തെ മർദ്ദനരായ രാജസേവകന്മാരെക്കൊണ്ടു, ചാണക്യവിദ്യയിലൂടെ ഗതിയെ അറിഞ്ഞു അവരെ പിടികൂടുന്നതിനു കർമ്മവീരൻ ചെയ്ത ഏർപ്പാടുകളെല്ലാം വിജയന്റെ സൂക്ഷ്മതയാൽ തോൽവിയിൽ പരിണമിക്കയും ചെയ്തു. കൊലനിലത്തിലേക്കു കൊണ്ടുപോയ മഹാരാജാവിനെ അനുഗമിച്ച ജനക്കൂട്ടത്തിന്റെ ഇടയിൽ, കൂലിവേലക്കാരുടെ വേഷം ധരിച്ചു നടക്കുന്നതിനു, വിജയചന്ദ്രനും കൂട്ടുകാർക്കും ധൈര്യമുണ്ടായി. അത്യാസന്നമായ രാജശ്രേഷ്ഠനായ രാജശേഖരന്റെ മുഖത്തു വിളങ്ങിയ ദിവ്യപ്രകാശം കണ്ടു ശത്രുക്കൾ അത്ഭുതചിത്തരായി. രാജാവിന്റെ കഴുത്തിനു കോടാലി വന്നപ്പോൾ നരേന്ദ്രൻ ശക്തിഹീനനായി മുഖം പൊത്തിപ്പിടിച്ചുകൊണ്ടു നിലത്തിരുന്നു. ശേഖരൻ വളരെ പ്രയാസപ്പെട്ടു അദ്ദേഹത്തെ എഴുന്നേൽപ്പിച്ചപ്പോൾ അദ്ദേഹം കണ്ണീർവർഷം ചെയ്തുകൊണ്ടു പറഞ്ഞു: "എന്റെ ശേഖരാ, നമ്മൾ എങ്ങനെയാണ് ഈ കഠോരമായ വാർത്ത രാജ്ഞിയുടെ ചെവിയിൽ കൊടുക്കുന്നതു്." നരേന്ദ്രന്റെ ആവശ്യപ്രകാരം ശേഖരൻ ഒരു തൂവാല രക്തസിക്തമായി മരിച്ച രാജാവിന്റെ രക്തത്തിൽ നനച്ചുകൊണ്ടുവന്നു. രണ്ടുപേരും അവർ രഹസ്യമായി താമസിക്കുന്ന സത്രത്തിൽ ചെന്നുകയറി.

നര—വിജയനും ഉപേന്ദ്രനും എവിടെയായിരിക്കുമോ? നമ്മൾ രണ്ടുപേരും നാട്ടിൽനിന്നു തിരിച്ചതുമുതൽ ഗ്രഹപ്പിഴയാണ്.

"നമ്മൾ പോകാതിരിക്കുന്നതു അത്ഭുതം" എന്നു പറഞ്ഞുകൊണ്ടു ഉപേന്ദ്രൻ വന്നുകയറി.

നരേ—ഉപേന്ദ്രനെന്താണിത്ര താമസിച്ചതു്.

ഉപേ—ഞാനിങ്ങോട്ടുവരുംവഴി, രാജാവിനെ വധിച്ച സന്തോഷംകൊണ്ടു് വഴിയിൽ ചില ആളുകൾ നൃത്തം ചെയ്യുന്നതു കണ്ടപ്പോൾ എനിക്കു കോപംകൊണ്ടു ഭ്രാന്തുപിടിച്ചു. ഒരുത്തന്റെ കഴുത്തിനു് ഒരു ഞെക്കുകൊടുത്തു് ഒരു വശത്തേക്കുന്തി. ഉടനെ ഒരു പോലീസ്സുകാരൻവന്നെത്തി. തള്ളുകൊണ്ടു വന്ന ആ നേരത്തേക്കു ഒന്നും പറയാൻ പാടില്ലാതിരുന്നതു് എന്റെ ഭാഗ്യമായി. ഞാൻ ഒരു വിധത്തിൽ അവിടെനിന്നു് രക്ഷപെട്ടെന്നു പറഞ്ഞാൽ മതിയല്ലോ.

ശേഖ—വിജയനെവിടെ? ഇനിയും വല്ലവരുമായി വഴക്കുണ്ടാക്കി നിൽക്കയാണോ?

ഉപേ—"ജനക്കൂട്ടത്തിൽവച്ചു ഞങ്ങൾ വേർപെട്ടുപോയി. പിന്നീടു ഞാൻ കണ്ടില്ല. നേരം ഇരുട്ടിയതുകൊണ്ടു് ഇപ്പോൾ എവിടെ അന്വേഷിക്കുവാനാണു്.

നരേ—"വിജയൻ ജനക്കൂട്ടത്തിന്റെ മുന്നണിയിൽ നിൽക്കുന്നതു ഞാൻ കണ്ടു. ആരാച്ചാരുടെ മുഖത്തുനിന്നു് കണ്ണു മാറാതെ നിൽക്കുന്നതായിട്ടാണു ഞാൻ കണ്ടതു്.

അപ്പോൾവിജയൻ വന്നു കയറി.

നരേ—വിജയാ നമുക്കിനിയും ഈ നാടു വിടാം. നമ്മൾ ഏർപ്പാടു ചെയ്തിരിക്കുന്ന കപ്പൽ, തുറമുഖത്തു തയാറായി കിടക്കയായിരിക്കും.

വിജ—ഈ പ്രാവശ്യം എനിക്കല്ല. താമസമുണ്ടു്. ആ ആരാച്ചാർ, അവനാരെന്നു് എനിക്കറിയണം.

നരേ—അതു് ഈ നാട്ടിലെ സർക്കാരിന്റെ ശമ്പളം പറ്റുന്ന ഏതോ ഒരുവനായിരിക്കും.

വിജ—ഹേയ് അങ്ങനെയല്ല. ഈ നാട്ടിലെ ആരാച്ചാർ, സ്ഥിരക്കാരായി കിട്ടുകയാണു്. പകരം ഒരാളിനെ ലഭിക്കുന്നതിനു് പ്രയാസം നേരിട്ടപ്പോൾ ഒരുവൻ ആ ജോലി നിർവഹിച്ചുകൊള്ളാമെന്നു് ഏറ്റതായിട്ടാണറിയുന്നതു്. അവൻ കള്ളമീശ കെട്ടിവച്ചിരിക്കയായിരുന്നു. എന്തായാലും ഞാനും ശാന്തനും കൊലക്കളത്തിൽനിന്നു് അവനെ പിൻതുടർന്നു. അവൻ പല വഴികളിൽക്കൂടി പോയി ഒരു കെട്ടിടത്തിൽ പ്രവേശിച്ചു. ആ കെട്ടിടത്തിന്റെ മുൻവശത്തുള്ള ഒരു വൃക്ഷത്തിൽ ശാന്തൻ തഞ്ചിപ്പിടിച്ചു കയറി. അവൻ ഇപ്പോൾ കെട്ടിട

ത്തിനുള്ളിൽ നടക്കുന്ന കാഴ്ച കണ്ടുകൊണ്ടിരിക്കയാണ്. നമുക്കു വേഗം പോകാം.

ഉപേ—അവൻ വല്ല കുഴപ്പത്തിൽ കയറുന്നവനാകട്ടെ. നമുക്കെന്തു കാര്യം.

വിജ—എനിക്കു ചില സംശയങ്ങളുണ്ട്. ഇനിയും ഒരു നിമിഷംപോലും താമസിക്കാൻ പാടില്ല. പോകാം.

എല്ലാവരും അവിടെനിന്നിറങ്ങി, ശാന്തൻ കയറിയിരുന്ന വൃക്ഷത്തിന്റെ ചുവട്ടിൽ ചെന്നു.

വിജ— ശാന്ത നിനക്ക് അകത്തുള്ളവരെ കാണാമോ?

ശാന്തൻ മൂളി.

വിജ—എത്രപേരുണ്ട്.

ശാന്തന്റെ മറുപടി കേട്ടില്ല

നരേ—എടാ! ഈ ഇരുട്ടത്തു നിന്റെ ആംഗ്യങ്ങളൊന്നും ഞങ്ങൾക്കു കാണുവാൻ പാടില്ല. എത്രപേരുണ്ടെന്നു പറയണം."

ശാന്തൻമന്ത്രിച്ചു. "രണ്ടുപേർ"

വിജയൻ—അവരാരൊക്കെയാണ്

ശാന്തൻ—ഒരുവൻ ആരാച്ചാരാണ്. മറ്റേയാൾ തടിച്ചുരുണ്ട ഒരു ഗംഭീരനാണ്.

വിജ—എന്റെ ഊഹം ശരിയായി. ആ ഗംഭീരൻ കർമ്മവീരനാണ് മറ്റേയാൾ—

"അയ്യോ! യജമാനന്മാരെ അവന്റെമുഖം അതവൻതന്നെ" എന്നു പറഞ്ഞുകൊണ്ട്, ശാന്തൻ വൃക്ഷശാഖയിലുള്ള അവന്റെ പിടിവിട്ടു താഴോട്ടുവന്നു. അവൻ ഭാഗ്യത്തിന് ഉപേന്ദ്രന്റെ പുറത്തുവീഴുകയാണുണ്ടായത്.

"ഏതവൻ"? എന്നു ശേഖരൻ പെട്ടെന്ന് ചോദിച്ചു.

ശാന്ത—ആ സന്യാസി, മുരളീശൻ.

"ഇതുതന്നെ അവസരം" എന്നു പറഞ്ഞു വിജയനും, ഉപേന്ദ്രനും ശേഖരനും സന്തോഷശബ്ദം പുറപ്പെടുവിച്ചു. നരേന്ദ്രൻ, ഒരടി പിറകോട്ടുമാറി, നെററിമേലേക്കു കൈ കൊണ്ടുപോയി "ഈശ്വരകല്പിതം" എന്നു മന്ത്രിച്ചു.

ഉപേ—മുരളീശനോ? നമുക്ക വാതിൽ തള്ളിപ്പൊളിച്ച് അകത്തുകയറാം. അവനെ പിടിക്കുക.

വിജ—അനങ്ങാതെ അവിടെ നിൽക്കണം. കർമ്മവീരൻ

അത്ര മറയനല്ല. അയാളുടെ അംഗരക്ഷകന്മാർ അങ്ങുമിങ്ങും ഒളിച്ചുനില്പുണ്ടായിരിക്കും. അയാൾ പോകട്ടെ. എടാ ശാന്താ, നീ വീണ്ടു ഒന്നുകൂടി കയറി നോക്കു.

ഉപേന്ദ്രൻ ശാന്തനെ തള്ളിക്കയററി.

ശാന്തൻ—യജമാനന്മാരെ! മുരളീശൻ മാത്രമേയുള്ളു. മറേറയാൾ പോയി. അയാളും ഇറങ്ങാനുള്ള ഭാവമാണു്.

ശേഖ—മറേറയാൾ ഈ വഴി വന്നു കണ്ടില്ലല്ലോ.

വിജ—വേഗം വരൂ. കെട്ടിടത്തിനു രണ്ടു വാതിലുകൾ ഉണ്ടു്. അങ്ങേവാതില്ക്കൽ നരേന്ദ്രനും ശേഖരനും നിൽക്കണം. ഈ വാതിൽക്കൽ ഞാനും ഉപേന്ദ്രനും നിൽക്കാം. ഏതെങ്കിലും വാതിൽക്കൽ വന്നാൽ അവിടെ നിൽക്കുന്നവർ ചൂളം ഊതിക്കൊണ്ടു് അവൻ കതകടയ്ക്കുന്നതിനു മുമ്പായി അകത്തു കടക്കണം.

ഏകദേശം അഞ്ചു മിനിററു കഴിഞ്ഞപ്പോൾ വിജയനും ഉപേന്ദ്രനും നിന്ന സ്ഥലത്തെ വാതിലിന്റെ ഓടാമ്പൽ വലിക്കു ശബ്ദം കേട്ടു വിജയൻ പെട്ടെന്നു വാതിലിനഭിമുഖമായി നിന്നു. വാതിൽ തുറന്നു വെളിയിലേക്കു കാലുവച്ച മുരളീശൻ കണ്ടതു വിജയന്റെ മുഖമാണു്. നിമിഷത്തിൽ അവൻ പിറകോട്ടു വലിഞ്ഞു. വിജയനും ഉപേന്ദ്രനും ചൂളം ഊതിക്കൊണ്ടു ചാടി അകത്തു കയറി. പിറകെ, നരേന്ദ്രനും ശേഖരനും എത്തി. മുരളീശന്റെ മുഖം കരുവാളിച്ചെങ്കിലും, അവൻ സഹായത്തിനായി നിലവിളിക്കയോ മററെന്തെങ്കിലും ശബ്ദം ഉണ്ടാക്കുകയോ ചെയ്യാതെ അവരുടെ നേരെ തിരിഞ്ഞു നിശ്ചലനായി നിന്നു. ഒരു കസാല ചൂണ്ടിക്കാണിച്ചുകൊണ്ടു് വിജയൻ പറഞ്ഞു. "അവിടെ ഒന്നിരിക്കുവാൻ നിങ്ങൾക്കു ദയവുണ്ടാകണം."

വിവർണ്ണമുഖനെങ്കിലും ശാന്തനായി ആ യുവാവു് ഇരിപ്പിടത്തിൽ ഇരുന്നു. മററുള്ളവരും ആസനസ്ഥരായി. ഇനിയും നടക്കുവാൻ പോകുന്നതെന്തെന്നു ഒന്നു കണ്ടാൽ മതി, അതിൽ മററുവിധത്തിൽ പങ്കുകൊള്ളുന്നതിനു വൈമനസ്യമാണു്" എന്നുള്ള ഭാവത്തിൽ നരേന്ദ്രൻ അക്ഷോഭ്യനായി ഇരുന്നു. ഉപേന്ദ്രൻ അക്ഷമനായി കൈകൾ കൂട്ടി തിരുമ്മിക്കൊണ്ടും. ശേഖരൻ രക്തം വരത്തക്കവിധം അധരങ്ങളെ അമർത്തിക്കടിച്ചുകൊണ്ടുമിരുന്നു.

വിജ—മുരളീശാ! പലവിധവേഷങ്ങളായി ഓടിയും ഒളിച്ചുമൊക്കെ നടന്നിട്ടു് ഇപ്പോൾ നമ്മൾതമ്മിൽ കാണുവാൻ ഇടയായിരിക്കുന്നു. നാംതമ്മിൽ കുറെ കാര്യങ്ങൾ പറയാനുണ്ടു്.

ഒരുവൻ, തന്നെക്കാൾ ശക്തനും ഭയങ്കരനുമായിരിക്കുന്ന തന്റെ ശത്രു എവിടെയൊരിടത്തായിരിക്കുമെന്നും, അയാളെ അപായപ്പെടുത്തുവാൻ എന്തു മാർഗ്ഗമുണ്ടെന്നും ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ ആ ശത്രു തന്റെ മുമ്പിൽ ആകസ്മികമായി ആവിർഭവിച്ചാൽ എന്തെല്ലാം വികാരങ്ങൾക്കടിമപ്പെട്ട് അമ്പരന്നു നിൽക്കുമോ, ആ സ്ഥിതിയിൽ പെട്ടിരിക്കയാണു മുരളീധരൻ ഇരുന്നതു്. വിജയന്റെ ജ്വലിക്കുന്ന നോട്ടം അവന്റെ ബുദ്ധിമാന്ദ്യത്തിൽനിന്നും അവനെ ഉണർത്തി.

വിജ—നിങ്ങളുടെ വേഷംമാററം ബഹുരസമായിരിക്കുന്നു. അല്പം മുമ്പ് ആരാച്ചാരുടെ വേഷമായിരുന്നു; ഇപ്പോൾ.—

മുര—ഇപ്പോൾ കൊല്ലപ്പെടുവാൻ പോകുന്നവന്റെ ഭാവമായിരിക്കും.

വിജ—നിങ്ങൾ യോഗ്യന്മാരുടെ അടുക്കലാണിരിക്കുന്നതു്.

മുര—അതെ. ഒരു സ്ത്രീയെ വധിച്ച യോഗ്യൻ.

വിജയന്റെ കണ്ണുകൾ ചുവന്നു അയാൾ അട്ടഹസിച്ചു. "അവൾ ഒരു സ്ത്രീയല്ലായിരുന്നു. രക്തം കുടിക്കുവാൻ ഓടിനടന്ന ഒരു ചെന്നായായിരുന്നു. അനേകംപേരെ നിന്ദ്യമായ മാർഗ്ഗത്തിൽ വശപ്പെടുത്തിയ ഒരു രാക്ഷസിയായിരുന്നു. ഞങ്ങളെ നിദ്രാസമയം ദംശിക്കുന്നതിനു തരംനോക്കിയിരുന്ന സർപ്പമായിരുന്നു. ഒരു സ്ത്രീയായിരുന്നതുകൊണ്ട് അവളെ ഞങ്ങൾ വെട്ടിവീഴ്ത്തിയില്ല. അവളെ വിസ്തരിച്ചു വധശിക്ഷയ്ക്കു ഞങ്ങൾ വിധിക്കയാണുണ്ടായതു്. ആ സർപ്പത്തിന്റെ സന്തതിയാണു നിങ്ങൾ. സ്വഭാവവും അതുതന്നെ. ഞങ്ങളെ എല്ലാവരേയും കൊല്ലണമെന്നല്ലേ നിങ്ങളുടെ ആഗ്രഹം."

"അങ്ങനെയാണു്. ഒരുത്തരേയും വിടരുതെന്നാണു്."

"എന്നാൽ പൌരുഷമുണ്ടെങ്കിൽ പതുങ്ങിയിരുന്ന ദ്രോഹികളാണെന്നുള്ള ചിന്ത വെടിഞ്ഞിട്ടു്, ഞങ്ങൾ ഓരോരുത്തരോടും യുദ്ധം ചെയ്യുക. ആദ്യം എന്നോടുതന്നെയാകാം."

ഉപേ—വരട്ടെ. എനിക്കു വർത്തമാനം പറയാൻ വലിയ വശമില്ലെങ്കിലും യുദ്ധത്തിനു കുറെ വാസനയൊക്കെയുണ്ട്. എന്നോടാകട്ടെ ആദ്യം.

ശേഖ—ഞാൻ വേണം ആദ്യം യുദ്ധം ചെയ്യേണ്ടതു്.

നരേന്ദ്രൻ അനങ്ങിയില്ല.

വിജ—സ്നേഹിതരേ നിങ്ങൾ അങ്ങനെ പറയരുതു്. ഇതു

ളെ ഈ കെട്ടിടംവരെ പിന്തുടൎന്നതു ഞാനാണ്. അതുകൊണ്ട് ആദ്യം യുദ്ധം ചെയ്യുന്ന ബഹുമതി എനിക്കു വേണ്ടതാണ്. മുരളീശാ, വാളൂരുക.

മുര—എനിക്കു ഭയമാണെന്നു വിചാരിക്കേണ്ട. പക്ഷെ നിങ്ങളിൽ ആരോടാണു യുദ്ധം ചെയ്യേണ്ടതെന്നു നിശ്ചയിക്കേണ്ടതു ഞാനാണ്. നിങ്ങളെ എല്ലാവരെയും കൊല്ലണമെന്നു ഞാൻ ആഗ്രഹിക്കുന്നുണ്ടെങ്കിലും കൂടുതൽ ഞാൻ വെറുക്കുന്ന ആളിനോട്ട് ആദ്യം യുദ്ധം ചെയ്യണമെന്നാണ് എന്റെ നിശ്ചയം.

അവർ അതു സമ്മതിച്ചു.

മുര—എന്നാൽ നരേന്ദ്രൻ എന്ന അപരനാമമുള്ള ഭിലാകരപ്രഭു ആദ്യം യുദ്ധരംഗത്തിൽ ഇറങ്ങട്ടെ.

നരേന്ദ്രൻ ചാടി എണീററു, മുരളീശനെ നോക്കി അല്പനേരം നിന്നശേഷം പറഞ്ഞു. "എടാ! കള്ളാ, നിന്നോടു യുദ്ധം ചെയ്യുവാൻ എന്റെ മനസ്സു അനുവദിക്കുന്നില്ല. വേണമെങ്കിൽ അവരോടു വല്ലവരോടുമായിക്കൊള്ളണം."

നരേന്ദ്രൻ ഇരുന്നു.

മുര—ശേഷം! ഒരാൾക്കു ഭയമായി.

വിജയൻ ഗർജ്ജിച്ചു—എന്തെടാ പറയുന്നതു? നരേന്ദ്രനു ഭയമെന്നോ?

നരേന്ദ്രൻ—വിജയാ, അവന്റെ ഇഷ്ടംപോലെ പറയട്ടെ.

മുര—എന്നാലിനിയും, വീരത്വംകളിക്കുന്ന വിജയഭദ്രനോടാകാം.

വിജയൻ—കളിയാണോ എന്നു കാണിച്ചുതരാം. വാളൂരുക.

മററുള്ളവർ കസാലകൾ മാററിയിട്ട്, യോദ്ധാക്കൾക്കു സ്ഥലം ഒരുക്കിക്കൊടുത്തു. രണ്ടുപേരും വാളുകൾ ഊരി മുറപ്രകാരം നിന്നു. മുരളീശൻ വാളും ചുഴററിക്കൊണ്ടു പിറകോട്ടുനടന്നു ഭിത്തിയിൽ ചാരി. പ്രതിയോഗിയുടെ പ്രയോഗം ഏതുതരത്തിലായിരിക്കുമെന്നു സൂക്ഷിച്ചു വിജയൻ കണ്ണുമാറാതെ നോക്കിനിന്നു. അഹോ! അത്ഭുതം! ഭിത്തി രണ്ടായി പിളൎന്നു് മുരളീശനെ ഗ്രസിച്ചുകളഞ്ഞു. വിജയന്റെ കോപാട്ടഹാസത്തിനു ഭിത്തിയുടെ അപ്പുറത്തുനിന്നും ഒരു പരിഹാസച്ചിരിയാണു മറുപടിയായി ലഭിച്ചതു്. ഉപേന്ദ്രൻ ശക്തി മുഴവനെടു

ളള ഭിത്തിയിൽ തൊഴിച്ചു് പക്ഷെ യാതൊരു പ്രയോജനവുമുണ്ടായില്ല.

വിജ—എന്തോ വിദ്യ പ്രയോഗിക്കുവാൻ പോകയാണെന്നു ഞാൻ സംശയിച്ചു. ഇങ്ങനെ വരുമെന്നു ഞാൻ വിചാരിച്ചില്ല.

ശേഖ—എന്തൊരു നിർഭാഗ്യം. പിശാചിൻെറ വേലയായിരുന്നു.

നരേ—എന്തൊരു ഭാഗ്യം—ദൈവത്തിൻെറ പ്രവൃത്തിയായിരുന്നു. അവൻെറ രക്തത്തിനെങ്കിലും കണക്കു പറയാതെ കഴിയാമല്ലോ.

ഉപേ—എൻെറ നരേന്ദ്രാ! അവനെ ഇല്ലാതാക്കാൻ എത്ര അവസരങ്ങളുണ്ടായിരുന്നു. ഇവനെ വച്ചു വാഴിക്കുന്നതു കൊണ്ടുള്ള അനുഭവം ആർക്കാണു വരുന്നതെന്നു പിന്നീടറിയാം.

വിജ—ഇനിയുമിവിടെ താമസിച്ചാൽ ആപത്താണു്. അവൻ ആളുകളെയും കൊണ്ടുവരും. നമ്മുടെ കഥയും കഴിയും. നമുക്കു പോകാം.

ഉപേ—എവിടേക്കാണു്?

വിജ—നേരെ തുറമുഖത്തേക്കു പോകാം. നമ്മുടെ നാട്ടുതന്നെ നല്ലതു്. ഒന്നുമില്ലെങ്കിൽ വീടുകളുടെ ഭിത്തികളെങ്കിലും ഭയപ്പെടാതെ കഴിയാമല്ലോ.

അവർ ധൃതിയിൽ അവിടെനിന്നിറങ്ങി.

---

# അദ്ധ്യായം ൩൪

വിജയചന്ദ്രൻെറ ഊഹം ശരിയായിരുന്നു. മുരളീശൻ പട്ടാളക്കാരെയും കൊണ്ടു ഡാട്ടതിയിൽ വന്നപ്പോഴേക്കു് പാണ്ഡ്യർ കടന്നുകളഞ്ഞു. ഉടൻ മുരളീശൻ അതിവേഗം സഞ്ചരിക്കുവാൻ ത്രാണിയുള്ള ഒരു കുതിരയെ തെരഞ്ഞെടുത്തു് അതിൽ കയറി തുറമുഖത്തേക്കു പാഞ്ഞു. "അവരെക്കാൾ മുമ്പു് തുറമുഖത്തു ചെല്ലണം. ഒററ അടിക്കു എല്ലാവരും തുലയുന്ന സൂത്രമാണു് പ

റിയത്തു്. ഒടിഞ്ഞു തകർന്നു ഛിന്നഭിന്നമായി അവർ നശിക്കട്ടെ. "മിന്നൽ" എന്നാണു് കപ്പലിൻെറ പേർ. ഇടിയും കൂടിയാകുമ്പോൾ ശരിയായി" ഇങ്ങനെയുള്ള പൈശാചിക വിചാരങ്ങളോടുകൂടി മുരളീശൻ തുറമുഖത്തെത്തി. "മിന്നൽ" എന്ന പേരുള്ള കപ്പലിലേക്കു യാത്രക്കാരെ കൊണ്ടുപോകാൻ വള്ളം തയ്യാറായി കിടപ്പുണ്ടു്. വേഷം മാറി ആളറിയിക്കാതെ ആ വള്ളത്തിൽ കയറി കപ്പൽ കിടക്കുന്നിടത്തേക്കു വള്ളം വിട്ടു. വള്ളം തുഴഞ്ഞ നാവികനിൽ നിന്നും പാണ്ഡ്യർ കപ്പലിൽ വന്നിട്ടില്ലെന്നുള്ള വിവരം ഗ്രഹിച്ചപ്പോൾ മുരളീശൻ സന്തോഷപരവശനായി. കപ്പലിൻെറ മേൽത്തട്ടിൽ കയറിയപ്പോൾ കപ്പിത്താൻ അവനെ ഉപചാരപൂർവം സ്വീകരിച്ചു.

മുരളീശൻ—സൈന്യാധിപതിയുടെ എഴുത്തു കിട്ടിയില്ലേ?

കപ്പിത്താൻ— എഴുത്തുകിട്ടി. അതിലെ താല്പര്യപ്രകാരം മറ്റു യാത്രക്കാരെ കയറ്റുന്നില്ല. വെടിമരുന്നു വീപ്പകൾ കൊണ്ടു് മുറികളും നിറച്ചിട്ടുമുണ്ടു്.

മുരളീശൻ— ഭേഷ് നിങ്ങളോടാജ്ഞാപിച്ചതുപോലെ ചെയ്തിരിക്കുന്നു. സൈന്യാധിപതി നിങ്ങൾക്കു ഉദ്യോഗക്കയറ്റം തരുന്നതാണു്. അങ്ങനെയാണു് നിങ്ങൾ അവരെ സ്വീകരിക്കുന്നതു്.

കപ്പിത്താൻ—അവർ വന്നാലുടൻ കൊണ്ടുവരുന്നതിനായി ഒരു വള്ളം തയ്യാറാക്കി കരയോടു ചേർത്തിട്ടുണ്ടു്. നാലു യജമാനന്മാരും രണ്ടു ഭൃത്യന്മാരും അങ്ങനെ ആറു പേരാണെന്നു് അവർ അറിവുതന്നിട്ടുണ്ടു്. യജമാനന്മാർക്കു് ഈ നടുവിലുള്ള വിശാലമായ മുറി കാണിച്ചുകൊടുക്കും. വേലക്കാർ അതിനടുത്തുള്ള ചെറിയ മുറി ഉപയോഗിക്കട്ടെ. വലിയ മുറിയുടെ നേരെ താഴെയുള്ള മുറിയിലാണു് വെടിമരുന്നുവീപ്പകൾ വെച്ചിരിക്കുന്നതു്. അവയ്ക്കു ചുറ്റും കുറെ ഒഴിഞ്ഞ വീപ്പകളും കുറേ ചാരായവീപ്പകളും വെച്ചിട്ടുണ്ടു്. എല്ലാം ഞാൻ കരുതലോടെയാണു് പ്രവർത്തിച്ചിരിക്കുന്നതു്.

മുരളീശൻ—കർമ്മവീരനു നിങ്ങളെ വലിയ വിശ്വാസമാണു്. ഈ കപ്പൽ നശിച്ചാൽ ഇതുപോലെ പത്തുകപ്പൽ അദ്ദേഹം നിങ്ങളെ ഏൽപ്പിക്കും. ഞാനും നിങ്ങളുടെ കൂടെ ഇന്നു കപ്പലിൽ യാത്രയാണു്. തീകൊളുത്തുന്ന കൃത്യം എൻെറ കൈ

കൊണ്ടു വേണമെന്നു് സൈന്യാധിപതി ആവശ്യപ്പെട്ടിരിക്കുന്നു. കപ്പലിൽ വള്ളങ്ങൾ എത്രയുണ്ടു്.

കപ്പിത്താൻ— ഒരു വള്ളത്തിന്റെ ആവശ്യം മാത്രമേയുള്ളൂ. അതു ചങ്ങലയിൽ തൂക്കിയിട്ടിരിക്കയാണു്. വഴിത്തിരിക്കു് തീ കൊളുത്തിയശേഷം നമുക്കു് ആ വള്ളം സാവധാനത്തിൽ ഇറക്കി അതിൽ കയറി തുഴഞ്ഞുപോകാം. കുറെ കഴിയുമ്പോൾ കപ്പൽ പൊട്ടിത്തകരുന്നതു കേൾക്കാം.

ആ നിർദ്ദയൻ ചിരിച്ചു.

മുരളീശൻ—"എന്നാൽ ഞാൻ നിങ്ങളുടെ മുറിയിൽ പോയി കിടക്കട്ടെ. അവർക്കു മുറികൾ കാണിച്ചു കൊടുത്തശേഷം നിങ്ങൾ എന്റെ അടുക്കൽ വരണം.. ആരാ! വള്ളത്തിൽ വരുന്നതു് അവരാണു്. എന്റെ തല വെളിയിൽ ഞാൻ കാണിക്കയില്ല.

വള്ളത്തിൽ കയറിയപ്പോൾ ഉപേന്ദ്രൻ ആനന്ദചിത്തനായി പറഞ്ഞു. "ഈശ്വരനുസ്തുതി എന്തായാലും ഈ നശിച്ച നാടു വിട്ടല്ലോ. അതു മതി."

നരേന്ദ്രൻ— "നമ്മൾ മാത്രമേയുള്ളല്ലോ. രാജാവിനെക്കൂടെ രക്ഷപ്പെടുത്തിയിരുന്നെങ്കിൽ"—നരേന്ദ്രന്റെ വാക്കുകൾ നെടുവീർപ്പിൽ അവസാനിച്ചു.

ഉപേ—നമ്മൾ നാലുപേരും സുഖമായിരിക്കുന്നു. ഇനി അതുമതി. എന്റെ വിജയാ! താനിപ്പോഴും നാലുവശത്തേക്കും സംശയിച്ചുനോക്കുന്നതെന്തിനാണു്? ഞങ്ങൾ പറയുന്നതൊന്നും കേൾക്കാതെ ചില നായാട്ടുപട്ടികളെപ്പോലെ, ചെവിയും കണ്ണും മൂക്കും എല്ലാം എല്ലായിടത്തും ഓടിക്കയാണു്. ഇനിയും എന്തു ഭയപ്പെടാനാണുള്ളതു്?

വിജ—മുരളീശൻ മഠയനാണെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ?

ഉപേ—അവൻ മഠയനല്ലെങ്കിൽ ഇങ്ങുവരട്ടെ. ഇനിയും മര്യാദയൊന്നുമില്ല. നരേന്ദ്രനെത്ര കണ്ണുകാണിച്ചാലും ഞാൻ ഒരു ദാക്ഷിണ്യവും കാണിക്കയില്ല.

വിജ—ഞാൻ ശ്വസിക്കുന്ന വായുവിനെപ്പോലും എനിക്കു സംശയമാണു്. ഇതാ ഈ കാണുന്ന ചെറിയ ഓളങ്ങളെ ഞാനിപ്പോൾ വിശ്വസിക്കുന്നില്ല.

ഉപേ—വിജയാ, മറ്റുള്ളവരെക്കൂടി ഭയപ്പെടുത്തുക

യാണ്. ഏതായാലും മനസ്സിലുള്ളതു വെളിയിൽ പറഞ്ഞല്ലോ.

വിജ—ഞാൻ ഭയപ്പെട്ടിട്ടില്ല. കരുതൽ മാത്രമാണ്. തന്നെപ്പോലെ കാണ്ടാമൃഗമായിട്ടിരിക്കണമെന്നാണോ പറയുന്നതു്? ഇതാ! ഏതായാലും കപ്പലിനോടു നമ്മൾ അടുത്തു.

കപ്പലിൽനിന്നിട്ടുകൊടുത്ത ഏണിവഴി ആദ്യം ശേഖരൻ കയറി.

വിജ—സന്യാസിക്കു കയറേണി കയറിപ്പരിചയമുണ്ട്.

ഉപേന്ദ്രൻ താഴെനിന്നുകൊണ്ട് ഓരോരുത്തരെ കയററിവിട്ടു. ഒടുവിൽ എല്ലാവരും കൂടി ഉപേന്ദ്രനെ വലിച്ചുകയററി.

കപ്പിത്താൻ, അവർക്കായി ഒരുക്കിയിട്ടിരിക്കുന്ന മുറി കാണിച്ചുകൊടുത്തു.

വിജയൻ (കപ്പിത്താനോട്)—ഞങ്ങളെ കൂടാതെ കപ്പലിൽ എത്ര പേരുണ്ട്?

കപ്പി—മൂന്നുപേർ.

വിജ—ഞാൻ നടന്ന് എല്ലാ മുറികളും ഒന്നു കാണട്ടെ. എടാ, ശാന്താ നീ കൂടി വരിക.

കപ്പിത്താൻ ഓരോ മുറിയും വിജയഭദ്രനെ കാണിച്ചു മനസ്സിലാക്കി.

വിജ—ഈ മുറി ഞങ്ങളുടെ മുറിയുടെ നേരെ താഴെയാണ്. ഈ മുറിയിൽ എന്താണ്.

കപ്പി—ചാരായവീപ്പകളാണ്.

വിജ—ഓഹോ. ഞങ്ങളുടെ നാട്ടിലേക്കു ചാരായം കടത്തുകയാണ്. അവിടെയുള്ളവർ കുടിച്ചു ചാകുവാനാണ്.

വിജയൻ മുറിക്കകത്തു കയറി. കപ്പിത്താൻെറ നെഞ്ച് ഇടിച്ചു.

വിജ—ഇതൊഴിഞ്ഞ വീപ്പകളാണല്ലോ.

"ഇതാ നിറഞ്ഞ വീപ്പ" എന്നു പറഞ്ഞ് ഒരു ചാരായവീപ്പ കപ്പിത്താൻ കാണിച്ചു. വിജയൻ മുറിയിൽ നിന്നിറങ്ങി മേൽത്തട്ടിൽ കൂട്ടുകാരുടെ അടുക്കലെത്തി. ഉപേന്ദ്രൻ കൂർക്കം വലിച്ചുറങ്ങുന്നു. കപ്പൽ ചലനം തുടങ്ങിയപ്പോൾ, നരേന്ദ്രനും ശേഖരനും കണ്ണടയ്ക്കുവാൻ തുടങ്ങി. വിജയൻെറ കാ

ലൊച്ചകേട്ടു കണ്ണു തുറന്ന ശേഖരൻ—"എങ്ങനെയിരിക്കുന്നു?" എന്നു ചോദിച്ചു.

"ഭയപ്പെടാനില്ല. ഉറങ്ങിക്കൊള്ളണം." എന്നു പറഞ്ഞുകൊണ്ടു വിജയൻ വാതിൽക്കൽ കിടക്കവിരിച്ചു. ശാന്തൻ അടുത്ത ചെറിയ മുറിയിൽ ജയന്തന്റെ കൂടെ കിടപ്പായി. അവന്റെ മനസ്സു വേറൊരിടത്തായിരുന്നതുകൊണ്ടു് എത്രതന്നെ ശ്രമിച്ചിട്ടും ഉറക്കം വന്നില്ല. അരമണിക്കൂർ കഴിഞ്ഞപ്പോൾ ശാന്തൻ ജയന്തനെ കൊട്ടിയുണർത്തി. "എടാ! ജയന്താ നിനക്കു ദാഹിക്കുന്നുണ്ടോ?"

ജയന്ത—ഇപ്പോഴാണു ദാഹം. താൻ അവിടെ കിടന്നുറങ്ങു.

ശാന്ത—എടാ! അങ്ങനെയല്ല. വീപ്പ നിറച്ചു ചാരായമിരിക്കുന്നു.

ജയന്തൻ കണ്ണുതിരുമ്മി എഴുന്നേററിരുന്നു. "എനിക്കൊന്നും വേണ്ടാ, ഒന്നുറങ്ങിയാൽ മതി."

ശാന്തൻ—എടാ മറയാ, ഈ അവസരം ഇനിയും കിട്ടുമോ?

ജയ—തന്റെ യജമാനന്റെ കൂടെ താനും കുടിച്ചു പഠിച്ചുപോയി.

ശാന്ത—നീ കണ്ണു തുറക്കു്. ഞാൻ പറയട്ടെ. ഒരു പാത്രം ചാരായം തട്ടിയെടുത്താൽ ഒരുത്തരും അറിയുകയില്ല.

ജയ—മോഷണം മഹാ പാപമാണു്.

ശാന്ത—ഈ വേദാന്തമൊന്നും ഇപ്പോൾ കേൾക്കണ്ടാ. കുറച്ചകത്താക്കിയിട്ടു കിടന്നാൽ പിന്നത്തെ ഉറക്കം എന്തു സുഖമായിരിക്കുമെന്നറിയാമോ?

ജയന്തന്റെ വായിൽ വെള്ളം പൊടിച്ചു. "ആകട്ടെ യജമാനന്മാരറിഞ്ഞാലോ."

ശാന്ത—ഒരിക്കലും അറികയില്ല. അനങ്ങാതെപോയി നമുക്കെടുക്കാം.

രണ്ടുപേരും പതുക്കെപ്പതുക്കെ നടന്നു താഴത്തെ തട്ടിലെ മുറിയിലെത്തി.

ശാന്ത—എടാ, വാതിൽ പൂട്ടിയിരിക്കയാണല്ലൊ.

ജയ—അതിനെന്തു പ്രയാസം. ഇതാ കഠാരി, ഒരു പലക ഇളക്കിയാൽ മതിയല്ലൊ.

അവർ ശബ്ദമുണ്ടാക്കാതെ ഒരു പലകയ്ക്കുള്ളിലാക്കി.

ജ——താൻ അകത്തുകയറൂ. എന്റെ തടിയുംകൊണ്ട് ഇതിനിടയിൽ പ്രയാസമാണ്.

ശാന്തൻ ഇഴഞ്ഞു ഞെരുങ്ങിഞെരുങ്ങി അകത്തു കടന്നു.

ജയ——(ആത്മഗതം) ശാന്തനിപ്പോൾ ഒരു പാത്രം നിറച്ചു കൊണ്ടുവരും. എനിക്കുള്ളതി. അതാ! ഒരനക്കം കേൾക്കുന്നു. അല്ലേ പറഞ്ഞു. "ശാന്താ ആരോ വരുന്നു. സൂക്ഷിച്ചുകൊള്ളൂ" എന്നു മന്ത്രിച്ചശേഷം മാറി ഒളിച്ചിരുന്നു. ഇട്ടുമൂടി പുതച്ച രണ്ടുപേർ, മുറിയുടെ വാതിൽക്കൽ വന്നു.

ഒരുവൻ——നമ്മൾ എന്തോ ശബ്ദം കേട്ടുവല്ലോ.

മറ്റേയാൾ——അതു മുകളിൽ കിടന്നുറങ്ങുന്നവരുടെശബ്ദമാണ്

മുറി തുറന്ന് അവർ അകത്തു കയറി.

ജയന്തൻ (ആത്മഗതം)——എന്തു ഗ്രഹപ്പിഴയാണ്. ശാന്തനെ പിടികൂടും, ഇല്ല. അവൻ വല്യ കൗശലക്കാരനാണ്. എവിടെയെങ്കിലും ഒളിച്ചിരിക്കും.

കുറച്ചു കഴിഞ്ഞപ്പോൾ രണ്ടുപേരും വെളിയിലിറങ്ങി കതകടച്ചു.

ഒരുവൻ——കാൽ മണിക്കൂർ കഴിയട്ടെ. അപ്പോൾ കഥ കഴിക്കാം.

ജയന്തൻ പരിഭ്രമിച്ചു. അവർ പോയിക്കഴിഞ്ഞുടൻ, പലകയിലാക്കിയ സാധനങ്ങളുമായി ശാന്തൻ തല വെളിയിലിട്ടു. അവന്റെ മുഖവും, പന്തംപോലെ കത്തി ജ്വലിച്ച കണ്ണുകളും കണ്ടു ജയന്തൻ അമ്പരന്നു. ഒരു പ്രകാരത്തിൽ അവനെ വലിച്ചു വെളിയിലിട്ടു. അവന്റെ കൈയിലൊരു [illegible] ഉണ്ട്.

"ഇതാ! ഇതാണ് എനിക്കു കിട്ടിയത്." എന്നു ശാന്തൻ പറഞ്ഞു. അവർ തുറന്നു നോക്കിയപ്പോൾ വെടിമരുന്നാണെന്നു മനസ്സിലായി.

"ചതിച്ചല്ലോ" എന്നു ജയന്തൻ പറഞ്ഞു. ശാന്തൻ ഒരു ചാട്ടത്തിനു മേൽത്തട്ടിൽ എത്തി. എലിയുടെ അനക്കം കേട്ടാൽ ഉണരുന്ന വിജയൻ, ശാന്തൻ തൊട്ടപ്പോൾ എഴുന്നേറ്റിരുന്നു. ശാന്തന്റെ സംഭ്രമത്തിൽനിന്നും, എന്തോ അസാധാരണ സംഭവം ഉണ്ടാകുവാൻ പോകുന്നുവെന്നു വിജയനു മനസ്സി

ലുഷി. ശാന്തൻ കഥ മുഴുവൻ പറഞ്ഞു. ഒടുവിൽ "യജമാനനെ, അവർ രണ്ടുപേരും വഴിതെറ്റി ഇങ്ങോട്ടാണ് പോയത്. ഒരുവൻ മുരളീശനാണ്. കാൽമണിക്കൂർ [illegible] കഴിയുമ്പോൾ വഴിതെറ്റി [illegible] മുരളീശൻ തീ കൊടുക്കുന്നതാണ്. അതുകഴിഞ്ഞാലുടൻ അവർ വള്ളത്തിൽ കയറി പോകുവാനാണ് നിശ്ചയിച്ചിരിക്കുന്നത്."

വിജയൻ കിടന്ന [illegible] വിറച്ചു. ചാടിയെണീറ്റു. "മൂന്നുപേരെയും ഉണർ[illegible]. മിണ്ടരുത്. നിങ്ങളുടെ ചെവികൾ [illegible]."

മൂന്നുപേരും [illegible] വിജയൻ പറഞ്ഞതുപോലെ ചെയ്തു.

വിജ—ഒരു [illegible] അക്ഷരവും മിണ്ടരുത്, ഞാൻ കാണിക്കുന്നതുപോലെ [illegible] ചെയ്യണം. ഒരക്ഷരം മിണ്ടിയാൽ നമുക്ക് മരണമാണ് [illegible] എന്റെ കൂടെ വരുക" വിജയൻ ഇതുപോലെ [illegible] ആജ്ഞാപിക്കുന്നതായി അവർ കേട്ടിട്ടില്ല. [illegible] രെ വള്ളത്തിനരികിലേക്ക് കൊണ്ടുപോയി. [illegible] സാവധാനത്തിൽ ചങ്ങലവഴി വള്ളമിറക്കി. [illegible] എല്ലാവരും വള്ളത്തിൽ പ്രവേശിച്ചു. വിജയൻ [illegible] കൊളുത്തു [illegible] വള്ളം വേർപെടുത്തി. കപ്പൽ മുമ്പോട്ടു നീങ്ങി. വള്ളം തിരമാലകളിൽ തുള്ളിക്കളിച്ചു.

വിജ—സ്നേഹിതരെ! കാര്യമൊന്നുമറിയാതെ നിങ്ങൾ പരിഭ്രമിക്കയാണ്. പത്തു മിനിട്ടു കഴിഞ്ഞിരുന്നെങ്കിൽ, നമ്മുടെ തരിപോലും [illegible] കിട്ടുകയില്ലായിരുന്നു. നമ്മൾ കിടന്നതിന്റെ [illegible] വെടി മരുന്നിട്ടു നിറച്ചിരിക്കയാണ്. ഇപ്പോൾ അതിന്ന് മുരളീശൻ തീ [illegible]കാണും. നരകത്തിലാണെങ്കിലും അവന്റെ സഹവാസം [illegible]. അതാ നോക്കുക, അവൻ [illegible] കപ്പ[illegible] മേൽ തട്ടിൽ ഒരു വിളക്ക് [illegible], അതിനെ തുടർന്നു [illegible] ഒരാ[illegible]ളം അവരുടെ ചെവി[illegible] മുഴങ്ങുകയും ചെയ്തു. മുരളീശൻ, വഴിതെറ്റിക്ക് തീ [illegible] ശേഷം തിരിച്ചുവന്നപ്പോൾ, കപ്പിത്താൻ ജീവ[illegible]ത്തിൽ കണ്ടു.

കപ്പിത്താൻ—മുരളീശാ! അവർ [illegible] അല്ലെ?

"ചതിച്ചല്ലൊ" എന്നു പറഞ്ഞു മുരളീശൻ നിലവിളിക്കുന്നതാണ് വള്ളത്തിലുള്ളവർ കേട്ടതു്.

കപ്പിത്താൻ— നമുക്കു് കപ്പലങ്ങോട്ടു വിട്ടു് അവരെ പിടിക്കാം.

മുരളീശൻ— എന്തു പ്രയോജനം? ഞാൻ മരുന്നിനു് തീ കൊടുത്തുപോയി.

കപ്പിത്താൻ— അയ്യോ ദ്രോഹിച്ചല്ലൊ എങ്കിലും ഉള്ള സമയം കൊണ്ടു് അയാൾ മുഴുവൻപറയുന്നതിനുമുമ്പായിഅതിഭയങ്കരമായ ഒരു ചിരിയോടുകൂടി മുരളീശൻ കടലിലേക്കുചാടി. പിറകെചാടുന്നതിനു കപ്പിത്താനും കാൽ നീട്ടിയപ്പോഴെക്കു അഗ്നിപർവതം പൊട്ടുന്നതുപോലെ ഒരു ശബ്ദം കേട്ടു. കപ്പലിലുള്ളസകലതും വായുവിലേക്കു തെറിച്ചു. "മിന്നൽ" അസ്തമിച്ചു.

വിജയൻെറ വാക്കുകളും പെട്ടെന്നുണ്ടായ മിന്നലുകളും ഇടിയുമെല്ലാം വള്ളത്തിലിരുന്നവരെ നിർജ്ജീവരാക്കി. ഒരു നിമിഷം കഴിഞ്ഞപ്പോൾ വിസ്തൃതമായ കടലിൻെറ ഉപരിതലത്തിൽ, ആ അന്ധകാരസമയം അവർ മാത്രം ഒരു ചെറുവള്ളത്തിൽ സഞ്ചരിക്കുന്നതു കാണപ്പെട്ടു. ഒരഞ്ചു മിനിട്ടുനേരത്തെ ഭയങ്കരമായ നിശ്ശബ്ദതയ്ക്കു ശേഷം ശേഖരൻപറഞ്ഞു.—"ഏതായാലും എല്ലാം കഴിഞ്ഞല്ലൊ" നരേന്ദ്രൻ പറയുന്നതുപോലെ എല്ലാം ഈശ്വരകല്പിതം തന്നെ.

"എന്നെ രക്ഷിക്കണേ! എൻെറ ചേട്ടന്മാരെ, എന്നെ രക്ഷിക്കണേ" എന്നൊരു വിലാപശബ്ദം വായു വഹിച്ചു് അവരുടെ ചെവികളിൽ കൊണ്ടുചെന്നു. എല്ലാവരും പരസ്പരം നോക്കി. നരേന്ദ്രൻ വിറച്ചു. "അതേ! അതവൻ തന്നെ".

ഒരുവൻനീന്തിത്തുടിച്ചവരുടെ വള്ളത്തിനരികിലെക്കു വരുന്നു.

വിജയൻ—അതവൻ തന്നെ

ആന തുമ്പിക്കൈയിൽ കൂടി ശ്വാസം വിടുന്നതുപോലെ ഒരു ദീർഘശ്വാസമിട്ടുകൊണ്ടു് ഉപേന്ദ്രൻപറഞ്ഞു. "ഇതൊരിക്കലും ഒഴിഞ്ഞുപോകുന്ന ബാധയല്ല. ഇവൻ നമ്മുടെ കണ്ടകോടാലി തന്നെ."

"എൻെറ ചേട്ടന്മാരെ ഈശ്വരനെ ഓർത്തു എന്നിൽ കരുണയുണ്ടാകണം. എൻെറ ശക്തി ക്ഷയിക്കുന്നു. എന്നെ രക്ഷിക്കണം" ഈ ആർത്തനാദം നരേന്ദ്രൻെറ മനസ്സിനെ ഇളക്കി. "പാവം" എന്നു അദ്ദേഹം ഉച്ചരിച്ചു.

വിജയൻ—ഹാ ഹാ സ്നേഹിതന്റെ മട്ടുമാറുന്നു ഇല്ലേ? ഉപേന്ദ്രാ എളുപ്പം തുഴയുക നമുക്കു പോകാം

വിജയനും തുഴകയ്യിലെടുത്തു വള്ളം. മുമ്പോട്ടു നീങ്ങി

"എന്നെ ഉപേക്ഷിക്കരുതേ എന്നിൽ ദയവുണ്ടാകണമേ"

ഉപേന്ദ്രൻ—ഈ പ്രാവശ്യം നീ പഠിച്ചു. നിനക്കു ഗതി യമപുരിയിലേക്കാണ്. നീ കിടന്നു കയ്യും കാലും തല്ലാതെ കീഴ്പ്പോട്ടു പൊയ്ക്കൊള്ളുക.

"ഉപേന്ദ്രാ" എന്നു നരേന്ദ്രൻ വിളിച്ചു.

ഉപേന്ദ്രൻ—"ഒരു കാര്യം: അവിടെ അടങ്ങിയിരിക്കണം. അവൻ വള്ളത്തിനരികിലെങ്ങാനും വന്നാൽ തണ്ടുകൊണ്ട് തലയ്ക്കിട്ട് ഒററയടി—ഞാനാണു പറയുന്നത്.

നരേ—"എന്നോടൽപമെങ്കിലും കരുണ കാണിക്കണം ഞാൻ താഴുന്നു." എന്നു മുരളീശൻ നിലവിളിച്ചു.

വിജയൻ—എടാ കുഞ്ഞേ നിന്നെ അണുമാത്രമെങ്കിലും ഞങ്ങൾക്കു വിശ്വാസമില്ല. അതുകൊണ്ടു നീ അവിടെ കിടക്കുക.

മുരളീശൻ—ഞാൻ ചെയ്ത തെററുകൾ നിങ്ങൾ ക്ഷമിക്കണം. എനിക്ക് ഇരുപത്തിമൂന്നു വയസ്സുമാത്രമേ ഉള്ളൂ. അറിവു കുറവുകൊണ്ട് അനേകം അപരാധങ്ങൾ ഞാൻ ചെയ്തുപോയി. എന്റെ അമ്മയെ ഓർത്തുള്ള ബന്ധം കൊണ്ടാണ് നിങ്ങളെ ഞാൻ വെറുത്തത്. ദൈവം എന്നെ ശിക്ഷിച്ചു. ഇനിയും നിങ്ങൾക്കു കരുണയുണ്ടാകണം.

ആരും അനങ്ങിയില്ല.

അമ്മ മരിച്ചതുപോലെ മകനും മരിക്കട്ടെയെന്നാണോ നിങ്ങൾ അനുഗ്രഹിക്കുന്നത്. എനിക്കു. വയ്യാ ഞാൻ താഴുന്നു ഒരോളം അവന്റെ തലയ്ക്കു മേൽ മറിഞ്ഞു.

"എന്റെ— ഈശ്വരാ, ഞാനെന്തു ചെയ്യുന്നു" എന്നു നരേന്ദ്രൻ മന്ത്രിച്ചു.

വിജയൻ—ഈ കഥ അവസാനിപ്പിക്കണമല്ലോ. എടാ കുഞ്ഞേ, ആരാച്ചാരെ കൊന്നു, എന്റെ ചിററപ്പനെ കൊന്നു, നിന്റെ അന്നദാതാവായ രാജാവിനെ നീ കൊന്നു. ഞങ്ങളെ ചുട്ടുകൊല്ലുവാനും നീ വട്ടം കൂട്ടി. നിന്നെ ഞങ്ങൾ രക്ഷിക്കയില്ല. ഇങ്ങോട്ടടുക്കരുത്.

മുരളീശൻ അവസാനമായി കൈകൊണ്ടു വെള്ളത്തിൽ

ഞങ്ങളൊക്കൂടി തല്ലി. നരേന്ദ്രൻ എണീററു. "വിജയാ എന്റെ സ്നേഹിതാ നിന്നോടു ഞാനപേക്ഷിക്കുന്നു അവൻ ചാകുവാൻ പോകയാണു്. മുഴുവൻ ശത്രുത കളയുക. ഒരു ക്ഷണം കൊന്നിട്ടിയാൽ അവൻ നരകത്തിലെത്തും. നമ്മൾ കരുണ കാണിച്ചില്ലെങ്കിൽ ഈശ്വരൻ നമ്മോടു ക്ഷമിക്കയില്ല."

വിജയൻ—ദിവാകരപ്രഭോ, അവിടുന്നെന്താണീ പറയുന്നതു്. അവൻ അങ്ങയെ കൊല്ലുവാനല്ലയോ ആഗ്രഹിക്കുന്നതു്. ഞാൻ അതിനു സമ്മതിക്കയില്ല.

ശേഖരൻ വാളൂരിക്കൊണ്ടു പറഞ്ഞു—"രാജാവിനെ വധിച്ച ദുഷ്ടന്റെ വശങ്ങളിൽ പിടിച്ചെങ്കിൽ ഞാൻ അവന്റെ കൈവെട്ടിക്കളയും."

"ഞാനദ്ദേഹത്തെ ഒന്നു നോക്കിക്കൊള്ളട്ടെ" എന്നു പറഞ്ഞു ഉപേന്ദ്രൻ എണീററു.

ശേഖരൻ—സ്നേഹിതൻ എന്തു ചെയ്‌വാൻ പോകുന്നു.

ഉപേന്ദ്രൻ—കഴുത്തിൽ ചാടി അവനെ ഞെക്കിക്കൊല്ലും.

നരേന്ദ്രൻ—എന്റെ സ്നേഹിതരേ, നിങ്ങൾ കരുണയില്ലാത്ത പ്രവൃത്തികൾ ചെയ്യരുതു്. ഇതാ അവൻ താഴുന്നു. നരേന്ദ്രൻ ഞരക്കത്തോടുകൂടി നെടുവീർപ്പിട്ടു വിജയന്റെ ഉള്ളമലിഞ്ഞു.

നരേന്ദ്രൻ—സ്നേഹിതരേ, എന്റെ ആയുസ്സിൽ ഇനിയും നിങ്ങളോടു ഞാൻ ഇതുപോലെ അപേക്ഷിക്കയില്ല. ദുഃഖമെന്നോടുകൂടി മരിക്കുവാൻ എന്നെ നിങ്ങൾ ഇടയാക്കരുതു്. അവനെ രക്ഷിക്കുക എന്നതു നമ്മെ കാത്തുരക്ഷിച്ചുള്ള ഈശ്വരനാണു്. അല്ലാതെ നമ്മുടെ സാമർത്ഥ്യമല്ല. ആ ഈശ്വരന്റെ കോപത്തിനു നമ്മൾ പാത്രീഭവിക്കരുതു്. എന്റെ പ്രിയസ്നേഹിതന്മാരെ! അവനെ രക്ഷിക്കുവാൻ നിങ്ങളോടു ഞാൻ അനുഗ്രഹിക്കും.

എല്ലാവരും നിശ്ശബ്ദരായി. നരേന്ദ്രൻ ഇതിനിടയ്ക്കു അസ്വസ്ഥനായി മുരളീശൻ എണീറ്റു. "എന്റെ ദിവാകരപ്രഭോ: അവിടുത്തെ കൈങ്കിലും കരുണയുള്ളോരവനെ. അങ്ങയുടെ ഏനിക്കു കാണുവാൻ പാടില്ല. ഞാനും താഴുന്നു."

"ഇതാ എന്റെ കൈകൾ" എന്നു പറഞ്ഞു നരേന്ദ്രൻ കുനിഞ്ഞു കൈകൾ നീട്ടി. അങ്ങോട്ടു നോക്കുവാൻ മനസ്സില്ലാതെ വിജയൻ മുഖം മാററി. മുരളീശൻ കൈകൾ ഉയർത്തി നരേന്ദ്ര

ന്റെ കഴുത്തിൽ ചുററിപ്പിടിച്ചു പെട്ടെന്നു കീഴ്പ്പോട്ടു വലിച്ചു കൊണ്ടു "എന്റെ അമ്മേ! ഒരാളിനെ എങ്കിലും അമ്മയ്ക്കു ബലി അർപ്പിക്കുവാൻ എനിക്കു സാധിച്ചിരിക്കുന്നു. അതു അമ്മയ്ക്കു ഏററവും ഇഷ്ടമുള്ള ബലിയാണു." ഒരു വലിയ നിലവിളിയോടെ വിജയൻ ചാടി എണീററു. ശേഖരനും ഉപേന്ദ്രനും തണ്ടുകൾ കൈയ്യിലുയർത്തി. മുരളീശൻ നരേന്ദ്രനെയും കൊണ്ടു വെള്ളത്തിൽ താണു.

ഉപേന്ദ്രൻ ഉച്ചത്തിൽ നിലവിളിച്ചു. "നരേന്ദ്രാ, നരേന്ദ്രാ, ലോകൈകശ്രേഷ്ഠാ അവിടുന്നവിടെ പോയി, ഞാനും കൂടെയുണ്ടു്." വിജയൻ ഉപേന്ദ്രനെ തടഞ്ഞു. "വരട്ടെ അബദ്ധം കാണിക്കരുതു്. തനിക്കു നീന്തു വശമില്ല. ഞാൻ നരേന്ദ്രനെ രക്ഷപ്പെടുത്തും." അപ്പോൾ ഏകദേശം നാലുവാര അകലയായി വെള്ളം കലങ്ങി, മുഖം മങ്ങി വായും പിളർന്നു ഒരു തല പൊങ്ങിവന്നു. പിന്നീടു ശരീരം മുഴുവനായി മലർന്നു പൊങ്ങി. മാർവിൽ ഒരു കഠാരി തറച്ചിരിപ്പുണ്ടു്.

"മുരളീശൻ. മുരളീശൻതന്നെ" എന്നു എല്ലാവരും പറഞ്ഞു. പെട്ടെന്നു വള്ളത്തിന്റെ വക്കിൽ ഒരു കൈ കടന്നു പിടിച്ചു. ശാന്തൻ അട്ടഹാസം ചെയ്തു. ഒരു വള്ളം വെള്ളവുമായി നരേന്ദ്രന്റെ ഏട്ടു ബലമുള്ള കൈകൾ, വള്ളത്തിൽ പിടിച്ചു കയററി. സന്തോഷാതിരേകത്താൽ എല്ലാവരും നരേന്ദ്രനെ ആശ്ലേഷം ചെയ്തു.

"അവിടുത്തേക്കൊന്നും പററിയില്ലല്ലോ" എന്നു വിജയൻ ചോദിച്ചു.

"ഇല്ല അവനോ?" എന്നു നരേന്ദ്രൻ പറഞ്ഞു. "അതാ കാണുന്നു" എന്നു വിജയൻ പറഞ്ഞു മുരളീശന്റെ ശവം പൊങ്ങുകയും താഴുകയും അങ്ങനെ പല പ്രാവശ്യം ചെയ്തശേഷം താണു. പിന്നീടു കണ്ടില്ല.

നരേന്ദ്ര—എനിക്കൊരു സമാധാനമുണ്ടു്. അവനെ ഓർത്താണു ഞാൻ ജീവനെ അപഹരിച്ചതു് ഇതും ഈശ്വരന്റെ ഹിതം തന്നെ.

# അദ്ധ്യായം ൩൪.

ഈ ഭയങ്കരസംഭവത്തിനുശേഷം വളരെ നേരത്തേക്കു് എല്ലാവരും മൌനമായിരുന്നു. അറബിക്കടലിൽ നിന്നടിച്ച തെന്നലിന്റെ മൂളലും ചെറിയ ഓളങ്ങളുടെ ഗളഗള ശബ്ദവും മാത്രമാണു നിശ്ശബ്ദതയെ ഭഞ്ജിച്ചതു്. ആരുമാരും മിണ്ടാതെ ആയപ്പോൾ ഭയം വർദ്ധിച്ചു. ഈ സ്ഥിതി അശാസ്യമല്ലെന്നു കണ്ടു് ഉപേന്ദ്രൻ സംഭാഷണം തുടങ്ങി. "ഇത്ര ഭയങ്കരമായ സംഭവം നമ്മുടെ ജീവിതത്തിലാദ്യമാണു്. എങ്കിലും സൊല്ല തീർന്നല്ലോ. ഒരു നൂറുറാത്തൽ ഭാരം എന്റെ നെഞ്ചത്തുനിന്നു മാറിയതുപോലെ തോന്നുന്നു. ഞാൻ നല്ലപോലെ ഒന്നാശ്വാസം വിടട്ടെ." പറഞ്ഞതിനനുസരണമായി കാറ്റിന്റെ മൂളലിനെ തോല്പിക്കത്തക്കവിധമുള്ള ശബ്ദത്തിൽ ഉപേന്ദ്രൻ ദീർഘശ്വാസം വിട്ടു.

ശേഖ—എന്റെ ഉപേന്ദ്രാ, എന്റെ ഭയം തീർന്നിട്ടില്ല. അവൻ ഇനിയും നമ്മുടെമദ്ധ്യത്തിൽ വന്നു കയറുമെന്നാണെന്റെ ഭയം.

വിജ—ഉപേന്ദ്രനു ഭാരം ലഘൂപ്പെട്ടതായിട്ടാണു തോന്നുന്നതു്. നമ്മൾ ഭയങ്കരമായ അപകടത്തിലാണിപ്പോൾ കിടക്കുന്നതു്. കാറ്റും ഓളവും എതിർത്തെങ്കിൽ നമ്മൾ വെള്ളത്തിലാണു്. പിന്നത്തെ കഥ ഊഹിക്കാമല്ലോ.

ജയ—എന്റെ യജമാനന്നെ, എനിക്കു നീന്തു വശമില്ല. വണ്ണവും പെരുത്തുണ്ടു്.

ഉപേ—നിനക്കായിരിക്കും കൂട്ടത്തിൽ സുഖം. കാലും കഷ്ടമിട്ടുതല്ലാതെ കല്ലുപോലെ താഴെയോട്ടു പോകാമല്ലോ.

നരേന്ദ്ര—നിങ്ങളെന്താണു പറയുന്നതു്. ഈ അപകടങ്ങളിൽ നിന്നൊക്കെ ഈശ്വരൻ നമ്മെ രക്ഷിച്ചു. ഇനിയും രക്ഷിക്കുമെന്നുള്ളതിനു സംശയമില്ല. നേരം വെളുക്കുമ്പോൾ ഈ വഴി കപ്പൽ വരും. നമ്മുടെ വള്ളം മറിഞ്ഞാൽ തന്നെയും അതുവരെ വള്ളത്തിൽ പിടിച്ചു കിടന്നാൽ മതി.

ഇങ്ങനെ പലതും പറഞ്ഞു പുലർകാലമായപ്പോൾ അകലെയായി ഒരു കപ്പൽ കണ്ടു. യജമാനന്മാർ നാലുപേരും, ജയ

ണനും കൂടി ഒരുമിച്ചു കൂകി വിളിച്ചു; ശബ്ദം ഉപയോഗിക്കുന്നതിൽ മിതവ്യയശീലനായ ശാന്തൻ അവന്റെ കണ്ഠനാളത്തിന്നു വ്യായാമം കൊടുക്കാതെ തണ്ടിന്റെ അററത്തു തുണി കെട്ടി കൊടിക്കൂറയായി പറപ്പിച്ചുകാണിച്ചു. കപ്പൽക്കാർ അവരെ കണ്ടു. കാൽ മണിക്കൂർ കഴിഞ്ഞപ്പോൾ അവരെല്ലാവരും കപ്പലിനകത്തായി. അധികം താമസിയാതെ അവർ അവരുടെ നാട്ടിലിറങ്ങി.

വിജയൻ—“നോക്കുക. ഉപേന്ദ്രന്റെ ആഹ്ലാദം. സ്നേഹിതരെ, നമ്മൾ വീണ്ടും ആപത്തിൽ വന്നുചാടിയിരിക്കുന്നു. നരേന്ദ്രനും ശേഖരനും സുലോചനപ്രഭുവിന്റെ കൂട്ടരാണ്. രസലശമഹാരാജാവിനെ സഹായിക്കുവാനായി സിംഹളദ്വീപിൽ പോയിരുന്നവരാണ്. അതുകൊണ്ടു ഏതു സമയത്തെങ്കിലും സ്വാമിയാരാൽ ബന്ധനസ്ഥരാക്കപ്പെടുവാനാണെളുപ്പം. എന്റെയും ഉപേന്ദ്രന്റെയും സ്ഥിതി കുറേക്കൂടി വിഷമകരമാണു്. സ്വാമിയാരുടെ ദൂതും വഹിച്ചു് കർമ്മവീരനെ കാണേണ്ടതിനും അയാൾ പറയുന്നതുപോലെ പ്രവർത്തിക്കേണ്ടതിനുമാണ് ഞങ്ങളെ നിയോഗിച്ചിരുന്നതു്. ഞങ്ങൾ ആജ്ഞയെ ലംഘിച്ചവരാണ്. കർമ്മവീരൻ ഞങ്ങളുടെ അനുസരണക്കേടിനെപ്പററി വിവരമായി സ്വാമിയാരെ അറിയിച്ചുകാണും. ഞങ്ങളെ പിടികിട്ടിയാൽ തൂക്കിലിടാനും മതി.—അത്രഎളുപ്പം ഞങ്ങൾ ചാകുകയില്ല.”

“ഉപേന്ദ്രൻ—അപ്പോൾ എന്റെ പ്രഭുസ്ഥാനം വെള്ളത്തിലായി.”

വിജയൻ—“തന്റെ പ്രഭുസ്ഥാനം—ജീവൻ കിട്ടിയാൽ മതി. ഏതായാലും നരേന്ദ്രാ, ശേഖരാ, നിങ്ങൾ രണ്ടുപേരും മഹേന്ദ്രപുരിയിലേക്കാണല്ലോ. ഞങ്ങൾ കുലേപുരത്തിലേക്കു പോകട്ടെ.”

നരേന്ദ്രൻ—വല്ല ആപത്തും നേരിട്ടാൽ നമ്മൾ പരസ്പരം അറിയിക്കുന്നതെങ്ങനെയാണ്.

വിജയൻ—നിങ്ങൾക്കിപ്പോൾ ആപത്തൊന്നും വരാൻ തരമില്ല. സ്വാമിയാരുടെ ആളുകൾ നിങ്ങളെ കണ്ടാൽ അറികയില്ല. മഹേന്ദ്രപുരി ഇപ്പോൾ സുലോചനപ്രഭുവിന്റെ കയ്യിലാകകൊണ്ടു നിങ്ങൾക്കു പട്ടണത്തിനുള്ളിൽ നിഷ്പ്രയാസം കടക്കാം. ഞങ്ങൾ ആപത്തിലായോ എന്നറിയിക്കുന്നതെങ്ങനെയെന്നു പറയാം. ഇന്നേക്കു് എട്ടാം ദിവസം മഹേന്ദ്രപുരിയിലെ

ൻെറ താമസസ്ഥലത്തു ഞാൻ വന്നില്ലെങ്കിൽ ഞാനും ഉപേന്ദ്രനും പിടിക്കപ്പെട്ടുപോയി എന്നു് നിശ്ചയിച്ചുകൊള്ളണം.

നരേന്ദ്രൻ ഞങ്ങൾ വെളിയിൽ നിന്നുകൊണ്ടു് നിങ്ങളെ മോചിപ്പിക്കുവാൻ ശ്രമിക്കുന്നതാണു്. നമുക്കു പിരിയാം.

എല്ലാവരും തമ്മിൽ ആശ്ലേഷം ചെയ്തു പിരിഞ്ഞു.

നരേന്ദ്രനും ശേഖരനും സുലോചനാപ്രഭുവിൻെറ ആളുകളായതുകൊണ്ടു നിഷ്പ്രയാസം മഹേന്ദ്രപുരിയിൽ പ്രവേശിച്ചു. കനകപുരത്തിൽ സിംഹാസനമിട്ടിരിക്കുന്ന രാജ്ഞിയുമായി സമാധാനാലോചനകൾ നടത്തുന്നതുകൊണ്ടു് യുദ്ധം ചെയ്യാതെയാണിരിക്കുന്നതെങ്കിലും വേണ്ടിവന്നാൽ സമരം നടത്തുന്നതിനുള്ള സകല ഒരുക്കങ്ങളും പൂർത്തിയാക്കിയിരിക്കുന്നു. തെരുവിൽകൂടെ നരേന്ദ്രനും ശേഖരനും ഭൃത്യനായ ശാന്തനുമൊരുമിച്ചു് പോകുമ്പോൾ ഒരുവൻ പടച്ചട്ട ധരിച്ചു കുറേ പട്ടാളക്കാരുടെ നേതാവായി അവർക്കഭിമുഖമായി വരുന്നതു കണ്ടു അവർക്കു് ആൾ മനസ്സിലായില്ല. അടുത്തുവന്നപ്പോൾ ശാന്തൻ ആശ്ചര്യഭാവത്തിൽ പറഞ്ഞു "അയ്യോ! അതു ഭദ്രനാണല്ലോ." "ആരാണു് എൻെറ പേരു പറഞ്ഞതു്" എന്നു ചോദിച്ചുകൊണ്ടു് ആ ശാസ്ത്രധനായ യോദ്ധാവു് തിരിഞ്ഞു. "അയ്യോ, യജമാനന്മാരെ എവിടെ പോയിട്ടു വരികയാണു്? എടാ—ശാന്താ— നീയാണു് എൻെറ പേരു വിളിച്ചതു്.

നരേന്ദ്രൻ— എടാ ഭദ്രാ നീ വിജയഭദ്രനെക്കാൾ കൂടിയ വേഷത്തിലാണല്ലോ നടക്കുന്നതു്. ഇതൊക്കെ എങ്ങനെ കിട്ടി.

ഭദ്രൻ— എന്നെ ഒരു ചെറിയ സംഘത്തിൻെറ നേതാവാക്കിയിരിക്കയാണു്. എൻെറ യജമാനനെ നിങ്ങൾ വല്ലവരും കണ്ടോ? സിംഹളദ്വീപിൽ പോകുന്നുവെന്നും രവീന്ദ്രൻ കുഞ്ഞിൻെറ കാര്യം അന്വേഷിച്ചുകൊള്ളണമെന്നും എൻെറ പേർക്കു എഴുതിയയച്ചിരുന്നു.

നരേന്ദ്രൻ—ഞങ്ങളൊരുമിച്ചാണു് വന്നതു്. കനകപുരത്തിൽ പോയിരിക്കയാണു്. അക്കുട്ടെ രവീന്ദ്രനു് വിശേഷമൊന്നുമില്ലല്ലോ.

ഭദ്ര— അവൻ ദിനേശപുരത്തു കൂടെക്കൂടെ എഴുതിയയ്ക്കുന്നുണ്ടായിരുന്നു. കുഞ്ഞു സുഖമായിരിക്കുന്നു. ഇവിടെ വന്നു യുദ്ധത്തിൽ പങ്കുകൊള്ളണമെന്നാണു് ആഗ്രഹം. അച്ഛൻെറ

അനുമതി കൂടാതെ പാടില്ലെന്നു ഞാൻ അറിയിച്ചതുകൊണ്ടു് അങ്ങേ താമസിക്കയാണു്.

അവർ ഭദ്രനോടു യാത്ര പറഞ്ഞിട്ടു സിംഹളദ്വീപിലെ വിധവയായ രാജ്ഞി താമസിക്കുന്ന മഹിളാമന്ദിരത്തിലേക്കു പോയി. മന്ദിരത്തോടടുത്തപ്പോൾ നരേന്ദ്രന്റെ നെഞ്ചു ശക്തിയോടെ ഇടിക്കുവാൻ തുടങ്ങി. അവർ വന്നിരിക്കുന്ന വിവരമറിഞ്ഞപ്പോൾ രാജ്ഞി തന്നെ വന്നു കതകു തുറന്നു് അവരെ അകത്തേക്കു ക്ഷണിച്ചു. നരേന്ദ്രന്റെ മുഖഭാവം കണ്ടപ്പോൾ രാജ്ഞിയുടെ മുഖം വിവർണ്ണമായി. ആ സ്ത്രീരത്നത്തിന്റെ അധരങ്ങൾ വിറയ്ക്കുവാൻ തുടങ്ങി. സങ്കടവാർത്തയായിരിക്കും അറിയുവാൻ പോകുന്നതെന്നു ഭയപ്പെട്ടതിനാൽ കൈകാലുകൾ തളർന്നു. അവശതയോടെ രാജ്ഞി ഒരു കസാലയിൽ ഇരുപ്പായി. അല്പസമയം കഴിഞ്ഞു രാജ്ഞി പറഞ്ഞു.—

"പ്രഭോ, നിങ്ങളുടെ മുഖത്തു് നിരാശ നിഴലിച്ചിരിക്കുന്നു. കൈകൾ വിറയ്ക്കുന്നു. എന്തോ പറയുന്നതിനു നിങ്ങളുടെ അധരങ്ങൾ ചലിക്കുന്നെങ്കിലും വാക്കുകൾ വെളിയിൽ വരുന്നില്ല. എന്റെ ഭർത്താവിനെന്തു സംഭവിച്ചു? പറയണം." വളരെ സാഹസപ്പെട്ടു് ധൈര്യമവലംബിച്ചുകൊണ്ടു നരേന്ദ്രൻ പറഞ്ഞു. "മഹാരാജ്ഞി ഈശ്വരേച്ഛയാണെന്നു് സമാശ്വസിച്ചു ധൈര്യമായിരിക്കണം. രാജാവു് വധിക്കപ്പെട്ടുപോയി." രാജ്ഞി ഒന്നു നെടുവീർപ്പിടുന്നതിനോ ഒരക്ഷരം പറയുന്നതിനോ ശക്തിയില്ലാതെ ബോധരഹിതയായി, ഒരു വശത്തേക്കു ചരിഞ്ഞു! അടുത്തുനിന്ന പരിചാരിക ആ നിർഭാഗ്യയെ കൈകളിൽ താങ്ങി.

"ശേഖരാ! എനിക്കൊരു നിമിഷംപോലും ഇവിടെ നിൽക്കുവാൻ പാടില്ല. ഞാനും താഴെ വീണു പോകും. നമുക്കു പോകാം."

# അദ്ധ്യായം ൩൫

വിജയൻ പറഞ്ഞ തീയതി കഴിഞ്ഞു. എന്നിട്ടും ആ വില്ലാളിവീരനെ കാണുന്നില്ല. നരേന്ദ്രനും ശേഖരനും പരിഭ്രമിച്ചു.

നരേ—ശേഖരാ! നമ്മുടെ വിജയനേയും ഉപേന്ദ്രനേയും ആ സ്വാമിയാർ പിടിച്ചു കാരാഗൃഹത്തിലടച്ചിരിക്കയാണ്. വിജയൻ വാക്കു പറഞ്ഞാൽ വ്യത്യാസപ്പെടുത്തുകയില്ല. ആ നന്ദികെട്ട സ്വാമിയാർ നിശ്ചയമായും അവരെ വല്ല കല്ലടാവിലും ഇട്ടിരിക്കയാണ്. അയാൾ ദ്രോഹിയും ചതിയനുമാണ്. അവരെ കൊല്ലിക്കുവാനും മടിക്കയില്ല.

ശേഖ—നമുക്കവരെ അന്വേഷിച്ചു പുറപ്പെടാം. അവരെങ്ങനെ പിടിക്കപ്പെട്ടുവെന്നും എവിടെയാണെന്നും അറിയണം.

നരേ—നമ്മൾ നാലുപേരും ഒരു ജഡവും ആത്മാവും എന്നപോലെയാകണമെന്നാണ് ഈശ്വര കല്പിതം. വിജയനും ഉപേന്ദ്രനും എത്ര പ്രാവശ്യം നമുക്കുവേണ്ടി ജീവൻ ഉപേക്ഷിക്കുവാൻ തയ്യാറായിട്ടുണ്ട്. നമുക്കവരെ അന്വേഷിക്കാം. അവരുടെ കൂടെ നമുക്കും മരിക്കാം.

രണ്ടുപേരും പാണ്ഡ്യദേശത്തുള്ള പല സത്രങ്ങളിലും വേണ്ട അന്വേഷണങ്ങൾ നടത്തി. പലയിടത്തും വില്ലാളികൾ കയറി വിശ്രമിച്ചിട്ടുള്ളതായി അറിയാം. എങ്കിലും അവരെപ്പറ്റി മറ്റു വിവരങ്ങൾ ഒന്നും ഗ്രഹിച്ചില്ല. ഒടുവിൽ കലേപുരത്തു പത്തു മൈൽ കിഴക്കായി സ്ഥിതി ചെയ്യുന്ന ഒരു സത്രത്തിൽ നരേന്ദ്രനും, ഉപേന്ദ്രനും ചെന്നു കയറി. വില്ലാളികൾ രണ്ടുപേരുടെയും ആകൃതിവിവരം സത്രമുടമസ്ഥനെ ധരിപ്പിച്ചിട്ട് അങ്ങനെയുള്ളവർ അടുത്തകാലത്തെപ്പോഴെങ്കിലും അവിടെ താമസിച്ചിട്ടുണ്ടോ എന്നു ചോദിച്ചു. സത്രമുടമസ്ഥൻ അകത്തു കയറി പെട്ടി തുറന്ന് ഒരു വാളിന്റെ മുറി കൊണ്ടു വന്നു കാണിച്ചു.

നരേ—ഹ! ഇതു വിജയൻെറ വാളിൻെറ ഒരംശമാണ്.

സത്രമുടമസ്ഥൻ—അവർ നിങ്ങൾ രണ്ടുപേരുടെയും സ്നേഹിതന്മാരാണോ?

നരേന്ദ്രൻ—അതെ അവർക്കെന്തു സംഭവിച്ചു.

സത്രമുടമസ്ഥൻ— അവർ അതിവേഗത്തിൽ വന്ന് എൻെറ സത്രത്തിൽ കയറി. പുറകെ പത്തു പട്ടാളക്കാരും എത്തി. പിന്നെ ഉണ്ടായ കോലാഹലം എന്തുപറയട്ടെ. എൻെറ കെട്ടിടത്തിൻെറ തളം പടക്കളമായി. വണ്ണം കുറഞ്ഞ ആൾ ചീറിക്കൊണ്ട് പട്ടാളക്കാരോടേറ്റു. ഭീമനെപ്പോലെ ഇരിക്കുന്ന മറേറ ആളിൻെറ ഗർജ്ജനം കൊണ്ട് ഈ കെട്ടിടം കുലുങ്ങി. പട്ടാളക്കാരുടെ എണ്ണം തികയാഞ്ഞിട്ട് വേറെ ഇരുപതു പേർ കൂടി വന്നു. ഒടുവിൽ അവരെ ബന്ധനസ്ഥരാക്കി കൊണ്ടുപോയി.

ശേഖരൻ— അവർക്കു വല്ലതും പററിയോ?

സത്രമുടമസ്ഥൻ—അവർക്കു ഒരു പോറൽ പോലുമില്ലായിരുന്നു.

നരേന്ദ്രൻ—അത്രയെങ്കിലും സമാധാനമായി. ഭടന്മാർ അവരെ എവിടേക്കാണ് കൊണ്ടുപോയതെന്നറിയാമോ?

സത്രമുടമസ്ഥൻ—ഞാനൊന്നും അറിയാൻ പാടില്ല.

അവർ അവിടെ നിന്നിറങ്ങി.

ശേഖരൻ—ഇനിയും എന്താണ് ചെയ്യേണ്ടത്?

നരേന്ദ്രൻ—നമ്മുടെ പ്രതിപുരുഷന്മാരിൽ ചിലർ സന്ധിവ്യവസ്ഥകളെപ്പററി കമലപുരത്തിൽ സ്വാമിയുമായി ആലോചിക്കുകയാണ്. നമുക്കും അവിടെ പ്രവേശം കിട്ടും. ഞാൻ രാജ്ഞിയെ നേരിട്ടുകണ്ട് നമ്മുടെ സ്നേഹിതന്മാരെ വിട്ടയക്കുന്നതിനപേക്ഷിക്കും.

ശേഖരൻ—കടുവക്കൂട്ടിൽ കൊണ്ടുചെന്ന് തലയിടുകയല്ലേ?

നരേന്ദ്രൻ—അല്ലാതെ തരമില്ല. എന്നെയും തടവിലാക്കട്ടെ. ശേഖരൻ വെളിയിലുണ്ടല്ലോ. ഞങ്ങളെ സ്വതന്ത്രരാക്കുന്നതിനു വേണ്ട ശ്രമം ചെയ്തുകൊണ്ടാൽ മതി.

രണ്ടുപേരും കമലപുരത്തിലെത്തി. ഒരു പ്രഭുവായതുകൊണ്ട് നരേന്ദ്രന് പ്രയാസം കൂടാതെ രാജ്ഞിയെ കാണുന്നതി

ന്ന് അവസരം ലഭിച്ചു. രാജ്ഞിയുടെ മുറിയിൽ നരേന്ദ്രൻ പ്രവേശിച്ചു. സ്വച്ഛന്ദമായി രാജ്ഞിയോടു സംഭാഷണം ചെയ്യാമെന്നുള്ള സന്തോഷത്തോടെ അദ്ദേഹം ചുററും നോക്കിയപ്പോൾ അടുത്തൊരു മേശയുടെ അരികിൽ കുറെ കടലാസ്സുകൾ നോക്കിക്കൊണ്ടു സ്വാമിയാർ ഇരിക്കുന്നു. ഏതായാലും ചെന്നകാര്യം കൂസൽകൂടാതെ പറയുകതന്നെ എന്നു നരേന്ദ്രൻ തീർച്ചപ്പെടുത്തി.

രാജ്ഞി—പ്രഭോ! നിങ്ങൾ വന്ന കാര്യമെന്തെന്നറിഞ്ഞാൽ കൊള്ളാം.

നരേന്ദ്രൻ—തിരുമേനിയെ വിശ്വസ്തതയോടുകൂടി സേവിച്ചു വരുന്ന രണ്ടു പേരാണ് വിജയഭദ്രനും ഉപേന്ദ്രനും. അവരെ സ്വാമിയാരദ്ദേഹം സിംഹളദ്വീപിലേക്കയച്ചിരുന്നു. അവർ തിരിയെ നാട്ടിൽ വന്നപ്പോൾ കാണാതെയായിരിക്കുന്നു, സ്വാമിയാർ ശ്രദ്ധിച്ചു കേട്ടു.

രാജ്ഞി—(ഗർവ്വോടെ) അതിനു ഞാനെന്തുവേണം.

നരേന്ദ്രൻ—മഹാരാജ്ഞിയുടെ നല്ലമനസ്സിനെ ആശ്രയിച്ച് അവരെപ്പററിയുള്ള വിവരം ഗ്രഹിക്കാനാണ് അടിയൻ വന്നതു്.

രാജ്ഞി—(കോപാഹങ്കാരങ്ങളോടുകൂടി) പോലീസുകാരോടു ചോദിച്ചറിയണം. ഞങ്ങൾ ഗൌരവതരങ്ങളായ രാജ്യകാര്യങ്ങളെപ്പററി ആലോചിക്കുമ്പോൾ ഈ നിസ്സാര കാര്യം പറഞ്ഞു സമയം നഷ്ടപ്പെടുത്തുവാനാണോ വന്നതു്.

നരേന്ദ്രൻ—ഇതത്ര നിസ്സാരമല്ല. അവർ അടിയൻെറ ഉററസ്നേഹിതന്മാരാണ്. നരേന്ദ്രൻ, ഉപേന്ദ്രൻ, ശേഖരൻ, വിജയഭദ്രൻ എന്നു നാലുപേരെപ്പററി തിരുമനസ്സുകൊണ്ടു കേട്ടുകാണുമായിരിക്കും. നരേന്ദ്രൻ അടിയനാണ്. പോലീസുകാരോടു ചോദിച്ചാൽ അറികയില്ല. സ്വാമിയാരദ്ദേഹത്തിനു മുഴുവൻ അറിയാം.

സ്വാമിയാർ വേഗം എഴുന്നേററു നരേന്ദ്രൻെറ അടുക്കൽ വന്നു പറഞ്ഞു. പ്രഭോ, ഞാൻ പറയാം. അവർ [illegible] അനുസരണക്കേടു കാണിച്ചതുകൊണ്ട് അവരെ ബന്ധനസ്ഥരാക്കിയിരിക്കയാണ്.

നരേ—എന്നാൽ ഞാൻ മഹാരാജ്ഞിയോട് അപേക്ഷിക്കുന്നു. അവരെ സ്വാതന്ത്ര്യരാക്കണം.

രാജ്ഞി—എനിക്കതിൽ കാര്യമില്ല. അവരെ നിയമിക്കയും നീക്കുകയും ചെയ്യുവാൻ അധികാരിയുണ്ട്.

നരേ—എന്നാൽ അടിയൻ പോകുകയാണ്. രാജ്ഞി ആവശ്യപ്പെട്ടപ്പോൾ വിജയരുദ്രൻ ഇങ്ങനെ ഒഴികഴിവുകൾ ഒന്നും പറഞ്ഞില്ല.

സ്വാമിയാർ നരേന്ദ്രനെ തടഞ്ഞുനിർത്തി.

"നിങ്ങൾ പോകാൻ വരട്ടെ. നിങ്ങളും സിംഹളദ്വീപുവരെ പോയിരുന്നു. ഇല്ലേ?"

നരേ—അതെ, നിർഭാഗ്യവാനായ ഒരു മഹാരാജാവിന്റെ അന്ത്യസമയംവരെ ഞാൻ അദ്ദേഹത്തെ വിശ്വസ്തതയോടുകൂടി സേവിച്ചു. സിംഹാസനങ്ങൾക്ക് ഉറപ്പില്ലാത്ത കാലമാണിത്. ഞങ്ങളുടെ നാലുപേരുടെയും ജോലി നിർഭാഗ്യരായ രാജാക്കന്മാരെയും രാജ്ഞിമാരെയും സഹായിക്കുകയെന്നുള്ളതാണ്. 'വിജയരുദ്രൻ ആദ്യം സിംഹളദ്വീപിൽ പോയതു' ആപത്തിൽപ്പെട്ടുഴൽകൊണ്ട ഒരു രാജ്ഞിയുടെ മാനത്തെ രക്ഷിക്കാനായിരുന്നു. ഈ പ്രാവശ്യം പോയതു യാതൊരു സഹായവുമില്ലാതെ പ്രാണരക്ഷാർത്ഥം ഓടിനടന്ന ഒരു രാജാവിനെ സഹായിക്കാനായിരുന്നു.

രാജ്ഞി ഞെളിപിരികൊണ്ടു— സ്വാമിയാരോടു പറഞ്ഞു. "പ്രഭോ! ഈ ആളിന്റെ ഇഷ്ടപ്രകാരം വല്ലതും ചെയ്യാമോ എന്നുനോക്കണം."

സ്വാമി—തിരുമനസ്സിൽനിന്നു കല്പിക്കുന്നതുപോലെ ചെയ്യാം. ദിവാകരപ്രഭോ! നിങ്ങളുടെ സ്നേഹിതന്മാരെ നിങ്ങൾക്കു താമസിയാതെ കാണ്മാൻ കഴിയും.

രാജ്ഞി—പ്രഭോ! ഇനിയും നിങ്ങൾക്കു പോകാം.

നരേന്ദ്രൻ വെളിയിലിറങ്ങിയ ഉടൻ രാജ്ഞി സ്വാമിയാരോടു പറഞ്ഞു. "ആ അധികപ്രസംഗിയെ വിടരുത്. ഉടൻ തടവിലാക്കണം."

സ്വാമി—ഞാൻ അതാലോചിക്കയായിരുന്നു. അയാളെയും കൂട്ടിമുടച്ചെങ്കിലേ സമാധാനമുള്ളു.

നരേന്ദ്രൻ, വെളിയിലിറങ്ങി, രാജ്ഞിയെ കണ്ടവിവരം ശേഖരനോടു പറഞ്ഞുകൊണ്ടു നിൽക്കുമ്പോൾ, കമലേശൻ എത്തിച്ചേർന്നു.

കമലേ—ദിവാകരപ്രഭോ! എനിക്കൊരിക്കലും ഇഷ്ടമി

ല്ലാത്ത ഒരു കൃത്യം നിർവഹിക്കാനാണു ഞാൻ അങ്ങയുടെ അടുക്കൽ വന്നിരിക്കുന്നതു്?

നരേ—എന്താണതു്? കേൾക്കട്ടെ.

കമലേ—അങ്ങയുടെ വാൾ ഇങ്ങുതരണം.

നരേ—ഞാൻ ഇതു സംശയിച്ചിരുന്നു. ഇതാ എന്റെ വാൾ. ഞാൻ തടവിൽ നിന്നിറങ്ങുമ്പോൾ ആ വാൾ തിരിയെ തരണം. കഴിഞ്ഞ സ്വാമിയാരുടെ കാലത്തു യോഗ്യന്മാർക്കു വാളുകൾ തരികയായിരുന്നു. ഈ സ്വാമിയാർകോലത്തിന്റെ കാലത്തു യോഗ്യന്മാരുടെ വാളുകൾ എടുക്കുകയാണു്. ശേഖരാ, സ്നേഹ[illegible]. പിന്നീടു കണ്ടുകൊള്ളാം. കമലേശാ എവിടേയ്ക്കാണു് എന്നെ കൊണ്ടുപോകുന്നതു്?

കമലേ—തൽക്കാലം എന്റെ മുറിയിൽപോകാം. അങ്ങയെ എവിടെ താമസിപ്പിക്കണമെന്നു് സ്വാമിയാർ കല്പിച്ചിട്ടില്ല.

സന്ധ്യയായപ്പോൾ കമലേശൻ നരേന്ദ്രന്റെ അടുക്കൽ വന്നു പറഞ്ഞു: "പ്രഭോ! സ്വാമിയാർ ഇവിടെനിന്നു രണ്ടു മൈൽ അകലെയുള്ള ഒരു കോട്ടയിലാണു രാത്രി താമസിക്കുന്നതു്. ആ കോട്ടയിലുള്ള ഒരു മുറിയിൽ ആണു് അങ്ങയുടെ സ്നേഹിതന്മാരെ പാർപ്പിച്ചിരിക്കുന്നതു്. ഇപ്പോൾ സ്വാമിയാർ അങ്ങോട്ടു യാത്രയാകും. അങ്ങയെ കൂട്ടിക്കൊണ്ടു പോകുവാൻ ഉത്തരവായിരിക്കുന്നു."

നരേന്ദ്രന്റെ മുഖം സന്തോഷം കൊണ്ടു വികസിച്ചു. സ്നേഹിതന്മാരെ പൂട്ടിയിരിക്കുന്ന കോട്ടയിൽ താമസിക്കുന്നതു പ്രീതികരമായി അദ്ദേഹത്തിനു തോന്നി.

സ്വാമിയാരുടെ വണ്ടിയുടെ പിറകിലായി കമലേശനും കുറേ പട്ടാളക്കാരും കൂടി നരേന്ദ്രനെയും കൊണ്ടു കോട്ടയിലേക്കു പോയി.

അവിടെ ചെന്നയുടൻ കമലേശൻ സ്വാമിയാരുടെ അടുക്കൽ ചേർന്നുനിന്നുകൊണ്ടു ദിവാകരപ്രഭു അദ്ദേഹത്തിന്റെ സ്നേഹിതന്മാരുടെ കൂടെ താമസിക്കുവാൻ ഇഷ്ടപ്പെടുന്നുവെന്നുള്ള വിവരം അറിയിച്ചു.

സ്വാമി—അതു വേണ്ട. അവരൊരുമിച്ചു താമസിച്ചാൽ അപകടമാണു്. അതു തന്നെയല്ല എനിക്കു പ്രഭുവിനെ രഹ

സ്വാമിയെ സന്ദർശിച്ച കാര്യങ്ങൾ പറയാനുണ്ട്. അദ്ദേഹത്തെ വേറൊരു മുറിയിലാക്കി കാവലിട്ടു കൊള്ളണം.

സ്വാമിയാർ അകത്തേക്കു പോയി. കമലേശൻ നരേന്ദ്രന്റെ അടുക്കൽ വന്നു പറഞ്ഞു.

"പ്രഭോ സാദ്ധ്യമല്ല."

നരേ—എന്നാൽ നിങ്ങളൊരു സഹായം ചെയ്യണം. അനന്തരം ഇവിടെ ഒരു മുറിയിൽ കിടപ്പുണ്ടെന്നു വിജയനെ അറിയിക്കണം.

കമ—അങ്ങനെതന്നെ.

നരേ—എന്റെ കമലേശാ സ്നേഹിച്ചു സേവിക്കുന്നവർക്കൊക്കെ പ്രതിഫലമിതാണ്. വിജയൻ ധീരൻ—സമർത്ഥൻ—സ്വാമിഭക്തൻ, എന്നിട്ടെന്തു ലഭിച്ചു. വിജയനെയും ഉപേന്ദ്രനെയും കൂട്ടിലടച്ചു സൂക്ഷിക്കുന്ന നിങ്ങളെ സമ്മതിക്കേണ്ടിയിരിക്കുന്നു.

കമലേ—എന്തു പറയുന്നു. മുറിയിലടച്ച സമയം വിജയൻ സ്വാമിയാരുടെ പട്ടാളക്കാരെ എല്ലാവരേയും വെല്ലുവിളിച്ചു. പിന്നെയൊന്നൊതുങ്ങി. ഇപ്പോൾ നല്ലപാട്ടും ചിരിയുമൊക്കെയാണ്.

നരേ—ഉപേന്ദ്രനോ?

കമ—ഭയങ്കരം. ആദ്യത്തെ ദിവസം കുതകുചവുട്ടി പൊളിച്ചു. പിന്നെ ഞങ്ങളെയെല്ലാം പ്രയാസപ്പെട്ടു. ഇപ്പോൾ ഒരു വിധം മര്യാദയായി. എങ്കിലും അട്ടഹാസവും ചിരിയുമൊക്കെയാണ്.

സ്വാമിയാരുടെ നിർദ്ദേശപ്രകാരം ദിവാകരപ്രഭുവിനോടു മാന്യമായ നിലയിൽ കാവൽക്കാർ പെരുമാറി അദ്ദേഹത്തിനു വേണ്ട എല്ലാ സൗകര്യങ്ങളും ഉണ്ടാക്കിക്കൊടുത്തു.

# അദ്ധ്യായം നാലു

കോട്ടയിലെ ഒരു മുറിയിൽ വിജയൻ എന്തൊക്കെയോ ആലോചിച്ചുകൊണ്ടു് അക്ഷമനായി അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു. ഉപേന്ദ്രൻ ശാപ്പാടും കഴിഞ്ഞു ഒരു പലകക്കട്ടിലിൽ കിടന്നുറക്കം തുടങ്ങി.

വിജയൻ—എടോ സന്ധ്യയാകാറായി. നമ്മൾ ഇവിടെ കയറിയിട്ടു ഏഴുദിവസമായല്ലൊ.

ഉപേന്ദ്രൻ "ഹും" എന്നു മൂളിക്കൊണ്ടു തിരിഞ്ഞു കിടന്നു.

വിജയൻ—എടോ കുംഭകർണ്ണാ, കേട്ടില്ലേ ഏഴു ദിവസമായി.

ഉപേന്ദ്രൻ—തന്റെ കുററമാണു്.

വിജ—എന്റെ കുററമോ"?

ഉപേ_അന്നേ രക്ഷപ്പെടാൻ മാർഗ്ഗം പറഞ്ഞതല്ലൊ. തന്റെ തന്നിഷ്ടം.

വിജ_ജനലിന്റെ അഴികളൊടിച്ചു വെളിക്കു ചാടാമെന്നല്ലയോ പറഞ്ഞതു്. കാവൽപടയാളികളെത്രയുണ്ടെന്നറിയാമൊ. നിരായുധരായ നാം എന്തു ചെയ്യും?

ഉപ_അവരുടെ ആയുധങ്ങൾ പിടിച്ചുപറിക്കും.

വിജ_വലിയ നാക്കുകൊണ്ടു പറയാം. ചാകാനുള്ള മാർഗ്ഗമെ തന്റെ തലയിൽ കയറുകയുള്ളു.

ഉപ_എന്നാൽ അവിടെ ഇരിക്കു. ഞാനുറങ്ങട്ടെ.

വിജ_എടോ, ഉറങ്ങി ഉറങ്ങി ബുദ്ധികെട്ടതാണു്. താൻ എഴുന്നേൽക്കു. നമുക്കു ശാന്തമായി ആലോചിക്കാം.

"ഞാനെന്തുവേണം പറയൂ" എന്നു പറഞ്ഞു് ഉപേന്ദ്രൻ എഴുന്നേററിരുന്നു.

വിജയൻ—താൻ കാവൽക്കാരോടു മര്യാദയ്ക്കു സംസാരിക്കണം. കൈ ചുരുട്ടിപ്പിടിച്ചുകൊണ്ടു ചെന്നാൽ അവരെ ഇണക്കുവാൻ സാധിക്കുമോ? പലകാര്യങ്ങൾ അവരിൽ നിന്നു ഗ്രഹിക്കാനുണ്ടു്.

വാതിൽ തുറന്നു കുലശേഖരൻ മുമ്പിലായും ഒരു പരിചാ

കൻ ഭക്ഷണസാധനങ്ങൾ വഹിച്ചുകൊണ്ടു പിറകിലായും മുറിയിൽ പ്രവേശിച്ചു.

ഉപേന്ദ്രൻ— ഉണക്കച്ചോറും ചിരക്കറിയും വന്നു. കൊണ്ടുപോരാം

വിജയൻ— ഉപേന്ദ്രനു് ഇയ്യിടെ ഭക്ഷണത്തിനു രുചിയില്ല.

കമലേശൻ— ഒരു സന്തോഷവർത്തമാനം പറയാം. അപ്പോൾ രുചിയുണ്ടാകും.

ഉപേന്ദ്രൻ—എന്താണു് സ്വാമിയാർ ചത്തോ

കമലേശൻ—അദ്ദേഹത്തിനു പൂർണ്ണസുഖമാണു്.

ഉപേന്ദ്രൻ—എന്നാലൊരു സന്തോഷവുമില്ല.

വിജയൻ—എന്താണു വിശേഷവർത്തമാനം.

കമലേശൻ—ദിവാകരപ്പിള്ള ഇവിടെയുണ്ടു്.

വിജ—എവിടെ?

കമ—മുകളിലൊരുമുറിയിൽസുഖമായി പാർപ്പിച്ചിരിക്കുന്നു.

വിജയൻ ഉപേന്ദ്രനെ നോക്കി.

വിജയൻ—അപ്പോൾ അദ്ദേഹവും തടവിലായി.

കമലേശൻ—ഹേയ്—അല്ല അദ്ദേഹത്തെ അതിഥിയെപ്പോലെ സ്വാമിയാർ ഗണിക്കുന്നു. ഇന്നു രാത്രി സ്വാമിയാർ അദ്ദേഹത്തെ സന്ദർശിക്കുന്നുണ്ടു്.

വിജയൻ—സ്വാമിയാരുടെ കൂടെ വല്ലവരും കാണുമായിരിക്കുമല്ലോ. ദിവാകരപ്പിള്ള വിഷമക്കാരനാണു്.

കമലേശൻ—(ചിരിച്ചുകൊണ്ടു്) അദ്ദേഹത്തിനു ഭയമൊന്നുമില്ല. രണ്ടു പട്ടാളക്കാർ കൂടെ കാണും.

വിജയൻ—സ്വാമിയാർ സമർത്ഥൻ തന്നെ. ഒരുപകാരം ചെയ്യണം. സ്വാമിയാരദ്ദേഹത്തെ ഞങ്ങൾ കാണുവാൻ ആഗ്രഹിക്കുന്നതായി പറയണം.

കമലേശൻ—അതിനെന്തു പ്രയാസം? അദ്ദേഹം ഈ വരാന്തവഴി വന്നായിരിക്കും മുകളിലേക്കു പോകുന്നതു്. നിങ്ങൾ ജനലിങ്കൽ നില്ക്കണം.

ഉപേന്ദ്രൻ—എനിക്കു കാണേണ്ടാ. രണ്ടുദിവസം ജയിലിൽ കിടന്നപ്പോഴേക്കു വിജയൻ പട്ടിയായി.

വിജയൻ—(ചിരിച്ചുകൊണ്ടു) കമലേശാ ഇയ്യാൾ ഒരു മുരടുശീലക്കാരനാണു്. ഇങ്ങനെയൊക്കെ പറയും.

കമലേശൻ അവിടെ നിന്നു പോയി.

ഉപേന്ദ്രൻ—"എന്താ വിജയാ തനിക്കു ഭ്രാന്തുപിടിച്ചോ?

വിജയൻ—"അല്ലാ, തടിമിടുക്കാ നമ്മൾ രക്ഷപെട്ടു.

ഉപേന്ദ്രൻ—"എങ്ങനെ? വെളിയിലുണ്ടായിരുന്ന രണ്ടു പേരിൽ ഒരാൾ കൂടി എലിക്കൂട്ടിലായി.

വിജയൻ—രണ്ടുപേർക്കു് ഈ എലിക്കൂടു ബലമുള്ളതായിരുന്നു. മൂന്നു പേരായപ്പോൾ ഇതിന്റെ ബലം കുറഞ്ഞുപോയി.

ഉപേന്ദ്രൻ—"എനിക്കു മനസ്സിലാകുന്നില്ല

വിജയൻ—തനിക്കു മനസ്സിലാകുകയില്ല. ദേഹമിളക്കാതെ അവിടെ ഇരിക്കു. ഇന്നു രാത്രി കുറെ ജോലിയുണ്ടു്.

ഉപേന്ദ്രൻ—കാര്യം പറയൂ.

വിജയൻ—ഭക്ഷണം കഴിയട്ടെ. അകത്തു വല്ലതും ചെന്നാൽ തന്റെ തല നേരെ നിൽക്കും. അപ്പോൾ പറയാം.

ഒരു സമയത്തൊന്നു് എന്നുള്ള പ്രമാണം ഉപേന്ദ്രൻ ഭക്ഷണസമയത്താണു് സാധാരണ പരിപാലിക്കാറുള്ളതു്. യാതൊന്നും മിണ്ടാതെ ഭക്ഷണത്തിൽ മാത്രം ശ്രദ്ധ പതിപ്പിച്ചുകൊണ്ടിരുന്ന ഉപേന്ദ്രൻ തല പൊക്കിനോക്കിയപ്പോൾ കൂടുതൽ പ്രസന്നത വിജയന്റെ മുഖത്തു കളിയാടി കണ്ടതിനാൽ ആ വീരാഗ്രേസരൻ എന്തോ ഉപായം കണ്ടുപിടിച്ചിട്ടുണ്ടെന്നു അനുമാനിച്ചു.

ഭക്ഷണം കഴിച്ചുശേഷം വിജയൻ പറഞ്ഞു. "ആയുധം കരസ്ഥമാക്കുന്നതിനു നല്ല വിദ്യയാണു്. താൻ പറഞ്ഞതു്"

ഉപേ—അതിനൊത്തു അറകേട്ടു്. ഒരു ചവിട്ടിനു് ഈ കതകു പൊളിക്കും. ആദ്യം നേരിടുന്ന പട്ടാളക്കാരന്റെ ആയുധം കൈയ്ക്കലാക്കുകയും ചെയ്യും.

വിജ—എന്നിട്ടുപിന്നെ വരുന്നവന്റെയൊക്കെ ഇടിമേടിക്കും.

ഉപേന്ദ്രൻ—എന്നാൽ തന്റെ ബുദ്ധിയൊന്നു കേൾക്കട്ടെ.

വിജ—എന്നാൽ പറയാം. ഇനിയും കഷ്ടിച്ചു പതിനഞ്ചു മിനിററു കഴിയുമ്പോൾ പതിവുപോലെ ആ കാവൽപടയാളികൾ ജനലിന്റെ അപ്പുറത്തുള്ള വരാന്തവഴി അങ്ങോട്ടുമിങ്ങോട്ടും നടക്കും.

ഉപേ—അതിന്നു നമുക്കെന്തു വേണം.

വിജ—പിടയ്ക്കാതിരിക്കൂ. മുഴുവൻ പറയട്ടെ. തന്റെ കൈയ്ക്കു നല്ല ബലമുണ്ടോ?

ഉപേന്ദ്രൻ "ഇതാ, നോക്കു" എന്നു പറഞ്ഞുകൊണ്ടു് ഉടുപ്പിന്റെ കൈയ് മാററി, തോളുടെ വലിപ്പത്തിൽ ഉരുണ്ടുകയറി വന്ന മാംസപേശികളും പിടച്ചുനിന്ന ഞരമ്പുകളും കാണിച്ചുകൊടുത്തു.

വിജ—ഭേഷ്! ബലമുണ്ടോ എന്നു പരീക്ഷിക്കട്ടെ.

ഉപേ—ഒന്നും പരീക്ഷിക്കേണ്ട. എന്തു ചെയ്യണമെന്നു പറഞ്ഞാൽ മതി. എന്നെ കളരികളും, അഭ്യാസവും പഠിപ്പിച്ച ആശാൻ ഒററയടിക്കു് ഒരു കാളയെ കൊല്ലുമായിരുന്നു. അതുപോലെ ഞാനും ചെയ്യും. എന്നാലൊരു കാര്യം ഞാൻ എത്രതന്നെ ശ്രമിച്ചിട്ടും സാധിച്ചിട്ടില്ല. അദ്ദേഹം തലയ്ക്കു ചുററും ഒരു ചരടു കെട്ടിയശേഷം, ഒരു ശ്വാസം പിടിക്കുമ്പോൾ ചരടു പൊട്ടും. എന്തോകൊണ്ടു പ്രയാസം.

വിജ—അതെന്തുകൊണ്ടെന്നറിയാമോ. തന്റെ ശക്തി തലയിലല്ല.

ഉപേന്ദ്രൻ വിജയൻ കളിയാക്കിയതു മനസ്സിലാക്കാതെ പറഞ്ഞു. "അതെ. എന്റെ കൈകൾക്കാണു്."

വിജ—എന്നാലൊരു കാര്യം ചെയ്യൂ. ആ ജനലിന്റെ ഒരഴി ഇളക്കണം.

"എപ്പോൾ?"

"ഇപ്പോൾ തന്നെ. ശബ്ദം കേൾക്കരുതു്."

ഉപേന്ദ്രൻ, രണ്ടു കൈകൾകൊണ്ടു, ഒരഴി പിടിച്ചു ശക്തി മുഴുവനും പ്രയോഗിച്ചു വലിച്ചു. ക്രമേണ അതു വളഞ്ഞു രണ്ടററവും കുഴികളിൽനിന്നു വേർപെട്ടു.

വിജ—ബലേഭേഷ്! സ്വാമിയാരുടെ തലയ്ക്കാണു ശക്തിയെങ്കിൽ തന്റെ കൈക്കാണു ശക്തി. ആരു ജയിക്കുമെന്നറിയാം.

ഉപേന്ദ്ര—മററുള്ള അഴികളും ഇളക്കണോ?

വിജ—വേണ്ട. ഒരാൾക്കു കയറാനും ഇറങ്ങാനും ഇടകിട്ടി. അതാ കാവൽക്കാരുടെ മുറി തുറക്കുന്ന ശബ്ദം കേൾക്കുന്നു. ഇപ്പോൾ രണ്ടു പേർ ഈ വഴി വരും.

ഉപേ—എന്തു ചെയ്യണം.

വിജ—ഇന്നലത്തെപ്പോലെ ഒരുവനെ വർത്തമാനം പറയുവാനായി ഞാനിങ്ങോട്ടു വിളിക്കും. ഇരുട്ടായതുകൊണ്ട് അഴി പോയവർ കാണുകയില്ല. അടുത്തു വരുമ്പോൾ താൻ കൈ നീട്ടി അവൻെറ കഴുത്തിനു ഒററപ്പിടുത്തം— ആ പിടുത്തം എങ്ങനെയുള്ളതായിരിക്കണമെന്നറിയാമല്ലോ?

"എളുപ്പം പറയു."

"അവനു നിലവിളിക്കാൻ സൗകര്യം ലഭിക്കരുത്. പിടിച്ച പിടിയാലെ വലിച്ചകത്തു"

"അവൻ ശ്വാസംമുട്ടി ചത്തുപോയെങ്കിലോ."

"ചാകട്ടെ. നിവൃത്തിയുണ്ടെങ്കിൽ കൊല്ലരുത്."

"ആകട്ടെ. ശേഷം പിന്നീട്."

"അപ്പോൾ നമുക്കൊരാൾക്കു വേഷവും വാളുമായി."

"ഭേഷ്! എനിക്കൊരു സംശയമുണ്ട്. അവൻെറ കൂട്ടുകാരൻ വെറുതെ നില്ക്കുമോ?"

"അതു അവരിൽ ഒരുവൻ വരുന്നു. ബാക്കിയുള്ളതു പിന്നീട്. ഞാൻ ചൂളമടിക്കുമ്പോൾ അവൻെറ കഴുത്തിനു...."

വിജയൻ.(പടയാളിയോട്) ശബ്ദം ചെയ്യാതെ ഒന്നു പറഞ്ഞുകൊള്ളട്ടെ. ഇത്രടംവരണം.

വിജയൻെറ മധുരസ്വരം കേട്ട് തലേരാത്രി സംഭാഷണം ചെയ്ത പടയാളി ജനലിൻെറ അടുക്കൽ വന്നു.

വിജ—ഒരു കാര്യം ചോദിക്കാനാണ്. സ്വാമിയാരദ്ദേഹത്തെ ഒന്നു കാണുവാൻ വല്ല മാർഗ്ഗവുമുണ്ടോ?

പടയാളി—അദ്ദേഹം ഒരു [illegible] കഴിയുമ്പോൾ ഇതുവഴി വരും. ഈ ജനലിങ്കൽ നിന്നാൽ മതി.

വിജയൻ—രാത്രി നിങ്ങളെപ്പോലെ അദ്ദേഹവും നടക്കാറുണ്ടോ?

വിജയൻ ചിരിച്ചുകൊണ്ടു ചൂളച്ചു. മിന്നൽവേഗത്തിൽ ഉപേന്ദ്രൻെറ കൈകൾ അഴികളുടെ ഇടയിൽ കൂടി മുമ്പോട്ടു പോയി. മുക്കുവന്മാർ പെരിയ മത്സ്യത്തെ വലക്കണ്ണിയിൽ കൂടി വലിച്ചെടുക്കുന്നതു പോലെ ആ പടയാളിയെ ഉപേന്ദ്രൻ വലിച്ച് മുറിയ്ക്കകത്താക്കിട്ടു. വിജയൻ അവൻെറ വായിൽ പഴന്തുണി തള്ളി കയററിയശേഷം വേഗം അവൻെറ ഉടുപ്പുകൾ അഴിച്ചെടുത്തു ധരിച്ചു.

വിജയൻ—ഉപേന്ദ്രാ— ഇനിയും ഈ ബുദ്ധിവേണോ. വേ

ഗം വരാന്തയിലിറങ്ങു. മററവൻ ഇപ്പോൾ ഈ വഴി വരും. ഈ പ്രയോഗം തന്നെ അവനോടും. എന്നിട്ടിങ്ങോട്ടു തള്ളണം.

ഉപേന്ദ്രൻ ഞെരിഞ്ഞെരുങ്ങിയിറങ്ങി വരാന്തയിൽ ഭിത്തിയോടു ചേർന്നു നിന്നു. തന്റെ കൂട്ടുകാരനായിരിക്കണമെന്നോർത്ത് ആ പടയാളി അടുത്തുവന്നപ്പോൾ ഉപേന്ദ്രൻ ഒരു ചാട്ടത്തോടെ അവന്റെ പിടലിക്കു പിടികൂടി വലിച്ചിഴച്ചു കൊണ്ടുവന്നു ജനലിങ്കൽ കൂടി മുറിയിലേക്കു തള്ളി. വിജയൻ ഒന്നാമനെ സ്വീകരിച്ചതുപോലെ തന്നെ രണ്ടാമനേയും സ്വീകരിച്ചു.

വിജയൻ—ഉപേന്ദ്രാ, ഇതാ ഈ ഉടുപ്പുകൾ താൻ ധരിക്കു. കുറേ മുറുക്കമായിരിക്കും.

രണ്ടാമത്തെ പടയാളി സാമാന്യത്തിലധികം വലിപ്പമുള്ളവനായിരുന്നതു ഭാഗ്യമായി. എന്നിട്ടും തയ്യൽ അവിടവിടെ വേർപ്പെട്ടതിനാലാണ് ഉടുപ്പുകൾ ഉപേന്ദ്രനു ചേർന്നതു്. പടയാളികളെ രണ്ടു പേരെയും വരിഞ്ഞു കെട്ടിയ ശേഷം വിജയൻ പറഞ്ഞു. ചെങ്ങാതികളെ നിങ്ങൾ രണ്ടുപേരും അനങ്ങാതെ കിടന്നു കൊള്ളണം. ഒരാപത്തും വരുകയില്ല. അല്ലെങ്കിൽ അനുഭവമറിയാമല്ലൊ. അവർ അനങ്ങിയില്ല. കാര്യം അത്ര നിസ്സാരമല്ലെന്ന് ഉപേന്ദ്രന്റെ കയ്യുടെ രുചി അനുഭവിച്ച ആ പാവങ്ങൾക്കു അറിയാമായിരുന്നു.

വിജയനും ഉപേന്ദ്രനും വരാന്തയിലിറങ്ങി. വിജയൻ മന്ത്രിച്ചു. ഇനിയും ഒന്നും മിണ്ടരുതു്. ഇനി തവണക്കാർ നമ്മളാണ്. വരാന്തവഴി നടക്കാം. കുറേ കഴിഞ്ഞപ്പോൾ അകലെയുള്ള ഒരു വാതിൽ തുറന്ന് ഒരുവൻ ഒരു റാന്തലുമായി വരാന്തയിൽ കയറി. അതു സ്വാമിയാരാണെന്നു നിഷ്പ്രയാസം ഗ്രഹിച്ചുകൊണ്ടു വിജയനും ഉപേന്ദ്രനും അങ്ങോട്ടു നടന്നു. സ്വാമിയാർ ഗൗരവഭാവത്തിൽ അവരെ നോക്കാതെ ആംഗ്യം കൊണ്ടവർ അദ്ദേഹത്തെ അനുഗമിക്കേണ്ടതിനാജ്ഞാപിച്ചിട്ടു വരാന്തവഴി നടന്ന് അവർ കിടന്നിരുന്ന മുറിയുടെ ജനലിന്റെ അടുക്കൽ വന്നപ്പോൾ തിരിഞ്ഞവരോടു പറഞ്ഞു. "നിങ്ങൾ എന്റെ അടുക്കൽ നിൽക്കണം. ഇതിനകത്തു കിടക്കുന്നവർ വല്ലാത്തവരാണ്. എന്താണവർക്കു പറയാനുള്ളതെന്നു കേൾക്കട്ടെ."

വിജയൻ—അവിടുന്നൊന്നും ഭയപ്പെടേണ്ട. ഞങ്ങൾ അ

രിക്കയുണ്ടു്. അകത്തുള്ളവരൊന്നും പറകയില്ല. വായിൽ പഴന്തുണിയാണു്.

സ്വാമിയാരൊന്നു ഞെട്ടി. വിജയന്റെ മുഖം കണ്ടതോടുകൂടി കൈയ്യിലിരുന്ന റാന്തൽ താഴെ വീണു. അദ്ദേഹം ജീവച്ഛവമായിരുന്നു. വിജയൻ വേഗം റാന്തൽ കൈയ്യിലെടുത്തുകൊണ്ടു "എന്തത്ഭുതമാണു് കാണിച്ചതു്. റാന്തലില്ലാതെ പോയാൽ വല്ല കുഴിയിലും വീണെങ്കിലോ."

"വിജയരുദ്രൻ—" എന്നു സ്വാമിയാരുടെ വിറച്ചുകൊണ്ടിരുന്ന അധരങ്ങളിൽ നിന്നു് ഒരു മന്ത്രണം പുറപ്പെട്ടു.

വിജയൻ— അതേ, ഞാൻ തന്നെ. ഇതു നമ്മുടെ ഉപേന്ദ്രനാണു്. പ്രഭുസ്ഥാനത്തിനു കാലു നീട്ടിയിരിക്കയാണു്.

വിജയൻ വിളക്കു ഉപേന്ദ്രന്റെ മുഖത്തേക്കു തെളിച്ചു. ഉപേന്ദ്രന്റെ മുഖം കണ്ടപ്പോൾ സ്വാമിയാർക്കുണ്ടായിരുന്ന അല്പജീവനും ആവിയായിത്തീർന്നു.

വിജ—അവിടുന്നു ദിവാകരപ്രഭുവിനെ സന്ദർശിക്കുവാൻ പോകയാണു്. തൽക്ഷണം ഞങ്ങൾ കൂടെ വരാം.

നെഞ്ചിന്റെ ഇടി കുറച്ചു ശമിച്ചപ്പോൾ സ്വാമിയാർ പറഞ്ഞു. "നിങ്ങളുടെ കുടുക്കിൽ ഞാൻ വീണിരിക്കുന്നു. തോററെന്നു സമ്മതിക്കാതെ തരമില്ല. ഇവിടെ നിന്നു രക്ഷപ്പെടണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നു, അല്ലേ? സ്വാതന്ത്ര്യം തന്നിരിക്കുന്നു. പൊയ്ക്കൊള്ളുക."

വിജ—അവിടുന്നു ഞങ്ങൾക്കു സ്വാതന്ത്ര്യം തരുന്നുവെന്നോ? കൊള്ളാം. ഞങ്ങൾക്കു സ്വാതന്ത്ര്യം ഇല്ലാത്തതുപോലെ.

സ്വാമിയാർ (ഭയപ്പെട്ടുകൊണ്ടു്) നിങ്ങൾക്കു സ്വാതന്ത്ര്യമുണ്ടെന്നോ?

വിജ—അതെ. നേരെ മറിച്ചു് അവിടുത്തെ സ്വാതന്ത്ര്യമാണു നഷ്ടപ്പെട്ടിരിക്കുന്നതു്.

വിജയന്റെ നിന്ദാമുഖം കണ്ടപ്പോൾ സ്വാമിയാരുടെ അകം നീറി.

സ്വാമി—ഞാൻ എന്തു ചെയ്യണം പറയൂ.

വിജ—അതൊക്കെ ദിവാകരപ്രഭു നിശ്ചയിക്കും. അങ്ങോട്ടു പോകാം.

സ്വാമിയാർ ആലിലപോലെ വിറച്ചുകൊണ്ടു കാലുകൾ മുന്നോട്ടുവെച്ചു.

വിജ—ഒരു കാൎയ്യം. രക്ഷപ്പെടുന്നതിന്നു ശ്രമിക്കയോ വല്ല ശബ്ദവും ഉണ്ടാക്കുകയോ ചെയ്താൽ ഞങ്ങൾ വല്ലതും പ്രവൎത്തിച്ചേക്കുന്ന വരുന്നേക്കും. ഞങ്ങളെ കുററപ്പെടുത്തരുതു്.

സ്വാമി—ഒന്നുമില്ല. വാക്കു തന്നിരിക്കുന്നു.

ഉപേന്ദ്ര—വാഗ്ദത്തലംഘനം ചെയ്യാതെ സൂക്ഷിക്കുന്നു.

സ്വാമിയാർ നരേന്ദ്രന്റെ മുറിയുടെ വാതിൽക്കൽ ചെന്നു താക്കോലിട്ടു പൂട്ടു തുറന്നു. അദ്ദേഹത്തിന്റെ വരവിനെ പ്രതീക്ഷിച്ചിരുന്ന നരേന്ദ്രൻ വേഗം എഴുന്നേറ്റു വണങ്ങി. സ്വാമിയാരുടെ പിറകെ പ്രവേശിച്ച രണ്ടു പേരെയും കണ്ടു നരേന്ദ്രൻ അത്ഭുതപ്പെട്ടു കണ്ണു മിഴിച്ചുനിന്നു.

വിജ—സ്നേഹിതാ, സംശയിക്കേണ്ടാ. ഞാനും ഉപേന്ദ്രനുമാണു്. സ്നേഹിതനെ കാണ്മാൻ ധൃതിയായതുകൊണ്ടു സ്വാമിയാരദ്ദേഹത്തിനോടൊരുമിച്ചു വരുകയായിരുന്നു. കഥ മനസ്സിലാകാതെ നരേന്ദ്രൻ വിഷമിച്ചു.

സ്വാമി—പ്രഭോ! കാൎയ്യം ഞാൻ പറയാം. ഇപ്പോൾ വേഷം പ്രതിയായല്ലെന്നു പറഞ്ഞാൽ മതി. ഞാൻ ഇവരുടെ തടവുകാരനായിരിക്കയാണു്. നിങ്ങളുടെ മിടുക്കു താമസിയാതെ കഴിയും. അപ്പോൾ മട്ടു മാറും.

വിജ—ഭയപ്പെടരുതേ. അതു നല്ലതല്ലോ. മൎയ്യാദയാണു് ഇതുകൂട്ടൎക്കും നല്ലതു്.

സ്വാമി—നിങ്ങൾ സ്വതന്ത്രരായി പോകുന്നതിനു ഞാൻ സമ്മതിച്ചല്ലോ. കുറെ കഴിയുമ്പോൾ മററു തടവുകാർ വരും, നിങ്ങൾ പിടിക്കപ്പെടും.

വിജ—ഒരു നിവൃത്തിയുണ്ടായിരുന്നെങ്കിൽ അവിടുന്നു പള്ളിക്കാരെ വിളിക്കേണ്ടിവരുന്നില്ല. അങ്ങനെ ചെയ്താൽ അനുഭവം വേറെയായിരിക്കുമെന്നു ഭയമുണ്ടു്.

നരേ—വാദപ്രതിവാദത്തിനു പുറപ്പെടാതെ വിജയാ! സമ്മതിക്കു. സ്വാമിയാരദ്ദേഹം പറയുന്നതു കാൎയ്യമാണു്.

സ്വാമി—ഇതാ! ഈ നടുമുററത്തുനിന്നു വെളിയിലേക്കിറങ്ങുന്ന ഇടനാഴിയുടെ വാതലിന്റെ താക്കോലാണു് ഇതു്. നിങ്ങൾക്കിനിയും നിഷ്പ്രയാസം പോകാം.

വിജ—പടിവാതിൽക്കൽ കാവൽക്കാരുണ്ടു്.

സ്വാമി—പടി വാതിൽക്കൽ പോകണ്ടാ. മതിൽചാടി വ

ഴിയിലിറങ്ങാം. നിങ്ങൾ ബലിഷ്ടരും സമർത്ഥരുമാണല്ലോ.

വിജ—നിങ്ങളുടെ ബലവും സാമർത്ഥ്യവുമൊന്നും പരീക്ഷിക്കണ്ട. ഞാനൊരു വഴി പറയാം. മതിലരികിൽ വരെ അവിടുന്നു നിങ്ങളുടെ കൂടെ വന്നാൽ മതി.

ഗത്യന്തരമില്ലെന്നു കണ്ടു സ്വാമിയാർ മുൻപിലും അവർ പിൻപിലുമായി നടന്നു്, ഇടുക്കുവഴി കടന്നു കതകു തുറന്നു തോട്ടത്തിലിറങ്ങി.

സ്വാമിയാർ (ആത്മഗതം)—എന്റെ ഈശ്വരാ! പട്ടാളക്കാരെല്ലാവരും ഉറങ്ങുകയായിരിക്കണേ. വല്ലവരും കണ്ടു് ഓടിവന്നാൽ, ഉടനെ ഇവർ എന്റെ കഥ കഴിക്കും. തണുത്ത കാററു് ഏററിട്ടോ, ഭയംകൊണ്ടോ, സ്വാമിയാർ വിറച്ചുകൊണ്ടായിരുന്നു. തോട്ടം കടന്നു് അവരെല്ലാവരും മതിലിനരികിൽ ചെന്നു.

വിജയൻ— നരേന്ദ്രാ മുകളിൽ കയറുക വേഗം.

ഉപേന്ദ്രന്റെ സഹായത്തോടുകൂടി നരേന്ദ്രൻ തത്തിപ്പിടിച്ചു മുകൾ ഭാഗത്തെത്തി.

വിജയൻ—ചാടിക്കോ അപ്പുറത്തേക്കു.

നരേന്ദ്രൻ മതിലിനപ്പുറത്തു ചാടി വീണു.

വിജയൻ—നിലത്തായോ?

നരേന്ദ്രൻ—ആയി.

വിജയൻ— ഒന്നും പററിയില്ലല്ലോ.

നരേന്ദ്രൻ—ഇല്ല.

വിജയൻ—ശേഷ് ഉപേന്ദ്രാ ഞാനിനിയും കയറുവാൻ പോകയാണു്. വേണ്ട സഹായിക്കേണ്ട. തനിയെ കയറിക്കൊള്ളാം. സ്വാമിയാരെ നോക്കിക്കൊണ്ടു് ഭിത്തിയിൽ ചാരി നില്ക്കൂ.

ഉപേന്ദ്രന്റെ ചുമലിൽ ചവിട്ടി. വിജയൻ ഭിത്തിയിൽ കയറി.

ഉപേന്ദ്രൻ—മുകളിലായോ?

വിജയൻ—ഉം ആയി. ഒരു വിധത്തിൽ ഇനിയും—

ഉപേന്ദ്രൻ—ഇനിയുമെന്തു്?

വിജയൻ—സ്വാമിയാരെ ഇങ്ങു തരണം. കരയാൻ ഭാവിച്ചാൽ ഒരു ഞെക്കു കൊടുക്കണം.

സ്വാമിയാർ നിലവിളിക്കാൻ ആഗ്രഹിച്ചു. ഉപേന്ദ്രൻ ളവൽ പോലെ അദ്ദേഹത്തെ പൊക്കിയെടുത്തു മേൽപോട്ടു നീട്ടി. വിജയൻ അദ്ദേഹത്തിന്റെ കഴുത്തിനു പിടിച്ചു വലിച്ച് ഭിത്തിയുടെ മുകളിൽ നിറുത്തി.

സ്വാമിയാർ(തൊണ്ടയിടറി)—ഇങ്ങനെയാണോ നിങ്ങൾ വാഗ്ദാനം ചെയ്തതു്.

വിജയൻ—ഞാനൊന്നും വാഗ്ദാനം ചെയ്തിട്ടില്ല. ഓർത്തു നോക്കുക. (നരേന്ദ്രനോടു)നരേന്ദ്രാ ഇതാ പിടിച്ചോ.

സ്വാമിയാർ നരേന്ദ്രന്റെ കയ്യിലായി.

വിജയൻ—ഉപേന്ദ്രാ ഇതാ ഒരു കയ്യ്. മറ്റെ കൈയുകൊണ്ടു ഞാൻ ഭിത്തിയിൽ പിടിച്ചിട്ടുണ്ട്.

ഉപേന്ദ്രൻ ഭിത്തി കുലുങ്ങത്തക്ക ശക്തിയോടെ വലിഞ്ഞു കയറി.

വിജയൻ—കൊച്ചു ഭീമാ—എന്റെ കൈതകർന്നല്ലോ.

രണ്ടുപേരും അപ്പുറത്തേക്കു ചാടി.

വിജയൻ—ഭേഷായി. ഞാൻ മുൻപേ നടക്കാം.

സ്വാമിയാർ ഞങ്ങളുടെ രണ്ടുപേരുടെയും മദ്ധ്യത്തിൽ ഏകദേശം ഒരു ഫർലോങ്ങ് ദൂരം നടന്നപ്പോൾ വിജയൻ വിളിച്ചു പറഞ്ഞു. "ഭാഗ്യം തന്നെ. ഇതാ കുറെ കുതിരകൾ നിൽക്കുന്നു. ഉടമക്കാരെ സമീപത്തെങ്ങും കാണുന്നില്ല." ഉത്തരക്ഷണത്തിൽ അവിടെ പ്രത്യക്ഷപ്പെട്ട ഒരുവൻ വിജയന്റെ കഴുത്തിനു നേരെ കഠാരി ചൂണ്ടിക്കൊണ്ടു "തൊടരുതു്" എന്നു ഗർജ്ജിച്ചു."

നരേന്ദ്രൻ—ശാന്തന്റെ ശബ്ദമാണതു്.

ശാന്തൻ—ഓഹോ എന്റെ യജമാനന്മാരാണോ.

നരേന്ദ്രൻ—ശാന്താ നീ എങ്ങിനെ ഇവിടെ വന്നു.

ശാന്തൻ—യജമാനനെ ഇങ്ങോട്ടു കൊണ്ടുവരുന്നതു ഞാൻ കണ്ടു് സന്ധ്യയായപ്പോൾ മുതൽ ഇവിടെ ചുററി നടക്കയാണു്. ശേഖരൻ യജമാനൻ ഇവിടെയുണ്ടു്.

വിജയൻ— എവിടെ?

ശാന്തൻ—മതിലരികിൽ ചുററിനടക്കയാണു്. ഞങ്ങൾ അറുപതുപേരുണ്ടു്.

നരേന്ദ്രൻ—ശേഖരനെ ഉടൻ വിളിച്ചുകൊണ്ടുവാ.

"ഇതാവരുന്നു" എന്നു പറഞ്ഞുകൊണ്ടു ശാന്തൻ ഓടി.

---

# അദ്ധ്യായം ൩൧

---

പത്തു മിനിററു കഴിഞ്ഞപ്പോൾ ശേഖരൻ എട്ടുപത്തു പേരുടെ അകമ്പടിയോടുകൂടി പാഞ്ഞെത്തി.

ശേഖരൻ (അടങ്ങാത്ത ആഹ്ളാദത്തോടെ)– എൻെറ സഹായം കൂടാതെ നിങ്ങൾ രക്ഷപെട്ടു. എൻെറ പ്രയത്നമൊക്കെ നിഷ്ഫലമായി.

ഉപേ—ഞങ്ങൾ അവിടെ കിടക്കേണ്ടിയിരുന്നുവെന്നു പറകയാണോ? എന്നാൽ തിരികെ പോകാം

ശേഖ—അതൊന്നുമില്ല. നിങ്ങളെ വീണ്ടും മുക്തരാക്കാൻ വേണ്ട പണികളെല്ലാം പൂർത്തിയാക്കിയിരിക്കയായിരുന്നു. അറുപത്തു പോലീസ്സുകാരെ ചെന്നപുരിയിൽ നിന്നു വരുത്തി, ഇവിടെ പല സ്ഥലങ്ങളിൽ നിർത്തിയിരിക്കയാണ്. ആ. ഒരു കാര്യം. രാജ്ഞിയുടെ പേർക്കെഴുത്തുംകൊണ്ടുപോയ സ്വാമിയാരുടെ ആളിനെ കുറെ മുമ്പു പിടിച്ചു. എഴുത്തിനകത്തു എന്തു പറഞ്ഞിരിക്കുന്നു? നിങ്ങളെ മൂവരെയും, അകലെയുള്ള ഒരു ജയിലിൽ [illegible]ാകുമ്പോൾ മാററണമെന്നും ഇവിടെ സൂക്ഷിക്കുവാൻ പാടില്ലെന്നുമാണ്. അതു കേട്ടപ്പോൾ എനിക്കാശങ്കയായി. നിങ്ങളെയും കൊണ്ടിറങ്ങിവരുമ്പോൾ പിടിയിട്ടുവാൻ ഞാൻ തീർച്ചപ്പെടുത്തി. ഇപ്പോഴിതാ നിങ്ങൾ തനിയെ ഇറങ്ങി വന്നിരിക്കുന്നു:

സ്വാമിയാർ ഭയപ്പെട്ടു പിറകോട്ടു വലിഞ്ഞു.

നീര—രക്തച്ചൊരിച്ചിലിന്നിടയാക്കാതെ ജഗദീശ്വരൻ ഞങ്ങളെ കൊണ്ടുവന്നിരിക്കയാണ്.

ശേഖ—നിങ്ങൾ എങ്ങനെ ആ ക്രൂരൻെറ കയ്യിൽനിന്നു വഴുതിപ്പോന്നു? അയാൾ നിങ്ങളെ ഉപദ്രവിക്കുന്നവനായിരുന്നു ഇല്ലേ?

വിജ—യേസ്. അദ്ദേഹം ഞങ്ങളുടെ സഹായിയായിരുന്നു.

ശേഖ—സഹായിയോ?

വിജ—അതേ അദ്ദേഹം ഈ ഇരുട്ടത്തും തണുപ്പത്തും വളരെ പ്രയാസപ്പെട്ടു ഞങ്ങളെയുംകൊണ്ടു നരേന്ദ്രൻെറ മുറിയിൽ കയറി അദ്ദേഹത്തിനെയും വിളിച്ചു ഞങ്ങളെ എല്ലാവരെയും കൊണ്ടുവരികയായിരുന്നു.

ശേഖ—സ്വാമിയാരോ? എന്നാൽ ലോകം അവസാനിക്കാറായി. ഒന്നു കണ്ടിരുന്നെങ്കിൽ നന്ദി പറയാമായിരുന്നു.

വിജ—എന്നാലിതാ പറഞ്ഞുകൊള്ളുക. എന്നു പറഞ്ഞു സ്വാമിയാരെ മുമ്പോട്ടു മാററി നിർത്തിയിട്ട് അദ്ദേഹത്തോടു പറഞ്ഞു. “പ്രഭോ! ഇതു ഞങ്ങളുടെ സ്നേഹിതൻ ശേഖരനാണ്. ഇപ്പോൾ ഞങ്ങൾ നാലുപേരും തികഞ്ഞു.

ശേഖരൻ ആശ്ചര്യപ്പെട്ടു സ്വാമിയാരുടെ മുഖത്തു നോക്കി. “ഹോ! സ്വാമിയാരദ്ദേഹം തന്നെ. പററിപോയി. കൂട്ടരെ—എല്ലാവരും വരുവിൻ. കുതിരകളെവിടെ? ഭേഷ്. ഓ അല്പം താമസിക്കണം. ഒരാൾ വരാനുണ്ട്.

വിജ—ആര്?

ശേഖര—അതാ കുതിരയുടെ കാലൊച്ച കേൾക്കുന്നു. വന്നുപോയി.

“അഹാ” എന്നൊരു ശബ്ദം വായുവിൽ മാറെറാലികൊണ്ടു നരേന്ദ്രൻ ഒന്നു ഞെട്ടി. “മകനേ രവീന്ദ്രാ” എന്നു വിളിച്ചു ആഗതനായ അശ്വാരൂഢൻ നരേന്ദ്രന്റെ കൈകളിൽ വീണു അദ്ദേഹത്തെ കെട്ടിപ്പിടിച്ചു ചുംബിച്ചശേഷം തിരിഞ്ഞു.

“ജ്യേഷ്ഠാ”, എന്നു പറഞ്ഞുകൊണ്ടു വിജയനെ ആശ്ലേഷം ചെയ്തു. ഈ പ്രേമപ്രകടനം കണ്ടു വിജയന്റെ കരിങ്കല്ലുപോലെ ഉറച്ച കരൾ അല്പമൊന്നലിഞ്ഞു് അദ്ദേഹത്തിന്റെ കണ്ണിൽ ഒരു തുള്ളി കണ്ണുനീർ പൊടിച്ചതും ഇരുട്ടായതുകൊണ്ട് ആരും കണ്ടില്ല. ഉപേന്ദ്രൻ ദീർഘമായി ഒന്നു നിശ്വസിച്ചു.

ശേഖരൻ (സ്വാമിയാരോടു)—ഇങ്ങനെ സ്നേഹബന്ധത്തിൽ ദൃഢപ്പെട്ടിരിക്കുന്നവരെ അകററുവാൻ ശ്രമിക്കുന്ന ഹൃദയം എത്ര കാഠിന്യമുള്ളതാണ്. അകല്യമെന്നു വിചാരിക്കുന്നുണ്ടോ?

വിജ—ശേഖരാ! ഇനിയും എവിടേയ്ക്കാണ് താമസിക്കാൻ പാടില്ല.

ശേഖ—അതൊക്കെ ഞാൻ തീർച്ചപ്പെടുത്തിപ്പോയി. ഉപേന്ദ്രന്റെ കാട്ടൂർക്കു തന്നെയാകട്ടെ.

ഉപേ—അതു ബുദ്ധിയായി. ശത്രുക്കൾ കാട്ടൂരിനെ അത്ര എളുപ്പം ആക്രമിക്കയില്ല.

വിജ—ആക്രമിച്ചാൽതന്നെയെന്താണ്. ആൾ ജാമ്യമല്ലേ കൂടെയുള്ളതു്.

എല്ലാവരും കുതിരപ്പുറത്തു കയറി. അതുവരെ യാതൊന്നും മിണ്ടാതിരുന്ന ജയന്തൻ ഉപേന്ദ്രനോടു പറഞ്ഞു. "എന്റെ യജമാനനേ, ഇപ്പോഴാണു് എന്റെ ശ്വാസം നേരേ വീണതു്. ഞാൻ മുമ്പേപോയി വേലക്കാരെ കാര്യങ്ങൾ ധരിപ്പിക്കാം." ജയന്തൻ അതിവേഗത്തിൽ കുതിരയെ ഓടിച്ചുപോയി.

ഏകദേശം പത്തു നാഴിക വെളുപ്പ ഉള്ളപ്പോൾ എല്ലാവരും കാട്ടൂരിലു ഉപേന്ദ്രന്റെ ബംഗ്ലാവിലെത്തി. സ്വാമിയാർക്കു താമസിക്കുന്നതിനു വിശാലമായ ഒരു മുറി ഒരുക്കിക്കൊടുത്തു.

സ്വാമിയാർ—ആരെയും അറിയിക്കാതെ എന്നെ ഇവിടെ ദീർഘകാലം താമസിപ്പിക്കുവാനാണോ?

വിജയൻ—അവിടുന്നെത്രകാലം ഇങ്ങനെ താമസിക്കേണ്ടി വരുമെന്നുള്ളതു് ഇപ്പോൾ തീർച്ചപ്പെടുത്തുവാൻ പാടില്ല. രഹസ്യമായി ഞങ്ങളെ വെച്ചുകൊണ്ടിരിക്കുമെന്നു ഭയപ്പെട്ടതാണു്. ഇപ്പോൾ തന്നെ രാജ്ഞിയെ വിവരം അറിയിക്കും.

സ്വാമിയാർ—പട്ടാളക്കാർ വന്നു നിങ്ങളെ ആക്രമിച്ചെങ്കിലോ?

വിജയൻ—അശേഷം ഭയമില്ല. അതു കാലം ചെയ്ത സ്വാമിയാർക്കു നല്ലപോലെ അറിയാമായിരുന്നു.

സ്വാമിയാർ—നിങ്ങൾ നാലുപേരോ നാനൂറുപേരോ രാജ്ഞിയുടെ വലിയ സൈന്യത്തോടെന്തു ചെയ്യാനാണു്.

വിജയൻ—മഹേന്ദ്രപുരിക്കൊരാൾ പോകും. അപ്പോൾ അവരൊക്കെ ഇങ്ങുവരും. പിന്നീടു് യുദ്ധക്കളം ഇവിടെ ആണു്.

സ്വാമിയാർ—രാജ്ഞിയുടെ സൈന്യം ജയിച്ചെങ്കിലോ?

വിജയൻ—എന്നാലും ഭയമില്ല. ഇതിനെക്കാൾ ബലമുള്ള വേറൊരു സ്ഥലത്തു് അങ്ങയെ ഞങ്ങൾ മാററും.

സ്വാമിയാർ—വരണം വിജയന്മാരാ ഇതിനൊന്നും കാര്യമില്ല. വല്ലവരും കേട്ടാൽ നമുക്കു കുറച്ചിലാകും. ഞാൻ നിങ്ങൾക്കു കീഴടങ്ങിയേക്കാം. എന്താണു് വ്യവസ്ഥകൾ. വല്ലവിധവും ഇവിടെ നിന്നു പോയാൽ മതി.

വിജയൻ—അവിടുന്നൊന്നു വിശ്രമിക്കണം. ഞങ്ങൾ എല്ലാവരും കൂടി ഒന്നാലോചിക്കട്ടെ.

സ്വാമിയാർ—എനിക്കൊരു വിശ്രമവും വേണ്ടാ. ദിവാകര പ്രഭോ, നിങ്ങൾ പറയണം. ഞാനെന്തും ചെയ്യുവാൻ തയ്യാർ.

നരേന്ദ്രൻ—പ്രഭോ, എനിക്കു് അങ്ങയെക്കൊണ്ടു യാ

ഒരാവശ്യവുമില്ല. ഞാൻ ജനപക്ഷക്കാരനാണെന്നുള്ളതു് അവിടത്തേക്കറിയാമല്ലോ. ജനസ്വാതന്ത്ര്യത്തിനായി ഞാൻ വല്ലതും ആവശ്യപ്പെട്ടാൽ അതുകൂടിപ്പോകുവാനാണെളുപ്പം. അതുകൊണ്ടു ശേഖരൻ പറയട്ടെ.

സ്വാമിയാർ—എന്നാൽ ശേഖരൻ പറയട്ടെ: നീട്ടിക്കെട്ടാതെ ഉള്ളതു വ്യക്തമായി പറയണം.

ശേഖരൻ—മഹേന്ദ്രപുരിക്കാരുടെ വ്യവസ്ഥകളടങ്ങിയ കലാസ് എന്റെ കൈവശമുണ്ടു്. അതു കൊണ്ടാണു കലാപുരത്തിൽ രാജ്ഞിയുടെയും അങ്ങയുടെയും സന്നിധിയിൽ പ്രതിപക്ഷക്കാർ വന്നിരിക്കുന്നതു്. അതിനൊപ്പു വയ്ക്കണം.

സ്വാമിയാർ—അതു രാജ്യത്തെ പൊതുവെ ബാധിക്കുന്ന വ്യവസ്ഥകളാണു്. നിങ്ങൾക്കു പ്രത്യേകമായി വല്ലതും ഉണ്ടോ?

ശേഖരൻ (പുഞ്ചിരിതൂകിക്കൊണ്ടു) അവിടത്തേക്കെന്തു തോന്നുന്നു.

സ്വാമിയാർ—ദിവാകരപ്രഭുവിനുള്ളതുപോലെയുള്ള സ്വാർത്ഥപരിത്യാഗം നിങ്ങൾക്കു മൂവർക്കുമുണ്ടെന്നു തോന്നുന്നില്ല.

ഉപേന്ദ്രൻ—വളരെക്കാലമായ ഒരു സത്യം അവിടുന്നിപ്പോഴാണു് പറഞ്ഞതു്.

ശേഖരൻ—അവിടുന്നു പറഞ്ഞതു ശരിയാണു്. ദിവാകരപ്രഭു അത്യുൽകൃഷ്ടനാണു്. സാധാരണക്കാർക്കെത്തു പെടാൻ പാടില്ലാത്ത ഉന്നതമനസ്ഥിതി അദ്ദേഹത്തിനുണ്ടു്. ഞങ്ങൾ അദ്ദേഹത്തിന്റെ സമന്മാരല്ല

നരേ—ശേഖരാ! താൻ കളി പറയുന്നു.

ശേഖ—അല്ല—കാര്യമാണു്. ഞങ്ങൾക്കൊക്കെ അങ്ങയെപ്പറ്റി അത്രമാത്രം മതിപ്പുണ്ടു് (സ്വാമിയാരോടു്) ഇനിയും "വിജയചന്ദ്രൻ പറയും."

സ്വാമിയാർ വിജയചന്ദ്രനെ നോക്കി.

വിജ—മഹേന്ദ്രപുരിക്കാർ ആവശ്യപ്പെടുന്ന ഒരു വ്യവസ്ഥ അവിടുന്നു് മന്ത്രിപദം ഉപേക്ഷിക്കണമെന്നാണു്. അതിനോടു ഞാൻ യോജിക്കുന്നില്ല. ബുദ്ധിപാടവമോ മനഃസ്ഥൈര്യമോ ഇല്ലെങ്കിലും അവിടുന്നു രാജ്യതന്ത്രജ്ഞനാണു്. അതുകൊണ്ടു് അവിടുന്നുതന്നെ മന്ത്രിയായി തുടർന്നു ഇരിക്കണം. തന്നിഷ്ടം കാണിക്കാതിരിക്കുന്നതിനു് ഒരാലോചനാസഭകൂടി ഉണ്ടായാൽ മതി. വില്ലാളിസംഘങ്ങളുടെ സർവസൈന്യാധിപതിയായി ഞാൻ

നിർദ്ദേശിക്കുന്ന ആളിനെ നിയമിക്കണം. ചന്ദ്രസേനനെ അദ്ദേഹത്തിന്റെ പൂർവസ്ഥാനത്തു നിയമിക്കണം. എനിക്കിത്രയുമേ പറയുവാനുള്ളു. ഇനിയും ഉപേന്ദ്രൻ പറയും.

ഉപേ—എനിക്കു രാജ്യകാര്യമറിയാൻ പാടില്ല. രാമനോ രാവണനോ ഭരിച്ചുകൊള്ളുക, വിരോധമില്ല അവിടുന്നു് ഈ കല്പകാലത്തിൽ എന്റെ അതിഥിയായി താമസിച്ചതിന്റെ സ്മരണയെ നിലനിർത്തുവാനായി ഇതൊരു പ്രഭുവിന്റെ കൊട്ടാരമാക്കിയാൽ മതി. അതായത്തു് എനിക്കു പ്രഭുസ്ഥാനം, അതുമതി.

ശേഖരൻ—നഗരവാസികൾ ആവശ്യപ്പെട്ടിരുന്നകാര്യങ്ങളും. സ്വന്തകാര്യങ്ങളും കൂടി ചേർത്തെഴുതി.

സ്വാമിയാർ തെളിഞ്ഞുചിരിച്ചുകൊണ്ടു പറഞ്ഞു. "സ്വന്തകാര്യങ്ങൾ നിങ്ങൾ പറഞ്ഞാൽ മതിയല്ലൊ. പട്ടണക്കാരെ സംബന്ധിക്കുന്നതു് അവരുമായി പറഞ്ഞു തീർത്തുകൊള്ളാം."

ശേഖ—പാടില്ല. ഈ എഴുതിയതിനു ഒപ്പു് വച്ചാൽ മതി.

സ്വാമിയാരുടെ കണ്ണുകൾ ചുവന്നു. ചുററും ഇരുന്ന നാലുപേരുടെയും മുഖത്തു നോക്കിയപ്പോൾ അവർ അവരുടെ നിശ്ചയത്തിൽനിന്നു വ്യതിചലിക്കയില്ലെന്നു മനസ്സിലായി

സ്വാമി—ഞാൻ ഒപ്പുവയ്ക്കാം. രാജ്ഞി നിഷേധിച്ചെങ്കിലോ?

വിജ—രാജ്ഞി നിഷേധിക്കയില്ലെന്നു് ഞങ്ങൾക്കു നിശ്ചയമുണ്ടു്.

സ്വാമി—നിങ്ങൾ കഠിനന്മാരാണു് നിർബന്ധിച്ചൊപ്പുവയ്പിക്കുന്നതു ന്യായമല്ല.

ഉപേ—ഞങ്ങളെയൊപ്പുള്ളവരോടു മര്യാദ ഒരിക്കലും നടക്കയില്ല.

സ്വാമി—ഞാൻ ഒപ്പുവയ്ക്കാൻ വിസമ്മതിച്ചാലോ?

വിജ—ഫലം ആപൽക്കരമായിരിക്കും.

സ്വാമി—നിങ്ങളുടെ പ്രധാനമന്ത്രിയുടെനേർക്കു് നിങ്ങൾ കൈ ഉയർത്തുമോ?

വിജ—ഞങ്ങൾ നല്ല കുടുംബത്തിൽപെട്ടവരാണു്. ഞങ്ങളെ ബന്ധനസ്ഥരാക്കുന്നതിനു് അവിടുന്നു തെല്ലും മടിച്ചില്ലല്ലൊ.

സ്വാമി—രാജ്ഞി നിങ്ങളോടു പകരം ചോദിക്കും.

വിജ—മഹേന്ദ്രപുരിക്കാർ ഞങ്ങൾക്കു തുണയായിരിക്കും.

ശേഖ—രാജ്ഞി ഇപ്പോൾ അങ്ങയെ ദിക്കൊക്കെ അന്വേഷിക്കയാണ്. ബന്ധനത്തിലായെന്നു കേട്ടാലുടൻ മഹേന്ദ്രപുരിയിൽനിന്നാളുകൾ ഇവിടെ എത്തും. അവർ അങ്ങയെ വലിച്ചുകീറും.

സ്വാമിയാർ ഭയപ്പെട്ടൊന്നു ഞെരങ്ങി.

ശേഖ—എന്നാൽ ഒപ്പിടുക.

സ്വാമി—രാജ്ഞി സമ്മതിക്കുമോ?

വിജ—ഞാൻ രാജ്ഞിയെക്കൊണ്ട് ശരിപ്പെടുത്തിക്കൊള്ളാം. അവിടുന്നൊപ്പിടണം.

സ്വാമിയാർ ഏഴനേറവു് അങ്ങോട്ടുമിങ്ങോട്ടും രണ്ടുമൂന്നു പ്രാവശ്യം നടന്നു പെട്ടെന്നു നിന്നുകൊണ്ടു ചോദിച്ചു. "ഒപ്പിട്ടുകഴിഞ്ഞാൽ എന്നെ നിങ്ങൾ വിട്ടയക്കുമെന്നു് ഞാൻ എങ്ങനെ വിശ്വസിക്കും?

നരേ—അതിനെന്റെ വാക്കു മതി. അവിടുന്നു് ഒരു കുറിപ്പു രാജ്ഞിയുടെ പേർക്കെഴുതണം. വിജയൻ അതുംകൊണ്ടുപോയി തിരിയെ വരുമ്പോൾ അങ്ങയെ വിടുന്നതാണ്. സ്വാമിയാർ നരേന്ദ്രന്റെ മുഖത്തെ അസാധാരണ ശാന്തതയും പ്രൗഢതയും കണ്ടു. അവർ ആവശ്യപ്പെട്ടതുപോലെ ചെയ്തു.

---

# അദ്ധ്യായം നവ്വ

---

വിജയൻ സ്വാമിയാരുടെ എഴുത്തും വ്യവസ്ഥകളടങ്ങിയ ഉടമ്പടിയും കയ്യിൽ മേടിച്ചു. ഉടൻ യാത്ര ചെയ്യുന്നതിനായി ലായത്തിലെ ഏററവും വിശേഷപ്പെട്ട കുതിരയെ തയ്യാറാക്കുന്നതിനു ജയന്തനോടാജ്ഞാപിച്ചശേഷം വരാന്തയിൽവന്നു നിന്നിപ്രകാരം ചിന്തിച്ചു. "നരേന്ദ്രൻ വിശാല മനസ്കനാണ്. അദ്ദേഹത്തിന്റെ ഹൃദയം പെട്ടെന്നലിയും. സ്വാമിയാർ അദ്ദേഹത്തെ പറഞ്ഞിളക്കിയെങ്കിലോ? ഉപേന്ദ്രൻ—സാധുഹൃദയൻ. ചെങ്ങാതികൾക്കുവേണ്ടി ജീവൻ കളയും. അടിക്കുന്നവഴിയെ പോകും. നരേന്ദ്രൻ പറഞ്ഞാൽ എന്തിനും വീണുപോകും. സ്വാമിയാർ അവരെ കളിപ്പിച്ചെങ്കിലോ?

ഈ പ്രയത്നമെല്ലാം നിഷ്ഫലം, ഞാനുണ്ടെങ്കിൽ അങ്ങനെയൊന്നും വരികയില്ല. അൽപം ഉറപ്പുണ്ടെങ്കിൽ ശേഖരനെ ഉള്ളു. അതുകൊണ്ടു ശേഖരനോടു പറഞ്ഞുംവെച്ചുപോകാം."

വിജയൻ വേഗം ശേഖരന്റെ അടുക്കൽ ചെന്നു മന്ത്രിച്ചു. "ശേഖരാ, ഒരു കാര്യം പറയുന്നതു ശ്രദ്ധിച്ചു കേൾക്കണം. സ്വാമിയാർ വലിയ തന്ത്രജ്ഞനാണു്. നരേന്ദ്രനു് ആളുകളുടെ വഞ്ചനയും ദ്രോഹവുമൊന്നും അറിയാൻ പാടില്ല. മുരളീശൻ നീന്തിവന്നപ്പോഴത്തെ കഥ ഓർക്കുന്നില്ലേ? ഉപേന്ദ്രൻ ഏററവും ശുദ്ധനാണ്. നരേന്ദ്രൻ അയാളുടെ ശൈവവുമാണ്(?). അതുകൊണ്ടു നല്ലപോലെ നോക്കിക്കൊള്ളണം. ഞാൻ വരുന്നതിനു മുമ്പിൽ സ്വാമിയാർ രക്ഷപെട്ടെങ്കിൽ—പിന്നെ ജീവിച്ചിരിക്കേണ്ട."

ശേഖ—ഞാനേററു. സ്നേഹിതൻ തിരികെ വരുന്നതുവരെ അവർ സ്വാമിയാരുമായി വർത്തമാനംപോലും പറകയില്ല.

വിജ—മതി. തൃപ്തിയായി,—എന്നു പറഞ്ഞു് അവിടെനിന്നു മാറി ഉപേന്ദ്രന്റെ അടുക്കൽ ചെന്നു.

"ഉപേന്ദ്രാ, ഒരു കാര്യം, ഞാൻ രാജ്ഞിയുടെ അടുക്കൽ പോകുന്നു. തിരികെ വരുന്നതിനുമുമ്പു സ്വാമിയാർ നിങ്ങളുടെ കയ്യിൽനിന്നു വഴുതിപ്പോയെങ്കിൽ വിജയനു തിരികെ വരാനാകുകയില്ലെന്നോർത്തുകൊള്ളണം. തന്റെ പ്രഭുസ്ഥാനവും ഗോപി. നരേന്ദ്രൻ ഇക്കാര്യമൊന്നും ശ്രദ്ധിക്കയില്ല. ശേഖരന്റെ ശ്രദ്ധ വല്ലപ്പോഴും തെററിപ്പോയെന്നുമിരിക്കും. സ്വാമിയാരെ നോക്കിക്കൊള്ളണം.

ഉപേ—അയാൾ പോകുകയോ? ഒരുമിക്ക ഞാൻ കൊല്ലും. ഭയപ്പെടേണ്ടാ. അയാളെ ഞാൻ വിടുകയില്ല.

വിജ—ഭേഷ്. ഞാൻ പോകുന്നു.

വിജയൻ നരേന്ദ്രനെ കണ്ടു പറഞ്ഞു "നരേന്ദ്രാ ഞാൻ പോകാനിറങ്ങി. അവിടുത്തേക്കു മോഹിനീ രാജ്ഞിയെ അറിയാമല്ലോ. എന്റെ ജീവനു സ്വാമിയാരാണാശ്രയം. അയാൾ കൈവിട്ടുപോയെങ്കിൽ ഞാൻ തുലഞ്ഞു."

നരേ—എനിക്കറിയാം. ഞാൻ സ്വാമിയാരെ സൂക്ഷിച്ചുകൊള്ളാം. വിജയൻ തിരികെ വരുമ്പോൾ അയാളെ ഇവിടെ കാണുമെന്നു ഞാൻ ഉറപ്പു പറഞ്ഞുകൊള്ളുന്നു.

വിജയൻ (ആത്മഗതം) ആയിരം സ്വാമിയാരന്മാരുടെ ഉപ്പുകളേക്കാൾ വിശ്വസിക്കാവുന്നതു നരേന്ദ്രൻെറ വാക്കാണ്. ഇനിയും സമാധാനത്തോടുകൂടി പോരാം.

വിജയൻ, കുതിരയെ അതി വേഗത്തിൽ ഓടിച്ച്, നാലു മണിക്കൂറിനുള്ളിൽ കല്യാപുരത്തു കൊട്ടാരവാതിൽക്കലെത്തി.

സ്വാമിമാരുടെ അന്തർദ്ധാനത്തെപ്പററി രാജ്ഞിയെ മാത്രമെ, അദ്ദേഹത്തിൻെറ ഭൃത്യനായ വാസു അറിയിച്ചിട്ടുള്ളു. അർദ്ധരാത്രിയായിട്ടും സ്വാമിമാർ തിരികെ വരാതിരുന്നപ്പോൾ വാസു ഇറങ്ങി ദിവാകരപ്രഭു കിടന്ന മുറിയിൽ ചെന്നു നോക്കിയപ്പോൾ അകത്താരുമില്ല. കതകു തുറന്നു കിടക്കുന്നു. തടവുകാർ കിടന്ന മുറി പരിശോധിച്ചപ്പോൾ കാവൽ പടയാളികളെ കെട്ടിയിട്ടിരിക്കുന്നു. അവരെ വേഗം അവൻ വിമുക്തരാക്കി. സ്വാമിമാരെയുംകൊണ്ടു തടവുകാർ മൂവരും കടന്നുകളഞ്ഞുവെന്നു മനസ്സിലാക്കി. ഉടൻ വാസു അവിടെ നിന്നോടി കൊട്ടാരത്തിൽ ചെന്നു രാജ്ഞിയെ വിവരമറിയിച്ചു. രാജ്ഞി അമ്പരന്നുപോയെങ്കിലും ഈ വിവരം രഹസ്യമായിരിക്കണമെന്നു വാസുവിനോടാജ്ഞാപിച്ചശേഷം കരു ലശനെ വിളിച്ചു രഹസ്യമായി അന്വേഷണം ചെയ്യുന്നതിനു ശട്ടം കെട്ടി. അങ്ങനെയിരിക്കുമ്പോഴാണു വിജയൻ കൊട്ടാരമുററത്തെത്തിയതു്. വാസു അദ്ദേഹത്തെ നോക്കി ആശ്ചര്യപ്പെട്ടു കണ്ണും മിഴിച്ചുനിന്നു. ഒരു ചെറുതായ പുഞ്ചിരിയോടെ വിജയൻ വാസുവിൻെറ അടുക്കൽ ചെന്നു. "വിജയഭദ്രൻ" എന്നു വാസു സ്വപ്നത്തിലെന്നപോലെ പറഞ്ഞു.

"അതെ. വിജയഭദ്രൻതന്നെ." എന്നു വിജയൻ പറഞ്ഞു.

വാസു—നിങ്ങൾ എവിടെനിന്നു വരികയാണ്.

വിജ—സ്വാമിമാരുടെ അടുക്കൽ നിന്ന്.

വാസു—അദ്ദേഹം എവിടെ?

വിജ—അദ്ദേഹം ഒരിടത്തു താമസിക്കുന്നു. രാത്രിയിൽ ഒന്നു യാത്രചെയ്യണമെന്നു അദ്ദേഹത്തിനു തോന്നി. ഞങ്ങളേയും കൂട്ടിക്കൊണ്ടു കുറെയൊക്കെ യാത്രചെയ്തു. ഇപ്പോൾ സുഖമായി താമസിക്കുന്നു. ഒരു രഹസ്യസന്ദേശം ഏൾപ്പിച്ചു എന്നെ അയച്ചിരിക്കയാണ്. രാജ്ഞിയെ ഉടൻ കാണണം.

വാസു ചെന്നു രാജ്ഞിയെ വിവരമറിയിച്ചു. ഉടൻ വിജയ

നെ ബന്ധിച്ചുകൊണ്ടു വരുന്നതിനായി രാജ്ഞി കല്പിച്ചതിൻപ്രകാരം വില്ലാളിവീരൻ രാജ്ഞിയുടെ സവിധത്തിലണഞ്ഞു താണുവീണു തൊഴുതു. അനന്തരം സ്വാമിയാരുടെ എഴുത്തു രാജ്ഞിയെ ഏല്പിച്ചു. എഴുത്തു വായിച്ചശേഷം നടന്ന സംഭവം സവിസ്തരം പറയുന്നതിനായി വിജയനോടാജ്ഞാപിച്ചു. അദ്ദേഹം യാതൊന്നും മറയ്ക്കാതെ രാജ്ഞിയെ പറഞ്ഞുകേൾപ്പിച്ചു. കഥയുടെവിവരണമധ്യേ രാജ്ഞിയുടെ മുഖത്തെ നിറം മാറിക്കൊണ്ടിരിക്കുന്നതും ആ സ്ത്രീരത്നം പല്ലുകടിക്കുന്നതും വിജയൻ കാണ്മാനിടയായിരുന്നു. വിജയൻ നിർത്തിയപ്പോൾ രോഷാകുലയായ രാജ്ഞി പറഞ്ഞു. "രാജദ്രോഹകൃത്യം ചെയ്തുംവെച്ചു് അതു പറയാൻ നിങ്ങൾക്കു കൂസലില്ല അല്ലേ? കാണിച്ചുതരാം ആരെവിടെ?"

വിജ—അല്ലയോ മഹാരാജ്ഞീ ക്ഷമിക്കണം. തിരുമനസ്സിലെ ധാരണ തെറ്റിപ്പോയി. ഞങ്ങൾ യാതൊരു ദ്രോഹവും ചെയ്തിട്ടില്ല. തിരുമനസ്സിലെ സഹോദരീഭർത്താവായ രത്നലേശമഹാരാജാവിന്റെ തോൽവിയും മരണവും കാണുന്നതിനായിട്ടാണു അടിയങ്ങളെ സ്വാമിയാർ സിംഹളദ്വീപിലേക്കയച്ചതെന്നു് ഞങ്ങൾക്കു വിശ്വസിക്കുവാൻ പാടില്ല. എന്തോ പ്രമാദം സ്വാമിയാർക്കു വന്നിരിക്കുന്നുവെന്നു കരുതി അവിടെ ചെന്നശേഷം മഹാരാജാവിനെ അദ്ദേഹത്തിന്റെ നിർദ്ദയരായ പ്രജകളിൽനിന്നു രക്ഷിക്കണമെന്നു കരുതി വളരെ പ്രയത്നിച്ചു. എന്നാൽ ദൈവഹിതം മറിച്ചായിരുന്നു. നാട്ടിൽ തിരിച്ചെത്തിയപ്പോൾ അടിയങ്ങൾ ബന്ധനത്തിലായി. സ്വാമിയാരെ സൗകര്യമായി കണ്ടു കാര്യങ്ങൾ മനസ്സിലാക്കണമെന്നു വിചാരിച്ചിരിക്കുമ്പോഴാണു അതിനവസരം ലഭിക്കുന്നതിനും അദ്ദേഹത്തെ എന്റെ സ്നേഹിതന്റെ ബംഗ്ലാവിലേക്കു കൊണ്ടുപോകുന്നതിനിടയായതു്. ഞങ്ങളോടു നിഷ്കരുണമായിട്ടാണു പ്രവർത്തിച്ചതെന്നിപ്പോൾ അദ്ദേഹം സമ്മതിക്കുന്നു.

രാജ്ഞി—നിങ്ങൾ എന്റെ മന്ത്രിയെ ബന്ധനസ്ഥനാക്കിയിട്ടു ഇപ്പോൾ ഇവിടെ വന്നിരിക്കയാണു്. എന്തധികപ്രസംഗം. നിങ്ങളെ ഉടൻ ജയിലിലാക്കിയിട്ടു് സൈന്യസമേതം നിങ്ങളുടെ സ്നേഹിതന്മാരെ ആക്രമിക്കുവാൻ പോകയാണു്.

വിജ—അവിടുന്നങ്ങനെയുള്ള അവിവേകം പ്രവർത്തിക്കരുതെന്നു നിർബന്ധപൂർവം അപേക്ഷിക്കണമെന്നു സ്വാമിയാർ എന്നോടു പറഞ്ഞിട്ടുണ്ടു്.

രാജ്ഞി—എന്തുകൊണ്ട്?

വിജ—അവിടുന്ന് അവിടെ എത്തുന്നതിനുമുമ്പ് സ്വാമിയാർ ഇഹലോകവാസം വെടിഞ്ഞിരിക്കും.

രാജ്ഞി—എന്നാൽ വേണ്ടാ. ഏതായാലും നിങ്ങളെ തടവിലാക്കാതെ തരമില്ല.

വിജ—അതിനും ഒരു വിഷമമുണ്ട്. അടിയൻ അഞ്ചുമണിക്കൂറിനകം തിരികെ എത്തിയില്ലെങ്കിൽ സ്വാമിയാരെ മഹേന്ദ്രപുരിയിൽ കൊണ്ടുപോകുമെന്നാണു പറഞ്ഞതു്. പിന്നത്തെ കഥ അവിടുത്തേക്കൂഹിക്കാമല്ലോ.

രാജ്ഞി ഭയപ്പെട്ടു മൌനമായിരുന്നു.

വിജയൻ തുടർന്നുപറഞ്ഞു—അടിയൻ ജയിലിൽനിന്നു രക്ഷപ്പെടുകയും ചെയ്യും.

രാജ്ഞി (കോപാട്ടഹാസത്തോടെ) "എങ്ങനെ?"

"അവിടുന്ന് അടിയനെ നോക്കണം." വിജയന്റെ മുഖത്തെ രൌദ്രതകണ്ടു രാജ്ഞി ഞെട്ടി. അത്രപോലെ ഭീകരമായ ഒരു മുഖം രാജ്ഞി അതിനു മുമ്പു ദർശിച്ചിട്ടില്ല.

വിജ—കുശാഗ്രബുദ്ധിയും, വീരാഗ്രസരനും രാജ്യതന്ത്രപ്രവീണനുമായ സിംഹളസ്വാമിയാരുടെ സകല കൌശലങ്ങളേയും ജയിച്ച് ഒരു രാജ്ഞിയുടെ മാനത്തെ സംരക്ഷിച്ചവനാണ് ഈ നിൽക്കുന്ന ദാസൻ. ആ രാജ്ഞിയുടെ പേർക്കു വാളിനും കഠാരിക്കും അസ്ത്രത്തിനും എതിരായി അനേകപ്രാവശ്യം ഈ മാർവ് കൂസൽകൂടാതെ കാണിച്ചുകൊടുത്തിട്ടുണ്ട്. ആ രാജ്ഞിയെ ധ്വംസിക്കുവാൻ ചെന്നായ്ക്കളെപ്പോലെ ചീറി അടുത്ത പട്ടണവാസികളുടെ മദ്ധ്യത്തിൽനിന്നു രക്ഷിച്ച് പട്ടണത്തിനു വെളിയിൽകൊണ്ടുപോയി ഒരു രക്ഷാസങ്കേതത്താക്കിയവനാണു തിരുമനസ്സിലെ കോപത്തിനു പാത്രീഭവിച്ചിരിക്കുന്ന ഈ ദാസൻ. കണ്ടാൽ അപ്പോൾ ഹിംസിച്ചുകളയുന്ന ജനക്കൂട്ടത്തിന്റെ കയ്യിൽനിന്നു നന്ദികെട്ട സ്വാമിയാരെ രക്ഷിച്ചവൻ ഇതാ, ഈ നിൽക്കുന്ന ദാസനാണ്. അവിടുന്ന് ഇവനെ ജയിലിലേക്കയയ്ക്കണോ. മൂന്നു ലോകങ്ങളേയും ജയിക്കുവാൻ ത്രാണിയുള്ള മൂന്നു പേർ വെളിയിലുണ്ട്. എന്തുമാത്രം രക്തച്ചൊരിച്ചിലുണ്ടാകുമെന്നു കണ്ടറിയേണ്ടതാണ്.

രാജ്ഞി—നിങ്ങൾ നിങ്ങളുടെ രാജാവിന്റെ മാതാവിനെ ഭയപ്പെടുത്തുകയാണോ?

വിജയൻ ശാന്തനായി. വളരെ ദുഃഖത്തോടുകൂടി രാജ്ഞിയോടു പറഞ്ഞു "ക്ഷമിക്കണം. ബന്ധംകൊണ്ടു പറഞ്ഞതാണ്". ഇരുപതു വർഷക്കാലമായി അടിയങ്ങൾ നാലുപേരും മഹാരാജ്ഞിയെ ഒരു ദേവിയെപ്പോലെ ആരാധിച്ചുവന്നു. മഹാരാജ്ഞിയുടെ മനോഹരചിത്രം എപ്പോഴും അടിയങ്ങളുടെ മനോദർപ്പണത്തിൽ നിഴലിച്ചിരുന്നു. രാജ്ഞിക്കുവേണ്ടി ജീവൻ വെടിഞ്ഞു വീരസ്വർഗ്ഗം പ്രാപിക്കുവാൻ അടിയങ്ങൾ തയ്യാറായിരുന്നു. തിരുമനസ്സിലെ രഹസ്യങ്ങൾ ഒന്നെങ്കിലും പുറത്താകാതെ ഇരുപതു വർഷത്തോളം അടിയങ്ങൾ അടങ്ങിപ്പാർത്തതിൽ അവിടുന്നത്ഭുതപ്പെടാത്തതാണാശ്ചര്യം. അവരെ ഒരിക്കലെങ്കിലുമോർക്കുന്നതിനു തിരുമനസ്സിലേക്കു മനസ്സുണ്ടായില്ലല്ലൊ. തിരുമനസ്സിലെ പേർക്കു് ഒന്നിലധികം പ്രാവശ്യം ജീവൻ സമർപ്പിക്കുവാൻ സന്നദ്ധരായ ദാസന്മാരെയാണല്ലൊ രാജദ്രോഹികൾ എന്നു കൽപിച്ചു വിളിക്കുന്നതു്. മഹാമനസ്കനായ നരേന്ദ്രൻ ശുദ്ധഹൃദയനായ ഉപേന്ദ്രൻ, വിശ്വസ്തനായ ശേഖരൻ, വിനീതനായ ഈ ദാസൻ, അടിയങ്ങൾ നാലുപേരെയും അവിടുന്നു ശത്രുക്കളായി ഗണിച്ചല്ലൊ!

ശാന്തതയും ഗാംഭീര്യവും ദുഃഖവും ഇടകലർന്നുള്ള വിജയന്റെ മുഖഭാവം രാജ്ഞി ദർശിച്ചു. പൂർവകാലസ്മരണകൾ ആ സ്ത്രീരത്നത്തിന്റെ ഹൃദയത്തിൽ അങ്കുരിച്ചു. പെട്ടെന്നു സ്വരം താഴ്ത്തിപ്പറഞ്ഞു.

"നിങ്ങൾ ഇതൊക്കെ മുമ്പ് എന്തുകൊണ്ടു പറഞ്ഞില്ല.

വിജ—മഹാരാജ്ഞി. അതിനവസരം അടിയങ്ങൾക്കുമുണ്ടു്."

രാജ്ഞി—അഭിമാനമുള്ള നിങ്ങൾ ഇവിടന്നെന്നും ബന്ധനസ്ഥരാകുമോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു:

വിജ—അങ്ങനെ ഒരു വിചാരം അടിയങ്ങളുടെ തലയിൽ കയറിയിട്ടില്ല. അങ്ങനെ അടിയങ്ങൾ നിശ്ചയിച്ചിരുന്നുവെങ്കിൽ മഹാരാജ്ഞി ഇപ്പോൾ ബന്ധനസ്ഥയായിരിക്കുമായിരുന്നു.

രാജ്ഞി—ശരി. ഞാൻ നിങ്ങളുടെ വില അറിയാത്ത അപരാധിനിയായിപ്പോയി. ഉടമ്പടി എവിടെ?

വിജയൻ ഉടമ്പടി രാജ്ഞിയുടെ കയ്യിൽ സമർപ്പിച്ചു. രാജ്ഞി അതു വായിച്ചുനോക്കി.

"ഹാ! നിങ്ങളുടെ സ്വന്ത ആവശ്യങ്ങളും പറഞ്ഞിട്ടുണ്ടു്. വില്ലാളിസംഘങ്ങളുടെ സർവ്വസൈന്യാധിപതിയായി ആരെ നിയമിക്കണമെന്നാണ ?"

വിജ—ത്രിവിക്രമപ്രഭുവിൻെറ കാലശേഷം ഇതുവരെ ആരെയും നിയമിച്ചിട്ടില്ല. "ആ സ്ഥാനത്തു്."

രാജ്ഞി—അദ്ദേഹത്തെപ്പോലെ ഒരു യോഗ്യനെ കിട്ടാതിരുന്നതുകൊണ്ടാണ. ഒരു യോദ്ധാവായാൽ മാത്രം പോരാ. കുടുംബശ്രേഷ്ഠതകൂടി നോക്കണം.

വിജ—അദ്ദേഹം എന്നെപ്പോലെതന്നെ മലനാട്ടുകാരനായിരുന്നു.

രാജ്ഞി പുഞ്ചിരിയിട്ടുകൊണ്ടു വേഗം ഒരു കടലാസെടുത്തു് അതിൽ ഒന്നുരണ്ടു വരിയെഴുതി മുദ്രയും ചാർത്തി വിജയൻെറ കയ്യിൽ കൊടുത്തു. അതു നോക്കിയപ്പോൾ വിജയൻെറ മുഖം തെളിഞ്ഞു. വിജയനെ സർവ്വസൈന്യാധിപതിയാക്കിയിരുന്ന ഉത്തരവായിരുന്നു അതു്.

രാജ്ഞി—(ഉടമ്പടി നോക്കിക്കൊണ്ടു്) ഉപേന്ദ്രൻ പ്രഭുസ്ഥാനം. അയാൾക്കു വസ്തുവകകൾ ധാരാളമുണ്ടോ?

വിജ—വലിയ ധനവാനാണു്. അദ്ദേഹത്തിൻെറ കെട്ടിടം കണ്ടിട്ടു സ്വാമിമാർ അതിശയിച്ചുപോയി.

രാജ്ഞി—പരിഷ്കാരമുള്ള ലക്ഷണം കാണുന്നില്ല. അയാൾ പ്രഭുവായി നടക്കുന്നതു കണ്ടാൽ വല്ലവരും ചിരിക്കയില്ലേ?

വിജയൻ—ഒരിക്കൽ ചിരിക്കുന്നവൻ പിന്നീടു ചിരിക്കയില്ല.

രാജ്ഞി—അതു സമ്മതിച്ചിരിക്കുന്നു. മററവർക്കു രണ്ടുപേർക്കും എന്താണാവശ്യമുള്ളതു്.

വിജ—ശേഖരൻ സന്യാസിയാണു്. ദിവാകരപ്രഭുവിനു യാതൊന്നും ആവശ്യമില്ലെന്നു പറയുന്നു.

രാജ്ഞി (ഏറുകണ്ണിട്ടുകൊണ്ടു്)—എന്തു് വളരെ അതിശയകരമായിരിക്കുന്നു: ഇപ്പോൾ എന്തു ചോദിച്ചാലും കിട്ടുമല്ലൊ.

വിജ—ദിവാകരപ്രഭു സാധാരണമനുഷ്യനല്ല.

രാജ്ഞി—ശരി. അംഗളഹത്തിന്റെ സംരക്ഷണയിൽ ഒരു യുവാവുണ്ടല്ലോ. ആ യുവാവിനെപ്പററി വളരെ പ്രശംസിച്ചു കമലേശൻ പറകയുണ്ടായി.

വിജ—അതേ വളരെ സമർത്ഥനായ ഒരു യുവാവാണ്.

രാജ്ഞി—അവനെ രാജാവിന്റെ അംഗരക്ഷകന്മാരിൽ ഒരുവനായി എടുത്താലൊ? പ്രഭു സമ്മതിക്കുമോ?

വിജ—തിരുമനസ്സുകൊണ്ടു കല്പിച്ചാൽ സമ്മതിക്കും.

രാജ്ഞി—എല്ലാമായല്ലോ. ഇനിയും വല്ലതും പറയാനുണ്ടോ?

വിജ—ആ ഉടമ്പടിക്കു തുല്യം ചാർത്തിയില്ല.

രാജ്ഞി—അതിനെപ്പററി ആലോചിച്ചു ചെയ്യേണ്ടതല്ലെ, നാളെയാകട്ടെ.

വിജ—അടിയൻ ഉണർത്തിച്ചുകൊള്ളട്ടെ. ഇപ്പോൾ തുല്യം ചാർത്തിയിട്ടില്ലെങ്കിൽ പിന്നീടു സാധിക്കയില്ല. അടിയൻ ഇതുംകൊണ്ടു നിശ്ചിതസമയം തിരികെ എത്തിയില്ലെങ്കിൽ പിന്നത്തെ സ്ഥിതി എന്തായിത്തീരുമെന്നു ഈശ്വരനു മാത്രം അറിയാം. മഹാരാജ്ഞി ആ ഉടമ്പടിയുടെ കീഴിൽ അവിടുത്തെ പേരെഴുതിയാൽ മതി. അപ്പോൾ കലഹം ശമിക്കും. നിത്യസമാധാനം രാജ്യത്തു വാഴും. ജനങ്ങൾ തിരുമേനിയെ പ്രശംസിക്കും. വിസമ്മതിക്കരുതെന്നു അടിമലർ കൂപ്പി പ്രാർത്ഥിക്കുന്നു.

രാജ്ഞി പേനാ കൈയിലെടുത്തു വിജയനെ ഒന്നു നോക്കിയ ശേഷം ഒപ്പിട്ടു. ആ രാജസ്ത്രീയുടെ മുഖത്തെ പ്രൌഢത എവിടെ? രണ്ടു കൈകൾകൊണ്ടു മുഖം പൊത്തി കരഞ്ഞു. വിജയൻ ഒന്നു ഞെട്ടി. ഒരു സ്ത്രീ അതേ പ്രതാപവതിയായ മഹാരാജ്ഞി കരയുകയോ? വിജയന്റെ അകക്കാമ്പുരുകി. മുട്ടിൽ കിടന്നുകൊണ്ടു പറഞ്ഞു. "മഹാരാജ്ഞി തൃപ്പാദത്തിൽ ശരണാർത്ഥിയായി കിടക്കുന്ന ഈ ദാസനെ സകരുണം ഒന്നു കടാക്ഷിക്കണം. അവിടുന്നൊരാംഗ്യം കാണിച്ചാൽ അതുപോലെ ചെയ്യുവാൻ സന്നദ്ധതയുള്ള വിശ്വസ്തസേവകനാണടിയൻ. തുല്യം ചാർത്തിയതു തെററിപ്പോയെന്നു തോന്നുന്നെങ്കിൽ ആ കടലാസ് തിരുമനസ്സിലെ കൈയിലിരിക്കട്ടെ. അടിയൻ ഇതാ പോകുന്നു. യാതൊരു വ്യവസ്ഥയും കൂടാതെ സ്വാമിയാരെ തിരുസന്നിധിയിലെത്തിച്ചിട്ടു അടിയങ്ങൾ വിധിഹിതം അനുഭവിച്ചുകൊള്ളാം."

ഏതൊരു കഠിനഹൃദയവും അലിയുന്ന ചില അവസരങ്ങളുണ്ടു്. വിജയന്റെ ജീവത്യാഗത്തിനു സന്നദ്ധതയുള്ള സ്വാർത്ഥപരിത്യാഗം കണ്ടു് രാജ്ഞിയുടെ ഹൃദയം അലിഞ്ഞു. രാജ്ഞിയാണെന്നുള്ള കാര്യം ആ സ്ത്രീരത്നം മറന്നു. ആർദ്രയും അനുകമ്പയുമുള്ള സ്ത്രീയായി അവർ വിളങ്ങി. "വരട്ടെ പോകരുതു് ഞാൻ സ്വമനസ്സാലെ ഉടമ്പടി ഒപ്പു വച്ചിരിക്കുന്നു. രാജ്യത്തു സമാധാനം കണ്ടാൽ മാത്രം മതി. എന്നെ വിശ്വസ്തതയോടുകൂടി സേവിച്ച നിങ്ങളെ മറന്ന അപരാധം ക്ഷമിക്കണം."

വിജയൻ രാജ്ഞിയുടെ മുഖത്തു നോക്കി. ആ അംഗനാരത്നത്തിന്റെ ആനനത്തിൽ പ്രസന്നതയുടെ രശ്മികൾ പ്രസരിച്ചു. ഒരു നവതേജസ്സു ആ മുഖത്തു കളിയാടുന്നതു വിജയനു ബോദ്ധ്യമായി. അതിരററ ആനന്ദത്തോടുകൂടി ആ വീരകേസരി അവിടെനിന്നു വിടകൊണ്ടു.

---

# അദ്ധ്യായം നൻ

ആ ദിവസം സന്ധ്യയോടുകൂടി രാജധാനി മുഴുവൻ അത്ഭുതപൂർവമായ ഒരു ഉന്മേഷം വ്യാപിച്ചിരിക്കുന്നു. നഗരവാസികൾ ആവശ്യപ്പെട്ട സകല വ്യവസ്ഥകളും സമ്മതിച്ചു സന്ധിക്കു രാജ്ഞി ഒപ്പു വച്ചിരിക്കുന്നുവെന്നുള്ള അപ്രതീക്ഷിതമായ വാർത്ത പട്ടണവീഥികളിലെല്ലാം പരന്നിരിക്കുന്നു. പൌരപ്രമാണികൾ ആശ്ചര്യപരതന്ത്രരായി. അവരുടെ വാദം അന്യായമെന്നു ശഠിച്ചുകൊണ്ടിരുന്ന രാജ്ഞിയുടെ ഭാവം ഇത്രയെളുപ്പം മാറിയതിന്റെ രഹസ്യമെന്തെന്നു് അവർക്കു മനസ്സിലായില്ല. തെരുവുകളുടെ കോണുകളിലും മുക്കുകളിലും പഴയപടി ആൾക്കൂട്ടങ്ങൾ കാണുന്നുണ്ടു്. എന്നാൽ രാജ്ഞിയുടെ രണ്ടുദൃഷ്യത്തെപ്പററി കണ്ഠക്ഷോഭം ചെയ്തിരുന്നവർ ഇപ്പോൾ ആ മഹതിയുടെ മഹാമനസ്കതയെ അഭിനന്ദിച്ചു സ്തുതിവചനങ്ങൾ വർഷിക്കുകയാണു്. "സത്യവ്രതൻ വീഴട്ടെ" എന്നു ഉച്ചൈസ്തരം ഘോഷിച്ചവർ "സത്യവ്രതൻ ജയിക്കട്ടെ" എന്നു അഹ്ലാദാട്ടഹാസം ചെയ്യുന്നു.

ലോകഗതിയെ അറിയുന്ന ഒരു തത്വജ്ഞാനി ഈ കാഴ്ച കാണുമ്പോൾ ചിന്തിക്കുന്നതെന്താണ്. മനുഷ്യരെത്ര സാധുക്കൾ— അജ്ഞർ—ആലോചനയില്ലാത്തവർ വെള്ളത്തിലെ ഉതളങ്ങൾപോലെ മറിയുന്നവർ. കടലിലെ കല്ലോലമാലകൾ പോലെ അങ്ങോട്ടുമിങ്ങോട്ടും ഉലയുന്നവർ. കരയുന്നവരുടെ കൂടെ കരയും; ചിരിക്കുന്നവരുടെ കൂടെ ചിരിക്കും. പറഞ്ഞിളക്കിയാൽ എന്തധർമ്മങ്ങളും അവരെക്കൊണ്ടു ചെയ്യിക്കാം: അവരെക്കൊണ്ടു മറിച്ചു ചെയ്യിക്കാനും പ്രയാസമില്ല. എന്റെ ഈശ്വരാ ഈ പാവങ്ങളെ നടത്തുന്നതിനു സ്വാർത്ഥരഹിതരും സൂക്ഷ്മബുദ്ധികളുമായ കുറേ മഹാശയന്മാരുണ്ടായിരുന്നെങ്കിൽ!

അടുത്ത ദിവസം രാവിലെ മണി എട്ടടിച്ചപ്പോൾ രാജകുടുംബത്തിന്റെ പ്രത്യാഗമനത്തെ സൂചിപ്പിക്കുന്ന ആചാരവെടികൾ കേട്ടു. രാജകൊട്ടാരം വരെ നിരത്തിന്റെ ഇരുഭാഗങ്ങളിലും തിങ്ങിക്കൂടി നിൽക്കുന്ന ആളുകൾ അവരുടെ കണ്ണുകളെ പട്ടണവാതിൽക്കലേക്കോടിച്ചു. രാജ്ഞിയും രാജകുമാരനും കയറിയിരുന്ന രഥം വില്ലാളിസംഘങ്ങളുടെ അകമ്പടിയോടുകൂടി പട്ടണത്തിനകത്തു പ്രവേശിച്ചപ്പോൾ സന്തോഷശബ്ദങ്ങൾ കൊണ്ടു വായുമണ്ഡലം മുഴങ്ങി. വെള്ളി രഥത്തിന്റെ ഒരു വശത്തു സർവസൈന്യാധിപതിയായ വിജയചന്ദ്രനും മറുവശത്തു പോലീസധികാരിയായ ചന്ദ്രസേനനും കുതിരസവാരി ചെയ്യുന്നുണ്ട്. രാജ്ഞിസമ്മാനിച്ചതും വിജയന്റെ അരക്കെട്ടിൽ തൂങ്ങിക്കിടന്നതുമായ വാൾ പ്രഭാതസൂര്യന്റെ പ്രകാശം പ്രതിബിംബിച്ചു ശോഭിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ കുതിരപ്പുറത്തുള്ള ഇരിപ്പും, മുഖത്തെ പ്രൌഢതയും അനേകായിരം കണ്ണുകളെ ആകർഷിക്കുന്നുണ്ടായിരുന്നു.

ഇങ്ങനെ മഹേന്ദ്രപുരിയിൽ എഴുന്നള്ളത്താഘോഷം നടന്നുകൊണ്ടിരിക്കുമ്പോൾ രണ്ടു ശസ്ത്രധർ പട്ടണത്തിൽ നിന്നു കുറേ അകലെയായി ഒരു വിജനപ്രദേശത്തു കൂടി ത്വരിതഗതിയിൽ സവാരി ചെയ്യുന്നു. അവർ ദിവാകരപ്രഭുവും രവീന്ദ്രനുമാണ്.

രവീന്ദ്രൻ—(ആത്മഗതം) "ഒരു സ്ത്രീയെ സന്ദർശിക്കുവാനാണെന്നു മാത്രം പറഞ്ഞു. എവിടെയാണാവോ? എങ്ങനെയാണ് ചോദിക്കുക. എന്തോ ആലോചനയിൽ മുഴുകിയിരിക്കയാണ്. വല്ലതും ചോദിച്ചാൽ അതവനെ ഉപദ്രവിക്കയായിരിക്കും.

ദിവാകരപ്രഭു—(ആത്മഗതം) "ഇനിയും വെളിപ്പെടുത്തുന്നതു തരമില്ല. അവളുടെ ഭർത്താവു മരിച്ചതു രവീന്ദ്രന്റെ ഭാഗ്യം അല്ലെന്നും ഭാഗ്യം. രാജാവിന്റെ അംഗരക്ഷകൻ ആകേണ്ടവൻ കപടാപുത്രനെന്നുള്ള അപഖ്യാതിയോടെ എങ്ങനെ ജീവിക്കും. കുറെ കഴിയുമ്പോൾ അവന്റെ മാതാപിതാക്കന്മാർ ആരെന്നും എവിടെയെന്നും അവൻ അന്വേഷിച്ചു തുടങ്ങും. അവന്റെ ദുഃഖം ഞാൻ എങ്ങനെ സഹിക്കും. കാരുണ്യമൂർത്തിയായ വിജയൻ മാത്രം എന്തൊക്കെയോ സംശയിച്ചിട്ടുണ്ടെന്നു തോന്നുന്നു. അവളുടെ മനഃസ്ഥിതി എങ്ങനെയായിരിക്കുമോ? കുഞ്ഞിനെ ഓർത്തെങ്കിലും അവൾ വഴിപ്പെട്ടിരിക്കുമോ."

അവർ മനോഹരമായ ഉദ്യാനത്തിന്റെ മദ്ധ്യത്തിൽ സ്ഥിതി ചെയ്യുന്ന ഒരു രണ്ടു നിലക്കെട്ടിടത്തിന്റെ പൂമുഖവാതിൽക്കൽ കുതിരകളെ നിറുത്തി. ദിവാകരപ്രഭുവും രവീന്ദ്രനും പൂമുഖത്തു പ്രവേശിച്ചപ്പോൾ ഒരു പരിചാരകൻ വേഗം അവരുടെ അടുക്കൽ വന്നു

ദിവാ—നിങ്ങളുടെ യജമാനസ്ത്രീ ഇവിടെയുണ്ടോ?

പരിചാരകൻ—ഉണ്ടു്.

പ്രഭു—ഇപ്പോൾ അവരെ ഒന്നു കാണുവാൻ സൗകര്യമുണ്ടോ?

പരിചാരകൻ—(സംശയിച്ചിട്ടു്) ഞാൻ ചെന്നു പറയാം. ഇതുവരെ ആരെയും കാണുക പതിവില്ല.

പ്രഭു (പതുക്കെ) "മനസ്സിലായി. ഭർത്താവു മരിച്ച ദുഃഖം കൊണ്ടു."

പരിചാരകൻ—അതെ. എപ്പോഴും അകത്തിരിക്കയാണു്. പ്രാർത്ഥനയിലും ഉപവാസത്തിലുമാണു് അധികസമയം കഴിച്ചുകൂട്ടുന്നതു്.

പ്രഭു—എന്നാൽ ഞാൻ കാണുവാൻ വന്നിരിക്കുന്ന വിവരം ചെന്നു പറയണം.

പരിചാരകൻ—അവിടുന്ന് ......?

പ്രഭു—ദിവാകരപ്രഭു

തളത്തിലിരുന്നെന്തോ വായിച്ചുകൊണ്ടിരുന്ന യജമാനസ്ത്രീയുടെ സമീപെ പരിചാരകൻ ചെന്നുചേർന്നു. അവൾ തലയുയർത്തി ഭൃത്യനെ നോക്കി ദുസ്സഹമായ മനോവ്യഥയുടെ രേഖകൾ ആ മുഖത്തു നിഴലിക്കുന്നുണ്ടെങ്കിലും സൗന്ദര്യം ആ അ

വന്മയിലും വിട്ടുമാറിയിരുന്നില്ല. ആ മുഖം ഒരു കാലത്തു അനേകം പുരുഷന്മാരെ ആകർഷിപ്പാൻ പര്യാപ്തമായിരുന്നു ആ സൗഭാഗ്യവതിയുടെ ചില്ലീലതാഞ്ചലം ഒന്നനങ്ങുന്നതു കാൺമാൻ അനേകം പേർ കാത്തുനിന്നിരുന്ന കാലവുമുണ്ടായിരുന്നു. ഇപ്പോൾ ആകപ്പാടെ ഭാവം മാറിയിട്ടുണ്ട്. ഭർത്തൃമരണം ഈശ്വരന്റെ ശിക്ഷയായി ആ സ്ത്രീ പരിഗണിച്ചു. അന്നു മുതൽ ധനത്തിൽ വിരക്തയായി സുഖത്തെ ത്യജിച്ചു ഈശ്വരനെ ശരണമാക്കി വസിക്കയാണ്.

പരിചാ—കൊച്ചമ്മയെക്കാണ്മാൻ ഒരാൾ വന്നിരിക്കുന്നു.

യജമാനസ്ത്രീ—എന്നെ കാണ്മാനോ? ആരാണ്?

പരിചാ—ദിവാകരപ്രഭു എന്നാണ് പേരുപറഞ്ഞതു്? കൂടെ ഒരു യുവാവുമുണ്ട്.

യജമാനസ്ത്രീ—ദിവാകരപ്രഭുവോ? അങ്ങനെ ഒരു പേരു ഞാൻ കേട്ടിട്ടില്ലല്ലൊ. ആരായിരിക്കാം. എന്തിനാണു കാണുന്നതെന്നു പറഞ്ഞുവോ?

പരിചാ—അതൊന്നും പറഞ്ഞില്ല.

യജമാനസ്ത്രീ കുറേനേരം മൌനമായിരുന്ന ശേഷം ചോദിച്ചു "അവർ എവിടെ നിൽക്കുന്നു?"

പരിചാ—പൂമുഖത്തു നിൽക്കയാണ്.

യജമാനസ്ത്രീ—നീ എന്തുകൊണ്ട് ഇരിക്കാൻ കൊടുത്തില്ല. വേഗം പോയി അവരെ മുറിക്കകത്തു കയറ്റി ഇരുത്തുക. ഞാൻ പിറകെ വരാം. പരിചാരകൻ പൂമുഖത്തെത്തി ആഗതരെ വിവരം ധരിപ്പിച്ചു. രവീന്ദ്രൻ പൂമുഖത്തിരിക്കുന്നതിനു പറഞ്ഞ ശേഷം പ്രഭു പരിചാരകൻ കാണിച്ച മുറിയിൽ പ്രവേശിച്ചു ഒരു കസാലയിൽ ഇരുന്നു. അല്പനേരം കഴിഞ്ഞു മറുവശത്തെ കതകു സാവധാനത്തിൽ തുറന്നു് ഒരു സ്ത്രീരത്നം മുറിയിൽ കയറി. പ്രഭുവിനു പെട്ടെന്നു ഒരു രോമാഞ്ചമുണ്ടായെങ്കിലും സംഭ്രമം വെളിപ്പെട്ടുടക്കിക്കൊണ്ടു് ആ വനിതാമണിയുടെ മുഖത്തൊന്നു നോക്കി. ഹാ ഒരിക്കൽ മഹേന്ദ്രപുരിയിലെ പ്രഭുകുമാരന്മാരെ കാമപരവശരാക്കി നട്ടം തിരിച്ച മുഖമോ ഇതു്? അന്നത്തെ അരയന്നപ്പിടയെപ്പോലെയുള്ള നടപ്പും, പ്രസരിപ്പും എവിടെ? തനിക്കഭിമുഖമായി വന്നുനിന്ന അംഗനാരത്നത്തോടിരിക്കുന്നതിനു പ്രഭു ആവശ്യപ്പെട്ടു. ഒന്നു മടിച്ചശേഷം പ്രഭുവിന്റെ നിർബന്ധത്താൽ അവർ ഒരു കസാലയിൽ ഇരുന്നു.

ശേഹിനി—"അങ്ങയെ എനിക്കു മനസ്സിലായില്ല."

പ്രഭ.—"ദിവാകരപ്രഭ, എന്ന സ്ഥാനപ്പേരാണെനിക്കുള്ളതെങ്കിലും, നരേന്ദ്രൻ എന്ന പേരിനാലാണു മഹേന്ദ്രപുരിയിൽ ഞാൻ അറിയപ്പെട്ടന്നതു്."

ശേഹി.—"നരേന്ദ്രൻ"-ആ പേരു ഞാൻകേട്ടിട്ടുണ്ടു്.

പ്രഭ.—"കേട്ടുകാണും. സിംഹരുദ്ര സ്വാമിയാരുടെ കാലത്തെ വില്ലാളികളിൽ ഒരുവൻ-"

ശേഹി.—ഞാനോർക്കുന്നു. വിജയരുദ്രന്റെ ഒരു സ്നേഹിതൻ."

പ്രഭ.—"അതെ. ഞാൻ പഴയ ഒരു കഥ പറയുവാൻ പോകുകയാണു്. ശ്രദ്ധിച്ചുകേൾക്കണം. വിജയരുദ്രന്റെ പ്രണയിനിയായ മന്ദാകിനി മരിച്ചശേഷം ചന്ദ്രമതി എന്ന പേരുള്ള ഒരു സുന്ദരീരത്നം രാജ്ഞിയുടെ പരിചാരികയായി. അതൊക്കെ ഭവതിക്കറിയാമല്ലൊ."

പ്രഭ. പറയുന്നതു് എന്തായിരിക്കും എന്നു് ശങ്കിച്ചു് അസ്ത്രീരത്നം സംഭ്രമിച്ചു എങ്കിലും വികാരത്തെ അടക്കിക്കൊണ്ടു പറഞ്ഞു. "ഞാൻ ചന്ദ്രമതിയെ നല്ലപോലെ അറിയും."

പ്രഭ—"ആ ചന്ദ്രമതിയെപ്പററി കുറേ പറയുന്നതിൽ ഭവതിക്കു് അഹിതമില്ലല്ലൊ."

ശേഹി—"അവിടുന്നു പറയണം. ചീത്തയായിട്ടൊന്നും ആയിരിക്കയില്ലല്ലൊ."

പ്രഭ—ഞാൻ പറഞ്ഞു കഴിഞ്ഞിട്ടു ഭവതി ഇഷ്ടം പോലെ വ്യാഖ്യാനിച്ചുകൊള്ളണം. ഭവതി അവശ്യം അറിഞ്ഞിരിക്കേണ്ടതാണു് ഞാൻ പറയുവാൻ പോകുന്നതു്. ചന്ദ്രമതി കൊട്ടാരത്തിൽ ജോലി തുടങ്ങിയ കാലത്താണു് ഞാൻ സൈനിക ജീവിതം വിട്ടു സ്വദേശത്തു പോയി താമസമാക്കിയതു്. കുറേ നാൾ കഴിഞ്ഞപ്പോൾ രാജ്ഞിയുടെ വിശ്വസ്തഭൃത്യയോടു സത്യവ്രതസ്വാമിയാർക്കു ദ്വേഷമുണ്ടായി. അവളെപ്പററി പല അപഖ്യാതികളും രാജാവിനെ ധരിപ്പിച്ച ശേഷം അവളെ ബന്ധനസ്ഥയാക്കുന്നതിനു സ്വാമിയാർ പട്ടാളക്കാരെ നിയോഗിച്ചു. രാജ്ഞി ഇതറിഞ്ഞയുടൻ മഹേന്ദ്രപുരിയിൽ നിന്നു രക്ഷപെടുന്നതിനു പരിചാരികയെ സഹായിച്ചു.

ശേഹിനി—ഇതൊക്കെ അക്കാലത്തു് അങ്ങാടിയിൽ പരസ്യമായിരുന്നവല്ലൊ. ചേരരാജ്യത്തേക്കോടിപ്പോയ സ്ത്രീ പി

ന്നീട്ടു കുറെ വർഷങ്ങൾ കഴിഞ്ഞു തിരികെ വന്നു ഒരു പ്രഭുവിന്റെ ഭാര്യാപദം സ്വീകരിച്ചു.

പ്രഭു—എന്നാൽ പരസ്യമാകാത്ത ചില കാര്യങ്ങൾ പറയാം. ചന്ദ്രമതി കുതിരസ്സവാരിയിൽ വിദഗ്ദ്ധയായിരുന്നു. കൊട്ടാരത്തിൽ നിന്നു ഒരു യുവാവിന്റെ വേഷം ധരിച്ചു കുതിരപ്പുറത്തുകയറി അതിവേഗം പട്ടണം വിട്ടുകയാണുണ്ടായത്. ഏകദേശം പത്തുനാഴിക ഇരുട്ടിയപ്പോൾ ഒരു വിജനപ്രദേശത്തെത്തി. യുവാവു—ചന്ദ്രമതിയെ യുവാവെന്നു തന്നെ പറയാം—യുവാവും കുതിരയും നന്നാക്ഷീണിച്ചു.

ഇത്രയും കേട്ടപ്പോൾ തന്റെ മുമ്പിലിരിക്കുന്ന സ്ത്രീരത്നത്തിന്റെ മുഖം ക്ഷീണിക്കുന്നതു പ്രഭു കണ്ടു. വേഗം പറഞ്ഞുതീർക്കാമെന്നുറച്ചുകൊണ്ടു അദ്ദേഹം തുടർന്നു പറഞ്ഞു. "രാത്രിയിൽ കയറി വിശ്രമിക്കുന്നതിനു യോഗ്യമായ ഒരു ഭവനവും കാണാതിരുന്നതുകൊണ്ടു ഒടുവിൽ ഏകനായി വസിക്കുന്ന ഒരു സന്യാസിയുടെ മുററത്തു കുതിരയെ നിറുത്തി താഴെയിറങ്ങി വരാന്തയിൽ കയറി കതകിനു മുട്ടി. "എന്താണാവശ്യം" എന്നകത്തുനിന്നു ചോദിച്ചതിനു "രാത്രിയിൽ ഒന്നു തല ചായിക്കുന്നതിന്നിടം കിട്ടണം" എന്നു പറഞ്ഞതിനാൽ കതകു തുറന്നു് അകത്തു പ്രവേശിപ്പിച്ചു. ആ മുറിയിലുണ്ടായിരുന്ന മറെറാരു കട്ടിൽ ക്ഷീണപരവശനായ യുവാവിനു സന്യാസി കാണിച്ചുകൊടുത്തു. വിവർണ്ണയായി വിറച്ചുകൊണ്ടിരുന്ന സ്ത്രീ പാരവശ്യത്തോടുകൂടി ചോദിച്ചു. അവിടുന്നിതൊക്കെ എങ്ങിനെ അറിഞ്ഞു.

പ്രഭു—പറയാം. മുഴുവൻ കേൾക്കുമ്പോൾ അറിയും. ആ യുവാവ്—അതെ ചന്ദ്രമതി സുകുമാരകളേബരനായ യുവരസികനെ കണ്ടപ്പോൾ ഒരു പുതിയവികാരത്തിനധീനമായി. സൗന്ദര്യം വഴിഞ്ഞൊഴുകുന്ന ആ മുഖം ഒരു മോഹനാംഗിയുടെതെന്നു് മനസ്സിലായപ്പോൾ ഒരിക്കലും മനസ്സിളക്കം വരാത്ത ആ യുദ്ധവീരൻ അതെ സന്യാസിയുടെ മറെറാരതിഥിയായിരുന്ന അപ്പോൾ അവിടെ കാണപ്പെട്ടതു്. ഒരു മണിക്കൂർ മുൻപേ സന്യാസി തന്റെ അതിഥിയായി സന്ധ്യക്കു കയറി വന്ന ആ യുദ്ധവീരനെ അവിടെ ഇരുത്തിയും വച്ചു അസന്നമരണനായി കിടക്കുന്ന അർക്കോ ശരണോപദേശം ചെയ്യുന്നതിനായി പോയിരുന്നു. ആ യുദ്ധവീരൻ അകസ്മികമായുണ്ടായ ദുരാഗ്രഹത്തിനു കീ

ഴ്പ്പെട്ടു. അടുത്ത ദിവസം അതിരാവിലെ ആ സുന്ദരീരത്നം ഉണരുന്നതിനു മുമ്പായി ആ യോദ്ധാവും താമസിയാതെ പുരുഷവേഷം ധരിച്ച ആ സ്ത്രീയും അവിടെ നിന്നു പോയി. ശേഫിനി അല്പം ധൈര്യം അവലംബിച്ചുകൊണ്ടു ചോദിച്ചു:— "അവിടുന്നു് അതെങ്ങനെ അറിഞ്ഞു."

പ്രഭു— ഒരു വർഷം കഴിഞ്ഞു ആ യോദ്ധാവു് ആ വഴിയെ വന്നപ്പോൾ സന്ന്യാസിയുടെ ഗൃഹത്തിൽ കയറി പഴയ കഥ പറഞ്ഞു. അന്നു് ആ രണവീരൻ രാവിലെ ഗൃഹം വിട്ടു പോയ ഉടൻ തന്നെ സന്ന്യാസി തിരിയെ എത്തിയെന്നു് പറകയുണ്ടായി. അതിൽനിന്നും, ആ സ്ത്രീരത്നം യുദ്ധവീരൻ പോയികഴിഞ്ഞയുടൻ അവിടെനിന്നു പോയിരിക്കണമെന്നു് അനുമാനിക്കാം. അതുതന്നെയോ? അതിലൊക്കെ അത്ഭുതം വേറൊന്നാണു്. യോദ്ധാവു രണ്ടാമതു സന്ന്യാസിയുടെ ഗൃഹത്തിൽ ചെല്ലുന്നതിനു കുറേ ദിവസങ്ങൾക്കു മുമ്പു് ഒരു ദിവസം രാവിലെ സന്ന്യാസി ഉണർന്നു് വരാന്തയിലിറങ്ങിയപ്പോൾ ഒരു ചെറിയ തൊട്ടിലിൽ ഏകദേശം ഒരു മാസം പ്രായംവരുന്ന ഒരു ശിശു കിടക്കുന്നു. അതിന്റെ അരികിലായി സ്വർണ്ണനാണയങ്ങളടങ്ങിയ ഒരു സഞ്ചിയും, ഒരു തീയതികുറിച്ച കടലാസ്സും കിടന്നിരുന്നു. അദ്ദേഹം അതിന്റെ അർത്ഥം മനസ്സിലാകാതെ പരിഭ്രമിച്ചെങ്കിലും കുട്ടിയെ വളർത്തുന്ന ചുമതല അപ്പോൾ തന്നെ ഏററു. ആ യുദ്ധവീരൻ ചെന്നപ്പോൾ ഈ കഥയെല്ലാം പറഞ്ഞശേഷം സന്ന്യാസി, ആ തീയതികുറിപ്പു കാണിച്ചു. അദ്ദേഹം ആ ഗൃഹത്തിൽ ഒരു വർഷംമുൻപു താമസിച്ച തീയതിയാണതിൽ കുറിച്ചിരുന്നതു്. തൊട്ടിലിൽ കിടന്നു കളിക്കുന്ന ശിശുവിനെ അവകാശിയില്ലാത്ത ദുഃഖം അനുഭവിക്കുന്ന ഞാൻ അതേ ദിവാകര പ്രഭുവായിരുന്ന ഞാനായിരുന്നു ആ രാത്രിഞ്ചരവീരൻ. ഞാൻ എന്റെ വാസസ്ഥലമായ ദിനേശപുരം കൊട്ടാരത്തിലേക്കു കൊണ്ടുപോയി.

ആശ്ചര്യമോ, ഭയമോ എന്താണു് ആ സ്ത്രീരത്നത്തെ ബാധിച്ചിരിക്കുന്നതെന്നു നിശ്ചയിക്കാൻ പാടില്ല. അവർ [illegible]ൻ പാടില്ലാതെ മരച്ചിരുന്നുകൊണ്ടു് അദ്ദേഹത്തെ മിഴിച്ചു നോക്കി.

പ്രഭു തുടർന്നു പറഞ്ഞു.— ചന്ദ്രമതി മഹേന്ദ്രപുരിയിൽ. തിരികെ വന്നപ്പോൾ ആ ശിശുവിനെ അന്വേഷിച്ചതായി ഞാൻ

അറിഞ്ഞു. എന്റെ ഉത്ഭവം പോലും അറിയാൻ പാടില്ലാതിരുന്നതുകൊണ്ടു സന്യാസികൾ ശിശുവിന്റെ മാതാവിനോടു സമാധാനം പറയുവാൻ സാധിച്ചില്ല. ഞാൻ അവനെ വളർത്തി. എവിടെനിന്നു് എന്നറിയാൻ പാടില്ല; ആ സ്ത്രീയ്ക്കു ശക്തി ലഭിച്ചു വേഗം എഴുന്നേറ്റുനിന്നു ബാഷ്പവർഷം ചെയ്തുകൊണ്ടു പ്രഭുവിന്റെ ശ്രേഷ്ഠമുഖത്തു നോക്കി. "എന്റെ മകൻ എവിടെ എനിക്കവനെ കാണണം." എന്നു പറഞ്ഞു.

പ്രഭു—അതാ! അവൻ പൂമുഖത്തു നില്പുണ്ടു്.

"ഞാൻ ഒന്നു കാണട്ടെ". എന്നു പറഞ്ഞുകൊണ്ടു് ആ സ്ത്രീരത്നം അങ്ങോട്ടു കാലുകൾ വെച്ചപ്പോൾ പ്രഭു തടഞ്ഞുനിർത്തിക്കൊണ്ടു പറഞ്ഞു "അരുതു്! സാവകാശമായിട്ടുവേണം. അവൻ അച്ഛനമ്മമാരെ അറിയാതെയിരിക്കയാണു്. പെട്ടെന്നവെ അവനെ അറിയിക്കയാണെങ്കിൽ സഹിക്കവഹിയാത്ത സംഭ്രമം കൊണ്ടു വല്ല അപത്തും നേരിട്ടേക്കാം."

ചന്ദ്രമതി അവിടെ ഇരുന്നു കുറച്ചൊന്നാശ്വസിച്ചശേഷം ചോദിച്ചു. "അവൻ അങ്ങയെപ്പോലെയായിരിക്കുമല്ലൊ?"

പ്രഭു—എന്നെപ്പോലെ ആരോഗ്യവാനും ബലിഷ്ഠനുമാണു്. എന്നാൽ മുഖം അമ്മയുടെതാണെന്നുള്ളതിനു സംശയമില്ല.

ചന്ദ്രമതിയുടെ ഹൃദയത്തിൽ പൊങ്ങിവന്ന ആനന്ദത്തിന തിരില്ലായിരുന്നു. മകനെ മാറോടണയ്ക്കാനുള്ള അത്യാഗ്രഹംകൊണ്ടു് അവരുടെ ഹൃദയം തുടിച്ചു. ദിവാകരപ്രഭു സാവധാനത്തിൽ വെളിയിലിറങ്ങി. പൂമുഖത്തിരുന്ന രവീന്ദ്രൻ വേഗം എഴുന്നേറ്റു.

പ്രഭു—കുഞ്ഞേ! നീ അകത്തേക്കു ചെല്ലുക. ആ അമ്മ നിന്നെ കാണുവാൻ ആഗ്രഹിക്കുന്നു.

രവീന്ദ്രൻ യാതൊന്നും മനസ്സിലാകാതെ അച്ഛൻ പറഞ്ഞതനുസരിച്ചു് അകത്തേക്കു പോയി. പ്രഭു കസാലയിലിരുന്നു മുഖം കൈകൊണ്ടു മറച്ചു് ആനന്ദബാഷ്പം ചൊരിഞ്ഞു:

# അദ്ധ്യായം ൪൦.

മഹേന്ദ്രപുരിയിലെ പ്രധാനസത്രത്തിന്റെ മുകളിലത്തെ തട്ടിലുള്ള വിശാലമായ മുറി സവിശേഷമായി അലങ്കരിച്ചിരിക്കുന്നു. വിചിത്ര വേല ചെയ്തിട്ടുള്ള മേശകളിൽ വെയ്ക്കപ്പെട്ടിട്ടുള്ള പാത്രങ്ങൾ സുരഭിലകുസുമങ്ങൾ കൊണ്ടു പ്രശോഭിക്കുന്നു. മേശകൾക്കു ചുററും കസേരകളും ക്രമീകരിച്ചിട്ടുണ്ട്. ആജ്ഞകൾ അനുസരിക്കുവാൻ സന്നദ്ധരായി സത്രവേലക്കാർ ഉടുത്തൊരുങ്ങി നിൽക്കുന്നതു കണ്ടാൽ ഒരു വലിയ വിരുന്നു നടക്കുവാൻ പോകുന്നുവെന്നു ആർക്കും ബോദ്ധ്യമാകും. ആതിഥ്യകാരിയായി വിജയഭദ്രൻ അതിഥികളുടെ വരവിനെ പ്രതീക്ഷിച്ചു അക്ഷമനായി വരാന്തയിൽ നിൽക്കുന്നു. അൽപം അകലെ മാറി നിൽക്കുന്ന ഭദ്രന്റെ ഭാവം കണ്ടാൽ അവനാണു സൈന്യാധിപസ്ഥാനം കിട്ടിയതെന്നു ആർക്കും തോന്നിപ്പോകും.

കുറച്ചു സമയം കഴിഞ്ഞപ്പോൾ ഒരു വണ്ടി താഴെ വന്നു നിന്നു. അതിൽ നിന്നു പുതിയതായി ലഭിച്ച സ്ഥാനമാനങ്ങളെ കാണിക്കുന്ന വസ്ത്രം ധരിച്ച പ്രഭുവായ ഉപേന്ദ്രനും പിറകെ ഭൃത്യൻ ജയന്തനും ഇറങ്ങി അവർ കോവണിപ്പടി കടന്നു മുകളിലത്തെ വരാന്തയിലെത്തിയപ്പോൾ വിജയൻ ഉപേന്ദ്രനെ സ്വീകരിച്ചു്, അകത്തെ മുറി കാണിച്ചു കൊടുത്തു. താമസിയാതെ ചന്ദ്രസേനനും വന്നെത്തി. അവർ മൂവരും കൂടി വർത്തമാനം പറഞ്ഞു രസിച്ചുകൊണ്ടിരിക്കുമ്പോൾ, ഭദ്രൻ അകത്തു കടന്നു" "യജമാനനെ! സുലോചനപ്രഭുവും ശേഖരനങ്ങുന്നും പിന്നെ....'

വിജയഭദ്രൻ—പിന്നെ ആരാടാ—വേഗം പറയൂ.

ഭദ്രൻ—പിന്നെ കൊച്ചമ്മയും കൂടി വണ്ടിയിൽ നിന്നിറങ്ങി, അതാ മുകളിലേക്കു വരുന്നു. വിജയനു കൊച്ചമ്മ ആരെന്നു മനസ്സിലായി. വേഗം വരാന്തയിലിറങ്ങി, അവരെ കൂട്ടിക്കൊണ്ടു മുറിക്കകത്തു പ്രവേശിച്ചു. ചന്ദ്രസേനനും ഉപേന്ദ്രനും ഉപചാരപൂർവം എഴുന്നേററു ശേഖരന്റെ കൂടെ നിന്ന സ്ത്രീരത്നത്തെ കണ്ടു ഉപേന്ദ്രൻ ആശ്ചര്യപ്പെട്ടു നിൽക്കുമ്പോൾ സുലോചനപ്രഭു പറഞ്ഞു. "ഇതെന്റെ സഹോദരിയും ശേഖരന്റെ ഭാര്യയുമായ കമലാംബികയാണു".

ഉപേന്ദ്രൻ—വിജയം കേട്ടില്ലേ? ഈ കള്ള സന്യാസി ഒരിക്കലെങ്കിലും ഇതു സൂചിപ്പിക്കയുണ്ടായിട്ടില്ലല്ലൊ."

എല്ലാവരും ചിരിച്ചു.

വിജയൻ—എനിക്കറിയാമായിരുന്നു.

ശേഖരനും ഭാര്യയും പരസ്പരം നോക്കി പുഞ്ചിരിയിട്ടു.

സുലോചനപ്രഭു—ദിവാകരപ്രഭു വന്നില്ലേ?

വിജയൻ—കണ്ടില്ല. നിശ്ചയമായും വരും. രവീന്ദ്രനും കൂടെയുണ്ടായിരിക്കും.

ചന്ദ്രസേനൻ—പ്രഭുവും രവീന്ദ്രനുമായുള്ള ബന്ധമെന്താണ്.

ഉപേന്ദ്രൻ—വയസ്സുകാലത്താണു ശിശുവിനെ കിട്ടി. മുപ്പിലേക്കു ഭാര്യയും കുട്ടികളുമില്ലല്ലൊ.

ശേഖരൻ—ആ കുട്ടിയോടു പ്രഭുവിനെന്തൊരു സ്നേഹമാണ്. ഇങ്ങനെ വല്ലവരുടേയും കുട്ടിയെ സ്നേഹിക്കുന്നതെങ്ങനെയാണ്.

ഉപേന്ദ്രൻ—ആ കൊച്ചന്റെ സ്വഭാവം വളരെ വിശേഷമാണ്. നരേന്ദ്രന്റെ—അതേ ദിവാകരപ്രഭുവിന്റെ സ്വഭാവം തന്നെയാണ്.

വിജയൻ—ആ കുട്ടിക്കു അവന്റെ അച്ഛന്റെ സ്വഭാവമുള്ളതിൽ എന്താണതിശയിപ്പാനുള്ളതു്.

"രവീന്ദ്രൻ ദിവാകരപ്രഭുവിന്റെ മകനോ" എന്നു എല്ലാവരും കൂടി ചോദിച്ചു.

വിജയൻ—അതെ. കണ്ണുള്ളവർക്കു് എളുപ്പം അറിയാം. ഞാൻ അവന്റെ കാര്യം ഒന്നു രണ്ടു പ്രാവശ്യം സൂചിപ്പിച്ചപ്പോഴൊക്കെ, അദ്ദേഹത്തിന്റെ മുഖത്തു ദുഃഖരേഖ കാണാനിടയായി. എന്തോ കുഴപ്പങ്ങളുണ്ടു്! അവയൊക്കെ പിന്നീടറിയാം.

വരാന്തയിൽ കൂടി ആരൊക്കെയൊ നടന്നുവരുന്ന കാലൊച്ചകേട്ടു് എല്ലാവരും വാതിൽക്കലേക്കു നോക്കി. ദിവാകരപ്രഭുവും പിറകെ വെള്ളവസ്ത്രംധരിച്ച ഒരു മനോഹരാംഗിയും അതിനു പിറകിലായി രവീന്ദ്രനും ഭൃത്യൻ ശാന്തനും മുറിക്കകത്തു കയറി. എല്ലാവരും എഴുന്നേറ്റു് ആശ്ചര്യഭരിതരായി നിശ്ശബ്ദരായി നിന്നു.

ദിവാകരപ്രഭു—എന്റെ സ്നേഹിതരെ! എന്റെ ഭാര്യയും രവീന്ദ്രന്റെ അമ്മയുമായ ചന്ദ്രമതിയെ ഞാൻ നിങ്ങൾക്കു പരിചയപ്പെടുത്തുന്നു.

ആ സ്ത്രീരത്നം പുഞ്ചിരിയോടുകൂടി അവരുടെ സമീപം

വന്നു. ആ മുഖത്തെ ദിവ്യശോഭ കണ്ടു, അവിടെ നിന്നവർ ആശ്ചര്യാനന്ദങ്ങൾ പ്രകടിപ്പിച്ചു. ശേഖരൻ ഭാര്യയായ കമലാംബയെ പ്രഭുവുമായി പരിചയപ്പെടുത്തി. അവർണ്ണനീയമായ സന്തോഷംകൊണ്ടു് യജമാനന്മാരും ഭൃത്യന്മാരും മതിമറന്നു്, എന്താണു പറയേണ്ടതെന്നു് നിശ്ചയമില്ലാതെ നിന്നു. ദിവാകരപ്രഭു സുലോചനപ്രഭുവിനോടു പറഞ്ഞു: "പ്രഭോ, അവിടുന്നു് ഈ കൂട്ടത്തിലുണ്ടായിരിക്കുമെന്നു താഴെ വന്നപ്പോൾ എനിക്കു മനസ്സിലായി."

സുലോചനപ്രഭു—എന്റെ വണ്ടി കണ്ടതുകൊണ്ടായിരിക്കാം.

ദിവ.—അതെ.

ഉപേന്ദ്രൻ—ആ വണ്ടിയിൽ വിജയൻ ഒരിക്കൽ യാത്ര ചെയ്തതായിരുന്നു. പക്ഷെ വണ്ടിക്കാരനായിട്ടു് ആയിരുന്നെന്നുമാത്രം.

എല്ലാവരും ചിരിച്ചു

സുലോച—വിജയൻ ഒരു തെക്കു കൊടുത്ത കാര്യം ഇപ്പോഴും എന്റെ വണ്ടിക്കാരൻ വിറച്ചുകൊണ്ടാണു പറയുന്നതു്. രാജ്ഞിയെയും സ്വാമിയാരേയും പട്ടണത്തിന്റെ വെളിയിൽ കൊണ്ടുപോകുവാൻ എന്തൊരുതന്ത്രം—എന്തെന്നു അസാധാരണസാമർത്ഥ്യമാണു പ്രദർശിപ്പിച്ചതു്.

ദിവാ—രാജ്ഞിയേയും സ്വാമിയാരേയും പട്ടണത്തിനകത്തു കൊണ്ടുവന്നിരിക്കുന്നതും വിജയന്റെ സൂത്രവും സാമർത്ഥ്യവും കൊണ്ടാണു്.

ഉപേ—എന്റെ ഈശ്വരാ! ഈ വിജയന്റെ സൂത്രങ്ങൾ കൂടെ നടക്കുന്നവർക്കുപോലും അറിയാൻ പാടില്ല. ആ ജയിലിൽ കിടന്നപ്പോൾ എന്തെല്ലാം പണികൾ ചെയ്തു. സിംഹത്തെ വെല്ലുന്ന ധൈര്യം. നായാട്ടുപട്ടിയെ ജയിക്കുന്ന ഘ്രണ. സ്വാമിയാരെ തോൽപ്പിക്കുന്ന സൂത്രം. എന്തിനധികം പറയുന്നു.

വിജയനെക്കുറിച്ചു സ്തുതിഗീതങ്ങൾ പാടി അവർ കുറേസമയം ഇരുന്നു. വിജയൻ മൌനമവലംബിച്ചു. താമസിയാതെ വിശേഷപ്പെട്ട ഭോജ്യസാധനങ്ങൾ അവരുടെ മുമ്പിൽ വിലപിടിച്ച പാത്രങ്ങളിൽ വിളമ്പി.

ദിവ—വിജയാ! ഇങ്ങനെ ചെലവാക്കാൻ പണമെവിടെ നിന്നാണു്? ഇതു വളരെ കൂടുതലായിപ്പോയി.

വിജ—ഒരു കൂടുതലുമില്ല. ഞാനദ്ധ്വാനിച്ചുണ്ടാക്കിയ പ

ണമൊന്നുമല്ലാ. സ്വാമിയാരിൽനിന്നു പലപ്പോഴായിപിഴിഞ്ഞെടുത്ത പണമാണു്. മുഴുവൻ ചെലവാകട്ടെ.

ശേഖരൻ—കാട്ടൂരെ പ്രഭുവെന്താണു് ഒന്നും മിണ്ടാതിരിക്കുന്നതു്? പന്നിയെപ്പോലെയാണു തിന്നുമ്പോൾ മററുശ്രദ്ധയില്ലാ. വെടികൊള്ളുമ്പോൾ മേൽപ്പോട്ടുനോക്കും.

ഉപേന്ദ്രൻ തലപൊക്കി ശേഖരനെ ഒന്നു നോക്കി മന്ദഹസിച്ചുകൊണ്ടു പറഞ്ഞു—"ശരിയാണു്. ഇപ്പോൾ എനിക്കു് അന്നവിചാരം മുന്നവിചാരമാണു്. ഒരേസമയം പല കാര്യങ്ങളെപ്പററി വിചാരിക്കുവാൻ സാധിക്കുന്നതു സന്യാസിമാർക്കാണു്. ധ്യാനിച്ചുകൊണ്ടിരിക്കുമ്പോൾ മനസ്സ് അയൽപക്കത്തെ ബംഗ്ളാവിലെവിടെയെങ്കിലും ആയിരിക്കും."

എല്ലാവരും ചിരിച്ചുകൊണ്ടു കമലാംബയെ നോക്കി. രവീന്ദ്രനുമായി സംസാരിച്ചിരുന്നതുകൊണ്ടു് ആ സ്ത്രീരത്നം അതൊന്നും കേട്ടില്ല.

ചന്ദ്ര—ഉപേന്ദ്രൻ ഇങ്ങനെയിരുന്നാലോ? വല്ലിടത്തും ഒരു സംബന്ധംവേണ്ടേ?

വിജ—അതിനു പററിയ ശൂർപ്പണഖ എവിടെയുണ്ടു്.

ഉപേ—അടങ്ങിയിരിക്കണം. ഒന്നുമില്ലെങ്കിൽ ഞാൻ ഒരിക്കലെങ്കിലും സംബന്ധംചെയ്തവനാണല്ലോ. താൻ എന്നും "സീററ്ഡൌണാണു്"

കളിപറഞ്ഞും രസിച്ചും ഒരുവിധത്തിൽ ഭക്ഷണം കഴിഞ്ഞു. ദിവാകരപ്രഭു എഴുന്നേററുനിന്നു പറഞ്ഞു.—"ഉപേന്ദ്രാ, ശേഖരാ! വിജയാ! നാം നാലുപേരും പിരിയാൻപാടില്ലാത്തവിധത്തിൽ ബന്ധപ്പെട്ടവരാണു്. അനേകനാളത്തെ സഹവാസത്തിനുശേഷം ഇരുപതുവർഷംമുമ്പു് നമ്മൾ വേർപിരിഞ്ഞു താമസിച്ചു. എന്നാൽ ഈയിടെ ഈശ്വരൻ വീണ്ടും നമ്മെ കൂട്ടിച്ചേർക്കയാണുണ്ടായതു്. നമ്മൾ സഹോദര്യത്തോടെ വർത്തിച്ചതുപോലെ ലോകത്തിൽ മറെറാരുത്തർക്കും സാധിക്കയില്ലെന്നാണു തോന്നുന്നതു്. പരമാർത്ഥിയും പരോപകാരിയും പരാക്രമിയുമായ ഉപേന്ദ്രൻ—തന്ത്രശാലിയും രണശൂരനുമായ ശേഖരൻ സകല പരാക്രമങ്ങളുടേയും വിളനിലവും, അജയ്യനുമായ വിജയരുദ്രൻ"—വിജയൻമന്ത്രിച്ചു. "സിംഹസമാനനായ നരേന്ദ്രൻ"

പ്രഭു (ഗദ്ഗദത്തോടെ)—ഇവരുടെ സഖ്യത ഒന്നുമാത്രമായിരുന്നു എന്റെ ജീവിതത്തിലെ സൌഭാഗ്യം. ഇപ്പോൾ നമ്മ

...ള ചുമതലകളെല്ലാം നിർവഹിച്ചുകഴിഞ്ഞു വീണ്ടും നാം പിരിയുകയാണു്. ഞാനും ഉപേന്ദ്രനും ശേഖരനും അവരവരുടെ ഭവനങ്ങളിലേക്കു പോകുന്നു. ഇനിയും വല്ലപ്പോഴും തമ്മിൽകണ്ടേക്കാമെന്നല്ലാതെ ഇതുപോലെ ഒരുമിച്ചു വസിക്കാമെന്നു തോന്നുന്നില്ല. വിജയാ, എൻറെ സ്നേഹിതനെ ഞാൻ പുത്രനെപ്പോലെ സ്നേഹിച്ചിരുന്നു. സ്നേഹിതൻമാത്രം മഹേന്ദ്രപുരിയിൽ താമസിക്കേണ്ടതായിരിക്കുന്നു. സുലോചനപ്രഭുവും ചന്ദ്രദാസനും വിജയൻറെ ആപ്തമിത്രങ്ങളായിരിക്കുമെന്നുള്ളതിനു സംശയമില്ല. നിങ്ങളെ എല്ലാവരേയും ഈശ്വരൻ അനുഗ്രഹിക്കട്ടെ

രവീന്ദ്രനെ അവൻറെ മാതാപിതാക്കന്മാർ രാജ്ഞിയുടെ ആവശ്യപ്രകാരം കൊട്ടാരത്തിലാക്കിയിട്ടു പോകുന്നു.

വിജയാ! അവനെ വേണ്ടപോലെ നോക്കിക്കൊള്ളണം. സ്നേഹിതനെപ്പോലെ ധീരനും, സമർത്ഥനും ഉൽകൃഷ്ടനുമാകുന്നതിനു് അവനെ അഭ്യസിപ്പിക്കുന്നതിനുള്ള എല്ലാം ചുമതലകളും ഞാൻ തരുന്നു.

വിജ—ആ ചുമതലകൾ വഹിക്കുവാൻ ഞാൻ തയ്യാർ. എന്നെ എപ്പോഴും ഉത്സാഹിപ്പിച്ചുകൊണ്ടിരുന്ന അവിടുന്നു് പിരിയുന്നതിൽ അനല്പമായ നഷ്ടവും ദുഃഖവും ഉണ്ടു്. എങ്കിലും രവീന്ദ്രൻറെ സാന്നിദ്ധ്യംകൊണ്ടു് അവ കുറെയൊക്കെ പരിഹരിക്കപ്പെടുമെന്നാണു് എൻറെ വിശ്വാസം.

സ്നേഹിതന്മാരായ നാലുപേരും, അശ്രുക്കൾ പ്രവഹിക്കുന്ന കണ്ണുകളോടുകൂടി ആശ്ലേഷം ചെയ്തു. അതുകണ്ടു് അവിടെ നിന്ന എല്ലാവരും കണ്ണുനീർ പൊഴിച്ചു. എല്ലാവരും പിരിഞ്ഞു.

സൈന്യാധിപതിയായ വിജയരുദ്രൻ അംഗരക്ഷകന്മാരുമായി അകമ്പടിയോടുകൂടി താമസസ്ഥലത്തെത്തി. അദ്ദേഹത്തിൻറെ പുതിയ പ്രാഭവംകണ്ടു് ആശ്ചര്യപ്പെട്ടുനിന്നവീട്ടമ്മയോടു് അദ്ദേഹം പറഞ്ഞു. ഞാൻ വീടുമാറുവാൻ പോകുകയാണു്. എനിക്കു താമസിക്കുന്നതിനു് ഒരു കൊട്ടാരം കല്പിച്ചനുവദിച്ചിരിക്കുന്നു. എങ്കിലും, എൻറെ മുറി ആർക്കും കൂലിക്കു കൊടുക്കാതെയിട്ടേക്കണം. എന്തു സംഭവിക്കുമെന്നു് ആർക്കറിയാം. കാലമതാണിപ്പോൾ"

വിചാരശൂന്യയായി നിന്നിരുന്ന സ്ത്രീയുടെ ഒരു ദീർഘനിശ്വാസമായിരുന്നു അതിൻറെ മറുപടി.

സമാപ്തം.